# WTOയും കേരളത്തിന്റെ കാർഷിക പ്രശ്നങ്ങളും



കേരള സർക്കാർ

കൃഷിവകുപ്പ്
ഫാം ഇൻഫർമേഷൻ ബ്യൂറോ
തിരുവനന്തപുരം



# WTO യും
# കേരളത്തിന്റെ കാർഷിക പ്രശ്നങ്ങളും

## ഡോ. സ്വാമിനാഥൻ
## കമ്മിഷൻ റിപ്പോർട്ട്

മലയാളപരിഭാഷതയ്യാറാക്കിയത്: പ്രൊഫ: എം. ഭാസ്കരപ്രസാദ്
എഫ്.ഐ.ബി, ഉപദേശകസമതി അംഗം.



കേരള സർക്കാർ

കൃഷിവകുപ്പ്
ഫാം ഇൻഫർമേഷൻ ബ്യൂറോ
തിരുവനന്തപുരം

C M Y K

**W.T.O യും കേരളത്തിന്റെ കാർഷികപ്രശ്നങ്ങളും**


| | | |
|---|---|---|
| *മലയാള പരിഭാഷ തയ്യാറാക്കിയത്* | : | **പ്രൊഫ. എം. ഭാസ്കരപ്രസാദ്**<br>എഫ്.ഐ.ബി. ഉപദേശകസമിതി അംഗം |
| *ചീഫ് എഡിറ്റർ* | : | **ആർ. അജിത്കുമാർ**<br>പ്രൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ |
| *എഡിറ്റിംഗ്* | : | **ബി. കെ. അനിൽ,**<br>കൃഷിഓഫീസർ |
| *ഫോട്ടോ* | : | **സുഭാഷ് ബി. പിള്ള** |
| *ആർട്ടിസ്റ്റ്* | : | **എം. വിജയകുമാർ** |

*പ്രിന്റ് ചെയ്തത്* : **2004, മാർച്ച്**

PRINTED BY

THE MANAGING DIRECTOR
KERALA BOOKS AND PUBLICATIONS SOCIETY,
KAKKANAD, KOCHI - 682 030

**ലോകവ്യാപാര സംഘടനയും**
**കാർഷിക പ്രശ്നങ്ങളും**
**സംബന്ധിച്ച കമ്മിഷന്റെ**
**റിപ്പോർട്ട്**

**കേരള സർക്കാർ**

# കേരളത്തിന് സുസ്ഥിരമായ ഒരു കാർഷിക വ്യാപാര സുരക്ഷാവ്യവസ്ഥ കെട്ടിപ്പടുക്കാവൻ

## റിപ്പോർട്ടിന്റെ ഘടന


പാർട്ട് - I റിപ്പോർട്ടും ശുപാർശകളും

പാർട്ട് - II ആധാര രേഖകളും, വിവരങ്ങളും


### പാർട്ട് I ൽ


സെക്ഷൻ - A റിപ്പോർട്ടിന്റെ സംഗ്രഹവും ശുപാർശകളും

സെക്ഷൻ - B വിശദമായ റിപ്പോർട്ട്

# ഉള്ളടക്കം


| നമ്പർ | ശീർഷകം | പേജ്നമ്പർ |
|---|---|---|
| 1. | കമ്മിഷന്റെ അംഗങ്ങൾ | vii |
| 2. | മുഖവുര | 1 |
| 3. | സെക്ഷൻ എ- റിപ്പോർട്ടിന്റെ ചുരുക്കവും ശുപാർശകളും | 4 |
| 4. | സെക്ഷൻ ബി- വിശദമായ റിപ്പോർട്ട് | 31 |
| 5. | അനുബന്ധം 1<br>കമ്മിഷനെ നിയമിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവും പരിഗണനാ വിഷയങ്ങളും | 157 |
| 6. | അനുബന്ധം 2<br>കമ്മിഷൻ അംഗങ്ങളെ നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് | 159 |
| 7. | അനുബന്ധം 3<br>അനുരഞ്ജന ചർച്ചകളിൽ ഇന്ത്യയുടെ മാർഗ്ഗ നിർദ്ദേശപരമായ സംഭാവന | 162 |
| 8. | അനുബന്ധം 4<br>ഒന്നാം ഇടക്കാല ശുപാർശകൾ | 166 |
| 9. | അനുബന്ധം 5<br>രണ്ടാം ഇടക്കാല ശുപാർശകൾ | 169 |
| 10. | അനുബന്ധം 6<br>മൂന്നാം ഇടക്കാല ശുപാർശകൾ | 172 |
| 11. | അനുബന്ധം 7<br>നാലാം ഇടക്കാല ശുപാർശകൾ | 176 |
| 12. | അനുബന്ധം 8<br>ഗാട്ടുകരാറിന്റെ തുടർച്ചയായിട്ടുള്ള പുതിയ ബൗണ്ട് തീരുവ നിരക്കുകൾ | 179 |
| 13. | അനുബന്ധം 9<br>കാർഷിക ഇനങ്ങളുടെ മേലുള്ള അപ്ലൈഡ് ഇറക്കുമതി തീരുവയുടെ സ്റ്റേറ്റ്മെന്റ് | 181 |
| 14. | അനുബന്ധം 10<br>കാർഷിക ഉത്പന്നങ്ങളുടെ അപ്ലൈഡും ബൗണ്ടും തീരുവ നിരക്കുകളുടെ സ്റ്റേറ്റ്മെന്റ് | 182 |

# ലോകവ്യാപാരസംഘടനയും
# കാർഷിക പ്രശ്നങ്ങളും സംബന്ധിച്ച കമ്മിഷൻ അംഗങ്ങൾ

### റിപ്പോർട്ട് ഭാഗം 1

| | | |
|---|---|---|
| പ്രൊ. എം. എസ്. സ്വാമിനാഥൻ | - | അദ്ധ്യക്ഷൻ |
| ഡോ. കെ.എൻ. ശ്യാമസുന്ദരൻ നായർ | - | ഉപാദ്ധ്യക്ഷൻ |
| ഡോ. പി.കെ. വാര്യർ | - | അംഗം |
| പ്രൊ. കെ.പി. പ്രഭാകരൻ നായർ | - | അംഗം |
| ഡോ. പാർവ്വതി മേനോൻ | - | അംഗം |
| ശ്രീ. കെ.ജെ. ജോസഫ് | - | അംഗം |
| ഡോ. ജോൺ കുര്യൻ | - | അംഗം |
| ഡോ. കെ.വി. പീറ്റർ | - | അംഗം |
| ശ്രീ. ആർ.കെ. കൃഷ്ണകുമാർ | - | അംഗം |
| ശ്രീ. പാലാട്ട് മോഹൻദാസ് ഐ.എ.എസ് | - | അംഗം |
| ശ്രീമതി. നീലാഗംഗാധരൻ ഐ.എ.എസ്<br>പ്രിൻസിപ്പൽ സെക്രട്ടറി, കൃഷിവകുപ്പ് | - | അംഗം |

# മുഖവുര

കേരളത്തിന്റെ 80 ശതമാനത്തിലേറെ കാർഷിക വിഭവങ്ങളുടെയും ഉത്പ്പന്നങ്ങളുടെയും ഭാഗധേയം ആഭ്യന്തരവും അന്തർദേശീയവുമായ വ്യാപാരത്തെ ആശ്രയിച്ചാണിരിക്കുന്നത്. മിക്കതും ദീർഘകാല വിളകൾ ആയതിനാൽ, വിപണിയിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് നീക്കുപോക്കുകൾ ചെയ്യുവാൻ ബുദ്ധിമുട്ടാണ്, വിശേഷിച്ചും തോട്ടവിളകളായ തേയില, കാപ്പി, റബ്ബർ, നാളികേരം എന്നിവയുടെ (കേരളത്തിന് പ്രശസ്തി നേടിത്തന്നിട്ടുള്ള അനവധി സുഗന്ധദ്രവ്യങ്ങളുടെയും) കാര്യത്തിൽ. 1995-ൽ ലോക വ്യാപാര സംഘടനയും (WTO) അതിന്റെ കൃഷിയെ സംബന്ധിച്ച കരാറുകളുടെയും (AOA) അടിസ്ഥാനത്തിലുള്ള ബഹുകക്ഷി വ്യാപാര വ്യവസ്ഥയും നിലവിൽ വന്നതോടെ, ലോക കാർഷികവ്യപാരരംഗത്ത് മാറ്റങ്ങൾ പ്രത്യക്ഷപ്പെടാൻ തുടങ്ങി. എന്നാൽ ഇനിയും WTO യുടെ കൃഷിയെ സംബന്ധിച്ച കരാറിൽ പ്രതീക്ഷിച്ചിരുന്ന വിപുലമായ വിപണിപ്രാപ്യത യാഥാർത്ഥ്യവത്കരിക്കേണ്ടതായിട്ടാണിരിക്കുന്നത്. കൃഷിയെ സംബന്ധിച്ച കരാറുകളി (AOA)ൽ അനേകം അതുല്യതകൾ വ്യക്തമായിട്ടുണ്ട്; കരാറു വ്യവസ്ഥകൾ വ്യവസായവത്കൃതമായ വികസിത രാജ്യങ്ങളും വികസ്വര രാജ്യങ്ങളും തമ്മിൽ ഉള്ള വ്യാപാര വിലപേശലുകളെ അസമമാക്കിത്തീർക്കുന്നവയാണ് എന്നു തെളിഞ്ഞു കഴിഞ്ഞിരിക്കുന്നു. ഭാഗ്യവശാൽ, ഇപ്പോഴുള്ള കൃഷിയെ സംബന്ധിച്ച കരാറുകളുടെ (AOA) സവിശേഷതയായ ചില കടുത്ത അസമത്വങ്ങളും, ദൗർബല്യങ്ങളും പരിഹരിക്കുവാൻ, ദോഹാ അനുരഞ്ജന ചർച്ചാനന്തരം നടന്നുവരുന്ന കൂടിയാലോചനകളിൽ അവസരമുണ്ട്. അതിനാൽ ഐക്യരാഷ്ട്ര സഭയുടെ ഈ സഹസ്രാബ്ദം ലക്ഷ്യമിട്ടിട്ടുള്ള ദാരിദ്ര്യ നിർമ്മാജ്ജന പരിപാടിയുടേയും - വ്യാപാരം, ചെറുകിട കർഷകരുടേയും കർഷകത്തൊഴിലാളികളുടേയും തോട്ടം തൊഴിലാളികളുടേയും ഉപജീവനത്തെ ശക്തമാക്കുവാനാണ്, അല്ലാതെ കാർന്നെടുക്കുവാനല്ല, എന്ന തത്വത്തിന്റേയും അടിസ്ഥാനത്തിൽ ഭാരത സർക്കാരിന്റെ പരിഗണനയ്ക്കായി ഏതാനും നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയാണ് ഈ റിപ്പോർട്ടിൽ ചെയ്യുന്നത്. കാർഷികവൃത്തിയാണ്, പ്രബലമായ കാർഷിക ഗ്രാമീണ സമ്പദ്ഘടനകളിലെ ഉപജീവനസുരക്ഷാ വ്യവസ്ഥയുടെ നട്ടെല്ല് എന്ന യാഥാർത്ഥ്യം കൃഷിയെ സംബന്ധിച്ച കരാറിന്മേലുള്ള പുനർ അനുരഞ്ജനം നടക്കുന്ന സന്ദർഭത്തിൽ തിരിച്ചറിയപ്പെടേണ്ടതാണ്. വ്യവസായവത്കൃത രാജ്യങ്ങൾ തങ്ങളുടെ കൃഷിക്കാർക്ക് ഭീമമായ സബ്സിഡികൾ, വിവിധ ന്യായങ്ങളുന്നയിച്ചുകൊണ്ട് അനുവദിക്കുന്നത് തടയുന്നതിനായി, ലോക വ്യാപാരത്തെ തകിടം മറിക്കുന്ന സബ്സിഡികളുടെ കാര്യത്തിൽ, തികച്ചും സുതാര്യമായ ഒരു പെരുമാറ്റച്ചട്ടം ഏർപ്പെടുത്തണമെന്ന് ഞങ്ങൾ നിർദ്ദേശിക്കുന്നു.

ആത്യന്തികമായി, (ലോക) വ്യാപാരം ഒരേസമയം സ്വതന്ത്രവും നീതിപൂർവ്വവും ആകുമ്പോൾ, ആഭ്യന്തര ഉത്പാദനത്തിലും, ഗുണനിലവാരത്തിലും മൂല്യവർദ്ധനയിലും വിപ്ലവം സൃഷ്ടിച്ചുകൊണ്ടുമാത്രമേ ആഗോള മാത്സര്യക്ഷമത കൈവരിക്കുവാൻ നമുക്ക് സാധിക്കുകയുള്ളു. ഇന്നത്തെ പ്രതിസന്ധിയുമായി ബന്ധപ്പെട്ട എല്ലാവരും-ചെറുകിട ഉത്പാദകർ, തോട്ടം ഉടമകൾ, വ്യാപാരികൾ തുടങ്ങി സംസ്ഥാന-കേന്ദ്രസർക്കാരുകൾ വരെ - കൈക്കൊള്ളേണ്ടതായ അടിയന്തിരവും ദീർഘകാലാടിസ്ഥാനത്തിലുള്ളതുമായ നടപടികളെപ്പറ്റി നിരവധി ശുപാർശകൾ കമ്മിഷൻ നിർദ്ദേശിച്ചിട്ടുണ്ട്.

റിപ്പോർട്ടിന്റെ പാർട്ട് - I ന്റെ സെക്ഷൻ 'എ' കമ്മിഷന്റെ ശുപാർശകളുടെ ഒരു സംഗ്രഹമാണ്. എന്നിരുന്നാലും, അടിയന്തിര ശ്രദ്ധയും പ്രവർത്തനവും അർഹിക്കുന്ന ഏതാനും ചില നിർദ്ദേശങ്ങൾ ശ്രദ്ധയിൽ കൊണ്ടുവരുന്നത് പ്രയോജനകരമായിരിക്കും.

ആദ്യമായി, താരിഫുകൾ നിർണ്ണയിക്കുന്ന രീതികളും കയറ്റുമതി - ഇറക്കുമതി നയങ്ങളും വിശേഷിച്ചും എണ്ണക്കുരുക്കളുടെയും, ഭക്ഷ്യഎണ്ണകളുടെയും കാര്യത്തിൽ, ഭാരതസർക്കാർ തലത്തിൽ പുനഃരവലോകനത്തിന്റെ ആവശ്യമുണ്ട്. ഇന്നുള്ള കമ്മോഡിറ്റി (ചരക്ക്) ബോർഡുകളെ പുതിയ വെല്ലുവിളികൾ അഭിമുഖീകരിക്കുവാൻ സജ്ജമാക്കണമെങ്കിൽ അവയുടെ ഘടനയും ചുമതലകളും പുനരവലോകനം ചെയ്യുന്നതിനായി ഒരു ഉന്നതതല സമിതി രൂപീകരിക്കുന്നതും അഭിലഷണീയമാണ്. അതുപോലെ ദോഹ സമ്മേളനാനന്തര അനുരഞ്ജന ചർച്ചകളിൽ ഒരു കക്ഷി എന്ന നിലയിൽ നാം സ്വീകരിക്കേണ്ട നിലപാടുകളെ സംബന്ധിച്ചുള്ള കമ്മിഷന്റെ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ പരിഗണിക്കേണ്ടതുമാണ്. കേന്ദ്ര ഗ്രാമീണ വികസന വകുപ്പിന്റെ സമ്പൂർണ്ണ ഗ്രാമീണ റോസ്ഗാർ യോജനയുടെ മാതൃകയിൽ തോട്ടംവിള മേഖലയിൽ തൊഴിലാളികൾക്ക് കൂലിക്കും, തൊഴിൽ സുസ്ഥിരതയ്ക്കും ആയി ഭക്ഷണം വിതരണം ചെയ്യുവാനുള്ള ഒരു പ്രത്യേക പരിപാടി/പദ്ധതി നടപ്പിലാക്കാൻ കേന്ദ്ര സർക്കാരിന്റെ വാണിജ്യ കാര്യ മന്ത്രാലയം മുന്നോട്ടു വരണം. വാണിജ്യകാര്യ മന്ത്രാലയം, കർഷകർ 'ദുരിതകാലവിലയ്ക്ക്' ഉത്പ്പന്നങ്ങൾ വിൽക്കുന്നതിനെ (distress sale) യും, തോട്ടവിളകളുടെയും ഔഷധ സസ്യങ്ങളുടെയും വിപണി ഇടപെടലുകളെയും തടയുന്നതിന്

ഗ്രാമീണ വികസന മന്ത്രാലയം നടപ്പിലാക്കിവരുന്ന ഗ്രാമീണ ഗോഡൗൺ പദ്ധതിയുടെ മാതൃകയിൽ ഒരു വെയർഹൗസിംഗ് പരിപാടി ആരംഭിക്കേണ്ടതാണ്. അതുപോലെ സ്വാഭാവിക റബ്ബറിനെ ഒരു കാർഷികവിള യായി കണക്കാക്കുന്ന കാര്യവും പരിഗണിക്കണം.

രണ്ടാമതായി കേരളത്തിന്റെ കാർഷിക ഉത്പ്പന്നങ്ങൾക്ക് സുസ്ഥിരമായൊരു വ്യാപാര സുരക്ഷാ വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിന് കേരളസർക്കാർ താഴെപ്പറയുന്ന നടപടികൾ കണക്കിലെടുക്കേണ്ടതാണ്.

- കാർഷികവ്യാപാര കാര്യങ്ങൾക്കായി ഒരു ഉന്നതല സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിക്കുക.
- എല്ലാ കാർഷികവിളകളുടേയും ഉത്പാദനക്ഷമതയും, ഗുണനിലവാരവും മൂല്യവർദ്ധനയും ത്വരിത പ്പെടുത്തുവാൻ പരിപാടികൾ ആരംഭിക്കുക.
- ആഭ്യന്തരവിപണിയും കയറ്റുമതിയും ലക്ഷ്യമാക്കിയിട്ടുള്ള ഉത്പ്പന്നങ്ങളുടെ ഗുണനിലവാരത്തെപ്പ റ്റിയുള്ള സാക്ഷരതാ പ്രസ്ഥാനം ആരംഭിക്കുക.
- മത്സ്യത്തൊഴിലാളികളുടെ ഉപജീവനം സുരക്ഷിതമാക്കാൻ അനുയോജ്യമായ പരിഷ്കരണ നടപ ടികൾ മത്സ്യമേഖയിൽ കൈക്കൊള്ളുക.
- ഇറക്കുമതിചെയ്യുന്ന ഉത്പ്പന്നങ്ങളെ തന്നെ കയറ്റുമതി ചെയ്യുന്നതിനുള്ള അനുകൂല വ്യവസ്ഥകൾ ദുരുപയോഗപ്പെടുത്തുന്നതിനെ തടയുവാൻ കേന്ദ്ര സർക്കാരുമായി ചർച്ചചെയ്ത് ആവശ്യമായ നട പടികൾ സ്വീകരിക്കുക.
- ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും, ജൈവകൃഷിയിൽ ഗവേഷണം നടത്തുവാനും, സാക്ഷ്യ പ്പെടുത്തുവാനും ഒരു കേന്ദ്രം സ്ഥാപിക്കുകയും ചെയ്യുക.
- കേരളത്തിന്റെ ആയുർവേദ പാരമ്പര്യത്തെ അതിന്റെ തനതു വിശുദ്ധിയിൽ പരിപാലിക്കുവാനും, ആയുർവേദത്തെ അപകീർത്തിപ്പെടുന്ന രീതിയിൽ വേഗം ധനം ആർജ്ജിക്കുവാൻ, ചില സ്ഥാപന ങ്ങളുടെ വളർന്നുവരുന്ന ശ്രമങ്ങളെ തടയുകയും, ഒരു ഔഷധസസ്യ ജൈവ താഴ്വര (Herbal Bio-valley) യും ഔഷധസസ്യ സംരക്ഷണ കേന്ദ്രങ്ങളും സ്ഥാപിക്കുക.
- ആരോഗ്യം, ആത്മീയത, പ്രകൃതിഭംഗി എന്നിവയിൽ ഊന്നൽ നൽകുന്ന വിനോദസഞ്ചാര മാർഗ്ഗ ങ്ങൾക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ശക്തമാക്കുക.
- കാർഷികരംഗത്തെ സ്ത്രീ പുരുഷന്മാർക്ക് കൃഷിസ്ഥലത്തും പുറത്തും ഉള്ള സംരംഭങ്ങൾക്ക് ആവ ശ്യമായ പ്രത്യേക കഴിവുകളെ നിരന്തരം കാലാനുസരണം നവീകരിക്കുന്നതിനായി "കൃഷി ഉദ്യോഗ വിജ്ഞാന കേന്ദ്ര" ങ്ങളുടെ ഒരു ശൃംഖല സംഘടിപ്പിക്കുക.
- നമ്മുടെ ജൈവവൈവിധ്യത്തിന്റെ സംരക്ഷണത്തിലും വർദ്ധനയിലും പരമ്പരാഗതമായി ഏർപ്പെട്ടി രിക്കുന്ന ഗ്രാമീണ - ഗോത്ര കുടുംബങ്ങൾക്ക് നിയമകാര്യങ്ങളിൽ- സസ്യവൈവിധ്യ സംരക്ഷ ണവും, കർഷകരുടെ അവകാശ നിയമത്തിന്റെയും ജൈവവൈവിധ്യനിയമ'ത്തിന്റെയും അടിസ്ഥാ നത്തിൽ സാക്ഷരത നൽകുന്നത് പ്രോത്സാഹിപ്പിക്കുക.

മുകളിൽ നിർദ്ദേശിച്ചവകൂടാതെ ഈ റിപ്പോർട്ടിൽ അടങ്ങിയിട്ടുള്ള മറ്റു പല ശുപാർശകളും നടപ്പി ലാക്കുവാൻ രണ്ടു സ്ഥാപനങ്ങളുടെ സാദ്ധ്യതകളെ വികസിപ്പിക്കുന്നതിന്റെ ആവശ്യം ഉണ്ട് (എന്ന് കമ്മി ഷൻ കരുതുന്നു)

☆ വിശ്വസനീയമായ വിവരങ്ങൾ മാധ്യമങ്ങൾക്ക് നൽകുവാനും അതുവഴി പൊതുജനങ്ങൾക്ക് ദോഹാസ മ്മേളനാനന്തരം തുടരുന്ന അനുരഞ്ജനശ്രമങ്ങളെയും, ആഭ്യന്തരവും ആഗോളപരവുമായ കാർഷിക വ്യാപാരത്തെ സംബന്ധിച്ച് എല്ലാ വിവരങ്ങളെയും കുറിച്ച് അറിവുകൾ ലഭ്യമാക്കാൻ ഒരു ഡബ്യൂ. ടി.ഒ. മീഡിയാ സെൽ സ്ഥാപിക്കുക.

☆ തുണ്ടുഭൂമിയിൽ നിന്നുപോലും വർദ്ധിച്ച ഉത്പാദനക്ഷമതയും ആദായവും കൈവരിക്കാമെന്ന് തെളി യിച്ചിട്ടുള്ള ചെറുകിട കർഷകരുടെ വിലപ്പെട്ട അനുഭവസമ്പത്തിന്റെ മൂല്യങ്ങൾ വികസിപ്പിക്കുന്ന തിനായി, നൂതന സമ്പ്രദായങ്ങളിലൂടെ കൃഷിയിൽ വിജയിച്ചവരുടെ ഒരു കൂട്ടായ്മ - കേരളത്തിന്റെ കാർഷിക പരിവർത്തനത്തിനായി ഒരു കൺസോർഷ്യം സ്ഥാപിക്കുക (Consortium of Innovative Farmers for Kerala's Agricultural Transformation).

☆ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന വിവരസാങ്കേതിക വാർത്താവിനിമയ വിപ്ലവത്തിന്റെ അടിസ്ഥാനത്തിൽ 21-ാം ശതകത്തിന്റെ സ്ഥാപനമെന്നനിലയിൽ ഒരു സർവ്വകലാശാല രൂപീകരിക്കുന്നതാകയാൽ, കാർഷിക ഉത്പാദനം, വിപണി, വിലനിർണ്ണയം തുടങ്ങിയവയെ സംബന്ധിച്ച എല്ലാറ്റിനേയും കുറിച്ച് കാലിക പ്രധാനമായ വിവരങ്ങൾ സംഭരിക്കാൻ കഴിയുന്നതാണ്. ഈ **കല്പിത സർവ്വകലാശാല** ഇന്റർനെറ്റിന്റെയും, കേബിൾ ടി.വി, കമ്മ്യൂണിറ്റി റേഡിയോ, മലയാള ദിനപ്പത്രങ്ങൾ എന്നിവയുടെ സംയോജിതമായ വിനിയോഗത്തിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രവർത്തിക്കേണ്ടത്.

കേരളത്തിൽ കാർഷികവൃത്തിലേർപ്പെട്ടിരിക്കുന്ന സ്ത്രീ പുരുഷന്മാർക്കും കർഷകത്തൊഴിലാളികൾക്കും കൃഷിക്ക് അനുയോജ്യമായ സങ്കേതങ്ങൾ, അടിസ്ഥാനസൗകര്യങ്ങൾ, പൊതുനയങ്ങൾ എന്നിങ്ങനെയുള്ള എല്ലാ സഹായങ്ങളും നൽകുകയാണെങ്കിൽ അവർക്ക് തീർച്ചയായും ആഭ്യന്തര-ആഗോള വിപണികളിൽ കാർഷികവിളകളുടെയും മറ്റു ഉൽപ്പന്നങ്ങളുടെയും ക്രയവിക്രയങ്ങളിൽ തങ്ങളുടെ ആധിപത്യം സ്ഥാപിക്കാൻ കഴിയും എന്നകാര്യത്തിൽ കമ്മിഷന് തികഞ്ഞ വിശ്വാസമുണ്ട്.

ഒപ്പ്
എം.എസ്. സ്വാമിനാഥൻ

ഭാഗം എ

# റിപ്പോർട്ടിന്റെ സംഗ്രഹവും, ശുപാർശകളും

## ലോക വ്യാപാര സംഘടനയിൽ എട്ടുവർഷം

ആഗോള വ്യാപാരത്തെ നിയന്ത്രിക്കുന്ന കരാർ വ്യവസ്ഥകളുടെ ഒരു കൂട്ടായ്മയായ ലോക വ്യാപാര കരാറും (WTA) അതിന്റെ നിർവ്വഹണ ഏജൻസി എന്ന നിലയിൽ ലോക വ്യാപാര സംഘടനയും (WTO) 1995 ജനുവരി 1 ന് നിലവിൽ വന്നിട്ട് 8 വർഷം കടന്നുപോയിരിക്കുന്നു. ലോക വ്യാപാരസംഘടനയുടെ മുഖ്യ പ്രഖ്യാപിത ലക്ഷ്യമായ, അംഗരാജ്യങ്ങൾക്കിടയിൽ നീതിപൂർവ്വവും തുല്യവുമായ ഒരു ആഗോള വ്യാപാര വ്യവസ്ഥ സൃഷ്ടിക്കണമെന്ന, അതിന്റെ ലക്ഷ്യം നിർവ്വഹിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന് തികച്ചും വ്യക്തമായിരിക്കുന്നു. **ലോക വ്യാപാരത്തിന്റെ വർദ്ധിച്ച മൂല്യത്തിന്റെ ഫലമായി ഓരോരാജ്യത്തിന്റേയും ദേശീയ സമ്പത്തിൽ ഗണ്യമായ നേട്ടങ്ങൾ ഉണ്ടാകും എന്ന വാഗ്ദാനത്തിൽ പ്രചോദിതരായിട്ടാണ് ഇന്ത്യ യുൾപ്പെടെയുള്ള അനേകം വികസ്വര രാജ്യങ്ങൾ കരാറുകളിൽ ഒപ്പുവച്ചത്**, എങ്കിലും, ലോക വ്യാപാര സംഘടനയുടെ കാര്യസ്ഥതയിൽ നടന്ന ആദ്യത്തെ 8 വർഷത്തെ ആഗോള വ്യാപാര പ്രവർത്തനങ്ങളുടെ ഒരു വിലയിരുത്തൽ നടത്തുമ്പോൾ ആ വാഗ്ദാനം വലിയൊരു അളവുവരെ വിശ്വസനീയമല്ല എന്നാണ് അനുഭവം. വിപുലവും വികസ്വരവുമായ പ്രായോഗിക ഗവേഷണങ്ങളുടേയും അപഗ്രഥനങ്ങളുടേയും രേഖ കൾ ഈ നിഗമനം ശരിവയ്ക്കുന്നുണ്ട്. WTO യുടെ നിയന്ത്രണം വന്നതോടെ വികസിത-വികസ്വര രാജ്യ ങ്ങളുടെയും, അവരുടെ രാഷ്ട്രീയശേഷികളുടെയും ഇടയിൽ ഉണ്ടായിരുന്ന അസമത്വം ഗണ്യമായി വർദ്ധിച്ചു എന്നുമാത്രമല്ല, വികസ്വര രാജ്യങ്ങളുടെ ദേശീയ നയങ്ങളിലും നിയമനിർമ്മാണത്തിലും വലിയ വ്യതിയാ നങ്ങൾ ഉണ്ടാക്കുകയും, അത് കുറഞ്ഞ വരുമാനക്കാരേയും, ഉപജീവനമാർഗ്ഗം തീരെകുറവുള്ളവരേയും വളരെ പ്രതികൂലമായി ബാധിക്കുകയുമാണ് ചെയ്തത്. എന്നിരുന്നാലും ഇന്ത്യയുൾപ്പടെയുള്ള വികസ്വര രാജ്യങ്ങൾ WTOകരാർ വ്യവസ്ഥകൾക്കുള്ളിൽ നിന്നുകൊണ്ട് തന്നെ ഈ പ്രതികൂല പ്രവണതകളിൽ നിന്നും രക്ഷനേടാനുള്ള പുതിയ മേഖലകൾ തേടുകയും, WTO കരാറുകൾ തുറന്നു തരുന്ന അവസരങ്ങൾ വിനി യോഗിച്ച് വ്യാപാരത്തിലൂടെ അവരുടെ ആഭ്യന്തര വിപണികൾ വികസിപ്പിക്കുവാനും വൈവിധ്യവത്കരി ക്കാനും ശ്രമിച്ചുവരുകയുമാണ്. ആഭ്യന്തര ഉത്പാദനം, തൊഴിൽ, ഭക്ഷണം, ഉപജീവനസുരക്ഷ, പരിസ്ഥിതി സ്രോതസ്സുകൾ മുതലായ നിരവധി മേഖലകളിൽ WTOയുടെ സ്വാധീനത്തിന്റെ യഥാർത്ഥ പ്രത്യാഘാത ങ്ങൾ എന്തെല്ലാം ആണെന്ന് സംസ്ഥാന ദേശീയതലങ്ങളിൽ വസ്തുനിഷ്ഠമായി വിലയിരുത്തുക എന്ന താണ് ഇതിനാവശ്യമായ ആദ്യത്തെ മുന്നുപാധി. ഇത്തരത്തിലുള്ള വിലയിരുത്തലിൽകൂടി മാത്രമേ പ്രാദേ ശികവും ദേശീയവുമായ പ്രതികരണത്തിനും കൂടുതൽ തുറന്നതും തുല്യതയുള്ളതുമായ ലോക വ്യാപാര സാഹചര്യത്തിലേക്കുള്ള ആസൂത്രിത പരിവർത്തനത്തിനും രൂപം നൽകുവാൻ സാധിക്കുകയുള്ളൂ.

## സുസ്ഥിരമായ വ്യാപാര സുരക്ഷാവ്യവസ്ഥ കേരളം കൈവരിക്കേണ്ടതിന്റെ ആവശ്യം

ദേശീയ-അന്തർദേശീയ വ്യപാരമേഖലകളിലുണ്ടാകുന്ന വ്യതിയാനങ്ങളോടുള്ള പ്രതികരണത്തിലും സമീപനത്തിലും കേരളം ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും വേറിട്ടുനിൽക്കുന്നു. വിവിധ മിശ്ര വിള കൃഷികൾക്ക് അനുയോജ്യമായ ഒരു കൂട്ടം അതിസൂക്ഷ്മമായ കാർഷികഘടകങ്ങളും, മൊത്തം കാർഷിക ഉത്പാദനത്തിന്റെ സിംഹഭാഗവും ദീർഘകാലവിളകൾ കയ്യടക്കുന്നതുമാണ് കേരളത്തിന്റെ കാർഷികമേഖ ലയുടെ സവിശേഷത. കാർഷികവിഭവങ്ങളും ഉത്പ്പന്നങ്ങളും 80 ശതമാനത്തിൽ ഏറെയും ആഭ്യന്തര – അന്താരാഷ്ട്ര വിപണികളെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. ഇന്ത്യയിലെ ആകെ തോട്ടവിളകളുടെ 45 ശതമാനവും ഉത്പാദിപ്പിക്കുന്നത് കേരളമാണ്. 4 ലക്ഷം ആളുകൾക്ക് പ്രതിദിനം തൊഴിൽ നൽകുന്ന മേഖ ലയുമാണിത്. ജനസംഖ്യയിലെ 20 ശതമാനത്തിലേറെ ആളുകൾ ഉപജീവനത്തിന് തോട്ടവിളകളെ ആണ് ആശ്രയിക്കുന്നത്. കേരളത്തിന്റെ തോട്ടവിളകളിലും മിശ്രവിളകളിലും നെല്ല്, മരച്ചീനി, വാഴപ്പഴം, റബ്ബർ, കാപ്പി, ഏലം, അടയ്ക്ക, കശുവണ്ടി, കുരുമുളക് എന്നിവ ഉൾപ്പെടുന്നു. കൂടാതെ അന്താരാഷ്ട്ര വിപണിയി ലേക്ക് സമുദ്രോൽപന്നങ്ങൾ കയറ്റി അയയ്ക്കുന്ന മുഖ്യ സംസ്ഥാനം കൂടിയാണ് കേരളം. 1995 മുതൽ കാർഷിക ഉത്പ്പന്നങ്ങളുടെ വ്യാപാരം ഉദാരവത്കരിക്കുന്ന കാലഘട്ടം വന്നതോടെ, ലോക വ്യാപാര ഉട മ്പടി (WTA) യുടെ ഭാഗമായി, കൃഷിയെ സംബന്ധിച്ച കരാർ നടപ്പിൽ വരാനും തുടങ്ങിയതിനെ തുടർന്ന്, കേരളത്തിന്റെ കാർഷികോത്പന്നങ്ങൾക്കെല്ലാം തന്നെ മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത അനുപാതത്തി ലാണ് വിലത്തകർച്ച അനുഭവപ്പെട്ടത്. ഈ പ്രതിസന്ധിയുടെ ഭീമമായ ഭാരം മുഴുവനും വഹിക്കേണ്ടിവ ന്നത് ഗ്രാമീണ തൊഴിൽ ശക്തിയിലെ മുഖ്യവിഭാഗമായ ചെറുകിട കൃഷിക്കാരും, നാമമാത്ര കൃഷിക്കാരും

ആയിരുന്നു. അവരുടെ ഉപജീവനം തികച്ചും വിപണി സാദ്ധ്യതകളെ ആശ്രയിച്ചുള്ളതാണ്. ആഗോള കാർഷിക വ്യാപാരരംഗത്തെ നിയാമക മാനദണ്ഡങ്ങളിൽ ഉണ്ടായ മാറ്റങ്ങൾ (കൃഷിയെസംബന്ധിച്ച കരാർ മൂലം സംജാതമായിട്ടുള്ള) സൃഷ്ടിച്ച പ്രതിസന്ധിയെ നേരിടുന്നതിൽ സംസ്ഥാന സർക്കാരിനെ സഹായിക്കുന്നതിനായി WTO യും കാർഷികപ്രശ്നങ്ങളും പഠിച്ച് റിപ്പോർട്ടു ചെയ്യുവാനും വേണ്ട ശുപാർശകൾ നടത്തുവാനും ഡോ. എം.എസ്. സ്വാമിനാഥൻ അദ്ധ്യക്ഷനായി ഒരു കമ്മിഷനെ 2001 ജൂലൈ 31ന് കേരള സർക്കാർ നിയോഗിക്കുകയുണ്ടായി (അനുബന്ധം I). 2001 സെപ്തംബർ 19ന് കമ്മിഷനിലെ മറ്റു അംഗങ്ങളെ നിയമിച്ചുകൊണ്ടും കമ്മിഷൻ പ്രത്യേകം പരിഗണിക്കേണ്ട കാർഷികവിഭവങ്ങളുടെ ലിസ്റ്റ് പുറപ്പെടുവിച്ചു കൊണ്ടും സർക്കാർ ഉത്തരവായി.

സർക്കാർ ഉത്തരവിനെ തുടർന്ന് താമസിയാതെ ഡോ. കെ. ശ്യാമസുന്ദരൻ നായർ ഉപാദ്ധ്യക്ഷനായ കമ്മിഷൻ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. കേരള സംസ്ഥാന ആസൂത്രണ ബോർഡ് കാര്യനിർവ്വഹണത്തിൽ സഹായിച്ചു. കമ്മിഷൻ ഔപചാരികമായി അഞ്ചുവട്ടം കൂടുകയും കമ്മിഷന്റെ 2002 നവംബർ 6–7 തീയതികളിൽ കോവളത്ത് ചേർന്ന അഞ്ചാമത്തെ യോഗം റിപ്പോർട്ടിന്റെ കരടു രൂപത്തിന് അന്തിമ രൂപം നൽകുകയുമുണ്ടായി.

റിപ്പോർട്ടിന് രണ്ടു ഭാഗങ്ങൾ ഉണ്ട്. പാർട്ട് I **സംഗ്രഹവും ശുപാർശകളും,** തുടർന്ന് ശുപാർശകൾക്ക് ഉപോൽബലകമായ **വാദഗതികളും ന്യായങ്ങളുമാണ് അടങ്ങിയിരിക്കുന്നത്. പാർട്ട് II** ൽ മുഖ്യ റിപ്പോർട്ടിന് ആധാരമായ സ്ഥിതിവിവരരേഖകൾ ആണുള്ളത്.

സുസ്ഥിരമായ ഒരു കാർഷിക – വ്യാപാര സുരക്ഷാസംവിധാനം കെട്ടിപ്പടുക്കുന്നതിൽ സംസ്ഥാനത്തെ സഹായിക്കുക എന്നതാണ് കമ്മിഷന്റെ മുഖ്യ ലക്ഷ്യം. കേരളത്തിന്റെ ഉത്പാദന – തൊഴിൽമേഖലകളിലെ പ്രതിസന്ധിയെ എങ്ങിനെ അഭിമുഖീകരിക്കണമെന്നും, ആഭ്യന്തര – അന്താരാഷ്ട്ര വിപണികളെ ഭാരിച്ച തോതിൽ ആശ്രയിക്കുന്ന സംസ്ഥാനമെന്ന നിലയിൽ പുതിയ വ്യാപാര വ്യവസ്ഥ വാഗ്ദാനം ചെയ്യുന്ന പല അവസരങ്ങളേയും ഭാഗ്യവശാൽ സംസ്ഥാനത്തിന് പ്രത്യേകമായിട്ടുള്ള സ്രോതസ്സുകളേയും സാദ്ധ്യതകളേയും എങ്ങിനെ ചൂഷണം ചെയ്യണം എന്നും, വ്യക്തമായ ഒരു ദർശനം വേണമെന്ന കാര്യം പ്രാധാന്യം അർഹിക്കുന്നു. വമ്പിച്ച തോതിലുള്ള തൊഴിൽസാദ്ധ്യതകൾ സൃഷ്ടിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി, കേരളത്തിന് വലിയ ഒരു തൊഴിൽശക്തിയെ പ്രയോജനപ്പെടുത്താവുന്നതാണ്. ഈ തൊഴിൽ ശക്തിയിലെ അംഗങ്ങൾ സാക്ഷരരും, സാമൂഹികമായും രാഷ്ട്രീയമായും പ്രബുദ്ധത ഉള്ളവരും ആണ്. സംസ്ഥാനത്തിന്റെ പ്രത്യേക സ്രോതസ്സുകൾ, സമ്പന്നവും വൈവിധ്യമുള്ള പ്രകൃതിവിഭവങ്ങളുടെ അടിത്തറയും അടിസ്ഥാനപരമായ ഭൂപരിഷ്കരണം, വിദ്യാഭ്യാസവും, വൈദഗ്ധ്യവും സിദ്ധിച്ച ജനങ്ങളും, രാഷ്ട്രീയാവബോധമുള്ള തൊഴിൽശക്തിയും, ആരോഗ്യ–വിദ്യാഭ്യാസ മേഖലകളിൽ അതുല്യമായ നേട്ടങ്ങളും പുതിയ ഒരു സാമ്പത്തിക വികസനത്തിനായി ഈ ഘട്ടത്തിൽ ഫലപ്രദമായി വിനിയോഗിക്കേണ്ടതുണ്ട്. അടിസ്ഥാനസൗകര്യങ്ങളുടെ ശൃംഖലയുടെ അടിത്തറയിൽ ഗ്രാമങ്ങളും നഗരങ്ങളും തമ്മിലുള്ള അനോന്യബന്ധങ്ങളുടെ തുടർച്ച കെട്ടിപ്പടുക്കുവാൻ കഴിഞ്ഞിട്ടുള്ളത് കേരളത്തിന്റെ സവിശേഷതയാണ്.

സുസ്ഥിരമായ ഒരു കാർഷിക വ്യാപാര വ്യവസ്ഥയ്ക്ക് അസ്ഥിവാരം ഇടുന്നതിന് അനുപേക്ഷണീയ ഘടകങ്ങൾ താഴെപ്പറയുന്ന സമവാക്യങ്ങളുമായി ബന്ധപ്പെട്ടാണിരിക്കുന്നത്.

- **(എ) സംസ്ഥാനനയം**

സംസ്ഥാനം രൂപപ്പെടുത്തുന്ന പ്രവർത്തനക്ഷമമായ ഒരു സംസ്ഥാനനയത്തിന്, WTO യുമായുള്ള ഇടപാടുകളിൽ സ്വീകരിക്കേണ്ട പ്രതികരണം എന്താണെന്ന് നിശ്ചയിക്കുന്നതോടൊപ്പം തന്നെ, സംസ്ഥാനത്തിന്റെ ഇടപെടലുകൾ വഴിയായും പൊതുജനങ്ങളുടെ പ്രയത്നങ്ങളുടെ ഫലമായും കഴിഞ്ഞകാലത്ത് ആർജ്ജിച്ചു കഴിഞ്ഞിട്ടുള്ള സാമ്പത്തിക – വികസന നേട്ടങ്ങളെ പ്രതിരോധിക്കാനും മുന്നോട്ടു കൊണ്ടുപോകുവാനും കൂടി കഴിയേണ്ടതുണ്ട്. അതേസമയം WTO യുടെ നിയന്ത്രണത്തിലുള്ള ഈ പുത്തൻ വികസനഘട്ടത്തിൽ നിന്നും പിന്തിരിയുവാൻ കേരളത്തിന് ഇനി കഴിയുന്നതല്ല. മറിച്ച് സംസ്ഥാനം ഒരു പൊതു നിക്ഷേപകൻ എന്ന നിലയിലുള്ള പങ്ക് തുടർന്നും (ഉദാഹരണമായി, കാർഷികവികസനം, അടിസ്ഥാന സൗകര്യവികസനം എന്നിവയിൽ) വഹിക്കുകയും പുതിയ വ്യാപാര വ്യവസ്ഥയുടെ ഭീഷണി നേരിടുന്നവരുടെ ജീവനും ഉപജീവനമാർഗ്ഗങ്ങൾക്കും, വിശേഷിച്ചും ദരിദ്രകർഷകരുടേയും കർഷകത്തൊഴിലാളികളുടേയും സംരക്ഷണം ഏറ്റെടുക്കുകയും വേണം.

- **(ബി) ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുക**

ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്ന കാര്യം എടുത്താൽ സാദ്ധ്യമാകുന്നപരമാവധി ഉത്പാദനക്ഷമതയ്ക്കും, യഥാർത്ഥ ഉത്പാദനത്തിനും ഇടയിൽ ഇന്നുള്ള വിടവ് കൈവശമുള്ള ശാസ്ത്ര -സാങ്കേതികവിദ്യകൾ ഉപയോഗിച്ച് നികത്തേണ്ടത് ആവശ്യമാണ്.

- **(സി) ഗുണനിലവാരം**

ഗുണനിലവാരം മെച്ചപ്പെടുത്തുവാൻ ഉത്പാദകർക്കും ഉപഭോക്താക്കൾക്കും ഗുണനിലവാര സാക്ഷരത നൽകുകയും ആഭ്യന്തര - കയറ്റുമതി വിപണികളിൽ എത്തുന്ന ഉത്പ്പന്നങ്ങളുടെ സാനിട്ടറി-ഫൈറ്റോസാനിട്ടറി നിയമങ്ങൾ അനുശാസിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കുവാനുള്ള അടിസ്ഥാനസൗകര്യങ്ങൾ ശക്തമാക്കുകയും വേണം.

- **(ഡി) ആദായം വർദ്ധിപ്പിക്കുക**

കാർഷികാദായം വർദ്ധിപ്പിക്കുവാൻ ഉത്പാദനകാര്യങ്ങളിലെ കാര്യക്ഷമതയിലും ഉത്പാദനക്ഷമതയുടെ ഉയർന്ന ഘടകങ്ങളിലും ഒരേസമയം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുപോലെ തന്നെ വിളവെടുപ്പിനുശേഷവും ശാസ്ത്ര സാങ്കേതിക വിദ്യ പ്രയോഗിക്കുകയും  മൂല്യവർദ്ധനവിലും, കാർഷിക വിഭവ സംസ്കരണത്തിലും ശ്രദ്ധപ്പതിക്കുകയും ചെയ്യേണ്ടതുണ്ട്. മൂല്യവർദ്ധന പ്രവർത്തനങ്ങളിൽ ജൈവകൃഷിയും ജൈവസുഗന്ധദ്രവ്യങ്ങളും, തേയില, കാപ്പി, പഴവർഗ്ഗങ്ങൾ എന്നിവയെക്കൂടി ഉൾപ്പെടുത്തേണ്ടതുമാണ്.

- **(ഇ) സുസ്ഥിരമായ പുരോഗതി**

കാർഷികോത്പാദനക്ഷമതയിൽ സുസ്ഥിരമായ പുരോഗതിക്കാവശ്യമുള്ള പരിസ്ഥിതിയിലെ അടിസ്ഥാന സൗകര്യങ്ങളിൽ സജീവ ശ്രദ്ധപതിപ്പിക്കുകയും, മണ്ണിന്റെ ആരോഗ്യരക്ഷ ജലസംഭരണം, വനത്തിന്റെ വിവേകപൂർവ്വമായ വിനിയോഗം, ജൈവ വൈവിധ്യ സംരക്ഷണം എന്നിവയ്ക്ക് പ്രാധാന്യം നൽകിയാലേ പുരോഗതി നിലനിറുത്താനാവൂ.

- **(എഫ്) ഉത്പാദനത്തിലും വരുമാനത്തിലും സുസ്ഥിരത**

ആഭ്യന്തര-വിദേശ വിപണികളിലെ പ്രവണതകളെക്കുറിച്ച് കർമ്മോന്മുഖമായ ഉപദേശങ്ങൾ യഥാകാലം കർഷകരിൽ എത്തിക്കുകയും, വിപണി സുസ്ഥിരതാനിധി (Market Stabilisation Fund), വിള ഇൻഷ്വറൻസ് പോലുള്ള അനുയോജ്യമായ പൊതുനയരൂപീകരണ നടപടികൾ കൈക്കൊള്ളുക വഴി ഉത്പാദനത്തിലും വരുമാനത്തിലും സുസ്ഥിരത കൈവരിക്കാവുന്നതാണ്.

മുകളിൽ പറഞ്ഞ നടപടികൾ എല്ലാം തന്നെ കേരളത്തിലെ കർഷക കുടുംബങ്ങൾ, തൊഴിൽ സംഘടനകൾ, കർഷകരുടേയും തോട്ടമുടമകളുടേയും സംഘടനകൾ, സംസ്ഥാന-കേന്ദ്ര സർക്കാരുകൾ എന്നിവയെ സംബന്ധിച്ചുള്ളവയാണ്. എന്നാൽ ലോക വ്യാപാര കരാറി (WTA) ലെ കൃഷിയെ സംബന്ധിച്ച കരാറുകളിലെ (AOA)  വ്യവസ്ഥകൾക്ക് അനുരോധമായി കേരളത്തിന്റെ വ്യാപാര സുരക്ഷാവ്യവസ്ഥ സുസ്ഥിരമാക്കുവാൻ ആവശ്യമായ പ്രസക്തമായ ഘടകങ്ങളാണ് താഴെപ്പറയുന്നത്.

- ആഭ്യന്തര സഹായം
- വിപണി പ്രാപ്യത
- കയറ്റുമതി സബ്സിഡി
- വ്യാപാരവുമായി ബന്ധപ്പെട്ട ബൗദ്ധിക സ്വത്തവകാശം
- സാനിട്ടറി - ഫൈറ്റോസാനിട്ടറി നടപടികൾ
- കോഡക്സ് എലിമെന്റേറിയസ് മാനദണ്ഡങ്ങൾ

ഇവയെല്ലാം തന്നെ കേരളത്തിന്റെ കാർഷിക വ്യാപാരത്തിന്റെ മേൽ ചെലുത്തുവാൻ കഴിയുന്ന ശക്തമായ സ്വാധീനം, തീർച്ചയായും, കേന്ദ്രസർക്കാരിന്റെ കയറ്റുമതി – ഇറക്കുമതിനയങ്ങളിൽ മാറ്റങ്ങൾ അനിവാര്യമാണെന്നും, കൃഷിയെ സംബന്ധിച്ച കരാറു (AOA) കളിൽ പുനർ അനുരഞ്ജനങ്ങൾ വേണമെന്നും ഉള്ള അഹ്വാനമാണ് നടത്തുന്നത്.

വിവിധ കാർഷിക ഉത്പ്പന്നങ്ങളുടെ ബൗണ്ട് നിരക്കുകളും താഴെപ്പറയുന്ന വിളകളുടെ ഇറക്കുമതി തീരുവകളും നിർണ്ണയിക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധ അടിയന്തിരമായി പതിയേണ്ടതാണ്. കാരണം, അടുത്തകാലത്ത് രൂപീകരിച്ച കയറ്റുമതി – ഇറക്കുമതി നയമനുസരിച്ചുപോലും കേരളത്തെ പ്രത്യേകിച്ചും ഒരു കൂട്ടം ഉത്പ്പന്നങ്ങളുടെ ഇറക്കുമതി താരിഫ് അവയുടെ ബൗണ്ട് നിരക്കിനേക്കാളും വളരെയേറെ താഴെയായിട്ടാണ് നിജപ്പെടുത്തിയിരിക്കുന്നത്. അവ ചുവടെ ചേർക്കുന്നു.

✶ റബ്ബർ ✶ നാളീകേരം ✶ കാപ്പി

✶ തേയില ✶ കുരുമുളകും മറ്റു സുഗന്ധവസ്തുക്കളും

✶ കശുവണ്ടി ✶ ഔഷധസസ്യങ്ങൾ

✶ മത്സ്യവും മറ്റു സമുദ്രോത്പ്പന്നങ്ങളും

✶ പാലും ക്ഷീരോത്പ്പന്നങ്ങളും

✶ മാംസവും മാംസോത്പ്പന്നങ്ങളും

✶ സംസ്കരിച്ച ഭക്ഷ്യ പദാർത്ഥങ്ങൾ

അളവിനെ സംബന്ധിച്ച നിയന്ത്രണങ്ങൾ [(Quantitative Restrictions (QRs)] നീക്കം ചെയ്തതിന്റെ ഫലമായി നമ്മുടെ കാർഷിക ഉത്പ്പന്നങ്ങളുടെ കയറ്റുമതിയെ അതെത്രമാത്രം ഗണ്യമായി സ്വാധീനിക്കുന്നു എന്ന് വസ്തുനിഷ്ഠമായി വിലയിരുത്തേണ്ടത് ആവശ്യമാണ്.

കേരളത്തിലെ കാർഷികോത്പ്പന്നങ്ങളിൽ ഓരോന്നിനും കമ്മിഷന്റെ കീഴിൽ രൂപീകരിച്ചിട്ടുള്ള ടാസ്ക് ഫോഴ്സുകൾ അളവിനെ സംബന്ധിച്ച നിയന്ത്രണങ്ങൾ നീക്കം ചെയ്തതിന്റെ സ്വാധീനം എത്രമാത്രമാണെന്ന് ഒരു പ്രാഥമിക അപഗ്രഥനം നടത്തിയിട്ടുണ്ട്. ലോകത്തെ വ്യാവസായികമായി വളരെയേറെ വികസിച്ചിട്ടുള്ള രാജ്യങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായി, കൃഷിയാണ് (കാർഷിക വിളകളും, മൃഗസംരക്ഷണവും, സമുദ്രോത്പ്പന്നങ്ങളും, കാർഷിക വനവിഭവങ്ങളും, കാർഷിക വിഭവ സംസ്കരണവും) നമ്മുടെ ജനകോടികളുടെ ഉപജീവനസുരക്ഷാവ്യവസ്ഥയുടെ നട്ടെല്ല് എന്ന വസ്തുതയിലാണ് ഈ ടാസ്ക് ഫോഴ്സുകൾ ഉറച്ചുനിന്നത്.

അങ്ങനെ, കർഷക കുടുംബങ്ങൾ മുതൽ കേന്ദ്രസർക്കാരും ലോക വ്യാപാര സംഘടനയും വരെ അനുയോജ്യമായി പ്രവർത്തിക്കാതെ ഒരിക്കലും സുസ്ഥിരമായ ഒരു കാർഷിക വ്യാപാര സുരക്ഷാ വ്യവസ്ഥ യാഥാർത്ഥ്യമാക്കാൻ കഴിയുകയില്ല. അങ്ങനെ സുഭദ്രമായ ഒരു കാർഷിക സമ്പദ്‌വ്യവസ്ഥ കേരളത്തിന്റെ സമ്പദ്സമൃദ്ധിയെ സംബന്ധിച്ചിടത്തോളം ജീവൽ പ്രാധാന്യമുള്ളതാണ്. കാരണം, കേരളത്തിലെ ഇന്നത്തെ സാഹചര്യത്തിൽ കാർഷിക വ്യാപാരമേഖല പരാജയപ്പെടുന്ന പക്ഷം മറ്റൊന്നും തന്നെ നേരേയാവാനുള്ള അവസരം ഉണ്ടാവില്ല എന്നതാണ് വസ്തുത.

## വ്യാപാരത്തിൽ ഊന്നൽ കൊടുക്കേണ്ട മേഖലകൾ

കേരളത്തിന്റെ വ്യാപാരതന്ത്രം താഴെപ്പറയുന്ന മൂന്നു മാർഗ്ഗനിർദ്ദേശ തത്വങ്ങളിലാണ് ഊന്നൽ നൽകുന്നത്.

ഒന്നാമതായി ആഭ്യന്തരവ്യാപാരം വിപുലമാക്കുകയും, ആഭ്യന്തരവിപണിയിൽ തന്നെ വിലയുടേയും ഗുണനിലവാരത്തിന്റേയും കാര്യത്തിൽ വളരെയേറെ ശ്രദ്ധിക്കുകയും ചെയ്യുക.

രണ്ടാമതായി ലോകവ്യാപാരത്തിനു പ്രാദേശികമായ ഊന്നൽ എന്ന നിലയിൽ തെക്കൻ ഏഷ്യൻ രാജ്യങ്ങളുടെ പ്രാദേശിക സഹകരണത്തിനായുള്ള സംഘടനയായ സാർക്കിലും (SAARC), തെക്ക് കിഴക്കൻ ഏഷ്യൻ രാജ്യങ്ങളുടെ സംഘടനയായ ആസിയാനിലും (ASEAN) അംഗങ്ങളായ രാഷ്ട്രങ്ങളുമായി ചേർന്നു കൂട്ടായി പ്രവർത്തിക്കുകയാണെങ്കിൽ വികസ്വരമായിക്കൊണ്ടിരിക്കുന്ന അയൽരാജ്യങ്ങളുമായുള്ള വ്യാപാരങ്ങളിൽ ഏവരും നേടിനേടി മുന്നേറുക എന്ന ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ വികസിപ്പിക്കുക എന്നതും ഒരു തന്ത്രമാണ്. കേരളത്തിന്, പ്രത്യേകിച്ചും, ശ്രീലങ്ക, മലേഷ്യ, തായ്‌ലണ്ട്, വിയറ്റ്നാം, കംബോഡിയ,

ഇന്തോനേഷ്യ എന്നീ രാജ്യങ്ങളുമായി പരസ്പരം പ്രയോജനകരമായ വ്യാപാരബന്ധങ്ങൾ സ്ഥാപിക്കേണ്ടത് ആവശ്യമാണ്.

മൂന്നാമതായി ചെയ്യേണ്ടത് ആഗോള വ്യാപാരം വിപുലമാക്കുകയാണ്. വിശേഷിച്ചും മദ്ധ്യപൂർവ്വദേശങ്ങൾ, ആഫ്രിക്ക, യൂറോപ്യൻ യൂണിയൻ, റഷ്യ, കോമൺവെൽത്ത് രാജ്യങ്ങൾ, വടക്കേ അമേരിക്ക എന്നിവയുമായുള്ള വ്യാപാരബന്ധങ്ങൾ വിപുലമാക്കണം. ഇതിലേക്കായി വിപണി നിരീക്ഷിക്കുന്നതിനും, ഉത്പ്പന്നങ്ങളുടെ ആവശ്യകത, ഗുണനിലവാരം, വിലയുടെ ഘടന എന്നിവയെ സംബന്ധിച്ച കാലികമായ വിവരങ്ങൾ അന്നന്ന് ബന്ധപ്പെട്ടവർക്ക് എത്തിക്കുന്നതിന് കാർഷിക വ്യാപാരത്തിനായി ഒരു കല്പിത സർവ്വകലാശാല (കമ്മിഷൻ ശുപാർശ ചെയ്തിട്ടുള്ളതായ) സ്ഥാപിക്കേണ്ടത് ആവശ്യമായിരിക്കുന്നു.

### മാറ്റങ്ങൾ മാനേജ് ചെയ്യാനുള്ള ഉപകരണങ്ങൾ

സമ്പദ്ഘടനകളുടെ ആഗോളവത്ക്കരണത്തിന്റെയും, വ്യാപാരത്തിന്റെ ഉദാരവൽക്കരണത്തിന്റെയും സ്വാധീനത്തിന്റെ ഫലമായി കേരളത്തിന്റെ കാർഷികമേഖല ഇന്നൊരു പരിവർത്തന ഘട്ടത്തിലെത്തിയിരിക്കുന്നു. ഈ ഘട്ടത്തിൽ, റിപ്പോർട്ടിൽ ആവർത്തിച്ചു ഊന്നൽ കൊടുത്തിട്ടുള്ളപോലെ ഉത്പാദന വർദ്ധന, ഗുണനിലവാരം മെച്ചപ്പെടുത്തൽ, മൂല്യവർദ്ധന എന്നിവയിൽ വിപ്ലവകരമായ മുന്നേറ്റം അനുപേക്ഷണീയമാണ്. ഈ രംഗങ്ങളിൽ ഉണ്ടാവേണ്ട മാറ്റങ്ങൾ നടപ്പിലാക്കാൻ ആവശ്യമായ ഉപകരണങ്ങൾ താഴെപ്പറയുന്ന മേഖലകളിലാണ് കരുപ്പിടിപ്പിക്കേണ്ടത്.

| | | |
|---|---|---|
| ⊙ | ജനസംഖ്യാപരമായ വെല്ലുവിളി | ഈ വെല്ലുവിളിയെ നേരിടാൻ യുവജനങ്ങളെ കാർഷികവൃത്തിയിലേക്ക് ആകർഷിക്കുകയും, അതിലവരെ ഉറപ്പിച്ചുനിറുത്തുകയും ചെയ്യേണ്ടതുണ്ട്. |
| ⊙ | സാങ്കേതികമായ വെല്ലുവിളി | ജനിതക എഞ്ചിനീയറിംഗ്, ജനിതകമായി രൂപാന്തരപ്പെട്ട ജീവജാലങ്ങൾ (GMO), വിവരസാങ്കേതിക വിദ്യ (ഇവയുടെ പ്രയോഗം) |
| ⊙ | പാരിസ്ഥിതിക വെല്ലുവിളി | കാലാവസ്ഥ, ജലം, മണ്ണ്, ജൈവ വൈവിധ്യം (കാലാവസ്ഥയേയും ജൈവവൈവിധ്യത്തേയും സംബന്ധിച്ച ആഗോള സമീപനങ്ങൾ/ധാരണകൾ) |
| ⊙ | സാമ്പത്തികമായ വെല്ലുവിളി | കൃഷിയെ സംബന്ധിച്ച ലോകവ്യാപാര കരാർ (WTA) |
| ⊙ | ധാർമ്മികമായ വെല്ലുവിളി | വ്യാപാരവുമായി ബന്ധപ്പെട്ട ബൗദ്ധിക സ്വത്തവകാശങ്ങൾ (TRIPS), ലോക ഭക്ഷ്യ കാർഷിക സംഘടന (FAO) യുടെ സസ്യ ജനിതക സ്രോതസ്സുകളെ സംബന്ധിച്ച ഉടമ്പടി |
| ⊙ | തുല്യതയുടെ വെല്ലുവിളി | സാമൂഹികവും, ലിംഗപരവുമായ അവസര സമത്വവും തുല്യതയും അപ്രാപ്യമായതിനെ പ്രാപിക്കൽ |

### മറക്കാഷ് മുതൽ ദോഹവരെ (1994-2002)

സമ്പദ്വ്യവസ്ഥകളുടെ ആഗോളവത്ക്കരണത്തിനും, വ്യാപാരത്തിന്റെ ഉദാരവത്ക്കരണത്തിനും, സാമ്പത്തികവും, പാരിസ്ഥിതികവും, ധാർമ്മികവും, സാങ്കേതികവും ആയ മാനങ്ങൾ ഉണ്ട്. 1994 മറക്കാഷിൽ വച്ചുണ്ടാക്കിയ വ്യാപാര ഉടമ്പടി തികച്ചും അസമമായ ഒരു വ്യാപാര വിലപേശലായിരുന്നു എന്ന് തെളിഞ്ഞിരിക്കുന്നു. കാരണം, ആ ഉടമ്പടി വ്യവസായവത്കൃത രാജ്യങ്ങൾക്ക് വമ്പിച്ച ആഭ്യന്തര കാർഷിക സബ്സിഡികൾ, 'ബ്ലൂബോക്സിനും, ഗ്രീൻ ബോക്സിനും' കീഴിൽ തങ്ങളുടെ കൃഷിക്കാർക്ക് അനുവദിക്കാനുള്ള ധാരാളം വഴികൾ തുറന്നു കൊടുക്കുകയാണ് ചെയ്തത്. ഇന്ത്യയിൽ ഏകദേശം 110 ദശലക്ഷം കർഷക കുടുംബങ്ങൾ ഉള്ളപ്പോൾ, അമേരിക്കൻ ഐക്യനാടുകളിൽ 2.00 ദശലക്ഷവും, യൂറോപ്യൻ യൂണിയനിൽ 7.40 ദശലക്ഷവും കർഷക കുടുംബങ്ങളാണുള്ളത്. **അമേരിക്കയിലെ കൃഷിഭൂമിയുടെ ശരാശരി വിസ്തൃതി 200 ഹെക്ടറും, യൂറോപ്യൻ യൂണിയനിൽ ശരാശരി 20 ഹെക്ടറുമാണ്.** ഇവിടങ്ങളിൽ നൽകപ്പെടുന്ന ഉത്പ്പാദന സഹായം ഒരു കർഷകന് അമേരിക്കയിൽ പ്രതിവർഷം 20,000 യു.എസ്.ഡോളറും (9 ലക്ഷം രൂപ) യൂറോപ്യൻ യൂണിയനിൽ 400 യു.എസ്.ഡോളറും (1,80,000 രൂപ) ആണെന്നു കണക്കാക്കപ്പെടുന്നു.

കഴിഞ്ഞ 8 വർഷക്കാലത്തെ അനുഭവങ്ങൾ കാണിക്കുന്നത്, വരുമാനമാർഗ്ഗമില്ലാത്ത കർഷകകുടുംബങ്ങളെ സഹായിക്കുവാൻ ലോക വ്യാപാര സംഘടനയ്ക്ക് എടുത്തുപറയത്തക്ക യാതൊരു കാര്യപരിപാടിയും ഇല്ല എന്നാണ്. പ്രാഥമിക, കാർഷികവിഭവങ്ങളുടെ കയറ്റുമതിയെ ആശ്രയിക്കുന്ന രാജ്യങ്ങൾക്ക് 'സ്വതന്ത്ര വ്യാപാര' വ്യവസ്ഥകൊണ്ട് നേട്ടങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല. മൊത്തം 'ഗ്രീൻ ബോക്സ്' ചിലവുകളിൽ വികസ്വര രാജ്യങ്ങളുടെ പങ്ക് 15 ശതമാനത്തിൽ (1195) നിന്നും 12 ശതമാനം (1999) ആയി കുറഞ്ഞു. അതിനാൽ കൃഷിയെസംബന്ധിച്ച വ്യവസ്ഥകൾ (AOA) ദരിദ്രരെ സഹായിക്കുന്നതും, ചെറുകിട കർഷകരേയും അവരുടെ ഉപജീവനത്തിനും പരിസ്ഥിതി സംരക്ഷണത്തിനും അനുകൂലമായി നിലകൊള്ളുന്നതുമായ ഒരു ചട്ടക്കൂട്ടിലേക്ക് പുനഃസംവിധാനം ചെയ്യേണ്ടത് ആവശ്യമാണെന്ന് വ്യക്തമാണ്. ദോഹ സമ്മേളനാനന്തര അനുരഞ്ജനങ്ങളിൽ നിന്നും വ്യക്തമാക്കുന്നത്, ഓരോ രാജ്യവും അതിന്റെ പ്രത്യേക ആവശ്യങ്ങൾക്ക് അനുയോജ്യമായ വിധത്തിൽ, അന്താരാഷ്ട്ര നിയമങ്ങളിലും ശിക്ഷണങ്ങളിലും (നിബന്ധനകളിലും) നിന്ന് ഇളവുകൾ കിട്ടാനായി ശ്രമിക്കുമെന്നാണ്. 'ഗ്രീൻബോക്സി'ലെ വ്യവസ്ഥകൾ വിപുലമാക്കി, അതിന്റെ മറവിൽ വളരെ ഉയർന്ന സഹായം ചെറിയ ഒരു സംഖ്യ വരുന്ന കാർഷിക കുടുംബങ്ങൾക്ക് നൽകുവാനാണ് യു.എസ്.എ. ശ്രമിക്കുന്നത്. കൃഷിയുടെ ബഹുമുഖ ധർമ്മങ്ങളുടെ അടിസ്ഥാനത്തിലുള്ള ഇളവുകൾക്കാണ് യൂറോപ്യൻ യൂണിയൻ സമ്മർദ്ദം ചെലുത്തുന്നത്. ഇന്ത്യയുൾപ്പെടെയുള്ള വികസ്വര രാജ്യങ്ങൾ ഒരു വികസന/ഭക്ഷ്യ സുരക്ഷാ ബോക്സിനുവേണ്ടി തുടർച്ചയായി സമ്മർദ്ദം നടത്തിവരികയാണ്. അനുരഞ്ജനങ്ങൾ എല്ലാം ആത്യന്തികമായി അനേകം ഇളവുകളുടെ ഒരു വനത്തിലാവും ചെന്നെത്തുക, അതാകട്ടെ, സമ്പന്ന രാഷ്ട്രങ്ങൾക്ക് നേട്ടങ്ങൾ ഉണ്ടാക്കുന്ന വിചിത്രമായ ദിശയിലേക്കായിരിക്കും ചായുന്നത്. അതിനാൽ സമ്പന്ന രാഷ്ട്രങ്ങൾ ലോകവ്യാപാരത്തെ അട്ടിമറിക്കുന്ന വിധത്തിലുള്ള അന്യായ സബ്സിഡികൾ അപ്പാടെ നീക്കം ചെയ്യണമെന്നും, കാർഷികവൃത്തിയെ ആശ്രയിച്ചു കഴിയുന്ന വികസ്വര രാജ്യങ്ങൾക്ക് കൂടുതൽ വിപണി സൗകര്യങ്ങൾ ലഭ്യമാക്കണമെന്നും, സമ്പന്ന രാജ്യങ്ങളെ നിർബന്ധിക്കേണ്ടതായ ഒരു സന്ദർഭം വന്നിരിക്കുകയാണ്. അതിനാൽ വർദ്ധിച്ച നിക്ഷേപം കാർഷിക- ഗ്രാമീണ വികസനത്തിൽ നടത്താതെ, വ്യാപാരത്തിന്റെ ഉദാരവത്ക്കരണ കാലഘട്ടത്തിൽ, വിപണിയുയർത്തുന്ന കാര്യക്ഷമതയുടെ വെല്ലുവിളികളെ നമുക്ക് നേരിടാൻ സാദ്ധ്യമല്ലാ എന്ന ബോധം നമുക്കുണ്ടാവണം. അതിനാൽ താഴെപ്പറയുന്ന മേഖലകളിൽ വൻതോതിൽ മുതൽമുടക്കുവാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സന്നദ്ധമാവേണ്ടത് അടിയന്തിരമായ ആവശ്യമാണ്.

- മണ്ണിന്റേയും, ജലത്തിന്റേയും സംരക്ഷണം.
- റോഡുകൾ, ജലസേചനം ഉൾപ്പെടെയുള്ള ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യവികസനം
- വിളവെടുപ്പിനുശേഷം സാങ്കേതികവിദ്യ ഉപയോഗിക്കുകയും, വിപണികാര്യക്ഷമമാക്കുകയും ചെയ്യുക.
- ഗവേഷണവും, പരിസ്ഥിതി-സാങ്കേതിക വിജ്ഞാനങ്ങളുടെ വികസനവും, വ്യാപനവും
- വിദ്യാഭ്യാസവും ആരോഗ്യപരിപാലനവും
- വരൾച്ചയും, മറ്റു പ്രകൃതിക്ഷോഭങ്ങളും അതിജീവിക്കുക.
- സാനിട്ടറിയും ഫൈറ്റോസാനിട്ടറി നടപടികളും

മുകളിൽ പറഞ്ഞ എല്ലാ മേഖലകളിലും വമ്പിച്ച നിക്ഷേപം നടത്താതെ, ഒരു ബോക്സിനും വിപണിയിലെ മാത്സര്യങ്ങളെ നേരിടുന്നകാര്യത്തിൽ നമ്മെ സഹായിക്കുവാൻ കഴിയുകയില്ല.

## ശുപാർശകൾ

സത്വരമായ പരിഗണനയ്ക്കും, അനുയോജ്യമായ കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുവാനുമായി താഴെപ്പറയുന്ന നടപടികൾ ഞങ്ങൾ ശുപാർശ ചെയ്യുന്നു.

ദേശീയതലത്തിൽ നടപ്പിലാക്കേണ്ട പരിപാടികൾ അടങ്ങിയ ഒരു കൂട്ടം ശുപാർശകളുടെ ഒരു പട്ടിക ഞങ്ങൾ ആദ്യം മുന്നോട്ടുവച്ചിരുന്നു. ദോഹാ സമ്മേളനാനന്തര അനുരഞ്ജനശ്രമങ്ങളിൽ ഇന്ത്യയുടെ താല്പര്യസംരക്ഷണത്തിന് നാം പിന്തുടരേണ്ട തന്ത്രങ്ങൾ എന്തെല്ലാമെന്ന് പ്രസ്താവിച്ചുകൊണ്ട് ആണ് ശുപാർശകൾ ആരംഭിക്കുന്നത്. ഇതേത്തുടർന്ന് കേരളത്തിന്റെ കാര്യത്തിൽ മാത്രം പ്രസക്തമായ ഒരു കൂട്ടം ശുപാർശകളും സമർപ്പിച്ചിരുന്നു. അവയിൽ ചില പ്രത്യേക കാർഷികവിളകളെ സംബന്ധിച്ച ശുപാർശകളും അടങ്ങിയിരുന്നു.

## കൃഷിയെ സംബന്ധിച്ച കരാറുകളും അനുരഞ്ജന ചർച്ചകളിൽ കേന്ദ്രസർക്കാർ അവലംബിക്കേണ്ട തന്ത്രങ്ങളും

കൃഷിയെ സംബന്ധിച്ച കരാറുകളുടെ പുനഃപരിശോധന ദോഹാസമ്മേളനാനന്തര അനുരഞ്ജന ചർച്ചകളിൽ ഇപ്പോഴും നടന്നുവരികയാണ്. അനുരഞ്ജന സംഭാഷണങ്ങൾക്കുള്ള പ്രത്യേക വ്യവസ്ഥകൾക്ക് (Modalities) 2003 മാർച്ച് 31 ഓടുകൂടി അന്തിമരൂപം നൽകേണ്ടതുണ്ട്. അനുരഞ്ജന സംഭാഷണങ്ങളെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകളുടെ ഒരു കരടുരേഖ, (WTO)യുടെ അനുരഞ്ജന സമിതി അദ്ധ്യക്ഷൻ, കേന്ദ്രസർക്കാരിന്റെ വാണിജ്യകാര്യ മന്ത്രാലയത്തിൽ 2002 ഡിസംബർ 18-ാം തീയതി എത്തിച്ചിട്ടുണ്ടായിരിക്കും. കൃഷിയെ സംബന്ധിച്ച കരാറിന്റെ പുനഃപരിശോധനയ്ക്ക് 2003 സെപ്തംബർ 10 മുതൽ 14 വരെ മെക്സിക്കോയിലെ കാൺകൂണിൽ ചേരുന്ന മന്ത്രിതല സമ്മേളനത്തിൽ വച്ച് അന്തിമ തീരുമാനമാകുന്നതാണ്. കേന്ദ്ര വാണിജ്യകാര്യ മന്ത്രാലയം, കേന്ദ്രകൃഷിവകുപ്പുമായി കൂടിയാലോചിച്ച് തയ്യാറാക്കിയ **അനുരഞ്ജനങ്ങൾക്കാധാരമായ** പ്രത്യേക വ്യവസ്ഥകൾ എന്ന ഇന്ത്യയുടെ നിലപാട് എന്താണെന്ന് കാണിക്കുന്ന ഒരു കുറിപ്പ് ഈ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട് (അനുബന്ധം 2 കാണുക). വിപണി പ്രാപ്യത, ആഭ്യന്തര സഹായം, കയറ്റുമതിയിലെ മാത്സര്യം എന്നിവയെ സംബന്ധിച്ച പ്രശ്നങ്ങളാണ് അതിൽ കൈകാര്യം ചെയ്തിട്ടുള്ളത്.

### ആഭ്യന്തര സഹായം

ഒ.ഇ.സി.ഡി - സാമ്പത്തികസഹകരണത്തിനും വികസനത്തിനും വേണ്ടിയുള്ള സംഘടന (Organisation for Economic Co-operation and Development) യിലെ രാജ്യങ്ങൾ പ്രതിദിനം ഏകദേശം 1 ബില്യൻ ഡോളർ വരെയാണ് തങ്ങളുടെ കർഷകർക്ക് സബ്സിഡി നൽകുന്നത് എന്ന കാര്യം വളരെ പ്രസിദ്ധമാണ്. യു.എസ്.എ അവരുടെ 2002 ലെ കാർഷിക ബില്ലിൽ കാർഷിക സബ്സിഡി വീണ്ടും വർദ്ധിപ്പിച്ചിരിക്കുന്നു. ഈ സബ്സിഡികൾ എല്ലാം തന്നെ 'ബ്ലൂ ബോക്സ്', 'ഗ്രീൻ ബോക്സ്' എന്നിവയിൽ കൂടി ഉൾപ്പെടുത്തിയിട്ടുള്ളതും അനുവദനീയമല്ലാത്തതും ആണെന്നു വ്യക്തമാണ്. അവയൊന്നും 'ആംബർ ബോക്സ്' നടപടികളുടെ പരിധിയിൽ പെടുന്നതല്ല. 'ആംബർ ബോക്സി'ൽ ഉൾപ്പെടുന്ന സബ്സിഡികൾ മാത്രമാണ് വ്യാപാരത്തെ അസമമാക്കുന്നവയായി പരിഗണിക്കപ്പെടുന്നത്.

അടുത്ത് നടക്കുവാൻ പോകുന്ന ജനീവാവട്ട അനുരഞ്ജനാലോചനകളിൽ താഴെപ്പറയുന്ന ബദൽ നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുന്നത് പ്രയോജനകരമായിരിക്കും.

**ആദ്യമായി നിർദ്ദേശിക്കാനുള്ളത്, എല്ലാവിധ ബോക്സുകളും നിറുത്തലാക്കണമെന്നാണ്. വ്യാപാരത്തെ അട്ടിമറിക്കുന്നതും അന്യായവുമായ വ്യാപാരനടപടികളിലെ അരുതുകളും അനുവാദങ്ങളും തികച്ചും വ്യക്തതയുള്ള വാക്കുകളിൽ, അസന്ദിഗ്ദ്ധമായ ഭാഷയിൽ തന്നെ വേണം എഴുതിചേർക്കുവാൻ.**

രണ്ടാമതായി, ഒരു ബദൽ അനുരഞ്ജനാതത്വമെന്ന നിലയിൽ, സുസ്ഥിരമായ ഉപജീവന സുരക്ഷയുമായി ബന്ധപ്പെട്ട നാലാമതൊരു ബോക്സ് '(ഉപജീവന സുരക്ഷാ ബോക്സ്)' നിർദ്ദേശിക്കാവുന്നതാണ്. അത് തങ്ങളുടെ രാജ്യങ്ങളിലെ ഗ്രാമീണ ജനതകളുടെ ഉപജീവന സുരക്ഷ ഉയർത്തുന്ന വെല്ലുവിളികളെ നേരിടുന്ന വികസ്വര രാജ്യങ്ങളെ, ആ രാജ്യങ്ങളിൽ നടത്തപ്പെടുന്ന ഇറക്കുമതിയെ നിയന്ത്രിക്കുവാൻ അവരെ ശക്തരാക്കുന്നതാണ്. തീർച്ചയായും അത്തരം ഇറക്കുമതികൾ വികസ്വര രാജ്യങ്ങളിലെ ജനലക്ഷങ്ങളുടെ തൊഴിലവസരങ്ങളേയും, ഉപജീവനമാർഗ്ഗങ്ങളേയും കടന്നാക്രമിക്കുന്നു എന്നതിന് വിശ്വസനീയമായ തെളിവുകൾ ഉള്ള സാഹചര്യത്തിൽ, നാലാമതൊരു ഉപജീവനസുരക്ഷാ ബോക്സ് ഏർപ്പെടുത്തുന്നത് തികച്ചും ന്യായമാണ്. ഇന്ത്യ ഉൾപ്പെടെയുള്ള വികസ്വര രാജ്യങ്ങളിലെ ജനസംഖ്യയിൽ 66 ശതമാനത്തിൽ ഏറെയും, കൃഷിയെ (കാർഷിക വിളകൾ, മൃഗസംരക്ഷണം, മത്സ്യബന്ധനം, സംസ്കരണം, വനവിഭവങ്ങൾ, വന-കാർഷിക വിഭവ സംസ്കരണം) ആണ് ഉപജീവനത്തിന് ആശ്രയിക്കുന്നത്. അതിനാൽ ഗ്രാമീണ തൊഴിൽ ഉപജീവനമാർഗ്ഗങ്ങളെ തകർക്കുന്ന തരത്തിലുള്ള വ്യാപാരവ്യവസ്ഥ തീർച്ചയായും, പട്ടിണിയെയും, വിശപ്പിനെയും വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. അങ്ങനെ ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചിട്ടുള്ള പുതിയ സഹസ്രാബ്ദത്തിന്റെ ആദ്യ ദശാബ്ദത്തിൽ തന്നെ ദാരിദ്ര്യവും വിശപ്പും നിർമ്മാർജ്ജനം ചെയ്യണമെന്ന ലക്ഷ്യം, സാദ്ധ്യമല്ലാതാക്കുകയും ചെയ്യും. ഇതിന്റെ ഫലമായി ഇപ്പോഴുള്ള സമ്പന്നർക്കും ദരിദ്രർക്കും ഇടയിലുള്ള വിടവ് ദാരുണമായി വർദ്ധിക്കുകയും സമൂഹമെങ്ങും ശിഥിലീകരിക്കപ്പെടുകയും ചെയ്യും എന്ന കാര്യം തീർച്ചയാണ്. ഈ വർത്തമാനകാല പരിതസ്ഥിതി ആഗോളതലത്തിൽ തുടരുകയാണ്. ഏതാനും ദശലക്ഷം മാത്രം വരുന്ന കാർഷിക കുടുംബങ്ങൾക്ക് വമ്പിച്ച തോതിലുള്ള സാങ്കേതിക സഹായവും, മൂലധന സഹാ

യവും, പലവിധ സബ്സിഡികളും നൽകി പരിരക്ഷിക്കുന്ന ഇന്നത്തെ സ്ഥിതി തുടരുന്ന പക്ഷം, 100 ദശലക്ഷത്തിൽ കൂടുതൽ വരുന്ന ചെറുകിടകർഷകർക്ക് സാങ്കേതികവിദ്യയോ, വായ്പയോ, വിളവെടുപ്പിനുശേഷം അടിസ്ഥാനസൗകര്യങ്ങളോ ലഭിക്കാത്ത വികസ്വര രാജ്യങ്ങളിലെ കർഷകർക്ക്, സമ്പന്ന രാജ്യങ്ങളിലെ കർഷകരുമായി ആഗോള വ്യാപാരത്തിൽ തുല്യ ശക്തിയിൽ മത്സരിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ, അവസരതുല്യതയില്ലാത്ത ഒരു 'സ്വതന്ത്ര വ്യാപാര' ദാരിദ്ര്യനിർമ്മാർജ്ജനത്തിനുള്ള ഉപകരണമാക്കുവാൻ ഒരിക്കലും സഹായകരമാവുകയില്ല.

**വ്യാപാരം സ്വതന്ത്രമായിരുന്നാൽ മാത്രം പോര, അത് നീതിപൂർവ്വവും ആയിരിക്കണം**. വികസ്വര രാജ്യങ്ങളിലെ കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ജനകോടികളുടെ ഉപജീവനത്തോട്, വിശേഷിച്ചും പ്രാഥമിക ഉത്പ്പാദകരോട് നീതികാണിക്കുന്നതും കൂടി ആയിരിക്കണം സ്വതന്ത്രവ്യാപാരം. നിർദ്ദിഷ്ടമായ ഉപജീവന സുരക്ഷാബോക്സിന്റെ ആനുകൂല്യങ്ങൾക്ക് അർഹത നിശ്ചയിക്കുന്ന മുഖ്യ മാനദണ്ഡം, ഒരു രാജ്യത്തെ ജനസംഖ്യയിൽ എത്രശതമാനമാണ് ഉപജീവനത്തിന് കൃഷിയെ ആശ്രയിക്കുന്നത് എന്നത് ആയിരിക്കണം. ഏറ്റവും കുറഞ്ഞ ശതമാനം, ജനസംഖ്യയുടെ 50 ആയിരിക്കണം. ഈ വികസന ബോക്സ് എന്ന ആശയം മുന്നോട്ടുവച്ചത് ഒരു വിഭാഗം വികസ്വര രാജ്യങ്ങളാണ്. ഇത്തരമൊരു പദ്ധതിയിൽ ചെറിയ വരുമാനക്കാരും, വരുമാനമാർഗ്ഗങ്ങളിൽ ദരിദ്രരായ കർഷകരും ഉത്പാദിപ്പിക്കുന്ന വിളകൾക്ക്, വിപണി സൗകര്യങ്ങൾ ലഭ്യമാവണം. അതിനായി കൃഷിയെ സംബന്ധിച്ച കരാറി (AOA) ലെ ആർട്ടിക്കിൾ 6-2 ന് അനുസരണമായി, ദരിദ്രകർഷകർക്ക് ഉയർന്ന നിലവാരത്തിലുള്ള ആഭ്യന്തരസഹായങ്ങൾ നല്കുവാനുള്ള നടപടിക്രമങ്ങളും, വ്യവസ്ഥകളും ഉൾപ്പെടുത്തേണ്ടതാണ്.

മൂന്നാമതായി "സബ്സിഡി" എന്ന വകുപ്പിൽ ഉൾപ്പെടുത്തി അനേകദശലക്ഷം ചെറുകിടകർഷ കുടുംബങ്ങൾക്ക് തുച്ഛമായ സഹായം മാത്രം കൊടുക്കുന്ന രീതി തീർച്ചയായും നാം ഒഴിവാക്കണം. അടിസ്ഥാന സൗകര്യവികസനവും, മറ്റനേകം പൊതുസഹായ പരിപാടികളെപ്പോലുള്ള ആഭ്യന്തര സഹായവും എല്ലാ വ്യാപാരത്തെയും അട്ടിമറിക്കുന്നതല്ലാത്തതിനാൽ അനുവദനീയവുമല്ല. അതിനാൽ **കൃഷിച്ചെലവ് വർദ്ധിക്കുന്നതുമൂലം വരുമാനം തുലോം തുച്ഛമായിത്തീരുന്ന തികച്ചും പ്രതികൂലമായ ഒരു കാർഷിക വ്യവസ്ഥയുടെ ആഘാതത്തിൽ, വമ്പിച്ച കടബാദ്ധ്യതയിൽപ്പെട്ട് ജീവിതം വഴിമുട്ടിനൽക്കുന്ന ചെറുകിട കർഷക ജനകോടികൾക്ക് പേരിനുമാത്രമുള്ള സബ്സിഡി നൽകുന്ന സ്ഥാനത്ത് ദരിദ്രകർഷകർക്കും, ഗ്രാമീണ ജനങ്ങൾക്കും സുസ്ഥിരമായ ഉപജീവസുരക്ഷാ സഹായം നൽകുന്ന ഒരു സമീപനമാണ് സ്വീകരിക്കേണ്ടത്.**

കേന്ദ്രസർക്കാരിന്റെ, WTO യിൽ നമ്മുടെ താല്പര്യങ്ങളടങ്ങിയ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നവരും, നയം രൂപീകരിക്കുന്നവരും ഈ ജീവൽപ്രശ്നങ്ങളെക്കുറിച്ച് പ്രതികരണ ക്ഷമമായ രീതിയിൽ ബോധവാന്മാരായിരിക്കണം.

## വിപണി പ്രാപ്യത

ആദ്യമായി, വ്യാവസായികമായി വികസിച്ച രാജ്യങ്ങളിലെ വിപണിയിലേക്ക് വികസ്വര രാജ്യങ്ങൾക്ക് കടന്നുചെല്ലുവാൻ തടസ്സമായി നിൽക്കുന്ന എല്ലാ താരിഫേതര വ്യവസ്ഥകളും പുനഃപരിശോധന ചെയ്യുകയും, എടുത്തുകളയുകയും ചെയ്യണം. അതേസമയം വികസ്വര രാജ്യങ്ങൾക്ക് സാനിട്ടറി- ഫൈറ്റോസാനിട്ടറി (SPS) നടപടികളുടേയും, ഭക്ഷ്യസുരക്ഷയ്ക്കു വേണ്ടതായ കൊഡക്സ് എലിമെന്റേറിയസ് മാനദണ്ഡങ്ങളുടേയും മേഖലയിൽ അവർക്കുള്ള ശേഷി വർദ്ധിപ്പിക്കുവാൻ സഹായങ്ങൾ വ്യാപകമാക്കേണ്ടതാണ്. യാഥാർത്ഥ്യബോധമില്ലാത്ത വിധത്തിലുള്ള ഉയർന്ന സാനിട്ടറി ഫൈറ്റോസാനിട്ടറി നിലവാരങ്ങൾ വികസ്വര രാജ്യങ്ങളുടെ കയറ്റുമതിക്ക് എതിരായി, വ്യാപാര തടസ്സങ്ങൾ സൃഷ്ടിക്കുവാനാണ് വിനിയോഗിക്കപ്പെടുന്നത്. സാനിട്ടറിയും ഫൈറ്റോസാനിട്ടറി (SPS) യുമായ നടപടികളുടെ മാനദണ്ഡങ്ങൾ എന്തൊക്കെയായിരിക്കണമെന്ന് തീരുമാനിക്കുന്ന പ്രക്രിയയിൽ ഇന്ത്യയും മറ്റു വികസ്വര രാജ്യങ്ങളും പങ്കാളികളായിരിക്കണം. അതേസമയം ആഭ്യന്തര ഉപഭോഗത്തിനും, കയറ്റുമതിക്കും ഉള്ള നമ്മുടെ ഉത്പ്പന്നങ്ങൾക്ക് നമ്മുടേതായ ഒരു (എസ്.പി.എസ്സ്) ശുചിത്വ-രോഗാണുവിമുക്ത സംസ്കരണ സമ്പ്രദായം, നാം വികസിപ്പിച്ചെടുക്കുക തന്നെ വേണം.

രണ്ടാമതായി, ബാദ്ധ്യതപ്പെട്ട താരിഫ് ഇളവുകൾ ഏറ്റവും കുറഞ്ഞ നിരക്കിൽ ആവണം എന്നതാണ് നമ്മുടെ നിലപാട്. എല്ലാ ഇനങ്ങളുടെയും മേലുള്ള താരിഫുകൾ എല്ലാറ്റിലും ഒരേപോലെ ഉടനടി ഇളവുകൾ ചെയ്യുന്നതിനെ നമുക്ക് അംഗീകരിക്കാനാവില്ല. കൂടാതെ എല്ലാ ഭക്ഷ്യ എണ്ണകളുടെയും മൊത്തം ബൗണ്ട് നിരക്ക് 300% എന്ന് ഉറപ്പിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ, തീർച്ചയായും സോയാബീൻ എണ്ണയുടെ ബൗണ്ട് നിരക്കായ 45 ശതമാനത്തിൽ നിന്നും വർദ്ധിപ്പിക്കുവാൻ നമുക്ക് അർഹത ഉള്ളതാണ്.

ഇതുകൂടാതെ, വികസ്വര രാജ്യങ്ങളുടെ സമ്പദ്‌വ്യവസ്ഥയിൽ നിർണ്ണായകമായ പ്രാധാന്യം ഉള്ള ഉത്പ്പന്നങ്ങളുടെ നിലവിലിരിക്കുന്ന, ഉച്ചകോടിയിൽ നിൽക്കുന്ന കയറ്റുമതി താരിഫുകളിൽ ഗണ്യമായ ഇളവുകൾ വരുത്താൻ, വ്യവസായവത്കൃത രാജ്യങ്ങൾ സമ്മതിക്കേണ്ടത് അത്യാവശ്യമാണ്.

ജനസംഖ്യയുടെ 50 ശതമാനത്തിൽ അധികം ജനങ്ങളും ഉപജീവനത്തിന് കൃഷിയെ ആശ്രയിച്ചു കഴിയുന്ന വികസ്വര രാജ്യങ്ങൾ, ചില പരിധിയിൽ നിന്നുകൊണ്ട് ഇറക്കുമതി താരിഫുകൾ ഉയർത്തുന്നതിനും, അതോടൊപ്പം ഇറക്കുമതിയുടെ അളവിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും വികസിത രാജ്യങ്ങൾ അനുവദിക്കണം. അതായത് ചെറുകിട കർഷകരുടേയും, സമ്പാദ്യമൊന്നുമില്ലാത്ത ഗ്രാമീണ-സ്ത്രീ പുരുഷന്മാരുടെയും ജീവിതത്തേയും ഉപജീവനമാർഗ്ഗത്തെയും തകർക്കുകയും ദാരിദ്ര്യത്തെ കൊടുമ്പിരി കൊള്ളിക്കുകയും ചെയ്യാൻ ഇറക്കുമതികൾ കാരണമാകുന്നു എന്ന് എപ്പോഴൊക്കെ വ്യക്തമായി തെളിയുന്നുവോ, അപ്പോൾ എല്ലാം അത്തരം ഇറക്കുമതിയുടെ അളവിൽ, നിയന്ത്രണം അനിവാര്യമായിത്തീരുന്നതാണ്.

### വ്യാപാരവുമായി ബന്ധപ്പെട്ട ബൗദ്ധിക-സ്വത്തവകാശം (TRIPS)

പുതുക്കിയ ബൗദ്ധികസ്വത്തവകാശ നിയമത്തിന്റെയും-ജൈവ വൈവിദ്ധ്യ കൺവെൻഷന്റെ (CBD)യും, സസ്യജനിതക സ്രോതസ്സിനെ സംബന്ധിച്ച, ലോക ഭക്ഷ്യ - കാർഷിക സംഘടന (TAO) യുടെ വ്യവസ്ഥകൾ എല്ലാം തന്നെ, ധാർമ്മിക നീതിയുടേയും, തുല്യതയുടേയും മൂല്യങ്ങൾക്ക് അനുപൂരകമായിരിക്കണം. പ്രത്യേകിച്ചും ഭക്ഷ്യത്തിലും ആരോഗ്യസുരക്ഷയിലും പരമപ്രാധാന്യമുള്ള കണ്ടുപിടുത്തങ്ങൾക്ക് നിർബ്ബന്ധമായും ലൈസൻസ് നൽകുന്നതിന് ബൗദ്ധികസ്വത്തവകാശത്തിന്റെ (ട്രിപ്സിന്റെ) നിബന്ധനകൾ ഉണ്ടാവണം. അതുപോലെ ജനിതക സ്രോതസ്സുകളുടേയും വിഭവങ്ങളുടേയും പ്രാഥമിക സംരക്ഷകരും, പരമ്പരാർജ്ജിത വിജ്ഞാനത്തിന്റെ (നാട്ടറിവിന്റെ) ഉടമകളുമായവരുമായി കണ്ടുപിടിത്തങ്ങളുടേയും മറ്റു നേട്ടങ്ങളുടേയും ഫലങ്ങൾ പങ്കുവെയ്ക്കാനും ട്രിപ്സിൽ വ്യവസ്ഥകൾ ചെയ്യേണ്ടതാണ്. ഭാവിയിൽ ജൈവ വൈവിധ്യ ചൂഷണവും, അവകാശലംഘനവും സംബന്ധിച്ച പരാതികളും, പരസ്പര ഭീതിയും ഇല്ലാതാക്കുവാൻ ഈ നടപടി സഹായിക്കുന്നതാണ്.

### ഭൂമിശാസ്ത്രപരമായി അംഗീകരിക്കപ്പെട്ട ഉത്പ്പന്നങ്ങൾക്ക് പരിരക്ഷ (ജ്യോഗ്രഫിക്കൽ ഇൻഡിക്കേഷൻ)

ഈ വകുപ്പിൽപ്പെട്ട ഉത്പ്പന്നങ്ങളെ അംഗീകൃത പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് വസ്തുനിഷ്ഠമായ ഒരു പദ്ധതി വികസിപ്പിക്കേണ്ടതാണ്. **മലബാർ കുരുമുളക്** പോലുള്ള ഉത്പ്പന്നങ്ങളുടെ അന്താരാഷ്ട്ര അംഗീകാരവും, പ്രശസ്തിയുമുള്ള ഭൂമിശാസ്ത്രപരമായ പേരുകൾ ഇത്തരം ഒരു പട്ടികയിൽ അവയെ ചേർക്കുവാനുള്ള അർഹതയുടെ ഒരു പ്രധാന മാനദണ്ഡമായിരിക്കണം.

### വ്യാപാരസുരക്ഷയും കർഷകക്ഷേമവും

വിപണിയിലെ വെറും ഒരു ചൂതാട്ടമായി കൃഷിയും, കാർഷികവൃത്തിയും മാറുന്ന സാഹചര്യത്തിൽ, കാർഷികവൃത്തിയിലേക്ക് യുവജനങ്ങളെ ആകർഷിക്കുവാൻ കഴിയുകയില്ല. അതുകൊണ്ട് 500 ദശലക്ഷം കർഷക കുടുംബങ്ങൾക്ക് ആദായകരമായ വിപണികൾ ഉറപ്പാക്കുവാനാകണം പുതുക്കിയ കൃഷിയെസംബന്ധിച്ച കരാറി (AOA) ന്റെ ഏറ്റവും പ്രധാനലക്ഷ്യം. സുസ്ഥിരമായ ഒരു കാർഷിക വ്യവസ്ഥയ്ക്കും സംതൃപ്തരായ കാർഷിക കുടുംബങ്ങൾക്കും മാത്രമേ നമ്മുടെ ഗ്രഹത്തിൽ (ഭൂമിയിൽ) 2030 ആകുമ്പോഴേക്കും അധിവസിക്കാൻ പോകുന്ന 800 ദശലക്ഷം വരുന്ന കുഞ്ഞുങ്ങൾക്കും, സ്ത്രീ–പുരുഷന്മാർക്കും വേണ്ട ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ കഴിയുകയുള്ളൂ.

### കൃഷിയുടെ ബഹുമുഖധർമ്മം (Multi-functionality of Agriculture)

കൃഷി ഏകദേശം 2 ബില്യൻ വ്യക്തികളുടെ ഉപജീവന സുരക്ഷയെയാണ്, ആഗോളതലത്തിൽ സ്വാധീനിക്കുന്നത്. അതേസമയം തന്നെ കൃഷിക്ക് മനുഷ്യന്റെ പാരിസ്ഥിതികവും സാംസ്ക്കാരികവുമായ സുരക്ഷയേയും ഗണ്യമായി സ്വാധീനിക്കുവാൻ കഴിയുന്നുണ്ട്. ഇപ്പോൾ കൃഷിക്ക് നാനാമുഖ ധർമ്മങ്ങൾ ഉണ്ടെന്ന പരികല്പനയ്ക്കുവേണ്ടി വാദിക്കുന്നതായ വികസിത രാജ്യങ്ങൾ, എന്തായിരുന്നാലും അതിനെ സ്വന്തം കർഷകരുടെ സബ്സിഡി വർദ്ധിപ്പിക്കുവാനും, വ്യവസായവത്കൃത രാജ്യങ്ങൾക്കുണ്ടാകുന്ന താരിഫേതര വ്യാപാരതടസ്സങ്ങൾക്ക് ഒരു പ്രതിരോധനിര കെട്ടിപ്പടുക്കുവാനുമായി വിനിയോഗിക്കാൻ അനുവദിക്കരുത്.

കൃഷിയുടെ ബഹുമുഖധർമ്മങ്ങൾ എന്ന തത്വം വികസിപ്പിച്ചെടുക്കുമ്പോൾ അതിന്റെ പ്രയോഗത്തെ

സംബന്ധിച്ച് ഒരു പെരുമാറ്റച്ചട്ടത്തിന് രൂപം നല്കണം. എന്നാൽ മാത്രമേ പുതുക്കിയ കൃഷിയെ സംബന്ധിച്ച കരാറിൽ (AOA) അതിന് അർഹമായ സ്ഥാനം ലഭിക്കുകയുള്ളൂ.

നമ്മുടെ ഉപജീവനസുരക്ഷാ വ്യവസ്ഥയുടെ നട്ടെല്ല് തന്നെ കൃഷിയാകയാൽ, തുടർന്നു നടക്കുന്ന അനുരഞ്ജനചർച്ചകളിൽ, നമ്മുടെ ആഭ്യന്തരകൃഷിയും, കാർഷിക കുടുംബങ്ങളുടെ ഉപജീവനവും പരിരക്ഷിക്കുക എന്നതാണ് നമ്മുടെ നിലപാടിന്റെ അടിത്തറ. അതേസമയം നമ്മുടെ കാർഷിക പരിണാമത്തിന്റെ പ്രവണതകൾ,വൈവിധ്യവത്ക്കരണം, പച്ചക്കറികളുടേയും, ജന്തുജന്യാഹാരത്തിന്റെയും വർദ്ധിച്ച ഉത്പാദനത്തെ ലാക്കാക്കിയാണ് നീങ്ങുന്നതെന്നുള്ള കാര്യത്തിൽ നമുക്ക് വ്യക്തമായ വീക്ഷണം ഉണ്ടായിരിക്കണം.

ലോകരാജ്യങ്ങൾ ഒരു മേശയ്ക്കുചുറ്റും അനുരഞ്ജന ചർച്ചകൾ നടത്തുമ്പോൾ, ദാരിദ്യനിർമ്മാർജ്ജനവും ഗ്രാമീണജനക്ഷേമവും ലക്ഷ്യമാക്കുന്ന മറ്റു സമാന രാജ്യങ്ങളുടെ നിരയുമായി ചേർന്നു ഇന്ത്യ പ്രവർത്തിക്കുന്നതാണ് വിവേകപൂർവ്വമായ നടപടി. നീതിപൂർവ്വമായ താരിഫുകൾ, ഇറക്കുമതിയിൽ നിയന്ത്രണം എന്നിവയിലൂടെ കാർഷിക കുടുംബങ്ങൾക്ക് ഏറ്റവും കുറഞ്ഞ വരുമാനമെങ്കിലും ഉറപ്പാക്കുന്ന സ്ഥിതിയിൽ നാം എത്തണം. അതിന് വ്യാപാരത്തെ അട്ടിമറിക്കുന്ന സബ്സിഡികളും, കൃഷിയുടെ ബഹുമുഖ ധർമ്മം എന്ന ആശയം ഉൾപ്പെടെയുള്ള വിവിധ ന്യായവാദങ്ങൾ ഉയർത്തി വ്യാപരേതര തടസ്സങ്ങളും മറ്റും വികസിത രാജ്യങ്ങൾ പ്രയോജനപ്പെടുത്താതിരിക്കുവാൻ സമാനചിന്താഗതിക്കാരുമായി ഒത്തുചേർന്നു നാം പ്രവർത്തിക്കേണ്ടതുണ്ട്.

കേന്ദ്രസർക്കാരിന്റെ പ്രവർത്തനപരിധിയിൽ വരുന്ന രണ്ടു ശുപാർശകൾകൂടി കമ്മിഷനു വയ്ക്കുവാനുണ്ട്. അവ:

### താരിഫിന്റെ നിയമങ്ങളും ചട്ടങ്ങളും : കേന്ദ്രസർക്കാരിന്റെ കയറ്റുമതി-ഇറക്കുമതി നയങ്ങളും

ലോകവ്യാപാരസംഘടനയുടെ വ്യവസ്ഥകൾ നടപ്പിലാക്കപ്പെട്ടതിന്റെ ഫലമായി കേരളത്തിന്റെ കാർഷികമേഖലയിൽ ഒരു പുന:സംഘടന ആവശ്യമാക്കിത്തീർത്തിരിക്കുന്നു. കേരളത്തിലെ കൃഷിഭൂമിയുടെ 80% ഉം ദീർഘകാലവിളകൾക്ക് നീക്കിവച്ചിരിക്കുന്നതിനാൽ, കുറച്ചുനീണ്ടൊരു ക്രമീകരണ കാല (adjustment period), (കുറഞ്ഞത് 5നും 10 നും വർഷങ്ങൾക്ക് ഇടയ്ക്ക്) ത്തേക്ക് ഈ വിളകൾക്ക് പരിമിതമായ സംരക്ഷണവും, അധിക നിക്ഷേപസഹായവും ആവശ്യമാണ്. പ്രത്യേകിച്ചും പുതിയ വ്യാപാര കരാർ (ഡബ്ല്യൂ.റ്റി.എ.) ഏർപ്പെടുത്തിയിട്ടുള്ള സുരക്ഷാ വ്യവസ്ഥകൾ-ഇറക്കുമതിക്ക് താരിഫുകൾ ചുമത്തുക പോലുള്ള മറ്റു നടപടികൾ-തീർച്ചയായും നാം പ്രയോജനപ്പെടുത്തണം. ഇക്കാലത്തിനിടയിൽ സംസ്ഥാന കർഷകർക്ക് ആവശ്യമായ വ്യാപാരശേഷികൾ കൈവരിക്കുവാൻ സമയം ലഭിക്കുന്നതാണ്. കൂടാതെ വിഭവ സ്രോതസ്സുകളുടെ ഒരു പുനർവിതരണവും, വിന്യാസവും സംസ്ഥാനത്തിന്റെ മാത്സര്യശേഷിയെ വർദ്ധിപ്പിക്കുകയും ചെയ്യും.

അവസാനവട്ട ഉറുഗ്വേ അനുരഞ്ജനത്തിന് മുമ്പുള്ള ചർച്ചകൾ, താരിഫ് നിരക്കുമാറ്റങ്ങളുടെ ആഘാതം എന്തെന്ന് പരിഗണിച്ചിരുന്നില്ല. ഉദാഹരണത്തിന്, ഇറക്കുമതി ചെയ്യപ്പെടുന്ന പാം ഓയിലിന്റേയും സോയാബീൻ എണ്ണയുടേയും മേലുള്ള കുറഞ്ഞ താരിഫു നിരക്കുകൾ വാസ്തവത്തിൽ വെളിച്ചെണ്ണയുടേയും തുടർന്ന് കൊപ്രയുടേയും, നാളികേരത്തിന്റേയും മേൽ ശക്തമായ ആഘാതമാണ് ഏൽപിച്ചുകഴിഞ്ഞിരിക്കുന്നത്. സോയാബീൻ എണ്ണയുടെ താരിഫ് ഏറ്റവും കുറഞ്ഞ നിരക്കായ 45% മാത്രമായി അംഗീകരിക്കുക വഴി, നാളീകേരവുമായി വിപണിയിൽ നേരിട്ടു മത്സരിക്കുന്ന പാം ഓയിലിന് ഉയർന്ന നിരക്കിൽ താരിഫു ചുമത്തുവാൻ സാദ്ധ്യമല്ലാതെ വന്നിരിക്കുന്നു. പാം ഓയിലിന് ഇനി എന്തെങ്കിലും താരിഫ് വർദ്ധന വരുത്തുന്നപക്ഷം അതിന്റെ ഫലമായി സോയാബീൻ എണ്ണയ്ക്ക് അനുകൂലമായ വിപണിയാണുണ്ടാവുക.

കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ സാരമായി ബാധിച്ച ഒന്നാണ് റബറിന്റെ ഇറക്കുമതിയ്ക്ക് ഏർപ്പെടുത്തിയ വളരെ താണ ബൗണ്ട് നിരക്കുകളും അപ്ലൈഡ് താരിഫ് നിരക്കുകളും (അവ യഥാക്രമം 40% ഉം 25%) ആയിരുന്നു. അതിനാൽ ദേശീയതലത്തിലും ലോകവ്യാപാര സംഘടനാതലത്തിലും, തുല്യത, ചെറുകിട കാർഷിക കുടുംബങ്ങളുടെ ഉപജീവനസുരക്ഷ എന്നീ തത്വങ്ങളുടെ അടിസ്ഥാനത്തിൽ ഒരു താരിഫ് നിർണ്ണയ കോഡിന് രൂപം നൽകാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### കമ്മോഡിറ്റി ബോർഡുകളുടെ പുനഃസംഘടനയും പുനഃസജ്ജീകരണവും

തേയില, കാപ്പി, റബ്ബർ, നാളികേരം, സുഗന്ധദ്രവ്യങ്ങൾ എന്നിവയുടെ കമ്മോഡിറ്റി ബോർഡുകൾ കഴിഞ്ഞകാലത്ത് വളരെ വിലയേറിയ ജോലി നിർവ്വഹിച്ചു കഴിഞ്ഞവ ആകയാൽ, ഇന്നത്തെ പുത്തൻ ആഗോള വ്യാപാരസാഹചര്യങ്ങളുടെ സന്ദർഭത്തിൽ, അവ സ്വന്തം ചരിത്രപരമായ പ്രസക്തിയെ അതിജീ

വിച്ചു കഴിഞ്ഞിരിയ്ക്കുന്നു. അതിനാൽ കമ്മോഡിറ്റി ബോർഡുകളുടെ പ്രവർത്തനങ്ങളും,അവയുടെ പൊതു ചുമതലകളും, ഓരോ ബോർഡിനും ഒരോ പ്രത്യേക ഉത്പന്നത്തിന്റെ മേലുള്ള ചുമതലകളും നിശ്ചയിക്കുവാൻ ഒരു ഉന്നതതല കമ്മിറ്റി രൂപീകരിക്കുവാൻ കേരള സർക്കാർ കേന്ദ്രസർക്കാരിനോട് നിർദ്ദേശിക്കണമെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു. ഇന്നത്തെ ലോകവ്യാപാര വ്യവസ്ഥയിൽ സംജാതമായിട്ടുള്ള പ്രതികൂലാവസ്ഥയുമായി മല്ലടിക്കുന്ന അസംഖ്യം ചെറുകിട ഉത്പാദകരുടേയും, തോട്ടം തൊഴിലാളികളുടേയും വരുമാനവും, ഉപജീവനസുരക്ഷയും ഉറപ്പാക്കുവാൻ ഫലപ്രദമായ സംവിധാനമായി കമ്മോഡിറ്റി ബോർഡുകളെ മാറ്റുവാൻ, അവയെ പുനഃസംഘടിപ്പിക്കുകയും പുനഃസജ്ജീകരിക്കുകയും ചെയ്യുക എന്നത് ആ ഉന്നത സമിതിയുടെ മുഖ്യപരിഗണനാ വിഷയങ്ങളിൽ (ടേംസ് ഓഫ് റഫറൻസ്) ഒന്നായിരിക്കണം.

## കേരളത്തെ മാത്രം സംബന്ധിച്ച ശുപാർശകൾ

കമ്മിഷൻ ഏതാനും ഇടക്കാല ശുപാർശകൾ ഇതിനകം നടത്തിയിട്ടുണ്ട് (അനുബന്ധം IV മുതൽ VII വരെ കാണുക). കമ്മിഷന്റെ മുഖ്യ ശുപാർശകളിൽ ചിലത് താഴെ പറയുന്നു.

### 1) കാർഷിക വ്യാപാരത്തിന് ഒരു ഉന്നതതല സ്റ്റാൻഡിംഗ് കമ്മിറ്റി രൂപീകരിക്കുക

ലോക വ്യാപാരത്തിലെ മാറിമാറിവരുന്ന പരിത:സ്ഥിതികളെ ഫലപ്രദമായി കൈകാര്യം ചെയ്യുവാൻ കഴിയണമെന്നുണ്ടെങ്കിൽ, വ്യാപാരമേഖലയിലെ എല്ലാ മുഖ്യ തല്പര കക്ഷികളുടേയും പ്രവർത്തനങ്ങളും, ആസൂത്രണവും, ഏകീകൃതവും, സംയുക്തമായിട്ടുള്ളതും ആയിരുന്നേ മതിയാവൂ. അത് ഒരു വാദ്യ സംഗീതവൃന്ദ-(സിംഫണി ഓർക്കെസ്ട്ര) ത്തിലെ അംഗങ്ങളുടെ പരസ്പര പൂരകമായ കൂട്ടായ്മപോലെ ആയിരിക്കണം. കേരളത്തിന്റെ കാർഷികവ്യാപാരനയത്തിന്റെ കേന്ദ്രീകൃത സംയുക്ത പ്രവർത്തന (സിംഫണി) ത്തിനായി ഒരു **കാർഷിക വ്യാപാര സ്റ്റാന്റിംഗ് കമ്മിറ്റി,** ബഹു: മുഖ്യമന്ത്രി അദ്ധ്യക്ഷനായും, ബഹു: കൃഷി-കയർ മന്ത്രി ഉപാദ്ധ്യക്ഷയായും, രൂപീകരിക്കണമെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു. പ്രിൻസിപ്പൽ സെക്രട്ടറി (കൃഷിവകുപ്പ്) ഇതിന്റെ മെമ്പർ സെക്രട്ടറി ആയിരിക്കണം. എല്ലാ മുഖ്യ തല്പരകക്ഷികളും സംസ്ഥാനത്തെ കർഷകർ, തോട്ടം ഉടമകളുടേയും തൊഴിലാളികളുടേയും സംഘടനകൾ, കേന്ദ്രസർക്കാരിന്റെ കമ്മോഡിറ്റി ബോർഡുകൾ, കേരള കാർഷിക സർവ്വകലാശാല, ഇന്ത്യൻ കൗൺസിൽ ഫോർ അഗ്രികൾച്ചറൽ റിസേർച്ച് (ഐ.സി.എ.ആർ), സി.എസ്.ഐ.ആർ, കൺസ്യൂമർ അസ്സോസിയേഷൻ, പൊതു മാധ്യമങ്ങൾ (അച്ചടി, ഇലക്ട്രോണിക്ക്, ഇന്റർനെറ്റ്), കേരള സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകൾ, എന്നിവർ ഇതിന്റെ അംഗങ്ങളായിരിക്കണം. ഇതിനുപുറമേ, ലോകവ്യാപാരസംഘടനാ (ഡബ്ല്യൂ.റ്റി.ഒ) പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ഉന്നതതല ഉദ്യോഗസ്ഥന്മാരെ, ഈ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ എക്സ്-ഓഫിഷ്യോ അംഗങ്ങളായി നാമനിർദ്ദേശം ചെയ്യുവാൻ കേന്ദ്രസർക്കാരിന്റെ കൃഷി-വാണിജ്യകാര്യമന്ത്രാലയങ്ങളോട് കേരള സർക്കാർ അഭ്യർത്ഥിക്കണം. പ്രസ്തുത കമ്മിറ്റിയുടെ മുഖ്യപരിഗണനാവിഷയങ്ങൾ (ടേംസ് ഓഫ് റഫറൻസ്) താഴെപ്പറയുന്നു.

- ലോകവ്യാപാരരംഗത്ത് മാത്സര്യക്ഷമത കൈവരിക്കണമെന്ന ലക്ഷ്യത്തോടെ കേരളത്തിന് ലഭ്യമായ എല്ലാവിഭവ സ്രോതസ്സുകളിൽ നിന്നും പരമാവധി നേട്ടങ്ങളുണ്ടാക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും ഉഭയകക്ഷികളുടെയും ബഹുകക്ഷികളുടെയും പിന്തുണയോടെ മുന്നോട്ടുവയ്ക്കുന്ന എല്ലാ പരിപാടികളും കേന്ദ്രീകൃതവും, സംയുക്തവുമായ രീതിയിൽ ഏകോപിക്കുക.
- ആഭ്യന്തര-വിദേശ വിപണികളിലെ പ്രവണതകളെ തത്സമയം വിലയിരുത്തുവാനും, മോണിറ്റർ ചെയ്യുവാനും സംവിധാനം ഏർപ്പെടുത്തുക.
- പ്രായോഗിക കർമ്മപരിപാടികൾ, വിശേഷിച്ചും, കർഷക കുടുംബങ്ങളുടേയും തൊഴിലാളികളുടേയും ക്ലേശങ്ങളെ ലഘൂകരിക്കുന്നവ നടപ്പിലാക്കുക.
- ഉല്പാദനക്ഷമത പരമാവധി വർദ്ധിപ്പിക്കുവാനും, കൃഷിച്ചെലവുകൾ പരമാവധി കുറയ്ക്കുവാനും, കൃഷിയെ സൂക്ഷ്മമായ ശ്രദ്ധയും കൃത്യനിഷ്ഠയും വേണ്ട പ്രവൃത്തിയാകുന്ന ഒരു ഘട്ടത്തിലേക്ക് മാറ്റി നടുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുക.
- കാർഷിക വ്യാപാരത്തിലും, ബൗദ്ധിക സ്വത്തവകാശ നിയമത്തിലും നമ്മുടെ കർഷകരേയും, ജന സാമാന്യത്തേയും പൊതുമാധ്യമങ്ങളിലൂടെ സാക്ഷരരാക്കുവാനുള്ള പരിപാടികളെ പ്രോത്സാഹിപ്പിക്കുക.

- കമ്മിഷൻ നിർദ്ദേശിച്ചിട്ടുള്ള കല്പിത സർവ്വകലാശാലയുടേയും, പുന:സംഘടിപ്പിക്കപ്പെട്ട സംസ്ഥാനഭൂവിനിയോഗ ബോർഡിന്റേയും പ്രവർത്തനങ്ങളിൽ നയപരമായ മേൽനോട്ടം വഹിക്കുക.

- രാജ്യത്തെ ചെറുകിട കുടുംബങ്ങളുടേയും, കർഷകത്തൊഴിലാളികളുടേയും ഉപജീവന സുരക്ഷാ പ്രവർത്തനങ്ങൾ തുടർനടപടിയുടെ അടിസ്ഥാനത്തിൽ ശക്തമാക്കുവാൻ നടപടികൾ നിർദ്ദേശിക്കുക.

## ii) ദുരിതാശ്വാസ പ്രവർത്തനങ്ങൾ

തോട്ടം മേഖലയിലെ തൊഴിലാളികളുടെ കൂലിയും, തൊഴിലും സുസ്ഥിരമാക്കുവാൻ കേന്ദ്രസർക്കാരിന്റെ **സമ്പൂർണ്ണഗ്രാമ യോസ്ഗാർ യോജന പദ്ധതിയിൽ** ഉൾപ്പെടുത്തി ഭക്ഷ്യവിതരണം ചെയ്യുന്ന പരിപാടി നടപ്പിലാക്കുവാനും, കേരള സർക്കാർ കേന്ദ്രഗവൺമെന്റിന്റെ സഹായം തേടേണ്ടതാണെന്ന് കമ്മിഷൻ ആദ്യത്തെ ഇടക്കാല റിപ്പോർട്ടിൽ തന്നെ ശുപാർശ ചെയ്തിരുന്നു. അത്തരം ഒരു പരിപാടിയിൽ പിരിച്ചുവിടീലും, തോട്ടം അടച്ചുപൂട്ടലും ഒഴിവാക്കുവാനായി, രൂക്ഷമായ സാമ്പത്തിക ക്ലേശം അനുഭവിക്കുന്ന തോട്ടം തൊഴിലാളികൾക്ക് കൂലിയുടെ ഒരുഭാഗം ഭക്ഷ്യ (അരി) മായി നൽകുകയാണ് ചെയ്യുന്നത്. കേരള സർക്കാർ ഈ ദിശയിൽ ഇതിനകം നടപടികൾ സ്വീകരിച്ചുകാണുന്നതിൽ കമ്മിഷന് സന്തോഷമുണ്ട്.

## iii) ആഭ്യന്തരസഹായ നടപടികൾ

കാർഷിക വ്യാപാര രംഗത്തും, ആഭ്യന്തര ഉത്പാദനമേഖലയിലും, കൃഷിക്കാരുടെ, വിശേഷിച്ചും ചെറുകിട കർഷകരുടേയും നാമമാത്ര കൃഷിക്കാരുടേയും വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഒരുകൂട്ടം സഹായ നടപടികൾക്ക് രൂപ കല്പന ചെയ്യേണ്ടതായിട്ടുണ്ട്. അത്തരം നടപടികൾ വിലത്തകർച്ചയിൽനിന്നും ആശ്വാസം, വില സുസ്ഥിരത വരുത്തുക എന്നിവയിൽ മാത്രമല്ല വേണ്ടത്, മറിച്ച് അവ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും കൂടിയുള്ളതായിരിക്കണം. ഇതിനുള്ള പാക്കേജ് നടപടികളിൽ താഴെപറയുന്ന കാര്യങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

- സ്റ്റാറ്റ്യൂട്ടറിയായ ഏറ്റവും കുറഞ്ഞ താങ്ങുവില, (MSP) കേരളത്തിലെ വയൽതോട്ടവിളകൾക്കുകൂടി വ്യാപകമാക്കണം. അത്തരമൊരു നടപടി, ശ്രീ. അഭിജിത് സെന്നിന്റെ നേതൃത്വത്തിൽ ഇന്ത്യക്ക് ഒരു ദീർഘകാല ധാന്യനയം രൂപീകരിക്കാൻ നിയുക്തമായ കമ്മിറ്റി രേഖപ്പെടുത്തിയതുപോലെ, ലോകവ്യാപാരസംഘടനയുടെ വ്യവസ്ഥകൾക്ക് അനുപൂരകമായിരിക്കണം. ഭക്ഷ്യധാന്യങ്ങൾ ഏറ്റവും കുറഞ്ഞ താങ്ങുവിലയുടെ അടിസ്ഥാനത്തിൽ, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ നടത്തുന്ന **ഭക്ഷ്യധാന്യസംഭരണ സമ്പ്രദായം** തുടരണമെന്നും പ്രസ്തുത കേന്ദ്രസർക്കാർ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

- വ്യാപാരത്തിന്റെ കാര്യത്തിൽ മാറുന്ന താരിഫുകൾ, കുത്തനെ ഇടിയുന്ന അന്താരാഷ്ട്ര വിലകളിൽനിന്നും, അമിതമായ ഇറക്കുമതി വർദ്ധനവിൽ നിന്നും കൃഷിക്കാരെ പരിരക്ഷിക്കാനായി വിനിയോഗിക്കാവുന്നതാണ്. ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ ഈ നടപടി സ്വീകാര്യമാണെന്ന് അഭിജിത്ത് കമ്മിറ്റി ശുപാർശ ചെയ്യുന്നുണ്ട്.

- ഇറക്കുമതിയുടെ അളവുകളുടെ നിയന്ത്രണം (QRS) വീണ്ടും ചുമത്തുമ്പോൾ അത് ഉപജീവനസുരക്ഷാ ബോക്സിന്റെ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് നടപ്പിലാക്കാവുന്നതാണ്. വാസ്തവത്തിൽ കാർഷിക ഉത്പന്നങ്ങളുടെ ഇറക്കുമതിമേലുള്ള അളവുപരമായ നിയന്ത്രണങ്ങൾ (QRS) പോലുള്ള നേരിട്ടുള്ള ഇറക്കുമതി നിയന്ത്രണ നടപടികൾ, ഭക്ഷ്യസുരക്ഷയും ഗ്രാമീണവികസനവും എന്ന ലക്ഷ്യം മുന്നിൽ വച്ചുകൊണ്ട് പിൻതുടരുകയാണ് വേണ്ടതെന്ന് കൃഷിയെ സംബന്ധിച്ച കരാറി(AOA)ന്റെ ഇപ്പോൾ നിലവിലിരിക്കുന്ന രൂപത്തിൽതന്നെ അനുവദനീയം ആണ് എന്ന് വാദിക്കപ്പെട്ടു വരുന്നുണ്ട്.

- ഉത്പാദനം വർദ്ധിപ്പിക്കുക, കർഷകർക്ക് സുസ്ഥിരമായ വരുമാനം ഉറപ്പാക്കുക എന്നിവയ്ക്കായി ഒട്ടനവധി നയപരമായ നടപടികൾ മുന്നോട്ടുവയ്ക്കാനുണ്ട്. ഇവയിൽ വിള ഇൻഷുറൻസ്, ഭാവനാപൂർണ്ണമായ നിരവധി ഗ്രാമീണവായ്പാ സംവിധാനങ്ങൾ, പുതിയ രൂപത്തിലുള്ള കാർഷിക വികസന സേവനപ്രവർത്തനങ്ങൾ, വിപണനം ചെയ്യുവാനുള്ള സൗകര്യങ്ങൾ, സംഭരണം, സംസ്കരണം, വിപണനത്തിനുള്ള (മാർക്കറ്റിംഗ്) സഹകരണസംഘങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നിങ്ങനെയുള്ള നടപടികൾ ഇതിൽ ഉൾപ്പെടുന്നവയാണ്.

- താഴെപ്പറയുന്ന വിഷയങ്ങളിൽ ഒരു ബഹു. ശിക്ഷണ (multi disciplinary) നയത്തിന്റെ അടിസ്ഥാനത്തിലുള്ള ഗവേഷണങ്ങൾ ആരംഭിക്കേണ്ടതുണ്ട്. a) കേരളത്തിലെ കൃഷി സജീവവും,

കാർഷികവ്യാപാരം ഊർജ്ജസ്വലവും ആക്കിത്തീക്കാൻ ആവശ്യമായ വിവിധങ്ങളായ ആഭ്യന്തര സഹായ നടപടികൾ ഏവ? b) അത്തരം നടപടികൾ ലോകവ്യാപാര സംഘടനയുടെ വ്യവസ്ഥകളു മായി പൊരുത്തപ്പെടുന്നവയാണോ? c) നാം സ്വീകരിക്കുന്ന നടപടികളെ WTO യുടെ കരാർ വ്യവ സ്ഥകൾക്ക് അനുയോജ്യമായി സ്ഥാപനവത്ക്കരിക്കുവാൻ ആവശ്യമായ അനുരജ്ഞന തന്ത്രങ്ങൾ എന്നിങ്ങനെ ആവിഷ്കരിക്കാം?

ഈ വിഷയങ്ങളിൽ ആണ് ഗവേഷണപരമായ പഠനം ആവശ്യമായി വന്നിരിക്കുന്നത്.

- നാളീകേരം, കശുവണ്ടി, റബ്ബർ, തേയില, കാപ്പി എന്നീ കേരളത്തിന്റെ എല്ലാ ദീർഘകാലവിളകളു ടേയും പുനർ നടീലിനും പുനരധിവാസത്തിനും, ഏതാണ്ട് 1 മുതൽ 15 വരെ വർഷകാലത്തിനകം മുഴുവൻ കൃഷിഭൂമിയും വിളകൾ കൊണ്ടുനിറയ്ക്കുക എന്നത് ലക്ഷ്യമാക്കി ഒരു ആസൂത്രിത ബൃഹ ത്പദ്ധതി ആവിഷ്കരിക്കുകയും, ഈ വിളകളുടെ പുനർജീവനത്തിനും, പുനരധിവാസത്തിനുമായി, കാർഷിക-ഗ്രാമീണ വികസന ദേശീയ ബാങ്ക് (NABARD), കേന്ദ്ര പച്ചക്കറി വികസന ബോർഡ് (NHDB), കമ്മോഡിറ്റി ബോർഡുകൾ, സംസ്ഥാന സർക്കാർ എന്നീ സ്ഥാപനങ്ങളുടെ സഹകരണ ത്തോടെ **ഒരു റിവോൾവിംഗ് ഫണ്ട്** രൂപീകരിക്കുകയും ചെയ്യുക.

## (iv) സമുദ്രോത്പന്നങ്ങളുടെ ആഭ്യന്തര കയറ്റുമതി വിപണികൾ വിപുലീകരിക്കുക

സമുദ്രോത്പന്ന മേഖലയിൽ താഴെപ്പറയുന്ന അടിയന്തിര നടപടികൾ നടപ്പിലാക്കേണ്ടതാണ്.

- ആഭ്യന്തരമായി ഉപഭോഗം ചെയ്യപ്പെടുന്ന മത്സ്യവിഭവങ്ങളുടെ **ഗുണനിലവാരത്തെപ്പറ്റി,** മത്സ്യബ ന്ധനം നടത്തുന്നവർ, മത്സ്യ വ്യാപാരികൾ, ഉപഭോക്താക്കൾ എന്നിവർക്കിടയിൽ **അവബോധം വളർത്താനുള്ള പ്രവർത്തനങ്ങൾ** നടത്തുക.
- സുസ്ഥിരമായി മത്സ്യസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കാനും, മാനേജ്മെന്റ് പരിപാടികൾ ശക്ത മാക്കുവാനും, **SCM എഗ്രിമെന്റിൽ കീഴിൽ ലഭ്യമാകുന്ന, എന്നാൽ അനുവദനീയമല്ല, തിരിക്കുന്ന** സഹായങ്ങൾ നൽകുവാനും ഉതകുന്ന വിധത്തിൽ, മത്സ്യമേഖലയിൽ നിലവിലുള്ള സബ്സിഡിക ളെപ്പറ്റി ബന്ധപ്പെട്ട എല്ലാവരേയും സംബന്ധിച്ച **സമഗ്രമായ ഒരു പഠനം** നടത്തുക.
- വിവേകപൂർവ്വവും, ഉചിതവുമായ തീരുമാനങ്ങൾ എടുക്കുവാൻ സഹായിക്കുന്ന ആധുനികവും, കാലികവുമായ **വസ്തുസ്ഥിതി വിവരണക്കണക്കു ശേഖരണത്തിന്** അടിത്തറ ഇടുവാൻ നടപടി സ്വീകരിക്കുക.
- യഥാർത്ഥ മത്സ്യബന്ധനത്തിലേർപ്പെടുന്നവർക്കും, സ്വന്തമായി ബോട്ടുകൾ ഉള്ളവർക്കും മാത്രം മത്സ്യബന്ധനത്തിനുള്ള അനുവാദം പരിമിതപ്പെടുത്തുന്നതിനായി സമുദ്രോൽപന്നമേഖലയിൽ പരി ഷ്കാരങ്ങൾ കൊണ്ടുവരിക.
- പരി:സ്ഥിതി സംരക്ഷണത്തിനും, സുസ്ഥിരമായ മാനേജ്മെന്റിനും ആവശ്യമായ നടപടികൾ സ്വീക രിക്കുക.
- പാരിസ്ഥിതിക മത്സ്യബന്ധനത്തേയും, **കുറഞ്ഞ ചിലവു വരുന്ന ബാഹ്യ ഇൻപുട്ടുകൾ കൊണ്ട് സുസ്ഥിരമായ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനെയും** കുറിച്ച് മത്സ്യവകുപ്പ് ഉദ്യോഗസ്ഥന്മാർക്ക് പുനർ പരിശീലനം നൽകുക.

താഴെപറയുന്ന വിളകളുമായി ബന്ധപ്പെട്ട-ഇറക്കുമതി-കയറ്റുമതികളുടെ അളവുപരമായ നിയന്ത്രണ ങ്ങൾ (QRS), മാറിമാറി വരുന്ന താരിഫുകൾ, സ്റ്റാറ്റ്യൂട്ടറിയായ ഏറ്റവും കുറഞ്ഞ താങ്ങുവില (MSP) പോലുള്ള പ്രശ്നങ്ങളിൽ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്ത്, സമീപനങ്ങൾ പുന:പരിശോ ധന ചെയ്യണമെന്ന് കമ്മിഷൻ നിർദ്ദേശിക്കുന്നു.

## (v) നാളീകേരം

നാളീകേരവിള കേരളത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗത്തിന്റേയും ഉപജീവനസുരക്ഷയ്ക്കും, ആഹാ രത്തിലെ പോഷകത്തിനും അനുപേക്ഷണീയമാണ്. **കഴിഞ്ഞ ഏതാനും വർഷങ്ങളായി വൻതോതിൽ പാം ഓയിലും, സോയാബീൻ എണ്ണയും ഇറക്കുമതി ചെയ്തുവരുന്നതിന്റെ ഫലമായി അസ്ഥിരമായ വിലനിലവാരം മൂലമുള്ള ബുദ്ധിമുട്ടുകളാണ് ഈ വിള അനുഭവിച്ചുവരുന്നത്.** ഇതുകൂടാതെ, വേരുചീ യലും, മണ്ഡരിപോലുള്ള രോഗങ്ങളും, കീടാണുബാധയും നാളീകേരത്തിന് നേരിടേണ്ടിവന്നു. അതിനാൽ കേരകർഷകർ മൂല്യവർദ്ധിത പ്രവർത്തനങ്ങളിലൂടെ അവരുടെ വരുമാനം വൈവിധ്യവത്ക്കരിക്കേണ്ടത് ആവ ശ്യമാണ്. ഈ ലക്ഷ്യത്തിനാവശ്യമായ, ഇപ്പോൾ ലഭ്യമായ സാങ്കേതികവിദ്യകളെപ്പറ്റി ഈ റിപ്പോർട്ടിന്റെ

രണ്ടാംഭാഗത്തിൽ കമ്മിഷൻ നിയമിച്ച ടാസ്ക് ഫോഴ്സിന്റെ ഉപദേശങ്ങൾ ചേർത്തിട്ടുള്ളതു കാണുക. **ചെറുകിട നാളീകേര ഉത്പാദകർക്ക് വിളവെടുത്തതിനുശേഷം ആവശ്യമായ സംസ്കരണം, പാക്കിംഗ്, വിപണി ലഭ്യത എന്നിവ സുകരമാക്കുവാൻ ചെറിയ തെങ്ങുതോട്ട ഉടമകളുടെ കൂട്ടായ്മകൾ രൂപീകരിക്കണമെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു.** വിളവെടുപ്പിനുശേഷമുള്ള സാങ്കേതികവിദ്യയുടെ പ്രയോഗത്തിൽ ഈ കൂട്ടായ്മ കേരകർഷകർക്ക് **അഡ്വാന്റേജ് ഓഫ് സ്കെയിലിൽ** ലഭ്യമാക്കും. അതേസമയം വളരെ പ്രധാനമായ കാര്യമാണ്, ഇറക്കുമതി ഡ്യൂട്ടിയുടെ പരിധി ബൗണ്ട് നിരക്കിന്റെ അത്രയെങ്കിലും ഉയർത്തുക എന്നത്. ഇതോടനുബന്ധിച്ച് നാളീകേരത്തിന്റെ ഉത്പാദനക്ഷമത മെച്ചപ്പെടുത്തേണ്ടത് അത്യാവശ്യമായതിനാൽ, അതിനായി വിപുലമായ തോതിൽ പ്രായംചെന്ന തെങ്ങുകൾ മുറിച്ചുമാറ്റി, തൽസ്ഥാനത്ത് സങ്കരയിനം തൈകൾ ഉൾപ്പെടെ, ഉത്പാദനക്ഷമത കൂടിയ മികച്ച ഇനം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുകയും അവയെ ശ്രദ്ധയോടെ മാനേജ് ചെയ്യുകയും വേണ്ടിയിരിക്കുന്നു. ഇങ്ങിനെയുള്ള ഉൽപാദനക്ഷമത വർദ്ധനവ് ഉണ്ടായില്ലെങ്കിൽ കൃഷിച്ചിലവുകൾ കൂടിയതായിതന്നെ തുടരുകയും, ആദായം താണിരിക്കുകയും ചെയ്യും.

### (vi)തോട്ടവിളകൾ

തോട്ടവിളകളുടെ കാര്യത്തിൽ ഭൂവിനിയോഗം, ഭൂപരിഷ്കരണം ഉൾപ്പെടെയുള്ള കാര്യങ്ങളും, പരി:സ്ഥിതി, കാലാവസ്ഥ, ഉത്പാദനവും ഉത്പാദനക്ഷമതയും, വ്യാപാരവും, വിപണിയും, നിക്ഷേപകസഹായം, നികുതി, നീതിന്യായ സ്ഥാപനങ്ങൾ, പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ, അവയുടെ ചുമതലകൾ എന്നിവ എല്ലാം കണക്കിലെടുത്തുകൊണ്ട് സമഗ്രമായ ഒരു നയത്തിനുള്ള ചട്ടക്കൂട് സംസ്ഥാനം വികസിപ്പിക്കേണ്ടതാണ്. **അപ്രകാരമുള്ള സമഗ്രവും, സംയോജിതവുമായ നയരൂപീകരണത്തിന്റെ രൂപരേഖ തയ്യാറാക്കുവാൻ ഒരു ഉന്നതതല വിദഗ്ദ്ധസമിതി രൂപീകരിക്കേണ്ടതാണ്.**

### (a) റബർ

റബറിന്റെ ആഭ്യന്തര കമ്പോളവില കുത്തനെ ഇടിയുവാനുള്ള മുഖ്യകാരണം, സ്വാഭാവിക റബറി (NR) ന്റെ ഇറക്കുമതിയിന്മേലുള്ള അളവുപരമായ നിയന്ത്രണങ്ങൾ (QRS) നീക്കം ചെയ്തതുതന്നെയാണ്. ചെറുകിട കർഷകരാണ് കേരളത്തിലെമ്പാടും റബർ കൃഷിചെയ്യുന്നത്. മോട്ടോർ വാഹന വ്യവസായത്തിന്റെ (കാർ, സ്കൂട്ടർ മുതലായവയുടെ) വികാസത്തിന്റെ ഫലമായി സ്വാഭാവിക റബറിന്റെ ആഭ്യന്തരമായ ഉപഭോഗം വർദ്ധിക്കുന്നതാണ്. അതുകൊണ്ട് കുറഞ്ഞത് **2015-ാം മാണ്ടുവരെയുള്ള ഈ രംഗത്തെ റബറിന്റെ ആവശ്യ(ഡിമാന്റ്)ത്തിന്റേയും സപ്ലൈയുടെയും വസ്തുനിഷ്ടമായ വിവരശേഖരണവും, പഠനവും വളരെ പ്രാധാന്യം അർഹിക്കുന്നു.** ഇതിന്റെ ഫലമായി ആഭ്യന്തര ഉത്പാദനത്തിലും, തിരഞ്ഞെടുത്ത അവശ്യറബർ ഉത്പന്നങ്ങളുടെ ഇറക്കുമതിയിലും ഒരു സന്തുലിത നയം സ്വീകരിക്കുവാനും, ചെറുകിട റബർ ഉത്പാദകരുടെ താൽപര്യങ്ങൾ ബലികഴിക്കാതെയുള്ള അവശ്യ റബർ ഇറക്കുമതി നടത്തുകയും ചെയ്യാൻ കഴിയുന്നതാണ്. **സ്വാഭാവിക റബറിന്റെ ഉത്പാദനം, വിപത്തുകൾ, റബർ ഇറക്കുമതിയും കയറ്റുമതിയും എന്നിവ സംബന്ധിച്ച് സമഗ്രവീക്ഷണമുള്ള ഒരു പദ്ധതിയ്ക്ക് രൂപം നൽകുവാനായി സ്വാഭാവിക റബറിന്റെ ഉത്പാദകരുടേയും, ഉപഭോക്താക്കളുടേയും പ്രതിനിധികൾ അടങ്ങുന്ന ഒരു വിദഗ്ധസമിതിയെ നിയോഗിക്കുവാൻ കേരളസർക്കാരിനോടും, റബർബോർഡിനോടും ഈ കമ്മിഷൻ ശുപാർശ ചെയ്യുന്നു.** ഇതിനുപുറമേ, കൃഷിയെ സംബന്ധിച്ച കരാറി (AOA) ന്റെ പരിധിയിൽ കൊണ്ടുവരുന്നതായ സന്ദർഭത്തിൽ റബറിനെ കാർഷികവിളകളുടെ പട്ടികയിൽ ചേർക്കേണ്ടത് അത്യാവശ്യമാണ്.

### (b) തേയില

1990കളുടെ ആദ്യമുണ്ടായ, മുൻസോവിയറ്റു യൂണിയന്റെ പതനത്തെ തുടർന്ന്, തേയിലയുടെ വില രൂപയിൽനിന്നും മാറി മറ്റു മൂല്യംകൂടിയ നാണയങ്ങളിൽ നിർണ്ണയിക്കുവാൻ തുടങ്ങിയതോടെയാണ് തേയില വ്യവസായത്തിലെ പ്രതിസന്ധി ആരംഭിക്കുന്നത്. കഴിഞ്ഞകാലങ്ങളിൽ തേയില വ്യവസായത്തിൽ ഗുണനിലവാരം, വൈവിധ്യവത്കരണം, മൂല്യവർദ്ധന എന്നിവയിൽ ആവശ്യമായ യാതൊരു ഊന്നലും നൽകിയിരുന്നില്ല. എങ്കിലും ഇന്നത്തെ കടുത്ത മത്സരാധിഷ്ഠിത വ്യാപാര സാഹചര്യങ്ങളിൽ ഇവയിലെല്ലാം വളരെ ശ്രദ്ധിക്കേണ്ടതായിരിക്കുന്നു. കേരളത്തിലെ തേയിലക്ക് ഗുണനിലവാരം കുറവായതിനാൽ ആഭ്യന്തരവിപണിയിൽതന്നെ വില കുറവാണ്. അതിനാൽ ഒരേസമയം ഉത്പാദനക്ഷമതയിലും, ഗുണനിലവാരത്തിലും വമ്പിച്ച പുരോഗതിയുണ്ടാക്കുന്നതോടൊപ്പം, ഇൻസ്റ്റന്റ് ചായ, ചായ സഞ്ചികൾ, ഔഷധത്തേയില പോലുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണത്തിലും, വിപണനത്തിലും ശക്തമായ ഊന്നൽ നൽകുന്നതിലാണ് തേയിലകൃഷിയുടേയും വ്യാപാരത്തിന്റേയും ഭാവി സ്ഥിതിചെയ്യുന്നത്.

## (c) കാപ്പി

കാപ്പിയുടെ കാര്യത്തിലും നാം ഉയർന്ന ഉത്പാദനക്ഷമതയിലും ഗുണനിലവാരത്തിലും വൈവിധ്യവത്ക്കരണത്തിലും ഊന്നൽ കൊടുക്കേണ്ടതായിട്ടുണ്ട്. കെനിയ, കൊളംബിയ, ബ്രസീൽ പോലുള്ള രാജ്യങ്ങളിൽനിന്നും അന്താരാഷ്ട്രമാർക്കറ്റിലേക്ക് വരുന്ന കാപ്പിയുടെ അളവിനനുസരിച്ചാണ്, കാപ്പിയുടെ അന്താരാഷ്ട്രവില കൂടുകയും കുറയുകയും ചെയ്യുന്നത്. വളരെ വേഗം അലിയുന്നതിനാൽ ഇൻസ്റ്റന്റ് കാപ്പിയുടെ നിർമ്മാണത്തിന് അനുയോജ്യമാണ് റോബസ്റ്റ. കാപ്പിച്ചെടിയിൽ കീടനാശിനികളുടെ പ്രയോഗം, ഉത്പാദനത്തിന്റെ അന്തിമഘട്ടത്തിലുള്ള കാപ്പിയിൽ ഒട്ടുംതന്നെ അവശേഷിക്കാത്ത വിധത്തിൽ ആയിരിക്കണം തയ്യാറാക്കേണ്ടത് ചെറുകിട കൃഷിക്കാർക്ക് കാപ്പിക്കുരു ഉണക്കുവാൻ വേണ്ട സൗകര്യങ്ങൾ സ്വയംസഹായ ഗ്രൂപ്പുകൾ നൽകേണ്ടതാണ്.

## (d) സുഗന്ധദ്രവ്യങ്ങളും, കുരുമുളകും

സുഗന്ധദ്രവ്യവിളകളുടെ കാര്യത്തിൽ മൂല്യവർദ്ധനയ്ക്ക് ധാരാളം സാദ്ധ്യതകളുണ്ട്. അവ നാം ശരിക്കും ചൂഷണം ചെയ്തിട്ടില്ല. കീടനാശിനിയുടെ അവശിഷ്ടങ്ങൾ കർശനമായും ഒഴിവാക്കണം. ഗുണനിലവാരവും, ബ്രാണ്ട് നാമവും വളരെ പ്രധാനമാണ്. ജൈവസുഗന്ധദ്രവ്യങ്ങളുടെ ഉത്പാദനവും, വിപണിയും വളരെ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്. **മലബാർ കുരുമുളക്** പോലുള്ള ഉത്പന്നങ്ങൾക്ക് ജിയോഗ്രാഫിക്കൽ ഇൻഡിക്കേഷൻ എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ തികച്ചും അംഗീകാരത്തിന് അർഹതയുണ്ട് എന്നതാണ് സത്യം. കുരുമുളകിന് പ്രത്യേകിച്ചും.

## e) വൻതോതിൽ ഉള്ള സംഭരണവും (പങ്കാളിത്തത്തോടു കൂടിയ) സപ്ലൈ മാനേജ്മെന്റും

തോട്ടവിളകളുടെ കാര്യത്തിൽ കേന്ദ്രസർക്കാരിന്റ ഗ്രാമീണ ഗോഡൗൺ പദ്ധതിയെ പരിഷ്കരിച്ച് വികസിപ്പിക്കുവാൻ കേന്ദ്ര വാണിജ്യ മന്ത്രാലയം മുൻകൈ എടുക്കേണ്ടതാണ്. ഏറ്റവും കുറഞ്ഞ വിലയ്ക്ക് ഉത്പന്നം വിൽക്കേണ്ടി വരുന്ന, അതായത് നഷ്ടവിലയ്ക്ക് വിറ്റഴിക്കേണ്ടസ്ഥിതിയും, ബാഹ്യശക്തികൾ വിലയിൽ ഇടപെടുന്നതും ഒഴിവാക്കാൻ ഗ്രാമീണ ഗോഡൗൺ സ്ഥാപിക്കുന്നത് സഹായകരമായിരിക്കും. ഈ സാഹചര്യങ്ങളിൽ അപ്രകാരമുള്ള ഒരു വ്യവസ്ഥ, സർക്കാരിൽ നിന്ന് അടിസ്ഥാനസൗകര്യങ്ങൾ കെട്ടിപ്പടുക്കുവാനുള്ള സഹായത്തോടെ ഏറ്റവും നന്നായി മാനേജ് ചെയ്യുവാൻ കർഷകസംഘടനകൾക്കും സഹകരണസംഘങ്ങൾക്കും കഴിയുന്നതാണ്.

## f) ഇറക്കുമതി ചെയ്ത ഉത്പന്നങ്ങളെ പിന്നീട് കയറ്റി അയയ്ക്കാനുള്ള അനുമതി ദുർവിനിയോഗം ചെയ്യുന്നത് തടയുക

ഇറക്കുമതി ചെയ്യപ്പെട്ട ഉത്പന്നം, മൂല്യവർദ്ധനയ്ക്കു ശേഷം കയറ്റുമതിചെയ്യാനുള്ള പ്രത്യേക അനുമതി പലപ്പോഴും ദുർവിനിയോഗം ചെയ്യപ്പെടുന്നുണ്ട്. ഇത് കേരളത്തിലെ തേയിലക്കൃഷിക്കാരുടെ താൽപര്യങ്ങൾക്ക് വളരെയേറെ ഹാനികരമാണ്. ഈ അനുമതിയുടെ നടപടിക്രമങ്ങൾ കേന്ദ്ര-സംസ്ഥാനസർക്കാരുകൾ സംയുക്തമായി ശ്രദ്ധയോടെ പുന:പരിശോധിക്കുകയും, അങ്ങിനെ ഏറ്റവും കുറഞ്ഞ മൂല്യവർദ്ധന, കുറഞ്ഞപക്ഷം, സാധാരണ ഇറക്കുമതി തീരുവയുടെ അത്രയെങ്കിലും ആക്കുകയും ചെയ്യണം. ഉദ്ദേശശുദ്ധിയോടെ അനുവാദം നൽകുന്ന ഒരു ആശയം, യാതൊരു തത്വദീക്ഷയുമില്ലാതെ തുരങ്കം വയ്ക്കപ്പെടുന്നു. മൂല്യവർദ്ധനയ്ക്കായിട്ടുള്ള ഇറക്കുമതിയേയും പുനർ കയറ്റുമതിയേയും സംബന്ധിച്ച് ഒരു പെരുമാറ്റച്ചട്ടത്തിന് രൂപം നൽകേണ്ടതിന്റെ ആവശ്യമുണ്ട്.

## g) കാർഷിക-കയറ്റുമതി മേഖലകൾ (Agri-Export Zones)

കമ്മിഷന്റെ ഇടക്കാല റിപ്പോർട്ടിൽ, യൂറോപ്യൻ കമ്മിഷന്റെ സഹായത്തോടെ ആറു കാർഷികോത്പന്ന മൊത്തവ്യാപാര വിപണികളെ കാർഷിക കയറ്റുമതി മേഖലകളാക്കി (Agri-- Export Zones) മാറ്റിയെടുക്കുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. ഇത് എത്രയും വേഗം നടപ്പിൽ വരുത്തണമെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു.

## (vii) ഔഷധ സസ്യങ്ങളും, ആയുർവേദവും

കേരളത്തിൽ വളരെയേറെ വികസനസാദ്ധ്യതകൾ ഉള്ള രണ്ടു മേഖലകൾ പ്രത്യേക പരാമർശം അർഹിക്കുന്നു. ഒന്നാമതായി, ഔഷധസസ്യങ്ങളും ആയുർവേദവും, രണ്ടാമതായി, വിനോദസഞ്ചാരം. ഇന്നോളം സംസ്ഥാനം ചൂഷണം ചെയ്തിട്ടില്ലാത്ത ഈ രണ്ടു മേഖലകളിലേയും വികസന സാദ്ധ്യതകൾ യാഥാർത്ഥ്യവത്കരിക്കുന്നതിന് ആവശ്യമായ ഏതാനും നടപടികൾ താഴെപറയുന്നു.

## ഭൗതിക സ്രോതസ്സുകളുടെ സംരക്ഷണവും, സുസ്ഥിരമായ ഉപയോഗവും

ഏറ്റവും മുൻഗണന നൽകേണ്ട നടപടിയാണ് ഔഷധസസ്യങ്ങളുടെ നാട്ടിനുള്ളിലും, പുറത്തുമുള്ള (*in site* and *ex site*) സംരക്ഷണവും, ശക്തിപ്പെടുത്തലും. വാണിജ്യപരമായ ഉപഭോഗമുള്ള സസ്യങ്ങൾക്ക് വർദ്ധിച്ച ആവശ്യകത ഉള്ളതിനാൽ അവയുടെ സീഡ്ബാങ്ക് (വിത്ത് ശേഖരണവും സൂക്ഷിപ്പും) സ്ഥാപിക്കുക. ചില ഔഷധ സസ്യങ്ങളുടെ സ്വാഭാവിക ജന്മസ്ഥലങ്ങളിൽ നിന്നും നേരിട്ടു സംഭരിക്കുന്നതുമൂലം ആ ഓഷധികൾക്ക് ലോകസസ്യസംരക്ഷണ യൂണിയന്റേയും (IUCN) ബോട്ടാണിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെയും റെഡ് ഡേറ്റാ ബുക്കുകളിൽ സ്ഥാനം പിടിക്കുവാൻ കഴിയുമെന്നും, അവയെ വംശനാശ ഭീഷണിയിൽ നിന്നും രക്ഷിക്കണമെന്നും കമ്മിഷൻ ശുപാർശ ചെയ്യുന്നു. ആയുർവേദ ഔഷധ നിർമ്മാതാക്കളുടെ ഉപയോഗത്തിനാവശ്യമായ സസ്യങ്ങൾ കൃഷിചെയ്യുന്നതിന് ആദിവാസി ഗ്രാമീണ കുടുംബങ്ങളുമായി കൂട്ടുചേർന്നു പ്രവർത്തിക്കാൻ അനുയോജ്യരായ നിർമ്മാതാക്കളുമായി കരാരിൽ ഏർപ്പെടുന്നത്, തീർച്ചയായും ഔഷധനിർമ്മാണത്തിനുള്ള അസംസ്കൃത സാധനങ്ങളുടെ സംഘടിത സ്രോതസ്സുകളെ വളർത്തി പോഷിപ്പിക്കുവാൻ വളരെ ഏറെ സഹായിക്കും. കേരള സർക്കാരിന്റെ ആദിവാസി-ഗോത്ര കുടുംബക്ഷേമ പരിപാടികളുടെ ഒരു സുപ്രധാനഘടകമായി ഈ പരിപാടിയെ സംയോജിപ്പിക്കാവുന്നതാണ്. വിപണി സുലഭമായിട്ടുള്ള ഔഷധസസ്യങ്ങൾ, ആവശ്യമില്ലെങ്കിൽ തിരിച്ചെടുക്കാമെന്നുള്ള വ്യവസ്ഥയിലും, കൃഷിചെയ്യാവുന്നതും ആണ്.

ആയുർവേദ ഔഷധങ്ങൾക്ക് വൈദ്യശാസ്ത്രപദ്ധതിയിൽ ഇന്ന് ലോകമെമ്പാടും സ്വീകാര്യത വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ, ഇന്ത്യയിലും, വിദേശത്തും ഓഷധികളുടെ ഡിമാന്റ് കുതിച്ചു കയറുകയാണ്. ആയുർവേദ മരുന്നുകൾ, സസ്യ ഔഷധങ്ങൾ, സൗന്ദര്യ സംവർദ്ധകപദാർത്ഥങ്ങൾ, ആരോഗ്യപരിപാലന ഉത്പന്നങ്ങൾ എന്നിവയുടെ നിർമ്മാണം നടത്തുന്ന ഇന്ത്യയിലെ വ്യവസായമേഖലയ്ക്ക് ആവശ്യമായ ഔഷധസസ്യങ്ങളുടെ 95% ത്തിൽ കൂടുതലും വനങ്ങളിൽ നിന്നാണ് സംഭരിച്ചു വരുന്നത്. കാടുകൾ വിവേചനാരഹിതമായി വെട്ടിത്തെളിക്കുന്നതും, അശാസ്ത്രീയമായ സസ്യഭാഗങ്ങളെ സ്വേദനം ചെയ്തും കയറ്റുമതിക്കായി ചൂഷണം ചെയ്യുന്നതും വിലയേറിയ ഔഷധസസ്യങ്ങളുടെ വംശനാശത്തിലേക്കാണ് നയിക്കുന്നത്. അതിനാൽ അടിയന്തിര പ്രാധാന്യമുള്ള ഔഷധച്ചെടികളുടെ, (മുൻഗണനാക്രമത്തിൽ) പ്രാഥമിക സ്രോതസ്സുകളെ സംരക്ഷിക്കുകയും, അവയുടെ നാട്ടിലും, പുറത്തുമുള്ള സംരക്ഷണവും പരിപാലനവും ഊർജ്ജിതപ്പെടുത്തേണ്ടതുമാണ്. ഓഷധികൾ വൻതോതിൽ കൃഷിചെയ്യുന്നതിൽ ആദിവാസി-ഗോത്ര കുടുംബങ്ങളേയും, സർക്കാരേതര സ്ഥാപനങ്ങളേയും, കർഷകരേയും, കോർപ്പറേറ്റ് സ്ഥാപനങ്ങളേയും, പങ്കാളികളാക്കേണ്ടതാണ്. അതിന് വ്യത്യസ്തതല സഹകരണ സംഘങ്ങൾ രൂപീകരിക്കണം. അവയിൽ ആയുർവേദ ഔഷധ നിർമ്മാതാക്കൾ, കർഷകർ, സർക്കാതേരസംഘടനകൾ, കൃഷിവിദഗ്ദർ, വർഷങ്ങളായി പച്ചമരുന്ന് സംഭരണജോലിയിലേർപ്പെട്ടിരിക്കുന്നവർ മുതലായവരുടെ പ്രതിനിധികൾ ഉണ്ടായിരിക്കണം. അത് ആവശ്യാധിഷ്ഠിത കൃഷിയെ മടക്കിവാങ്ങൽ സംവിധാനത്തോടുകൂടിയതുമാക്കിത്തീർക്കുന്നതിന് സഹായിക്കും. ഇത്തരം സഹകരണസംഘങ്ങൾ പച്ചമരുന്ന് കർഷകർക്ക് ശാസ്ത്രീയ വിജ്ഞാനം നൽകുന്നതിൽ പ്രത്യേകം ശ്രദ്ധിക്കുകയും ഗുണമേന്മയുള്ള നടീൽ വസ്തുകൾ നൽകുകയും നഴ്സറികൾ, ആരോഗ്യകരമായ വംശവർദ്ധനവിന് സീഡ്ബാങ്കുകൾ എന്നിവ സ്ഥാപിക്കുകയും വേണം. അതോടൊപ്പം ഔഷധനിർമ്മാണക്കമ്പനികൾക്ക് ആവശ്യമുള്ള സസ്യങ്ങളുടെ വിശദവിവരം സമാഹരിക്കുകയും , അവയിൽ നിന്നും ഉത്പാദിപ്പിക്കുന്ന ഔഷധങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്ന വിപണി ഉറപ്പാക്കുകയും വേണം.

## ആയൂർവേദത്തിന്റെ സംശുദ്ധിയും ആധികാരികതയും നിലനിർത്തുക

ആയൂർവേദ ഔഷധങ്ങളുടെ ഗുണനിലവാരനിയന്ത്രണവും, സാക്ഷ്യപ്പെടുത്തലും പ്രോത്സാഹിപ്പിക്കാൻ നടപടികൾ സ്വീകരിക്കണം. അവയുടെ ഗുണവും, വിപണനലേബലുകളിൽ അവകാശപ്പെടുന്ന ഗുണനിലവാരം ശാസ്ത്രീയമായി സാധുതയുള്ളതാണെന്ന് പരീക്ഷിക്കുവാനും, ഗുണമേന്മ ഉറപ്പാക്കുവാനും ആവശ്യമായ ഗവേഷണ പരിപാടി ആസൂത്രണം ചെയ്യണം. അങ്ങനെയായാൽ നവര പോലുള്ള ഔഷധമേന്മയുള്ള അരികൾക്ക് വിദേശവിപണികൾ ഉണ്ടാവുന്നതാണ്. ലേബലിൽ കാണിക്കുന്ന സവിശേഷഗുണങ്ങൾ അവയ്ക്ക് ഉണ്ടെന്ന് തീർച്ചപ്പെടുത്തേണ്ടതാവശ്യമാണ്. അതിന് ഫലപ്രദവും വിശ്വാസ്യതയുമുള്ള ഒരു **സാക്ഷ്യപ്പെടുത്തൽ ഏജൻസി** നിലവിൽ വരുകയും വേണം. അപ്പോൾ **'ദൈവത്തിന്റെ സ്വന്തം നാട്ടിന്റെ സസ്യഔഷധങ്ങൾ'** എന്ന വ്യാപാരനാമം തന്നെ അവയ്ക്ക് നൽകുവാനും കഴിയും.

### കൃഷിക്കാരുടെ സംഘടനകൾ

ഔഷധസസ്യങ്ങൾ കൃഷിചെയ്യുന്ന ചെറുകിട കർഷകർക്ക് ശക്തിശ്രേണിയിൽ (power scale) ഉയരുവാനും, നേട്ടങ്ങൾ ഉണ്ടാക്കുവാനും ഔഷധികർഷകസംഘടനകൾ രൂപീകരിക്കണം. ഏകദേശം 100 ഹെക്ടർ സ്ഥലത്ത് കൃഷിചെയ്യുന്നവരുടെ സ്വയംസഹായ മാതൃകയിലുള്ള സംഘങ്ങൾ ഔഷധസസ്യകർഷകർക്കിടയിൽ നിലവിൽ വരണം. കൃഷിമേഖലയിലും, വിപണിയിലും ശേഷിവർദ്ധിപ്പിക്കാനിത് സഹായകരമാവും. അത്തരം കർഷക സംഘങ്ങൾ ഔഷധസസ്യക്കൃഷിത്തോട്ടങ്ങൾ പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ ഔഷധക്കൃഷി, സംസ്കരണം, പാക്കേജ്, വിപണി എന്നിവയോട് ഔഷധസസ്യചികിത്സയും സംയോജിച്ചു പ്രവർത്തിക്കുന്നതിന്റെ ഫലമായി ഇരുഭാഗത്തിനും അത് ഗുണകരമായി തീരുന്നതാണ്.

### ഔഷധിസംരക്ഷണകേന്ദ്രങ്ങൾ (Herbal Sanctuaries)

ഔഷധസസ്യങ്ങൾ സമൃദ്ധമായുള്ള ഭൂപ്രദേശങ്ങൾ വികസിപ്പിച്ച്, ഓഷധിസംരക്ഷണ കേന്ദ്രങ്ങൾ ആക്കുകയാണെങ്കിൽ, അവ അതുല്യമായ ജൈവ സസ്യസമ്പത്തിനെ സംരക്ഷിച്ച്, വരുംതലമുറകൾക്കു പരിരക്ഷിക്കാൻ നമ്മുടെ പൈതൃകമായി കൈമാറാവുന്നതാണ്.

### ഔഷധ ജൈവ താഴ്വര (Herbal Valley)

കമ്പ്യൂട്ടർ സോഫ്റ്റ് വെയർ നിർമ്മിക്കുന്ന സിലിക്കോൺവാലിയുടെ മാതൃകയിൽ, കേരളത്തിലെ സൈലന്റ് വാലി, ജൈവ റിസർവ്വ് മേഖല മുതൽ വയനാടുവരെ വ്യാപിച്ചു കിടക്കുന്ന പ്രദേശത്ത് ഒരു ഓഷധിജൈവ താഴ്വര (ഹെർബൽ വാലി) വികസിപ്പിച്ചെടുക്കുന്നത് അഭികാമ്യമാണ്. ആ ഹെർബൽ വാലിയിൽ ജൈവസസ്യ സംബന്ധിയായ സോഫ്റ്റ് വെയർ നിർമ്മിക്കുവാനും, അങ്ങനെ ചലനാത്കമായൊരു ഔഷധസസ്യവ്യവസായത്തിന് അടിത്തറ ഇടുവാനും കഴിയുന്നതാണ്. വിത്തുകളും, തൈകളും, ടിഷ്യൂകൾച്ചർ സൗകര്യങ്ങൾ ഉൾപ്പെടെ, വമ്പിച്ച തോതിൽ ഉത്പാദിപ്പിക്കുവാനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുക എന്നീ കർത്തവ്യങ്ങളാണ് ഹെർബൽ വാലി ലക്ഷ്യമാക്കേണ്ടത്. ഈ ലക്ഷ്യം കൈവരിക്കാൻ ഈ മേഖലയിലെ വിദഗ്ദ്ധർ അടങ്ങിയതും, കേന്ദ്ര ഔഷധസസ്യബോർഡ്, ജൈവസ്രോതസ്സ് ബോർഡ്, നബാർഡ്,അപെഡ എന്നിവയുടെ പ്രതിനിധികൾ ഉൾപ്പെടുന്നതുമായ ഒരു പ്രോജക്ട് ഡിസൈൻ ടീം (പദ്ധതി ആസൂത്രണ സമിതി) രൂപീകരിക്കുവാനും, അങ്ങിനെ **ലോക ചരിത്രത്തിൽ ആദ്യമായി ഒരു ഹെർബർ വാലി സ്ഥാപിക്കുവാനുള്ള ബിസിനസ് പ്ലാൻ (കർമ്മ പരിപാടി) തയ്യാറാക്കുവാനും കമ്മിഷൻ കേരള സർക്കാരിനോട് നിർദ്ദേശിക്കുന്നു.**

### സസ്യവൈവിധ്യവും കർഷകരുടെ അവകാശങ്ങളും സംരക്ഷിക്കുവാനുള്ള ജൈവവൈവിധ്യ നിയമങ്ങൾ

നിലവിലുള്ള കേരളാ ജൈവ വൈവിദ്ധ്യബോർഡ് ശക്തമായ ഒരു ജനതികസാക്ഷരതാ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. കാരണം, അതുവഴി ജനിതക സ്രോതസ്സുകളുടെ പ്രാഥമിക സംരക്ഷകരായവർക്ക് അംഗീകാരവും, ബഹുമതിയും, പ്രതിഫലവും നൽകുവാൻ വ്യവസ്ഥകളുള്ളതും, സസ്യ വൈവിധ്യ സംരക്ഷണവും, കർഷകരുടെ അവകാശാധികാരങ്ങളും, സംബന്ധിച്ച് ഇന്ത്യൻ പാർലമെന്റിന്റെ ഇരുസഭകളും പാസ്സാക്കിയ ആക്ടിനെപ്പറ്റിയും, അവബോധം ഉണ്ടാക്കാൻ കഴിയുന്നതാണ്. ഈ ആക്ടിൽ ജൈവ സസ്യങ്ങളുടെ പ്രാഥമിക സംരക്ഷകരുടെ അറിവും, സമ്മതവും നേടണമെന്നും, ജൈവസസ്യങ്ങൾ വിനിയോഗിച്ച് ലാഭകരമായ പ്രവൃത്തികൾ ചെയ്യുന്നതിൽ അവരെ പങ്കാളികളാക്കണമെന്നും ഉള്ള വ്യവസ്ഥകൾ അടങ്ങിയിട്ടുണ്ട്. അതിനാൽ ജൈവവൈവിധ്യസംരക്ഷണത്തിലും വംശവർദ്ധനവിലും ഏർപ്പെട്ടിരിക്കുന്ന ആദിവാസി-ഗിരിവർഗ്ഗ-ഗ്രാമീണകുടുംബങ്ങൾക്കിടയിൽ ജനിതകവും, നിയമപരവുമായ സാക്ഷരത വ്യാപിപ്പിക്കാനായി കാൽനട നിയമ ഉപദേശകസംഘത്തെ നിയോഗിക്കേണ്ടതാണ്. ഇതിന്റെ ഫലമായി ജൈവസസ്യങ്ങൾ കടത്തിക്കൊണ്ടുപോകുന്നതിനെ തടയുവാനും, വിവിധ സസ്യ-ജന്തുജാലങ്ങൾക്കിടയിലുള്ള മൈത്രീപരമായ സഹവർത്തിത്വം പരസ്പരപൂരകമായ ജൈവപങ്കാളിത്തം എന്നിവയെപ്പറ്റി പ്രാഥമിക സംരക്ഷകർക്ക് അവബോധം ഉണ്ടാക്കുവാനും കഴിയുന്നതാണ്.

### വിനോദ സഞ്ചാരം (Tourism)

വിനോദസഞ്ചാര മേഖലയിൽ കേരളത്തിനുള്ള അതുല്യമായ നേട്ടങ്ങൾ പ്രസിദ്ധമാണ്. വളരെ ഊർജ്ജസ്വലമായ ആഭ്യന്തര-ആഗോള വിനോദസഞ്ചാര പരിപാടികൾ ആസൂത്രണം ചെയ്യുവാനും, സഞ്ചാരികളുടെ ആരോഗ്യം, ആത്മീയ പ്രബുദ്ധത, പാരിസ്ഥിതിക വിനോദസഞ്ചാരം എന്നിവയിൽ ആകർഷണീയ

മായ പരിപാടികൾ സംഘടിപ്പിക്കുവാനും സാദ്ധ്യതകൾ ഏറെയുള്ളതും, ശേഷിയുള്ളതുമായ ഇന്ത്യയിലെ ഏകസംസ്ഥാനമാണ് കേരളം. സഞ്ചാരികളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട വിനോദ സഞ്ചാരത്തിൽ ആയുർവേദചികിത്സാരീതികളും, ഔഷധങ്ങളും, ആത്മീയമായ ഉണർവ്വിനും ചാരിതാർത്ഥ്യ ത്തിനും ശബരിമല, ഗുരുവായൂർ, മലയാറ്റൂർ, കൊടുങ്ങല്ലൂരിലെ ചേരമാൻ പെരുമാൾ പള്ളിയും പോലുള്ള തീർത്ഥാടനകേന്ദ്രങ്ങളും, പ്രകൃതിരമണീയ ദൃശ്യങ്ങൾ കാഴ്ചവയ്ക്കുവാൻ വന്യമൃഗസംരക്ഷണകേന്ദ്രങ്ങളും (വൈൽഡ് ഗെയിം സാങ്ചറികളും), കടലോര സുഖവാസ സങ്കേതങ്ങളും സംസ്ഥാനത്തിന്റെ വരദാന മാണ്. എങ്കിലും ഈ ശക്തിസ്രോതസ്സുകളെ വേണ്ടത്ര വികസിപ്പിക്കുവാൻ സംസ്ഥാനത്തിനു കഴിഞ്ഞിട്ടില്ല. ഇതുകൂടാതെ നഗരവാസികളായ യുവജനങ്ങൾക്കും മറ്റും "കൃഷിപ്പാടങ്ങളിൽ ഒരു ഒഴിവുകാലം" (Holi-days on the farm) എന്ന ഒരു പരിപാടി ആവിഷ്കരിക്കുകയാണെങ്കിൽ നമ്മുടെ തോട്ടങ്ങളും, കുട്ടനാടൻ പാടശേഖരങ്ങളും കാണുവാനും, ഗ്രാമീണ കർഷകരുടെ പ്രവൃത്തികൾ നേരിട്ട് അനുഭവിച്ചറിയുവാനുമുള്ള അവസരങ്ങൾ ഒരുക്കുവാൻ നമുക്ക് കഴിയും. ഇത്തരം വിവിധ വിഭാഗത്തിലുള്ള വിനോദസഞ്ചാര പരിപാടി കൾ സജ്ജമാക്കുവാൻ വേണ്ട അടിസ്ഥാനസൗകര്യങ്ങൾ ഇനിയും ഏറെ വികസിപ്പിക്കുവാനുണ്ട്.

**വിനോദസഞ്ചാര മേഖലയിൽ വിപുലമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി ഒരു ബിസി നസ്സ് പ്ലാൻ തയ്യാറാക്കുവാൻ പ്രത്യേക വൈദഗ്ധ്യമുള്ളവരുടെ മൂന്നു ഗ്രൂപ്പുകളെ നിയോഗിക്കേണ്ട താണ്.**

നിർഭാഗ്യവശാൽ, ആയ്യൂർവേദത്തെ ആരോഗ്യപരമായ വിനോദസഞ്ചാരത്തെ പ്രോത്സാഹിപ്പിക്കുവാ നുള്ള ഒരു ഉപകരണമാക്കി ചൂഷണം ചെയ്യുവാൻ പല വ്യക്തികളും, സംഘടനകളും ശ്രമിക്കുന്നു. അവർ എളുപ്പത്തിൽ ധനസമ്പാദനം നടത്തുന്നതിൽ മാത്രം താൽപര്യമുള്ളവരാണ്. അല്ലാതെ അവർ ആയുർവേ ദത്തിന്റെ ദീർഘകാല യശസ്സ് കാത്തുസൂക്ഷിക്കുന്നവരല്ല എന്നു കാണേണ്ടതുണ്ട്. ഈ പ്രവണതയ്ക്ക് മൂക്ക് കയറിടേണ്ടതുണ്ട്. കേരളത്തിലെ ആയ്യുർവേദത്തിന്റെ അതുല്യമായ പൈതൃകവും, അതിന്റെ ഉന്നതമായ കീർത്തിയും നിലനിറുത്തുന്നതിന് ഇത്തരം പ്രവണതകൾ തടയപ്പെടേണ്ടതാണ്.

### (viii) മാധ്യമങ്ങളുടെ സുപ്രധാനമായ പങ്ക്

ലോകവ്യാപാര സംഘടനയെപ്പറ്റിയും, അതിന്റെ വിവിധ സ്വാധീനങ്ങളെപ്പറ്റിയും വേണ്ട വിവരങ്ങൾ പൊതുജനമദ്ധ്യത്തിൽ റിപ്പോർട്ട് ചെയ്യുവാനുള്ള ഒരു പ്രത്യേക ചുമതല നമ്മുടെ മാധ്യമങ്ങൾക്കുണ്ട്. പത്ര വായനയും, നാനാതരം സമകാലികങ്ങളും, മാധ്യമങ്ങളും വളരെ വ്യാപകമായി നിലവിലുള്ള സംസ്ഥാന മാണ് കേരളം. മാധ്യമങ്ങളുടെ കർത്തവ്യങ്ങൾക്ക് പ്രത്യേക പ്രാധാന്യമാണുള്ളത്. ജനജീവിതവും, ഉപജീ വനവുമായി ബന്ധപ്പെട്ട എല്ലാകാര്യങ്ങളിലും സംസ്ഥാന മാധ്യമങ്ങൾ ഇപ്പോഴും വളരെയധികം പ്രതിക രണ തൽപരതയോടെ ഇടപെട്ടുവരുന്നുണ്ട്. എന്നാൽ, സാധാരണഗതിയിൽ സർക്കാരിന്റേയോ, സ്വകാര്യ സ്ഥാപനങ്ങളുടേയോ പ്രാതിനിധ്യം വഹിക്കുമെന്ന പ്രതീക്ഷയ്ക്ക് വിപരീതമായി, ജനങ്ങൾക്കു ഗുണകര മായ വിധത്തിൽ നിരൂപണം ചെയ്യുന്ന ഒരു ഏജൻസിയായിട്ടുകൂടിയാണ് കമ്മിഷൻ മാധ്യമങ്ങളെ അംഗീക രിക്കുന്നത്. അതുകൂടാതെ ലോകവ്യാപാരസംഘടനയുടെ പല വ്യാപാരവ്യവസ്ഥകളും, സംസ്ഥാനത്തി ന്റേയും ജനസാമാന്യത്തിന്റേയും സുപ്രധാനമായ താൽപര്യങ്ങൾക്കെതിരെ ഉയർത്തുന്ന വെല്ലുവിളികളെ ഫലപ്രദമായി നേരിടുന്നതിനും, പരിഹാരം കാണുന്നതിനും ആവശ്യമായ തന്ത്രത്തിന്റെ ശക്തമായ ഒരു ഭാഗമായിട്ടുകൂടിയാണ് മാധ്യമങ്ങളെ ഈ കമ്മിഷൻ പ്രത്യാശയോടെ നോക്കിക്കാണുന്നത്.

അതിന്റെ പശ്ചാത്തലത്തിൽ നല്ല ഒരു ജന-മാധ്യമ-സർക്കാർ കൂട്ടായ്മയുള്ള പ്രവർത്തനസരണി സാദ്ധ്യ മാക്കാൻ ഏതാനും നടപടികൾ നിർദ്ദേശിക്കുന്നു.

- ഒന്നിലധികം ചുമതലകൾ നിർവ്വഹിക്കുവാനും, വിവിധ പ്രവർത്തനങ്ങളെ കൂട്ടിയിണക്കുവാനും **ഒരു WTO മാധ്യമസെൽ** രൂപീകരിക്കുക. ദൈനംദിന മാധ്യമബന്ധങ്ങൾ കൈകാര്യം ചെയ്യുന്നതിനു പുറമേ, ലോകവ്യാപാരസംഘടനയേയും, കേരളത്തേയും സംബന്ധിച്ച വിവരങ്ങളുടെ **ഒരു ക്ലിയ റിംഗ് ഹൗസായും** ഈ സെൽ പ്രവർത്തിക്കേണ്ടതാണ്. കൽപിത സർവ്വകലാശാലയും, അനു ബന്ധ വകുപ്പുകളും മന്ത്രാലയങ്ങളും ഈ മീഡിയാ സെല്ലിന് വിവരങ്ങൾ യഥാസമയം ലഭ്യമാക്കു കയും താൽപര്യമുള്ള മാധ്യമങ്ങൾക്ക് ആ വിവരങ്ങൾ മീഡിയാസെൽ വിശദാംശങ്ങളോടെ നൽകു കയും, അവയൊക്കെതന്നെ ഓരോ വെബ്സൈറ്റുകളിൽ നൽകുകയും ചെയ്യാവുന്നതാണ്.
- പൊതുജനമാധ്യമങ്ങൾക്ക് ലഘുവിവരണങ്ങൾ നൽകുവാനും, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങ ളിൽ പതിവായി ലഘുവിവരണ സമ്മേളനങ്ങൾ സംഘടിപ്പിക്കുവാനും അത്തരം ജനസമ്പർക്കപരി

പാടികളിൽ സർക്കാർ ഉദ്യോഗസ്ഥന്മാരുടേയോ, വിദഗ്ധന്മാരുടേയോ വിമർശനങ്ങളും അഭിമുഖ സംഭാഷണങ്ങളും ചോദ്യോത്തരപരമ്പരകളും മറ്റും സംഘടിപ്പിക്കുവാനും മീഡിയാസെൽ തയ്യാറാവണം. കൂടാതെ ഇത്രമാത്രം നൂതനവും, പുരോഗമനപരവുമായ വാർത്താവിനിമയ ചാനലുകൾ പ്രചാരത്തിലിരിക്കുന്ന ഒരു സംസ്ഥാനത്ത്, വൈവിധ്യമുള്ള അനേകം സങ്കേതങ്ങളിലൂടെ എഴുത്തുകാരുടേയും, മാധ്യമപ്രവർത്തകരുടേയും, പ്രസിദ്ധീകരണങ്ങളുടേയും ഒരു വൻനിരയ്ക്കുതന്നെ യഥാകാലം വിവരങ്ങൾ അറിയിക്കുവാൻ ഇത്തരം ഒരു മീഡിയാസെല്ലിനു കഴിയുന്നതാണ്.

- അനതിദീർഘമായ കാലയളവിനുള്ളിൽ, WTO യേയും സംസ്ഥാനത്തേയും സംബന്ധിച്ച് പഠിച്ച് എഴുതാൻ കഴിയുന്ന പ്രഗത്ഭരായ ഒരു വിഭാഗത്തെ പരിശീലനത്തിലൂടെ സൃഷ്ടിക്കുവാൻ കഴിയും. അങ്ങിനെ WTO യുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെപ്പറ്റിയും, അവയുടെ ആഗോളവും, ദേശീയവും, പ്രാദേശികവുമായ മാനങ്ങളെപ്പറ്റിയും ശക്തമായും, വിവരസമ്പുഷ്ടതയോടും, ആധികാരികതയോടെയും എഴുതാൻ കഴിയുന്നവരുടെ ഒരു വേദിയായി പ്രസ്തുത മീഡിയാസെല്ലിനെ വികസിപ്പിക്കുവാനും സാധിക്കും.

- അതോടൊപ്പം ലോകവ്യാപാരസംഘടനയെക്കുറിച്ചുള്ള പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ, ആനുകാലികങ്ങൾ, വാർത്താപത്രങ്ങൾ, റിപ്പോർട്ടുകൾ എന്നിവയ്ക്ക് ആധികാരിതയും വിശ്വാസ്യതയും ഉള്ളതുമായ രേഖകളും, സ്ഥിതിവിവരങ്ങളും, സ്ഥിതിവിവരക്കണക്കുകളും സമാഹരിച്ച് അനുക്രമം പ്രസിദ്ധീകരണത്തിന് നൽകുവാനും ഈ മീഡിയാസെല്ലിനെ പ്രാപ്തമാക്കേണ്ടതാണ്.

ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ദോഹാ വട്ടചർച്ചാനന്തര അനുരഞ്ജനങ്ങളെക്കുറിച്ച് വിശ്വസ്തമായ വിവരങ്ങൾ പൊതുജനങ്ങൾക്കും, മാധ്യമങ്ങൾക്കും എത്തിച്ചുകൊടുക്കുവാൻ, മുമ്പ് പറഞ്ഞ ലക്ഷ്യങ്ങളോടുകൂടിയ, മീഡിയാ സെല്ല് രൂപീകരിക്കാൻ സർക്കാർ സത്വര നടപടി സ്വീകരിക്കണമെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു.

### (ix) പൊതുശുചിത്വ വിള-സസ്യ ശുചിത്വ മാനദണ്ഡങ്ങൾ (സാനിട്ടറി-ഫൈറ്റോസാനിട്ടറി മെഷേഴ്സ്) (SPS)

**കാർഷിക വിളകളുടെ ശുചിത്വ (സാനിട്ടറി) നിലവാരത്തിൽ അന്താരാഷ്ട്ര മാനദണ്ഡങ്ങൾ നിശ്ചയിക്കുമ്പോൾ,അത്തരം നടപടികളിൽ കേരളസർക്കാരും, കേന്ദ്രസർക്കാരും വളരെ സജീവമായി പങ്കെടുക്കേണ്ടതുണ്ട്.** അല്ലാത്തപക്ഷം നിർണ്ണയിക്കപ്പെടുന്ന മാനദണ്ഡങ്ങൾ നമ്മുടെ കയറ്റുമതിയെ പ്രതികൂലമായി ബാധിക്കും. അതിനാൽ താഴെപ്പറയുന്ന നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

- വിളവെടുപ്പിനുശേഷമുള്ള അടിസ്ഥാന സൗകര്യങ്ങൾ ശക്തമാക്കുക.
- ഭക്ഷ്യധാന്യങ്ങൾ സംസ്കരിക്കുന്ന സാഹചര്യങ്ങളുടേയും, പാൽ, മാംസം എന്നിവയ്ക്കായി വളർത്തുന്ന മൃഗങ്ങളുടേയും ശുചിത്വം മെച്ചപ്പെടുത്തുക.
- സാംക്രമിക രോഗബാധിതരായ മൃഗങ്ങളെ മാറ്റിപാർപ്പിക്കുന്ന നടപടികൾ നടപ്പിലാക്കുന്ന സംസ്ഥാന സർക്കാർ സ്ഥാപനങ്ങളുടെ കാര്യക്ഷമതയും, സൗകര്യങ്ങളും ശക്തമാക്കുകയും, ഭക്ഷ്യാഹാരസുരക്ഷയ്ക്കായി അന്താരാഷ്ട്രതലത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള **കോഡക്സ് എലിമെന്റേറിയസ്** എന്ന ഭക്ഷ്യസസ്യാദികളുടെ ശുചിത്വപരമായ മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ നാമും ജാഗരൂകരാവണം.
- സംസ്ഥാനത്ത് **ഗുണനിലവാര സാക്ഷരതാ** പരിപാടികൾ ആരംഭിക്കുകയും ഓരോ ഗ്രാമപഞ്ചായത്തിലും കുറഞ്ഞത് 2 പുരുഷന്മാർക്കും 2 സ്ത്രീകൾക്കും വീതം പരിശീലനം നൽകി അവരെ ശുചിത്വഗുണനിലവാര നിയന്ത്രകർ (Quality Managers) ആയി നിയോഗിക്കുക.

### (x) കാർഷിക വ്യാപാര നിക്ഷേപകസംരംഭകരുടെ പ്രവർത്തനം കൂടുതൽ സുകരവും സുഗമവും ആക്കാൻ സേവനങ്ങൾ

വിദ്യാസമ്പന്നരായ കേരളത്തിലെ സ്ത്രീപുരുഷന്മാർക്ക് ആദായകരവും, ഉത്പാദനപരവുമായ പലതരം സ്വയം-തൊഴിലുകളിൽ ഏർപ്പെടുന്നതിന് ഇന്നത്തെ പ്രത്യേക സാഹചര്യങ്ങളിൽ ലഭിക്കുന്ന അവസരങ്ങളെപ്പറ്റി പ്രയോജനപ്രദവും സമഗ്രവുമായ വിവരങ്ങൾ നൽകുന്നതിന് ഓരോ ജില്ലയിലും **ഒരു ഏക കേന്ദ്രം (one-stop) വിവരവിനിമയ കേന്ദ്രം** സ്ഥാപിക്കുക. സസ്യൗഷധ ചികിത്സാ കേന്ദ്രങ്ങൾ, കാർഷിക ക്ലിനിക്കുകൾ, കാർഷിക ബിസിനസ്സ് കേന്ദ്രങ്ങൾ, ഭക്ഷണശാലകൾ, കാലാവസ്ഥാപരിസ്ഥിതി വിവരണ

കേന്ദ്രങ്ങൾ, കാർഷികോല്പന്ന കയറ്റുമതി പ്രോത്സാഹനകേന്ദ്രങ്ങൾ എന്നീ മേഖലകളിൽ മുതൽമുടക്കുവാൻ അഭ്യസ്തവിദ്യരെ സന്നദ്ധരാക്കുകയും, അവരുടെ സംരംഭങ്ങൾക്കാവശ്യമായ സാങ്കേതികവിവരങ്ങളും മറ്റ് അനുബന്ധസൗകര്യങ്ങളും ചെയ്തുകൊടുത്ത് സഹായിക്കുവാൻ വേണ്ടത്ര സേവനകേന്ദ്രങ്ങൾ തയ്യാറാക്കേണ്ടതാണ്. വ്യാപാരസംരംഭക സഹായകേന്ദ്രങ്ങൾ (Trade Enterpreneurship facilitation service centres) TEFSC, സർവ്വകലാശാലകൾ അല്ലെങ്കിൽ മറ്റ് അനുബന്ധ സ്ഥാപനങ്ങളെ കേന്ദ്രമാക്കി വേണം സ്ഥാപിക്കുവാൻ. "നല്ല ബിസിനസ്സിന്, നല്ല പരിതസ്ഥിതി" എന്ന പരികൽപന പ്രോത്സാഹിപ്പിക്കുവാൻ പാരിസ്ഥിതിക നിക്ഷേപക സംരംഭക പരിശീലന കേന്ദ്രവും സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. ഇതുകൂടാതെ ചെറുകിട കാർഷിക വ്യാപാരവ്യവസായങ്ങളിൽ മുതൽമുടക്കാൻ മുന്നോട്ടുവരുന്നവർക്ക് വായ്പാ-ഗ്രാന്റ് എന്നീ ധന സഹായ (Venture Capital) സൗകര്യങ്ങൾ നൽകുന്നതും ആവശ്യമാണ്. പുനഃസംഘടിപ്പിക്കപ്പെട്ട ചെറുകിട കർഷകരുടെ ഒരു കാർഷിക ബിസിനസ്സ് കൺസോഷ്യത്തിന് ഇപ്രകാരമുള്ള ഏകലക്ഷ്യകേന്ദ്ര സേവന പ്രവർത്തനം സുകരമാക്കുവാൻ, ഒരു പക്ഷേ, കേന്ദ്ര സ്മാൾ ഫാർമേഴ്സ് അഗ്രി-ബിസിനസ്സ് കൺസോഷ്യത്തിന്റെ (Central SFAC) സഹായത്തോടെ, കഴിയുന്നതായിരിക്കും.

## (xi) കാർഷികവ്യാപാരവും വനിതകളും

കശുവണ്ടി, കയർ, ചെമ്മീൻ (മത്സ്യമേഖല), തേയില, കാപ്പി മുതലായവയുടെ കയറ്റുമതി-വ്യവസായ-മേഖലകളിൽ സംസ്ഥാനത്തെ വനിതകൾ വളരെ പ്രധാനപ്പെട്ട പങ്കാണ് വഹിക്കുന്നത്. അവർക്കാവശ്യമായ വിജ്ഞാനവും, വൈദഗ്ധ്യവും, കൂടുതൽ അധികാരവും, നൽകുന്നതിലും അവരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിലും പ്രത്യേക ശ്രദ്ധ പതിപ്പിക്കണം. അങ്ങിനെ അവരുടെ കാർഷിക-വ്യാപാര-വ്യവസായ-പങ്കാളിത്തം വളർത്തിയെടുക്കേണ്ടത് ഇന്നാവശ്യമായിരിക്കുന്നു. കാർഷിക വ്യാപാരത്തിനായുള്ള കൽപിത സർവ്വകലാശാലയുമായി ബന്ധപ്പെട്ട പരിപാടികളിൽ അവർക്ക് മുഖ്യമായ പങ്ക് നിർവ്വഹിക്കുവാൻ കഴിയും. എന്നാൽ അതേസമയം വനിതകൾക്ക് കശുവണ്ടി തല്ലുക, ചെമ്മീനിന്റെ തോടുരിക്കുക, കയർപിരിക്കുക പോലുള്ള ചില പ്രത്യേകതരം തൊഴിലുകളിൽ നിന്നും ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളിൽ സർക്കാരിന്റെ അടിയന്തിരശ്രദ്ധ പതിയേണ്ടതാണ്. കാർഷികവൃത്തിയിൽ ഏർപ്പെടുന്ന വനിതകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ നേരിട്ട് പരിഹാരം കാണുന്നതിന് (അവരുടെ നിയമാനുസൃത അവകാശങ്ങൾ സംയോജിതമായി സംരക്ഷിക്കുന്നത് ഉൾപ്പെടെ) കേരള കാർഷിക സർവ്വകലാശാല രൂപീകരിച്ചിട്ടുള്ള ലിംഗപരമായ അസമത്വ (കാർഷികമേഖലയിലെ) ത്തിന്റെ പ്രശ്നങ്ങൾ പരിഗണിക്കുന്ന കേന്ദ്രം (Centre for gender concern in Agriculture), ഇന്ത്യൻ കൗൺസിൽ ഫോർ അഗ്രികൾചറൽ റിസേർച്ചിന്റെ (ICAR) കീഴിലുള്ള ദേശീയ കാർഷിക-സാങ്കേതിക പദ്ധതി (National Agricultural Technology Project-NATP) യുടെ സഹായത്തോടെ ശക്തിപ്പെടുത്തുവാൻ കഴിയുന്നതാണ്.

## (xii) സംസ്ഥാനത്തെ ഭൂവിനിയോഗ ബോർഡിന്റെ പുനഃസംഘടന

കർഷകകുടുംബങ്ങൾക്ക് അവരുടെ ഉത്പാദനവും, വിപണിയിലെ ഉപഭോക്താക്കളുടെ ഡിമാന്റിൽ സാദ്ധ്യതകളും തമ്മിൽ എങ്ങിനെ പൊരുത്തപ്പെടുത്തണമെന്ന കാര്യത്തിൽ പ്രവർത്തനക്ഷമമായ ഉപദേശങ്ങൾ നൽകേണ്ടതിന്റെ ആവശ്യമുണ്ട്. ദീർഘകാല വിളകളുടെ കാര്യത്തിലുള്ള ഭൂവിനിയോഗത്തിൽ തുടരെ തുടരെ വ്യതിയാനങ്ങൾ വരുത്തുവാൻ പരിമിതികളുണ്ട്. ഏതായാലും കാർഷികവിളകളുടേയും, ഔഷധ സസ്യങ്ങളുടേയും കൃഷിക്കു ഉപയുക്തമായ ഭൂമിയുടെ വിനിയോഗത്തിൽ വിദഗ്ധരുടെ ഉപദേശം വേണ്ടതാണ്. ഈ ഉദ്ദേശത്തിനായി നിലവിലുള്ള സംസ്ഥാന ഭൂവിനിയോഗബോർഡ് പുനഃസംഘടിപ്പിക്കുകയും അതിനെ പുനരുജ്ജീവിപ്പിക്കുകയും വേണം. തെക്കുപടിഞ്ഞാറൻ, വടക്കുകിഴക്കൻ മൺസൂൺ കാലങ്ങളിൽ കർഷകകുടുംബങ്ങൾ ഭൂമി ഉപയോഗിക്കേണ്ടത് എപ്രകാരമായിരിക്കണം എന്ന് അവരെ ബോധവാന്മാരാക്കുന്നതിന് ആവശ്യമായ പ്രായോഗികമായ ഉപദേശം നൽകുവാൻ പ്രാപ്തമായ വിധത്തിലാവണം ഭൂവിനിയോഗ ബോർഡിന്റെ പുനഃസംഘടന. താഴെ നിർദ്ദേശിക്കുന്ന ഘടകങ്ങളുടെ അടിസ്ഥാനത്തിലാവണം ബോർഡിന്റെ പുനഃസംഘടന.

- കൃഷിസമ്പ്രദായങ്ങൾക്ക് (വിളകൾ, മൃഗസമ്പത്ത്, മത്സ്യം, കാർഷിക വനവിഭവം) ഓരോന്നിനും, ഓരോ തരം മണ്ണ്, വെള്ളം, ഭൂപ്രകൃതി, കാലാവസ്ഥ എന്നിവ ഉണ്ടെങ്കിൽ മാത്രമേ ശരിക്കുള്ള കാര്യക്ഷമത ഉണ്ടാവൂ.
- ചെറുതും, ഇടത്തരവും ആയ വ്യാപ്തിയുള്ള കാലാവസ്ഥാ നിരീക്ഷണങ്ങൾ (ഈ മേഖലയിൽ ഇന്ത്യ ഗണ്യമായ ശേഷി വികസിപ്പിച്ചിട്ടുണ്ട്) നടത്തുക,

- രണ്ടു വിപണികളും – ആഭ്യന്തര വിദേശ വിപണികളിലും ഊന്നൽ നൽകുക.
- കാർഷിക ഉൽപാദനച്ചെലവ് ഗണ്യമായി കുറയ്ക്കുക, പ്രതീക്ഷിക്കുന്ന പ്രതിഫലം ലഭിക്കാതിരിക്കുന്ന അപകടഘട്ടം തരണം ചെയ്യുക.
- പാടകൃഷിഭൂമിയിലും, മറ്റു കരകൃഷിഭൂമിയിലും പണി ചെയ്യുന്നവർക്ക് ഉപജീവനമാർഗ്ഗം കിട്ടുന്നതിനും, തൊഴിൽ ലഭിക്കുന്നതിനും ഒരു ചെറിയ തുണ്ടുഭൂമിയിൽ നിന്നും കുറഞ്ഞ വിനിയോഗത്തിൽ നിന്നുപോലും കാർഷിക വരുമാനം ഉണ്ടാക്കാനുള്ള സാഹചര്യം സൃഷ്ടിക്കുക.

വിതയ്ക്കുമുമ്പ് കുറഞ്ഞത് ഏതാനും ആഴ്ചകൾക്ക് മുമ്പ് എങ്കിലും ഇത്തരം കാർഷിക ഉപദേശം നൽകുകയാണെങ്കിൽ ഉത്പാദനവും, വിപണിയിലെ ഡിമാന്റും തമ്മിൽ കുറച്ചേറെ പൊരുത്തപ്പെടുത്തി മുന്നോട്ടു പോകുവാൻ കർഷകർക്ക് പ്രയാസമുണ്ടാവില്ല. ഗുണപരമല്ലാത്ത വിപണി ഇടപെടൽ (Market interference) തന്മൂലം ഒഴിവാക്കാനും കഴിയും. അങ്ങനെ വരുമ്പോൾ, ഓരോ ഗ്രാമത്തിലേയും കാർഷിക–പാരിസ്ഥിതിക സാദ്ധ്യതകളെ ഭൂശാസ്ത്രപരമായും, സാമ്പത്തികമായും പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്. പ്രാദേശിക തലത്തിൽ ഇടവിളകളുടെ (alternative crips) വിത്തും, തൈകളും ലഭ്യമാക്കുന്നതിന് “സീഡുബാങ്കുകൾ” സ്ഥാപിക്കേണ്ടതാണ്.

പുനഃസംഘടിപ്പിക്കപ്പെട്ട ഭൂവിനിയോഗ ബോർഡ് കരുതൽ വിള മാതൃകകൾ (contingency cropping pattern), വ്യത്യസ്ത തോതിലുള്ള മഴവീഴ്ചക്ക് ജലലഭ്യതയുടെ ഏറ്റക്കുറവിന് വീതം അനുയോജ്യമായ കൃഷിരീതികൾ വികസിപ്പിച്ചെടുക്കുവാൻ കഴിവ് ആർജ്ജിക്കേണ്ടതാണ്. ഇന്ത്യൻ കാലാവസ്ഥാ നിരീക്ഷണ വകുപ്പിന്റെ ദീർഘകാല കാലാവസ്ഥാ സ്ഥിതിവിവരക്കണക്കിന് നന്ദി; കാരണം, മൺസൂണിന്റെ സ്വഭാവത്തിൽ വരുന്ന വ്യതിയാനങ്ങളുടെ മാതൃകകൾ അനുകരിച്ച്, വരാവുന്നതായ മാറ്റങ്ങൾ അറിയുവാനുള്ള വഴി ഇപ്പോൾ കമ്പ്യൂട്ടർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതുപയോഗിച്ച് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ സോയിൽ ഭൂപടത്തിന്റെ അടിസ്ഥാനത്തിൽ, ഭൂമിയുടെ ഉപയോഗക്ഷമതയെ സംബന്ധിച്ച ഉപദേശം കർഷകർക്ക് നൽകുവാൻ സാധിക്കും. മണ്ണിന്റെ ഈർപ്പം നിലനിറുത്താനുള്ള ശേഷിയും, വിളകളുടെ ജൈവപരമായ കാര്യക്ഷമതയും, ആഭ്യന്തര ആവശ്യവും, വിപണിയിലെ ഡിമാന്റും കൂടി ഭൂവിനിയോഗ ബോർഡ് പരിഗണിക്കേണ്ടതാണ്.

പാരിസ്ഥിതികമായ സുസ്ഥിരതയും, സ്ഥായിയായ സാമ്പത്തികലാഭവും ഒരേസമയം കണക്കിലെടുക്കുന്ന ഒരു ഭൂവിനിയോഗ രീതിയാണ് നാം പ്രോത്സാഹിപ്പിക്കേണ്ടത്. ഭൂമി എങ്ങിനെ വിനിയോഗിക്കണമെന്ന തീരുമാനം തന്നെയാണ് ഏറെക്കുറെ ജലവിനിയോഗത്തിന്റെ തീരുമാനവും എന്നതിനാൽ ഭൂമിയുടേയും, ജലത്തിന്റേയും സംരക്ഷണവും മെച്ചപ്പെട്ട രീതിയിൽ കൈകാര്യം ചെയ്യണമെങ്കിൽ, രണ്ടും ഒരേസമയം പാരസ്പര്യ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക തന്നെ വേണ്ടിയിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ കൽപിത സർവ്വകലാശാലയും, സംസ്ഥാന ഭൂവിനിയോഗബോർഡും അവയുടെ പരസ്പര ബന്ധങ്ങളെ ഘടനാപരമായിതന്നെ കോർത്തിണക്കേണ്ടതാണ്. എന്തായിരുന്നാലും പുനഃസംഘടിപ്പിക്കപ്പെടുന്ന ഭൂവിനിയോഗ ബോർഡിന് ദീർഘകാലവിളകളേയും, വിശിഷ്യാ ഇടവിളകളേയും കുറിച്ച് കേരളത്തിലെ കർഷകർക്ക് യഥാസമയം വേണ്ട പൊതു ഉപദേശങ്ങൾ നൽകുവാൻ കഴിയണം. വാർഷിക വിളകളിലൂടെ കർഷകർക്ക് കൂടുതൽ വിപണി ലഭിക്കുവാൻ ഋതുക്കൾ, കാർഷിക പാരിസ്ഥിതി കാര്യങ്ങൾ എന്നിവ സംബന്ധിച്ച പ്രത്യേക വിദഗ്ധ ഉപദേശങ്ങൾ നൽകുവാനും ഭൂവിനിയോഗ ബോർഡിന് സാധിക്കണം.

### (xiii) ജൈവകൃഷി

ജൈവ ഉൽപന്നങ്ങളുടെ സർട്ടിഫിക്കേഷന്റെ ചുമതല ഏറ്റെടുക്കുവാൻ ആധികാരികതയുള്ള ഒരു ദേശീയ ജൈവ–കാർഷിക ഇൻസ്റ്റിട്യൂട്ട് സ്ഥാപിക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ട്. ജൈവ സുഗന്ധദ്രവ്യങ്ങൾ, തേയില, കൈതച്ചക്ക, നേന്ത്രപ്പഴം, ഔഷധസസ്യങ്ങൾ തുടങ്ങിയ കാർഷികവിഭവങ്ങളുടെ ഉത്പാദനത്തിലും, വിപണനത്തിലും ഭാരതത്തിൽ നേതൃപദവിയുള്ള സംസ്ഥാനമാണ് കേരളം. അതുപോലെ തന്നെ, എയ്ഡ്സ് എന്ന ഭീതിതമായ രോഗത്തിന്റെ അപകടത്തിനെതിരേ പോരാടാൻ ഉപകരിക്കുന്ന ഉറകൾ നിർമ്മിക്കുന്നതിന് ആവശ്യമായ ജൈവ റബറിന്റെ ഉൽപാദനച്ചുമതലയും ഏറ്റെടുത്തിട്ടുള്ളത് കേരളം ആണ്. **അതിനാൽ ജൈവകൃഷിയുടെ സാക്ഷ്യപ്പെടുത്തലിനുള്ള ഏജൻസിയായി തീരുമാനിക്കപ്പെട്ടിരിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഓർഗാനിക്ക് ഫാമിംഗ് സ്ഥാപിക്കുവാൻ സർവ്വഥാ മാതൃകാപരമായ ആസ്ഥാനം കേരളം തന്നെയാണ്.**

പാലക്കാട് ജില്ലയിൽ തിരുവഴാംകുന്നിലുള്ള കേരള കാർഷിക സർവ്വകലാശാലയുടെ അധീനതയിലുള്ള 200 ഹെക്ടർ ഭൂമി ഈ സ്ഥാപനത്തിന് മാതൃകാപരമായി അനുയോജ്യമായിട്ടുള്ളത് ലഭ്യമാക്കാവുന്ന

താണ്. ഭൂമിയും, അനുബന്ധസൗകര്യങ്ങളും ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ള ഈ സ്ഥാപനത്തിന് വാഗ്ദാനം ചെയ്തുകൊണ്ട് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുവാൻ കേരളസർക്കാരിനോട് കമ്മിഷൻ നിർദ്ദേശിക്കുന്നു, കേരളം മുന്നോട്ടുവച്ചിരിക്കുന്ന ജൈവ കാർഷിക പ്രസ്ഥാനത്തെ ശക്തമാക്കുവാനും, ആഭ്യന്തരവും അന്തർദേശീയവുമായ ഉപഭോഗത്തിന് വേണ്ട ആരോഗ്യസംവർദ്ധക (ഭക്ഷ്യപദാർത്ഥങ്ങളും, മൂല്യവർദ്ധിത ഉൽപന്നങ്ങളും ഉൽപാദിപ്പിക്കുന്നതിന് ഈ സ്ഥാപനം വളരെയേറെ പ്രോത്സാഹനം ചെയ്യുന്നതാണ്.

### (xiv) സംശുദ്ധമായ ഊർജ്ജസ്രോതസ്സുകൾ

കേരളത്തിന്റെ തോട്ടവിളകളായ തേയില, കാപ്പി, കുരുമുളക് മുതലായവ ഉണക്കി എടുക്കുവാൻ പറ്റിയ സൗരോർജ്ജ വിനിയോഗ സമ്പ്രദായങ്ങൾ വൻതോതിൽ ആരംഭിക്കുവാൻ ആഗോള പരിഃസ്ഥിതി സൗകര്യം (ഗ്ലോബൽ എൻവയൺമെന്റ് ഫസിലിറ്റി) ആവിഷ്കരിച്ച് നടത്തിവരുന്ന കാലാവസ്ഥ-കൺവൻഷൻ നിധി (climate convention Fund) യിൽ നിന്നും ധനസഹായം ലഭിക്കുവാൻ വേണ്ട ഒരു പദ്ധതി ആസൂത്രണം ചെയ്യണമെന്ന് കേരള സർക്കാരിനോട് ഈ കമ്മിഷൻ ശുപാർശ ചെയ്യുന്നു.

### (xv) ചരക്കുകമ്പോളവും ചരക്ക് വിനിമയവും (Commodity Market and commodity exchange)

ഫോർവേഡ് കോൺട്രാക്ട്സ് (റഗുലേഷൻ) ആക്ട്, 1952, ഭേദഗതി ചെയ്യേണ്ടത് ആവശ്യമാണ്; കാരണം ഭക്ഷ്യസാധനങ്ങളുടെ ഗുരുതരമായ കമ്മി ഉണ്ടായിരുന്ന കാലത്താണ് ആ നിയമനിർമ്മാണം നടത്തപ്പെട്ടത്. കേരളത്തിന്റെ ചരക്കു വിപണി-അവധി വ്യാപാരത്തിലും ഒരു പുനഃപരിശോധനയ്ക്ക് വിധേയമാവണം. **ഒരു ഇന്ത്യൻ പൊതുവിപണി (Indian Common Market)** യുടെ കാര്യത്തിൽ കേന്ദ്രസർക്കാരും എല്ലാ സംസ്ഥാനസർക്കാരുകളും പരസ്പരം യോജിപ്പിലെത്തുന്ന പക്ഷം, കാർഷിക ഉത്പന്നങ്ങളുടേയും, ചരക്കുകളുടേയും അന്തർസംസ്ഥാന പോക്കുവരവുകളുടെ കാര്യത്തിലുള്ള എല്ലാ തടസ്സങ്ങളും നീക്കുവാനും, ഇന്ത്യയിലെ കർഷകർക്ക് വമ്പിച്ച പുരോഗതിയുണ്ടാക്കുവാനും ഈ ആക്ടിന്റെ ഭേദഗതി സഹായകമാവുന്നതാണ്. അതിനാൽ ഇന്ത്യൻ ഫെഡറൽ സംവിധാനത്തിൽ, സംസ്ഥാനങ്ങൾ അന്യോന്യം ചുമത്തുന്ന അന്തർസംസ്ഥാന നികുതികൾ സംസ്ഥാനങ്ങളുടെ ഒരു മുഖ്യവരുമാനമാർഗ്ഗമാകയാൽ എല്ലാ സംസ്ഥാന സർക്കാരുകളും ഒരുമിച്ച് കൂടിയാലോചിച്ചു തീരുമാനിച്ചാൽ മാത്രമേ പൊതു ഇന്ത്യൻ വിപണി നിലവിൽ വരികയുള്ളൂ.

വിദേശ വിപണിയിലെ വ്യതിയാനങ്ങളിൽ നിന്നും ഉണ്ടാകുന്ന വിലയിലെ ശക്തമായ അസ്ഥിരതകൾക്ക് എതിരെ ശക്തമായ ഒരു കരുതൽ ശേഖരം എന്ന നിലയിലുള്ള സേവനം ആണ്, 100 കോടിയിലേറെ വരുന്ന ഇന്ത്യൻ ജനങ്ങളുടെ ഭക്ഷ്യാഹാരം ഉറപ്പാക്കുന്നതിലൂടെ ഈ ഇന്ത്യൻ പൊതുവിപണിക്കു ചെയ്യുവാൻ കഴിയുന്നത്.

### (xvi) കൃഷി-തൊഴിൽ വിജ്ഞാന കേന്ദ്രങ്ങൾ

എല്ലാവിധ ഉത്പാദനങ്ങളും, അവയുടെ സംസ്കരണവും, വിപണിയും സംബന്ധിച്ച് കൃഷിക്കാരായ സ്ത്രീപുരുഷന്മാർക്കുവേണ്ട വിവരവും, വിജ്ഞാനവും, തൊഴിൽ വൈദഗ്ധ്യവും തികച്ചും കാലികമാക്കുവാൻ ആവശ്യമായ സൗകര്യങ്ങൾ വിപുലമാക്കണം. ഇതിനായി കർഷകർക്ക് ഗുണപരമായകാർഷിക-വ്യാപാര സാക്ഷരത നൽകുവാൻ പ്രത്യേക പ്രാഗത്ഭ്യമുള്ള ഓരോ കൃഷി-തൊഴിൽ വിജ്ഞാനകേന്ദ്രം, ജില്ലകൾ തോറും സ്ഥാപിക്കണം. ഓരോ ജില്ലയിലും ഓരോ കൃഷി വിജ്ഞാൻ ഭവൻ സ്ഥാപിക്കുവാൻ ഐ.സി.എ.ആറിന്റെ കീഴിൽ 10-ാം പഞ്ചവത്സരപദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. സി.എസ്.ഐ.ആറിന്റേയും, കേന്ദ്ര ചെറുകിട വ്യവസായ വകുപ്പിന്റേയും സംയുക്തസഹായത്തോടെ, കാർഷികേതര രംഗങ്ങളിലെ തൊഴിൽസാദ്ധ്യതകൾ കൈകാര്യം ചെയ്യുവാൻ നിലവിലുള്ള കൃഷി വിജ്ഞാനകേന്ദ്രങ്ങളെ വികസിപ്പിക്കേണ്ടതാണ്. ആയ്യുർവേദ വൈദ്യശാസ്ത്രത്തിന്റേയും ഔഷധ സസ്യങ്ങളുടേയും വർദ്ധിച്ചുവരുന്ന പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ ഒരു കൃഷി-തൊഴിൽ വിജ്ഞാന കേന്ദ്രം കോട്ടയ്ക്കൽ ആര്യവൈദ്യശാലയോട് അനുബന്ധിച്ച് സ്ഥാപിക്കുന്നത് നന്നായിരിക്കും.

### (xvii) കേരളത്തിൽ ഒരു കാർഷിക പരിവർത്തനത്തിന് ഏറ്റവും നവീനമായ തന്ത്രങ്ങൾ പ്രയോഗിക്കുവാൻ കർഷകരുടെ കൺസോർഷ്യം സ്ഥാപിക്കുക

രാജ്യത്ത് അത്യന്താപേക്ഷിതമായ ഉത്പാദനക്ഷമതയും, ഗുണമേന്മയും, മൂല്യവർദ്ധനയും ത്വരിതപ്പെടുത്തുവാനും, വിപ്ലവകരമായ പരിവർത്തനത്തിനും, വിലകിട്ടുന്ന വിളകൾക്ക് ആഭ്യന്തര, അന്താരാഷ്ട്രവ്യാ

പാരത്തിൽ വിലവർദ്ധന ഉണ്ടാകാനും, കൃഷിയെ ദ്രുതഗതിയിൽ മാറ്റമുണ്ടാക്കുന്ന വിജയകരമായ സമ്പ്രദായങ്ങളിൽ കെട്ടിപ്പടുക്കേണ്ടതുണ്ട്. അസംഖ്യം ചെറുകിട കാർഷിക കുടുംബങ്ങൾ, പല പരിഷ്കൃത സമ്പ്രദായങ്ങളിലൂടെ, ദീർഘകാലവും, വാർഷികവുമായ വിളകളിൽനിന്നും, യാതൊരു പാരിസ്ഥിതിക പ്രശ്നങ്ങളും സൃഷ്ടിക്കാതെ, തങ്ങളുടെ പരിമിതമായ ഭൂമിയിൽ നിന്നും പരമാവധി ആദായം ഉണ്ടാക്കിയിട്ടുണ്ട്. അവർക്ക്, സംസ്ഥാനസർക്കാരും, കമ്മോഡിറ്റി ബോർഡും മലയാള മനോരമയുടെ 'കർഷകശ്രീ' പോലുള്ള, കർഷകന്റെ അന്തസ്സ് ഉയർത്തുന്ന, മറ്റ് അവാർഡുകളിലൂടെ അംഗീകരിച്ചിട്ടുണ്ട്. അത്തരം പുത്തൻ പരീക്ഷണാത്മക കൃഷിസങ്കേതങ്ങൾ പ്രയോഗിച്ചു വിജയിച്ചവരുടെ, അനുഭവങ്ങളിലും, വൈദഗ്ധ്യങ്ങളിലും ഗവേഷണപരമായി കടന്നുനോക്കുന്നത് പ്രയോജനകരമായിരിക്കും. അങ്ങിനെ കേരളത്തിൽ ഉത്പാദനക്ഷമതയിലും, ഗുണനിലവാരത്തിലും, ആദായവർദ്ധനവിലും വിപ്ലവകരമായ നേതൃത്വം നൽകുവാൻ നൂതനകൃഷി സമ്പ്രദായം നടപ്പിലാക്കുന്ന കർഷകരുടെ കൂട്ടായ്മയായി-ഒരു കൺസോർഷ്യം (എ കൺസോർഷ്യം ഫോർ ട്രാൻസ്ഫെർമേഷൻ) രൂപീകരിക്കുന്നത് അഭിലഷണീയമാണ്. തങ്ങളുടെ ഉപജീവനമാർഗ്ഗം കൃഷിമാത്രമായിട്ടുള്ള കൺസോർഷ്യത്തിലെ അംഗങ്ങൾക്ക്, തങ്ങൾ പ്രയോഗിച്ച് വിജയം വരിച്ച നൂതനവും സ്ഥായിയായതുമായ കാർഷിക നിപുണതയ്ക്ക് വേണ്ട പരിശീലനം ഈ കൺസോർഷ്യം നൽകേണ്ടതാണ്. ഈ കൺസോർഷ്യത്തിന്റെ അദ്ധ്യക്ഷ കേരള കൃഷി വകുപ്പുമന്ത്രിയായിരിക്കണം.

## (xviii) കാർഷികവ്യാപാര അഭിവൃദ്ധിയ്ക്കായി ഒരു കൽപിത സർവ്വകലാശാല സ്ഥാപിക്കുക


ലോകവ്യാപാര രംഗത്ത് വന്നുചേർന്ന ഉദാരവത്കരണം ഉളവാക്കിയ ഒരു മുഖ്യ പ്രതിഫലനം, കൃഷി മേഖലയിൽ എവിടെയും വിവരത്തിന്റേയും, ആധുനിക വിജ്ഞാനത്തിന്റേയും ഉയർന്ന തരത്തിലുള്ള വിവേകപൂർവ്വമായ പ്രയോഗത്തിന് നൽകി വരുന്ന പ്രാധാന്യമാണ്. അതിനാൽ ഇക്കാലത്ത് വ്യാപാരത്തിലുള്ള മത്സരം ശക്തമാക്കേണ്ടത് അത്യാവശ്യം തന്നെയാണ്. അതുകൊണ്ട് കർഷകർക്കും, തോട്ടകൃഷിക്കാർക്കും എല്ലാം ആഭ്യന്തര-ആഗോള വ്യാപാരത്തെ സംബന്ധിച്ച പ്രശ്നങ്ങളെപ്പറ്റി ഏറ്റവും പുതിയ വിവരങ്ങൾ നിരന്തരം, യഥാകാലം എത്തിച്ചുകൊടുക്കുവാനുള്ള സംവിധാനങ്ങൾ ആവശ്യമാണ്. ഗുണനിലവാരവുമായി ബന്ധപ്പെട്ട, വിശേഷിച്ചും കാർഷിക ഉത്പന്നങ്ങളുടെ ശുചിത്വം നിർബ്ബന്ധമാക്കുന്ന കോഡക്സ് എലിമെന്റേറിയസ് പോലുള്ള ചട്ടങ്ങളും, വ്യവസ്ഥകളും എന്താണ് എന്ന അറിവ് നമ്മുടെ കർഷകർക്ക് ലഭ്യമാക്കണം. ഗുണമേന്മ, വ്യാപാരം, പേറ്റന്റ് എന്നിവയിൽ സാക്ഷരതയും കർഷകജനസമാന്യത്തിന്റെ ഇടയിൽ സാർവ്വത്രികമായി പ്രചാരത്തിൽ വരണം. **കേരളത്തിലെ ഓരോ കാർഷിക കുടുംബത്തിലും അത്തരത്തിലുള്ള കാർഷികവ്യാപാര വിജ്ഞാനവും, വിവരവും ആർജ്ജിക്കുന്നവരുണ്ടാവുകയും അവരെ തങ്ങളുടെ അവകാശങ്ങളേയും അധികാരങ്ങളേയും പറ്റി ബോധമുള്ളവരാക്കുന്നതിനുള്ള വ്യവസ്ഥകൾ-അറിവിലൂടെ ശക്തരാക്കുന്ന നടപടികൾ, സർക്കാർ സ്വീകരിക്കണം.**

മേൽപറഞ്ഞ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ കർഷകർക്കുവേണ്ട വിജ്ഞാനവും, കൃഷിക്കാര്യത്തിലുള്ള അടിസ്ഥാന വിവരങ്ങളും, ഡേറ്റ ഇൻപുട്ടും നൽകുവാൻ കേരളത്തിൽ നടക്കുന്ന വിവര-ആശയ വിനിമയ സാങ്കേതികവിദ്യാരംഗത്തെ വിപ്ലവകരമായ മുന്നേറ്റത്തിന്റെ സഹായത്തോട് കൂടിയ കൃഷിയും, കാർഷികവ്യാപാരവും ആണ് 21-ാം നൂറ്റാണ്ടിലെ സുപ്രധാനമായ സ്ഥാപനം എന്ന അവബോധത്തോടെ മുന്നോട്ടുപോകുവാൻ കാർഷികവ്യാപാരത്തിനായി ഒരു കൽപിത സർവ്വകലാശാല സ്ഥാപിക്കുന്ന കാര്യം വളരെ പ്രാധാന്യമർഹിക്കുന്നു. കമ്പ്യൂട്ടറിന്റെ പ്രയോജനത്തോടെ, ഇന്റർനെറ്റിന്റെ വിപുലമായ സൗകര്യങ്ങൾകൂടി സംയോജിപ്പിച്ചുകൊണ്ട്, ഹബ്ബും സ്പോക്കും ചേർന്നുപ്രവർത്തിക്കുന്ന മാതൃകയിൽ ഈ സർവ്വകലാശാലയുടെ പ്രവർത്തനം ഇണക്കി ചേർക്കേണ്ടതാണ്. 'ഹബ്ബ്'(കേന്ദ്രം) ആയി കേരള സർവ്വകലാശാലയും 'സ്പോക്കു'കളായി ഓരോ ജില്ലയിലെ കേന്ദ്രങ്ങളും പ്രവർത്തിക്കണം. ഹബ്ബും, സ്പോക്കുകളും ടെലിവിഷൻ ചാനലുകളോടും, സമൂഹ റേഡിയോ സ്റ്റേഷനുകളോടും ബന്ധിപ്പിക്കുകയും ചെയ്യുമ്പോൾ ആവശ്യവും പ്രസക്തവുമായ വിവരങ്ങൾ ഓരോ പ്രഭാതത്തിലും എല്ലാ കർഷകകുടുംബത്തിലും ചെന്നെത്തുന്നതാണ്. നിർദ്ദിഷ്ടമായ ഈ കൽപിത സർവ്വകലാശാലയുടെ ഒരു കരടു രൂപരേഖ കേരള സർവ്വകലാശാല തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്. ഇത് ഈ റിപ്പോർട്ടിന്റെ രണ്ടാംഭാഗത്തിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്.

കാർഷിക-വ്യവസായത്തിനുള്ള കൽപിത സർവ്വകലാശാലയുടെ ഫലപ്രാപ്യത (പ്രത്യേക സമയകാലങ്ങളിൽ) കാർഷിക വ്യാപാരവുമായി വളരെ അടുത്ത് ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും ലഭിക്കുന്ന ആധികാരികതയുള്ള വിവരങ്ങളും, അവയുടെ കാലികപ്രാധാന്യവും ഗുണമേന്മയേയും ആശ്രയിച്ചാണിരിക്കുന്നത്. അതിനാൽ സർവ്വകലാശാലയ്ക്ക് അടിസ്ഥാന വിവരങ്ങൾ നൽകുന്നവർ, വിവരസൃഷ്ടാക്കൾ, ഐ. എസ്.ആർ.ഒ., ഐ.എം.ഡി., കേരള സർവ്വകലാശാല, അപെഡാ, എൻ.ഡി.ഡി.ബി., എൻ.എച്ച്.ഡി.ബി., കമ്മോ


ഡിറ്റി ബോർഡുകൾ, കൃഷി, വാണിജ്യം, വിദേശവ്യാപാരം എന്നിവയുടെ കേന്ദ്രമന്ത്രാലയങ്ങൾ, ഇന്ത്യൻ കൗൺസിൽ ഫോർ അഗ്രികൾച്ചറൽ റിസേർച്ച്, സി.എസ്.ഐ.ആർ എന്നിങ്ങനെയുള്ള സ്ഥാപന പ്രതിനിധികൾ, അടിസ്ഥാന വിവരാർത്ഥികളായിട്ടുള്ള കർഷക കുടുംബങ്ങൾ, തോട്ടം ഉടമകൾ, കയറ്റുമതിക്കാർ, വനിതാസംഘങ്ങൾ, വ്യാപാരികൾ, വ്യവസായികൾ എന്നിവരുടെ പ്രതിനിധികളും, അടിസ്ഥാന വിവരങ്ങളുടെ മാനേജ്മെന്റ് ജനമദ്ധ്യത്തിലെത്തിക്കുന്ന ഐ.സി.റ്റി.വിദഗ്ധന്മാർ, മാധ്യമങ്ങൾ, എക്സ്റ്റൻഷൻ സ്പെഷ്യലിസ്റ്റുകൾ എന്നിവരും കൂടാതെ നയം രൂപീകരിക്കുന്നവരായ സർക്കാർ സെക്രട്ടറിമാർ, ഉപാദ്ധ്യക്ഷൻ (കമ്മിഷന്റെ) സംസ്ഥാന ആസൂത്രണബോർഡ് ഉപാദ്ധ്യക്ഷൻ എന്നിവരും യു.എൻ.ഡി.പി.പോലുള്ള മറ്റു ധന കാര്യസ്ഥാപനങ്ങളുടെ പ്രതിനിധികളും ഒരുമിച്ച് കൂടുന്ന ഒരു ബ്രെയിൻസ്റ്റ്രോമിംഗ് വർക്ക്ഷോപ്പ് വിളിച്ചു കൂട്ടുന്നത് ആവശ്യമാണ്. ഈ വർക്ക്ഷോപ്പിൽ ഒരു ബിസിനസ്സ് പ്ലാനിന് അന്തിമരൂപം നൽകണം. കാർഷിക-വ്യാപാര കൽപിത സർവ്വകലാശാലയുടെ ഉത്ഘാടനം 2003 ജനുവരി 26-ന് കേരളാ മുഖ്യമന്ത്രി നിർവ്വഹിച്ചു. ഉത്പാദകരും, വ്യാപാരികളും, കയറ്റുമതിക്കാരും, ഉപഭോക്താക്കളും, വിജ്ഞാനവിവരങ്ങൾ ആർജ്ജിച്ച് ശക്തരാകുവാൻ എത്ര നേരത്തേ തന്നെ നടപടികൾ സ്വീകരിക്കുന്നുവോ, അത്രയും വേഗത്തിൽ വളരെ ശക്തമായ ഒരു കാർഷിക വ്യാപാര സുരക്ഷാവ്യവസ്ഥയെ അതിന്റെ യഥാസ്ഥാനത്ത് പ്രതിഷ്ഠിക്കാൻ നമുക്ക് കഴിയുന്നതാണ്.

# കൃഷിയ്ക്കുള്ള മൊത്തം സഹായം





ഉറവിടം : OECD (2002), സാമ്പത്തികസഹകരണത്തിനും വികസനത്തിനുമുള്ള സംഘടന

## ഉത്പാദകനു നല്കുന്ന സഹായം ശതമാനത്തിൽ/ മൊത്തം കാർഷികവരുമാനത്തിൽ




ഉറവിടം : OECD (2002), സാമ്പത്തികസഹകരണത്തിനും വികസനത്തിനുമുള്ള സംഘടന

**സാമ്പത്തികസഹകരണത്തിനും വികസനത്തിനുമുള്ള സംഘടന (OECD) രാജ്യങ്ങളിലെ കർഷകർക്ക് ലഭിക്കുന്ന ശരാശരിവിലയും ഫാംഗേറ്റിൽ കിട്ടുന്ന ബോർഡർ വിലയുടെ ശരാശരിയും 2001**




ഉറവിടം : OECD (2002), സാമ്പത്തികസഹകരണത്തിനും വികസനത്തിനുമുള്ള സംഘടന

# സെക്ഷൻ B പാർട്ട് 1

# റിപ്പോർട്ടിന്റെ വിശദരൂപം

## 1.1.0 പശ്ചാത്തലവും കമ്മിഷന്റെ പ്രവർത്തനവും

### 1.1.1.1 ലോക വ്യാപാര സംഘടന (WTO) യുടെ ആവിർഭാവ പശ്ചാത്തലം

ഗാട്ടിന്റെ (വ്യാപാരത്തെയും, താരിഫുകളെയും സംബന്ധിച്ച പൊതുകരാറുകളുടെ) ഉറുഗ്വേ വട്ട സമ്മേളനത്തിൽ വച്ച് പ്രസ്തുത കരാറുകളിൽ ഇന്ത്യയും ഒപ്പു വയ്ക്കുകയുണ്ടായി. ഇന്ത്യയും മറ്റു അംഗരാജ്യങ്ങളും, മറ്റു വസ്തുതകളോടൊപ്പം, തങ്ങളുടെ സമ്പദ് വ്യവസ്ഥകളെ, ലോക വ്യാപാര ശക്തികൾക്കായി തുറന്നുകൊടുക്കുവാൻ അങ്ങനെ ബാദ്ധ്യസ്ഥർ ആയി തീർന്നു. ഉറുഗ്വേ വട്ട അനുരഞ്ജനങ്ങളിൽ ആദ്യമായി, ലോക വ്യാപാര കരാറിന്റെ (WTA) വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കൃഷി ബഹുപങ്കാളിത്തമുള്ള വ്യാപാര നിയന്ത്രണത്തിലാവുകയും, 1995 ജനുവരി 1-ഓടു കൂടി ലോകവ്യാപാര സംഘടനയുടെ കീഴിൽ സ്ഥാപനവത്കൃതമാവുകയും ചെയ്തു. ലോക വ്യാപാര കരാറിന്റെ (WTA) പ്രത്യേക ഉടമ്പടിയാണ് കൃഷിയുടെ ബഹുപങ്കാളിത്തപരമായ ചട്ടക്കൂടുണ്ടാക്കിയിട്ടുള്ളത്. ഇതാണ് കൃഷിയെ സംബന്ധിച്ച കരാർ (AOA) എന്ന പേരിൽ അറിയപ്പെടുന്നത്. ലോക കാർഷിക വ്യാപാര വ്യവസ്ഥ നീതിപൂർവ്വവും, വിപണനോന്മുഖവും ആക്കുവാനും, ഗാട്ടിന്റെ നിയമങ്ങളും, ചട്ടങ്ങളും ഫലപ്രദമായി നടപ്പിലാക്കുവാനും മൂന്നു മുഖ്യ ബാദ്ധ്യതകളാണ് കൃഷിയെ സംബന്ധിച്ച കരാർ (AOA) വ്യവസ്ഥയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

1. **വിപണി പ്രാപ്യത** (Market Access): ഇറക്കുമതിയിൽ നിയന്ത്രണങ്ങളും, പരിമിതികളും ഏർപ്പെടുത്തുന്ന വ്യവസ്ഥകൾ.

2. **ആഭ്യന്തര സഹായം** (Domestic Support): കാർഷികോത്പ്പന്നങ്ങൾക്ക് അതാത് രാജ്യങ്ങൾ കർഷകർക്ക് അനുവദിക്കുന്ന സാമ്പത്തിക സഹായവും, മറ്റാനുകൂല്യങ്ങളും ലോകവ്യാപാരത്തെ അട്ടിമറിക്കുന്ന വിധത്തിലുള്ള സർക്കാർ സഹായങ്ങളെ ഒഴിവാക്കുന്നതും സംബന്ധിച്ച് യുക്തിപരമായ വിശദീകരണങ്ങൾ.

3. **കയറ്റുമതി ആനുകൂല്യങ്ങൾ**: കാർഷിക ഉത്പ്പന്നങ്ങളുടെ കയറ്റുമതിക്ക് സർക്കാരുകൾ നൽകുന്ന സഹായങ്ങളെ (സബ്സിഡികളെ) വിവിധ ഘട്ടങ്ങളിലായി നീക്കം ചെയ്യുക.

ഓരോ ലോക വ്യാപാര കരാറി-ന്റെ (WTA) കീഴിൽ വരുന്ന കൃഷിയെ സംബന്ധിച്ച കരാറുകൾ (AOA)ക്കു പുറമേ, ഏതാനും ചില കരാറുകൾ കൂടിയുള്ളവയാണ്, വ്യാപാരവുമായി ബന്ധപ്പെട്ട ബൗദ്ധികസ്വത്തവകാശ (TRIPS) വും, കാർഷികോത്പ്പന്നങ്ങളുടെ ശുചിത്വവും അണുവിമുക്തതയും സംബന്ധിച്ച സാനിട്ടറി-ഫൈറ്റോ സാനിട്ടറി (SPS) വ്യവസ്ഥയും, അന്താരാഷ്ട്ര വ്യാപാരത്തെ സംബന്ധിച്ച സാങ്കേതിക തടസ്സങ്ങൾ നീക്കുവാനുള്ള നടപടികളും, കരാറുകളും. ഇവയെല്ലാം തന്നെ കാർഷിക വ്യാപാരത്തെ വിവിധ രീതികളിൽ സ്വാധീനിക്കുന്നുണ്ട്.

### 1.1.1.2 കേരളത്തിന്റെ സ്ഥിതി

വളരെയേറെ ചരക്കുവ്യാപാര/വിപണിയെ ആശ്രയിക്കുന്ന കേരളത്തിന്റെ കാർഷിക സമ്പദ് വ്യവസ്ഥ പ്രകൃത്യാ തന്നെ ദൗർബല്യമുള്ളതാകയാൽ, മുമ്പൊരിക്കലും അനുഭവപ്പെട്ടിട്ടില്ലാത്ത അനുപാതത്തിലുള്ള പ്രതിസന്ധിയിലൂടെയും, സാമ്പത്തികത്തകർച്ചയിലൂടെയും ആണ് 1990-കളുടെ അവസാനം മുതൽ കേരളം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. കാർഷികോത്പ്പന്നങ്ങളുടെയും, ചരക്കുകളുടെയും വിലയിലുണ്ടായ താങ്ങാനാവാത്ത തകർച്ചയാണ് ഇതിനു കാരണം. 1990-കളുടെ ആദ്യപകുതിയിലാകട്ടെ, കാർഷികരംഗത്ത് ഉണ്ടായ ഉണർവിന്റെ ഫലമായി ഗ്രാമീണ ജീവിതത്തിൽ ഗണ്യമായ സമൃദ്ധി പ്രതിഫലിച്ചിരുന്നു.

ഈ കാലഘട്ടത്തിൽ കേരളത്തിന്റെ കാർഷിക സമ്പദ്ഘടന ശരാശരി ദേശീയ വളർച്ചാനിരക്കിൽ നിന്നും ഉയർന്നതായി രേഖപ്പെടുത്തി. കാർഷിക സാമ്പത്തികരംഗത്തെ ഈ ഊർജ്ജസ്വലതയ്ക്ക് കാരണം, ഒരു വശത്ത് ഉത്പാദനത്തിലും ഉത്പാദനക്ഷമതയിലും കൈവരിച്ച ഉയർത്തെഴുന്നേൽപ്പും ('70-കളിലെ ഒരു ദീർഘകാല മുരടിപ്പിനുശേഷം മന്ദഗതിയിലായി എങ്കിൽ പോലും), മറുവശത്ത് മിക്കവാറും എല്ലാ കാർഷികവിഭവങ്ങളുടെയും വിലയിൽ ക്രമേണ ഉണ്ടായ വർദ്ധനവും ആയിരുന്നു. കാർഷിക വ്യവസായ അസംസ്കൃത പദാർത്ഥങ്ങളുടെയും, ചരക്കുകയറ്റുമതികളുടെയും വിലയിൽ 1990-ന്റെ മദ്ധ്യംവരെ ഭേദ

പ്പെട്ട ഉയർച്ച ഉണ്ടായി. കഴിഞ്ഞ 30 വർഷക്കാലത്തെ കാർഷിക വിഭവങ്ങളുടെ വില സൂക്ഷ്മമായി പരിശോധിച്ചാൽ വിലവർദ്ധന പ്രവണത 1996-98 ആകുമ്പോഴേക്കും ഗതിവേഗം കൂടി പാരമ്യത്തിൽ എത്തിയതായി കാണാം. എന്നാൽ അതിനുശേഷമാകട്ടെ, കാർഷിക ഉത്പ്പന്നങ്ങളുടെ വില ക്രമേണ താഴുകയും മുമ്പ് '80 -കളുടെ അവസാനവും, '90-കളുടെ ആദ്യവും അനുഭവപ്പെട്ട താണനിലയിലേക്ക് കൂപ്പുകുത്തുകയും ചെയ്തു. 1990-കളുടെ അവസാനം ഉണ്ടായ വിലത്തകർച്ചയുടെ തുടർന്നുള്ള സ്ഥിതി കേരളത്തിലെ ഗ്രാമീണ സമ്പദ്ഘടനയിൽ ദൂരവ്യാപകമായ ദുരന്തഫലങ്ങൾ ഉളവാക്കി. ഇതിന്റെ കെടുതികൾ കൂടുതലും ബാധിച്ചത്. പ്രത്യേകിച്ചും, കൃഷി മാത്രം ഉപജീവനമാർഗ്ഗമാക്കിയ ദരിദ്രകർഷകരെയാണ്. കാർഷികോത്പ്പന്നങ്ങളുടെ വിലത്തകർച്ചമൂലം ഉണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധികൾ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ മുൻകാലങ്ങളിലും അഭിമുഖീകരിച്ചിട്ടുണ്ട്. എന്നാൽ അക്കാലങ്ങളിൽ ഒരേ സമയം തന്നെ എല്ലാവിധ കാർഷിക ഉത്പ്പന്നങ്ങളുടേയും വിലയിൽ തകർച്ച ഉണ്ടായിരുന്നിട്ടില്ല. പൊതുവേ ചില കാർഷികവിഭവങ്ങളുടെ വില കുറഞ്ഞപ്പോഴും ചിലവയുടെ വില ഉയർന്നിരുന്നു. അത്തരമൊരു സന്ദർഭത്തിൽ ലാഭനഷ്ടങ്ങളുടെ വിലപേശലിൽ കേരളത്തിന് ചില നഷ്ടപരിഹാരം കിട്ടി എന്നു പറയാം. ഇങ്ങനെ ഉത്പ്പന്നങ്ങളുടെ പരസ്പര സമ്മിശ്രാവസ്ഥമൂലം കാർഷികവിപണിയിൽ ചാഞ്ചാട്ടമുണ്ടായപ്പോഴും, സാമ്പത്തികരംഗത്ത് വർഷങ്ങളോളം, ഒരു കരുതൽ നില പുലർത്തുവാൻ കഴിഞ്ഞിരുന്നു. എന്നാലിപ്പോഴത്തെ വിലത്തകർച്ചയിലാകട്ടെ, അതിന്റെ അസാധാരണ സവിശേഷത, മിക്കവാറും എല്ലാ കാർഷിക ഉത്പ്പന്നങ്ങളെയും അത് ശക്തമായി ബാധിക്കുകയും, ആ ദുഃസ്ഥിതിക്ക് ഒരു മാറ്റവും ഇല്ലാതെ തുടരുകയും ചെയ്തു എന്നതാണ്. വ്യാവസായിക അസംസ്കൃത വസ്തുക്കളുടേതായാലും, ആഭ്യന്തര ഉപഭോഗത്തിനുള്ളവയുടേതായാലും, കയറ്റുമതി ചരക്കുകളുടേതായാലും വിലത്തകർച്ച ഭീമമായിരുന്നു (പട്ടിക കാണുക).

കാർഷിക ഉത്പ്പന്നങ്ങളുടെ വിലത്തകർച്ചമൂലമുണ്ടായ തിരിച്ചടിക്കു പുറമെ 'കൂനിന്മേൽ കുരു' എന്നപോലെ, കേരളീയരുടെ വാങ്ങൽ കഴിവിലും ഗണ്യമായ വേലിയിറക്കവും, നിരന്തരമായ നാണയപ്പെരുപ്പവും (മന്ദഗതിയിൽ ആണെങ്കിലും) വളം, കീടനാശിനികൾ എന്നിവയുടെ വിലക്കൂടുതലും, വർദ്ധിച്ച കൃഷിച്ചെലവും, പണിക്കൂലിയും, പൊതുവിതരണ സമ്പ്രദായത്തിലുണ്ടായ വെട്ടിക്കുറയ്ക്കലും എല്ലാം കൂടി സംസ്ഥാനത്തിന്റെ കാർഷിക സമ്പദ്ഘടനയുടെ അടിസ്ഥാന ശിലകളെതന്നെ ഇളക്കിമറിക്കുകയും, ഈ വെല്ലുവിളികളെ നേരിടുവാൻ കാർഷിക രംഗത്തിനോ, കൃഷിയെ മാത്രം ആശ്രയിച്ചു കഴിയുന്ന ജനലക്ഷങ്ങൾക്കോ കഴിയാത്ത ഒരു അവസ്ഥയാണ് ഉണ്ടായത്.

1980-കാലത്തെ ക്രയ-വിക്രയ അനുപാത സൂചിക (പാരിറ്റി ഇൻഡക്സ്), അതായത് കർഷകരുടെ ഉത്പ്പന്നങ്ങൾക്ക് ലഭിക്കുന്ന വിലയും ഉപജീവനത്തിനാവശ്യമായ സാധനങ്ങൾക്ക് കർഷകർ നൽകുന്ന വിലയും തമ്മിലുള്ള അനുപാതം, 1993-ലേതിൽ നിന്നും പ്രതികൂലമായി നിന്നിരുന്നത് 1990-ൽ എത്തുമ്പോൾ, 1980 കളിലേതിൽ നിന്നും താണ് താണ് 84-ൽ എത്തി. അതിനുശേഷം, 1991-ലും, 1992 ഒഴികെ ഈ അനുപാതം വീണ്ടും താണ് 2000-ൽ 70 ആയിത്തീർന്നു. (പട്ടിക 2 കാണുക). ഇത്തരത്തിലുള്ള വമ്പിച്ച വിലത്തകർച്ച കേരളത്തിലെ ജനസംഖ്യയിൽ ഭൂരിപക്ഷം വരുന്ന കൃഷി ഉപജീവനമാർഗ്ഗമാക്കിയിട്ടുള്ളവരുടെ ക്ലേശങ്ങൾക്ക് വളരെയേറെ കാരണമായി. ഇതിനു കാരണം, ബഹുഭൂരിപക്ഷത്തിനു സ്വന്തമായിട്ടുള്ള കൃഷിഭൂമിയുടെ വിസ്തൃതി പരിമിതവും, ഏതാനും സെന്റുകൾ മാത്രമാണെന്നതും കൃഷിയിൽ നിന്നുള്ള വരുമാനം കൊണ്ട്, വിലയിലെ അസ്ഥിരതയേയും കുത്തനെയുള്ള വിലയിടിവിനെയും നേരിടുവാൻ അവർക്കു കഴിയുന്നതല്ല എന്നതുമാണ്.

1995-നു ശേഷം ലോക വ്യാപാര സംഘടനയിൽ ഇന്ത്യ പ്രവേശിച്ചതു മുതലുള്ള കാലഘട്ടവും, കേരളത്തിന്റെ കാർഷിക സമ്പദ് വ്യവസ്ഥ ഇന്നു നേരിടുന്ന പ്രതിസന്ധിയും തമ്മിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ ഈ പ്രതിസന്ധിയുടെ മുഴുവൻ ഉത്തരവാദിയും WTO കരാറുകളുടെ ഫലമാണെന്ന് പറ

***നോട്ട്/കുറിപ്പ്*** : *(കഴിഞ്ഞ 2 ദശവർഷക്കാലം സംസ്ഥാനത്തെ കൃഷിമേഖലയിലെ വാർഷിക വളർച്ചാനിരക്ക് എളിയ രീതിയിൽ ഉയർന്ന് 3.3%വും, കോമ്പൗണ്ട് വാർഷിക വളർച്ചാ നിരക്ക് 2.83% ആയി ഉയർന്ന് ശരാശരി ദേശീയ വളർച്ചാ നിരക്കായ 3.00%ത്തിനോട് അടുത്തെത്തി നിന്നിരുന്നു. '80-കളിലെ സംസ്ഥാനത്തെ കാർഷിക രംഗത്തെ പ്രകടനം, മൊത്തം വാർഷിക കോമ്പൗണ്ട് വളർച്ചാ നിരക്ക് 3.13% കാഴ്ചവച്ചപ്പോൾ '70 കളിൽ അനുഭവപ്പെട്ട മുരടിപ്പിൽ നിന്നും കരകയറുകയായിരുന്നു. എന്നാൽ '90കളിൽ ഒരു മെല്ലെപോക്ക് ഉണ്ടായപ്പോൾ വാർഷിക കോമ്പൗണ്ട് വളർച്ചാ നിരക്ക് 2.52% ആയി കുറഞ്ഞു. അത് ദേശീയ വാർഷിക ശരാശരി വളർച്ചാ നിരക്കായിരുന്ന 2.23%-ൽ കൂടുതലായിരുന്നു. ഈ മാന്ദ്യത്തിന് കാരണം ഭാഗികമായി 1990-കളുടെ അവസാനത്തിൽ ഉണ്ടായ കാർഷിക ഉത്പ്പന്നങ്ങളുടെ കുത്തനെയുള്ള വിലയിടിവായിരുന്നു. ഇത് സംസ്ഥാനത്തിന്റെ കാർഷിക സമ്പദ്‌വ്യവസ്ഥയിൻമേൽ ഏൽപിച്ച ആഘാതത്തിൽ നിന്നും കേരളം ഇനിയും കരകയറിയിട്ടില്ല).*

ഞ്ഞുകൂടാ. എന്നാൽ കയറ്റിയിറക്കുമതികളുടെ അളവുപരമായ തടസ്സങ്ങളും (QRS), ചില ചരക്കുകളുടെ താരിഫുനിരക്കുകളുടെ മേലുള്ള നിയന്ത്രണങ്ങളും, ഏതാണ്ട് 1991 മുതൽ തന്നെ ഇന്ത്യയിൽ ആരംഭിച്ച ഉദാരവത്കരണ നയത്തിന്റെ ഘടനാപരമായ ക്രമീകരണത്തിന്റെ പ്രക്രിയയും തീർച്ചയായും കൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

കൃഷിയും, ഇറക്കുമതിയുടെ ഉദാരവത്ക്കരണവും പുതിയ സംവിധാനത്തിലേക്കു കടന്നുവന്നപ്പോഴു ണ്ടായ ഒരു പ്രത്യാഘാതം അന്താരാഷ്ട്രതലത്തിലുള്ള വിലയുടെ അസ്ഥിരതയും, കാർഷിക ഉത്പ്പന്നങ്ങൾക്ക് ഞെട്ടിപ്പിക്കുന്ന തിരച്ചടിയെ നേരിടേണ്ടിവന്നു എന്നതാണ്.

### 1.1.2.1 ഏഴ് വർഷത്തെ WTO ബന്ധം

ലോക വ്യാപാരസംഘടന നിലവിൽ വന്നിട്ട് 7 വർഷം കഴിഞ്ഞിരിക്കുന്നു. കൃഷിയെ ബാധിക്കുന്ന പല കരാറുകളും പ്രയോഗത്തിൽ വരാൻ തുടങ്ങിയിരിക്കുന്നു. ലോകവ്യാപാരസംഘടനയുടെ മുഖ്യലക്ഷ്യം നീതി പൂർവ്വവും വിപണി പ്രാപ്യത സുഖകരമായതുമായ ഒരു വ്യാപാര വ്യവസ്ഥ ആയിരുന്നെങ്കിലും, ആഗോള വ്യാപാര വ്യവസ്ഥ നിയന്ത്രണങ്ങളിൽ നിന്നും വക്രതകളിൽ നിന്നും സ്വതന്ത്രമാകുമെന്നും, വ്യാപാരരംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാര വാഗ്ദാനം ചെയ്തുകൊണ്ടുമാണ് WTO കടന്നുവന്നതെങ്കിലും ഫലത്തിൽ വരു മാനമാർഗ്ഗങ്ങൾ കുറഞ്ഞ ദരിദ്ര കർഷകരുടെ ഉപജീവനത്തിന് ഒരു ഭീഷണിയായും വികസ്വര രാജ്യങ്ങ ളുടെ കാർഷിക സമ്പദ്ഘടനകൾക്ക് പ്രതികൂലമായിട്ടും ആണ് WTO ബന്ധം ഈ ചെറിയ കാലത്തിനിട യിൽ നമുക്ക് അനുഭവപ്പെട്ടിരിക്കുന്നത്.

വികസ്വര രാജ്യങ്ങളുടെ വ്യാപാര താൽപ്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുമ്പോഴും വികസിത രാജ്യ ങ്ങൾ തങ്ങളുടെ കാർഷികസമ്പദ്വ്യവസ്ഥയുടെ സുരക്ഷയ്ക്കുവേണ്ടി ലോക വ്യാപാര സംഘടന (WTO) യുടെ എല്ലാ വേദികളും പ്രതിരോധിച്ചു നിൽക്കാൻ ഇവർ കിണഞ്ഞു ശ്രമിച്ചുവരികയാണ്. അതേസമയം ഇന്ത്യൻ ദേശീയ സാമ്പത്തിക ജീവിതത്തിന്റെ മറ്റു പല മേഖലകളിലും ലോക വ്യാപാര സംഘടനയുടെ സ്വാധീനം കടന്നുകയറി അവിടെ WTO യുടെ നിയന്ത്രണം ഏർപ്പെടുത്താൻ ശ്രമിച്ചുവരുന്നു. ലോക വ്യാ പാരത്തിൽ നിന്നും വമ്പിച്ച തോതിൽ പ്രയോജനവും വ്യാപാരരംഗത്ത് വിപണിപ്രാപ്യത വളരെയേറെ സുഖക രമാവുകയും അങ്ങിനെ ദേശീയ വരുമാനത്തിൽ ഗണ്യമായ പുരോഗതിയും വാഗ്ദാനം ചെയ്യുന്ന പ്രോത്സാ ഹജനകമായ ഒരു സാഹചര്യത്തിലാണ് ഇന്ത്യ ഉൾപ്പെടെയുള്ള വികസ്വര രാജ്യങ്ങൾ ലോക വ്യാപാരസം ഘടന (WTO) യുടെ കരാറുകളിൽ ഒപ്പുവച്ചത്. എന്നാൽ കഴിഞ്ഞ ഏഴുവർഷം ലോകവ്യാപാര സംഘടന യുടെ ആഭിമുഖ്യത്തിൽ നടന്ന ആഗോള വ്യാപാരത്തിൽ നമുക്കുണ്ടായ നേട്ടങ്ങളുടെ പട്ടിക പരിശോധി ച്ചാൽ നൽകപ്പെട്ട വാഗ്ദാനങ്ങൾ പാലിക്കപ്പെടാതെ നാം കബളിപ്പിക്കപ്പെട്ടിരിക്കുന്നതായി കാണാം. നമ്മുടെ പക്കലുള്ള രേഖകളും, വസ്തു സ്ഥിതിവിവരക്കണക്കുകളും, അനുദിനം വർദ്ധിക്കുന്ന പ്രായോഗികതയിലും അനുഭവങ്ങളിലും ഊന്നിയുള്ള ഗവേഷണങ്ങളും, അപഗ്രഥനങ്ങളും ഇതാണ് തെളിയിക്കുന്നത്. ഉദാഹര ണമായി, 2001-ൽ പ്രസിദ്ധീകൃതമായ ലോക ഭക്ഷ്യ കാർഷിക സംഘടനയുടെ (FAO) പഠനത്തിൽ 1995-98 കാലത്ത് 14 വികസ്വര രാജ്യങ്ങളുടെ അനുഭവങ്ങളെ വിലയിരുത്തിയപ്പോൾ, ഈ രാജ്യങ്ങളിലേക്ക് നടന്ന ഭക്ഷ്യസാധനങ്ങളുടെ വിദേശ ഇറക്കുമതിയുടെ വർദ്ധനവ്, അവരുടെ മൊത്തം കാർഷികോത്പ്പന്നക്കയറ്റു മതിയുടെ വളർച്ചയേക്കാൾ വളരെ മടങ്ങ് ഉയർന്ന തോതിലായിരുന്നു എന്നാണ് കാണുവാൻ കഴിഞ്ഞത്. 1990-ന്റെ ആദ്യ പകുതിയിലെ ലോക വ്യാപാരത്തിന്റെ വളർച്ചയുമായി താരതമ്യം ചെയ്യുമ്പോൾ 1995-നു ശേഷമുള്ള കാലത്തെ വ്യാപാര പുരോഗതി മന്ദഗതിയിലാവുന്നതായി കാണാം. ഇതിനു കാരണം WTO ആയാലും അല്ലെങ്കിലും, ഇതിന് WTO യുടെ ആവിർഭാവവുമായി കാലികമായി പൊരുത്തമുള്ളതായി കാണാം. കൂടാതെ വികസ്വര രാജ്യങ്ങളും വികസിത രാജ്യങ്ങളും തമ്മിൽ സാമ്പത്തികവും രാഷ്ട്രീയവു മായ ശാക്തിക നിലകളിൽ ഉണ്ടായിരുന്ന വിടവുകൾ 7 വർഷത്തിനിടയിൽ കൂടുതൽ വിപുലമാവുകയും, ലോകവ്യാപാരസംഘടനയുടെ സമ്മർദ്ദത്തിൽ വികസിച്ചു കൊണ്ടിരിക്കുന്ന രാജ്യങ്ങളുടെ ദേശീയ നയങ്ങ ളെയും നിയമനിർമ്മാണ ചട്ടക്കൂടുകളെയും ശക്തമായി സ്വാധീനിക്കുകയും അവരെ പ്രതികൂലമായി ബാധി

---

***കുറിപ്പ്*** : *1995-96-ലെ കണക്ക് പ്രകാരം കേരളത്തിലെ 55 ലക്ഷം വ്യക്തിഗത കർഷകരിൽ (0.02 ഹെക്ടറിൽ താഴെ ഭൂമിയുള്ളവരെ ഒഴിച്ചു നിറുത്തിയാൽ) 51 ലക്ഷം (93%) കർഷകരുടേയും കൃഷിഭൂമി നാമമാത്രവും ഒരു ഹെക്ടറിൽ താഴെയുമാണ്. ഇതിന്റെ ശരാശരി വിസ്തൃതി 0.18 ഹെക്ടർ മാത്രവും. ഇതിനോട് ഒരു ഹെക്ട റിനും രണ്ടു ഹെക്ടറിനും, ഇടയിൽ ഭൂമിയുള്ള ചെറുകിട ഭൂവുടമകളേക്കൂടി ചേർത്താൽ, ഈ അനു പാതം 98% മായി ഉയരും (അതായത്, 54 ലക്ഷം ഭൂ ഉടമകളുണ്ട്. എന്നാലവരുടെ കൈവശഭൂമിയുടെ ശരാ ശരി വിസ്തൃതിയാകട്ടെ 0.23 ഹെക്ടർ മാത്രവും ആണ്.*

ക്കുകയും ചെറിയ വരുമാനക്കാരും, വരുമാനമാർഗ്ഗങ്ങൾ തീരെ കുറഞ്ഞ ദരിദ്ര കാർഷികജനകോടികളുടെ ഉപജീവനത്തെയും, നിത്യജീവിതത്തെയും, ക്ഷേമത്തെയും വളരെയേറെ അപകടത്തിലാക്കിയിട്ടുണ്ടെന്ന കാര്യത്തിൽ തർക്കമില്ല.

ഇതൊക്കെയാണെങ്കിലും, ഇന്ത്യ ഉൾപ്പെടെയുള്ള വികസ്വര രാജ്യങ്ങൾ ഇപ്പോൾ WTO കരാറുകളുടെ പരിധിക്കുള്ളിൽ തന്നെ ഉള്ള ചില വ്യവസ്ഥകളിൽ തങ്ങൾക്കു പ്രതികൂലമായിത്തീർന്നവയെ തിരിച്ച് അനുകൂലമാക്കുവാനുള്ള തത്രപ്പാടിലാണ് ഏർപ്പെട്ടിരിക്കുന്നത്. WTO കരാറുകൾ നൽകുന്ന അവസരങ്ങൾ വിനിയോഗിച്ച് നേട്ടം ഉണ്ടാക്കാനുള്ള ന്യായമായ പരിശ്രമങ്ങളിലൊന്നാണ് വികസ്വര രാജ്യങ്ങളിലെ ആഭ്യന്തര വിപണിയിലെ വ്യാപാരം വികസിപ്പിക്കുവാനും, ഉത്പാദനം വൈവിധ്യവത്ക്കരിക്കാനും ഉള്ള യത്നങ്ങൾ. ഈ യത്നങ്ങൾ വിജയിക്കണമെങ്കിൽ WTO കരാരുകൾക്ക് ആഭ്യന്തര ഉത്പാദനം, തൊഴിൽ സാദ്ധ്യത, ഭക്ഷ്യവും മറ്റു ഉപജീവന സുരക്ഷകൾ, പാരിസ്ഥിതിക സ്രോതസ്സുകൾ എന്നിവയുടെ മേലുള്ള യഥാർത്ഥ സ്വാധീനം ദേശീയ തലത്തിലും, സംസ്ഥാന തലത്തിലും വസ്തുനിഷ്ഠമായി അപഗ്രഥിച്ച് വിലയിരുത്തേണ്ടത് ആവശ്യമാണ്. ഇത്തരമുള്ള വിലയിരുത്തൽ തീർച്ചയായും പ്രാദേശികവും ദേശീയവുമായ പ്രതികരണവും, ആസൂത്രിതമായ പരിവർത്തനവും കൂടുതൽ തുറന്നതും, നീതിപൂർവ്വവും, അവസര തുല്യതയുള്ളതുമായ ഒരു വ്യാപാര സാഹചര്യത്തിന് രൂപം നൽകുന്നതിലേക്കെത്താൻ സഹായിക്കും.

### 1.1.2.2. കേരളത്തിൽ സുസ്ഥിരമായ വ്യാപാര സുരക്ഷാവ്യവസ്ഥയുടെ പ്രാധാന്യം

കേരളത്തിലെ കൃഷിയുടെ ശ്രദ്ധേയമായ സവിശേഷത വിവിധതരം സമ്മിശ്രവിളകൾക്ക് അനുയോജ്യവും ദീർഘകാലവിളകൾ വലിയൊരു പങ്കും വഹിക്കുന്ന-ഒട്ടേറെ അതിസൂക്ഷ്മമായ കാർഷിക പാരിസ്ഥിതിക ഘടകങ്ങളുടെ സാന്നിദ്ധ്യവും ഉള്ള ഒരു പ്രത്യേക കാർഷിക ഉത്പാദന വ്യവസ്ഥയാണ് കേരളത്തിനുള്ളത് എന്നതാണ്. കേരളം ഉത്പാദിപ്പിക്കുന്ന ചരക്കുകളുടെയും കാർഷിക ഉത്പ്പന്നങ്ങളുടെയും 80%-ൽ ഏറെയും, ആഭ്യന്തരവും അന്താരാഷ്ട്രീയവുമായ വിപണികളെ ആണ് ആശ്രയിക്കുന്നത്.

ഇന്ത്യയിലെ മൊത്തം തോട്ടവിളകളുടെ 45%വും കേരളമാണ് ഉത്പ്പാദിപ്പിക്കുന്നത്. ജനസംഖ്യയിൽ 20% ഉപജീവനത്തിന് തോട്ടവിളകളെയാണാശ്രയിക്കുന്നത്. മുഖ്യ തോട്ട-കരക്കൃഷി വിളകളാണ് നെല്ല്, മരച്ചീനി, വാഴ, റബ്ബർ, കാപ്പി, ഏലം, തേയില, അടയ്ക്ക, കശുവണ്ടി, കുരുമുളക്, നാളികേരം എന്നിവ. ഇവയിൽ കുറച്ചു വിളകൾ മാത്രമാണ് ഒറ്റ വിളയായി കൃഷി ചെയ്യുന്നത്. അതേസമയം ഏറിയ വിളകളും വ്യത്യസ്ത സമ്മിശ്ര-മിശ്ര-ഇടവിളകളായിട്ടാണ് കൃഷി ചെയ്യപ്പെടുന്നത്. തേയില, കാപ്പി, റബ്ബർ, ഏലം എന്നീ നാല് മുഖ്യ തോട്ട വിളകൾക്ക് ഗണ്യമായ അത്യാഹിതമാണ് നേരിടേണ്ടിവന്നത്.

അങ്ങനെ കേരളത്തിന്റെ സാമ്പത്തികസ്ഥിതിയിൽ അസാധാരണമായ പ്രതിസന്ധിയുണ്ടായി. സമുദ്രോത്പ്പന്നങ്ങളുടെ അന്താരാഷ്ട്ര വ്യാപാരരംഗത്തും കേരളത്തിന്റെ പങ്ക് വളരെ വലുതാണ്. 1995 മുതൽ കൃഷിയെ സംബന്ധിച്ച കരാറുകൾ (AOA) ക്ക് അനുരോധമായ നടപടികൾ നിലവിലായതിനെത്തുടർന്ന് കാർഷികോത്പ്പന്നങ്ങളുടെ വ്യപാരം ഉദാരവത്കരിക്കാൻ തുടങ്ങിയതോടുകൂടി കേരളത്തിന്റെ കാർഷികോത്പ്പന്നങ്ങൾക്കെല്ലാം ഇന്നോളം അഭിമുഖീകരിച്ചിട്ടില്ലാത്ത വിലത്തകർച്ചയാണ് നേരിടേണ്ടി വന്നത്. (ചിത്രം ഒന്നു നോക്കുക). ഈ പ്രതിസന്ധിയുടെ ക്ലേശഭാരം മുഴുവൻ താങ്ങേണ്ടിവന്നത് വളരെക്കുറച്ച് മാത്രം ഭൂമിയുള്ള കർഷകരും നാമമാത്രക്കൃഷിക്കാരും ആണ്. ഇവരാണ് കേരളത്തിന്റെ ഗ്രാമീണ തൊഴിൽശക്തി സമ്പത്തിന്റെ മുഖ്യഭാഗം. ഇവരുടെ ഉപജീവനം കൃഷിവിഭവങ്ങളുടെ കമ്പോള വിലയെ ആശ്രയിച്ചാണിരിക്കുന്നത്.

കൃഷിയെ സംബന്ധിച്ച കരാറുകൾ (AOA) ആഗോള കാർഷിക വ്യാപാരരംഗത്ത് വരുത്തിയ മാതൃകകളിലും മുൻഗണനാക്രമങ്ങളിലും ഉണ്ടാക്കിയ മാറ്റങ്ങളുടെ ഫലമായി ഉയർന്നുവന്ന പ്രതിസന്ധിയെ നേരിടുന്ന കാര്യത്തിൽ കേരള സർക്കാരിന്റെ യത്നങ്ങളെ സഹായിക്കുവാനായി, ലോകവ്യാപാരസംഘടനയും കേരളത്തിന്റെ കാർഷിക സമ്പദ് വ്യവസ്ഥയുമായി ബന്ധപ്പെട്ട വസ്തുതകൾ പഠിച്ച് റിപ്പോർട്ട് ചെയ്യുവാനും

---

**അടികുറിപ്പ് :** *നാളികേരവും റബ്ബറും ചേർന്ന്, ഏതാണ്ട് മൊത്തം കൃഷിഭൂമിയുടെ പകുതിയിലേറെ സ്ഥലത്ത് കൃഷി ചെയ്യപ്പെട്ടിരിക്കുന്നു. കൂടാതെ മൊത്തം കാർഷികവരുമാനത്തിന്റെ 2/3 ഭാഗവും, മൊത്തം കാർഷികവിളയുടെ ഉപവിഭാഗമായ നാളികേരത്തിന്റെയും റബ്ബറിന്റെയും വിലയിൽ നിന്നാണ് ഉണ്ടാവുന്നത്. മുകളിൽ കാണിക്കുന്ന കയറ്റുമതി വിളകൾക്ക് എല്ലാം കൂടി മൊത്തം കാർഷികവരുമാനത്തിന്റെ നാലിലൊന്നു ലഭിക്കുന്നു. എന്നാൽ ആ വിളകൾ എല്ലാം കൂടി ആകെ കൃഷിഭൂമിയുടെ 1/10 ഭാഗത്ത് ഒതുങ്ങി നിൽക്കുന്നു.*

നിർദ്ദേശങ്ങൾ നൽകുവാനുമായി ഡോ. എം.എസ്. സ്വാമിനാഥൻ അദ്ധ്യക്ഷനായി ഒരു കമ്മിഷൻ 2001-ലെ ജൂലൈ 31-ന് നിയമിക്കുകയുണ്ടായി. (അനുബന്ധം I കാണുക). ഇതെ തുടർന്ന് 2001 സെപ്തംബർ 31-ന് കമ്മിഷന്റെ പൂർണ്ണരൂപവും, കമ്മിഷന്റെ ശ്രദ്ധ പതിയേണ്ട പ്രത്യേക ഉത്പ്പന്നങ്ങളുടെ ലിസ്റ്റും തീരുമാനിക്കപ്പെട്ടു (അനുബന്ധം II കാണുക).

സർക്കാർ ഉത്തരവിനുശേഷം ഒട്ടും വൈകാതെ കമ്മിഷൻ ഡോ.കെ.എൻ. ശ്യാമസുന്ദരൻനായരുടെ ഉപാദ്ധ്യക്ഷതയിൽ പ്രവർത്തനമാരംഭിച്ചു. കമ്മിഷന് ആവശ്യമായ സെക്രട്ടേറിയൽ സഹായം നൽകിയത് കേരള സംസ്ഥാന ആസൂത്രണ കമ്മിഷനാണ്. കമ്മിഷൻ അഞ്ചു പ്രാവശ്യം ഔപചാരികമായി സമ്മേളിച്ചു, ചർച്ചകൾ ചെയ്തു. 2002 നവംബർ 6, 7 തീയതികളിൽ കോവളത്ത് ചേർന്ന അഞ്ചാമത്തെ സമ്മേളനത്തിൽ വച്ച് റിപ്പോർട്ടിന് അവസാന രൂപം നൽകുകയുണ്ടായി.

റിപ്പോർട്ടിന് രണ്ടു പ്രധാന ഭാഗങ്ങളാണുള്ളത്. ഒന്നാം ഭാഗത്തിൽ കമ്മിഷന്റെ പ്രവർത്തനത്തിനാവശ്യമായ വസ്തു സ്ഥിതി വിവരങ്ങൾ കേരളത്തിലെ പ്രതിസന്ധിക്ക് വിധേയരായ ജനവിഭാഗങ്ങളുടെയും, വ്യക്തികളുടെയും, പ്രസ്ഥാനങ്ങളുടെയും ഭാഗത്ത് നിന്നുള്ള സ്ഥിതിവിവരങ്ങൾ, ഇടക്കാല റിപ്പോർട്ടും, റിപ്പോർട്ടിന്റെ അന്തിമ രൂപവും തയ്യാറാക്കുവാൻ സ്വീകരിച്ച നടപടി ക്രമങ്ങളുമാണ് വിവരിക്കുന്നത്. രണ്ടാമത്തെ ഭാഗത്തിൽ കമ്മിഷൻ നിയോഗിച്ച വർക്കിംഗ് ഗ്രൂപ്പുകളുടെ വിശദമായ റിപ്പോർട്ടുകളും, അവർ തയ്യാറാക്കിയ പ്രത്യേക പഠനരേഖകളുടെ വിശദാംശങ്ങളും അടങ്ങിയിരിക്കുന്നു.

### 1.1.3 കമ്മിഷന്റെ പ്രവർത്തനരീതിയും സമീപനവും

1. പ്രവർത്തനത്തിന്റെ ആരംഭത്തിൽതന്നെ, കേരളസർക്കാർ കമ്മിഷനെ ചുമതലപ്പെടുത്തിയ കർത്തവ്യങ്ങളെ ആഴവും വ്യാപ്തിയും വളരെ സങ്കീർണ്ണമാണെന്ന് കമ്മിഷന് തിരിച്ചറിയാൻ കഴിഞ്ഞു. കർത്തവ്യം നിർവ്വഹിക്കുവാൻ കമ്മിഷൻ തിരഞ്ഞെടുത്ത മാർഗ്ഗം. ലഭ്യമായ എല്ലാ വിദഗ്ധ അഭിപ്രായങ്ങളും രേഖകളും പ്രയോജനപ്പെടുത്തുകയായിരുന്നു. ഒട്ടേറെ കൂടിയാലോചനകളും, ചർച്ചകളും, പൊതുജനങ്ങളിൽ നിന്നു നേരിട്ടുള്ള അറിവുകളും കിട്ടുവാനുള്ള അവസരങ്ങൾ ഒരുക്കുകയും ചെയ്തു. കൂടാതെ വിദഗ്ധരുടെ സഹായത്തോടെ തയ്യാറാക്കിയ നിരവധി പഠനങ്ങളിൽ നിന്നും പ്രയോജനകരമായ പല വസ്തുതകളും സ്വീകരിക്കുകയുമുണ്ടായി. കഴിഞ്ഞ 16 മാസക്കാലം കമ്മിഷൻ 4 സാധാരണ യോഗങ്ങളും ഒരു പ്രത്യേക സമ്മേളനവും കൂടുകയുണ്ടായി. ഇതുകൂടാതെ നിരവധി ചർച്ചകളിലൂടെയും, സമ്പർക്കങ്ങളിലൂടെയും, വിപുലമായ അഭിപ്രായ വൈവിധ്യത്തിലൂടെയും ഉരുതിരിഞ്ഞുവന്ന കാര്യങ്ങൾ കമ്മിഷന് പ്രയോജനപ്പെട്ടിട്ടുണ്ട്. കൂടാതെ ബന്ധപ്പെട്ട വിഷയങ്ങളിൽ വിദഗ്ധരായവർ, ഔദ്യോഗിക ഭാരവാഹികൾ, രാഷ്ട്രീയ കക്ഷി പ്രതിനിധികൾ, കർഷക സംഘടനകൾ, വിവിധ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാർ, വിശേഷിച്ചു സാങ്കേതികത്വം വികസിപ്പിച്ചെടുത്തവർ, കാർഷികവികസനത്തിന്റെ ചുമതലയുള്ളവർ, സംസ്ഥാന സർക്കാർ ഏജൻസികൾ, കമ്മോഡിറ്റി ബോർഡുകൾ, കേന്ദ്ര സർക്കാരിന്റെ വികസന അതോറിറ്റികൾ എന്നിങ്ങനെ വിപുലമായ ഒരു നിരതന്നെ കമ്മിഷന് വിവരങ്ങൾ ശേഖരിക്കുന്നതിനും നിഗമനങ്ങളിലെത്തുന്നതിനും സഹായിച്ചിട്ടുണ്ട്.

2. വ്യാപാരത്തെ ആകെ നിയന്ത്രിക്കുന്ന ഒരു സ്ഥാപനമെന്ന നിലയിൽ ലോക വ്യാപാര സംഘടനയുടെ ആരംഭ പശ്ചാത്തലവും, അതിൽ കൃഷിയെ സംബന്ധിച്ച കരാറുകളുടെ (AOA) നിർണ്ണായകമായ ഘടകങ്ങളും, വികസ്വര രാജ്യങ്ങളുടെ സമ്പദ്ഘടനയിൽ ലോക വ്യാപാരസംഘടന ചെലുത്തുന്ന നിർണ്ണായകമായ സ്വാധീനവും, വിശിഷ്യ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ മേലുള്ള സമ്മർദ്ദങ്ങളും, വിശദീകരിക്കുന്ന ചർച്ചകളുടെ രേഖകളും കമ്മിഷൻ തയ്യാറാക്കുകയുണ്ടായി. ഈ ചർച്ചാരേഖകൾക്ക് അനുബന്ധമായി വിവരസമ്പാദനത്തിന് പ്രശ്നോത്തരികൾ പലർക്കും അയച്ചു കൊടുക്കുകയുണ്ടായി. WTO യാൽ നിയന്ത്രിക്കപ്പെടുന്ന ലോക വ്യാപാരമേഖലയെപ്പറ്റി പൊതുവെയുള്ള വസ്തുതകളേയും, ഓരോരോ പ്രത്യേക ഉത്പ്പന്നത്തിന്റെ മേഖലയെക്കുറിച്ചുള്ള വിവരങ്ങളും, ആശയങ്ങളും, അഭിപ്രായങ്ങളും അടങ്ങിയ വസ്തു സ്ഥിതിവിവരക്കണക്കുകളും ഇതോടൊപ്പം സമാഹരിച്ചു. ചർച്ചാവിഷയങ്ങളും, പ്രസക്തമായ പ്രശ്നോത്തരികളും വിപുലമായി തന്നെ സർക്കുലേറ്റു ചെയ്യപ്പെടുകയുണ്ടായി. കമ്മിഷൻ സംഘടിപ്പിച്ച നിരവധി ചർച്ചകളിലും, കൂടിയാലോചനകളിലും, പങ്കെടുത്തവർക്കു പുറമേ സ്വാഭിപ്രായം രൂപീകരിക്കുന്നതിനും അവ പ്രകടിപ്പിക്കുന്നതിനും സന്നദ്ധരായ ഒരു വലിയ വിഭാഗത്തിന്റെ മുമ്പിലും കമ്മിഷന്റെ പ്രശ്നോത്തരികൾ

ചെന്നെത്തിയിട്ടുണ്ട്. അവരുടെ കൂട്ടത്തിൽ സംസ്ഥാന നിയമസഭാംഗങ്ങളും കേരളത്തിൽ നിന്നുള്ള ലോകസഭാ-രാജ്യസഭാംഗങ്ങളും, നിയമസഭയിൽ പ്രാതിനിധ്യമുള്ള കക്ഷികളുടെ പ്രതിനിധികളും വിവിധ രാഷ്ട്രീയ കക്ഷികൾ നയിക്കുന്ന കർഷകത്തൊഴിലാളി സംഘടനകളും, കർഷകരും, സംസ്ഥാനത്തെ വർത്തമാനപത്രങ്ങളുടെ പത്രാധിപന്മാരും ഉൾപ്പെടുന്നു.

എന്നാൽ പ്രശ്നോത്തരിയും, മറ്റു രേഖകളും ലഭിച്ച ഇവരിൽ മിക്കയാളുകളും അവരുടെ പ്രതികരണം അറിയിക്കാൻ കൂട്ടാക്കിയില്ല എന്ന വസ്തുത എടുത്തു പറയേണ്ടതാണ്. ഏതായാലും കമ്മിഷൻ വിളിച്ചുകൂട്ടിയ പബ്ലിക്ക് ഹിയറിംഗിൽ അഭിപ്രായം പ്രകടിപ്പിച്ചും, എഴുതിത്തന്നും സംസ്ഥാനത്തെ മുഖ്യ കിസ്സാൻ സംഘനടകൾ സഹകരിച്ചു എന്നു രേഖപ്പെടുത്താൻ കമ്മിഷന് സന്തോഷമുണ്ട്.

3. കമ്മിഷന്റെ കാലപരിധിക്കുള്ളിൽ നാലുവട്ടം ശുപാർശകൾ സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. (അനുബന്ധങ്ങൾ 3 മുതൽ 6 വരെ കാണുക). ഈ റിപ്പോർട്ടുകളിലെ ശുപാർകളിന്മേൽ, അപ്പപ്പോൾതന്നെ അനുയോജ്യമായ നടപടികളും തുടർനടപടികളും കേരള സർക്കാർ സ്വീകരിച്ചു എന്നു രേഖപ്പെടുത്തട്ടെ.

### 1.1.4 കമ്മിഷൻ യോഗങ്ങൾ

#### 1.1.4.1 തലപുകഞ്ഞ ചർച്ചകൾ 2001 ആഗസ്റ്റ് 25-26 (Brain Storming Consultation)

കമ്മിഷന്റെ രൂപീകരണത്തിനുശേഷം താമസിയാതെ (മുഴുവൻ കമ്മിഷനംഗങ്ങളും നിയമിതരാകും മുമ്പ്) പ്രൊഫ. എം.എസ്. സ്വാമിനാഥന്റെ അദ്ധ്യക്ഷതയിൽ 2001 ആഗസ്റ്റ് 25, 26 തീയതികളിൽ തിരുവനന്തപുരത്ത് ഒരു ദ്വിദിന ബ്രെയിൻ സ്റ്റോമിംഗ് ചർച്ചാ സമ്മേളനം സർക്കാർ വിളിച്ചുകൂട്ടി. ലോക വ്യാപാര കരാറിന്റെ (WTA) സ്വാധീനം ഏതെല്ലാം മേഖലകളിലാണ് അനുഭവപ്പെടുന്നത് എന്ന് തിരിച്ചറിയുകയും, സംസ്ഥാനത്തിന്റെ കാർഷിക സമ്പദ്ഘടനയെ അവ എങ്ങിനെ ബാധിക്കുന്നു എന്ന് പൊതുവേയും, (AOA) കരാർ വ്യവസ്ഥകൾ എത്ര ആഴത്തിലും വ്യാപ്തിയിലും ആണ് കേരളത്തിലെ കൃഷിയെയും അനുബന്ധ മേഖലകളെയും സ്വാധീനിക്കുന്നതെന്നും, കൃഷിയെ ആശ്രയിച്ചു ഉപജീവനം നടത്തുന്ന വലിയൊരു ജനവിഭാഗത്തിന്റെ ജീവിതസുരക്ഷയ്ക്കു അവ എത്രമാത്രം ഭീഷണിയായിരുന്നു എന്നും വിലയിരുത്തുക എന്നതായിരുന്നു ഈ ചർച്ചാ സമ്മേളനത്തിന്റെ പ്രധാന ലക്ഷ്യം. കൃഷികാര്യങ്ങളിൽ സജീവതാൽപര്യമുള്ള യോഗത്തിൽ പങ്കെടുത്തവരെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് അവയുമായി സമ്മേളനാദ്ധ്യക്ഷൻ വിപുലമായ ചർച്ചകൾ നടത്തുകയുണ്ടായി. ഈ ചർച്ചകളിൽ, കർഷകർക്കുപുറമെ, കമ്മോഡിറ്റി ബോർഡ് പ്രതിനിധികൾ, നാനാ വകുപ്പിലെയും ഉയർന്ന ഉദ്യോഗസ്ഥൻമാർ, സർക്കാരിന്റെ വിവിധ ഏജൻസികൾ, ഉത്പാദനം, കാർഷിക പുരോഗതി, മുഖ്യ കാർഷികവിളകളുടെ ചുമതലയുള്ളവർ, എന്നിങ്ങനെയുള്ളവരായിരുന്നു ചർച്ചയിൽ പങ്കെടുത്തവരിൽ പ്രമുഖർ. കമ്മിഷൻ പിന്നീട് നടത്തിയ ചർച്ചാ സമ്മേളനങ്ങളിൽ (അവസാന സിറ്റിംഗിൽ ഒഴികെ) എല്ലാം തന്നെ ഇത്തരം തലപുകഞ്ഞ ചർച്ചകൾ വിപുലമായി നടത്തപ്പെട്ടതിന്റെ ഫലമായി, കേരളത്തിന്റെ മുഖ്യ കാർഷികവിഭവങ്ങളുടെ സ്ഥായിയായ സുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളും സുസ്ഥിര സുരക്ഷയ്ക്കായി അടിയന്തിരമായും ദീർഘകാലാടിസ്ഥാനത്തിലും മറ്റും നാം സ്വീകരിക്കേണ്ട നടപടികളെപ്പറ്റി വ്യക്തമായ അറിവും അവബോധവും നൽകുന്ന വിപുലമായൊരു വീക്ഷണമാണ് കമ്മിഷന് ലഭിച്ചത്.

സംസ്ഥാനത്തിന്റെ കാർഷിക സമ്പദ് വ്യവസ്ഥയുടെ മേൽ WTO ചെലുത്തുന്നതായി പൊതുവേ ആരോപിക്കപ്പെടുന്ന സ്വാധീനം എന്താണെന്നും, കമ്മിഷൻ അഭിമുഖീകരിക്കേണ്ട മുഖ്യപ്രശ്നങ്ങളുടെ മുൻഗണനാക്രമം എന്താണെന്നും അറിയുവാനും, ബഹുജനങ്ങൾക്കിടയിൽ ഇവയെപ്പറ്റി വിപുലമായ ധാരണ ഉണ്ടാക്കുവാനും ഈ ചർച്ചാ സമ്മേളനത്തിന് കഴിഞ്ഞു. ബ്രെയിൻ സ്റ്റോമിംഗ് ഡിസ്കഷനിൽ നിന്നു പുറത്തുവന്ന അദ്ധ്യക്ഷന്റെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ, കാർഷിക സമ്പദ്ഘടനയുടെ വിവിധ ഉപവിഭാഗങ്ങളിൽ പ്രത്യേകം പരിഗണിക്കേണ്ട ഉത്പ്പന്നങ്ങളെപ്പറ്റി അറിവും, വിദഗ്ധ പരിശീലനവും സിദ്ധിച്ച 10 അംഗങ്ങളടങ്ങിയ ഒരു കമ്മിഷനെ നിയമിക്കുവാൻ സർക്കാർ മുൻകൈ എടുക്കുകയുണ്ടായി.

#### 1.1.4.2 കമ്മിഷന്റെ ആദ്യ സിറ്റിംഗ്-2001 ഒക്ടോബർ-9-ന്

1. കമ്മിഷന്റെ മുഴുഅംഗ ആദ്യ സമ്മേളനം 2001 ഒക്ടോബർ 9-ന് കോഴിക്കോട് ചേർന്നു. കമ്മിഷൻ അംഗങ്ങൾക്കു പുറമേ, കമ്മോഡിറ്റി ബോർഡിന്റെയും ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികളും,

മൃഗസംരക്ഷണം, സമുദ്രോത്പ്പന്ന വകുപ്പ് എന്നിവയുടെ ഏജൻസികളും ചർച്ചയിൽ പങ്കെടുത്തു. കമ്മിഷന്റെ അവഗാഢമായ അപഗ്രഥനം വേണ്ടതായ ഒൻപത് മേഖലകളും കാർഷിക വിഭവങ്ങളും വേർതിരിച്ചറിയുകയും, പുതിയ വ്യാപാര പരിതസ്ഥിതികളുയർത്തുന്ന വെല്ലുവിളികളെയും അതോടൊപ്പം അവ വാഗ്ദാനം ചെയ്യുന്ന അവസരങ്ങളെയും തിരിച്ചറിയുകയും അവയെ കൈകാര്യം ചെയ്യുന്നതിന് അനുയോജ്യമായ നടപടിക്രമങ്ങൾക്ക് രൂപം നൽകുകയും ചെയ്തു. നാളികേരവും റബ്ബറും അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ട വിളകളാണെന്ന് ബോദ്ധ്യമായി. കമ്മിഷനെ നിയമിച്ചുകൊണ്ടുള്ള ഉത്തരവിൽ, ആവശ്യമുള്ളപ്പോൾ ബന്ധപ്പെട്ട വിവിധ സ്ഥാപനങ്ങളുടെയും സംഘടനകളുടേയും വിദഗ്ധരടങ്ങിയ ടാസ്ക് ഫോഴ്സുകളെ നിയമിച്ച് പ്രവർത്തിപ്പിക്കാൻ കമ്മിഷനെ ചുമതലപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് ഒൻപത് ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ച് ഓരോന്നിനും, ഓരോ അദ്ധ്യക്ഷന്റെ മേൽനോട്ടത്തിൽ ഓരോ വിഷയവും കൈകാര്യം ചെയ്ത് റിപ്പോർട്ടു ചെയ്യുവാൻ നിയോഗിച്ചു. എന്നാൽ എല്ലാ ടാസ്ക് ഫോഴ്സുകൾക്കും കമ്മിഷൻ ആഗ്രഹിച്ചതുപോലെ പ്രവർത്തിക്കുവാൻ സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുവദിച്ചില്ല. അതിനാൽ കൂടുതൽ വിദഗ്ധരായവരെ കണ്ടുപിടിച്ച് അവരിൽ നിന്നും വേണ്ട സഹായങ്ങൾ സ്വീകരിച്ചു, അതിന്റെ ഫലമായി ചില സുപ്രധാന മേഖലകളിൽ വെളിച്ചം ലഭിക്കുകയും, കമ്മിഷന്റെ പ്രവർത്തനം സുഖകരമാക്കാൻ സഹായിക്കുന്ന രേഖകൾ അവരിൽ നിന്നും സമാഹരിക്കുകയും ചെയ്തു.

2. കേരള സർക്കാരിന്റെ കാർഷിക ഉത്പാദന കമ്മിഷണറുടെ പ്രത്യേക അഭ്യർത്ഥനയനുസരിച്ചും, കേരളം അഭിമുഖീകരിക്കുന്ന പ്രതിസന്ധി കണക്കിലെടുത്തും ഹ്രസ്വമായ ഒരു അടിയന്തിര ഇടക്കാല റിപ്പോർട്ട് മുഖ്യമന്ത്രിക്ക് കമ്മിഷൻ നൽകിയിരുന്നു. 2001 നവംബറിൽ ദോഹയിൽ നടക്കുന്ന ലോക വ്യാപാരസംഘടനയുടെ മിനിസ്റ്റീരിയൽ തല സമ്മേളനത്തിൽ, ഇന്ത്യ അവതരിപ്പിക്കേണ്ട ദേശീയ പരിപാടി (National Agenda) എന്തായിരിക്കണമെന്ന് തീരുമാനിക്കുവാൻ എല്ലാ സംസ്ഥാന മുഖ്യമന്ത്രിമാരുടെയും, കേന്ദ്രമന്ത്രിമാരുടെയും സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പങ്കെടുക്കാൻ പോവുകയായിരുന്ന കേരള മുഖ്യമന്ത്രിക്കു കമ്മിഷൻ സമർപ്പിച്ച നിർദ്ദേശങ്ങളും ശുപാർശകളും (2002 ഒക്ടോബർ 2-ന്) അനുബന്ധമായി ഈ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട് (അനുബന്ധം IV കാണുക).

### 1.1.4.3 2001 നവംബർ 23-ലെ യോഗം (സിറ്റിംഗ്)

1. കമ്മിഷന്റെ രണ്ടാമത്തെ യോഗം 2001-നവം. 26-ന് കൽപ്പറ്റയിലെ ഡോ. എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന, കാർഷിക ജൈവ വൈവിധ്യ കേന്ദ്രത്തിൽ വച്ചു നടന്നു. സുസ്ഥിരമായ ഒരു കാർഷികോത്പാദന വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനേയും, കാർഷികോത്പ്പന്നങ്ങളുടേയും സമുദ്രോത്പ്പന്നങ്ങളുടേയും കയറ്റുമതിയിൽ ഉയർന്നു വന്നിട്ടുള്ള പ്രശ്നങ്ങളെപറ്റിയും ആലോചിക്കുകയായിരുന്നു യോഗത്തിന്റെ മുഖ്യ അജണ്ട. കാർഷികോത്പ്പന്നങ്ങൾക്കു പുറമേ മൃഗസമ്പത്ത്, ക്ഷീരം, മാംസം, മുട്ട, കശുവണ്ടി എന്നിവയെക്കുറിച്ചും യോഗം പര്യാലോചിക്കുകയുണ്ടായി. ഈ മേഖലകളിലെ പ്രശ്നങ്ങളെ അവഗാഹമായി അപഗ്രഥിക്കുകയും പ്രശ്നപരിഹാരത്തിന് ആവശ്യമായ നടപടിക്രമങ്ങൾക്ക് രൂപം നൽകുവാനുമായി ടാസ്ക് ഫോഴ്സുകൾ രൂപീകരിക്കുവാനും യോഗം തീരുമാനിച്ചു. സംസ്ഥാന നാളികേര വികസന കോർപ്പറേഷന്റെ മുൻ അദ്ധ്യക്ഷൻ ഡോ. പി. രത്തിനത്തിന്റെ അദ്ധ്യക്ഷതയിലുള്ള ടാസക് ഫോഴ്സിന്റെ റിപ്പോർട്ട് ചർച്ച ചെയ്തു. പ്രസ്തുത റിപ്പോർട്ട് വിശദമായി പരിശോധിച്ചു വേണ്ട ശുപാർശകൾ സർക്കാരിന്റെ പരിഗണനയ്ക്കായി വയ്ക്കുവാൻ ഒരു ഉപസമിതി രൂപീകരിക്കാനും തീരുമാനിച്ചു. ടാസ്ക് ഫോഴ്സ് അംഗം ഡോ. ജോൺ കുര്യൻ ലോകവ്യാപാര കരാറിന്റെ (WTA) സ്വാധീനം മത്സ്യവ്യാപാരമേഖലയിൽ ഉണ്ടാക്കിയ പ്രത്യാഘാതത്തെ പരാമർശിക്കുന്ന പഠനം അവതരിപ്പിച്ചതിൽ, കേരളത്തിന്റെ മത്സ്യവ്യാപാര വ്യവസായ മേഖലകളിൽ (WTA) കരാറുകളുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞു വന്നിട്ടുള്ള യഥാർത്ഥ സാധ്യതകളുടെ പുനരവലോകനം നടത്തിയിരുന്നു. കേരളത്തിലെ വയനാട് ജില്ലയിലെ കാപ്പിയുടേയും, മറ്റു തോട്ടവിളകളുടേയും ഏറ്റവും വലിയ ഉത്പാദകനും, സംസ്ഥാനത്തെ ഗിരിവർഗ്ഗ ജനസംഖ്യയിൽ പകുതിയിൽ അധികം വരുന്ന ജനതയുടെ വാസകേന്ദ്രവുമായ വയനാട് ജില്ലയിലെ കൽപ്പറ്റയിലാണ് ഈ യോഗം ചേർന്നത് എന്നതിനാൽ ഈ അവസരം വിനിയോഗിച്ചുകൊണ്ട്, കമ്മിഷൻ സാമൂഹികമായി ഏറ്റവും പിന്നോക്കവും അതേസമയം സാമ്പത്തികമായി

സമ്പന്നവുമായ ഈ മേഖലയിൽ സ്ഥായീഭാവമുള്ള ഒരു കാർഷികവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിന് വെല്ലുവിളിയായ വസ്തുതകളെപ്പറ്റി വിശദമായ ചർച്ചകളാണ് നടത്തിയത്. ശ്രീ. എം.പി. സനത്കുമാർ അദ്ധ്യക്ഷനും ഒരു കൂട്ടം ശാസ്ത്രജ്ഞന്മാരും വിദഗ്ധൻമാരും കർഷകരും, പൗരവകാശ അതോറിറ്റികളും അംഗങ്ങളുമായി ഒരു ജില്ലാതല വിദഗ്ധ സമിതി വയനാടിന്റെ സമഗ്ര കാർഷിക വികസനത്തിനായുള്ള നിർദ്ദേശങ്ങൾ കമ്മിഷന്റെ മുമ്പിൽ വയ്ക്കുകയുണ്ടായി.

2. പ്രതിവിധി നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ് എന്നതിനാലും, അത്തരം നടപടിക്കാവശ്യമായ സാമ്പത്തികമായ പിന്തുണ ആവശ്യമായതിനാലും, 2002-03 സാമ്പത്തികവർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ധനസഹായത്തിന് വകകൊള്ളിക്കുന്നതിനും, കമ്മിഷൻ ഒരു കൂട്ടം ഇടക്കാല ശുപാർശകൾ 2002 ഫെബ്രുവരി 26-ന് സർക്കാരിന്റെ പരിഗണനയ്ക്കും, ബഡ്ജറ്റ് പ്രൊവിഷനും ആയി സമർപ്പിച്ചതിന്റെ ഫലമായി സംസ്ഥാന ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഈ വികസന പദ്ധതി പ്രതിഫലിക്കുകയുണ്ടായി.

#### 1.1.4.4. മൂന്നാം സിറ്റിംഗ്-2002 ജൂലായ് 18-19

1. കമ്മിഷന്റെ മൂന്നാമത്തെ യോഗം 2002 ജൂലൈയ് 18, 19 തീയതികളിൽ തിരുവനന്തപുരത്ത് ചേർന്നു. ഇതിൽ വിവിധ റിപ്പോർട്ടുകളുടെ വ്യാഖ്യാനസമേതമുള്ള ഒരു കരടു രൂപരേഖയെ പരിശോധിച്ച് പുനരവലോകനം നടത്തി. റബ്ബർ, കുരുമുളക്, ജൈവകൃഷി, സുഗന്ധദ്രവ്യങ്ങൾ, തേയില, കാപ്പി, കൂടാതെ മാധ്യമങ്ങൾ, ബൗദ്ധികസ്വത്തവകാശ നിയമങ്ങൾ (IPR), ജൈവവൈവിധ്യം, കാർഷിക ഉത്പ്പന്നങ്ങളുടെ കയറ്റുമതി, സംസ്കരണ (Processing) മേഖല എന്നിവയെപ്പറ്റി പഠിക്കാൻ നിയുക്തരായ ടാസ്ക് ഫോഴ്സുകൾ അവതരിപ്പിച്ച റിപ്പോർട്ടുകളാണ് ചർച്ചാവിധേയമായത്.

അവയിൽ ഉൾപ്പെട്ടിരുന്ന റിപ്പോർട്ടുകൾ താഴെപറയുന്നു:

റബ്ബർ ഉത്പാദന കമ്മിഷണർ ഡോ.എ.കെ. കൃഷ്ണകുമാർ റബ്ബർ ബോർഡ് അഭിമുഖീകരിക്കുന്ന വെല്ലുവിളികളും, WTO കരാർ വ്യവസ്ഥകൾ അനുസരിച്ച് റബ്ബർ മേഖലയ്ക്ക് ലഭ്യമായിട്ടുള്ള അവസരങ്ങളും സംബന്ധിച്ച റിപ്പോർട്ട് വച്ചു. സംസ്ഥാന സ്പൈസസ് (സുഗന്ധദ്രവ്യ - വ്യഞ്ജന) ബോർഡിന്റെ മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.സി.കെ. ജോർജ്ജ് (ഇപ്പോൾ ജൈവോത്പ്പന്ന കയറ്റുമതി ഡിവിഷന്റേയും, പീരുമേട് വികസന സമിതിയുടേയും ഉപദേഷ്ടാവ്) കേരളത്തിൽ ജൈവകൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കുന്നതിനുള്ള വമ്പിച്ച സാദ്ധ്യതകൾ, നേട്ടങ്ങൾ, പരിമിതികൾ എന്നിവയെ സംബന്ധിച്ച് തയ്യാറാക്കിയ റിപ്പോർട്ടും ഇതിലൊന്നാണ്.

ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ (ICAR) മുൻ അസി. ഡയറക്ടർ ജനറൽ ഡോ. എസ്. ബാലരവി ബൗദ്ധികസ്വത്തവകാശ (IPR) ത്തേയും, ജൈവ വൈവിധ്യത്തേയും സംബന്ധിച്ചുള്ള റിപ്പോർട്ടും, 38 തിപ്പലിയും മറ്റു സുഗന്ധദ്രവ്യങ്ങളുടെയും കാര്യങ്ങൾ അടങ്ങിയ ഡോ. കെ.വി. പീറ്ററിന്റെ റിപ്പോർട്ടും അവലോകനം ചെയ്യപ്പെട്ടു.

മാധ്യമരംഗത്തെ പ്രശ്നങ്ങളെപ്പറ്റി പഠിച്ച് ശുപാർശ ചെയ്യാൻ നിയുക്തയായ ടാസ്ക് ഫോഴ്സംഗം ഡോ. പാർവ്വതി മേനോന്റെ നിർദ്ദേശങ്ങളും, കേരള കൃഷി വകുപ്പ് സെക്രട്ടറി ശ്രീ. സി.എസ്. ശ്രീനിവാസൻ (കമ്മിഷനംഗം) കാർഷികോത്പ്പന്ന കയറ്റുമതി-പ്രോസസിംഗ് സോണുകൾ സ്ഥാപിക്കുന്നതിന്റെ ആവശ്യവും, സാദ്ധ്യതകളും, പരിമിതികളും സംബന്ധിച്ചുള്ള റിപ്പോർട്ടും ഈ സിറ്റിംഗിൽ ചർച്ച ചെയ്യപ്പെട്ടു.

2. ജൈവകൃഷിയെ സംബന്ധിച്ച് പറഞ്ഞാൽ ഈ മേഖല സംസ്ഥാനത്തിനും ഇന്ത്യയ്ക്കാകെയും പുതിയ വ്യാപാര സാദ്ധ്യകളും അവസരങ്ങളും വാഗ്ദാനം ചെയ്യുന്ന ഒന്നാണെന്നാണ് കമ്മിഷന് തോന്നുന്നത്. അന്താരാഷ്ട്ര വ്യാപാരരംഗത്തെ പ്രവണതകളെയും, ഈ രംഗവുമായി ഡബ്ല്യൂ.ടി.ഒ.യ്ക്കുള്ള ബന്ധങ്ങളെയും പറ്റിയുള്ള വിവരങ്ങളുടെയും അറിവുകളുടെയും പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ട് ഒരു **ദേശീയ ജൈവ കാർഷിക ഇൻസ്റ്റിറ്റ്യൂട്ട്** കേരളത്തിൽ സ്ഥാപിക്കണമെന്ന് കേരള സർക്കാരിനോട് കമ്മിഷൻ നിർദ്ദേശിക്കുന്നു. അതുപോലെ അന്താരാഷ്ട്രവ്യാപാരത്തെ കുറിച്ച് കൂടുതൽ കാര്യക്ഷമമായ അറിവു നേടുന്നതിനായി ഒരു **കല്പിത സർവ്വകലാശാല** (Virtual University)സ്ഥാപിക്കണമെന്നും ശുപാർശ ചെയ്യാൻ ഈ യോഗം തീരുമാനിച്ചു.

3. 2002 ജൂലായ് 20 ന് നടന്ന മൂന്നാം സിറ്റിംഗിനുശേഷം കമ്മിഷന്റെ മൂന്നാം ഇടക്കാല റിപ്പോർട്ടും ശുപാർശകളും സർക്കാരിന് സമർപ്പിച്ചു. (അനുബന്ധം 6 കാണുക)

### 1.1.4.5 നാലാം സിറ്റിംഗ്(2002 സെപ്ത: 11)

2003–ൽ മെക്സിക്കോയിലെ കാൻകൂണിൽ കൂടുവാൻപോകുന്ന ഡബ്ല്യൂ.ടി.ഒ. യുടെ മിനിസ്റ്റീരിയിൽതല സമ്മേളനം ചേരുമ്പോൾ അതിൽ പങ്കെടുത്തുകൊണ്ട് ഇന്ത്യയുടെ സ്ഥിതിഗതികൾ അവതരിപ്പിക്കേണ്ടതായിട്ടുള്ളതിനാൽ അതിനുമുമ്പായി ഡബ്ല്യൂ.ടി.ഒ. കരാറുകളുടെ പശ്ചാത്തലത്തിൽ വിപണിപ്രാപ്യതയെയും മറ്റനുബന്ധ പ്രശ്നങ്ങളെക്കുറിച്ചും കേരള സർക്കാരിന്റെ നിലപാടുകൾ എന്താണെന്ന് കേന്ദ്രസർക്കാരിനെ അറിയിക്കുവാനും ധാരണയിലേർപ്പെടുവാനും ആയി കമ്മിഷന്റെ വീക്ഷണങ്ങൾ കേരള സർക്കാരിന് നൽകുവാൻ ആവശ്യപ്പെട്ടതിനെ തുടർന്ന് കമ്മിഷൻ 2002 സെപ്തം. 11 ന് എറണാകുളം ജില്ലയിലെ ആലുവയിൽ യോഗം ചേർന്നു. ഈ യോഗത്തിൽ കമ്മിഷനിലെ അംഗങ്ങൾക്കു പുറമെ, റബ്ബർ ബോർഡിന്റെ റബ്ബർ പ്രൊഡക്ഷൻ കമ്മിഷണർ, നാളികേര വികസന ബോർഡിന്റെ ഡയറക്ടർ, കയർ ബോർഡിന്റെ ചെയർ പേഴ്സൺ, സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹന–വികസന അതോറിറ്റിയുടെ ചെയർപേഴ്സൺ, കേരള അഗ്രോ–മെഷിനറി കോർപ്പറേഷൻ സെക്രട്ടറി, സ്പൈസസ് ബോർഡ് പ്രതിനിധി, മറ്റു സ്ഥാപനങ്ങളിലെ ഉന്നത ഉദ്യോഗസ്ഥന്മാർ എന്നിവരും പങ്കെടുക്കുകയുണ്ടായി. യോഗത്തിൽ, ഡബ്ല്യൂ.ടി.ഒ. യുടെ നിയന്ത്രണത്തിൽ ഇന്നുള്ള വിപണി പ്രാപ്യതയുടെ പ്രശ്നങ്ങൾ തിരിച്ചറിയുവാനും, വിപണിയെ സംബന്ധിച്ച കാര്യങ്ങൾ വിശദീകരിക്കുവാനും, ആവശ്യമായ ചട്ടക്കൂട് എന്താണെന്നും ഇന്ത്യ ഡബ്ല്യൂ.ടി.ഒ. യിൽ അംഗമായതിനുശേഷം എങ്ങനെ ഡബ്ല്യൂ.ടി.ഒ. യുടെ കരുതൽ വ്യവസ്ഥകൾ നടപ്പിൽ വരുത്താമെന്നും വ്യക്തമാക്കുന്ന പേപ്പറുകൾ കമ്മിഷൻ വിതരണം ചെയ്തിരുന്നു. ഇതുകൂടാതെ ഓരോ വിളയുടെയും ഉത്പ്പന്നത്തിന്റെയും സവിശേഷ പ്രശ്നങ്ങളിന്മേൽ ഫലപ്രദമായ ചർച്ചകൾ ഏകോപിക്കുന്നത് സുകരമാക്കാൻ ഒരു പ്രശ്നോത്തരിയും വിതരണം ചെയ്തു. കേരളത്തിന്റെ സുപ്രധാനവിളകളായ വിശേഷിച്ചും, നാളികേരം, റബ്ബർ, കുരുമുളക്, കാപ്പി, തേയില, ഏലം എന്നിവയെപറ്റിയുള്ളതായിരുന്നു പ്രസ്തുത പ്രശ്നോത്തരി. ഓരോ വിളയെയും കുറിച്ചുള്ള വിവരങ്ങൾ നൽകുവാൻ അതാതുമായി ബന്ധപ്പെട്ട കമ്മോഡിറ്റി ബോർഡിനോടാണ് ആവശ്യപ്പെട്ടിരുന്നത്. കാരണം അവരാണ് കേന്ദ്രസർക്കാരിന്റെ കയറ്റുമതി–ഇറക്കുമതി നയങ്ങളിലും മുകളിൽപ്പറഞ്ഞ വിളകളെ സംബന്ധിച്ച എ.ഒ.എ. യുടെ വ്യവസ്ഥകളിലും മറ്റും കേന്ദ്രസർക്കാരിനെ ഉപദേശിക്കുന്നത്. ഇവരിൽനിന്നും വിലയേറിയ ആശയങ്ങളും, വിവരങ്ങളും നിർദ്ദേശങ്ങളും കമ്മിഷന് ലഭിക്കുകയുണ്ടായി. അങ്ങനെ ഓരോരോ വിഷയത്തിലും കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ വീക്ഷണങ്ങളെ പരസ്പരം കോർത്തിണക്കുവാൻ ഈ നിർദ്ദേശങ്ങൾ വളരെയേറെ സഹായിച്ചിട്ടുണ്ട്. ഇതുകൂടാതെ കേരളത്തിലെ കർഷകജനസാമാന്യത്തിന്റെ താല്പര്യങ്ങൾ അടങ്ങിയ മേഖലകളും, സംസ്ഥാനത്തിന്റെ കാർഷിക സമ്പദ്‌വ്യവസ്ഥയും, കേന്ദ്ര സർക്കാരിന്റെ കാർഷികനയവും തമ്മിൽ ഇണക്കിച്ചേർക്കാനുള്ള മാർഗ്ഗങ്ങളും കണ്ടെത്തേണ്ടതുണ്ടായിരുന്നു. അങ്ങനെ കേരളത്തിന്റെയും കേന്ദ്രത്തിന്റെയും നിലപാടുകളെ ഏകലക്ഷ്യത്തിലേക്ക് കേന്ദ്രീകരിച്ചാൽ മാത്രമേ സംസ്ഥാനത്തെ കർഷകരുടെ താല്പര്യങ്ങളെ, വിശേഷിച്ചും അവരുടെ ഉപജീവന സുരക്ഷയ്ക്കുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കാനാവുകയുള്ളൂ. അതിനാൽ വിപണിപ്രാപ്യത സുഖകരമാക്കാനുള്ള നിർദ്ദേശങ്ങളും ശുപാർശകളും കമ്മിഷന്റെ നാലാം ഇടക്കാല റിപ്പോർട്ടിൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. (അനുബന്ധം 7 കാണുക)

വിപണി പ്രാപ്യതയുമായി ബന്ധപ്പെട്ട് കമ്മിഷൻ കണ്ടെത്തിയിട്ടുള്ളതും, കേന്ദ്രസർക്കാരിന്റെ സജീവ പരിഗണന അർഹിക്കുന്നതുമായ പ്രശ്നങ്ങൾ താഴെക്കാണുന്ന വിഭാഗത്തിൽ പെടുന്നു.

* താരിഫു ചുമത്തൽ
* കാർഷിക ഉത്പ്പന്നങ്ങളുടെ ഇറക്കുമതിയുടെ അളവുപരമായ നിയന്ത്രണങ്ങൾ(ക്യൂ.ആർ.എസ്.)
* ബൗണ്ട് നിരക്കുകൾ
* കയറ്റുമതി ഉത്പ്പന്നങ്ങളുടെ ശുചിത്വത്തെ സംബന്ധിച്ച സാനിട്ടറി ഫൈറ്റോസാനിട്ടറി വ്യവസ്ഥകളുയർത്തുന്ന പ്രശ്നങ്ങൾ
* ലോക വ്യാപാരം സംബന്ധിച്ച കാര്യങ്ങളിൽ അയൽരാജ്യങ്ങളുമായി വിശേഷിച്ചും ശ്രീലങ്കയുമായി സഹകരിച്ചുകൊണ്ട് ഒരു പൊതുനിലപാട് സ്വീകരിക്കുക. ഇന്ത്യാ–ശ്രീലങ്ക റബർ ഉത്പ്പാദകരുടെ ഒരു അസോസിയേഷൻ രൂപീകരിക്കുക.

കേരളത്തിൽ കാർഷിക ഉത്പ്പന്നങ്ങൾക്ക് വിപണിപ്രാപ്യത സുകരമാക്കാൻ കൃഷിയെ സംബന്ധിച്ച കരാറിൽ (എ.ഒ.എ) മാറ്റങ്ങൾ വരുത്തുവാൻ പരമാവധി ശ്രമിക്കുമ്പോൾ തന്നെ, കേരളം, ഉത്പാദനക്ഷമത, ഗുണനിലവാര മൂല്യവർദ്ധനവ്, ഉത്പാദനച്ചെലവ് കുറയ്ക്കൽ, ഉത്പ്പന്ന വൈവിധ്യവത്കരണം, അതിനൂതനമായ മൂല്യവർദ്ധന (അതോടൊപ്പം വിളവെടുപ്പിനുശേഷം പുതിയ ശാസ്ത്രസങ്കേതങ്ങൾ തിരഞ്ഞെടുക്കുക)

എന്നീ തന്ത്രങ്ങൾ സ്വീകരിക്കുമ്പോൾ അവ തീർച്ചയായും കേരളത്തിന്റെ വിപണിയിലെ മാത്സര്യശേഷിക്ക് മൂർച്ചകൂട്ടുകതന്നെ ചെയ്യും. അതുപോലെ സംസ്ഥാനത്തിന്റെ കാർഷികമേഖലയിൽനിന്നും വിശിഷ്യാ തോട്ട വിളകളിലും മൃഗസംരക്ഷണം, സമുദ്രോത്പ്പന്നങ്ങൾ എന്നീ രംഗങ്ങളിലെ പുരോഗതിയിൽനിന്നും നാട്ടിൽ സമ്പദ്സമൃദ്ധി കൈവരിക്കാനും കഴിയും. എങ്കിലും മുകളിൽ പറഞ്ഞ ആഭ്യന്തര വികസന പരിപാടികൾ കൊണ്ടുമാത്രം എല്ലാം തികഞ്ഞു എന്ന ആത്മസംതൃപ്തിയിൽ കഴിയുന്നത് അഭികാമ്യമാണെന്ന് തോന്നുന്നില്ല.

### 1.1.4.6 അഞ്ചാമത്തെയും അവസാനത്തെയും യോഗം 2002 നവം.6-7

കമ്മിഷന്റെ 5-ാം ത്തെയും(അവസാന)യോഗം 2002 നവം. 6.7 തീയതികളിൽ തിരുവനന്തപുരത്ത് കോവളത്ത് ചേർന്നു. കമ്മിഷന്റെ സെക്രട്ടേറിയറ്റ് തയ്യാറാക്കിയ നിഗമനങ്ങളുടെയും ശുപാർശകളുടെയും കരടുരൂപത്തിന്മേൽ യോഗം വിശദമായ ചർച്ച നടത്തി. നിഗമനങ്ങളെയും ശുപാർശകളെയും വീണ്ടും വികസിപ്പിക്കുന്നതിനായി കമ്മിഷന്റെ വിവിധ സമ്മേളനങ്ങളിൽ ഉരുത്തിരിഞ്ഞു വന്നിട്ടുള്ള കണ്ടെത്തലുകളും, നിരീക്ഷണങ്ങളും, പഠനങ്ങളും, ടാസ്ക് ഫോഴ്സുകൾ മുമ്പോട്ടുവച്ച വിവരങ്ങളും, നിർദ്ദേശങ്ങളും, സംസ്ഥാനം നേരിടുന്ന വിവിധ കാർഷികപ്രശ്നങ്ങളിൽ വളരെയേറെ താല്പര്യമുള്ള നിരവധി വിഭാഗമാളുകളും, ഇന്നത്തെ പ്രതിസന്ധിക്ക് നേരിട്ട് വിധേയരായവരുമായി കമ്മിഷൻ നടത്തിയ വിപുലമായ ചർച്ചകളും, അപഗ്രഥിച്ചും ഏകത്ര സഞ്ചിതമാക്കിയുമാണ് വികസിപ്പിച്ചത്. കേരളത്തിലെ കാർഷിക കുടുംബങ്ങൾക്ക് സമൃദ്ധി കൈവരിക്കാൻ സ്വീകരിക്കേണ്ട ഏകമാർഗ്ഗം കാർഷിക വ്യാപാരം ആണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് സംസ്ഥാനത്തിന് സുസ്ഥിരമായ ഒരു കാർഷിക ഉത്പാദനവ്യവസ്ഥകെട്ടിപ്പടുക്കുവാൻ സഹായിക്കുന്നത് കാർഷിക വ്യാപാരം ആണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് സംസ്ഥാനത്തിന് സുസ്ഥിരമായ ഒരു കാർഷിക ഉത്പ്പാദന വ്യവസ്ഥ കെട്ടിപ്പടുക്കുവാൻ സഹായിക്കുന്നത് കാർഷിക വ്യാപാര വ്യവസ്ഥയും പടുത്തുയർത്താൻ തീർച്ചയായും സാധിക്കുന്നതാണ് എന്ന വിശ്വാസത്തിലാണ് കമ്മിഷൻ അതിന്റെ ശുപാർശകൾ എല്ലാം വിഭാവന ചെയ്തിട്ടുള്ളത്. കമ്മിഷൻ ശുപാർശ ചെയ്യുന്ന നടപടികൾ പൊതുവെ നാലു വിപുലമായ വിഭാഗങ്ങളിൽ പെടുന്നു.

1) 2003-ൽ മെക്സിക്കോയിലെ കാൻകൂണിൽ നടക്കാൻ പോകുന്ന ഡബ്ല്യൂ.ടി.ഒ. മിനിസ്റ്റീരിയൽതല സമ്മേളനത്തിൽ ചർച്ചാവിഷയമാക്കുകയും പരിഹരിക്കപ്പെടുകയും ചെയ്യേണ്ട കാര്യങ്ങൾ.
2) ദേശീയതലത്തിൽ, വിശേഷിച്ചും കേന്ദ്രസർക്കാരിന്റെ ഇടപെടലുകളിലൂടെ പരിഹാരം കാണേണ്ട കാര്യങ്ങൾ.
3) സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും മുൻകൈ പ്രവർത്തനം ആവശ്യമായ കാര്യങ്ങൾ.
4) കേരളത്തിലെ കൃഷിക്കാർ, വ്യാപാരികൾ, ഭക്ഷ്യസംസ്കരണം, വിപണനം എന്നിവയിലേർപ്പെട്ടിരിക്കുന്നവർ, കാർഷിക ഉത്പ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നവർ തുടങ്ങി പ്രതിസന്ധി ബാധിതരായവരുമായി ബന്ധപ്പെട്ട കാര്യങ്ങളും കമ്മിഷന്റെ മിക്ക നിഗമനങ്ങളും ശുപാർശകളും വലിയൊരു ജനസമൂഹത്തെ ബാധിക്കുന്നവയാണ്. അവ കാർഷികമേഖലയെ ആകെ സമഗ്രമായി സംബന്ധിക്കുന്നതും ആണ്. എന്നാൽ ചില നിഗമനങ്ങളും ശുപാർശകളും ആകട്ടെ ഏതെങ്കിലും ഒരു പ്രത്യേക വിളയേയോ, ഉത്പ്പന്നത്തേയോ മാത്രം സംബന്ധിച്ചവയും ആണ്. ശുപാർശകളുടെ കരട് കമ്മിഷന്റെ അദ്ധ്യക്ഷൻ അന്തിമരൂപം നൽകണമെന്നും, ഡിസംബർ ആദ്യത്തിത്തിനകം കമ്മിഷൻ അംഗങ്ങൾക്കിടയിൽ അഭിപ്രായങ്ങൾക്കായി സർക്കുലേറ്റു ചെയ്യണമെന്നും ഉള്ള നിർദ്ദേശം അംഗങ്ങൾ എല്ലാം അംഗീകരിയ്ക്കുകയുണ്ടായി. കൃഷിയെ സംബന്ധിച്ച ലോക വ്യാപാര സംഘടന(ഡബ്ല്യൂ.ടി.ഒ.) യുമായി ബന്ധപ്പെട്ട കാര്യങ്ങൾ, അവ സംസ്ഥാനത്തിനുമാത്രം സവിശേഷമായവയല്ല, ദേശീയമാനമുള്ളവകൂടിയാണെന്നും ഇരു സർക്കാരുകളും അവയെ അഭിമുഖീകരിക്കേണ്ടവയാണെന്നും അറിഞ്ഞുകൊണ്ട് അടുത്തുവരുന്ന ഡബ്ല്യൂ.ടി.ഒ. യുടെ കാൻകൂൺ സമ്മേളനത്തിൽ പങ്കെടുക്കാൻ സജ്ജമാകുന്ന കേന്ദ്രസർക്കാരിനെ സഹായിക്കുവാൻ ഉതകുന്നവിധത്തിൽ ഒരു ദേശീയ ചർച്ച (കൂടിയാലോചന) 2003 നവംബർ മദ്ധ്യത്തിൽ നടത്തുവാൻ ആണ് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. അതിനാൽ കമ്മിഷന്റെ നിഗമനങ്ങളും ശുപാർശകളും അടിയന്തിരമായി കേരള സർക്കാരിന് സമർപ്പിക്കുവാൻ അദ്ധ്യക്ഷനെ യോഗം ചുമതലപ്പെടുത്തിയത് കമ്മിഷന്റെ കണ്ടെത്തലുകളും കാഴ്ചപ്പാടുകളും കേരള സർക്കാരിന് യഥാകാലം വേണ്ടത്ര പര്യാലോചനയ്ക്ക് വിധേയമാക്കിയശേഷം ദേശീയ ചർച്ചാവേദിയിൽ അവതരിപ്പിക്കുവാനുള്ള സൗകര്യത്തിനുവേണ്ടിയായിരുന്നു.

### 1.2 മാരക്കേഷ് മുതൽ ദോഹവരെ; ഡബ്ല്യൂ.ടി.എ. യുടെ സ്വാധീനം

1. ലോക വ്യാപാര കരാറിന്റെ (ഡബ്ല്യൂ.ടി.എ.)1994 ലെ മാരക്കേഷ് സമ്മേളനത്തിനും 2001 ലെ ദോഹ 3-ാം വട്ട മന്ത്രിതല സമ്മേളനത്തിനും ഇടയിൽ 7 വർഷം കടന്നുപോയി. എങ്കിലും കേരളത്തിന്റെ കാർഷിക സമ്പദ്‌വ്യവസ്ഥയുടെമേലുള്ള ലോക വ്യാപാര സംഘടന (ഡബ്ല്യൂ.ടി.ഒ.) യുടെ സ്വാധീനം എത്രമാത്രം ആണെന്ന് അറിയുവാൻ സമഗ്രവും വ്യവസ്ഥാപിതവുമായ അപഗ്രഥനം നടത്തുന്നതിന് കാര്യമായ ശ്രമ ങ്ങൾ കുറച്ചുമാത്രമേ നടന്നിട്ടുള്ളൂ. കേരളത്തിന്റെ കാർഷിക സമ്പദ്‌വ്യവസ്ഥയെ സംബന്ധിക്കുന്ന വിവിധ പ്രശ്നങ്ങളും അവ എത്രമാത്രം പ്രതികൂലമായും അനുകൂലമായും കേരളത്തെ ബാധിക്കുന്നു എന്നും, ഡബ്ല്യൂ. ടി.ഒ. യുമായ ദേശീയതലത്തിലുള്ള സമ്പർക്കങ്ങൾക്ക് പരോക്ഷമായും പ്രത്യക്ഷവുമായി കേരളവുമായുള്ള ബന്ധവും യുക്തിഭദ്രമായൊരു ചട്ടക്കൂട്ടിൽനിന്നും അന്വേഷിക്കുവാനുള്ള ഒരു ശ്രമമാണ് ഈ ഭാഗം. ലോക വ്യാപാര സംഘടനയുടെ സ്വാധീനം വിലയിരുത്തുവാൻ, കാർഷികോത്പന്നങ്ങളുടെ അന്താരാഷ്ട്ര വ്യാ പാരത്തിന്റെ അച്ചടക്കത്തിന് ഡബ്ല്യൂ.ടി.ഒ. അനുശാസിക്കുന്നതും വികസിപ്പിച്ചെടുത്തിട്ടുള്ളതുമായ കർഷ കർക്കുള്ള ആഭ്യന്തരസഹായം, വിപണിപ്രാപ്യത, കയറ്റുമതി പ്രോത്സാഹനം, സാനിട്ടറി-ഫൈറ്റോസാനി ട്ടറി നിബന്ധനകൾ, വ്യാപാരവുമായി ബന്ധപ്പെട്ട ബൗദ്ധികസ്വത്തവകാശം (IPR) കൺവെൻഷൻ ഓൺ ബയോളജിക്കൽ ഡൈവേഴ്സിറ്റി(ജൈവവൈവിധ്യം)തത്വങ്ങൾ എന്നിങ്ങനെ ഡബ്ല്യൂ.ടി.ഒ. പിന്തുടർന്നുവ രുന്ന നിയമങ്ങളുടെ സാമ്പ്രദായികമായ സാമഗ്രികളും ഉപാധികളും ശരിക്കും പരിഗണിക്കേണ്ടതുണ്ട്. ഇന്ത്യ യുടെ കാർഷിക സമ്പദ്‌വ്യവസ്ഥയെ പൊതുവേയും, കേരളത്തിന്റെ കാർഷികസമ്പദ്‌വ്യവസ്ഥയെ പ്രത്യേ കിച്ചും ഈ ഉപാധികൾക്കുള്ള സ്വാധീനങ്ങളെ ഇന്നത്തെ ആഗോള പരിതസ്ഥിതികളുടെ പശ്ചാത്തലത്തിൽ വികസ്വരരാജ്യങ്ങളുടെ ഭാഗത്തുനിന്നും ആണ് കമ്മിഷൻ അപഗ്രഥിക്കുന്നത്. യുക്തിപരമായി നോക്കിയാൽ, ഈ അപഗ്രഥനം, ഡബ്ല്യൂ.ടി.ഒ. വ്യവസ്ഥ ആവിർഭവിക്കുന്നതിനുമുമ്പുള്ള കാലത്തുനിന്നും ആണ് ആരംഭി ക്കേണ്ടത്. കാലത്തിന്റെ ഈ ചട്ടക്കൂട്, ഡബ്ല്യൂ.ടി.ഒ. വ്യവസ്ഥ നിലവിൽ വന്നതിനുശേഷമുള്ള പ്രശ്നങ്ങൾക്കു പുറമേ, കേരളത്തിന്റെ കാർഷിക സമ്പദ്‌വ്യവസ്ഥയെ സംബന്ധിക്കുന്ന പ്രകൃത്യാതന്നെയുള്ളതും, അടി സ്ഥാനപരവുമായിട്ടുള്ള പ്രശ്നങ്ങളെ വിവേചനപൂർവ്വം തിരിച്ചറിയുവാൻ വളരെ സഹായിക്കുമെന്ന് വാദി ക്കപ്പെടാവുന്നതാണ്.

2) ലോക വ്യാപാരത്തിൽ അടിസ്ഥാനപരമായ പരിഷ്കാരം ഏർപ്പെടുത്തുന്നതിന് രാജ്യങ്ങൾ തമ്മി ലുള്ള അനുരഞ്ജന പ്രക്രിയയിലൂടെ മാത്രമേ സാധ്യമാകൂഎന്നും, അതിന് ദീർഘകാല ലക്ഷ്യത്തോടെ കർഷകർക്ക് ഗണ്യമായ തോതിൽ ആഭ്യന്തര സഹായവും സംരക്ഷണവും തുടർന്ന് അനുവദിക്കേണ്ടതാ ണെന്നും, രാജ്യങ്ങൾ തമ്മിലുള്ള അനുരഞ്ജനങ്ങൾ എല്ലാം പ്രയോഗത്തിൽ വരുത്തേണ്ട കാലത്തിന്റെ അവസാനത്തിനുമുമ്പ് ഒരു വർഷം നേരത്തെ തന്നെ അംഗരാജ്യങ്ങൾ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കണം എന്നുമാണ് കൃഷിയെ സംബന്ധിച്ച കരാറി(എ.ഒ.എ.)ന്റെ ആർട്ടിക്കിൾ 20 ലൂടെ ഡബ്ല്യൂ.ടി.ഒ. അനുശാസി ക്കുന്നത്. 2000 ത്തിനുശേഷം കൃഷിയെ സംബന്ധിച്ച കരാറിന്റെ സമഗ്രമായ പുനഃപരിശോധന നടന്നുവരു ന്നതിനാൽ എ.ഒ.എ. രാജ്യങ്ങളുടെ ശ്രദ്ധാകേന്ദ്രമായിരിക്കുകയാണ്. കൃഷിയെ സംബന്ധിച്ച കരാറുകളുടെ(എ. ഒ.എ)വിവിധ വ്യവസ്ഥകൾ പ്രായോഗികതലത്തിൽ നടപ്പിലാക്കിയപ്പോൾ ലഭ്യമായ അനുഭവങ്ങളും, അംഗ രാജ്യങ്ങളോടുള്ള ബാദ്ധ്യതകളും/പ്രതിബദ്ധങ്ങളും, എ.ഒ.എ. യുടെ നടപടിക്രമങ്ങൾക്ക് വ്യാപാര പ്രശ്ന ങ്ങളുടെ സ്വാധീനവും അംഗരാജ്യങ്ങളോടുള്ള തുടർബാദ്ധ്യതകളും സംബന്ധിച്ച കാര്യങ്ങളാണ് ഇപ്പോഴും എ.ഒ.എ.യുടെ പുനഃപരിശോധനയ്ക്ക് വിധേയമായിക്കൊണ്ടിരിക്കുന്നത്. അംഗരാജ്യങ്ങൾ തമ്മിലുള്ള എ. ഒ.എ. യെ സംബന്ധിച്ച് എല്ലാ അനുരഞ്ജനങ്ങളും പൂർത്തീകരിക്കപ്പെടുകയും വ്യവസ്ഥകൾ എല്ലാംകൂടി 2005 ജനുവരി മുതൽ പൂർണ്ണമായും പ്രവൃർത്തി പഥത്തിൽ വരുന്നതുമാണ്.

#### 1.2.1 വികസ്വര രാജ്യങ്ങൾ

അനുരഞ്ജന ശ്രമങ്ങൾ ആരംഭിച്ചതിനുശേഷം അംഗരാജ്യങ്ങളിൽനിന്നും 126-ൽ ഏറെ നിർദ്ദേശങ്ങ ളാണ് മുമ്പോട്ടുവയ്ക്കപ്പെട്ടത്. ഇന്ത്യ ഉൾപ്പെടെയുള്ള പലവികസ്വര രാജ്യങ്ങളും മുന്നോട്ടുവച്ച അനുര ഞ്ജനാ നിർദ്ദേശങ്ങൾ എല്ലാംതന്നെ കൂടുതൽ മെച്ചപ്പെട്ട വിപണിപ്രാപ്യത, ആഭ്യന്തര സഹായങ്ങൾ വെട്ടി ക്കുറയ്ക്കൽ ആയിരുന്നപ്പോഴും അവരുടെ നിർദ്ദേശങ്ങൾക്ക് ഉപോത്ബലകമായിരുന്ന വാദഗതികളിലും ഉപപാദ്യങ്ങളിലും പരസ്പര പൊരുത്തമില്ലായ്മ പ്രകടമായിരുന്നു. വികസ്വര രാജ്യങ്ങളുടെ സജീവശ്രദ്ധ, അവർക്ക് വികസിത രാജ്യങ്ങളിലെ വിപണികൾ തുറന്നുകിട്ടണമെന്നുമാത്രമല്ല വികസ്വര രാജ്യങ്ങളിലും കൂടി വിപണി ലഭ്യമാകണമെന്നതായിരുന്നു. ഇത്തരം താല്പര്യവൈരുദ്ധ്യങ്ങളുടെ ഫലമായി അനുരഞ്ജ നശ്രമങ്ങൾ വളരെ സങ്കീർണ്ണമാവുകയും രാജ്യങ്ങൾ വിവിധ തട്ടുകളിലായി നിൽക്കുകയും തമ്മിൽ വൈരു

ദ്ധ്യങ്ങൾ ഉയർന്നുവരുകയും ചെയ്തിട്ടുണ്ട്. എന്നാൽ എ.ഒ.എ. അതിന്റെ ചട്ടക്കൂട്ടിൽനിന്നുകൊണ്ട് അംഗ രാജ്യങ്ങൾ താഴെപ്പറയുന്ന മേഖലകളിൽ എ.ഒ.എ. യോട് ശക്തമായി പ്രതിബദ്ധത കാണിക്കണമെന്ന് ആവശ്യപ്പെടുന്നു.(1)വിപണി പ്രാപ്യത(2)ആഭ്യന്തര സഹായം(3)കയറ്റുമതി സബ്സിഡികൾ.

### 1.2.1.1. വ്യാപാരത്തിന്റെ ഉദാരവത്കരണവും വിപണിപ്രാപ്യതയും

1. അവസാനവട്ട അനുരഞ്ജനങ്ങളിൽനിന്നും കാർഷികവ്യാപാരത്തിന്റെ ഉദാരവത്കരണത്തിൽ നിരപ്പായ കളിക്കളം (അവസരതുല്യത) ഉരുത്തിരിഞ്ഞുവന്നിരുന്നില്ല എന്ന വസ്തുത ഇപ്പോൾ പൊതുവേ അംഗീകരിക്കപ്പെട്ടിരിക്കുന്നു. **വികസിതരാജ്യങ്ങൾ ഒന്നുംതന്നെ ആഭ്യന്തര സഹായത്തിലും, കയറ്റുമതി സബ്സിഡികളിലും യാതൊരുവിധ കുറവും വരുത്തിയിട്ടില്ലായിരുന്നു.** കൃഷിയെസംബന്ധിച്ച കരാറുകൾ (എ.ഒ.എ.) അന്തർദേശീയ വ്യാപാര നിയമങ്ങളെ നിർവ്വചിക്കുന്നതിൽ വളരെ നേട്ടങ്ങളുണ്ടാക്കിയെങ്കിലും, അടിയന്തിരമായി തങ്ങളുടെ വിപണികൾ തുറന്നുകൊടുക്കുന്ന കാര്യത്തിലുണ്ടായ വിജയം തുലോം പരിമിതമായിരുന്നു. അതിനാൽ ലോക കാർഷിക വ്യാപാര ഉദാരവത്കരണത്തിൽ അവർ അർപ്പിച്ച പ്രതീക്ഷകൾ, വിഭാവനം ചെയ്ത നേട്ടങ്ങൾ വികസ്വര രാജ്യങ്ങളുടെ കയ്യിൽനിന്നും വഴുതിപ്പോവുകയാണുണ്ടായത്.

2. ഉറുഗ്വേവട്ട അനുരഞ്ജനങ്ങളുടെ കാലത്ത് എടുത്തുകാണിക്കപ്പെട്ടിരുന്നത്, കൃഷിയെ സംബന്ധിച്ച കരാറുകൾ (എ.ഒ.എ.)പിന്തുടരുന്ന പക്ഷം ലോകകാർഷിക വ്യാപാരത്തിലുള്ള അസ്ഥിരതകളും വികലതകളും കുറയുമെന്നും, അതിന്റെ ഫലമായി വികസ്വര രാജ്യങ്ങൾക്ക് വികസിത രാജ്യങ്ങളിലേക്കുള്ള വിപണികൾ വർദ്ധിക്കാൻ അവസരങ്ങൾ ലഭിക്കുമെന്നുമായിരുന്നു. ഈ വാഗ്ദാനം ഇനിയും സഫലമാകാതെ അവശേഷിക്കുന്നു. വിഭാവനം ചെയ്യപ്പെട്ടതുപോലെ നീതിപൂർവ്വമായ ഒരു ലോക കാർഷിക വ്യാപാരവ്യവസ്ഥ ഉണ്ടായില്ല. കാര്യക്ഷമതയുള്ള വികസ്വര രാജ്യങ്ങളിലെ ഭൂരിപക്ഷം കാർഷിക ഉൽപ്പന്നങ്ങളുടെ വില ലോക കമ്പോളങ്ങളിലെങ്ങും താണു താണു വന്നുകൊണ്ടിരിക്കുകയാണ്. വികസിതരാജ്യങ്ങൾ കർഷകർക്കുള്ള ആഭ്യന്തരസഹായം കുറയ്ക്കുകയാണെങ്കിൽ, ധാന്യഉത്പ്പന്നങ്ങളുടെ (പയറുവർഗ്ഗങ്ങൾ തുടങ്ങിയ) ഉത്പാദന കേന്ദ്രങ്ങൾ വികസിത രാജ്യങ്ങളിൽനിന്നും വികസ്വര രാജ്യങ്ങളിലേക്കു മാറുമെന്ന പ്രതീക്ഷയും വ്യഥാവിലായി. അനുഭവങ്ങൾ തെളിയിക്കുന്നത് വികസിത രാജ്യങ്ങൾ അവരുടെ കർഷകർക്കു നൽകുന്ന (ആഭ്യന്തര) സഹായങ്ങൾ വർദ്ധിപ്പിക്കുകയാണുണ്ടായത് എന്നാണ്. അതേസമയം വികസ്വര രാജ്യങ്ങൾ, സ്വന്തം സാമ്പത്തിക പരിധിയിൽ നിന്നുകൊണ്ട് തങ്ങളുടെ കർഷകർക്കു നൽകുന്ന തുച്ഛമായ സഹായംപോലും നിലനിറുത്താനാവാതെ ബുദ്ധിമുട്ടുകയും തുടർന്നു സഹായം നൽകാനാവാത്ത ദുസ്ഥിതിയിൽ കൃഷി ഉപജീവനമാക്കിയവരുടെ ഭക്ഷ്യസുരക്ഷയ്ക്കും ഉപജീവനസുരക്ഷയ്ക്കും അത് വർദ്ധിച്ച ഭീഷണിയായിത്തീർന്നിരിക്കുകയാണെന്നു മാത്രമല്ല, ഇറക്കുമതിയുടെ അളവുപരമായ നിയന്ത്രണവും (ക്യൂ.ആർ.എസ്.), താരിഫുനിരക്കുകളിലെ കുറവും ഈ ഉപജീവന സുരക്ഷാഭീഷണിയെ വർദ്ധിപ്പിക്കുകയാണ് ചെയ്തത്. ഇതിന്റെ ഫലമായി പ്രതീക്ഷയ്ക്കു വിപരീതമായി ധാന്യവർഗ്ഗങ്ങളുടെ ഉത്പാദനത്തിലും വ്യാപാരത്തിലും മാറ്റം വരാതിരിക്കുകയും വികസിതരാജ്യങ്ങളിൽനിന്നുള്ള ഇവയുടെ ഇറക്കുമതി വർദ്ധിച്ചുവരികയുമാണ്.

### 1.2.1.2 അന്താരാഷ്ട്രവിപണികളുടെ അനിശ്ചിതത്വത്തിന് കീഴടങ്ങുന്ന സ്ഥിതി

1. കാർഷിക ഉൽപ്പന്നങ്ങളുടെ വിപണിയിലുള്ള അനിശ്ചിതത്വവും, അവയ്ക്കു അന്താരാഷ്ട്രവിപണിയിലുണ്ടാകുന്ന വിലനിലവാരത്തിലെ അട്ടിമറികളും നേരിടുവാൻ വികസ്വര രാജ്യങ്ങളിലെ കർഷകരുടെ കഴിവുകേടും, വികസിത രാജ്യങ്ങളിലെ ഉയർന്ന ആഭ്യന്തരസഹായത്തോടും വമ്പിച്ച സബ്സിഡികളോടും കൂടിയ കാർഷികോത്പാദനം പ്രോത്സാഹിപ്പിക്കപ്പെടുന്ന ഒരു വ്യാപാരവ്യവസ്ഥയുടെ ആവിർഭാവവുംമൂലം, വികസ്വരരാജ്യങ്ങൾക്ക് വികസിത രാജ്യങ്ങളിലെ വിപണികളിൽ കടന്നുചെല്ലുവാൻ കഴിയുന്നില്ല. ഇതിന്റെ ഫലമായി വികസ്വര രാജ്യങ്ങളിലെ കർഷക ജനകോടികളുടെ ഉപജീവന സുരക്ഷയ്ക്ക് വികസിത രാജ്യങ്ങളിൽ നിന്നും വമ്പിച്ച ഭീഷണി ഉയർന്നു വന്നിരിക്കുകയാണ്. വികസ്വര രാജ്യങ്ങളിലെ കർഷകജനതയാകട്ടെ, വരുമാനമാർഗ്ഗങ്ങളിൽ ദരിദ്രർ മാത്രമല്ല, തങ്ങളുടെ ഉപജീവനത്തിന് ആഭ്യന്തര പരിരക്ഷകൾ ലഭിക്കാതെ നട്ടം തിരിയുന്നവരുമാണ്. ഇതുകൂടാതെ, വിപണി പ്രാപ്യതയുടെ കാര്യത്തിൽ വികസ്വര രാജ്യങ്ങൾക്ക് പ്രത്യേക പരിഗണനകൾ നൽകുന്നതിന് എ.ഒ.എ. യ്ക്കുള്ള ബാദ്ധ്യതകളും വ്യവസ്ഥകളും വികസിതരാജ്യങ്ങൾ നിറവേറ്റിയിട്ടില്ല എന്നു കാണാൻ കഴിയും.

2. **ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ നോക്കിയാൽ വികസ്വരരാജ്യങ്ങൾക്ക് വിപണിപ്രാപ്യത മെച്ചമാക്കാമെന്നും, അവരുടെ കാർഷിക ഉത്പന്നങ്ങൾക്ക് ആഗോള വിപണികളിൽ വികസിത രാജ്യങ്ങളുമായി തുല്യതയുള്ള സ്ഥിതിയിൽ മത്സരിക്കാൻ കഴിവുണ്ടാകുമെന്നുള്ള കാര്യത്തിൽ ലോക**

**വ്യാപാര സംഘടന (ഡബ്ല്യൂ.ടി.ഒ.)യുടെ സഹായം ഉണ്ടായിട്ടുണ്ട് എന്ന് കരുതുവാൻ നിർവ്വാഹമില്ല.** മാത്രവുമല്ല വികസിതരാജ്യങ്ങളിൽ കൃഷിക്കാർക്ക് അനുവദിക്കുന്ന ആഭ്യന്തരസഹായം, സബ്സിഡി എന്നിവയിൽ തന്ത്രപൂർവ്വം ഇടപെട്ടുകൊണ്ട്, അതായത് സഹായ ബാദ്ധ്യതകളെ 'ആംബർബോക്സി'ൽനിന്നും 'ബ്ലൂ ബോക്സി'ലേക്കും പിന്നീട് 'ഗ്രീൻ ബോക്സിലേക്കും' പരസ്പരം മാറ്റി മറിച്ചുകൊണ്ടും അതായത് ഏറ്റവും കുറഞ്ഞ നിലവാരത്തിലുള്ള താരിഫുകളെ ആദ്യമേതന്നെ ഏറ്റവും ഉയർന്നനിലവാരത്തിൽ ഉറപ്പിച്ചുകൊണ്ട്, പിന്നീട് വേണ്ടിവന്നാൽ ഉയർത്താനുള്ള അവസരത്തിന് പഴുതിടുന്ന സമ്പ്രദായവും (ഉദാഹരണത്തിന് അരിക്ക് ജപ്പാൻ ഏറ്റവും കൂടിയ താരിഫ് 2000 ശതമാനമായി ഉറപ്പിച്ചപ്പോൾ അതിന് ഇന്ത്യയിൽ 100 ശതമാനം മാത്രമായിരുന്നു താരിഫ്), താരിഫേതര നിയന്ത്രണങ്ങളെ(സാനിട്ടറി ഫൈറ്റോസാനിട്ടറി വ്യവസ്ഥകൾ, താരിഫ് ക്വോട്ടകൾ, ഉയർന്ന നിലവാരത്തിലുള്ള ആഭ്യന്തരസഹായങ്ങൾ)തന്നിഷ്ടംപോലെ തുടർന്നുകൊണ്ടും, വികസ്വര രാജ്യങ്ങളുടെ കാർഷികവിളകൾക്ക് വാഗ്ദാനം ചെയ്യപ്പെട്ട വമ്പിച്ച തോതിലുള്ള കമ്പോള പ്രാപ്യതയെന്ന പ്രത്യാശയെ വികസിത രാജ്യങ്ങൾ വലിയൊരളവുവരെ അട്ടിമറിച്ചിരിക്കുകയാണ്. **നേരെമറിച്ച് വികസിത രാജ്യങ്ങൾക്ക് വികസ്വര രാജ്യങ്ങളിലെ വിപണികൾ മലർക്കേതുറന്നു കിട്ടിയതിന്റെ ഫലമായി അവർക്ക് വമ്പിച്ച നേട്ടങ്ങൾ ഉണ്ടാകുകയും ചെയ്തു.** ലോക കാർഷിക വ്യാപാര രംഗത്തെ സ്ഥിതിഗതികൾ സാമ്പത്തികമായി അതിശക്തരായ രാജ്യങ്ങൾക്ക് വമ്പിച്ച നേട്ടങ്ങൾ ഉറപ്പാക്കുന്ന വിധത്തിൽ അസമമായും സുതാര്യതയില്ലാതെയും തുടരുകയാണ്. വികസ്വരരാജ്യങ്ങൾക്ക് തങ്ങളുടെ കയറ്റുമതികൾ വർദ്ധിപ്പിച്ചുകൊണ്ട് നേട്ടമുണ്ടാക്കണമെങ്കിൽ തീർച്ചയായും, വികസിത രാജ്യങ്ങൾ അവരുടെ കർഷകർക്ക് നൽകുന്ന ധനസഹായവും കയറ്റുമതി സബ്സിഡികളും പൂർണ്ണമായും നീക്കം ചെയ്യേണ്ടതാണ്. അടുത്ത് നടക്കാൻപോകുന്ന ഡബ്ല്യൂ.ടി.ഒ. യുടെ അനുരഞ്ജനസമ്മേളനത്തിൽ വികസ്വര രാജ്യങ്ങളുടെ ജീവൽ പ്രാധാന്യമുള്ള, പ്രത്യേകതാല്പര്യമുള്ള ഉത്പ്പന്നങ്ങളുടെ വിപണനസാദ്ധ്യതകളും പ്രാപ്യതയും ഗണ്യമായ തോതിൽ വർദ്ധിപ്പിക്കുവാനുള്ള നടപടികൾ ഉറപ്പുവരുത്തുന്ന പുതിയ ബാദ്ധ്യതകൾക്കായി അനുരഞ്ജനശ്രമങ്ങൾ നടത്തേണ്ടതായിട്ടുണ്ട്. ദോഹാ മന്ത്രിതല സമ്മേളനത്തിൽ ആവർത്തിച്ചു പ്രഖ്യാപിക്കപ്പെട്ടതായ വികസ്വര രാജ്യങ്ങൾക്ക് മാത്രമുള്ളതും, പ്രത്യേക പരിഗണന അർഹിക്കുന്നതുമായ ഒത്തുതീർപ്പു ചർച്ചകളും അനുരഞ്ജനങ്ങളുടെ അവിഭാജ്യഘടകമായിരിക്കണമെന്നും അവയെ ആനുകൂല്യങ്ങളുടെയും ബാദ്ധ്യതകളുടെയും പട്ടികയിൽപ്പെടുത്തണമെന്നും, അവ കൂടിയാലോചനകൾക്കുള്ള ചട്ടങ്ങൾക്കും ശിക്ഷണങ്ങൾക്കും അനുയോജ്യമായിരിക്കണമെന്നും, എന്നാൽ മാത്രമേ അനുരഞ്ജന വ്യവസ്ഥകൾ നടപ്പിലാക്കുമ്പോൾ ഫലപ്രദമാവുകയുള്ളൂ എന്നും, എന്നാൽ മാത്രമേ വികസ്വര രാജ്യങ്ങളിലെ ഭക്ഷ്യസുരക്ഷയും ഗ്രാമവികസനവും ഉൾപ്പെടെയുള്ള വികസനാവശ്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുവാൻ പ്രാപ്തമാവുകയുള്ളൂ എന്നുമുള്ള നിർദ്ദേശം അനുരഞ്ജന ചർച്ചകളിൽ അടിസ്ഥാനപരമായ ഒരു അവകാശമായി അംഗീകരിച്ചേ മതിയാവൂ. ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്ന കൃഷിയെ സംബന്ധിച്ച കരാറുകളിന്മേലുള്ള കൂടിയാലോചനകൾ വഴി, ഇന്ത്യയുടെ വീക്ഷണത്തിൽ, രാജ്യംനേരിടുന്ന നഗ്നമായ യാഥാർത്ഥ്യങ്ങൾ വിലയിരുത്തുവാനും, വികസിത രാജ്യങ്ങൾ നടപ്പിലാക്കിവരുന്ന വ്യാപാര നയങ്ങളെ ഗുണപരമായ ശിക്ഷണത്തിൽ കൊണ്ടുവരുന്നതിനും, മറ്റു സമാനചിന്താഗതിക്കാരായ രാഷ്ട്രങ്ങളുമായി കൂട്ടുചേർന്ന് യത്നിക്കുവാനുള്ള തികച്ചും അനുയോജ്യമായ ഒരു സന്ദർഭമാണ് നമുക്ക് കൈവന്നിരിക്കുന്നത്. വികസ്വര രാജ്യങ്ങളും വൻകിട വ്യവസായവത്കൃത വികസിത രാജ്യങ്ങളോടൊപ്പം തുല്യമായ വ്യാപാരത്തിൽ പങ്കാളികളായി ഉയർന്നുവരുവാൻ അവസരമൊരുക്കുന്ന തിരുത്തൽ നടപടികൾ കൈക്കൊണ്ടേ മതിയാവൂ.

### 1.2.2 ദേശീയ പരിസ്ഥിതി/സന്ദർഭം (The National Context)

1994 ലോകവ്യാപാരസംഘടനയുടെ മറാക്കാഷ് സമ്മേളനത്തിൽവച്ച് 118 രാജ്യങ്ങളോടൊപ്പം ഇന്ത്യയും കരാർ ഒപ്പുവയ്ക്കുമ്പോൾ കൃഷിയെ സംബന്ധിച്ച കരാറുകൾ (എ.ഒ.എ) നടപ്പിൽവരുത്തുവാൻ ഇന്ത്യ ബാദ്ധ്യസ്ഥയായിത്തീർന്നു. എന്തായിരുന്നാലും ഇപ്പോൾ തുടർന്നുകൊണ്ടിരിക്കുന്ന എ.ഒ.എ. അനുരഞ്ജനാ ചർച്ചകൾ ഇന്ത്യയ്ക്ക് അതിന്റെ വ്യാപാര അവസരങ്ങൾ വിപുലപ്പെടുത്തുവാനും, ഇന്ത്യൻ കർഷകരുടെ, വിശേഷിച്ചും നാമമാത്രമായ കൃഷിഭൂമിയും വളരെ കുറഞ്ഞ വരുമാനമാർഗ്ഗവും, മുതൽമുടക്കും ഉള്ളവരായ കർഷകരുടെ ഉപജീവനത്തിനും, ഭക്ഷ്യസുരക്ഷയ്ക്കും, കയറ്റുമതിക്കുവേണ്ടിയുള്ള വിള ഉത്പാദനത്തിലേർപ്പെട്ടിരിക്കുന്നവർക്കും അവരുടെ ഉപജീവന സുരക്ഷയും സാമ്പത്തിക പുരോഗതിയും ഉറപ്പാക്കുന്നതിനാവശ്യമായ പരിരക്ഷാ നടപടികൾ സ്വീകരിക്കുവാൻ, എ.ഒ.എ. യുടെ നിലവിലുള്ള ചട്ടക്കൂട്ടിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താമെന്നും വരുത്തേണ്ടതുണ്ടെന്നും അന്വേഷിക്കുവാനുള്ള ഒരു നല്ല അവസരമാണ് വന്നിരിക്കുന്നത്.

### 1.2.2.1 വിപണി പ്രാപ്യത (Market Access)

1. കൃഷിയെ സംബന്ധിച്ച കരാറുകളുടെ(എ.ഒ.എ.) മൂന്നു മുഖ്യഘടകങ്ങളിൽ ഒന്നായ വിപണി പ്രാപ്യത(മറ്റ് രണ്ടും, ആഭ്യന്തര സഹായവും ഇറക്കുമതി സബ്സിഡിയും ആണ്)യ്ക്ക് വളരെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളാണ് ഉണ്ടാക്കുവാൻ കഴിയുന്നത്. കാരണം അത് അനുശാസിക്കുന്നത് 1995 മുതൽ 2004 വരെയുള്ള 10 വർഷക്കാലത്തേക്ക് ആരുംതന്നെ ഇറക്കുമതിക്ക് യാതൊരു നിയന്ത്രണവും ഏർപ്പെടുത്താൻ പാടില്ല എന്നാണ്. അതിൻ പ്രകാരം കരാർ അംഗീകരിച്ച (കരാറിൽ ഒപ്പുവച്ച)എല്ലാ രാജ്യങ്ങളും തങ്ങളുടെ ആഭ്യന്തരവിപണികൾ അന്യോന്യം മലർക്കെ തുറന്നുകൊടുക്കണമെന്നും വിദേശ കാർഷിക ഉൽപ്പന്നങ്ങൾക്ക് സ്വതന്ത്രമായി(ഒരു ക്വോട്ടയുമില്ലാതെ)ഒഴുകുവാൻ അനുവദിക്കണമെന്നും, ഇറക്കുമതി ചുങ്കങ്ങൾ കുറയ്ക്കണമെന്നും 2005 നകം ഈ ചുങ്കങ്ങൾ കഴിയുന്നത്ര ഇല്ലാതാക്കണമെന്നും ഉള്ള വ്യവസ്ഥകൾ അംഗങ്ങൾ എല്ലാം അനുസരിക്കാൻ ബാദ്ധ്യസ്ഥരാണ്. മറ്റു വിധത്തിൽ പറഞ്ഞാൽ, എല്ലാ വിദേശ കാർഷിക ഉൽപ്പന്നങ്ങളും ചരക്കുകളും, സംസ്ക്കരിച്ച ഭക്ഷ്യപദാർത്ഥങ്ങൾ അടക്കമുള്ള ഭക്ഷ്യധാന്യങ്ങളും മറ്റും നമ്മുടെ നാട്ടിനകത്തേക്ക് സ്വതന്ത്രമായി ഒഴുകുമെന്ന് അർത്ഥം. അത്തരത്തിലുള്ള വിപണിസൗകര്യങ്ങൾ തീർച്ചയായും നമ്മുടെ കാർഷിക ഉൽപ്പന്നങ്ങൾക്കും ചരക്കുകൾക്കും ഇന്നോളം ഉണ്ടായിട്ടില്ലാത്ത തരത്തിലുള്ള ബുദ്ധിമുട്ടുകളാണ് നേരിടേണ്ടിവരുന്നത്. വിപണിയിൽ മാത്സര്യം നടത്തുന്ന ശക്തികളുടെ സമ്മർദ്ദത്തിന്റെ ഫലമായി ആഭ്യന്തര ഉൽപ്പന്നങ്ങൾക്ക് വില ഗണ്യമായി കുറയുവാൻ സാദ്ധ്യതയുണ്ട്. അതുപോലെ രാജ്യം പരമ്പരാഗതമായി കയറ്റുമതി ചെയ്തുവരുന്ന ഉൽപ്പന്നങ്ങൾക്ക് അന്താരാഷ്ട്രവ്യാപാരത്തിൽ അവരുടെ സ്ഥാനം സുസ്ഥിരമാക്കുവാൻ കഴിയണമെങ്കിൽ വിപണിയിൽ മത്സരിക്കുന്ന മറ്റു രാജ്യങ്ങളുമായുള്ള മൽപിടുത്തത്തിൽ വിജയിക്കണമെങ്കിൽ വിലയിലും ഗുണനിലവാരം ഉയർത്തുന്നതിലും ശ്രദ്ധ പതിപ്പിച്ചേ മതിയാവൂ.

2. കൃഷിയെ സംബന്ധിച്ച കരാറിന്റെ(എ.ഒ.എ.)കീഴിലുള്ള ഒരു സംഘടിത വിപണിപ്രാപ്യത വിഭാവനം ചെയ്യുന്നത് എല്ലാ താരിഫേതര നിയന്ത്രണങ്ങളുടെ മേലും താരിഫ് ഏർപ്പെടുത്തുകയും ആ താരിഫിനെ ക്രമേണ കുറച്ചു കുറച്ചു കൊണ്ടുവരികയുമാണ്. ഉറുഗ്വേ വട്ട ചർച്ചാ സമയത്ത് ഇന്ത്യ ഏറ്റെടുത്ത ബാദ്ധ്യത അനുസരിച്ച്, പ്രാഥമിക കാർഷിക ഉല്പന്നങ്ങൾക്ക് ബൗണ്ട് താരിഫ് നിരക്ക് 100 ശതമാനം ആണ്. സംസ്കരിച്ച ഉൽപ്പന്നങ്ങൾ 150 ശതമാനവും ഭക്ഷ്യ എണ്ണകൾക്ക് 300 ശതമാനവും ആണ്. ബൗണ്ട് താരിഫ് നിരക്ക് നിശ്ചയിച്ചത്. (ഇതിന് ചില അപവാദങ്ങൾ ഇല്ലാതില്ല) അനുബന്ധങ്ങൾ 8 ഉം 9 ഉം കാണുക. ഈ പരിധിയിൽ നിന്നുകൊണ്ടുതന്നെ, കേന്ദ്ര സർക്കാരിന് ചില ആവശ്യമായ അയവുകൾ വരുത്തിക്കൊണ്ട് കേരളത്തിലെ കർഷകരുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ അനുയോജ്യമായ താരിഫുകൾ ഏർപ്പെടുത്തി, കാർഷിക ഉൽപ്പന്നങ്ങളുടെ വിദേശ ഇറക്കുമതിയെ നിയന്ത്രിക്കാവുന്നതാണ്.

3. 1997 ഏപ്രിൽ ഒന്നുമുതൽ നിലവിലിരുന്ന 825 കാർഷിക ഉൽപ്പന്നങ്ങളുടെ ഇറക്കുമതിയിലുള്ള അളവുപരമായ നിയന്ത്രണങ്ങൾ(ക്യു.ആർ.എസ്.)2001 ഏപ്രിൽ ഒന്നോടെ കാലഹരണപ്പെടുകയുണ്ടായി. അനുകൂലമായ ബാലൻസ് ഓഫ് പേമെന്റ് സ്ഥിതിയുടെയും, അമേരിക്കയ്ക്ക് എതിരായ ഒരു പരാതിയിന്മേലുള്ള ഡബ്ല്യൂ.ടി.ഒ. തർക്കപരിഹാര തീരുമാനത്തിനു അനുസരണമായിട്ടും ആണ് ഇത്തരമൊരു നടപടി സ്വീകരിക്കുവാൻ നിർബദ്ധിതരായത്.

4. കാർഷികോത്പന്നങ്ങൾക്ക് പൊതുവേ ചുമത്തിക്കാണുന്നത് പരമാവധി സ്ലാബായ 35 ശതമാനം ആണ് ഇറക്കുമതി താരിഫ്. ഒട്ടനവധി കാർഷിക ഉല്പന്നങ്ങളുടെ ഇറക്കുമതി താരിഫുകൾ അടുത്തകാലത്ത് വർദ്ധിപ്പിച്ചിട്ടുണ്ട്. അതിനുകാരണം ആഭ്യന്തര ഉല്പാദകരെ സംരക്ഷിക്കുകയായിരുന്നു(അനുബന്ധം 10 കാണുക)

### 1.2.2.2 ആഭ്യന്തര സഹായവും കയറ്റുമതി സബ്സിഡികളും

1. കൃഷിയെ സംബന്ധിച്ച കരാറുകളുടെ(എ.ഒ.എ.)നിബന്ധനകൾ അനുസരിച്ച് കാർഷികോത്പാദനത്തിനും, വ്യാപാരത്തിനും ആഭ്യന്തര സഹായ നടപടികൾ സ്വീകരിക്കുന്നതിന് രണ്ടു മുഖ്യലക്ഷ്യങ്ങൾ ഉണ്ട്. അതായത്, വിപണിയെ അസന്തുലമാക്കുന്ന വ്യാപാരേതര സഹായങ്ങളെയും, വ്യാപാരത്തെ അട്ടിമറിക്കാത്ത, ഡബ്ല്യൂ.ടി.ഒ. അംഗരാജ്യങ്ങൾ നൽകിവരുന്ന സഹായങ്ങളേയും, വേർതിരിച്ചറിയേണ്ടതുണ്ട്. അതുപോലെ, ലോക വ്യാപാരത്തെ അട്ടിമറിക്കുന്ന ആഭ്യന്തരസഹായങ്ങൾ ഏവ എന്നറിഞ്ഞാൽ മാത്രമേ, വ്യാപാരരംഗത്ത് അച്ചടക്കം ഉണ്ടാക്കുവാനും അങ്ങിനെ അവസാനം അത്തരം സഹായങ്ങൾ നിറുത്തലാക്കുവാനും സാധിക്കുകയുള്ളൂ. ഒരു പ്രത്യേകതരം ആഭ്യന്തരസഹായം ലോകവ്യാപാരത്തിന്റെ സന്തുലനതയെ അട്ടിമറിക്കുന്നുണ്ടോ ഇല്ലയോ ഉണ്ടെങ്കിൽ എത്രമാത്രം എന്നിവയുടെ അടിസ്ഥാനത്തിൽ ആഭ്യന്തര

സഹായത്തെ 'ഗ്രീൻ ബോക്സ്' (അട്ടിമറിക്കുന്നില്ല അഥവാ ഏറ്റവും കുറച്ചുമാത്രം), 'ബ്ലൂ ബോക്സ്' (വളരെ കുറച്ച്/കുറച്ചുമാത്രം അസന്തുലനത) 'ആംബർ ബോക്സ്'(തികച്ചും അസന്തുലനതയുണ്ടാക്കുന്ന) എന്നിങ്ങനെ 3 തരം ആഭ്യന്തര സഹായങ്ങൾ ഉണ്ട്. ഗ്രീൻ ബോക്സ് അനുസരിച്ച് ആഭ്യന്തര സഹായം അനുവദനീയമാണ്. എന്നാൽ ബ്ലൂ ബോക്സിന്റെ കീഴിൽവരുന്നവയ്ക്ക് ശിക്ഷണം ആവശ്യമാണ്. ആംബർ ബോക്സിൽപ്പെടുന്നതായ മിക്ക എല്ലാ ആഭ്യന്തരസഹായങ്ങളെയും ഏറ്റവും കുറഞ്ഞ (deminimis)പരിധിയിൽ കൊണ്ടുവരികയും ശേഷിക്കുന്നവയെ 2005 നകം നീക്കം ചെയ്തുകൊണ്ടും ശിക്ഷണ വിധേയമാക്കണം. ഏറ്റവും കുറഞ്ഞ(deminimis)പരിധി നിശ്ചയിക്കുമ്പോൾ അത് വികസ്വര രാജ്യങ്ങളുടെ കാര്യത്തിൽ അവരുടെ ദേശീയ കാർഷിക മൊത്തം ആഭ്യന്തര ഉല്പാദന(ജി.ഡി.പി.)ത്തിന്റെ 10 ശതമാനവും, വികസ്വര രാജ്യങ്ങൾക്ക് 5 ശതമാനവും ആയിരിക്കണം. ആംബർ ബോക്സിൽ വരുന്ന ആഭ്യന്തര സഹായങ്ങളെ ചില പ്രത്യേക ഉത്പന്നങ്ങളുടെ സവിശേഷതയുടെ അടിസ്ഥാനത്തിൽ (ഉത്പ്പാന്നാധിഷ്ഠിതം) ഉള്ളവയാണോ എന്ന് തിരിച്ചറിയേണ്ടത് ആവശ്യമാണ് (ഉദാഹരണത്തിന് ചില വിളകളുടെ ഉത്പാദകർക്ക് കുറഞ്ഞ താങ്ങുവില–എം.എസ്.പി. നൽകണമെന്ന് വ്യവസ്ഥയുണ്ട്)ചില സഹായങ്ങൾ ഉത്പന്നത്തിന്റെ പ്രത്യേകത പരിഗണിക്കാതെ(ഉത്പന്നാധിഷ്ഠിതം)യുള്ള സബ്സിഡികൾ (ഉദാ. വളം, കീടനാശിനികൾ, വൈദ്യുതി തുടങ്ങിയവ) ഇൻപുട്ട് സബ്സിഡികൾ എന്നുപറയുന്ന വിധത്തിലുള്ള സഹായങ്ങൾ നൽകണമെന്നുമാണ് ധാരണ. ഓരോ ഉത്പന്നത്തിന്റെയും, ആഭ്യന്തരവും, അന്തർദേശീയവുമായ വിലകൾ, ദേശീയ കാർഷിക ജി.ഡി.പി., ഉൽപ്പന്നാധിഷ്ഠിതവും ഉൽപ്പന്നാധിഷ്ഠിതേതരവുമായി നൽകുന്ന സഹായത്തിന്റെ മൂല്യം, തുടങ്ങിയവ കണക്കിലെടുത്ത് സങ്കീർണ്ണമായ സങ്കേതത്തിന്റെ അടിസ്ഥാനത്തിലാണ് അതിനർഹമായ സഹായത്തിന്റെ ഏറ്റവും കുറഞ്ഞ(deminimis)നിരക്ക് നിർണ്ണയിക്കപ്പെടുന്നത്. ഉല്പന്നാധിഷ്ഠിതവും ഉല്പന്നാധിഷ്ഠിതേതരവും ആയ ആഭ്യന്തരസഹായങ്ങൾ രണ്ടും deminimis പരിധിക്കുള്ളിൽ ആയിരിക്കേണ്ടതാണ്. ഇപ്പോൾ ഇന്ത്യാഗവൺമെന്റും സംസ്ഥാന സർക്കാരുകളും നൽകിവരുന്ന സബ്സിഡികളുടെ നിലവാരം, എ.ഒ.എ.ന്റെ വ്യവസ്ഥകളനുസരിച്ച് ഇന്ത്യയ്ക്ക് അർഹമായതിൽനിന്നും de minimis ൽ വളരെ താണതാണ് എന്ന് കണക്കുകൾ കാണിക്കുന്നു. അതിനാൽ ഡബ്ല്യൂ.ടി.ഒ. നിയമങ്ങൾക്കനുസരിച്ച് പ്രവർത്തിക്കണമെന്നുള്ള പരിഗണന വച്ചുനോക്കിയാൽ, ഇന്ത്യയ്ക്കോ ഏതെങ്കിലും സംസ്ഥാനത്തിനോ കൃഷിയ്ക്ക് അവർ ഇപ്പോൾ അനുവദിച്ചുവരുന്ന സഹായങ്ങൾ ഒന്നും തന്നെ വെട്ടിക്കുറയ്ക്കേണ്ട യാതൊരു ബാദ്ധ്യതയുമില്ല. കൂടാതെ കൃഷിയെ സംബന്ധിച്ച കരാറുകളുടെ (എ.ഒ.എ.) ആർട്ടിക്കിൾ 6(2) അനുസരിച്ച് താണ വരുമാനം ഉള്ളവരോ, വരുമാനമാർഗ്ഗത്തിൽ ദരിദ്രരോ ആയ കർഷകർക്ക് വികസ്വര രാജ്യങ്ങൾ നൽകിവരുന്ന ഇൻപുട്ട് സബ്സിഡികൾ അനുവദനീയവുമാണ്. എ.ഒ.എ. താണ വരുമാനക്കാരെയും ഉപജീവനമാർഗ്ഗം തീരെ കുറഞ്ഞ കർഷകരെയും നിർവ്വചിക്കുന്നില്ല. ഇതുകൂടാതെ എ.ഒ.എ. വ്യവസ്ഥകൾ അനുസരിച്ചുതന്നെ, വികസ്വര രാജ്യങ്ങൾക്ക് തങ്ങളുടെ വികസന പദ്ധതികളുടെ അവിഭാജ്യഘടകമെന്നനിലയിൽ കാർഷിക ഗ്രാമീണ വികസന പ്രവർത്തനങ്ങൾക്ക് എ.എം.എസ്. ന്റെ(അഗ്രീഗേറ്റ് മിനിമം സപ്പോർട്ട്)കീഴിലുള്ള ഏറ്റവും കുറഞ്ഞ സഹായത്തിന്റെ പരിധിക്ക് അപ്പുറത്ത് നിക്ഷേപപരമായ സബ്സിഡികൾ (investment subsidies) നൽകി കൊണ്ടുപോലും പ്രോത്സാഹിപ്പിക്കുവാൻ അവകാശം ഉണ്ട്. കർഷകർക്ക് അപ്രകാരമുള്ള സഹായം നൽകുന്ന കാര്യം വികസ്വര രാജ്യങ്ങളുടെ സാമ്പത്തികശേഷിയുടെ പ്രശ്നമാണ്.

2. ഇന്ത്യയിൽ എ.ഒ.എ. ന്റെ പട്ടികകൾ ഉൾപ്പെടുത്തിയിരിക്കുന്ന ഇളവുകൾ ചെയ്യാൻ ബാദ്ധ്യസ്ഥമായ കയറ്റുമതി സബ്സിഡികൾ നിലവിലില്ല. ഇന്ത്യൻ ആദായനികുതി ആക്ട് സെക്ഷൻ 80 എച്ച്.എച്ച്.സി. കയറ്റുമതിയിൽനിന്നുള്ള വരുമാനത്തെ ആദായനികുതിയിൽനിന്നും ഒഴിവാക്കിയിരിക്കുകയാണ്. ഇപ്രകാരമുള്ള ആദായനികുതി ഒഴിവാക്കൽ എ.ഒ.എ. നിർവ്വചിട്ടുള്ള കയറ്റുമതി സബ്സിഡിയുടെ ഭാഗമേ ആകുന്നില്ല. വികസ്വര രാജ്യങ്ങൾക്ക് ചിലതരം സബ്സിഡികൾ കർഷകർക്ക് അനുവദിക്കുവാൻ സ്വാതന്ത്ര്യമുണ്ട്. ഉദാഹരണത്തിന് കയറ്റുമതി ഉൽപ്പന്നങ്ങൾ വിപണകളിലെത്തിക്കുന്ന ചരക്കുനീക്കച്ചെലവ് ആഭ്യന്തരവും അന്തർദേശീയവുമായ ഗതാഗതച്ചെലവിലും കടത്തുകൂലിയിലും, കയറ്റിറക്കുകൂലിയിലും ക്രമപ്പെടുത്തി(അഡ്ജസ്റ്റ്) കൊണ്ടുള്ള ഇളവുകൾ നടത്താൻ സ്വാതന്ത്ര്യമുണ്ട്. കാർഷിക സംസ്കൃത ഭക്ഷ്യോത്പന്ന കയറ്റുമതി വികസന അതോറിറ്റി (APEDA)യുടെ ചില പദ്ധതികൾക്ക് വിശേഷിച്ചും വേഗം കേടുവരുന്ന പഴ–പച്ചക്കറി ഉൽപ്പന്നങ്ങളുടെ കയറ്റുമതിയെ പ്രോത്സാഹിപ്പിക്കുവാനായി ഇപ്രകാരമുള്ള സബ്സിഡി അനുവദിക്കുന്നുണ്ട്.

3. മറ്റു രാജ്യങ്ങളുടെ ഉൽപ്പാദനത്തിന് സബ്സിഡികൾ സാവധാനം കുറച്ചുകൊണ്ടുവരുന്നതിന്റെ ഫലമായി നമ്മുടെ ചില കയറ്റുമതി ഉൽപ്പന്നങ്ങൾക്ക് പുതിയ അവസരങ്ങൾ തുറന്നുകിട്ടുന്നുണ്ട്. ഇന്ത്യയുടെ വർദ്ധിച്ചുവരുന്ന അരിയുടെ കയറ്റുമതി ഒരു ഉദാഹരണമാണ്. അത്തരം കയറ്റുമതികളിൽ ഒരു അപകടം അടങ്ങിയിരിക്കുന്നു. ആഭ്യന്തരവിപണിയിൽ ഭക്ഷ്യധാന്യങ്ങളുടെ നിയന്ത്രണംവിട്ടുള്ള വ്യാപാരം, ഇന്ത്യൻ സമൂഹത്തിലെ ദുർബ്ബലവിഭാഗം ജനങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ വാങ്ങുവാൻ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.

#### 1.2.2.3 സാനിട്ടറി-ഫൈറ്റോസാനിട്ടറി വ്യവസ്ഥകൾ

ഇറക്കുമതി ചെയ്യപ്പെടുന്ന മിക്കരാജ്യങ്ങളും ദേശീയവിപണിയുടെ സുരക്ഷയ്ക്കായി ഉൽപ്പന്നങ്ങളുടെ ശുചിത്വവും രോഗാണുവിമുക്തതയും ഉറപ്പുവരുത്തുന്ന നടപടികൾ കർക്കശമാക്കിക്കൊണ്ട്, വിദേശ ഇറക്കുമതിയെ നിയന്ത്രിക്കുന്നുണ്ട്. നമ്മുടെ രാജ്യത്താണെങ്കിൽ ഉൽപ്പന്നങ്ങളുടെ ഗുണമേന്മയും, ശുചിത്വവും രോഗാണു വിമുക്തതയും ഉറപ്പാക്കുവാനുള്ള നടപടികൾ കർക്കശമാക്കിയിട്ടില്ല. അതിന്റെ ഫലമായി വ്യാപാരത്തിന്റെ ഉദാരവത്കരണം വന്നതോടെ, നല്ല സാധനങ്ങൾക്ക് പകരം വിലകുറഞ്ഞവയും, തരംതാണ ചരക്കുകളും നമ്മുടെ ആഭ്യന്തരവിപണിയിൽ കൊണ്ടുവന്നു തള്ളുന്ന സ്ഥിതി ഉണ്ടാക്കുകയും,

ആഭ്യന്തര ഉത്പാദകർക്ക് ഒരു ഉദാരവത്കൃത വ്യാപാര വ്യവസ്ഥിതിയിൽ ഉണ്ടാകാവുന്ന അപകടങ്ങളെ മൂർച്ഛിപ്പിക്കുകയും ചെയ്യുന്നതാണ്.

#### 1.2.2.4 കയറ്റുമതിരംഗത്തെ പ്രകടനം

ലോക വ്യാപാര സംഘടനയുടെ ആവിർഭാവത്തിനുശേഷം ലോക വ്യാപാരത്തിന്റെ വൈപുല്യത്തിലെ പൊതുപ്രവണതകൾക്ക് അനുസരണമായി ഇന്ത്യയുടെ അരി, കൊപ്ര, നാളികേരം, പിണ്ണാക്ക്, സമുദ്രോൽപ്പന്നങ്ങൾ എന്നിവയുടെ കയറ്റുമതിയിൽ വളരെ ഗണ്യമായ പുരോഗതിയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതേസമയം സുഗന്ധദ്രവ്യങ്ങൾ, വ്യഞ്ജനങ്ങൾ, തേയില മുതലായ പരമ്പരാഗത ഉൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ ഗണ്യമായ പുറകോട്ടടിയാണ് അനുഭവപ്പെട്ടത്. ചരക്കു കയറ്റുമതിയിൽ ഉണ്ടാകുന്ന താരതമ്യേനയുള്ള (ആപേക്ഷിക) നേട്ടം ഒരു സജീവമായ ആശയമാണ്. എന്നിരുന്നാലും അത്തരം നേട്ടങ്ങൾ ഏതൊരു ഉൽപ്പന്നത്തിന്റെ കാര്യത്തിലും നേടുവാൻ പുതിയ ശാസ്ത്രീയ സങ്കേതങ്ങളും, കാര്യക്ഷമമായ കൈകാര്യകർത്തൃതവും(മാനേജ്മെന്റും) ഉൽപ്പാദനക്ഷമതയും ഗുണമേന്മയും, മാത്സര്യക്ഷമമായ വിലയും, നമുക്ക് ഇനിയും നേടുവാൻ കഴിയേണ്ടിയിരിക്കുന്നു. ഇന്ത്യയുടെ ഉൽപ്പന്നങ്ങളുടെ കയറ്റുമതിയുടെ വളർച്ചാസാധ്യതകൾക്ക് വിഘാതമായി നിൽക്കുന്ന മുഖ്യപ്രതിബന്ധങ്ങളിൽപ്പെടുന്ന വസ്തുതകൾ, ആഭ്യന്തരനയങ്ങളുടെ അസ്ഥിരത, വിദേശ വ്യാപാരത്തിന്മേലുള്ള നിയന്ത്രണങ്ങൾ, കയറ്റുമതിനയത്തിൽകാണുന്ന അഡ്ഹോക്കിസം എല്ലാറ്റിലും ഉപരി വർദ്ധിച്ച സംസ്ഥാന സർക്കാർ ഇടപെടലുകളും, അടിസ്ഥാനസൗകര്യങ്ങളുടെ അഭാവവും, അന്തർദേശീയവുമായിട്ടുള്ള ഗുണനിലവാരമാനദണ്ഡങ്ങളേയും, മൂല്യാധിഷ്ഠിത വില വ്യവസ്ഥയേയും കുറിച്ച് നമ്മുടെ നാട്ടുകാർക്കുള്ള അവബോധത്തിന്റെ കുറവുമാണ്.

#### 1.2.2.5 ബൗദ്ധികസ്വത്തവകാശവും പേറ്റന്റ് ആക്ടിന്റെ ഭേദഗതിയും

ഇന്ത്യയ്ക്ക് വ്യാപാരത്തെ സംബന്ധിച്ച് ബൗദ്ധികസ്വത്തവകാശത്തിന്റെ(ടി.ആർ.ഐ.പി.എസ്.)കീഴിൽവരുന്ന എല്ലാ ബാദ്ധ്യതകളേയും അതാതിന്റെ സ്ഥാനം നിർണ്ണയിച്ച് ക്രമപ്പെടുത്താനുള്ള എല്ലാ ചുമതലകളും 2005 ജന. 1 നകം നിർവ്വഹിക്കേണ്ട കടമയുണ്ട്. അതിനായി നിലവിലുള്ള നിയമങ്ങളിൽ അനുയോജ്യമായ ഭേദഗതികളോ, പുനഃപരിശോധനയോ അത്യന്താപേക്ഷിതമായിരിക്കുന്നു. ഭേദഗതികൾക്കുള്ള കരടുരേഖ 1970 ലെ ഇന്ത്യൻ പേറ്റന്റ് നോക്കുക.

## ഇന്ത്യയുടെ പേറ്റന്റ് നിയമം 1970 ഉം വ്യാപാരവുമായി ബന്ധപ്പെട്ട ബൗദ്ധിക സ്വത്തവകാശ നിയമവും (TRIPS)- അടിസ്ഥാനപ്രമാണങ്ങളുടെ ഒരു താരതമ്യ പഠനം

| ഇന്ത്യൻ പേറ്റന്റ് ആക്ട് 1970 | വ്യാപാരവുമായിബന്ധപ്പെട്ട ബൗദ്ധിക സ്വത്തവകാശ നിയമം (TRIPS) |
|---|---|
| ഭക്ഷ്യം, ഔഷധം, രാസവസ്തുക്കൾ ദിപ്പി എന്നിവയുടെ നിർമ്മാണ വ്യവസായ ത്തിലെ ഉത്പ്പന്നങ്ങൾക്കല്ല, ഉത്പാദന പ്രക്രിയയ്ക്കാണ് പേറ്റന്റ് ബാധകമാ ക്കിയിട്ടുള്ളത്. | സാങ്കേതികരംഗത്തിന്റെ എല്ലാ മേഖലകളിലും ഉൽപാ ക്കപ്പെടുന്ന ഉത്പ്പന്നങ്ങളും നൃൂതനമായ ഉത്പാദന പ്രക്രിയകളും പേറ്റന്റിന്റെ പരിധിയിൽ ഉൾപ്പെടുന്നു. |
| പേറ്റന്റ് നിയമത്തിന് പുറത്തുവരുന്ന വിഷയങ്ങൾ ഇതിൽ ഉൾപ്പെടുന്നു. | താഴെപ്പറയുന്ന കാര്യങ്ങളിൽ മാത്രമാണ് അപവാദങ്ങൾ ഉള്ളത് |
| "കാർഷികസമ്പ്രദായങ്ങൾ അഥവാ പഴം, പച്ചക്കറി എന്നിവയുടെ കൃഷി", ഔഷധം, ശസ്ത്രക്രീയ, മനുഷ്യരുടെ മറ്റു ചികിത്സാസമ്പ്രദായങ്ങളുമായി ബന്ധപ്പെട്ടതും, മൃഗങ്ങളേയും സസ്യങ്ങളെയും രോഗവിമുക്തമാക്കുവാനും, അവയിൽ നിന്നും ഉത്പാദിപ്പിക്കുന്ന വസ്തുക്കളുടേയും മൂല്യം വർദ്ധിപ്പിക്കുന്ന പ്രക്രിയകൾ | 1. ഏതെങ്കിലും കണ്ടുപിടിത്തങ്ങളുടെ പ്രയോഗം പൊതു അച്ചടക്കത്തേയോ, സാന്മാർഗ്ഗ ജീവിതത്തേയോ ബാധിക്കു ന്നതോ, ജീവന് അപടകമോ, പരിസ്ഥിതിസുരക്ഷയെ ബാധിക്കുന്നതോ ആയവ<br>2. രോഗനിർണ്ണയം, ചികിത്സ, ശസ്ത്രക്രിയാരീതികൾ എന്നിവയെ സംബന്ധിച്ചവ<br>3. അടിസ്ഥാനപരമായ ജീവശാസ്ത്ര പ്രക്രിയയിലൂടെ ഉല്പാദിപ്പിക്കപ്പെടുന്ന സസ്യങ്ങളും ജീവികളും/മൃഗങ്ങളും |
| ജീവനുള്ള ഒന്നിനും പേറ്റന്റില്ല. | സൂക്ഷ്മാണുജീവികൾ അതിസൂക്ഷ്മ ജൈവശാസ്ത്ര പ്രക്രി യകൾ ജീവശാസ്ത്രേതര പ്രക്രിയകളിലൂടെ ഉല്പാദിപ്പിക്കപ്പെ ടുന്ന സസ്യങ്ങൾ, ജീവികൾ എന്നിവയ്ക്ക് പേറ്റന്റ് നല്കാവു ന്നതാണ്. അല്ലെങ്കിൽ ജൈവവസ്തുവിന്റെ ജന്മസ്ഥലം ആവിർഭാവസ്ഥലം (Sui generis)/അല്ലെങ്കിൽ രണ്ടും (ജൈവ വൈ വിധ്യവും sui generis) പേറ്റന്റിന്റെ പരിധിയിൽ വരുന്നതാണ്. |
| രാസവസ്തുക്കളുടേയും ഔഷധങ്ങളു ടേയും നിർമ്മാണപ്രക്രിയകൾക്കുള്ള പേറ്റന്റ് 5 മുതൽ 7 വരെ വർഷമായി രിക്കും. ഇവ ഒഴികെയുള്ളവയുടെ കാലം 14 വർഷമാണ്. | എല്ലാറ്റിന്റേയും പേറ്റന്റ് കാലം 20 വർഷമാണ്. |
| നിർബന്ധിത ലൈസൻസിംഗ് അവകാശം | നിയന്ത്രിത ലൈസൻസിംഗ്. ലൈസൻസ് ഒരു അവകാശമായി അംഗീകരിക്കുന്നില്ല. |
| പേറ്റന്റ് ഉള്ള കണ്ടുപിടിത്തങ്ങൾ ദുർ വിനിയോഗം തടയുവാൻ പൊതുതാല് പര്യസംരക്ഷണത്തിനായി സർക്കാരിന് ഇടപെടുവാൻ അവകാശം ഉണ്ട്. | പൊതുതാല്പര്യത്തിനായി സർക്കാർ ഇടപെടുന്നതിൽ വളരെ പരിമിതമായ അയവുകൾ മാത്രമേ നല്കാവൂ. |

### 1.2.2.6 സസ്യവൈവിധ്യങ്ങളുടെ സംരക്ഷണവും കർഷകരുടെ അവകാശാധികാരങ്ങളും

1. വ്യവസായത്തെ സംബന്ധിച്ച ബൗദ്ധിക സ്വത്തവകാശനിയമം (TRIPS) അനുശാസിക്കുന്നത് ഇന്ത്യ യിലെ സസ്യ-ജൈവ വൈവിദ്ധ്യങ്ങളെ സംരക്ഷിക്കുവാൻ നിയമനിർമ്മാണപരവും ഭരണപരവുമായ ചട്ട ക്കൂടു വേണമെന്നാണ്. അപ്രകാരമുള്ള ബൗദ്ധികസ്വത്തവകാശ (IPR) വ്യവസ്ഥ ഫലപ്രദമായ sui generis വ്യവസ്ഥയിലൂടെയോ, അല്ലെങ്കിൽ പേറ്റന്റ് വ്യവസ്ഥയിലോ, അല്ലെങ്കിൽ ഈ രണ്ടുമാർഗ്ഗങ്ങളിലൂടേയോ

സംരക്ഷിക്കപ്പെടേണ്ടതാണ്. വ്യവസായസംബന്ധമായ ബൗദ്ധിക സ്വത്തവകാശ നിയമം (TRIPS) ഇന്ത്യൻ വസ്തുക്കൾക്കും സേവനങ്ങൾക്കും ജ്യോഗ്രഫിക്കൽ ഇന്റിക്കേഷനിലൂടെ സംരക്ഷണം വാഗ്ദാനം/ഉറപ്പു ചെയ്യുന്നുണ്ട്. എന്നാൽ ഇവയെല്ലാം തന്നെ ഇന്ത്യയിൽതന്നെ നിയമനിർമ്മാണത്തിന്റെ ചട്ടക്കൂടിനുള്ളിൽ കൊണ്ടുവരേണ്ടതാണ്. ഈ വസ്തുതയുടെ അടിസ്ഥാനത്തിൽ ഭാരതസർക്കാർ ജ്യോഗ്രഫിക്കൽ ഇന്റിക്കേഷൻസ് ഓഫ് ഗുഡ്സ് (രജിസ്ട്രേഷൻ ആൻഡ് പ്രൊട്ടക്ഷൻ) ആക്ട് 1999 എന്ന പുതിയ നിയമനിർമ്മാണം നടത്തിയതും കർഷകരുടെ അവകാശവും ജൈവവൈവിധ്യവും സംരക്ഷിക്കുവാനായി sui generis വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ പ്രൊട്ടക്ഷൻ ഓഫ് പ്ലാന്റ് വെറൈറ്റീസ് ആന്റ് ഫാർമേഴ്സ് റൈറ്റ് ആക്ട്, 2001 ഉം നിയമനിർമ്മാണം നടത്തി പാസാക്കിയിട്ടുണ്ട്.

2. ഇന്ത്യ പാസ്സാക്കിയ സസ്യജൈവ വൈവിധ്യവും, കർഷകരുടെ അധികാരങ്ങളും സംബന്ധിച്ച് 2001ൽ നിർമ്മിച്ച നിയമം (PPVFR) സമ്പന്നമായ ജൈവവൈവിധ്യത്താലനുഗ്രഹീതമായ ഒരു വികസ്വരരാജ്യം എപ്രകാരമാണ് തങ്ങളുടെ ജൈവപൈതൃകം സംരക്ഷിക്കേണ്ടത് എന്നതിന് ഒരു മാതൃകയാണ് സൃഷ്ടിച്ചിരിക്കുന്നത്. വ്യാപാരം സംബന്ധിച്ച ബൗദ്ധിക സ്വത്തവകാശ നിയമങ്ങൾ (TRIPS) നിഷ്കർഷിക്കുന്ന/അനുശാസിക്കുന്ന നിർദ്ദേശങ്ങളും, കോൺഫറൻസ് ഓൺ ബയോ ഡൈവേഴ്സിറ്റി (CBD) യുടെ അടിസ്ഥാന തത്വങ്ങളും സമജ്ജസമായി സമന്വയിപ്പിക്കാനും ഈ ആക്ടിനു കഴിഞ്ഞിട്ടുണ്ട്. സസ്യത്തിന്റെ വംശവർദ്ധന തടയുന്നയാളിന് പുതിയ സസ്യവൈവിധ്യത്തിന്റെ മേലുള്ള ഉടമാവകാശവും അതായത്, പ്ലാന്റ് ബ്രീഡേഴ്സ് റൈറ്റ്സ് (PBR) അംഗീകരിക്കുന്നതോടൊപ്പം കർഷകരുടെ സസ്യങ്ങളുടെ മേലുള്ള പരമ്പരാഗതമായ അവകാശവും, തലമുറകളായി സസ്യങ്ങളെ പരിരക്ഷിച്ചും സംരക്ഷിച്ചും സമ്പന്നമാക്കിയും പോന്നിട്ടുള്ള അവരുടെ ചരിത്രപരമായ സംഭാവനയിന്മേൽ ഈ നിയമം യാതൊരു കടന്നാക്രമണവും നടത്തുന്നില്ല. ഈ ധന്യപാരമ്പര്യം നിരവധി വിളകളുടെ ഉല്പാദനം ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ച് മെച്ചപ്പെടുത്തുന്നതിന് ഈ നിയമം ഒരനുഗ്രഹവും കൂടിയാണ്. ജൈവ വൈവിധ്യത്തിന്റെ കാര്യത്തിൽ കോൺഫറൻസ് ഓൺ ബയോഡൈവേഴ്സിറ്റി (CBD) യോടുള്ള ഇന്ത്യയുടെ പ്രതിബദ്ധത പ്രകടമാക്കുന്ന മറ്റൊരു നിയമനിർമ്മാണം കൂടി നടത്തിയതാണ് ജീവശാസ്ത്രപരമായ വൈവിധ്യ ബിൽ 2002. അത് ഈ അടുത്തകാലത്താണ് രാജ്യസഭയും ലോക്സഭയും പാസ്സാക്കിയത്. ദേശീയ ജൈവവൈവിധ്യ അതോറിറ്റി (NBA) (കേന്ദ്രത്തിലും) യും, സംസ്ഥാന ജൈവ വൈവിധ്യബോർഡോ, പ്രാദേശിക സ്വയംഭരണസ്ഥാപനമോ അഥവാ പഞ്ചായത്ത് തലത്തിലുള്ള സ്ഥാപനമോ ജൈവവൈവിധ്യവത്ക്കരണത്തിലൂടെ വികസിപ്പിച്ചെടുക്കുന്ന ഉത്പന്നങ്ങളുടെ വാണിജ്യവത്ക്കരണത്തിൽ നിന്നും സമാഹൃതമാകുന്ന ആദായങ്ങൾ തുല്യമായി പങ്കിടുന്നതിനും, അവയുടെ ഉപയോഗം സുസ്ഥിരമാക്കുവാനും, ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും പ്രോത്സാഹനം നൽകുന്നതിനുമാണ് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

### 1.2.2.7 ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻ (G.I.)

കാർഷികവിഭവങ്ങളുടെ ജിയോഗ്രാഫിക്കൽ ഇൻഡിക്കേഷൻ (രജിസ്ട്രേഷനും സംരക്ഷണവും) ആക്ട് 1999 (GIGA) എല്ലാ കാർഷികവിഭവങ്ങളേയും ഉൾക്കൊള്ളുന്ന ഒരു നിയമമാണ്, കാർഷിക വിഭവങ്ങൾക്കും വൻതോതിൽ ഉല്പാദിപ്പിക്കപ്പെടുന്ന (manufactured godds) വസ്തുക്കൾക്കും, സംസ്ക്കരിച്ച കാർഷിക ഉല്പന്നങ്ങൾക്കും പ്രത്യേക ഗുണവിശേഷങ്ങളും, നിശ്ചിത ഗുണനിലവാരം പുലർത്തുന്നതിൽ അവയ്ക്കുള്ള പ്രശസ്തിയും, അത്തരം ഉല്പന്നങ്ങൾക്കും അവയുടെ സവിശേഷഗുണം ഭൂമിശാസ്ത്രപരമായി ഏതെങ്കിലും പ്രദേശത്തിന് കല്പിച്ചു കൊടുക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവയെ സംരക്ഷിക്കുവാനും ബാദ്ധ്യതയുള്ള വ്യവസ്ഥകൾ അടങ്ങിയ നിയമമാണ് GIGA, 1999. GIGA സുപ്രധാനമായൊരു നിയമനിർമ്മാണത്തിന്റെ ചട്ടക്കൂട്ടിലൂടെ എല്ലാ യോഗ്യത നേടിയിട്ടുള്ള ചരക്കുകൈമാറ്റത്തിൽ നിന്നുമുള്ള വ്യാപാരത്തിന്റെ ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻ അനുശാസിക്കുന്ന നേട്ടങ്ങളും വ്യാപാരിയും ഉല്പാദകനും അനുഭവിക്കുവാനും, കപട സാദൃശ്യമുള്ള ഉത്പന്നങ്ങളാൽ ഉപഭോക്താവ് വഞ്ചിക്കപ്പെടാതിരിക്കുവാനും ഉള്ള പരിരക്ഷകൾ ഉറപ്പാക്കുന്നുണ്ട്. ബസ്മതി അരി, ഡാർജിലിംഗ് തേയില, മലബാർ കുരുമുളക്, ഗുണത്തിലും പ്രശസ്തിയിലും അവയുടെ മുഖ്യ ഉല്പാദനത്തിന്റെ പ്രാദേശിക നാമവുള്ള അഗിരിമൽ ഗോവ, ബംഗാനപ്പള്ളി, ദസ്സേരി, പോലുള്ള ചിലയിനം മാങ്ങകൾ തുടങ്ങിയ കാർഷികവിഭവങ്ങളുടെ വ്യാപാരത്തിൽ ഈ നിയമത്തിന് ശക്തമായ സ്വാധീനം ഉണ്ടായിരിക്കുന്നതാണ്. ഇങ്ങിനെ ഉല്പന്നങ്ങളെ, അവ കൃഷിചെയ്യുന്നവർക്കും വ്യാപാരികൾക്കും, ഉപഭോക്താക്കൾക്കും നേട്ടം ഉണ്ടാകുന്നതിനായി രജിസ്റ്റർ ചെയ്യുകയും അങ്ങനെ അവയെ സംരക്ഷിക്കാവുന്നതുമാണ്. പരമ്പരാഗതമായി പ്രശസ്തിയാർജ്ജിച്ചിട്ടുള്ളതും ചില പ്രത്യേക ഭൂമിശാസ്ത്രപരമായ പ്രാദേശിക നാമങ്ങളിൽ പരക്കെ അറിയപ്പെടുകയും ഗുണവിശേഷങ്ങൾ ഉള്ളതുമായ ചില പരമ്പരാഗത ഇന്ത്യൻ കാർഷിക ഉത്പന്നങ്ങൾക്ക് പകരം പകർപ്പുകൾ വിപണിയിറക്കി വ്യാപാരം നടത്തുന്നതിന്റെ ഫലമായി വളരെക്കാലമായി ഇന്ത്യ അനുഭവിച്ചുവരുന്ന പ്രതികൂലമായ സ്ഥിതിവിശേഷത്തിന് ഒരു നല്ല

പ്രതിവിധിതന്നെ ആകും ഈ നിയമനിർമ്മാണം എന്നു പ്രതീക്ഷിക്കാം. കാർഷികോത്പന്നങ്ങളുടെ (ചരക്കുകളുടെ) വ്യാപാരത്തിന്മേലുള്ള ജിയോഗ്രാഫിക്കൽ ഇൻഡിക്കേഷന്റെ (G1) സ്വാധീനം ആഭ്യന്തരവ്യാപാര രംഗത്തുണ്ടാകുന്നതിനേക്കാൾ നേട്ടം വിദേശവ്യാപാരത്തിലായിരിക്കും. ഏതായാലും ആഭ്യന്തരമായി നിയമനിർമ്മാണം നടത്തിയതുകൊണ്ടുമാത്രം ഈ നേട്ടങ്ങൾ കൈവരിക്കുവാൻ സാധിക്കുകയില്ല. മറിച്ച്, ഇവയുടെ വ്യാപാരത്തിലേർപ്പെടുന്ന രാജ്യങ്ങളുമായി, വ്യാപാരവുമായി ബന്ധപ്പെട്ട ബൗദ്ധികസ്വത്തവകാശ നിയമ (G1) ത്തിലൂടെ ഉഭയകക്ഷിതലത്തിലും ബഹുകക്ഷിതലത്തിലും ഫലപ്രദമായ അനുരഞ്ജനങ്ങൾ നടത്തുന്നതിലൂടെ മാത്രമേ നേട്ടങ്ങൾ ഉണ്ടാക്കാൻ സാധിക്കുകയുള്ളൂ.

GIGA, 1999 അനുസരിച്ച് ജിയോഗ്രാഫിക്കൽ ഇന്റിക്കേഷൻ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതായിട്ടുണ്ട്. ഇതിന്റെ രജിസ്ട്രിയുടെ നിയന്ത്രണവും, കൈകാര്യകർത്തൃത്വവും GI യുടെ രജിസ്ട്രാറിനാണ്. ഏതൊരു കാർഷിക ഉത്പ്പന്നവും, ഒരു നിശ്ചിത ഭൂപ്രദേശത്തിന്റേയോ, ഭൂവിഭാഗത്തിന്റേയോ, പ്രദേശത്തിന്റേയോ സ്ഥലത്തിന്റേയോ മേൽവിലാസവും സംജ്ഞയുമുള്ള എല്ലാ സവിശേഷ കാർഷിക ഉത്പന്നത്തിനും GI യിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. എന്നാൽ കബളിപ്പിക്കുന്നതോ, ആശയക്കുഴപ്പം സൃഷ്ടിക്കുന്നതോ, പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തെ ലംഘിക്കുന്നതോ, അതിന്റെ വംശീയ (ജനറിക്ക്) നാമവും ഇൻഡിക്കേഷൻസും ദുർവിനിയോഗം ചെയ്യപ്പെട്ടതോ, ഉത്പന്നത്തിന്റെ ഉല്പത്തിയെപ്പറ്റി തെറ്റായ വിവരം നല്കപ്പെടുകയോ ചെയ്യുന്നപക്ഷം അതിന് രജിസ്ട്രേഷൻ നിഷേധിക്കപ്പെടുന്നതാണ്.

### 1.2.3. കേരളത്തിന്റെ കാർഷികസമ്പദ് വ്യവസ്ഥയുടെ മേൽ WTO യും WTA യും ഏല്പിക്കുന്ന ആഘാതം

1. ലോകവ്യാപാര കരാർ (WTA) വ്യവസ്ഥകളുടെ പ്രകടവും ദൂരവ്യാപകവുമായ സ്വാധീനവും (കേരളത്തിന്റെ കാർഷികസമ്പദ് വ്യവസ്ഥയുടെ മേലുള്ള) നോക്കിക്കാണേണ്ടത് ദേശീയസ്ഥിതികളുടെ പശ്ചാത്തലത്തിൽ മാത്രം പോരാ, മറിച്ച് അവ കേരളത്തിന്റെ സവിശേഷ കാർഷിക സമ്പദ്ഘടനയുടെ പശ്ചാത്തലത്തിൽ കൂടി ആയിരക്കണമെന്ന കാര്യം പരമപ്രധാനമാണ് എന്ന് നിർദ്ദേശിക്കുവാൻ കാരണം, WTO യുടേയും WTA യുടേയും സ്വാധീനം കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന കർഷകജനലക്ഷങ്ങളുടെ ഉപജീവനത്തേയും വിധിവിഹിതങ്ങളേയും പ്രതികൂലമായി ബാധിക്കുന്നതുകൊണ്ടാണ്. ജനസംഖ്യയുടെ നല്ലൊരു ഭാഗവും ചെറുകിടകൃഷിക്കാരും നാമമാത്ര കർഷകരും ആണ് (അടിക്കുറിപ്പ് നോക്കുക). ഇവരുടെ ഉപജീവനത്തിന്റെ സുരക്ഷയ്ക്കാണിപ്പോൾ WTO യും WTA യും വമ്പിച്ച ഭീഷണി ഉയർത്തിയിരിക്കുന്നത്. പ്രായോഗികമായി നോക്കിയാൽ ഇതുവരെ കേരളത്തിന്റെ കാർഷികവിഭവങ്ങളുടെ മേലുള്ള WTA ന്റെ നിബന്ധനകൾക്കുള്ള യാഥാർത്ഥ സ്വാധീനം എത്രഗണനീയമാണെന്ന് ശാസ്ത്രീയമായൊരു അപഗ്രഥനം നടത്തപ്പെട്ടിട്ടില്ല. അത്തരമൊരു അപഗ്രഥനാപരമായ പഠനം നാം അടിയന്തിരമായി ഏറ്റെടുക്കേണ്ടത് അനിവാര്യമാണ്. സംസ്ഥാനത്തിന്റെ മൊത്തം കാർഷികോത്പ്പന്നങ്ങളുടെ മൂന്നിൽ രണ്ടു മുതൽ നാലിൽ മൂന്നുവരെ ഭാഗവും, ഒന്നുകിൽ കയറ്റുമതി ചെയ്യപ്പെടുന്നവയോ അല്ലെങ്കിൽ വളരെയേറെ കയറ്റുമതി സാദ്ധ്യത ഉള്ളവയോ ആണ്. കേരളത്തിന്റെ കാർഷികവിളകളിൽ ഏറിയ ഭാഗത്തിനും (കുരുമുളക് പോലുള്ളവയ്ക്ക്) പരമ്പരാഗതമായി വിപണി ലഭിക്കുന്നവയാണ്. എന്നിരുന്നാലും ഈ നേട്ടം ഫലപ്രദമായി വിനിയോഗിക്കുവാനും, ഗുണനിലവാരം ഉയർത്തിയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിച്ചും, വിപണി വിപുലമാക്കുവാനും പരിശ്രമിക്കേണ്ടതുണ്ട്. (മൂല്യവർദ്ധനയുടെ കാര്യത്തിൽ കേരളത്തിന് തനതായ ശേഷി ഇനിയും കൈവരിക്കേണ്ടതുണ്ട്. എന്തുകൊണ്ടെന്നാൽ കേരളത്തിന്റെ കയറ്റുമതി ചെയ്യപ്പെടുന്ന മിക്ക ഭക്ഷ്യ സസ്യപദാർത്ഥങ്ങളുടെ മേൽ ചുമത്തപ്പെടുന്ന ഉല്പന്നശുചിത്വത്തെ സംബന്ധിച്ച WTA വ്യവസ്ഥകൾ അത്രമാത്രം കർക്കശമാണ്). അതിനാൽ കേരളത്തിന്റെ പരമ്പരാഗത ചരക്കുല്പന്നങ്ങളുടെ ഉല്പാദനവും ഉത്പാദനക്ഷമതയും, സംസ്കരണവും, വ്യാപാരവും വിപണിയെ ലക്ഷ്യമാക്കിക്കൊണ്ടുള്ളതാക്കിക്കൊണ്ട് ശക്തമാക്കേണ്ടതാണ്. ഗുണമേന്മയിലും വിലയിലും മൂല്യത്തിലും മാത്സര്യശേഷി ഉറപ്പാക്കുന്നതിനുള്ള നിതാന്തമായ ബാഹ്യ-ആഭ്യന്തര ജാഗ്രത പാലിക്കുക എന്നതാണ് നമുക്കൊരു സുസ്ഥിരമായ കാർഷിക വ്യാപാര സുരക്ഷ കെട്ടിപ്പടുക്കുവാൻ നാം നല്കേണ്ടതായ വില എന്നു പറയാം.

#### 1.2.3.1 ആഭ്യന്തരവും ബാഹ്യവുമായ മത്സരങ്ങൾ

1. അന്താരാഷ്ട്ര കാർഷികവ്യാപാര രംഗത്ത് ഇന്ത്യൻ ഉത്പന്നങ്ങൾക്ക് താരതമ്യേന ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തുവാൻ കേന്ദ്രസർക്കാർ നിയോഗിച്ച ഒരു പഠനം ചൂണ്ടിക്കാണിക്കുന്നത് -

കേരളത്തിന്റെ മാത്രം സവിശേഷമായ (പരമ്പരാഗത കയറ്റുമതിയിനങ്ങളിൽപെട്ട) ഒരൊറ്റ ഉത്പന്ന തിനുപോലും നമ്മോട് മത്സരിക്കുന്ന രാജ്യങ്ങൾക്കുമേൽ തൃപ്തികരമായ മുൻകൈ നേടുവാൻ നമുക്ക് ഇന്നോളം കഴിഞ്ഞിട്ടില്ല എന്താണ്. മുഖ്യകാരണം, കേരളത്തിലെ വളരെ ഉയർന്ന ഉത്പാ ദനച്ചെലവ് തന്നെ. എന്നാൽ പച്ചക്കറികളും പഴവർഗ്ഗങ്ങളും ഉൾപ്പെടുന്ന ഒരു കൂട്ടം ഉത്പന്നങ്ങൾക്ക് അന്താരാഷ്ട്ര വ്യാപാരത്തിൽ സുസ്ഥിരമായ വികസന സാദ്ധ്യതയുണ്ട്. ഈ പഠനത്തിൽ കേരള ത്തിന്റെ സുഗന്ധദ്രവ്യങ്ങളും വ്യഞ്ജനങ്ങളും കശുവണ്ടിപരിപ്പും ഉൾപ്പെടുത്തിയിരുന്നില്ല എന്നാണ് റിപ്പോർട്ട്. ഈ സാഹചര്യത്തിൽ, ഈ കാർഷികോല്പന്നങ്ങളുടെ വിപണികൾ വിപുലമാക്കുവാൻ ആവശ്യമായ നടപടിക്രമങ്ങൾ സ്വീകരിക്കുവാനുള്ള ചുമതല സംസ്ഥാനസർക്കാരിനാണ്. ഈ ഉത്പ ന്നങ്ങളുടെ വ്യാപാര-വിപണിസാദ്ധ്യതകളും മറ്റനുബന്ധവിഷയങ്ങളും പഠിക്കുവാനും ഒരു നിശ്ചിത കാലയളവിനുള്ളിൽ വസ്തുനിഷ്ടമായി വിലയിരുത്തുവാനും സംസ്ഥാന സർക്കാർ മുൻകൈ എടു ക്കുകയും വേണം.

2. ഇറക്കുമതികളുടെ അളവുപരമായ നിയന്ത്രണങ്ങൾ (QRS) ഇറക്കുമതി തീരുവ (താരിഫ്)കളുടേയും താരിഫേതര ഇറക്കുമതിയും (അതാകട്ടെ, 1986 നും 1988 നുമിടയിൽ, ഓരോ പ്രാഥമിക ഉത്പന്ന ത്തിന്റേയും ആഭ്യന്തര ഉപഭോഗം 3% ത്തിൽ കുറയാതിരുന്നാൽ മാത്രമെന്നാണ് വ്യവസ്ഥ) ക്രമേണ കുറച്ചുകൊണ്ടുവരികയും പിന്നീട് അവ പൂർണ്ണമായും നിറുത്തലാക്കുകയും വേണമെന്ന അവസ്ഥ കാരണം വിദേശ കാർഷിക ഉത്പന്നങ്ങളുടെ പ്രവാഹം ദേശീയ/ആഭ്യന്തരവിപണിയിൽ ഏറിയേറി വരികയും, അത് ഉത്പന്നങ്ങളുടെ ആഭ്യന്തരവിപണിയിലെ വിലയിൽ കാര്യമായി പ്രതിഫലിക്കു കയും ചെയ്യുന്നു. കേരളം ശക്തമായ മത്സരം നേരിടുന്നത് മൂന്നു മുഖ്യ കാർഷിക വിളകളിലാണ്. പ്രതിയോഗികൾ, മലേഷ്യൻ റബറും, ശ്രീലങ്കയിലേയും ഫിലിപ്പീൻസിലേയും നാളീകേരവും, ഗ്വാട്ടി മാലയിലെ ഏലവുമാണ്. ഇതിനുള്ള പോംവഴി വിപണിയിൽ ശക്തിയോടെ മത്സരിക്കുകതന്നെയാ ണ്. നാളീകേരത്തിന്റെ കാര്യത്തിൽ, കേരളത്തിന് മത്സരം നേരിടേണ്ടത് വിദേശ ഇറക്കുമതികളിൽ നിന്നു മാത്രമല്ല, നാളീകേരം ഉല്പാദിപ്പിക്കുന്ന മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങൾ, വിശിഷ്യ തമിഴ്നാടും ആന്ധ്രപ്രദേശും ആയിട്ടാണ്. (ഇപ്പോഴും നാളികേരത്തിന്റേയും നാളികേരോത്പന്നങ്ങളുടേയും വിദേശ ഇറക്കുമതികളുമായുള്ള കടുത്ത മത്സരത്തിന്റെ നടുവിൽ തന്നെയാണ് കേരളം). എന്നാൽ ഏലത്തിന്റെ കാര്യത്തിൽ കേരളത്തിന്റെ നില ആപേക്ഷികമായി സുരക്ഷമാണെന്ന് പറയാം. ഉല്പാ ദനവും വ്യാപാരവും വളരെ ശക്തമായ പ്രക്രിയകളും വർഷംതോറും വമ്പിച്ച ചാഞ്ചാട്ടത്തിന് വിധേ യമായതും ആകയാൽ നമ്മോട് വ്യാപാരമത്സരത്തിലേർപ്പെടുന്ന രാജ്യങ്ങളിലെ വിപണിയേയും, ഉല്പാദനത്തേയും കുറിച്ച് ജാഗ്രത പുലർത്തുന്നത് തന്ത്രപ്രാധാന്യം അർഹിക്കുന്നു.

### 1.2.3.2 സമഗ്ര സഹായനടപടികൾ (Aggregate Measure of Support)

കർഷകർക്ക് നൽകുന്ന ആഭ്യന്തരസഹായ നടപടികൾ- സമഗ്രമായ സഹായനടപടികൾക്ക് (AMS) കൃഷിയെ സംബന്ധിച്ച കരാർ (AOA) ചില പരിമിതികൾ ഏർപ്പെടുത്തുന്നുണ്ട് - മൂന്നുതരമാണ് സഹായ ങ്ങൾ. ഒന്ന്, വ്യാപാരത്തെ അസന്തുലമാക്കുന്നു, രണ്ട്, ഉത്പന്നാധിഷ്ഠിതമായ സഹായവും മൂന്ന് ഉത്പ ന്നാധിഷ്ടിതേതരമായതും. വികസ്വര രാജ്യങ്ങളുടെ കാര്യത്തിൽ സമഗ്രസഹായം (AMS), അവിടങ്ങളിലെ മൊത്തം ആഭ്യന്തര ഉല്പാദനം കൃഷിയുടെ ഭാഗത്തിന്റെ 10% കൂടുതലാകുവാൻ പാടില്ല എന്നതാണ് പരിമി തി. ഈ വീക്ഷണത്തിൽ നോക്കിയാൽ, നല്കുന്ന സബ്സിഡി അനുവദനീയമല്ല എന്ന അടിസ്ഥാനത്തിൽ കർഷകർക്ക് യാതൊരു ഭീഷണിയ്ക്കും അവകാശമില്ല. പൊതുവേ, ഇന്ത്യയിലെ കർഷകർക്ക് ലഭ്യമാക്കുന്ന സബ്സിഡികൾ (ഉല്പന്നാധിഷ്ഠിതമല്ലാത്ത സബ്സിഡികളും, സർക്കാരിന്റെ സംഭരണവും താങ്ങുവിലയും ഉൾപ്പെടെയുള്ളവ) ഇപ്പോൾ നോക്കിയാൽ അനുവദനീയമായ പരിധിയിൽ വളരെ താണതാണ് എന്നു കാണാം. ഉല്പന്നാധിഷ്ഠിത സഹായം കേരളത്തിന്റെ വിളകളിൽ കൊപ്രയ്ക്കു മാത്രമാണ് ലഭിക്കുന്നത്. അതുതന്നെ ഇന്ത്യയിൽ ഭക്ഷ്യധാന്യങ്ങളുടെ സംഭരണത്തിലൂടെ ലഭ്യമാക്കുന്ന വമ്പിച്ച സബ്സിഡിയുമായി താരതമ്യം ചെയ്യുമ്പോൾ വാസ്തവത്തിൽ തുലോം തുഛമാണ്. കയറ്റുമതി സബ്സിഡിയെ സംബന്ധിച്ചുപ റഞ്ഞാൽ, കേരളം ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങളിൽ ഒന്നിനുപോലും ഉല്പന്നാധിഷ്ഠിതമായ - സബ്സിഡിയോ സഹായമോ ലഭിക്കുന്നില്ല. കയറ്റുമതിയിൽ നിന്നുള്ളആദയാത്തിന് നികുതി ഇളവുചെയ്യു ന്നത് മാത്രമാണ് ഇതിന് ഒരു അപവാദം (എന്നാൽ ആദായനികുതി ഇളവ് എന്ന ആനുകൂല്യവും വളരെ തുഛമാണ്) അങ്ങിനെ നോക്കിയാൽ കേരളത്തിലെ ദേശീയ കാർഷികസബ്സിഡിയുടെ പങ്ക് വളരെ താണ തും, കേരളത്തിന്റെ മുഖ്യഉല്പന്നങ്ങളുടെ ഭൂരിഭാഗത്തിനും താങ്ങുവിലയും ലഭ്യമാകുന്നില്ല എന്നതാണ് സത്യം.

### 1.2.3.3. ഉത്പന്നങ്ങളുടെ വർഗ്ഗീകരണം (Categorization of Commodities)

ബൈന്റിംഗ് താരിഫുകൾ നിശ്ചയിക്കുന്നതിനായി ഉത്പന്നങ്ങളെ തരംതിരിക്കുന്ന സമ്പ്രദായത്തിൽ ചില പൊരുത്തക്കേടുകൾ ഉണ്ട്. വളരെ പ്രകടമായ ഒരുദാഹരണമാണ് വ്യാവസായികോല്പന്നങ്ങളും കാർഷികോല്പന്നങ്ങളും തമ്മിൽ അതിർവിട്ട് കടക്കുന്ന സ്ഥിതി. ഇങ്ങനെയുള്ള അതിവ്യാപനം നിറുത്തലാക്കണം, കാരണം ഈ രണ്ടു വിഭാഗം ഉത്പന്നങ്ങളും ലോകവ്യാപാരത്തിന്റെ (WTO യുടെ) രണ്ടു വ്യത്യസ്ത മേഖലകളിൽ ഉള്ള താരിഫുനിരക്കുകളുടെ കീഴിൽ വരുന്നവയാണ്. ഈ രണ്ടു വിഭാഗത്തിലുമായി വർഗ്ഗീകരിച്ചിട്ടുള്ള ഉത്പന്നങ്ങൾ വ്യാവസായ അസംസ്കൃത വസ്തുക്കൾ ആയിരിക്കുമ്പോഴാണ് പ്രശ്നം തല പൊക്കുന്നതും, തന്ത്രപരമായ ചില നിഗൂഢതകൾക്ക് വിധേയമാകുന്നതും. റബറിന്റെ കാര്യമെടുത്താൽ, ജനറൽ എഗ്രിമെന്റ് ഓൺ താരിഫ് ആന്റ് ട്രേയ്ഡ് (GATT) ആദ്യകാലം മുതൽ തന്നെ റബറിനെ ഒരു വ്യാവസായിക ഉല്പന്നമായിട്ടാണ് തരംതിരിച്ചത്. എന്നാൽ GATT എന്ന ലോകവ്യാപാരവ്യവസ്ഥ മാറി ലോകവ്യാപാരസംഘടനയായി WTO പരിവർത്തനം ചെയ്യപ്പെട്ടിട്ടും റബറിന്റെ പുനർവർഗ്ഗീകരം ഉണ്ടായില്ല. ഇത് കേരളത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് ഗൗരവതരമായ ഒരു പ്രതികൂല സാഹചര്യമാണു ഉണ്ടാക്കിയിട്ടുള്ളത്. വിപണി സുരക്ഷ റബർ കർഷകർക്കും കൊടുക്കേണ്ടതായും വന്നിരിക്കുന്നു. ഒരു പ്രാഥമിക ഉത്പന്നമെന്ന നിലയിൽ റബർ പാലോ, റബർ ഷീറ്റോ തീർച്ചയായും 100% ബൗണ്ട് താരിഫ് നിരക്കിന് അർഹത നേടേണ്ടതായിരുന്നു. എന്നാൽ ഒരു വ്യാവസായിക ഉത്പന്നമെന്ന നിലയിൽ പരിഗണിക്കപ്പെടുന്നതിനാൽ വെറും 50% ഇറക്കുമതി താരിഫുമാത്രമാണ് അനുവദിക്കുന്നത്. ഇത്തരമൊരു തരംതിരിക്കലിന്റെ വൈരുദ്ധ്യംമൂലം 100% വരെ ബൗണ്ട് നിരക്ക് ലഭിക്കേണ്ട പരുത്തിപോലുള്ള (വ്യാവസായിക പദാർത്ഥമാണെങ്കിലും) ഒരുല്പന്നത്തെ പ്രാഥമിക കാർഷിക ഉല്പന്നത്തിന്റെ കൂട്ടത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ ഇന്ത്യയിലെ റബർ ഉല്പാദകരുടെ താല്പര്യം കണക്കിലെടുത്തുകൊണ്ട് റബറിനേയും സമാന ഉത്പന്നങ്ങളേയും (വ്യവസായ ഉല്പന്നങ്ങളുടെ പട്ടികയിൽപ്പെടുത്തിയിട്ടുള്ളവ) കാർഷികവിളകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തികൊണ്ടുള്ള (ആ ഉല്പന്നങ്ങൾ എങ്ങിനെ വിനിയോഗിക്കപ്പെടുന്നു എന്നു നോക്കാതെ) ഒരു പുനർവർഗ്ഗീകരണം വളരെ അടിയന്തിരമായി നടപ്പിലാക്കണം. വ്യാപാര-രാഷ്ട്രീയ നയതന്ത്രങ്ങളിലൂടെ റബറിന്റെ കാർഷികവിളയുടെ പട്ടികയിലേക്കുള്ള പുനർവർഗ്ഗീകരണത്തിന് സാദ്ധ്യതയുണ്ട്. അതിനെപ്പറ്റി കേന്ദ്രസർക്കാരിനെ ബോദ്ധ്യപ്പെടുത്തുവാനും വിശ്വാസ്യത നേടാനും, അനുരഞ്ജനത്തിനുള്ള വിഷയങ്ങളിൽ ഒന്നായി ഇതിനെ അംഗീകരിച്ചുകൊണ്ട് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. കാർഷിക വ്യാപാരരംഗത്തുള്ള പ്രശ്നങ്ങളെപ്പറ്റി അനുരഞ്ജനപ്രക്രിയ തുടരുവാനാണ് ദോഹാമന്ത്രിതല സമ്മേളനം തീരുമാനിച്ചിട്ടുള്ളതും. അതുമാത്രവുമല്ല, വികസ്വര രാജ്യങ്ങളിലെ കർഷകജനതകളുടെ ഉപജീവന താല്പര്യങ്ങൾക്ക് സുരക്ഷ നല്കുവാൻ ബാദ്ധ്യസ്ഥമായ പ്രത്യേക വിവേചനാസംരക്ഷണവ്യവസ്ഥകൾ കൃഷിയെ സംബന്ധിച്ച കരാറിൽ (AOA) ഉള്ള കാര്യം വിസ്മരിച്ചുകൂടാ.

### 1.2.3.4 സാനിട്ടറി ഫൈറ്റോസാനിട്ടറി നടപടികൾ (ശുചിത്വ-സസ്യശുചിത്വ നടപടികൾ)

കേരളത്തിന്റെ കയറ്റുമതിക്ക് WTO വ്യവസ്ഥയിൽ നേരിടേണ്ടിവരുന്ന ഏറ്റവും വലിയ ഭീഷണി ചരക്കുകളുടെ അളവിന്റെ കാര്യത്തിലല്ല, മറിച്ച്, ചരക്കുകളുടെ ഗുണനിലവാരം സംബന്ധിച്ച നടപടികളും, അന്താരാഷ്ട്ര വിപണിയിൽ നിഷ്കർഷിക്കുന്ന ഗുണനിലവാരങ്ങളുടെ, വിശേഷിച്ചും ഫൈറ്റോ-സാനിട്ടറി (സസ്യശുചിത്വ) മാനദണ്ഡങ്ങളും ആണ്. കീടനാശിനിയുടെ അവശിഷ്ടാംശം, മൈക്രോടോക്സിൻ, സൂക്ഷ്മാണുസാന്നിദ്ധ്യം തുടങ്ങിയ കാര്യങ്ങൾ ശക്തമായി നിഷ്കർഷിച്ചുവരുന്നു. ഗുണനിലവാരത്തിന്റെ നിർവ്വചനം ആത്മനിഷ്ഠമായി പ്രയോഗിക്കുന്ന രീതി, WTO വ്യവസ്ഥയിൽ അനുവദനീയമായിട്ടുള്ള താരിഫേതര തടസ്സങ്ങളിൽ വളരെ പ്രധാനമായ ഒന്നായിത്തീർന്നിരിക്കുന്നു. മിക്കരാജ്യങ്ങളും, വിശേഷിച്ച്, വികസിതരാജ്യങ്ങളും ഈ സാനിട്ടറി മാനദണ്ഡങ്ങൾ ഉയർത്തിക്കാട്ടുന്നത്, ഭാഗികമായി അവർ കൂടുതൽ ആരോഗ്യാവബോധം പുലർത്തുന്നതുകൊണ്ടും, ഭാഗികമായി വികസ്വര രാജ്യങ്ങളിൽ നിന്നുമുള്ള ഇറക്കുമതികളെ ചെറുക്കുവാനും, നിരുത്സാഹപ്പെടുത്തുവാനും ആണ്. വികസ്വരരാജ്യങ്ങൾക്ക് ശുചിത്വാരോഗ്യ മാനദണ്ഡങ്ങൾ പാലിക്കുവാനുള്ള ശേഷി കുറവാണെന്ന വിക്ഷണമാണ് ഈ ഗുണനിലവാര നിർണ്ണയരീതി സ്വീകരിക്കാനിടയാക്കുന്നത്. ഈ നിർണ്ണയരീതി ആത്മനിഷ്ഠവും വിവാദപരവുമാണെന്നാണ് 2, 3 വർഷങ്ങൾക്കുമുമ്പ് കേരളത്തിന്റെ സമുദ്രോല്പന്നങ്ങളുടെ കാര്യത്തിൽ സംഭവിച്ചത് തെളിയുന്നത്. ഇതിനുപരിഹാരം ഒരു ദ്വി-മുഖസമീപനമാണ്. ആദ്യമായി ഗുണനിലവാരം ശാസ്ത്രീയമായി ഉയർത്തിക്കൊണ്ടുവരുവാനും, അത് ഉല്പാദനത്തിന്റെ മുഖ്യഭാഗമാക്കുകയും, WTO യുടെ അനുയോജ്യമായ വേദികളിൽ ഇടപെട്ടുകൊണ്ട് സാനിട്ടറിയും ഫൈറ്റോസാനിട്ടറി (SPS) മാനദണ്ഡങ്ങൾ ക്രമീകരിക്കുവാനും SPS ന്റെ അടിസ്ഥാനത്തിൽ നടക്കുന്ന വ്യാപാരവിവേചന സമ്പ്രദായം നിരോധിക്കുവാനും ഭാരതസർക്കാർ ലോകവ്യാപാരസംഘടന (WTO)

യോട് ആവശ്യപ്പെടേണ്ടതാണ്. ഒരുത്പന്നം നിശ്ചിതമായ ഗുണനിലവാരം പാലിക്കുന്നിടത്തോളം ഇത്തരം SPS മാനദണ്ഡങ്ങൾ കർക്കശമാക്കുന്നതിന്റെ ആവശ്യമില്ല. കേരളത്തിന്റെ കാര്യത്തിൽ തേയില, ഏലം, കശുവണ്ടി, കുരുമുളക്, കാപ്പി എന്നിവയിൽ കണ്ടേക്കാവുന്ന രാസാവശിഷ്ടങ്ങൾ ഒരു പ്രശ്നമാണ്. അതിനാൽ നാം ചെയ്യേണ്ട കാര്യങ്ങൾ സാനിട്ടറി ഫെറ്റോസാനിട്ടറി ഗുണനിലവാരവ്യവസ്ഥയുടെ കാര്യത്തിൽ കൂടുതൽ ജാഗരൂകത പാലിക്കുകയും, ഗുണനിലവാരം നമ്മുടെ കർഷകരും എല്ലാം പാലിക്കുന്നതിനുള്ള ചട്ടങ്ങൾ നിർമ്മിക്കുകയും ഗുണനിലവാരം തുടർന്ന നലനിറുത്താനുള്ള ശേഷി കൈവരിക്കുകയും, ഉല്പന്നങ്ങൾ കയറ്റുമതിക്ക് സജ്ജമാകും മുമ്പ് അവയ്ക്ക് നിശ്ചിത ഗുണനിലവാരം ഉണ്ടോയെന്ന് പരിശോധിക്കുവാനുള്ള മോണിറ്ററിംഗ് സമ്പ്രദായത്തിന് രൂപം നൽകുകയുമാണ്.

### 1.2.3.5 ബൗദ്ധിക സ്വത്തവകാശവും (IPR) ജൈവവൈവിധ്യവും

1) സമ്പന്നമായ ജൈവവൈവിധ്യത്താൽ അനുഗ്രഹീതമാണ് കേരളം. WTO യുടെ പുതിയ ബൗദ്ധിക സ്വത്തവകാശ നിയമങ്ങൾ, നമ്മുടെ ജൈവവൈവിധ്യം ഉപയോഗിച്ച് സാമ്പത്തികശേഷി വർദ്ധിപ്പിക്കുവാൻ നിരവധി സാദ്ധ്യതകൾ വാഗ്ദാനം ചെയ്യുന്നു. എന്നാൽ അതോടൊപ്പം ചില ഭീഷണികളും നമുക്ക് നേരിടുവാനുണ്ട്. ഈ മേഖലയിൽ വ്യക്തമായി നിർവ്വചിക്കപ്പെട്ട അനുപേക്ഷണീയമായ നയങ്ങൾ ഇല്ലാത്തതിനാൽ, ജൈവവൈവിധ്യത്തെ സംരക്ഷിക്കുന്നതിൽ മുൻകൈ പ്രവർത്തനം നടത്തുന്നവരുടെ ധാർമ്മികശേഷിയെ ചോർത്തിക്കളയുന്ന ആവശ്യമില്ലാത്ത വിവാദങ്ങളിൽ ചെന്നെത്തുന്നതിനിടയാവുന്നു. (ഉദാഹരണത്തിന്, വെച്ചൂർ പശുവിന്റേയും, ആരോഗ്യപച്ചയുടെയും പേറ്റന്റും, സമീപകാലത്ത് ചക്കരക്കൊല്ലിയുടേയും കാര്യത്തിൽ നടന്ന വിവാദങ്ങളും നോക്കുക). വ്യാപാരവാണിജ്യ ആവശ്യങ്ങൾക്ക് ഉപയുക്തമായ രീതിയിൽ കേരളത്തിലെ ഉല്പന്നങ്ങളെ വികസിപ്പിച്ചെടുക്കുവാനും അവയുടെ പ്രവർത്തനതത്വങ്ങൾ പഠിക്കുവാനും, അത്തരം ജീവഉല്പന്നങ്ങളെ ആധാരമാക്കി സാമ്പത്തിക വികസനപ്രവർത്തനം നടത്തുന്നതിനും ഒരു സമയബന്ധിത പരിപാടി ആവിഷ്കരിക്കുവാനും മുൻഗണനാക്രമം നല്കി ഗവേഷണം നടത്തി വിവരങ്ങൾ സമാഹരിച്ച് രേഖപ്പെടുത്തുവാനുമാണ് കേരളം അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടത്. കേരളത്തിന്റെ ശാസ്ത്രീയമായ അസ്തിത്വവും കാർഷികമേഖലയിൽ നിക്ഷേപ സംരഭങ്ങൾക്കുള്ള സ്രോതസ്സുകളും ത്വരിതപ്പെടുത്തുകയും സംസ്ഥാനത്തിന്റെ സമ്പന്നമായ ജൈവവൈവിധ്യത്തിൽ നിന്നും വ്യാപാരവും സമ്പത്തും വികസിപ്പിക്കാനും സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നും മുൻകൈ പ്രവർത്തനം ആവശ്യമാണ്. ഇതിനോടൊപ്പം കൈകോർത്തുകൊണ്ട് കാർഷികരംഗത്ത് നിക്ഷേപം നടത്തുന്നവർക്ക് ഉദാരമായ ധനസഹായം നല്കുകയും, ബൗദ്ധിസ്വത്തവകാശത്തെപ്പറ്റി സാക്ഷരത വർദ്ധിപ്പിക്കുവാനും, ശാസ്ത്രീയ രീതിയിൽ നമ്മുടെ പരമ്പരാഗത കാർഷിക വിജ്ഞാനത്തെ ക്രമീകരിക്കുകയും ക്രോഡീകരിക്കുകയും ചെയ്യേണ്ടതുണ്ട്.

2) ജിയോഗ്രഫിക്കൽ ഇൻഡിക്കേഷന്റെ അംഗീകാരത്തിന്റെ അർഹതയ്ക്ക് നിദാനം ഏതെങ്കിലും സവിശേഷത ഗുണമോ, പ്രശസ്തിയോ, മറ്റു സ്വഭാവഗുണമോ, ഒരുത്പന്നത്തിന്റെ ബാഹ്യരൂപം ഉൾപ്പെടെയുള്ള ഗുണങ്ങളോ ആയിരിക്കും. അതായത് ഭൂമിശാസ്ത്രപരമായ പരി:സ്ഥിതി, ജൈവപരമായ ഘടകങ്ങൾ, ഉല്പാദനത്തിലും സംസ്ക്കരണത്തിലും നേരിടുന്ന വസ്തുതകൾ എന്നിങ്ങനെ മൂന്നുകാര്യങ്ങൾ കണക്കിലെടുക്കുന്നു. ഈ സവിശേഷ ഗുണങ്ങളും, സ്വാഭാവികമായ മേന്മയും വ്യക്തമായ നിർവ്വചനത്തിന് വഴങ്ങുന്നതായിരിക്കണം. ഉദാഹരണമായി, മലബാർ കുരുമുളക്, കൊച്ചിഇഞ്ചി, ആലപ്പുഴ ഫിംഗർ മഞ്ഞൾ, തലശ്ശേരി ഗ്രീൻ ബോൾഡ് (വലിയ) ഏലയ്ക്ക മുതലായവയ്ക്ക് വലിയ വിപണി പ്രസിദ്ധിയുണ്ടെന്ന് സുവിദിദമാണല്ലോ. പ്രകടവും പ്രത്യക്ഷവുമായ ചില വിശേഷസ്വഭാവഗുണങ്ങൾ വിശദമായിത്തന്നെ നിർവ്വചിക്കപ്പെടേണ്ടതുണ്ട്, ആകൃതി, വലിപ്പം, നിറം, ദൃശ്യം, നിശ്ചിമായ തൂക്കം (ടെസ്റ്റ് വെയിറ്റ്), ഉള്ളടക്കം, വിപണിയിൽ വിലനിർണ്ണയിക്കുന്നതിനാധാരമായ, ഉത്പന്നത്തിൽ അടങ്ങിയിട്ടുള്ള രാസഘടകങ്ങളുടെ സംയോഗം എന്നീ അടിസ്ഥാനവിവരങ്ങൾ, ഉത്പന്നത്തിന്റെ ചിത്രം എന്നിവയുടെ സഹായത്തോടെയാണ് സവിശേഷതകൾ നിർവ്വചിക്കേണ്ടത്. നിലവിലിരിക്കുന്ന വ്യാപാരത്തെ സംബന്ധിച്ച ബൗദ്ധികസ്വത്തവകാശത്തിന്റേയും (TRIPS) ജ്യോഗ്രഫിക്കൽ ഇൻഡിക്കേഷൻസിന്റേയും ദേശീയ നിയമനിർമ്മാണവും ഈ വിശിഷ്ട ഉത്പന്നങ്ങളെ സംരക്ഷിക്കുന്നതിനുള്ള അധികാരവും സംസ്ഥാനസർക്കാരിൽ നിക്ഷിപ്തമാണ്. ഉത്പന്നങ്ങളുടെ ജന്മദേശത്തിന്റെ പേരിലുള്ള ഗുണവും പ്രശസ്തിയും വിപണന രംഗങ്ങളിൽ വളരെ മുമ്പുതന്നെ പരക്കെ അറിവുള്ളതായിരിക്കും.

### 1.2.3.6 പുതിയ അവസരങ്ങളും, സാധ്യതകളും

കൃഷിയെസംബന്ധിച്ച കരാറുകളുടെ (AoA) വ്യവസ്ഥകളിൽനിന്നും പ്രതീക്ഷിക്കാവുന്ന വർദ്ധിച്ച തോതിലുള്ള പുതിയ വിപണിപ്രാപ്യതയുടെ ഫലമായി കയറ്റുമതി രംഗത്ത് ഒട്ടേറെ അവസരങ്ങൾ ഉയർന്നുവരുന്നുണ്ട്. വിവിധ ഇനം അലങ്കാരപുഷ്പങ്ങൾക്കും, ഉഷ്ണമേഖലാ പ്രദേശങ്ങളിലെ പച്ചക്കറികൾക്കും, വിശേഷിച്ചും നാടൻ (വംശീയ) വിഭവങ്ങളിൽ പ്രിയമുള്ള വിദേശ ഉപഭോക്താക്കൾ ധാരാളമുള്ളതിനാൽ ഇവയുടെ പുതിയ വിപണിസാദ്ധ്യത പ്രകടമാണ്. വേണ്ട അടിസ്ഥാനസൗകര്യങ്ങളും, ഉത്പാദനച്ചെലവ് കുറഞ്ഞ സാങ്കേതികവിദ്യകളും, മത്സരാധിഷ്ഠിതമായ കയറ്റുമതിയെ ലക്ഷ്യമാക്കിയുള്ള ഉല്പാദനവും (ഏറ്റവും നൂതനവും ആകർഷണീയവുമായ പാക്കിംഗും) ഗതാഗത സൗകര്യങ്ങളും, വ്യാപാരം വിജയകരമായി നടത്താനുള്ള എല്ലാവിധ സൗകര്യങ്ങളും കേരളസംസ്ഥാനം വികസിപ്പിച്ച് എടുക്കണം. ഈ പുതിയ അനുകൂല സാഹചര്യങ്ങൾ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു. അങ്ങനെ കേരളത്തിന് ആർജ്ജിക്കാൻ കഴിയുന്ന ധനവും വളരെ ഗണനീയമായിരിക്കും. ഈ രംഗത്ത് എത്രവേഗം മുന്നേറാൻ കഴിയുന്നുവോ അത്രയും നേട്ടം ഉണ്ടാവുമെന്നതിനാൽ, മദ്ധ്യപൂർവ്വ രാജ്യങ്ങളിലെ വിപണി പിടിച്ചെടുക്കുവാൻ അയൽ സംസ്ഥാനങ്ങളുമായി മാത്സര്യം അനുപേക്ഷണീയമായി വരും.

### 1.2.3.7 കൃഷിയെ സംബന്ധിച്ച കരാറിന്റെ (AOA) പുന:രവലോകനത്തിനായി നടക്കുന്ന അനുരഞ്ജനങ്ങളിൽ കേന്ദ്രസർക്കാർ സ്വീകരിക്കേണ്ട നിലപാട്

1) കേരളത്തിന്റെ കാർഷിക ഉത്പന്നങ്ങൾക്ക് വിപണി പ്രാപ്യത സുകരമാക്കുന്നതിൽ കേന്ദ്രസർക്കാരിന്റെ നിലപാട് തീർച്ചയായും 'ഓബ്ലിഗേറ്ററി താരിഫു'കൾ ഏറ്റവും കുറഞ്ഞ നിരക്കുകളിൽ നിശ്ചയിക്കണമെന്ന് അനുരഞ്ജനങ്ങളിൽ ശക്തിയായി ആവശ്യപ്പെടുകയാണ്. എല്ലാ ഉത്പന്നങ്ങളുടേയും താരിഫുകൾ ഒന്നടങ്കം ഉടനടി കുറയ്ക്കുന്നതിനോട് ഇന്ത്യയ്ക്ക് യോജിപ്പില്ല. എന്നാൽ സോയാബീൻ എണ്ണയുടെ ബൗണ്ട് താരിഫ് നിരക്കായ 45%, എല്ലാ ഭക്ഷ്യഎണ്ണകളുടെയും ഓവർ ഓൾ (മൊത്തം) ബൗണ്ട് താരിഫ് നിരക്കിനൊപ്പം ഉയർത്തേണ്ടതാണ്. കൂടാതെ വികസ്വര രാജ്യങ്ങളുടെ ഗ്രാമീണ കാർഷികസമ്പദ് വ്യവസ്ഥയെ ദോഷകരമായി ബാധിക്കുന്ന, പ്രധാന ഉത്പന്നങ്ങളുടെ താരിഫുകളുടെ കുത്തനെയുള്ള ഉയർന്നനില ഗണ്യമായി കുറയ്ക്കുവാൻ സമ്പന്ന വികസിത രാജ്യങ്ങൾ സമ്മതിക്കണം.

2)ഇന്നത്തെ ലോകവ്യാപാര വ്യവസ്ഥയുടെ മുഖ്യസ്വഭാവം അതു പ്രയോഗത്തിൽ വരുത്തിയിട്ടുള്ള ഭീമമായ അസമത്വങ്ങളാണ്. എല്ലാ വികസിത സമ്പന്ന രാജ്യങ്ങളും അവരുടെ കർഷകർക്ക് വളരെ വർദ്ധിച്ച ആഭ്യന്തര സഹായവും കയറ്റുമതി സബ്സിഡികളുമാണ് നല്കുന്നത്. കൂടാതെ, ഗ്രീൻ ബോക്സിലേയും ബ്ലൂബോക്സിലേയും നിബന്ധനകൾ എല്ലാംതന്നെ ലോകവ്യാപാരത്തെ അട്ടിമറിക്കുന്ന സഹായങ്ങളെ മൂടിവെയ്ക്കുവാനാണ് വിനിയോഗിക്കുന്നത്. അതിനാൽ വ്യാപാരത്തെ തകിടം മറിക്കാത്തതും, അസമത്വങ്ങളില്ലാത്തതും, കൂടുതൽ സുതാര്യവും സത്യസന്ധവുമായ ഒരു വ്യാപാരവ്യവസ്ഥ ഇന്ന് അത്യന്താപേക്ഷിതമാണ്. തങ്ങളുടെ ജനസംഖ്യയിൽ 50% ൽ കൂടുതൽ ജനങ്ങൾ ഉപജീവനമാർഗ്ഗമായി കാർഷികവൃത്തിയെ ആശ്രയിക്കുമ്പോൾ, നിശ്ചിത പരിമിതികൾ ബഹുഭൂരിപക്ഷംവരുന്ന ചെറുകിട കൃഷിക്കാരുടെ ഉപജീവനത്തെ കടന്നാക്രമിക്കുന്നതായും, യാതൊരു സ്വത്തുമില്ലാത്ത ഗ്രാമീണ സ്ത്രീപുരുഷന്മാരുടെ ദാരിദ്ര്യത്തെ ഗുരുതരമാക്കുന്നതായും വളരെ വ്യക്തമായ തെളിവുകൾ ഉണ്ടാകുമ്പോൾ, ആ രാജ്യങ്ങളിലേക്കുള്ള വിദേശ ഇറക്കുമതിയുടെ അളവിലും, തോതിലും അവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ലോകത്തെ വികസ്വര രാജ്യങ്ങൾക്ക് അവകാശം ഉണ്ടായിരിക്കണം.

3)ഇന്ത്യയിലെ കർഷക ജനകോടികളുടെ ഉപജീവന സുരക്ഷാവ്യവസ്ഥയുടെ നട്ടെല്ലുതന്നെ കൃഷിയാണെന്നതുകൊണ്ട് നടന്നുകൊണ്ടിരിക്കുന്ന അനുരഞ്ജനങ്ങളിൽ ഇന്ത്യാഗവൺമെന്റ് അവലംബിക്കേണ്ട നിലപാടിന്റെ അടിസ്ഥാന പ്രമാണം-ആഭ്യന്തര കൃഷിയേയും, കാർഷിക കുടുംബങ്ങളേയും വിട്ടുവീഴ്ച കൂടാതെ സംരക്ഷിക്കുക എന്നതായിരിക്കണം. ഉത്പന്ന വൈവിധ്യത്തിലേക്കും, പച്ചക്കറികളും, മൃഗജന്യ ഉല്പന്നങ്ങളും വൻതോതിൽ ഉത്പാദിപ്പിക്കാൻ ബാധ്യസ്തമായ പ്രവണതയിലേക്കും ഉള്ള നമ്മുടെ കാർഷികരംഗത്തെ പരിണാമത്തെപ്പറ്റി ഇന്ത്യയ്ക്ക് വ്യക്തമായ ധാരണകൾ ഉണ്ടായിരിക്കണം.

4)മേശയ്ക്കുചുറ്റും അനുരഞ്ജനശ്രമങ്ങൾക്കായി എത്തുന്ന രാജ്യങ്ങളുടെ വൻനിരയിൽ, ദാരിദ്ര്യനിർമ്മാർജ്ജനവും, ഗ്രാമീണജനതയുടെ ക്ഷേമവും ലക്ഷ്യമാക്കിയിട്ടുള്ള രാജ്യങ്ങളുമായി ഒത്തുചേർന്ന് ഇന്ത്യ വിലപേശുന്നതാണ് ഏറ്റവും ബുദ്ധിപൂർവ്വവും ഉത്തമവും ആയ മാർഗ്ഗം. യുക്തിപൂർവ്വവും അനുയോജ്യവുമായ താരിഫുകൾ ഏർപ്പെടുത്തിയും, ഇറക്കുമതിയെ ന്യായമായി നിയന്ത്രിച്ചും, കോടാനുകോടി കർഷ

കകുടുംബങ്ങൾക്ക് ഏറ്റവും കുറഞ്ഞ വരുമാന സുരക്ഷയെങ്കിലും ഉറപ്പുവരുത്തുന്ന ഒരു സ്ഥിതി ഇന്ത്യയ്ക്ക് ഉണ്ടായേ മതിയാവൂ. ലോകവ്യാപാരത്തെയാകെ തലകീഴ് മറിക്കുന്ന തരത്തിലുള്ള വിവിധ ആഭ്യന്തര സബ്സിഡികളും വ്യാപാരേതര തടസ്സങ്ങളും, 'കൃഷിയുടെ ബഹുമുഖത്വം' എന്ന ആശയം അവതരിപ്പിച്ചുകൊണ്ടുള്ള വികസിത സമ്പന്നരാജ്യങ്ങളുടെ നീക്കങ്ങളും ന്യായവാദങ്ങളും, അവരുടെ മാത്രം സൗകര്യത്തിനും സ്വാർത്ഥത്തിനും വിനിയോഗിക്കാതിരിക്കുവാനും, തുല്യഅവസരങ്ങൾ ഉള്ള ഒരു ലോകവ്യാപാരവ്യവസ്ഥ സൃഷ്ടിക്കാനും ഇന്ത്യ സമാനചിന്താഗതിയുള്ള രാജ്യങ്ങളുമായി ഒത്തുചേർന്ന് പ്രവർത്തിക്കേണ്ടതാണ്.

### 1.3 സമീപനങ്ങളും തന്ത്രങ്ങളും

ഈ സവിശേഷ സന്ദർഭത്തിൽ, കേരളത്തിലെ തൊഴിൽ മേഖലയിലും, ഉത്പാദനരംഗങ്ങളിലും നമുക്കുണ്ടായിരിക്കുന്ന പ്രതിസന്ധികളെ എങ്ങിനെ അഭിമുഖീകരിക്കണം എന്ന കാര്യത്തിൽ ഒരു ദർശനം ആവശ്യമാണ്. ഈ വസ്തുതയ്ക്ക് ഊന്നൽ നല്കണം. കാരണം വ്യക്തമായ ഒരു ദർശനം ഇല്ലാതെ പുതിയ ലോകവ്യാപാര വ്യവസ്ഥ വാഗ്ദാനം ചെയ്യാനിടയുള്ള നിരവധി അവസരങ്ങളേയും വികസന സാദ്ധ്യതകളേയും ചൂഷണം ചെയ്യുവാൻ സാധിക്കുകയില്ല. കേരളത്തിന് ആഭ്യന്തരവിപണിയോടും കയറ്റുമതി വിപണിയോടും ഉള്ള ഭീമമായ ആശ്രിതത്വം വച്ചുനോക്കുമ്പോൾ തീർച്ചയായും കേരളത്തിന് അനുഗ്രഹമായി ലഭിച്ചിട്ടുള്ള പ്രത്യേക-പ്രകൃതി-ജന-വിഭവസ്രോതസ്സുകളെ നാം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. സമ്പൂർണ്ണമെന്നുപറയാവുന്ന സാക്ഷരതയും, വിവിധ തൊഴിൽ വൈദഗ്ധ്യവും, സാമൂഹികമായും രാഷ്ട്രീയമായും അവബോധമുള്ള തൊഴിൽ ശക്തിയും (Labour Force) ഉള്ളതിനാൽ കേരളത്തിന് അനേകമാളുകൾക്ക് ഒരേസമയം തൊഴിൽ നല്കുവാനുള്ള ബൃഹത്പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയും. വളരെയേറെ വൈവിധ്യമുള്ള പ്രകൃതി സമ്പത്തിന്റെ അടിത്തറയും, അടിസ്ഥാനപരമായ ഭൂപരിഷ്കരണം നിലവിൽ വന്നതും, വിദ്യാസമ്പന്നരും, തൊഴിൽ വൈദഗ്ധ്യമുള്ളതും രാഷ്ട്രീയ അവബോധവുമുള്ള തൊഴിൽ ശക്തിയും, ആരോഗ്യവിദ്യാഭ്യാസരംഗങ്ങളിൽ കേരളം കൈവരിച്ചിട്ടുള്ള അതുല്യനേട്ടങ്ങളും, പൊതുവിലുള്ള സവിശേഷ സാഹചര്യങ്ങളും, ദിശാബോധത്തോടെ ഫലപ്രദമായി വിനിയോഗിച്ചാൽ സാമ്പത്തിക വികസനത്തിൽ ഒരു പുതിയഘട്ടം ആരംഭിക്കുവാൻ തീർച്ചയായും കേരളത്തിന് കഴിയുന്നതാണ്.

### 1.3.1 കേരളത്തിന് സുസ്ഥിരമായ വ്യാപാര സുരക്ഷാവ്യവസ്ഥ സ്ഥാപിക്കുക

കേരളത്തിന് സുസ്ഥിരമായൊരു കാർഷിക വ്യാപാരസുരക്ഷാ വ്യവസ്ഥാപദ്ധതി കെട്ടിപ്പടുക്കാനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുക എന്നതാണ് ഈ കമ്മിഷന്റെ മുഖ്യലക്ഷ്യം. കേരളത്തിലെ കാർഷിക കുടുംബങ്ങളുടെ സ്ഥിതിയും രൂപവും  എന്താണെന്നും, കർഷകത്തൊഴിലാളികൾ, തോട്ടം ഉടമകൾ, സംസ്ഥാന സർക്കാർ, കേന്ദ്രസർക്കാർ എന്നിവർ സുസ്ഥിരമായൊരു വ്യാപാരസുരക്ഷാ സമ്പ്രദായം കെട്ടിപ്പെടുക്കാനാവശ്യമായ പ്രാഥമികവും, അടിസ്ഥാനപരവുമായ എന്തെല്ലാം കാര്യങ്ങൾ ചെയ്യണമെന്ന് പരാമർശിച്ചകൊണ്ടാണ് ഈ റിപ്പോർട്ട് ആരംഭിക്കുന്നത്.

#### 1.3.3.1 പ്രാഥമികവും അടിസ്ഥാനപരവുമായ വ്യവസ്ഥകളും വിവിധ ജനവിഭാഗങ്ങളുടെ പങ്കും

പ്രാഥമിക അടിസ്ഥാന വ്യവസ്ഥയ്ക്കുള്ള നിർദ്ദിഷ്ട ഘടകങ്ങൾ താഴെപറയുന്നു.

*എ)* ***<u>പ്രവർത്തനോന്മുഖമായ സംസ്ഥാനനയം:</u>*** ലോകവ്യാപാരസംഘടന (WTO) യോടുള്ള പ്രതികരണമെന്ന നിലയിൽ പ്രവർത്തനോന്മുഖമായ ഒരു സംസ്ഥാന നയത്തിനുരൂപം നൽകുമ്പോൾ, കഴിഞ്ഞകാലങ്ങളിൽ സംസ്ഥാനം നടത്തിയിട്ടുള്ള, ഇടപെടലുകളിലൂടെയും, പൊതുജനങ്ങളുടെ പ്രവർത്തനങ്ങളിലൂടെയും സംസ്ഥാനം വികസിപ്പിച്ചെടുത്ത സാമ്പത്തിക നേട്ടങ്ങളെ വിപുലപ്പെടുത്തുവാനും, പ്രതിരോധിക്കുവാനും നമുക്ക് കഴിയണം. ലോകവ്യാപാരസംഘടനയുടെ വ്യവസ്ഥ നിയന്ത്രിക്കുന്ന പുതിയ വികസനഘട്ടത്തിൽ നിന്നും പിന്തിരിയുവാൻ സംസ്ഥാനത്തിനാവുകയില്ല. അതിനാൽ പൊതുനിക്ഷേപക സംരംഭങ്ങളിൽ (ഉദാഹരണമായി കാർഷിക വികസനമേഖലയിലെ) സംസ്ഥാനം വഹിക്കുന്ന പങ്ക് അനിർവ്വാര്യമായും തുടരുകയും, അതോടൊപ്പം ദുർബലജനവിഭാഗങ്ങളുടെ ജീവിതത്തെയും, വിശേഷിച്ചും ദരിദ്രകർഷകരുടേയും, കർഷകത്തൊഴിലാളികളുടേയും ഉപജീവനത്തിന് പുതിയ ലോകവ്യാപാരവ്യവസ്ഥയിൽ നിന്നുമുണ്ടാകുന്ന ഭീഷണികളിൽ നിന്നും അവരെ സംരക്ഷിക്കുകയും ചെയ്യുവാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്.

*ബി)* ***<u>ഉത്പാദനക്ഷമത വർദ്ധിപ്പിക്കുക:</u>*** ഇന്ന് സംസ്ഥാനത്തിനുള്ള സാങ്കേതികശേഷി ഉപയോഗിച്ച്, യഥാർത്ഥത്തിൽ ഇന്നുള്ള കാർഷികവിളയുടെ തോതും, കൈവരിക്കാൻ കഴിയുന്ന വർദ്ധിച്ച ഉത്പാദന തോതും തമ്മിൽ ഉള്ള വലിയ വിടവ് നികത്തുവാൻ ഉത്പാദനക്ഷമത വർദ്ധിപ്പിച്ചേ മതിയാവൂ.

***സി)*** ***ഗുണനിലവാരം ഉയർത്തുക:*** ആഭ്യന്തരവിദേശ (കയറ്റുമതി) വിപണികൾ ശക്തമാക്കുവാൻ, കാർഷികോത്പന്നങ്ങളുടേയും മറ്റും ശുചിത്വത്തിനും അണുവിമുക്തതയ്ക്കും നിർദ്ദേശിക്കപ്പെടുന്ന മാനദണ്ഡങ്ങൾ നാമും പാലിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ശക്തമാക്കുകയും, ഗുണനിലവാരം സംബന്ധിച്ച WTO നിർദ്ദേശങ്ങളെക്കുറിച്ച് കർഷകരെയും, കാർഷിക തൊഴിലുത്പാദകരേയും, ഉപഭോക്താക്കളേയും ബോധവത്ക്കരിക്കാൻ ഒരു സാക്ഷരതാ പ്രസ്ഥാനത്തിന് രൂപം നല്കി പ്രവർത്തിപ്പിക്കേണ്ടതാണ്.

***ഡി)*** ***ആദായവർദ്ധന:*** ഉത്പാദനത്തിൽ കാര്യക്ഷമതയ്ക്കും, വർദ്ധിച്ച ഉത്പാദനക്ഷമതയ്ക്കും വേണ്ട ഘടകങ്ങൾ നിർമ്മിക്കുകയും, അതോടൊപ്പം വിളവെടുപ്പിനെതുടർന്നുള്ള നടപടികളിൽ ശാസ്ത്രീയ സങ്കേതങ്ങൾ പ്രയോഗിക്കുകയും, കാര്യങ്ങളെ പരസ്പരം സംയോജിപ്പിച്ചുപ്രവർത്തിക്കുന്നതിൽ നിതാന്തമായ ശ്രദ്ധ പതിപ്പിക്കുകയും ചെയ്താൽ മാത്രമേ കൃഷിയിൽ നിന്നുള്ള ആദായം വർദ്ധിപ്പിക്കാൻ കഴിയൂ. മൂല്യവർദ്ധനയ്ക്ക് സ്വീകരിക്കുന്ന നടപടികൾ, ജൈവകൃഷി, ജൈവസുഗന്ധദ്രവ്യങ്ങൾ, തേയില, കാപ്പി, പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ, അലങ്കാരപുഷ്പങ്ങൾ തുടങ്ങിയവയുടെ ഉത്പാദനവും അവയുടെ വിപണി പ്രാപ്യതയുംകൂടി ഉൾപ്പെടുത്തേണ്ടതാണ്.

***ഇ)*** ***കാർഷിക പുരോഗതിയിൽ സുസ്ഥിരത:*** ഉത്പാദനവർദ്ധനവിൽ പുരോഗതി നിലനിറുത്തുന്നതിന് അടിസ്ഥാനപരമായ മുന്നുപാധിയാണ് പരിഃസ്ഥിതി കാര്യങ്ങളിൽ ശ്രദ്ധവയ്ക്കുക എന്നത്, ഉദാഹരണമായി മണ്ണിന്റെ വളക്കൂറും, ആരോഗ്യവും കാത്തുസൂക്ഷിക്കുകയും സംസ്ഥാനത്ത് അനുഭവപ്പെടുന്ന ജലദൗർലഭ്യം നേരിടുവാൻ മഴവെള്ളം സംഭവിക്കുന്ന പരിപാടികളും ആവിഷ്കരിക്കുകയും, ജലം കാര്യക്ഷമമായി വിനിയോഗിക്കുകയും, വനവിഭവങ്ങളും, കാർഷിക-ജൈവവൈവിധ്യവും സംരക്ഷിക്കുകയും ചെയ്യേണ്ടതാവശ്യമാണ്.

***എഫ്)*** ***ഉത്പാദനത്തിലും കാർഷികവരുമാനത്തിലും സുസ്ഥിരത:*** ആഭ്യന്തര-വിദേശ വിപണികളിലെ പ്രവണതകളെപ്പറ്റി കാർഷികരംഗത്തുള്ള വിവിധവിഭാഗം ജനങ്ങൾക്കും കാലികവും, പ്രവർത്തനോന്മുഖവും പ്രായോഗികവുമായ ഉപദേശങ്ങൾ നല്കുകയും, വിപണി സുസ്ഥിരതാനിധി, വിള ഇൻഷുറൻസ് പോലുള്ള അനുയോജ്യമായ പൊതുനയ പരിപാടികൾ നടപ്പിലാക്കുകയും ചെയ്താൽ മാത്രമേ കാർഷിക ഉല്പാദനവും കൃഷിയിൽ നിന്നുള്ള വരുമാനവും സുസ്ഥിരമാക്കുവാൻ കഴിയുകയുള്ളൂ.

### 1.3.1.2 ലോകവ്യാപാരസംഘടനയുടെ സ്വാധീനത്തിൽപ്പെടുന്ന മേഖലകൾ

1. മുമ്പ് പ്രസ്താവിച്ച നടപടിക്രമങ്ങൾ ഏറിയകൂറും കേരളത്തിലെ ലക്ഷക്കണക്കിന് കർഷക കുടുംബങ്ങളുടേയും, തൊഴിൽ സംഘടനകളുടേയും, കർഷകരുടേയും, തോട്ടമുടമകളുടേയും സംഘടനകൾ എന്നിവയുടേയും കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാർ എന്നിവയുടേയും പ്രവർത്തനമേഖലയിൽപ്പെടുന്നവയായിരുന്നു. എന്നാൽ ലോകവ്യാപാരകരാറിൽ (WTA) പെടുന്ന കൃഷിയെ സംബന്ധിച്ച കരാറിന്റെ (AOA) അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സുസ്ഥിരമായൊരു വ്യാപാരസുരക്ഷാവ്യവസ്ഥ പടുത്തുയർത്തുന്നതിൽ പ്രസക്തമായ ഘടകങ്ങൾ എന്തെല്ലാമെന്ന് താഴെപറയുന്നു.

എ) ആഭ്യന്തരസഹായം

ബി) സുഖകരമായ വിപണിപ്രാപ്യത

സി) കയറ്റുമതി സബ്സിഡി

ഡി) വ്യാപാരവുമായി ബന്ധപ്പെട്ട ബൗദ്ധിക സ്വത്തവകാശം

ഇ) ഉത്പന്നങ്ങളുടെ ഗുണനിലവാരം

എഫ്) കോഡക്സ് എലിമെന്ററിയസ് സ്റ്റാന്റേർഡുകൾ

2. കേരളത്തിന്റെ കാർഷികഉത്പന്നങ്ങളുടെ വ്യാപാരത്തിൽ മുകളിൽ പറഞ്ഞ ഓരോ വിഷയത്തിനും എത്രമാത്രം ഗൗരവമേറിയ സ്വാധീനമുണ്ട് എന്ന അറിവ് വളരെ പ്രാധാന്യം അർഹിക്കുന്നു. ആ അറിവുകൾ എല്ലാം ഭാരതസർക്കാരിന്റെ മുമ്പിൽ വയ്ക്കുവാനും, നടന്നുകൊണ്ടിരിക്കുന്ന അനുരഞ്ജനപ്രക്രിയയിൽ പങ്കെടുത്തുകൊണ്ട്, കൃഷിയെ സംബന്ധിച്ച കരാറിന്റെ (AoA) പുനഃപരിശോധനാവേളയിൽ അവതരിപ്പിക്കുവാൻ, ഭാരതസർക്കാരിന്റെ കയറ്റുമതി-ഇറക്കുമതി നയങ്ങളിൽ വരുത്തേണ്ട അഭിലഷണീയമായ മാറ്റങ്ങളെപ്പറ്റിയും, മുകളിൽ പറഞ്ഞകാര്യങ്ങളിൽ വ്യക്തമായ ധാരണകളും ഉണ്ടാവേണ്ടതുണ്ട്. ഏതാനും ഉത്പന്നങ്ങളുടെ ബൗണ്ട് നിരക്കുകളും താഴെപ്പറയുന്നവയുടെ ഇറക്കുമതി തീരുവകളും നിർണ്ണയിക്കുമ്പോൾ

ഭാരതസർക്കാരിന്റെ സത്വരമായ ശ്രദ്ധപതിയേണ്ടതുണ്ട്. ഏറ്റവും പുതിയ കയറ്റുമതി–ഇറക്കുമതി നയം അനുസരിച്ചുപോലും കേരളത്തിന്റെ മാത്രമായ പല സവിശേഷ ഉത്പന്നങ്ങളുടെ മേലുള്ള കയറ്റുമതി താരിഫുകൾ ബൗണ്ട് നിരക്കിൽ എത്രയോ താണനിരക്കിലാണ് ഉറപ്പിച്ചിട്ടുള്ളതെന്ന് കാണുവാൻ കഴിയും. ആ ഉല്പന്നങ്ങൾ താഴെപ്പറയുന്നവയാണ്.

- റബ്ബർ
- നാളികേരം
- കാപ്പി
- തേയില
- കുരുമുളകും മറ്റും സുഗന്ധദ്രവ്യങ്ങളും
- കശുവണ്ടി
- ഔഷധസസ്യങ്ങൾ
- മത്സ്യവും, സമുദ്രോല്പന്നങ്ങളും
- പാലും, ക്ഷീരോല്പന്നങ്ങളും
- മാംസവും, മാംസോല്പന്നങ്ങളും
- സംസ്ക്കരിച്ച ഭക്ഷ്യസാധനങ്ങളും (ടിന്നിലടച്ച് സൂക്ഷിച്ചവ)

3. കാർഷിക ഉല്പന്നങ്ങളുടെ വിദേശ ഇറക്കുമതിയുടെ അളവുപരമായ നിയന്ത്രണങ്ങൾ (QRs) നീക്കം ചെയ്യുന്നത് ആഭ്യന്തരമായി ചെലുത്തുന്ന സ്വാധീനം അഥവാ ആഘാതങ്ങൾ എത്രമാത്രമാണെന്ന് വസ്തുനിഷ്ഠമായി പഠിക്കേണ്ടതാണ്. ഈ വിളകളിൽ ഓരോന്നിനേയും പഠിക്കുവാൻ കമ്മീഷൻ ഓരോ ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയുണ്ടായി. ടാസ്ക് ഫോഴ്സുകൾ അളവുപരമായി നിയന്ത്രണം നിറുത്തലാക്കിയതിന്റെ പ്രത്യാഘാതങ്ങളെപ്പറ്റി പ്രാഥമിക അപഗ്രഥനം നടത്തി. അത്തരമൊരു പുനഃരവലോകനം നടത്തുമ്പോൾ, വ്യാവസായികമായി വളരെയേറെ വികസിച്ചിട്ടുള്ള രാജ്യങ്ങളിൽ നിന്നും വ്യത്യസ്തമായി നമ്മുടെ നാട്ടിൽ കൃഷി (വിളകൃഷികൾ) മൃഗസംരക്ഷണം, മത്സ്യബന്ധനം, മത്സ്യം വളർത്തൽ, കാർഷികവനവിഭവ സംഭരണം, കാർഷിക വിഭവസംസ്ക്കരണം, എന്നിവയിൽ ആണ് രാജ്യത്തെ ഭൂരിപക്ഷത്തിന്റേയും ഉപജീവനസുരക്ഷാ വ്യവസ്ഥയുടെ നട്ടെല്ല് സ്ഥിതിചെയ്യുന്നത് എന്ന വസ്തുതയിൽ നിന്നും നമ്മുടെ ശ്രദ്ധ ഒരിക്കലും പിന്തിരിയുവാൻ പാടില്ല.

4. കാർഷികകുടുംബങ്ങളുടെ ജീവിതസാഹചര്യങ്ങൾ തൊട്ട്, കേന്ദ്രസർക്കാരും, ലോകവ്യാപാരസംഘടനയും വരെയുള്ള എല്ലാ ഘടകങ്ങളിലും തികച്ചും അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നപക്ഷം സുസ്ഥിരമായൊരു കാർഷികവ്യാപപാര സുരക്ഷാവ്യവസ്ഥ രാജ്യത്ത് ഒരു യാഥാർത്ഥ്യമായി തീരുന്നതാണ്. അപ്രകാരമുള്ള കാർഷിക വ്യാപാരസുരക്ഷാവ്യവസ്ഥ നിലവിൽ വരുന്നത് കേരളത്തിന്റെ സമ്പദ്സമൃദ്ധിയെ സംബന്ധിച്ചിടത്തോളം പരമപ്രാധാന്യമർഹിക്കുന്നു. കാരണം, കേരളത്തിന്റെ ഇന്നത്തെ പ്രത്യേക സാഹചര്യങ്ങളിൽ കാർഷിക വ്യാപാരം തകരാറിലാകുന്ന പക്ഷം പിന്നെ സ്ഥിതിഗതികൾ മെച്ചപ്പെടുത്തുവാൻ വേറെ ഒരു രംഗവും അവസരവും അവശേഷിക്കുന്നില്ല എന്നതാണ് യഥാർത്ഥ്യം.

### 1.3.2 വ്യാപാരതന്ത്രവും പ്രാദേശിക ഊന്നലും

കേരളം ആവിഷ്ക്കരിക്കുന്ന കാർഷിക വ്യാപാരതന്ത്രം താഴെപറയുന്ന മൂന്നുനിയാമക തത്വങ്ങളിൽ അധിഷ്ഠിതമായിരിക്കണം.

ആദ്യമായി: വിലയിലും, മൂല്യത്തിലും ഗുണമേന്മയിലും കൂടുതതൽ ശ്രദ്ധ ഊന്നിക്കൊണ്ട് ആഭ്യന്തരവിപണിയ്ക്കായുള്ള ആഭ്യന്തരവ്യാപാരം വിപുലീകരിക്കുക.

രണ്ടാമതായി: സൗത്ത് ഏഷ്യൻ അസോസിയേഷൻ ഫോർ റീജിയണൽ കോ–ഓപ്പറേഷൻ (സാർക്ക്), അസോസിയേഷൻ ഓഫ് സൗത്ത് ഈസ്റ്റ് ഏഷ്യൻ നേഷൻസ് (ആസിയാൻ) എന്നിവയിലുള്ള ഏഷ്യൻ രാജ്യങ്ങളുമായിട്ടുള്ള വ്യാപാരത്തിന് പ്രാദേശികമായ ഊന്നൽ നല്കുകയും, വികസ്വരമായിക്കൊണ്ടിരിക്കുന്ന എല്ലാ അയൽ രാജ്യങ്ങളുമായി ഗുണകരമായ, എല്ലാവരും നേടിനേടി മുന്നേറുന്ന തരത്തിലുള്ള, വ്യാപാരബന്ധങ്ങൾ ഊട്ടിയുറപ്പിക്കുക. കേരളത്തിന് തീർച്ചയായും ശ്രീലങ്ക, മലേഷ്യ, തായ്ലന്റ്, വിയറ്റ്നാം, കംബോഡിയ, ഇന്തോനേഷ്യ, എന്നിവയുമായി പരസ്പരം ഗുണകരമായ വ്യവസായ ബന്ധങ്ങൾ ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ്.

മൂന്നാമതായി: ആഗോളവ്യാപാരരംഗത്ത് മദ്ധ്യപൂർവ്വദേശങ്ങൾ, ആഫ്രിക്കൻ രാജ്യങ്ങൾ, യൂറോപ്യൻ യൂണിയൻ, സി.ഐ.എസ്. (കോമൺവെൽത്ത് ഓഫ് ഇന്റിപെന്റണ്ട് സ്റ്റേറ്റ്സ്) രാജ്യങ്ങൾ, വടക്കേ അമേരിക്ക എന്നീ രാജ്യങ്ങളുമായുള്ള ആഗോളതല വ്യാപാരം വിപുലമാക്കണം. ഇതിന്റെ ആവശ്യത്തിനായി വിശേഷിച്ചും, വിപണി സാദ്ധ്യതകളെപ്പറ്റി ശരിയായ അറിവുനേടുവാൻ കാർഷിക വ്യാപാരത്തിനായുള്ള ഒരു കൽപിത സർവ്വകലാശാല (വേർച്ച്യുൽ യൂണിവേഴ്സിറ്റി), ഈ റിപ്പോർട്ടിൽ ശുപാർശ ചെയ്യുന്നതായ, സ്ഥാപിക്കുന്നത്, കാർഷികവിഭവങ്ങൾക്കുള്ള ഡിമാന്റും, വിലഘടനയും, സംബന്ധിച്ച് അളവിലും ഗുണത്തിലുള്ള മാനങ്ങളെ വിലയിരുത്തുവാനും, വ്യാപാരസംബന്ധമായ എല്ലാ വിജ്ഞാനവും അനുദിനം നവീകരിക്കുവാനും വളരെയേറെ സഹായകമായിരിക്കും.

### 1.3.3 മാറ്റങ്ങളെ വിദഗ്ധമായി കൈകാര്യം ചെയ്യുവാനുള്ള ഉപകരണങ്ങൾ (Instruments for Managing Change)

സമ്പദ്‌വ്യവസ്ഥയുടെ ആഗോളവത്ക്കരണത്തിന്റേയും, ലോകവ്യാപാരത്തിന്റേയും ശക്തമായ സ്വാധീനങ്ങളുടെ ഫലമായി കേരളത്തിന്റെ കാർഷിക വ്യവസ്ഥ ഒരു പരിവർത്തന ഘട്ടത്തിലെത്തിയിരിക്കുകയാണ്. ഈ ഘട്ടത്തിൽ, റിപ്പോർട്ടിൽ ആവർത്തിച്ച് ഊന്നൽ കൊടുത്തിട്ടുള്ളതുപോലെ, ഉത്പാദനക്ഷമത, ഗുണനിലവാരം, മൂല്യവർദ്ധന എന്നീകാര്യങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾ അനിവാര്യമാണ്. ഇത്തരത്തിലുള്ള ഒരു വ്യതിയാനത്തിന്റെ കൈകാര്യകർത്തൃത്വം നിർവ്വഹിക്കാൻ ആവശ്യംവേണ്ട ഉപകരണങ്ങളും, വെല്ലുവിളികളും താഴെപറയുന്ന ഓരോ മേഖലകളിലാണ് സ്ഥിതിചെയ്യുന്നത്.

| | |
|---|---|
| ● ജനസംഖ്യാപരമായ വെല്ലുവിളികൾ | കാർഷികവൃത്തിയിലേക്ക് യുവജനങ്ങളെ ആകർഷിക്കുകയും അവരുടെ താല്പര്യം കൃഷിയിൽ ഉറപ്പിച്ചു നിറുത്തുകയും ചെയ്യുക. |
| ● ശാസ്ത്രസാങ്കേതിക രംഗത്തെ വെല്ലുവിളി | ജനിതക ഇഞ്ചിനീയറിംഗ്, GMO അഥവാ ജനതികമായ മെച്ചപ്പെട്ട ജീവികൾ, (Genetically Modified Organisms), വിവര സാങ്കേതികവിദ്യ. |
| ● പാരിസ്ഥിതികമായ വെല്ലുവിളി | കാലാവസ്ഥ, ജലം, മണ്ണ്, ജൈവവൈവിധ്യം ഗ്ലോബൽ കൺവെഷൻ ഓൺ ക്ലൈമറ്റ് ആന്റ് ബയോ ഡൈവേഴ്സിറ്റി |
| ● സാമ്പത്തികമായ വെല്ലുവിളി | കൃഷിയെ സംബന്ധിച്ച ലോകവ്യാപാര കരാർ (World Trade Agreements in Agriculture) |
| ● ധാർമ്മികവും ധൈഷണികവുമായ വെല്ലുവിളി | വ്യാപാരത്തെ സംബന്ധിച്ച ബൗദ്ധിക സ്വത്തവകാശ നിയമങ്ങളും (TRIPS), സസ്യ ജനിതക സ്രോതസ്സുകളെ സംബന്ധിച്ച ഫുഡ് ആന്റ് അഗ്രികൾച്ചറൽ ഓർഗനൈ-സേഷനു (FAO) മായുള്ള ഒത്തുതീർപ്പുധാരണകൾ. |
| ● സാമൂഹികവും-സാമ്പത്തികവുമായ വെല്ലുവിളികൾ | സാമൂഹികവും, ലിംഗവിവേചനപരവുമായ അസമത്വവും നിർമ്മാർജ്ജനം ചെയ്യുക. എത്തിയിട്ടില്ലാത്തിടത്ത് എത്തിച്ചേരുക (reaching the unreached) |

### 1.4 കമ്മിഷന്റെ ശുപാർശകൾ

സർക്കാരിന്റെ സത്വരമായ പരിഗണനയ്ക്കും അനുയോജ്യമായ പ്രവർത്തനങ്ങൾക്കുമായി കമ്മിഷൻ താഴെപ്പറയുന്ന ശുപാർശകൾ നിർദ്ദേശിക്കുന്നു.

ദോഹാനന്തര അനുരഞ്ജന ചർച്ചകളിൽ, ഇന്ത്യയുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ സ്വീകരിക്കേണ്ട നയസമീപനങ്ങളും, തന്ത്രങ്ങളും ആവശ്യങ്ങളും എന്തൊക്കെ ആയിരിക്കണമെന്നതിനെ ആസ്പദമാക്കിയായിരുന്നു കമ്മിഷൻ ആദ്യം മുന്നോട്ടു വച്ച ശുപാർശകളും നിർദ്ദേശങ്ങളും. തുടർന്നു മറ്റൊരു കൂട്ടം ശുപാർശകൾ കേരളത്തിന്റെ മാത്രം സവിശേഷമായ പ്രശ്നങ്ങളുടെ പരിഹാരത്തിനായി സമർപ്പിച്ചിരുന്നു. (എ) അടിയന്തിര നടപടികൾ, (ബി) ഹ്രസ്വകാല - മദ്ധ്യമകാലനടപടികൾ (സി) ദീർഘകാല (സ്ഥാപനപരവുമായി) മാറ്റങ്ങൾ വരുത്തുവാനുള്ള നടപടികൾ എന്നീ മൂന്ന് വിഭാഗങ്ങളിൽ പെടുന്നതായിരുന്നു ശുപാർശകൾ.

### 1.4.1. കൃഷിയെ സംബന്ധിച്ച കരാറുമായി ബന്ധപ്പെട്ട ദോഹാ-സമ്മേളനാനന്തര പ്രശ്നങ്ങൾ

ആഭ്യന്തര സഹായം : സുസ്ഥിരമായ ഒരു 'ഉപജീവന ബോക്സി'ന്റെ ആവശ്യം

1. ഓ.ഇ.സി.ഡി. രാജ്യങ്ങൾ(ഓർഗനൈസേഷൻ ഫോർ എക്കണോമിക്ക് കോ-ഓപ്പറേഷൻ ആൻഡ് ഡെവലപ്മെന്റ്) തങ്ങളുടെ കർഷകർക്ക് അനുദിനം നൽകിവരുന്നതായ സബ്സിഡി ഒരു ബില്യൻ ഡോളർ വരെയാണ്. കൂടാതെ U.S.Z 2002 കാർഷിക ബില്ലിൽ കാർഷിക സബ്സിഡികൾ വർദ്ധിപ്പിച്ചിരിക്കുകയാണ്. ഈ സബ്സിഡികൾ എല്ലാംതന്നെ പ്രകടമായി, ബ്ലൂബോക്സിലും, ഗ്രീൻബോക്സിലും ഉൾപ്പെടുത്തി ക്രമപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇവർ നൽകുന്ന ഇത്തരം വൻസബ്സിഡികൾ ആംബർ ബോക്സിൽപ്പെടുന്ന ആഭ്യന്തരസഹായങ്ങൾ മാത്രമേ വ്യാപാരത്തെ അട്ടിമറിക്കുന്നതായി കരുതാൻ പാടുള്ളൂ അത്രേ.

2. അടുത്തഭാവിയിൽ, ജനീവയിൽ നടക്കാൻപോകുന്ന ജനീവാ വട്ട അനുരഞ്ജനകളിൽ താഴെപ്പറയുന്ന രണ്ടു ബദൽ നിർദ്ദേശങ്ങൾ വയ്ക്കുന്നത് പ്രയോജനകരമായിരിക്കും.

ആദ്യമായി എല്ലാ ബോക്സും (ആഭ്യന്തര സഹായങ്ങൾ) നിറുത്തലാക്കുകയും ലോകവ്യാപാരത്തെ അസന്തുലമാക്കുന്ന എല്ലാവിലക്കുകളും, ഇളവുകളും നിറുത്തലാക്കുകയും എല്ലാലോകവ്യാപാര കീഴ്വഴക്കങ്ങളും നടപ്പുകളും കരാറുകളും വ്യക്തവും സന്നിഗ്ദ്ധതയില്ലാത്തതും സുതാര്യവുമായ ഭാഷയിൽ രേഖപ്പെടുത്തുകയും വേണം.

രണ്ടാമതായി, അനുരഞ്ജനങ്ങളുടെ തത്വങ്ങൾക്ക് ബദലായി നാലാമതൊരു ബോക്സിന് രൂപം നൽകേണ്ടതാണ്. ജനകോടികളുടെ ഉപജീവന സുരക്ഷ ഉറപ്പാക്കുന്നതിന് ഒരു ബോർഡുകൂടി അവതരിപ്പിച്ചുകൊണ്ട്, വികസ്വര രാജ്യങ്ങളിലെ ചെറുകിടകർഷർക്കും ദരിദ്രകർഷകർക്കും ഉപജീവനം വഴിമുട്ടിനിൽക്കുന്ന സാഹചര്യത്തിന്റെ വെല്ലുവിളികൾ നേരിടുവാൻ വികസ്വരരാജ്യങ്ങൾക്ക് ആവശ്യമായ സ്വാതന്ത്ര്യം നൽകുക. അതനുസരിച്ച് വികസ്വരരാജ്യങ്ങളിലെ പാവപ്പെട്ട ജനകോടികളുടെ ജീവസന്ധാരണത്തേയും ഉപജീവന മാർഗ്ഗങ്ങളെയും കടന്നാക്രമിച്ച് അത്യാഹിതത്തിനിടയാക്കുന്നു എന്ന് വിശ്വസനീയ തെളിവുകൾ ഉണ്ടാകുന്ന പക്ഷം, അത്തരത്തിലുള്ള ഇറക്കുമതികളെ നിയന്ത്രിക്കുവാൻ പുതിയ ഉപജീവന സുരക്ഷാ ബോക്സു വ്യവസ്ഥകൾ ഉണ്ടാവണം. ഇന്ത്യ ഉൾപ്പെടെയുള്ള വികസ്വരരാജ്യങ്ങളിലെ 60%ത്തിലധികം ജനങ്ങളും കൃഷിയെ (ഭക്ഷ്യധാന്യവിളകൾ, മൃഗസംരക്ഷണം, മത്സ്യബന്ധനം, വനവിഭവങ്ങൾ, കാർഷിക-വനഉൽപ്പന്നങ്ങൾ കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണം) മാത്രം ആശ്രയിച്ചാണ് ഉപജീവനം നടത്തുന്നത്. അതിനാൽ, ഗ്രാമീണതൊഴിലവസരങ്ങളും, മറ്റുപജീവനമാർഗ്ഗങ്ങളും ഇല്ലാതാക്കുന്ന, ലോകവ്യാപാരവ്യവസ്ഥ പട്ടിണിയും ദാരിദ്ര്യവും കൂടുതൽ രൂക്ഷമാക്കുകയും, ഐക്യരാഷ്ട്രസഭ (UNO), ഈ സഹസ്രാബ്ദത്തിന്റെ ആദ്യശതകത്തിൽ വൻപ്രതീക്ഷകളോടെ മുന്നോട്ടുവയ്ക്കുന്ന, ദാരിദ്ര്യം കുറയ്ക്കുക, വിശപ്പെന്ന പ്രതിഭാസത്തെ നിർമ്മാർജ്ജനം ചെയ്യുക എന്നീ ലക്ഷ്യങ്ങൾ സഫലമാവാതെ ആവുകയും ചെയ്യുന്നതാണ്. ദരിദ്രരും ധനികരും തമ്മിലുള്ള അന്തരം കൂടുന്നതിന്റെ ഫലമായി സാമൂഹികമായ വിഘടനവും സാർവ്വത്രികമായ തകർച്ചയും ഉണ്ടാകുന്നതാണ്. ആഗോളതലത്തിൽ ഇന്ന് നിലവിലുള്ള സാഹചര്യങ്ങൾ തുടരുന്നത് ഒരിക്കലും ആശാസ്യമല്ല. കാരണം, വികസിത സമ്പന്നരാജ്യങ്ങളിലെ ഏതാനും ദശലക്ഷം മാത്രം വരുന്ന കാർഷിക കുടുംബങ്ങൾക്ക് വമ്പിച്ച തോതിലുള്ള എല്ലാ സഹായങ്ങളും, ശാസ്ത്രസാങ്കേതികപുരോഗതിയുടെ ഫലങ്ങളും, മുടക്കുമുതലും, സബ്സിഡികളും നല്കി അവരെ പരിരക്ഷിക്കുമ്പോൾ, വികസ്വരരാജ്യങ്ങളിലെ കോടാനുകോടി ചെറുകിട കൃഷിക്കാരും, നാമ മാത്രകൃഷിക്കാരും, കർഷകത്തൊഴിലാളികളും പറയത്തക്ക സാങ്കേതികവിദ്യയുടേയോ ധനവായ്പയുടേയോ, വിളവെടുപ്പിനു ശേഷമുള്ള കാർഷികസംസ്ക്കരണം ചെയ്യാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളോ ഇല്ലാതെ സമ്പന്ന രാജ്യങ്ങളിലെ കർഷകരുമായി ആഗോളവിപണിയിൽ അസമമായ നിലയിൽ മത്സരിക്കേണ്ടിവരുന്നത് നീതിരഹിതമായൊരു സാഹചര്യം തന്നെയാണ്. 'സ്വതന്ത്രവും ഉദാരവത്കൃത'വുമായ ഈ വ്യാപാരം ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള ഒരുപകരണമെന്ന നിലയിൽ അമ്പേ പരാജയപ്പെടുകയാണ് ചെയ്യുന്നത്.

ലോകവ്യാപാരം സ്വതന്ത്രവും ഉദാരവും മാത്രമായിരുന്നാൽ പോരാ, അത് വികസ്വരരാജ്യങ്ങളിലെ, കാർഷികവൃത്തി മുഖ്യ ഉപജീവനോപാധിയും വരുമാനമാർഗ്ഗവും ആയിട്ടുള്ള പ്രാഥമിക കാർഷികഉത്പാദകരായ ജനസഹസ്രങ്ങൾക്ക് നീതി ലഭിക്കുന്നത് കൂടി ആയിരിക്കണം. ഉപജീവനസുരക്ഷാ ആനുകൂല്യങ്ങളുടെ ബോക്സിൽ വിഭാവനം ചെയ്യുന്ന വ്യവസ്ഥകൾ എല്ലാംതന്നെ, ആനുകൂല്യത്തിനുള്ള അർഹത നിശ്ചയിക്കുന്നതിന്റെ മാനദണ്ഡങ്ങൾ ഒരു രാജ്യത്തെ ജനസംഖ്യയുടെ എത്ര ശതമാനം ഉപജീവനത്തിന് കൃഷിയേയും അനുബന്ധതൊഴിലുകളേയും ആശ്രയിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം. ലോകത്തെ ഒരു കൂട്ടം വികസ്വരമായിക്കൊണ്ടിരിക്കുന്ന രാജ്യങ്ങൾ ഒരുമിച്ചാണ് 'വികസന ബോർഡ്' എന്ന

ഉപജീവനസുരക്ഷയ്ക്കായുള്ള ആശയം മുന്നോട്ടുവച്ചത്, അതിനാൽ കാർഷികവ്യാപാരക്കരാറിന്റെ (AOA), ആർട്ടിക്കിൾ 6.2-ൽ പറയുന്ന വ്യവസ്ഥകൾക്ക് അനുയോജ്യമായി 'വികസനബോർഡിന്' രൂപം നല്കുമ്പോൾ വികസ്വരരാജ്യങ്ങളിലെ താഴ്ന്ന വരുമാനക്കാരുടേയും, വർദ്ധിച്ച ആഭ്യന്തസഹായത്തിന് അർഹതയുള്ള, വരുമാനമാർഗ്ഗങ്ങൾ കുറവുള്ള കൃഷിക്കാരുടേയും, കാർഷികോല്പന്നങ്ങൾക്ക് വിപണിസൗകര്യങ്ങൾ തുറന്നുകൊടുക്കുന്നതിനുള്ള വ്യവസ്ഥകൾ അതിൽ ഉണ്ടായിരിക്കേണ്ടതാണ്.

മൂന്നാമതായി, ഒ.ഇ.സി.ഡി. (ഓർഗനൈസേഷൻ ഫോർ എക്കണോമിക് കോ-ഓപ്പറേഷൻ ആന്റ് ഡെവലപ്മെന്റ്) രാജ്യങ്ങളിലെ കർഷകർക്ക് അവർ നല്കുന്ന ആഭ്യന്തരസഹായങ്ങൾ വളരെ ഭീമമായതും അവയെല്ലാം കാർഷികപ്രവർത്തനേതര മേഖലകളിൽ അനുവദിക്കപ്പെടുന്ന സബ്സിഡികളുമാണ്. അതുമാത്രവുമല്ല, ഏതാനും ദശലക്ഷം കർഷകകുടുംബങ്ങൾക്ക് നല്കുന്ന വെറും നാമമാത്രമായ സഹായത്തിന് 'സബ്സിഡി' എന്ന പദം ഉപയോഗിക്കുന്നതു തന്നെ നാം ഉപേക്ഷിക്കണം. അടിസ്ഥാന സൗകര്യ വികസനവും, മറ്റു പലതരം പൊതുസഹായസംവിധാനങ്ങളും പോലുള്ള ആഭ്യന്തരസഹായനടപടികൾ വ്യാപാരത്തെ അട്ടിമറിക്കാത്തതും, അക്കാരണത്താൽ തന്നെ ആണ്. പ്രതികൂലസാഹചര്യങ്ങളിൽ മുടക്കുമുതലിനേക്കാൾ താണവരുമാനം മാത്രം കൃഷിയിൽ നിന്നും ലഭിക്കുന്ന ഒരു കാർഷികവ്യവസ്ഥയിൽ നട്ടംതിരിയുന്നവർക്ക് നല്കുന്ന നാമമാത്രമായ സഹായത്തെ സൂചിപ്പിക്കുവാൻ 'സബ്സിഡി' എന്ന പദം അപര്യാപ്തമാകയാൽ, **'കാർഷികവൃത്തി തുടർന്നു പോകാനുള്ള സഹായം'** എന്ന പ്രയോഗം സ്വീകരിക്കുകയാണ് ഉചിതം. ആയതിനാൽ, ഇന്ത്യയുടേയും, കേരളത്തിന്റേയും കാർഷികതാല്പര്യങ്ങളെ ലോകവ്യാപാരസംഘടന (WTO) യുടെ ശ്രദ്ധയിൽ കൊണ്ടുവരികയും, ഈ വിഷയം കൈകാര്യം ചെയ്യുന്ന ഭാരതസർക്കാരിന്റെ നയം രൂപീകരിക്കുന്ന ആളുകൾ ഈ പറഞ്ഞ പ്രശ്നങ്ങളെക്കുറിച്ച് ബോധവാന്മാരാവുകയും അവയ്ക്കനുകൂലമായി സംവേദിക്കുകയും ചെയ്യണമെന്നും, അങ്ങിനെ ചെറുകിടകർഷകർക്ക് നല്കുന്ന ഏതൊരു സഹായവും പരാമർശിക്കപ്പെടുമ്പോൾ 'സബ്സിഡി' എന്ന വാക്ക് ഉപയോഗിക്കാതിരിക്കുകയും വേണം എന്നാണ് കമ്മിഷൻ നിർദ്ദേശിക്കുന്നത്.

### 1.4.1.2 വ്യാപാരരംഗത്തെ വിപണിപ്രാപ്യത

വികസ്വര രാജ്യങ്ങൾക്ക് വ്യാവസായികമായി വളരെയേറെ പുരോഗമിച്ചിട്ടുള്ള രാജ്യങ്ങളിലെ വിപണികൾ തുറന്നുകിട്ടുന്നതിനെതിരെ നിലയുറപ്പിച്ചിട്ടുള്ള എല്ലാവിധ താരിഫേതര തടസ്സങ്ങളേയും പുനഃപരിശോധിക്കുകയും, അത്തരം തടസ്സങ്ങൾ ന്യായമല്ലെങ്കിൽ അവയെ നീക്കേണ്ടതുമാണ്. അതേസമയം, വികസ്വരരാജ്യങ്ങളിലെ കർഷകർക്ക് സാനിട്ടറി ഫൈറ്റോ സാനിട്ടറി മേഖലയിൽ അവരുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് ഭക്ഷ്യസുരക്ഷയെ സംബന്ധിച്ച വ്യവസ്തകൾ അടങ്ങിയ കോഡക്സ് എലിമെന്റോറിയസ് സ്വീകരിച്ച് അതിന്റെ മാനദണ്ഡങ്ങൾ പാലിക്കാൻ സജ്ജമാക്കാനുള്ള സഹായങ്ങൾ നല്കുവാൻ ബന്ധപ്പെട്ടവർക്ക് ബാദ്ധ്യതയുണ്ട്. യാഥാർത്ഥ്യബോധമേതുമില്ലാതെ വളരെ ഉയർന്ന സാനിട്ടറി ഫൈറ്റോസാനിട്ടറി മാനദണ്ഡങ്ങൾ കർക്കശമാക്കുന്നതുകൊണ്ട് വികസ്വരരാജ്യങ്ങളുടെ കയറ്റുമതി വ്യാപാരങ്ങൾക്ക് തടസ്സം ഉണ്ടാകുകയാണ് ചെയ്യുന്നത്. സാനിട്ടറി ഫൈറ്റോ സാനിട്ടറി മാനദണ്ഡങ്ങൾ നിർണ്ണയിക്കുമ്പോൾ ഇന്ത്യയേയും മറ്റു വികസ്വരരാജ്യങ്ങളേയും ചർച്ചാപ്രക്രിയകളിൽ പങ്കുചേർക്കേണ്ടതാണ്. അതേസമയം നാം നമ്മുടെ രാജ്യത്തും, വിദേശത്തും നമ്മുടേതായ ശുചിത്വപരമായ സാനിട്ടറി ഫൈറ്റോസാനിട്ടറി വ്യവസ്ഥകൾക്ക് രൂപം നല്കേണ്ടത് ആവശ്യമാണ്.

### 1.4.1.3 കൃഷിയെ സംബന്ധിച്ച ബൗദ്ധികസ്വത്തവകാശം

പുതുക്കിയ കൃഷിയെ സംബന്ധിച്ച ബൗദ്ധികസ്വത്തവകാശ (TRIPS) ചട്ടങ്ങളിൽ, ജൈവവൈവിദ്ധ്യത്തെക്കുറിച്ചുള്ള കൺവെൻഷനും (CBD) ലോകഭക്ഷ്യകാർഷിക സംഘടനയുടെ (FAO) ഭക്ഷ്യവും കൃഷിയും സംബന്ധിച്ച സസ്യജനിതക സ്രോതസ്സുകളുടെ കരാറിനും, അനുപൂരകമായ രീതിയിൽ സമത്വമുള്ളതും ധാർമ്മികവും ആയ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കേണ്ടതാണ്. ഭക്ഷ്യ-ആരോഗ്യസുരക്ഷയുടെ കാര്യത്തിൽ പരമപ്രാധാന്യമുള്ള നവീന കണ്ടുപിടിത്തങ്ങൾ ഉണ്ടാകുമ്പോൾ, അവയുടെ ഗുണഫലങ്ങൾ, വിശേഷിച്ചും ജനതിക സ്രോതസ്സുകളുടേയും, പരമ്പരാഗത വിജ്ഞാനത്തിന്റേയും (നാട്ടറിവുകളുടേയും) പ്രാഥമിക സംരക്ഷകരായ ജനവിഭാഗങ്ങളുമായി അവ പങ്കുവയ്ക്കാനും, അതിനുള്ള അവകാശങ്ങൾക്ക് നിർബന്ധമായും ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉണ്ടാവണം. രാജ്യങ്ങൾക്കിടയിൽ ഉണ്ടാകാവുന്ന ഭീതിയും, ആശങ്കയും, ജൈവചോരണവും (Biopiracy) നീക്കുവാനും അന്യോന്യം ഗുണകരമായ ജൈവശാസ്ത്രരംഗത്തെ പങ്കാളിത്തത്തെ പ്രോത്സാഹിപ്പിക്കുവാനും ഈ നടപടികൾ സഹായകമാവുന്നതാണ്.

#### 1.4.1.4 ജ്യോഗ്രഫിക്കൽ ഇന്റിക്കേഷൻസ്

ഭൂമിശാസ്ത്രപരമായി പ്രാധാന്യമുള്ള (ജ്യോഗ്രഫിക്കൽ ഇന്റിക്കേഷൻ) സവിശേഷഗുണങ്ങളോടുകൂടിയ കാർഷിക ഉത്പന്നങ്ങളുടെ പേരുകളടങ്ങിയ പട്ടിക തയ്യാറാക്കുവാൻ വസ്തുനിഷ്ഠമായ, ശാസ്ത്രീയമായ പദ്ധതി വികസിപ്പിക്കേണ്ടതാണ്. 'മലബാർ കുരുമുളക്' (Malabar Pepper)പോലുള്ള ഉത്പന്നങ്ങളുടെ ജ്യോഗ്രഫിക്കൽ ഇൻഡിക്കേഷന് ചരിത്രപരമായ പ്രാചീനത ഉള്ളതിനാൽ അതിന് പണ്ടുമുതൽ ലോകമെമ്പാടും ലഭിക്കുന്ന അംഗീകാരവും, അതിനാധാരമായ അതിന്റെ മൂല്യവും (സവിശേഷഗുണവും) ആയിരിക്കണം ജ്യോഗ്രഫിക്കൽ ഇന്റഡിക്കേഷനിൽ അതുപോലുള്ള ഉത്പന്നങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ.

#### 1.4.1.5 വ്യാപാരസുരക്ഷയും കർഷകക്ഷേമവും

വിപണിയിലെ ഒരു ചൂതാട്ടമായി കൃഷിമാറുകയാണെങ്കിൽ കൃഷിയിലേക്ക് യുവജനങ്ങളെ ആകർഷിക്കുവാൻ കഴിയുകയില്ല. അതിനാൽ ലോകമെമ്പാടുമുള്ള ഏകദേശം 500 ദശലക്ഷം വരുന്ന കർഷകകുടുംബങ്ങൾക്ക് കാർഷികവരുമാനവും ആദായവും ഉറപ്പാക്കുകയാണ് പുതുക്കിയ AOA ന്റെ വ്യവസ്ഥകളുടെ മുഖ്യലക്ഷ്യം. 2030 ആകുമ്പോഴേക്കും ഭൂമുഖത്ത് ഉണ്ടാകാൻ പോകുന്ന 8 ശതകോടി (8 ബില്യൻ) കുഞ്ഞുങ്ങൾക്കും, സ്ത്രീപുരുഷന്മാർക്കും അനുപേക്ഷണീയമായ ഭക്ഷ്യത്തിന്റെ കാര്യം സുരക്ഷിതമാക്കണമെങ്കിൽ തീർച്ചയായും സുസ്ഥിരമായ കാർഷികസമ്പ്രദായങ്ങളും, സംതൃപ്തമായ കാർഷിക കുടുംബങ്ങളും ഉണ്ടായേ മതിയാവൂ.

#### 1.4.1.6 കൃഷിയുടെ ബഹുമുഖധർമ്മം

ആഗോളമായി പറഞ്ഞാൽ 2 ദശകോടി (2 ബില്യൺ) വ്യക്തികളുടെ ഉപജീവനസുരക്ഷയെ ഗണ്യമായി സ്വാധീനിക്കുന്നതാണ് കൃഷിയും, കാർഷിക വ്യാപാരവും. മനുഷ്യരുടെ പാരിസ്ഥിതികമായ സുരക്ഷയേയും സാംസ്കാരികമായ സുരക്ഷിതത്വത്തേയും കൃഷി ആഴത്തിൽ സ്വാധീനിക്കുന്നുണ്ട്. എന്തായിരുന്നാലും, സമ്പന്നരായ വികസിതരാജ്യങ്ങൾ അടുത്തകാലത്ത് വാദിച്ചുവരുന്നതായ കൃഷിയുടെ ബഹുമുഖധർമ്മം എന്ന ആശയം, ഒരിക്കലും വ്യാവസായികമായി മുന്നേറിയിട്ടുള്ള രാജ്യങ്ങളിലെ സബ്സിഡികളെ അകാരണമായി വർദ്ധിപ്പിക്കുന്നതിനോ, അതുമൂലം ലോകവിപണിയിൽ താരിഫേതര വ്യാപാരതടസ്സങ്ങൾ പടുത്തുയർത്താനോ വിനിയോഗിക്കാൻ പാടുള്ളതല്ല. ഈ പുതിയ തത്വത്തിന് പുതുക്കിയ കൃഷിയെസംബന്ധിച്ച കരാറിൽ (AOA) ഒരു സ്ഥാനം നല്കണമെങ്കിൽ തീർച്ചയായും കൃഷിയുടെ നാനാമുഖധർമ്മമെന്ന ആശയം പ്രയോഗത്തിൽ വരുത്തുമ്പോൾ തികച്ചും നീതിന്യായവ്യവസ്ഥയിൽ അധിഷ്ഠിതമായ ഒരു പെരുമാറ്റച്ചട്ടം ആവിഷ്ക്കരിച്ചേ മതിയാവൂ.

### 1.4.2 കേരളത്തിന്റെ സവിശേഷസാഹചര്യത്തിൽ കമ്മിഷനു നടത്താനുള്ള ശുപാർശകൾ

### 1.4.0 പശ്ചാത്തലം

#### 1.4.0.1 കേരളവും ഇതരസംസ്ഥാനങ്ങളും തമ്മിലുള്ള ബന്ധവും : കാർഷികസമ്പദ്ഘടനയുടെ മേലുള്ള ലോകവ്യാപാരകരാറി (WTA)നുള്ള സ്വാധീനത്തിന്റെ വ്യാപ്തിയും സ്വഭാവവും

കേരളത്തിന്റെ കാർഷികസമ്പദ്വ്യവസ്ഥ, രാജ്യത്തെ മറ്റു സംസ്ഥാനങ്ങളുടെ സമ്പദ്വ്യവസ്ഥയിൽ നിന്നും തുലോം വ്യത്യസ്തമാണ്. കേരളത്തിന്റെ തൊട്ടയൽവക്ക സംസ്ഥാനങ്ങളായ കർണ്ണാടകവും, തമിഴ്നാടും, ഏതാനും ചില ഉത്പന്നങ്ങളുടെ കാര്യത്തിൽ (തമിഴ്നാട്-നാളീകേരം, റബർ, തേയില-കർണ്ണാടകം-കാപ്പി, ഏലം) വിപണിയിൽ മത്സരിക്കുവാൻ ഉണ്ട്. എന്നാൽ കേരളത്തിന്റെ സമ്പദ്വ്യവസ്ഥയിൽ, (ധാന്യവിളകൾ ഒഴികെ ലൈവ്സ്റ്റോക്ക്, സമുദ്രോത്പന്നങ്ങൾ എന്നിവ ഉൾപ്പെടുന്ന) കേരളം ഉത്പാദിപ്പിക്കുന്ന വിളകൾ വലിയൊരു അനുപാതം വരെ വിദേശ വ്യാപാരത്തെ ആശ്രയിച്ചു കഴിയുന്നതിനാൽ രാജ്യം നേരിട്ട ലോകവ്യാപാരസംഘടനയുടേയും കൃഷിയെ സംബന്ധിച്ച കരാറിന്റേയും ശക്തമായ സ്വാധീനത്തിൽ കേരളത്തിന്റെ സാമ്പത്തിക രംഗം ദുർബ്ബലമായി എന്നത് പരക്കെ അംഗീകരിക്കപ്പെട്ട യാഥാർത്ഥ്യമാണ്. ഇതിന്റെ ഫലമായി, കയറ്റുമതിയ്ക്ക് WTO തുറന്നുകൊടുത്തിട്ടുള്ള അവസരങ്ങളെ മറ്റു സംസ്ഥാനങ്ങൾ പരമാവധി വിനിയോഗിച്ചുകൊണ്ട് പുതിയ ഉത്പന്നങ്ങളുടെ കയറ്റുമതിയിൽ ശക്തമായ ഊന്നൽ നല്കിവരുമ്പോൾ, കേരളമാകട്ടെ, സ്വന്തം മുൻകാലനേട്ടങ്ങളെ പ്രതിരോധിക്കാനും, WTO യുടെ പ്രതികൂല സ്വാധീനങ്ങളെ ചെറുത്തുനില്ക്കുവാനും, ജനങ്ങളുടെ ദുരിതങ്ങളും ബുദ്ധിമുട്ടുകളും കുറയ്ക്കുവാനുമുള്ള നടപടികളിലാണ് കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നത്.

### 1.4.0.2 ഇന്ത്യാഗവണ്മെന്റിന്റെ കയറ്റുമതി-ഇറക്കുമതിനയങ്ങൾ

ഇന്ത്യാഗവണ്മെന്റിന്റെ കയറ്റുമതി-ഇറക്കുമതിനയങ്ങൾ ഏറ്റവും കൂടുതൽ ബാധിക്കുന്നത്, വ്യാവസായി അസംസ്കൃത സാധനങ്ങളായ വിളകളുടെ വില വ്യവസ്ഥയെ ആണ്. വാസ്തവത്തിൽ, ലോകവ്യാപാരസം ഘടനയുടെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് വളരെമുമ്പ്, അസംസ്കൃത വസ്തുക്കളായ വിളകളുടെ കമ്പോളവില, ഉദാഹരണത്തിന് റബ്ബറിന്റെ വില, കാലാകാലങ്ങളിൽ ഇന്ത്യാഗവണ്മെന്റ് കൈക്കൊണ്ടുവ ന്നിട്ടുള്ള കയറ്റുമതി ഇറക്കുമതി നയങ്ങളാൽ ശക്തമായി സ്വാധീനിക്കപ്പെട്ടുകൊണ്ടിരുന്നു. ഡിമാന്റും സപ്ലൈയും തമ്മിലുള്ള സന്തുലനത അട്ടിമറിക്കുന്നവയായിരുന്നു. ആ നയങ്ങൾ ലോകവ്യാപാരസംഘടന യുടെ ആവിർഭാവത്തിനു മുമ്പ് കർഷകർക്കും, സംസ്ഥാനസർക്കാരിനും വിലയൊരളവുവരെ, ദേശീയ രാഷ്ട്രീയ സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യാഗവണ്മെന്റിന്റെ കയറ്റുമതി-ഇറക്കുമതി നയരൂപീ കരണത്തെ സ്വാധീനിക്കുവാനും, അങ്ങിനെ അസംസ്കൃത പദാർത്ഥങ്ങളുടെ, വിശിഷ്യാ റബറിന്റെ വില വ്യവസ്ഥയെ സ്വന്തം നിയന്ത്രണത്തിൽ നിറുത്തുവാനും കഴിഞ്ഞിരുന്നു. പരമ്പരാഗതമായി വിപണിയിൽ വിലയുടെ കാര്യത്തിൽ കടുത്ത സമ്മർദ്ദം ഉണ്ടാകുമ്പോഴെല്ലാം കേന്ദ്രസർക്കാർ റബ്ബർ കർഷകരുടേയും, റബ്ബർ ഉത്പന്നങ്ങൾ നിർമ്മിക്കുന്നവരുടേയും ഇടയിൽ ഒരു ഇടനിലക്കാരനായി നില്ക്കുകയും മത്സരത്തി ലേർപ്പെടുന്നവർക്കും അത്യാഹിതത്തെ നേരിടുന്നവർക്കും, പലപ്പോഴും തൃപ്തികരമായിരുന്നില്ലെങ്കിൽപോ ലും, വിലയിൽ ഉണ്ടായ പ്രശ്നങ്ങൾക്ക് പരിഹാരവും, കക്ഷികൾക്ക് കുറച്ച് ആശ്വാസവും നല്കിയിരുന്നു. കേന്ദ്രസർക്കാരിന്റെ തീരുമാനങ്ങളെ റബ്ബർ കർഷകരും, നിർമ്മാണകമ്പനികളും സ്വാധീനിച്ചു വന്നിരുന്നു. സ്വാധീനങ്ങൾ തല്പരകക്ഷികൾക്ക് തങ്ങളുടെ പ്രീണനവും സമ്മർദ്ദവും കേന്ദ്രസർക്കാരിന്റെ മേൽ ചെലു ത്താൻ കഴിയുന്നതിനെ ആശ്രയിച്ചാണിരുന്നത്. WTO പ്രാബല്യത്തിൽ വരാൻ തുടങ്ങിയതോടെ, വിശേ ഷിച്ചും 2001 ഏപ്രിലിനുശേഷം കാർഷികവിളകളുടെ ഇറക്കുമതിയുടെ അളവുപരമായ നിയന്ത്രണങ്ങൾ (QRS)എടുത്തുകളയുകയും കേന്ദ്രസർക്കാരിന്റെ ഇടപെടലുകൾ എല്ലാം AOA ന്റെ വ്യവസ്ഥകൾ അനുശാ സിക്കുന്ന പരിധിയിൽ നിന്നു മാത്രമാവുകയും ചെയ്തപ്പോൾ, ഏതെങ്കിലുമൊക്കെ പരിമിതമായ ഇറക്കു മതി ഇളവുകളും, റബ്ബർ കർഷകർക്കും, സംസ്ഥാനസർക്കാരിനും മുൻകാലങ്ങളിൽ ഏർപ്പെടുത്തുവാൻ കഴി ഞ്ഞിരുന്ന നിയന്ത്രണങ്ങളും എല്ലാം ഒഴുകിപ്പോയി. അങ്ങനെ തന്ത്രപൂർവ്വം കരുക്കൾ നീക്കുവാനുള്ള അവ സരങ്ങൾ നഷ്ടപ്പെട്ടപ്പോൾ മാത്രമാണ് WTO യിൽ ചേർന്നതിന്റേയും, കൃഷിയെസംബന്ധിച്ച കരാറുകൾ ഒപ്പിട്ടതിന്റെയും പ്രത്യാഘാതങ്ങൾ എന്തെല്ലാമെന്ന് അറിയാൻ കഴിഞ്ഞത്. അങ്ങിനെയാണ് കേരളത്തിന്റെ കാർഷികസമ്പദ് വ്യവസ്ഥ WTO യുടെ നിയന്ത്രണത്തിലായതും, രണ്ടു മുഖ്യവിളകളായ നാളീകേരവും, റബ്ബറും (സംസ്ഥാന കാർഷികമേഖലയിലെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ (GDP) മൂന്നിൽ രണ്ടു ഭാഗമായ കേന്ദ്ര സർക്കാരിന്റെ കയറ്റുമതി-ഇറക്കുമതി നയങ്ങളുടെ മുമ്പിൽ പരാജയം ഏറ്റുവാങ്ങേണ്ടിവ ന്നത്.

### 1.4.0.3 പഠിച്ച പാഠങ്ങൾ

ഇന്ത്യയുടെ കാർഷിക മേഖലയാകെ ആഗോള വിപണിയ്ക്ക് തുറന്നിടുന്നതിന്റെ ഫലമായി, ഉത്പന്ന ങ്ങളുടെ വിലയിലും, കൃഷിയേയും കാർഷികവ്യാപാരത്തെ പ്രചോദിപ്പിക്കുന്ന ഘടനകളിലും പലവിധത്തി ലുള്ള പരിരക്ഷാ നടപടികളിലും ഗണ്യമായ മാറ്റങ്ങൾ അനിവാര്യമാണ്. നമുക്കുണ്ടായ അനുഭവങ്ങളും കാർഷികവ്യാപാരരംഗങ്ങളിൽ നാം കാഴ്ചവച്ച പ്രകടനങ്ങളും വിലയിരുത്തുവാനുള്ള സമയമായിരിക്കു ന്നു. അപ്രകാരമുള്ള സമഗ്രമായൊരു വിലയിരുത്തൽ നടത്തിയാൽ മാത്രമേ, ഭാവിയിൽ രാജ്യം നേരിടേണ്ടി വരുന്ന വെല്ലുവിളികളെ ശക്തിയായി നേരിടുവാനും രാജ്യത്തിനു തുറന്നുകിട്ടുന്നതായ അവസരങ്ങളെ ശരിക്കും മുതലാക്കുവാനും നമുക്ക് കഴിയുകയുള്ളൂ. എങ്ങനെ സുസ്ഥിരമായൊരു കാർഷികസുരക്ഷാവ്യ വസ്ഥയ്ക്കും, കർഷകരുടെ ഉപജീവനസുരക്ഷ ഉറപ്പുവരുത്തുന്ന സ്ഥിതിക്കും രൂപം നൽകാമെന്നതാണ് നമ്മുടെ മുന്നിലുള്ള പ്രശ്നം. അതോടൊപ്പം താരിഫേതര വ്യവസ്ഥകൾക്കു പകരം താരിഫു ചുമത്താവു ന്നതാണെന്നും വ്യാപാരത്തിൽ സാങ്കേതികമായ തടസ്സങ്ങളെ എങ്ങനെ നീക്കാമെന്നും, സാനിട്ടറി ഫൈറ്റോ സാനിട്ടറി നിബന്ധനകൾ എങ്ങനെ സുതാര്യമാക്കാമെന്നും നമുക്ക് പരിശോധിക്കേണ്ടതുണ്ട്. ഇതുപോലെ പ്രധാനമായ കാര്യങ്ങളാണ്-ലോകത്തെ ദുർബ്ബലജനവിഭാഗങ്ങളുടെ ഉപജീവന മാർഗ്ഗങ്ങൾക്ക് സുരക്ഷി തത്വം ഇല്ലാതാക്കുന്ന ആഭ്യന്തരസഹായം പരമാവധി കുറയ്ക്കുക, കയറ്റുമതിയിൽ ആരോഗ്യകരമായ രീതി യിലുള്ള തുല്യനിലയിലുള്ള മാത്സര്യത്തിന് അവസരമൊരുക്കുക, കർഷകജനതകളുടേയും ജൈവവൈ വിധ്യം തലമുറകളായി സംരക്ഷിച്ചുവരുന്നവരുടേയും, താല്പര്യങ്ങൾക്ക് സുരക്ഷ നല്കുന്ന ബൗദ്ധികസ്വ ത്തവകാശ വ്യവസ്ഥ ഏർപ്പെടുത്തുക, തുടങ്ങിയ നമ്മുടെ ആവശ്യങ്ങളും. ഇത്രയും ചെറിയ കാലയളവിനു ള്ളിൽ നമ്മുടെ അനുഭവം, നേട്ടങ്ങൾ മാത്രം കണക്കിലെടുത്തുകൊണ്ടുപോയാൽ പോര എന്നാണ്. രാജ്യത്തെ ബഹുഭൂരിപക്ഷത്തിന്റെ വരുമാന സ്രോതസ്സുകളിൽ ദരിദ്രർക്കും, ചെറുതും നാമമാത്രമായ ഭൂമിയിൽ കൃഷി

ചെയ്യുന്ന ദരിദ്രഗ്രാമീണ കർഷകർക്കും അവരുടെ ഉപജീവനം സുരക്ഷമാക്കുവാനും നാം വേണ്ട എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്. നാം കടന്നുപോകുന്ന ഈ ചരിത്രസന്ധിയിൽ അനുയോജ്യമായ മാർഗ്ഗം കണ്ടെത്തണം. ലോകവ്യാപാരസംഘടനയിൽ നാം അംഗമായതിന്റെ ഫലമായി ഉണ്ടായിട്ടുള്ള വിവിധസാഹചര്യങ്ങളും അവയുടെ ഭാവിസൂചനകളും എന്താണെന്ന കാര്യത്തിൽ നാം പൂർണ്ണമായും ബോധവാന്മാരാകുകയും, അതേസമയം WTO മുന്നോട്ടുവയ്ക്കുന്ന അവസരങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി നേട്ടങ്ങളുണ്ടാക്കാൻ രാജ്യത്തെ മുഴുവൻ സജ്ജമാക്കുകയും, WTO യുടെ വെല്ലുവിളികളെ നേരിടാൻ തയ്യാറെടുക്കുകയുമാണ് നാം ഇപ്പോൾ ചെയ്യേണ്ടത്. ദോഹ സമ്മേളനത്തിന്റെ അനുഭവം നോക്കിയാൽ വ്യക്തമാവുന്നത്, കാര്യങ്ങളെപ്പറ്റി ശരിയായ അറിവും എല്ലാ പ്രശ്നങ്ങളിലും വിപുലമായ തോതിൽമുഴുകുവാൻ തക്ക തയ്യാറെടുപ്പോടും വേണം നാം അനുരഞ്ജന ചർച്ചകളിൽ പങ്കെടുക്കേണ്ടത് എന്നാണ്. എന്നാൽ മാത്രമേ ഗുണകരമായ ഫലങ്ങൾ ഉണ്ടാവൂ. അനുരഞ്ജന ചർച്ചകളുടെ അജണ്ടയിൽ രാജ്യം നേരിടുന്ന മുഖ്യപ്രശ്നങ്ങളെ പുനഃരവലോകനം ചെയ്യുവാൻ ഉൾക്കൊള്ളിക്കുന്നതിൽ ഇന്ത്യ വിജയിക്കുകയും, വരാൻ പോകുന്ന സിംഗപ്പൂർ വട്ട അനുരഞ്ജനങ്ങളിൽ ഉൾപ്പെടുത്തേണ്ട അടിയന്തിരപ്രശ്നങ്ങളെപ്പറ്റിയുള്ള സുപ്രധാന വിവരങ്ങൾ ദേശീയതലത്തിൽ തയ്യാറാക്കുവാനും നമുക്ക് സമയം കിട്ടി എന്നത് ചാരിതാർത്ഥജനകമാണ്.

### 1.4.0.4 കേരളത്തിന്റെ സവിശേഷമായ ആവശ്യങ്ങൾ

ഈ റിപ്പോർട്ടിന്റെ ആദ്യം വാദിച്ചതുപോലെ, ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു കാർഷിക സമ്പദ്വ്യവസ്ഥയാണ് കേരളത്തിന്റേത്. എന്നു മാത്രമല്ല പ്രതികൂലാവസ്ഥയെ ചെറുത്തുനില്ക്കാനാവത്തതും ദൗർബല്യങ്ങൾ ആഴത്തിൽ ബാധിച്ചിട്ടുള്ളതുമായ ഒരു വ്യവസ്ഥയാണ് കേരളത്തിനുള്ളത്. WTO യും കൃഷിയെ സംബന്ധിച്ച കരാറും (AOA)ആയി ബന്ധപ്പെട്ട കാര്യങ്ങളിൽ വളരെ സങ്കീർണ്ണായ ഒരു സ്ഥിതിയാണ് നാം നേരിടുന്നത്. ഇതിനു കാരണം കേരളത്തിന്റെ ഉത്പ്പന്നങ്ങളുടെ വമ്പിച്ച അനുപാതത്തിലുള്ള വിദേശവ്യാപാരത്തോടുള്ള ആശ്രിതത്വമാണ്. അതിനാൽ സംസ്ഥാനം കൈവരിച്ചിട്ടുള്ള നേട്ടങ്ങളെ സംരക്ഷിക്കുന്നതിൽ ശ്രദ്ധപതിപ്പിക്കുകയും WTO മുന്നോട്ടുവയ്ക്കുന്ന എല്ലാവിധ അവസരങ്ങളേയും പരമാവധി മുതലെടുക്കുകയും ചെയ്യാൻ കേരളം ബാദ്ധ്യസ്ഥമാണ്. ഈ അടിസ്ഥാനവസ്തുതയ്ക്കു പുറമെ AOA യുടേയും WTO യുടേയും നിർദ്ദേശങ്ങളും സൂചനകളും പ്രകൃത്യാതന്നെ സംസ്ഥാനത്തിന്റെ കാർഷികവ്യവസ്ഥയെ ബാധിക്കുന്നത് മറ്റു സംസ്ഥാനങ്ങളെ ബാധിക്കുന്നതിൽ നിന്നും വ്യതിരിക്തമായിട്ടാണ്. ചില കാര്യങ്ങളിൽ കേരളത്തിന്റെ താല്പര്യങ്ങൾ മറ്റു സംസ്ഥാനങ്ങളുടെ വ്യാപാരതാല്പര്യങ്ങളുമായി പൊരുത്തമില്ലാത്തതിനാൽ അവരുമായി ഇടയേണ്ടിവരുന്നതുമാണ് എന്ന് കാണാം. ഒരു പരിമിതമായ അർത്ഥത്തിൽ WTO, AOA വ്യവസ്ഥകൾ കേരളത്തിലെ തങ്ങളുടെ ഉപജീവനത്തിന് കൃഷിയെയും കാർഷിക വ്യാപാരത്തെയും ആശ്രയിക്കുന്ന ജനലക്ഷങ്ങളുടെ ഉപജീവന സുരക്ഷയെ മോശമായി/പ്രതികൂലമായി ബാധിക്കുന്നവയാണ്. ഇതിനു മുഖ്യമായ കാരണം കേരളത്തിന്റെ കാർഷികസമ്പദ്വ്യവസ്ഥയുടെ തനത് സവിശേഷതയും പ്രത്യേക സ്വഭാവവും അസാധാരണ ഘടനാരൂപവും ആണ്. അവയെ ഇങ്ങനെ സംഗ്രഹിക്കാം:

- കേരളത്തിന്റെ കൃഷിഭൂമിയുടെ ഏറിയ ഭാഗവും (80%) കൃഷിചെയ്യപ്പെടുന്നത് ദീർഘകാലവിളകളാണ്. വിപണിയിലെ മാറ്റങ്ങൾക്കനുസരിച്ച് ഈ വിളകളുടെ കൃഷി മാതൃകയിൽ മാറ്റം വരുത്തുവാനോ ക്രമീകരണം നടത്തുവാനോ കഴിയുന്നതല്ല. ഇതിന് നിരവധി പരിമിതികൾ ഉണ്ട്. പ്രായോഗികമായി ഹ്രസ്വകാലത്തേയ്ക്കോ മധ്യമകാലത്തേയ്ക്കോ യാതൊരുമാറ്റവും വരുത്താൻ കഴിയില്ല. ഒരു പുനർക്രമീകരണത്തിന് സാവകാശവും ദീർഘകാലവും ആവശ്യമാണ്. അതിനാൽ ഈ ദീർഘകാലവിളകളുടേയും അനുബന്ധ ഉൽപ്പന്നങ്ങളുടേയും വിലയിടിയുന്ന ഘട്ടങ്ങളിൽ, കൃഷിച്ചെലവുകൾ പരമാവധി കുറയ്ക്കുകയാണ് ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനേക്കാൾ മെച്ചപ്പെട്ട തന്ത്രം.

- സംസ്ഥാനത്തെ കേരവൃക്ഷങ്ങളിൽ വലിയൊരു അനുപാതത്തിലുള്ളത് പ്രായം ചെന്നവയായതിനാൽ വളരെ കുറഞ്ഞ വിളയാണ് അവ നല്കുന്നത്. കൂടാതെ പ്രാദേശികമായ സാംക്രമിക രോഗബാധയും കുറഞ്ഞ ഉത്പാദനക്ഷമതയ്ക്ക് വഴിതെളിച്ചു. ഇതിനു പ്രതിവിധിയായി പ്രായം ചെന്നവയെ മുറിച്ചുമാറ്റി പകരം തൈകൾ വച്ചു പിടിപ്പിക്കുകയും, രോഗബാധയുണ്ടായവയെ പുനഃരധിവസിപ്പിക്കുകയും ചെയ്യുകയാണ് വേണ്ടത്. ഇതിന് ഗണ്യമായ മുതൽമുടക്ക് വേണം, കൂടാതെ ഉത്പാദനക്ഷമതയ്ക്ക് നീണ്ട കാലയളവും ആവശ്യമാണ്.

- തെങ്ങ് കൃഷിയ്ക്ക് പ്രായേണ അത്ര അനുയോജ്യമല്ലാത്ത പ്രദേശങ്ങളിലേയ്ക്ക് കുറച്ചുകാലം കൃഷി വ്യാപിപ്പിക്കുകയുണ്ടായി. ഇതിനു കാരണം ഭാഗികമായി, യുക്തിക്കു നിരക്കാത്ത വിധത്തിലുണ്ടായ

വിലനിലവാരം നേരിടുവാനും, ഭാഗികമായി ഉത്പാദനം ആവുന്നത്ര വർദ്ധിപ്പിക്കണമെന്ന സംസ്ഥാനസർക്കാരിന്റെ നയവുമായിരുന്നു. എന്നാലിത് സർക്കാരിന്റെ താല്പര്യത്തിനൊത്ത് കൃഷി ചെയ്തു എന്നതല്ലാതെ കാര്യമായി കേരകർഷക സമൂഹത്തിന് ഗുണമൊന്നും ചെയ്തില്ല. ഈ സമീപനം പുനഃരവലോകനം ചെയ്യുകയും ഉത്പാദകരോട് പ്രതിബദ്ധതയുള്ള ഒരു നയം രൂപീകരിക്കേണ്ടതുമുണ്ട്.

- നാളീകേരത്തിന്റെ വിലനിലവാരത്തിലുള്ള വമ്പിച്ച ചാഞ്ചാട്ടങ്ങൾക്കു (പയറുവർഗ്ഗങ്ങൾ, മറ്റു ധാന്യവിളകൾ എന്നിവയുടെ സ്ഥിതിയുമായി താരതമ്യം ചെയ്താൽ)പിന്നിൽ വിദേശഎണ്ണകളുടെ ഇറക്കുമതിയും നിത്യജീവിതത്തിനാവശ്യമായി ഉപയോഗിക്കുന്നതിനേക്കാൾ നാളീകേരവും വെളിച്ചെണ്ണയും ഉത്പാദനവസ്തുക്കളുടെ അസംസ്കൃതസാധനങ്ങളായി വിനിയോഗിക്കുന്നതിന്റെ ഫലമാണത് എന്നു കാണാം.
- നാളീകേരത്തിന്റെ ദേശീയവിപണിയുടെ ദുർദ്ദശയ്ക്കു കാരണം, ഏതാനും ഏജൻസികൾ, ബഹുഭൂരിപക്ഷത്തിന്റെ വ്യാപാരതാല്പര്യത്തെ നിയന്ത്രിക്കുന്ന സ്ഥിതിയാണ് (Oligopolistic), നാളികേരം മൊത്തമായി വിലയ്ക്കെടുക്കുന്ന ഒരു കൂട്ടം ഇടനിലക്കാരാണ് വിപണിയെ ഒരു ദൂരം വരെ നിയന്ത്രിക്കുന്നത്. (ഒരർത്ഥത്തിൽ വിപണിയുടെ കേന്ദ്രീകരണം നടത്തുന്നത് ഉത്പ്പന്നം സ്റ്റോക്കു ചെയ്യുന്ന ഭൗതികഘടകങ്ങൾ തന്നെയാകണമെന്നില്ല) അതിനാൽ വിലനിലവാരത്തേയും വിലനിർണ്ണയിക്കുന്ന ഘടകങ്ങളേയും നിയന്ത്രിക്കുവാൻ കർഷകർക്ക് കഴിവില്ല. (ഭക്ഷ്യധാന്യങ്ങളുടെ ഉത്പാദകർക്ക് അതിന് കഴിയുന്നുണ്ട്) ഇതിനു കാരണം സർക്കാരുകളുടെ, വിശേഷിച്ചും കേന്ദ്രസർക്കാരിന്റെ ശക്തമായ ഇച്ഛാശക്തിയുടെ അഭാവമാണ്.
- എപ്പോഴും ഉയർന്ന വില മോഹിക്കുന്ന കേരകർഷകരുടെ താല്പര്യവും, കുറഞ്ഞ വിലയ്ക്ക് അസംസ്കൃത സാധനങ്ങൾ വാങ്ങുന്ന നിർമ്മാതാക്കളുടേയും കേരോത്പന്നങ്ങളുടെ അന്താരാഷ്ട്ര വ്യാപാരത്തിൽനിന്നും വൻലാഭം കൊയ്യുന്ന കയറ്റുമതി ഏജൻസികളുടേയും താല്പര്യങ്ങളും തമ്മിൽ അന്യോന്യം സഹജമായ കിടമത്സരം നടക്കുന്നതാണ്. അങ്ങിനെയുള്ള സാഹചര്യത്തിൽ നാളീകേരത്തിന്റെ വിലനിലവാരത്തിൽ ഒരു സമവായം ഊട്ടിയുണ്ടാക്കുവാൻ കഴിയുന്നതല്ല.
- കേരളത്തിലെ വിലകളിലേറെയും (പ്രധാനപ്പെട്ടവ മാത്രം പറഞ്ഞാൽ നാളികേരം, റബ്ബർ, കുരുമുളക്, ഏലം എന്നിവ) മഴവീഴ്ച, ഭൂമിയുടെ നിമ്നോന്നതമായ കിടപ്പ്, അടുത്തുള്ള നടീൽ എന്നിങ്ങനെ അതുല്യമായ പ്രകൃതി സ്രോതസ്സിന്റെ അനുകൂലാവസ്ഥ എന്നിവയ്ക്ക് അനുയോജ്യമായ രീതിയിലാണ് കൃഷി ചെയ്യപ്പെടുന്നത്. സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയിൽ ഈ വിളകൾക്ക് വളരെ ഗണ്യമായ സ്ഥാനമാണുള്ളതെങ്കിലും, ദേശീയ സാഹചര്യങ്ങളിൽ, ഭക്ഷ്യസുരക്ഷയുടെ കാര്യത്തിൽ ഇവയ്ക്കു തന്ത്രപ്രധാനമായ ഒരു സ്ഥാനം ഒട്ടുമില്ലതാനും. ധാന്യവിളകളായ അരി, ഗോതമ്പ്, വാണിജ്യവിളകളായ പരുത്തി, കരിമ്പ് എന്നിവയിൽനിന്നും വിഭിന്നമായി ഈ ദീർഘകാലവിളകൾക്ക് ദേശീയ പശ്ചാത്തലത്തിൽ യാതൊരു സ്വാധീനവും ഇല്ല. ഇവയുടെ ഉത്പാദനത്തിനോ വിലനിലവാരത്തിൽ ഉണ്ടാകുന്ന ചാഞ്ചാട്ടങ്ങൾക്കോ, ദേശീയ സമ്പദ്വ്യവസ്ഥയിൽ ഗൗരവമായ യാതൊരു പ്രത്യാഘാതവും ഉണ്ടാക്കാൻ കഴിവില്ല. അതുകൊണ്ട് വിലയിലും ഉത്പാദനത്തിലും ഇവയ്ക്കുണ്ടാകുന്ന പ്രതികൂലാവസ്ഥകൾ ദേശീയശ്രദ്ധയിൽപ്പെടാതെ പോവുന്നു. കർഷകർക്കുണ്ടാവുന്ന സാമ്പത്തികമായ പുറകോട്ടടിയ്ക്കും മറ്റനുബന്ധകഷ്ടപ്പാടുകൾക്കും പരിഹാരം കാണാനുള്ള നടപടികൾ കേന്ദ്രസർക്കാരിൽനിന്നും ഉണ്ടാകുന്നില്ല. അതേസമയം ഒരു വൈരുദ്ധ്യമെന്നു പറയട്ടെ, പഞ്ചാബിലേയും, ഹര്യാനയിലേയും നെല്ലും ഗോതമ്പും കൃഷിക്കാർക്കും, ആന്ധ്രപ്രദേശിലെ നെൽക്കൃഷിക്കാർക്കും, നിരവധി ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നുമുണ്ട്.
- ഒരു കാലത്ത് കേരളത്തിനുമാത്രം കുത്തകാധിപത്യമുണ്ടായിരുന്നതും കേരളം വൻതോതിൽ ഉത്പ്പാദിപ്പിച്ചുകൊണ്ടിരുന്നതുമായ വിളകൾ മറ്റു സംസ്ഥാനങ്ങൾ വർദ്ധിച്ച തോതിൽ ഉത്പാദിപ്പിക്കാൻ തുടങ്ങിയതിന്റെ ഫലമായി ദേശീയ വിപണിയിൽ കേരളത്തിന്റെ ഉത്പ്പന്നങ്ങൾ, കഴിഞ്ഞ കുറെക്കാലമായി, കെട്ടിക്കിടക്കുന്നത് ശ്രദ്ധേയമാണ്. ആഭ്യന്തര വിപണിയിലെ വ്യാപാരരംഗത്തെ ഈ വിചിത്ര പ്രതിഭാസത്തിന്റെ മുഴുവൻ ദുരന്തഫലവും പേറേണ്ടിവരുന്നത് കേരളത്തിലെ കർഷകരാണ്.
- കൃഷിപ്പണിയിൽ കർഷകകുടുംബാംഗങ്ങൾ ആപേക്ഷികമായി വളരെ കുറച്ചുമാത്രം അദ്ധ്വാനിക്കുകയും, കർഷകത്തൊഴിലാളികൾക്ക് ഉയർന്ന കൂലി നല്കേണ്ടിവരികയും ചെയ്യുന്നതിനാൽ കൃഷി ച്ചെലവ് കൂടുന്നു. ഇതിന്റെ ഫലമായി അനുകൂലമായ കാലാവസ്ഥയാലും വിശേഷിച്ചും നല്ല മഴവീഴ്ചയാലും മറ്റും അനുഗൃഹീതമാണെങ്കിലും കേരളകർഷകർ മത്സരരംഗത്ത് തീർത്തും ദുർബലരാ

കുന്നു. ഈ സാഹചര്യങ്ങളിൽ വിലത്തകർച്ചയുണ്ടാകുമ്പോഴൊക്കെ കൃഷിച്ചെലവുകളുടെ നിലവിലുള്ള കടുത്ത യാഥാർത്ഥ്യങ്ങൾ മൂലം കേരളകർഷകന് പിടിച്ചുനില്ക്കാൻ കഴിയാതെ പോകുന്നു.

### ശുപാർശകളുടെ ചട്ടക്കൂട്

രണ്ടു വിശാലമായ വിഭാഗങ്ങളെപ്പറ്റിയാണ് കമ്മിഷൻ ശുപാർശകൾ നടത്തുന്നത്. ഒന്നാമതായി, കേരളത്തിലെ ഇന്നത്തെ പ്രതിസന്ധിയിൽ സമാശ്വാസത്തിനും തന്മൂലമുള്ള ക്ലേശങ്ങൾ കുറയ്ക്കുന്നതിനും വേണ്ട അടിയന്തിര പരിഹാരനടപടികൾ സംബന്ധിച്ച ശുപാർശകൾ. രണ്ടാമതായി, കേരളം നേരിടുന്ന വെല്ലുവിളികളെ അനുകൂലമായ അവസരങ്ങളായി മാറ്റിയെടുക്കുവാൻ സഹായിക്കുന്ന, വിശേഷിച്ചും പുതിയ അവസരങ്ങളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനെ സംബന്ധിച്ച ശുപാർശകൾ. ലോകവ്യാപാരസംഘടനയുടെ സ്വാധീനംമൂലം ഇന്ത്യ നേരിടാൻ ബാദ്ധ്യസ്ഥമായ വസ്തുതകളുമായി അടുത്ത് സമ്പർക്കം പുലർത്തിക്കൊണ്ടാണ്, വിശേഷിച്ചും അഞ്ചു മുഖ്യമേഖലകളായ ആഭ്യന്തരസഹായം, വിപണിപ്രാപ്യത, കയറ്റുമതി പ്രോത്സാഹനം, സാനിട്ടറി ഫൈറ്റോസാനിട്ടറി മാനദണ്ഡങ്ങൾ, വ്യാപാരവുമായി ബന്ധപ്പെട്ട ബൗദ്ധികസ്വത്തവകാശങ്ങൾ (TRIPS) അവയ്ക്ക് ജൈവവൈവിദ്ധ്യസമ്മേളന (CBS) ത്തോടുള്ള ബാദ്ധ്യതകൾ, എന്നിവയെ വളരെ അടുത്ത് പഠിച്ചുകൊണ്ടാണ് ഈ ശുപാർശകൾ നടത്തിയിട്ടുള്ളത്. ഇന്നത്തെ പ്രതിസന്ധിയിൽ പൊറുതിമുട്ടികഴിയുന്ന മുഖ്യകക്ഷികളായ കർഷക ജനലക്ഷങ്ങളോട് വ്യക്തിതലത്തിലും സാമൂഹികതലത്തിലും പ്രതിബദ്ധത പുലർത്തുന്ന ഒരു വീക്ഷണത്തിലാണ് കമ്മിഷൻ ശുപാർശ ചെയ്യുന്നത്. ഈ പ്രതിസന്ധിയുടെ ഭീഷണി നേരിടുന്നത് കർഷകർ മാത്രമല്ല കേരളസർക്കാരും, സർക്കാർ വകുപ്പുകളും വിവിധ സർക്കാർ ഏജൻസികളും മുഖ്യമായും കമ്മോഡിറ്റി ബോർഡുകളും അധികൃതരും കൂടിയാണ്. ലോകവ്യാപാരസംഘടനയുടെ അടുത്ത് നടക്കാൻ പോകുന്ന കാൻകൂൺ മന്ത്രിതല സമ്മേളനത്തെ കൂടി മുന്നിൽ കണ്ടുകൊണ്ടാണ് കമ്മിഷൻ ശുപാർശകൾക്ക് രൂപം നൽകിയിട്ടുള്ളത്. ഒടുവിൽ പറഞ്ഞ രണ്ടു ശുപാർശകളും ആവർത്തനങ്ങളാണെന്ന് തോന്നാം. ഒരു 'ജെനറിക്' അർത്ഥത്തിൽ അവയെക്കുറിച്ചു പറഞ്ഞുകഴിഞ്ഞതാണ്. എന്നാൽ ഈ ഭാഗത്ത് അവയുടെ പ്രത്യേക പ്രയോഗങ്ങളെപ്പറ്റിയാണ് സൂചിപ്പിക്കുന്നത്. എല്ലാവരുടേയും സജീവശ്രദ്ധയ്ക്കായി കമ്മിഷന് പറയാനുള്ളത് ഇന്നത്തെ ദുഃസ്ഥിതിബാധിതരായിട്ടുള്ള എല്ലാ വിഭാഗം ജനത്തിനും, വ്യക്തികൾക്കും ഓരോ ബാദ്ധ്യതകൾ നിറവേറ്റാനുണ്ട് എന്നാണ്. പ്രതിസന്ധിയെ നേരിടുന്നതിനുള്ള ഓരോ പ്രവർത്തനവും, എല്ലാ സംവിധാനങ്ങളും ഒരു പാശ്ചാത്യവാദ്യവൃന്ദത്തിലെ സ്വരമേളയിലെ (സിംഫണി ഓർക്കെസ്ട്രായുടെ) അംഗങ്ങളെപോലെ സംയോജിപ്പിച്ചു പ്രവർത്തിക്കേണ്ടതുണ്ട് എന്നാണ്. കമ്മിഷന്റെ ഇടക്കാല റിപ്പോർട്ടുകളും ശുപാർശകളും ഈ ഭാഗത്ത് ചേർത്തിട്ടുള്ള കമ്മിഷൻ ഏറ്റെടുത്ത പ്രവൃത്തിയുടെ പരസ്പരബന്ധവും പൂർണ്ണരൂപവും വ്യക്തമാക്കാനാണ്. എല്ലാ റിപ്പോർട്ടുകളും ശുപാർശകളും അതാതിന്റെ പ്രസക്ത സ്ഥാനത്ത് തന്നെയാണ് കൊടുത്തിട്ടുള്ളത്. കമ്മിഷന്റെ റിപ്പോർട്ടും ശുപാർശകളും ഒരു ത്രി-തല രൂപത്തിലാണ് സംവിധാനം ചെയ്തിട്ടുള്ളത്. ഒന്നാമതായി, കേരളത്തിന്റെ കാർഷികമേഖലയെ ആകെ (ഏതു ഉത്പ്പന്നമെന്നു നോക്കാതെ) ബാധിക്കുന്ന (പൊതു) പ്രശ്നങ്ങളെ സംബന്ധിച്ചുള്ള പ്രശ്നങ്ങളാണ്. രണ്ടാമതായി ഓരോ ഉത്പ്പന്നത്തേയും പ്രത്യേകിച്ച് പരിശോധിച്ചുകൊണ്ട് അതിന്റെ പ്രതിസന്ധി പരിഹരിക്കാൻ എങ്ങിനെ ഇടപെടണമെന്നും പുതിയ അവസരങ്ങളിൽ പ്രത്യേകിച്ച് എങ്ങിനെ ഫലപ്രദമായി ഇടപെടാമെന്നതു സംബന്ധിച്ചും, മൂന്നാമതായി WTO യുമായുള്ള വിധേയത്വം നിലനിറുത്താനാവശ്യമായ അടിസ്ഥാനസൗകര്യങ്ങളും ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ പ്രവർത്തനവും പ്രതികൂല സ്വാധീനങ്ങളുടെ ദോഷഫലങ്ങൾ കുറയ്ക്കുവാൻ, അവസരങ്ങളെ എങ്ങനെ പരമാവധി പ്രയോജനപ്പെടുത്താമെന്നും അതിന് സംസ്ഥാനത്തെ എങ്ങിനെ പ്രവർത്തനോന്മുഖമാക്കാമെന്നും സംബന്ധിച്ച ശുപാർശകളുമാണ് ഈ റിപ്പോർട്ടിലുള്ളത്.

### സത്വരനടപടികൾ

### 1.4.1. കാർഷികവ്യാപാരത്തിന് ഒരുന്നതല സ്റ്റാന്റിംഗ് കമ്മിറ്റി

ആസൂത്രണവും, ഇന്നത്തെ പ്രതിസന്ധിയിലെ മുഖ്യഘടകങ്ങളുടെ എല്ലാ കർമ്മപരിപാടികളും സംവിധാനങ്ങളും ഏകോപിപ്പിക്കുകയും പരസ്പരം ഇണക്കി ചേർക്കുകയും ചെയ്താൽ കാർഷികവ്യാപാരരംഗത്തുണ്ടാകുന്ന മാറ്റങ്ങളെ തികച്ചും വിജയകരമായി കൈകാര്യം ചെയ്യാൻ കഴിയുന്നതാണ്. പ്രതിസന്ധിയെ നേരിടുവാനുള്ള എല്ലാ സംഘടിത ആസൂത്രണപരിപാടികളും യത്നങ്ങളും ഒരു വാദ്യവൃന്ദത്തിലെ (സിംഫണി ഓർക്കെസ്ട്ര) അംഗങ്ങളെപ്പോലെ ഏകലക്ഷ്യത്തോടെ പ്രവർത്തിക്കണം. കേരളത്തിന്റെ കാർഷികവ്യാപാരനയത്തിന്റെ സിംഫണിക്കുരൂപം നൽകുവാൻ സിംഫണിയുടെ കണ്ടക്ടറായി ഒരു ഉന്നതതല സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിക്കുവാൻ കമ്മിഷൻ ശുപാർശ ചെയ്യുന്നു. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അദ്ധ്യക്ഷൻ

ബഹു. മുഖ്യമന്ത്രിയും, ഉപാദ്ധ്യക്ഷനായി ബഹു. കൃഷിവകുപ്പിന്റെ മന്ത്രിയും പ്രവർത്തിക്കണം. ഇന്നത്തെ പ്രതിസന്ധി ബാധിതരും, മുഖ്യകക്ഷികളുമായ കർഷകരും കർഷകത്തൊഴിലാളികളുടെ സംഘടനാ പ്രതി നിധികൾ, തോട്ടമുടമകളുടെ സംഘടനാ പ്രതിനിധികൾ, കേന്ദ്രസർക്കാരിന്റെ കമ്മോഡിറ്റി ബോഡുകൾ, കേരള കാർഷിക സർവ്വകലാശാല, I.C.A.R., C.S.I.R, ഉപഭോക്തൃസമിതികൾ, പൊതുജനമാധ്യമങ്ങൾ (അ ച്ചടി, ദൃശ്യമാധ്യമങ്ങൾ, ഇലക്ട്രോണിക്കും ഇന്റർനെറ്റുമാധ്യമങ്ങൾ) കേരളസർക്കാരിന്റെ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടേയും പ്രതിനിധികൾ ഈ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അംഗങ്ങളായിരിക്കണം. ഇതിനുപുറമേ കമ്മി റ്റിയിൽ എക്സ് ഓഫിഷ്യോ അംഗങ്ങളായി പ്രവർത്തിക്കുവാൻ ലോകവ്യാപാരസംഘടയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഉയർന്ന ഉദ്യോഗസ്ഥന്മാരെ നാമനിർദ്ദേശം ചെയ്യുവാൻ കേന്ദ്രസർക്കാ രിന്റെ കൃഷി-വാണിജ്യകാര്യമന്ത്രാലയങ്ങളോട് അഭ്യർത്ഥിക്കേണ്ടതാണ്. ഈ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മുഖ്യ പരിഗണനാവിഷയങ്ങൾ താഴെപറയുന്നു.

- സംസ്ഥാന കേന്ദ്രസർക്കാരുകളുടെ ആഭിമുഖ്യത്തിൽ നടന്നുകൊണ്ടിരിക്കുന്ന എല്ലാ പദ്ധതികളേയും ഏകോപിപ്പിച്ച് ഒരു സംയുക്തരൂപം നൽകുകയും അതോടൊപ്പം ദ്വിമുഖവും ബഹുമുഖവുമായ ഏജൻസികളുടെ എല്ലാ പദ്ധതികളേയും സമന്വയിപ്പിച്ചുകൊണ്ട് കാർഷിക വ്യാപാരരംഗത്ത് മാത്സ ര്യശേഷി ലക്ഷ്യംവച്ചുകൊണ്ട് ലഭ്യമായ എല്ലാ സ്രോതസ്സുകളിൽ നിന്നും പരമാവധി നേട്ടങ്ങൾ ഉണ്ടാക്കുക.
- ആഭ്യന്തരവും വൈദേശികവും ആയ വിപണികളുടെ പ്രവണതകളെക്കുറിച്ച് കർഷകർക്കും ബന്ധ പ്പെട്ട എല്ലാവർക്കും തത്സമയം ആവശ്യമായ മുന്നറിയിപ്പുകൾ നല്കുക.
- കാർഷിക കുടുംബങ്ങളുടേയും വിശേഷിച്ചും കർഷകത്തൊഴിലാളി കുടുംബങ്ങളുടെ ദുരിതങ്ങളും ക്ലേശങ്ങളും കുറയ്ക്കുവാനാവശ്യമായ പ്രവർത്തനോന്മുഖമായ പരിപാടികൾ മുമ്പോട്ടുവയ്ക്കുക.
- ഉല്പാദനക്ഷമതയെ പരമാവധി ഉയർത്തുന്നതിനും, കൃഷിച്ചെലവുകൾ കുറയ്ക്കുവാനും, എല്ലാ സൂക്ഷ്മാംശങ്ങളിലും അവധാനപൂർവ്വമായ ശ്രദ്ധ ആവശ്യമുള്ള ഒരു വൃത്തിയായി കൃഷിയെ മാറ്റു ന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക.
- ലോകവ്യാപാരത്തേയും ബൗദ്ധികസ്വത്തവകാശത്തേയും കുറിച്ചു ബഹുജനമാദ്ധ്യമങ്ങളിലും കർഷ കജനസാമാന്യത്തിന് സാക്ഷരത നല്കുക.
- നയപരമായ മേൽനോട്ടം വഹിക്കുവാനായി കാർഷികവ്യാപാരത്തിന് ഒരു കല്പിതസർവ്വകലാശാല (വേർച്ച്വുൽ യൂണിവേഴ്സിറ്റി) സ്ഥാപിക്കുക. സംസ്ഥാന ഭൂവിനിയോഗ ബോർഡിനെ പുനഃസംഘ ടിപ്പിക്കുക.
- ചെറുകിട കർഷകരുടെ കുടുംബങ്ങളുടേയും കർഷകത്തൊഴിലാളി കുടുംബങ്ങളുടേയും ഉപജീ വന സുരക്ഷാ പരിപാടികൾ ഒരു തുടർനടപടിയെന്ന നിലയിൽ ശക്തമാക്കുവാനാവശ്യമായ നടപ ടികൾ നിർദ്ദേശിക്കുക.

### 1.4.2 കാർഷികവ്യാപാര ഉന്നതതലസ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് വിദഗ്ദ്ധസഹായം

ഉന്നതതലസ്റ്റാന്റിംഗ് കമ്മിറ്റി വിജയകരമായി പ്രവർത്തിക്കുവാൻ അതിന് ഒരു സ്ഥിരം സെക്രട്ടേറിയ റ്റും, സെക്രട്ടേറിയറ്റിൽ ഉന്നതവിദഗ്ദ്ധർ, കൃഷിശാസ്ത്രജ്ഞർ, കാർഷികസാമ്പത്തിക വിദഗ്ദ്ധർ, അന്താ രാഷ്ട്രവ്യാപരവുമായി ബന്ധപ്പെട്ട ധനകാര്യവിദഗ്ദ്ധർ, ബൗദ്ധികസ്വത്തവകാശ വിവരസാങ്കേതികവിദ്യ എന്നി വയിലെ പ്രഗത്ഭർ, സ്ഥിതിവിവരകണക്കുവിദഗ്ദ്ധർ തുടങ്ങി അക്കാദമിക് പരിശീലനമുള്ള പ്രൊഫസർമാർ, തൊഴിൽപരമായ അനുഭവസമ്പന്നർ എന്നിവർ അംഗങ്ങളായിരിക്കണം. സെക്രട്ടേറിയറ്റിലേക്കുള്ള നിയമനം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ അഥവാ മൂന്നു മുതൽ അഞ്ചുവരെ വർഷത്തേക്കോ നിയമിക്കാവുന്നതാണ്. സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണപരമായ കാര്യങ്ങളിൽ ഉയർന്നതൊഴിൽപരമായ വിദഗ്ദ്ധോപദേശങ്ങൾ നല്കാൻ കഴിവുള്ള ഒരു സമിതിയായിട്ടാണ് അതിന്റെ സെക്രട്ടേറിയറ്റിനെ ഈ കമ്മിഷൻ വിഭാവനം ചെയ്യുന്നത്. മെമ്പർ സെക്രട്ടറി കാർഷികവ്യാപാരവിഷയത്തിൽ നല്ല അറിവുള്ളയാളോ, ആധികാരികതയുള്ളയാളോ, കാർഷികവ്യാപാരത്തിൽ അറിവുള്ള ഒരു സീനിയർ സിവിൽ സർവ്വീസുദ്യോഗസ്ഥനോ ആയിരിക്കണം.

### 1.4.3 തോട്ടവിളമേഖലയെ മോനിട്ടർ ചെയ്യുക

1. കേരളത്തിലെ തോട്ടവിളകളായ റബ്ബറും, ഏലവും, കാപ്പിയും, തേയിലയും സാമ്പത്തിക പ്രാധാന്യ മുള്ളവയാണ്. കാരണം ഇവയെല്ലാം കൂടി മൊത്തം കൃഷിഭൂമിയുടെ അഞ്ചിലൊരു ഭാഗമാണ് കരസ്ഥമാ

ക്കുന്നത്. കൂടാതെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ (GDP) മൂന്നിലൊരു ഭാഗവും ഇവയുടെ സംഭാവനയാണ്. പശ്ചിമഘട്ടത്തിന്റെ മലഞ്ചെരിവുകളിലും, പാരിസ്ഥിതിക പ്രതികരണമുള്ള താഴ്‌വാരങ്ങളിലും, കുന്നുകളിലും കൃഷിചെയ്യപ്പെടുന്ന ഇവയ്ക്ക് പാരിസ്ഥിതികമായ പ്രാധാന്യവും ഉണ്ട്. എന്നിട്ടും കേരള സർക്കാരിന്റെ വികസന സമീപനത്തിലൊന്നും തോട്ടവിളകൾക്ക് അർഹമായ യാതൊരു പരിഗണനയും കിട്ടിയിട്ടില്ല. ഇതിനുകാരണം ചരിത്രപരമായി തോട്ടം മേഖലയെ നിയന്ത്രിക്കുന്നത് കേന്ദ്രസർക്കാരിന്റെ കീഴിലുള്ള കമ്മോഡിറ്റിബോർഡുകളാണ്. സർക്കാർ വകുപ്പുകളേയോ, സർക്കാർ ഏജൻസികളേയോ, കേരള കാർഷിക സർവ്വകലാശാലയേയോ ഒന്നും തോട്ടവിളകളുടെ വികസനം കൈകാര്യം ചെയ്യാൻ ചുമതലപ്പെടുത്തിയിട്ടില്ല എന്നുമാത്രമല്ല, അവയൊന്നും തോട്ടവിള വികസനത്തിൽ വൈദഗ്ദ്ധ്യം ഉള്ളവരുമല്ല. അതിനാൽ ഈ വിളകൾ, ചുരുക്കത്തിൽ ദാരുണമായ അവഗണനയിൽപ്പെട്ടിരിക്കുകയാണ്.

കീഴ്നടപ്പനുസരിച്ചും, നിയമപരമായ തോട്ടവിളകൃഷിയെ ഒരു വ്യവസായമായാണ് പരിഗണിച്ചുവരുന്നത്. എന്നാൽ കൃഷിക്കാരാകട്ടെ ചെറുകിടക്കാരും നാമമാത്രകൃഷിക്കാരും അടങ്ങിയ ഒരു സമൂഹമാണ് വൻതോതിൽ ഒറ്റ വിളയായും, പ്രാഥമികമായി വലിയ മുതൽമുടക്കിയും കൃഷിചെയ്യുകയാണെങ്കിൽ, കൊളോണിയൽ കാലം മുതൽ പരിണമിച്ചുവന്ന സ്ഥിരം കൂലിക്ക് തൊഴിലാളികളെ നിയമിക്കുന്ന രീതിയും അവയുടെ മാനേജ്മെന്റും നോക്കിയാൽ സീസൺ കൃഷിരീതിയോടല്ല, വ്യവസായത്തോടാണിതിന് കൂടുതൽ അടുപ്പം. തോട്ടവിളയായ കാപ്പിയും തേയിലയും ഭൂപരിധി നിയമത്തിൽ നിന്നും ഒഴിവാക്കപ്പെട്ടപ്പോൾ, നാളികേരം, കുരുമുളക്, കശുവണ്ടി, അടയ്ക്ക എന്നിവയെ തോട്ടവിളകളായിട്ടാണ് പരിഗണിക്കുന്നത്. ഇവയുടെ കൃഷിഭൂമി ഭൂപരിധി നിയമത്തിന്റെ പരിധിയിൽ വരുന്നു. സംസ്ഥാനത്തെ തോട്ടവിളകളുടെ കാര്യങ്ങളിൽ തീർപ്പു കല്പിക്കാനും മറ്റും ഏകസ്ഥാപനം തൊഴിൽമന്ത്രിയുടെ കീഴിൽ പ്രവർത്തിക്കുന്ന 'പ്ലാന്റേഷൻ' ലേബർ റിലേഷൻസ് കമ്മിറ്റിയാണ്. അതായത് തോട്ടവിളകളുടെ ഉത്പാദനം, സംസ്ക്കരണം, വ്യാപാരം എന്നിവയുമായി ബന്ധപ്പെട്ട തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങി നില്ക്കുന്നു സർക്കാരിന്റെ ശ്രദ്ധ.

2. തോട്ടവിളകൃഷിരംഗം ഇപ്പോൾ നേരിടുന്ന പ്രതിസന്ധിക്കു പുറമേ, നിരവധി നയപരമായ പ്രശ്നങ്ങളിൽ കുടുങ്ങിക്കിടക്കുന്ന കാർഷികമേഖലയുടെ ഈ ഉപവിഭാഗത്തിന്റെ സുസ്ഥിരമായ വികസനത്തിന്റെ കാര്യത്തിൽപോലും നാം അപകടത്തിൽപ്പെട്ടിരിക്കുകയാണ്. ഈയൊരു ദുരവസ്ഥയിൽ ചെന്നെത്താൻ കാരണം, മുതൽമുടക്കിന്റെ കുറവും, പരിഃസ്ഥിതി നശീകരണവും, തീരെ അനുയോജ്യമല്ലാത്ത ഭൂവിനിയോഗവും, തൊഴിൽ രംഗത്തെ പ്രശ്നങ്ങളും, അടിസ്ഥാനസൗകര്യമില്ലായ്മയും ആണ്. ഇതിനുംപുറമേ, പരിഷ്കാരങ്ങൾ നടപ്പിലാക്കിയപ്പോൾ കമ്മോഡിറ്റി ബോർഡുകൾ നടത്തിവന്നിരുന്ന പല വികസനപ്രവർത്തനങ്ങളും, കമ്പോളച്ചുമതലകളും കാലക്രമത്തിൽ തകർക്കപ്പെടുകയും ചെയ്തു. ഇപ്പോൾ ആ സ്ഥാനത്ത് വെറും ശൂന്യത മാത്രമാണുള്ളത്. സംസ്ഥാനത്തിന്, ഈ മേഖലയോടുള്ള സജീവമായ താല്പര്യം പരിഗണിച്ച് തോട്ടവിളകളുടെ സുസ്ഥിരമായ വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിയന്ത്രിക്കുവാനും (ഉത്പാദനത്തിലും, മാത്സര്യശേഷിയിലും മാത്രമല്ല), പരിഃസ്ഥിതി സംരക്ഷണം, ഭൂവിനിയോഗം, നികുതി, രാജ്യാന്തരവ്യാപാരം, മറ്റനുബന്ധപ്രശ്നങ്ങൾ എന്നിവയെ എല്ലാം യഥാസ്ഥാനത്ത് കൊണ്ടുവരികയും അവയെ സ്ഥാപനവത്ക്കരിക്കുകയും ചെയ്യേണ്ടതാണ്. ഇതിലേക്ക് ചുമതല വിഭജിച്ചുനല്കണം. തോട്ടകൃഷി വിപുലമാക്കുകയും, വികസിപ്പിക്കുകയും ചെയ്യുവാൻ സഹായം നല്കേണ്ട ചുമതല കൃഷിവകുപ്പിനാകണം. കേരള കാർഷികസർവ്വകലാശാല ആയിരിക്കണം ഗവേഷണത്തിന്റേയും സാങ്കേതിക വികസനത്തിന്റേയും ചുമതല വഹിക്കേണ്ടത്. സെക്രട്ടേറിയറ്റിന്റെ സ്ഥാനം ആസൂത്രണബോർഡിന്റെ കീഴിൽ കാലാകാലം നയം രൂപീകരിക്കുകയും, ദീർഘകാലാടിസ്ഥാനത്തിലുള്ള ആസൂത്രണം നടത്താൻ സർക്കാർ തലത്തിൽ ഒരു 'സെൽ' ഉണ്ടാവണം. ലോകവ്യാപാരസംഘടന നിലവിലുള്ള സാഹചര്യത്തിൽ, സംസ്ഥാനത്തെ ഏറ്റവും കൂടുതൽ പ്രതികരണശേഷിയുള്ളമേഖലയാണ് തോട്ടവിളമേഖല. അതിനാൽ ഈ റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കു തോട്ടവിളയുമായി ബന്ധപ്പെട്ട കാര്യങ്ങളിലെല്ലാം മുഴുകി പ്രവർത്തിക്കുവാനുള്ള ബാദ്ധ്യത ഉണ്ടായിരിക്കുന്നതാണ്. കൃഷിയുടെ ഉപവിഭാഗമെന്ന നിലയിൽ തോട്ടവിളയുടെ കാര്യങ്ങൾ നിയന്ത്രിക്കുവാനുള്ള അവകാശങ്ങൾ കൂടി സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അധികാരപരിധിയിൽ ഉൾപ്പെടുത്തുന്നത് അനുയോജ്യമായിരിക്കും.

### 1.4.4 ആശ്വാസ നടപടികൾ

#### 1.4.4.1 ദുരിതാശ്വാസ നടപടികൾ

1. കേന്ദ്രസർക്കാരിന്റെ 'സമ്പൂർണ്ണ ഗ്രാമീണയോജഗാർ യോജന' യിൽ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ള പദ്ധതിയിൽനിന്നും, തൊഴിലാളികൾക്കു കൂലിയായി ഭക്ഷണം നല്കുകയും, തൊഴിൽ സുരക്ഷ ഉറപ്പാക്കു

വാനായി കേരളസർക്കാർ കേന്ദ്രസർക്കാരിന്റെ സഹായത്തിനായി പരിശ്രമിക്കണമെന്ന് കമ്മീഷൻ ആദ്യത്തെ ഇടക്കാല ശുപാർശകളിൽ നിർദ്ദേശിച്ചിരുന്നു. ഈ പദ്ധതിയുടെ കീഴിൽ, കഠിനമായ സാമ്പത്തിക പരാധീനത നേരിടുന്ന തോട്ടം തൊഴിലാളികൾക്ക് കൂലിയുടെ ഒരു ഭാഗമായി അരിവിതരണം ചെയ്യുന്നതിനും, പിരിച്ചുവിടീലും ഉത്പാദനം നിറുത്തി തോട്ടം അടച്ചു പൂട്ടുന്ന തോട്ടമുടമകളുടെ നടപടി ഒഴിവാക്കുവാനും സാധിക്കുന്നതാണ്. ഈ ദിശയിൽ ആവശ്യമായ നടപടികൾ കേരളസർക്കാർ ഇതിനകം നടപടികൾ സ്വീകരിച്ചു എന്നുകാണുന്നതിൽ കമ്മിഷന് സന്തോഷമുണ്ട്.

2. മറ്റൊരു സത്വര നടപടി, തോട്ടങ്ങൾക്കും, കർഷകകുടുംബങ്ങൾക്കും ഉണ്ടാകുന്ന നഷ്ടം കുറയ്ക്കുവാൻ, നികുതിയും, എക്സൈസ് തീരുവയും ഇളവു ചെയ്യുക എന്നതാണ്. ഇക്കാര്യത്തിലും സർക്കാർ ആവശ്യമായ നടപടികൾ കൈക്കൊണ്ടതിൽ കമ്മിഷൻ സന്തോഷിക്കുന്നു.

### 1.4.42 ഉപഭോക്താവിനു ന്യായവിലയും കർഷകരുടെ ക്ഷേമവും

1. കർഷകകുടുംബങ്ങളുടെ ക്ഷേമത്തിന്റേയും കേരളത്തിന്റെ സമ്പത്വ്യവസ്ഥയുടേയും ആണിക്കല്ല് കാർഷികോത്പ്പന്നങ്ങൾക്ക് ന്യായമായ വില വിപണിയിൽ ലഭിക്കുക എന്നതാണ്. വിലത്തകർച്ച സൃഷ്ടിക്കുന്ന കഷ്ടപ്പാടുകളിൽനിന്നും ആശ്വാസത്തിനുള്ള ഏക പോംവഴി കർഷകർക്ക് ഉപഭോക്തൃ വിലയുടെ ന്യായമായ വിഹിതം ലഭ്യമാക്കുന്നത് ഉറപ്പുവരുത്താൻ സർക്കാർ ഉപകരണങ്ങളേയും സ്ഥാപനങ്ങളേയും സജ്ജമാക്കുകയാണ്.

2. കേരളത്തിൽ ഈ അടുത്തകാലത്ത് രണ്ട് വിജയകഥകൾ ഉണ്ടായിട്ടുണ്ട് (കഴിഞ്ഞ 3-4 വർഷത്തിനിടയിൽ വിലത്തകർച്ച മൂലം ഉണ്ടായ പ്രതിസന്ധിക്ക് സമാന്തരമായി) കേരളത്തിൽ കർഷകരുടേയും മറ്റും മുൻകൈ പ്രവർത്തനഫലമായി ഉപഭോക്താവിന്റെ പണത്തിന്റെ ന്യായമായ ഒരു വിഹിതം കർഷകർക്ക് ഉറപ്പുവരുത്തുന്നതിൽ ഗണ്യമായ വിജയം നേടുകയുണ്ടായി. കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി കേരകർഷകസഹകരണസംഘം കമ്പോളത്തിൽ നേരിട്ടു പങ്കെടുക്കുകയും ഉത്പ്പന്നങ്ങൾ നിർമ്മിച്ചും, സംസ്കരിച്ചും ശരിക്ക് വിനിയോഗിച്ചും വിലത്തകർച്ചയ്ക്ക് മുമ്പുള്ള വിലനിലവാരത്തെ പിടിച്ചുനിറുത്തുവാനുള്ള ശേഷി നേടിയത് ഒരു വിജയകഥ തന്നെയാണ്. റബ്ബർ ഉത്പാദകരുടെ സൊസൈറ്റികളുടെ ശൃംഖലയും ഇതുപോലെ കമ്പോളത്തിൽ നേരിട്ട് ഇടപെടുകയും റബ്ബർ പാൽ സംസ്കരിക്കുക, കയറ്റുമതി ചെയ്യുക എന്നിവയിലൂടെ സൊസൈറ്റി അംഗങ്ങളായ കർഷകർക്ക് മെച്ചപ്പെട്ട വരുമാനം നേടുന്നതിൽ വിജയിച്ചു.

3. മറ്റൊരു വിജയകഥ കൂട്ടുപ്രവർത്തനത്തിന്റെ ഫലമായിരുന്നു. യൂറോപ്യൻ എക്കണോമിക് കമ്മ്യൂണിറ്റിയുടെ (EEC)സഹായത്തോടു കൂടി കേരളാ പച്ചക്കറിവികസനപദ്ധതി (KHDP) പച്ചക്കറിഉല്പാദനം പ്രോത്സാഹിപ്പിക്കുവാൻ മുൻകൈ എടുത്തതിന്റെ ഫലമായി വരുമാനമാർഗ്ഗം കുറവായ ദരിദ്ര കർഷകത്തൊഴിലാളികൾക്കും നാമമാത്രകൃഷിക്കാർക്കും സുസ്ഥിരമായ ഉപജീവനസുരക്ഷ കൈവരിക്കാൻ ഒരവസരം കേരളത്തിലുണ്ടാക്കി. ഒരു പ്രത്യേക പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയതായിരുന്നു ഇത്. പച്ചക്കറികൃഷിയിൽ പങ്കെടുക്കാൻ തയ്യാറായവരെ സ്വയം നിയന്ത്രണ സ്വതന്ത്ര കൂട്ടങ്ങളായി സംഘടിപ്പിച്ച് പച്ചക്കറി ഉത്പാദനത്തിന് അനുയോജ്യമായ പ്രദേശങ്ങൾ തിരഞ്ഞെടുത്ത് കൃഷിയാരംഭിക്കുകയും, ഈ സംഘങ്ങൾക്ക് ആവശ്യമായ സാങ്കേതിക ഉപദേശം എളുപ്പത്തിൽ ലഭ്യമാക്കുകയും, പലിശ ഇല്ലാ വായ്പയും ഗുണനിലവാരമുള്ള വളവും കീടനാശിനിയും നല്കുകയും മറ്റു അടിസ്ഥാനസൗകര്യങ്ങളും, വിപണിസൗകര്യവും ലഭ്യമാക്കുകയും ചെയ്തു. ഇതൊരു ഏകീകൃത പദ്ധതിയായിട്ടാണ് വിഭാവനം ചെയ്തത്. വിജയത്തിന്റെ മുഖ്യകാരണവും വാസ്തവത്തിൽ കൂട്ടായ പ്രവർത്തനം തന്നെയായിരുന്നു. എല്ലാ പങ്കാളികളും ആത്മാർത്ഥതയോടെ പദ്ധതിയിൽ മുഴുകി പ്രവർത്തിച്ചതുമൂലവും, സ്വയംനിയന്ത്രണത്തിന്റെ ഫലമായി പ്രകടമായ, തിരിച്ചറിയാവുന്നതായ തോതിലുള്ള വരുമാനവർദ്ധനവാണ് ഉണ്ടായത്.

4. സംഘമായി കൃഷിയിൽ സഹകരിച്ചുപ്രവർത്തിക്കുന്ന സമ്പ്രദായത്തിന് കേരളത്തിൽ ഏതാണ്ട് കാൽനൂറ്റാണ്ടിന്റെ അനുഭവസമ്പത്തുണ്ട്. ആ സമീപനത്തിൽ നെല്ലും, നാളികേരവും, കുരുമുളകും കൃഷിചെയ്ത് ഉയർന്ന ഉത്പാദനം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നാലിത്തരം കൂട്ടായ പ്രവർത്തന രീതി ഭൂരിപക്ഷം സംസ്ഥാനങ്ങളിലും അന്യം നിന്നുപോവുകയുണ്ടായി. മറ്റു സംസ്ഥാനങ്ങളിൽ സർക്കാർ സഹായം പിൻവലിച്ചതിനാൽ സഹകരണരംഗം ബലഹീനമായിക്കൊണ്ടിരിക്കുന്നു. ഉത്പാദനത്തിൽ മാത്രം ഊന്നൽ കൊടുക്കുകയും, കൃഷിയുടെ മറ്റു മാനങ്ങൾ, ഭക്ഷ്യധാന്യസംസ്കരണം, വിപണിപ്രാപ്യത എന്നീക്കാര്യങ്ങളിൽ ആവശ്യമായ സാങ്കേതിക ഇടപെടലുകൾ ഇല്ലാതായി.

കൂടാതെ കീടനാശിനി പ്രയോഗം, ജലവിനിയോഗനിയന്ത്രണം, സ്വാശ്രയ കൃഷിസമ്പ്രദായത്തിന് ശാസ്ത്രീയസഹായം, കൃഷിക്കാര്യങ്ങളിൽ അംഗങ്ങളുടെ സമ്പൂർണ്ണ പങ്കാളിത്തം എന്നിങ്ങനെയുള്ള സ്വയംതൊഴിലിൽ നിന്നും വരുമാനം വർദ്ധിപ്പിക്കുകയും വിപണിവിലയെ വലിയൊരു അളവുവരെ തിരിച്ചു പിടിക്കുന്നതിന് സഹായിക്കുന്ന ഉപായങ്ങളുടെ കാര്യമായ അഭാവം ഇത്തരം സംരംഭങ്ങളുടെ പരാജയത്തിനുള്ള കാരണങ്ങളിൽ ചിലതായി കണക്കാക്കാം.

5. കേരള പച്ചക്കറി വികസന പദ്ധതിയുടേയും റബ്ബർ ഉല്പാദക സഹകരണസംഘത്തിന്റേയും, കഥ ഒറ്റപ്പെട്ടവയാണെങ്കിലും, തിരുവമ്പാടി പേരാംമ്പ്ര സഹകരണ സംഘങ്ങളുടേയും വിജയത്തിൽ നിന്നും, കർഷകസംഘങ്ങളുടേയും, കേരഫെഡ് പോലുള്ള മാർക്കറ്റിംഗ് സൊസൈറ്റി അടക്കമുള്ളവയുടെ പരാജയത്തിൽ നിന്നും പാഠം പഠിക്കേണ്ടതാണ്. ഇതിന്റെ വെളിച്ചത്തിൽ മുൻകൈപ്രവർത്തനവും കൂട്ടായ്മയും കാർഷികവികസനതന്ത്രത്തിന്റെ അഭിഭാജ്യഘടകമാണെന്ന വസ്തുത അംഗീകരിക്കണമെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു.

അനിതരസാധാരണമായ പ്രകടനം കാഴ്ചവച്ച സ്ഥാപനങ്ങൾക്കെല്ലാം അംഗങ്ങളുടെ സ്വയംസമർപ്പണത്തോടുള്ള പങ്കാളിത്തം ഉണ്ടാക്കിയതിനാലാണ് വിജയിക്കാൻ കഴിഞ്ഞത്. ഇത്തരം കൂട്ടായ പ്രവർത്തനങ്ങളെ കേന്ദ്രീകരിച്ച്, ചെറിയ സംഘങ്ങളുടെ ഒരു ശൃംഖലയെ പ്രവർത്തിപ്പിക്കുന്നതിലൂടെ ഇന്നത്തെ വ്യാപാരവ്യവസ്ഥയ്ക്ക് ഒരു ബദലുണ്ടാക്കുവാൻ കഴിയുന്നതാണ്. വിജയംവരിച്ച സംരംഭങ്ങളുടെ അനുഭവങ്ങൾ വിലയിരുത്തുകയും, കർഷകരേയും കൃഷി നടത്തിപ്പുകാരേയും സ്വയം പ്രവർത്തനക്ഷമമായ ഉത്പാദക സമിതികളുടെ ഒരു ശൃംഖലയിലേക്ക് ഇണക്കിക്കൊണ്ടുവരുവാനും ദൃഢനിശ്ചയത്തോടെ പരിശ്രമിക്കണം. അംഗങ്ങളുടെ അർപ്പണമനോഭാവവും, പങ്കാളിത്തവും ഉറപ്പാക്കിക്കൊണ്ടും, സ്വയംഭരണാവകാശവും ഉടമാവകാശവും അനുവദിച്ചും, നയപരമായി സാമ്പത്തിക സഹായങ്ങൾക്ക് വകയിരുത്തിയും, അടിസ്ഥാനസൗകര്യവികസനത്തിൽ സഹായിച്ചും പ്രവർത്തിച്ചാൽ കാർഷികരംഗത്ത് വമ്പിച്ച മുന്നേറ്റത്തിന് വഴി തുറക്കുമെന്ന് കമ്മീഷന് ബോദ്ധ്യമായിട്ടുണ്ട്.

### 1.4.4.3 തോട്ടവിള ഉല്പന്നങ്ങളുടെ കയറ്റുമതിക്ക് തുടർസഹായം

റബ്ബർ, നാളികേരം മുതലായവ കേരളത്തിന്റെ കാർഷികോത്പ്പന്നങ്ങളുടെ ഇന്നോളം കണ്ടിട്ടില്ലാത്ത വിലത്തകർച്ചയുടെ മുഖ്യകാരണങ്ങളിൽ ഒന്ന് കാലകാലങ്ങളായി ഉത്പ്പന്നങ്ങൾ വളരെകൂടുതൽ കുന്നുകൂട്ടി വമ്പിച്ച തോതിൽ വിപണിയിലെത്തിക്കുന്ന രീതിയാണ്. ഇതോടൊപ്പം വിദേശ-ഇറക്കുമതിയുടെ അളവുപരമായ നിയന്ത്രണങ്ങൾ നീക്കിയതിന്റെ തിക്തഫലവും, വ്യാപാരത്തിന്റെ ഉദാരവത്ക്കരണത്തിന്റെ തണലിൽ തഴച്ചുവളർന്ന ഇറക്കുമതിയും കൂടിയായപ്പോൾ സ്ഥിതി ഏറ്റവും രൂക്ഷമാവുകയാണുണ്ടായത് ഈ പ്രതിസന്ധിയിൽ പൊടുന്നനേ, ഉത്പാദനത്തിൽ പുറകോട്ടു പോകുവാനോ, ആഭ്യന്തരവിപണിയിൽ ഉത്പന്നങ്ങളുടെ ഡിമാന്റ് ഗണ്യമായി ഉയർത്തുവാനോ കഴിയുന്നതല്ല. താൽക്കാലികവും ശീഘ്രവുമായ ഗുണത്തിനുതകുന്ന ഒരു നടപടി ഉത്പന്നങ്ങളുടെ ആഭ്യന്തരവിലയിലും വിദേശവിലയിലും തമ്മിലുള്ള അന്തരം കർഷകർക്ക് (ഉത്പാദകർക്ക്) നഷ്ടപരിഹാരമായി നല്കിക്കൊണ്ട് ഈ ഉത്പന്നങ്ങളുടെ കയറ്റുമതിയെ പ്രോത്സാഹിപ്പിക്കുകയാണ്. കേന്ദ്രസർക്കാർ 2002-2003 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതും, ലോകവ്യാപാരസംഘടന (WTO)അനുവദിക്കുന്നതുമായ 2002-2007 വരെയുള്ള കയറ്റുമതി-ഇറക്കുമതി നയത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനവത്ക്കരിക്കപ്പെട്ടതുമായ, ചരക്കുഗതാഗതത്തിന് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ള സഹായം കേരളത്തിലെ തോട്ടവിളകൾ അടക്കമുള്ള എല്ലാ ഉല്പന്നങ്ങൾക്കും വിപുലമാക്കുകയും, ചരക്കുനീക്കത്തിനും പാക്കിംഗിനുംകൂടി കേന്ദ്രസഹായം ബാധകമാക്കുകയും വേണം.

### 1.4.4. ദീർഘകാല നടപടികൾ

ഭാവിയിൽ കേരളത്തിന്റെ ഉല്പന്നങ്ങൾക്ക് ആഭ്യന്തര വിപണിയിൽ, നാളികേരം, കാപ്പി, തേയില എന്നിവയിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളുമായും, ആഭ്യന്ത വിപണിയിൽ കുരുമുളക്, ഏലം, കശുവണ്ടി, സമുദ്രോല്പന്നങ്ങൾ എന്നിവയിൽ വിദേശരാജ്യങ്ങളുമായും കടുത്ത മത്സരത്തിലേർപ്പെടേണ്ടിവരുന്നതാണ്. മത്സരക്ഷമത ഉയർത്തിയാൽ മാത്രമേ കേരളത്തിന് സുസ്ഥിരമായ കാർഷിക വ്യാപാര സുരക്ഷാ വ്യവസ്ഥ സൃഷ്ടിക്കുവാനും കാർഷികാടിത്തറയുള്ള ഒരു സമ്പദ്വ്യവസ്ഥ കെട്ടിപ്പടുക്കുവാനും കഴിയൂ. ഉല്പന്നങ്ങൾക്ക് വില കൂടുതൽ ലഭിക്കുന്നതിനും നല്ല ഗുണനിലവാരം പുലർത്തുന്നതിനും മാത്സര്യക്ഷമത കൈവരിക്കേണ്ടതാവശ്യമാണ്. ഒരു നിശ്ചിത യൂണിറ്റ് ഭൂമിയിൽ നിന്നുള്ള പരമാവധി ഉല്പാദനക്ഷമതയെയാണ് ഇതാശ്രയിച്ചിരിക്കുന്നത്. അതുപോലെ കാർഷിക സ്രോതസ്സുകളേയും അനുബന്ധഘടകങ്ങളായ മനുഷ്യാദ്ധ്വാനശേഷി (മാനവവിഭവശക്തി)യുടെയും വിവേകപൂർണ്ണവും കാര്യക്ഷമവുമായ വിനിയോഗവും വിലയു

ടെകാര്യത്തിൽ മാത്സര്യക്ഷമത വർദ്ധിക്കാൻ സഹായിക്കുന്ന പ്രധാന ഘടകങ്ങൾആണ്. ഗുണനിലവാരത്തിന്റെ കാര്യത്തിൽ, ഉല്പാദാനത്തിൽ നിന്നും വ്യത്യസ്തമായതും, എന്നാൽ ഉത്പാദാനനന്തരം ശ്രദ്ധിക്കേണ്ടകാര്യങ്ങൾ ഉണ്ട്. കീടനാശിനി, വളം, ഫംഗസ് നാശിനി, കളനാശിനി എന്നിവയുടെ അവശിഷ്ടങ്ങൾ ഉല്പന്നങ്ങളിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്. വിളവെടുപ്പ്, കൈകാര്യം ചെയ്യൽ, സംസ്കാരണം, ഉണക്കൽ ഉൾപ്പെടെയുള്ള വിളവെടുപ്പിനുശേഷമുള്ള പ്രക്രിയകളും പാക്കിംഗും, മാർക്കറ്റിംഗിലുമെല്ലാം ഉടനീളം ഉണ്ടാകാവുന്ന ശുചിത്വ പ്രശ്നങ്ങൾ അതീവ ശ്രദ്ധയോടെ കൈകാര്യം ചേയ്യേണ്ടതാണ്. ഈവക കാര്യങ്ങളെക്കുറിച്ച് കർഷകരിലും, ഉല്പാദകരിലും, സംസ്ക്കരണം നടത്തുന്നവരിലും വ്യാപാരികളിലും അവബോധം വളർത്തേണ്ടതാവശ്യമാണ്. അതിനാൽ കർഷകർക്കും, സംഘടനകൾക്കും അടിസ്ഥാനസൗകര്യങ്ങൾ (ആശയ വിനിമയ, ഉല്പന്നങ്ങളുടെ നിലവറ(store)) സാക്ഷ്യപ്പെടുത്തൽ, മറ്റുനിയന്ത്രണങ്ങൾ (മോണിറ്ററിംഗ്) തുറമുഖത്തേക്കുള്ള ചരക്കുനീക്കം മുതലായ പ്രവൃത്തികൾക്കെല്ലാം പ്രോത്സാഹനാർത്ഥം പ്രതിഫലം നല്കുകവഴി ഗുണനിലവാരം നിലനിർത്തുവാനുള്ള ഒരു പദ്ധതി വിഭാവനം ചെയ്യേണ്ടതാണ്.

## വൻതോതിലുള്ള വൃക്ഷവിളകളുടെ പുനഃരധിവാസവും റീപ്ലാന്റിംഗ് പദ്ധതിയും

**1.4.4.1** 1) കേരളത്തിന്റെ കൃഷി ഭൂമിയിൽ അഞ്ചിൽ നാലുഭാഗവും ദീർഘകാല വിളകളായ നാളികേരം, റബർ, കശുവണ്ടി, കുരുമുളക്, ഏലം, കാപ്പി, തേയില എന്നിവ കയ്യടക്കിയിരിക്കുന്നു എന്ന് മുമ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്നുള്ള തെങ്ങുകളിൽ ഏറിയ പങ്കും പ്രായം ചെന്നവയും ഉത്പാദന ശേഷിയുടെ കാലം കഴിഞ്ഞവയും ആണ്. ഈ കാലപഴക്കത്തിന്റെ സ്ഥിതി ഓരോ വിളയുടെകാര്യത്തിലും വ്യത്യസ്തമാണ്. കേരവൃക്ഷങ്ങളിൽ □ മുതൽ $^{1}/_{3}$ വരെയും, കുരുമുളകു കൊടികൾ $^{1}/_{3}$ മുതൽ □ വരെയും, കശുമാവിന്റെ $^{2}/_{3}$ മുതൽ □ വരെയും പ്രായം ചെന്നവയും ഉത്പാദന ക്ഷമതയുടെ അന്തിമ ഘട്ടമെത്തിയവയും ആണ്. റബർ മാത്രമേ 30 വർഷത്തിന്റെ അവസാനം പഴമരങ്ങൾ മുറിച്ചുമാറ്റി തൽസ്ഥാനത്ത് തൈകൾ നടുകയും ചെയ്യുന്നുള്ളൂ. കാരണം, റബർ കർഷകർക്ക് നൽകിവരുന്ന പുനർകൃഷി (നടീൽ) സബ്സിഡികളും മറ്റനുവദീയ പ്രോത്സാഹനങ്ങളുമാണ്. രണ്ടാമതായി, പ്രധാന കൃഷി പ്രദേശങ്ങളിൽ എല്ലാം രോഗബാധയുള്ളതിനാൽ അടിയന്തിരമായി പഴയതും, രോഗബാധ ഗുരുതരമായിട്ടുള്ള വൃക്ഷങ്ങളും മുറിച്ചു നീക്കി തൈകൾ വച്ചു പിടിപ്പിക്കേണ്ടതാണ്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽ നാലിൽ ഒരു ഭാഗത്തേയും വേരുചീയൽ രോഗം ബാധിച്ചിരിക്കുന്നു. ഇടുക്കി, വയനാട് ജില്ലകളിലെ കുരുമുളക് കൃഷിയും ദ്രുതവാട്ടത്തിന്റെ കെടുതിയിൽപ്പെട്ടിരിക്കുന്നു. റബർ ഒഴികെ, ഈ വിളകളെല്ലാം പരമ്പരാഗതമായ മറ്റുവിശേഷഗുണങ്ങൾ ഇല്ലാത്ത താഴ്ന്ന ഉത്പാദനക്ഷമതയുള്ളവയാണ്. നാളീകേരത്തോട്ടങ്ങളിൽ ഇടവിളയായി റബർ കൃഷിചെയ്യുന്നത് അശാസ്ത്രീയവും വെറുതേ ഭൂമി പാഴാക്കുന്ന ഏർപ്പാടുമാണ്. കുരുമുളക് മുഖ്യമായും ഒരു ഇടവിളയായാണ് കൃഷിചെയ്യുന്നത്. തെങ്ങിലും മറ്റു പലവക വൃക്ഷങ്ങളിൽ പടർത്തിയും ഇത് വളർത്തപ്പെടുന്നു. എന്നാൽ ഇപ്പോഴത്തെ രീതികൾ എല്ലാം ഒരു യൂണിറ്റ് ഭൂമിയിലെ ഉത്പാദന ക്ഷമതയെ കുറയ്ക്കുന്നതിനാണ് ഇടയാക്കുന്നത്. ഭാവിയിൽ ദീർഘകാലവിളകളുടെ ഉത്പാദനക്ഷമത വർദ്ധിക്കണമെങ്കിൽ വമ്പിച്ചതോതിൽ പുതിയ തൈകൾ, വിശേഷിച്ചും ഉത്പാദനക്ഷമതകൂടിയതും രോഗപ്രതിരോധശേഷിയുള്ളതുമായ നല്ലയിനം തൈകൾ വച്ചുപിടിപ്പിക്കുകയും, അങ്ങിനെ ഭൂമിയെ പരമാവധി ഉപയോഗക്ഷമമാക്കുകയും വേണം.

2) ശാസ്ത്രീയ രീതിയിലുള്ള റീപ്ലാന്റിംഗും, പഴയവയെ പുനഃരധിവസിപ്പിക്കലും 15നും 25നും വർഷങ്ങൾക്കിടയിൽ നടത്തുവാനുള്ള ബൃഹത്തായ പദ്ധതി ആരംഭിക്കേണ്ടതാണ്. ഈ പരിപാടി ലക്ഷ്യമിടുന്ന വിളകളുടെ കാര്യത്തിൽ മാത്രം ഒതുക്കിനിറുത്തിയാൽ മതിയാകുമെങ്കിലും ഈ വിളയ്ക്കായി നീക്കിവയ്ക്കപ്പെട്ട ഭൂമിയുടെ മുഴുവൻ ഉത്പാദനശേഷിയും വിപുലമായി പ്രയോജനപ്പെടുത്തേണ്ടതാണ്. മറ്റനുയോജ്യവിളകളുമായി ഇടകലർത്തി ശാസ്ത്രീയമായ രീതിയിൽ കൂട്ടുകൃഷിചെയ്ത് ഭൂമി പ്രയോജനക്ഷമമാക്കണം. കൂടാതെ വിളകൃഷിപ്പണികൂടാതെ, കന്നുകാലി വളർത്തൽ, മണ്ണൊലിപ്പും വെള്ളപ്പൊക്കവും തടഞ്ഞുമണ്ണിനെ സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ, മഴവെള്ളം കെട്ടിനിറുത്തി ഈർപ്പം നിലനിറുത്തുക, ജലസേചനം നടത്തുക (ചെരിവുകളും ജലസ്രോതസ്സും അനുകൂലമാണെങ്കിൽ) ഇത്യാദികാർഷിക പ്രവൃത്തികൾ കൃഷിയുമായി ഏകോപിപ്പിച്ചു ചെയ്യേണ്ടവയാണ്. ഉത്പാദനം വർദ്ധിപ്പിക്കുന്നതുകൂടാതെ, പ്രാദേശികതലത്തിൽ ഉത്പന്നങ്ങളുടെ മൂല്യവർദ്ധന ഉണ്ടാക്കുന്ന കാര്യവും ഈ പദ്ധതിയുടെ മുഖ്യ ഭാഗമായിരിക്കണം. ഉത്പാദന വർദ്ധനവിലൂടെ ആദായം വർദ്ധിപ്പിക്കുക എന്നതുമാത്രമല്ല, ലക്ഷ്യം വയ്ക്കുന്നത്. കൃഷിയിടങ്ങളിലെ മറ്റു പ്രവൃത്തികളും പരസ്പരം കൂട്ടിയിണക്കിയും ഉല്പന്നങ്ങളെ സംസ്ക്കരിച്ചും നിർദ്ദിഷ്ടഗുണനിലവാരം നല്കിയും മൂല്യവർദ്ധന നടത്തിയും കൂടിയാണത് നിർവ്വഹിക്കേണ്ടത്.

3) ഇത്തരമൊരു പദ്ധതിയ്ക്കാവശ്യമായ സ്രോതസ്സുകൾ പ്രാഥമികമായി ധനകാര്യസ്ഥാപനങ്ങളുടെ വായ്പയിൽ നിന്നോ, കേന്ദ്ര-സംസ്ഥാനസർക്കാരുകളുടെ കീഴിലുള്ള വികസന പദ്ധതികളെ ഏകോപിച്ചു കൊണ്ടോ സമാഹരിക്കാവുന്നതാണ്. വാട്ടർഷെഡ് മാനേജ്മെന്റിനായി സർക്കാർ നല്കുന്ന സഹായം വിനിയോഗിച്ച് മണ്ണിന്റേയും ജലത്തിന്റേയും സംരക്ഷണവും നടത്താം. ഭക്ഷ്യസഹായപദ്ധതി മറ്റൊരു സ്രോതസ്സാണ്. പ്രായം ചെന്നതും രോഗം ബാധിച്ചതായ തെങ്ങുകൾ വെട്ടിമാറ്റി പകരം പുതിയ തൈകൾ വച്ചുപിടിച്ചു അവയിൽ നിന്നും ആദായം കിട്ടിതുടങ്ങുന്നതുവരെയുള്ള കാലത്തെ (ജെസ്റ്റേഷൻ പീരിയഡിലെ) നഷ്ടവും വരുമാനമില്ലായ്മയുള്ള കാലത്തെ ഉപജീവനത്തിനായി ഭക്ഷ്യസഹായ പദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്. കേരളത്തിലെ ബാങ്കിംഗ് വ്യവസ്ഥയിലെ ക്രെഡിറ്റ് ഡെപ്പോസിറ്റ് (വായ്പയും നിക്ഷേപവും തിരിച്ചടവും) മോശമായ സ്ഥിതിയിലാണെന്ന കാര്യം പൊതുവേ അംഗീകരിക്കപ്പെട്ട കാര്യമാണ്. അതിനുകാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത് വിജയകരമായി നടപ്പിലാക്കാൻ കഴിയുന്ന (viable) പദ്ധതികളുടെ അഭാവമാണ്. പുതിയ തൈകൾ വയ്ക്കുന്നതിനും, പ്രായം ചെന്നവയെ മുറിച്ചുമാറ്റുന്നതിനും, രോഗം വന്നവ പുനഃരധിവസിപ്പിക്കുന്നതിനും ഒരു ബൃഹത് പദ്ധതിയാവിഷ്ക്കരിക്കുമ്പോൾ ധനകാര്യസ്ഥാപനങ്ങളുടെ വായ്പാ സൗകര്യങ്ങളെ ഫലപ്രദമായി വിനിയോഗിക്കുവാനും, അങ്ങിനെ മത്സരക്ഷമതയുള്ളതും, സുസ്ഥിരവും, ഊർജ്ജസ്വലവുമായ ഒരു കാർഷികോല്പാദന വ്യവസ്ഥ കേരളത്തിൽ പുനഃസ്ഥാപിക്കുവാനും കഴിയുന്നതാണ്.

## കർഷക വായ്പാ കാർഡുകൾ

**1.4.4.2.** യഥാസമയം വേണ്ടവായ്പകൾ ലഭ്യമാക്കുന്നത് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും, ആവശ്യമുള്ള ഉല്പാദനോപകരണങ്ങളും, വളം, കീടനാശിനികൾ എന്നിവ വാങ്ങുന്നതിനും സഹായകരമായിരിക്കും വിവിധ വിളകളുടെ കൃഷിയും അതിനനുയോജ്യമായ ഭൂവിനിയോഗവും, (അതോടൊപ്പം കാലിസമ്പത്തും കൂടി സമന്വയിപ്പിച്ചുകൊണ്ടുള്ള) ഉത്പാദന പ്രവർത്തനങ്ങൾ നമ്മുടെ കൃഷിയിടങ്ങളിൽ വർഷം മുഴുവൻ വ്യാപിച്ചു നിൽക്കുന്ന ഒരു പ്രക്രിയയാണ്. കാർഷിക വരുമാനവും വർഷം മുഴുവനുണ്ടാകും. കേരളത്തിന്റെ കാർഷികശൈലി ചെറുകിട വ്യവസായ സ്ഥാപനങ്ങളുടേതിനു തുല്യമാണ്. കൃഷിച്ചെലവുകളും ലഭിക്കുന്ന വരുമാനവും ഒരു പ്രത്യേക കാലത്ത് മാത്രമൊതുങ്ങി നിൽക്കാതെ വ്യാപിച്ച് കിടക്കുന്നു. തോട്ടവിളകളുടെ കാര്യത്തിൽ ഒരിടവേളയിൽ ആദായമോ ചിലവോ ഉണ്ടാകുന്നില്ല. പൊതുവേ ഇപ്പോൾ നടപ്പിലാക്കിവരുന്ന വിളവായ്പാ പദ്ധതിവായ്പകൾ ഓന്നോരണ്ടോ പ്രാവശ്യമായി വിതരണം ചെയ്യുന്ന രീതി കർഷകരുടെ ആവശ്യങ്ങൾ നിറവേറ്റാൻ അപര്യാപ്തമാണ്. വായ്പാ തുകയുടെ അളവിൽ മാത്രമല്ല, സമയാസമയം ബുദ്ധിമുട്ടുകൂടാതെ കിട്ടാവുന്നതാവണം വായ്പകൾ. അതിനാൽ കിസാൻ ക്രെഡിറ്റ് കാർഡ് സമ്പ്രദായം കൃഷിക്കാരോട് അഭിമുഖ്യമുള്ള വായ്പാ നടപടിയാണെന്ന് ഉറപ്പാക്കാൻ കഴിയണം. സംസ്ഥാനത്തെ ചിലബാങ്കുകൾ ഈ വായ്പാ പദ്ധതി അവതരിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. വിപുലമായൊരു ബാങ്കിംഗ് വ്യവസ്ഥ നിലവിലിരിക്കുന്നതിനാൽ (ഓരോ പഞ്ചായത്തിലും, വാണിജ്യബാങ്കുകളും സഹകരണബാങ്കുകളും ഒന്നിലധികം ഉണ്ട്) കർഷകരിലേക്ക് വായ്പകൾ ചെന്നെത്താൻ യാതൊരു പ്രയാസവുമില്ല. കൂട്ടായ കാർഷിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനായി വിപുലമായ മുൻകൈ പ്രവർത്തനവും, വികസനശൃംഖലയുടെ വിപുലമായ വിതരണവും ഏകോപിച്ചുകൊണ്ട് കർഷകർക്ക് വായ്പനൽകുമ്പോൾ ബാങ്കിന്റെ വിനിമയച്ചെലവുകളും ഗണ്യമായി കുറയുന്നതാണ്. സുസ്ഥിരവും ഉത്പാദന ക്ഷമത നിലനിറുത്തുന്നതുമായ ഒരു കാർഷികവ്യവസ്ഥ കേരളത്തിൽ കെട്ടിപ്പടുക്കുവാൻ, കർഷകസംഘങ്ങൾ, ബാങ്ക് ഉദ്യോഗസ്ഥന്മാർ, സർക്കാർ പ്രതിനിധികൾ എന്നിവരെല്ലാം ഒരു മേശയ്ക്കു ചുറ്റുമിരുന്ന് ആലോചിക്കുന്നത് കർഷകർക്ക് വായ്പാസൗകര്യം സുകരമാക്കുന്നതാണ്.

## വിള ഇൻഷ്വറൻസ്

**1.4.4.3** കേരളത്തിന്റെ മുഖ്യ കൃഷി ദീർഘകാലവിളകളായതിനാലും, ആപേക്ഷികമായി നല്ല മഴവിഴ്ച ലഭിക്കുന്നതിനാലും, കാർഷികോല്പാദനത്തിലുണ്ടാകുന്ന അസ്ഥിരതയ്ക്ക് മുമ്പിൽ കർഷകർ കീഴടങ്ങുന്നില്ല. എന്നാൽ രോഗബാധയും കീടശല്യവും വരുത്തിവയ്ക്കുന്ന നഷ്ടം തികച്ചും ഗണ്യമാണ്. വിലയിലെ ചാഞ്ചാട്ടങ്ങളും, ഗുണവനിലവാരത്തകർച്ചയും വിദേശവ്യാപാരത്തിലുള്ള ഊന്നൽ വരുത്തിവയ്ക്കുന്ന നഷ്ടവും ഗണ്യമാണ്. ഉത്പാദനകുറവിന് സംസ്ഥാന സർക്കാർ നല്കുന്ന നഷ്ടപരിഹാരം നടപ്പിലാക്കിവരുന്നത് മിനിസ്കൂൾ വിള ഇൻഷ്വറൻസ് (mis) പദ്ധതിവഴിയാണ്. കേന്ദ്രസർക്കാർ പദ്ധതിയായ നാഷണൽ ക്രോപ്പ് ഇൻഷ്വറൻസ് സ്കീം (NCIS)ൽ കേരളത്തിന്റെ വിളകളെ ഉൾപ്പെടുത്തിയിട്ടില്ല. ഇതിനുകാരണമായി ഉദ്ധരി

ക്കാറുള്ളത് വിളവിനെ സംബന്ധിച്ച അടിസ്ഥാന സ്ഥിതി വിവരകണക്കുകൾ ആവശ്യമുള്ള ഒരു നീണ്ട കാലത്തേക്ക് നല്കാൻ കേരളത്തിന് കഴിയുന്നില്ല എന്നാണ്. ഇതൊരു ദൂഷിതവലയമാണ്. കൃഷിയിൽ നിക്ഷേപമില്ലാതെ സ്ഥിതിവിവരക്കണക്കുകൾ ഉണ്ടാകുന്നില്ല. സ്ഥിതി വിവരക്കണക്കുകളിൽ നിന്നും വേണ്ട വിമർശനപരമായ പഠനവും നടക്കുന്നില്ല. വിളകളെ സംബന്ധിച്ച എല്ലാവിവരങ്ങളും ശേഖരിക്കുവാൻ ക്രമാനുഗതമായ യാതൊരുയത്നവുമില്ല. കേരളത്തിന്റെ കാർഷിക വ്യവസ്ഥയിൽ അടങ്ങിയിട്ടുള്ള വിപത് ഭീഷണികളെ കുറയ്ക്കുവാനുള്ള നിർണ്ണായകമായ ഒരു ആശ്വാസ നടപടിതന്നെയാണ് വിള ഇൻഷ്വറൻസ് സ്കീം. കേരളത്തിൽ വൻതോതിൽ കൃഷിചെയ്യപ്പെടുന്ന വിളകളെക്കൂടി ഉൾക്കൊള്ളിക്കത്തക്കവണ്ണം വിള ഇൻഷ്വറൻസ് പദ്ധതിയെ വിപുലീകരിക്കുവാൻ കേരളം കേന്ദ്രസർക്കാരിൽ പ്രേരണ ചെലുത്തേണ്ടതാണ്. കേന്ദ്ര വിള ഇൻഷ്വറൻസ് സ്കീം ആവശ്യപ്പെടുന്ന വിളകളെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നതിനും മറ്റുമായി പ്രത്യേകം നിക്ഷേപം നടത്തുവാൻ സംസ്ഥാന സർക്കാർ തയ്യാറാവണം. സംസ്ഥാനസർക്കാർ മുമ്പോട്ടു വച്ചിട്ടുള്ള ഇൻഷ്വറൻസ് പരിപാടിയെ പിന്തുടർന്നു വളരെ പരിമിതമായ സ്രോതസ്സുകൾ പാഴാക്കിക്കളയുന്നതിനുപകരം (ഈ സംസ്ഥാന പദ്ധതി ഏതു വിധത്തിലായാലും ഉത്പാദനത്തിന്റെ ഒരു ചെറിയ ഭാഗത്ത് മാത്രമേ എത്തുന്നുള്ളു) കേന്ദ്രവിള ഇൻഷ്വറൻസിന്റെ (NCIS) പരിധിയിൽ കേരളത്തിന്റെ തോട്ടവിളകളെക്കൂടി ഉൾക്കൊള്ളിക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ സൃഷ്ടിക്കുവാൻ കേരളത്തിന്റെ പരിമിതമായ വിഭവങ്ങൾ നിക്ഷേപിക്കുന്നതാവും ബുദ്ധി. ദേശീയാടിസ്ഥാനത്തിലുള്ള ഒരു വിള ഇൻഷ്വറൻസ് പദ്ധതിയ്ക്കു മാത്രമേ കേരളത്തിനാകമാനമുള്ള മുഖ്യവിളകളെ മെച്ചപ്പെട്ട ഒരു പദ്ധതിയ്ക്ക് കീഴിൽകൊണ്ട് വന്നു പ്രവർത്തിപ്പിക്കാനുള്ള കഴിവുണ്ടാകയുള്ളു.

## 1.4.5. വിപണി പ്രാപ്യത

### 1..4.5.1. വ്യാപരത്തിനുണ്ടാകുന്ന തടസ്സങ്ങൾ : താരിഫും താരിഫേതരവുമായ തടസ്സങ്ങൾ

വ്യാവസായിക പുരോഗതി നേടിയിട്ടുള്ള രാജ്യങ്ങളിലെ വിപണികളിലേക്ക് നമ്മുടെ ഉത്പന്നങ്ങൾ കടന്നുചെല്ലുവാൻ വിഘാതമാകുന്ന ഏതാനും താരിഫും, താരിഫേതരവുമായ തടസ്സങ്ങൾ ചില ശിക്ഷണങ്ങൾക്ക് (ചിട്ടയ്ക്കും ക്രമത്തിനും) വിധേയമാവുന്ന അവസരത്തിൽ, താരിഫേതര നിയന്ത്രണങ്ങളിൽ ഒന്നായ ശുചിത്വത്തെ സംബന്ധിച്ച, സാനിട്ടറി-ഫൈറ്റോസാനിട്ടറി നടപടിക്രമങ്ങൾ എല്ലാംതന്നെ ഇറക്കുമതി ചെയ്യുന്ന വൻകിട വികസിത രാജ്യങ്ങളുടെ ഉയർന്നസങ്കൽപങ്ങൾക്കു നിരക്കുന്ന നിലവാരത്തിലാണ് നിഷ്കർഷിക്കുന്നത്. അവ വികസ്വര രാജ്യങ്ങളുടെ ഉല്പന്നങ്ങളുടെ കാര്യത്തിൽ തികച്ചും വിവേചനാപരമായിട്ടാണ് പ്രയോഗിക്കുന്നതെന്നും കാണാം. വളരെ കർക്കശമായ സാനിട്ടറി-ഫൈറ്റോസാനിട്ടറി വ്യവസ്ഥകളാണ് പല വികസിത രാജ്യങ്ങളും തുടർച്ചയായി അനുശാസിക്കുന്നത്. അവയെല്ലാംതന്നെ ആരോഗ്യപരിപാലത്തിന് സാധാരണ ഗതിയിൽ നിർദ്ദേശിക്കപ്പെടുന്ന യുക്തിപരമായ വ്യവസ്ഥകൾക്ക് അപ്പുറമുള്ളവയും, വികസ്വരരാജ്യങ്ങൾ അനുഷ്ടിക്കേണ്ടതല്ലാത്ത അനാവശ്യ വ്യവസ്ഥകളും ആണ്. എന്തായിരുന്നാലും, വികസ്വര രാജ്യങ്ങളുടെ കാഴ്ചപ്പാടിൽ നിന്നും നോക്കിയാൽ സാനിട്ടറി-ഫൈറ്റോസാനിട്ടറി നടപടികൾ നിയമപരമായി (legally) അനുവദനീയമായ വ്യാപാരേതര തടസ്സമാണെന്നുപറയാം.

### കേരളം അഭിമുഖീകരിക്കുന്ന വിപണി പ്രാപ്യതയുടെ പ്രശ്നങ്ങൾ

1.4.5.2 വിപണിപ്രാപ്യതയെ സംബന്ധിക്കുന്ന കേരളത്തിന്റെ പ്രശ്നങ്ങൾ അന്താരാഷ്ട്ര വിപണിയിൽ മാത്ര മൊതുങ്ങുന്നില്ല. അവ ഇന്ത്യൻ വിപണിയിലേക്കുകൂടി വ്യാപിക്കുന്നു. കാരണം AOA യുടെ ഇറക്കുമതി നിബന്ധനകൾ പ്രകാരം, ഒരു ഉദാഹരവത്കൃത വ്യാപാരവ്യവസ്ഥയിൽ ചരക്കുകളുടെ സ്വതന്ത്രമായ ഒഴുക്കിനുള്ള സാദ്ധ്യതയുള്ളിടത്തോളം മറ്റു രാജ്യങ്ങളിൽ നിന്നും ഏറ്റവും കുറഞ്ഞ തോതിലുള്ള (de minimis) തെങ്കിലും കാർഷിക അസംസ്കൃത സാധനങ്ങളുടെ ഇറക്കുമതി നടന്നുകൊണ്ടിരിക്കുമ്പോൾ കേരളത്തിന് അവയുമായി മത്സരത്തിലേർപ്പെടേണ്ടതായി വരുന്നതാണ്. AOAയുടെ വ്യവസ്ഥകൾ അനുസരിച്ച് കേരളത്തിന്റെ കാർഷികോല്പന്നങ്ങൾക്ക് വിപണി ലഭ്യമാക്കാൻ നേരിടുന്ന ബുദ്ധിമുട്ടുകളെ തരണം ചെയ്യുവാൻ കേന്ദ്ര-സംസ്ഥാന സർക്കാർ തലങ്ങളിൽ വേണ്ട നടപരിപാടികൾ ആവിഷ്ക്കരിക്കുന്നതിനുപുറമേ, AOA നടപ്പിലാക്കുന്ന രീതിയിൽ അനുപേഷണീയമായ മാറ്റങ്ങൾ അനുരഞ്ജനങ്ങളിലൂടെ നിലവിൽ വരുത്തേണ്ടതാണ്.

## 1.4.6 താരിഫ് നിർണ്ണയം

### 1.4.6.1 താരിഫ് നിർണ്ണയ കോഡും: ഇന്ത്യാ ഗവൺമെന്റിന്റെ കയറ്റുമതി-ഇറക്കുമതി നയങ്ങളും

ഇറക്കുമതി ചെയ്യപ്പെടുന്ന വിദേശ ചരക്കുകളുടെ അളവുപരമായ നിയന്ത്രണങ്ങളും (ക്യു.ആർ.എസ്.) de minimis മറ്റു പോലുള്ള ഇറക്കുമതി ബാദ്ധ്യസ്ഥമായ കാര്യങ്ങളുംമൂലം കേരളത്തിനു ഉണ്ടാകുന്ന വ്യാപാര വൈഷമ്യങ്ങളെ മറികടക്കാൻ ആവശ്യമായ നടപടികൾ ഹ്രസ്വകാലാടിസ്ഥാനത്തിൽ കൈക്കൊള്ളണം. ലോകവ്യാപാര സംഘടനയുടെ(ഡബ്ല്യൂ.ടി.ഒ.)വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനുതകുന്ന അഴിച്ചുപണികൾ കേരളത്തിന്റെ കാർഷികരംഗത്ത് അനിവാര്യമായിത്തീർന്നിരിക്കുന്നു. നമ്മുടെ കൃഷിഭൂമിയുടെ 80 ശതമാനവും ദീർഘകാലവിളകൾ കയ്യടക്കുന്നതിനാലും, വിളയ്ക്കായി കാത്തിരിക്കേണ്ട ഇടവേള നീണ്ടതാകയാലും അക്കാലമത്രയും നിക്ഷേപസഹായം അത്യാവശ്യമാണ്. നമ്മുടെ വിഭവസ്രോതസ്സുകളെ പുനഃക്രമീകരിക്കാനും, പുനർവിതരണം ചെയ്യുവാനും, മറ്റു രാജ്യങ്ങളുമായി വ്യാപാരരംഗത്ത് തുല്യഅവസരത്തിലും യോഗ്യതയിലും മത്സരിക്കുവാൻ കേരളത്തിലെ കർഷകർക്ക് ഒന്നു നേരെ ശ്വാസം വിടുവാനും, ഏതാണ്ട് 5 വർഷത്തിനും 10 നു മിടയിൽ കൂടിയ തോതിലുള്ള നിക്ഷേപസഹായം ആവശ്യമാണ്. ഈ കാലഘട്ടത്തിൽ ലോകവ്യാപാരകരാറിന്റെ(എ.ഒ.എ.)താരിഫുകൾ ചുമത്തുന്ന കാര്യത്തിൽ അനുവദനീയവും അർഹവുമായ സുരക്ഷാവ്യവസ്ഥകളും നടപടികളും കേരളത്തിന് അനുകൂലമാക്കുവാൻ അനുരഞ്ജനകളിൽ സമ്മർദ്ദം ചെലുത്തുകയും, ആ ആനുകൂല്യങ്ങളെ നാം ശരിക്ക് വിനിയോഗിക്കുകയും വേണം. അതിന്റെ ഫലമായി നമ്മുടെ കർഷകർക്ക് വ്യാപാരത്തിൽ ശേഷി ആർജ്ജിക്കുവാൻ മതിയായ സമയം ലഭിക്കുകയും, നമ്മുടെ വിഭവസ്രോതസ്സുകളെ പുനർവിതരണം ചെയ്യുന്നതിനും നമ്മുടെ മത്സരക്ഷമത ഇക്കാലത്തിനിടയിൽ വർദ്ധിപ്പിക്കുവാനും കഴിയും.

2. അവസാനവട്ട ഉറുഗ്വേ സമ്മേളനങ്ങളിൽ മുമ്പ് നടന്ന അനുരഞ്ജന ശ്രമങ്ങളിൽ ഒന്നും താരിഫു നിരക്കുകളിൽ വരുന്നതായ വിപുലമായ മാറ്റങ്ങൾ പരിഗണനയ്ക്ക് വന്നിരുന്നില്ല. പാം ഓയിലിനും സോയാബീൻ എണ്ണയ്ക്കും നാം ചുമത്തുന്ന വളരെ താണ താരിഫു നിരക്കുകൾ വെളിച്ചെണ്ണയ്ക്ക് ഏല്പിച്ച ആഘാതവും, തുടർന്നു കൊപ്രയുടെയും നാളികേരത്തിന്റെയും വിലത്തകർച്ചയും ഇതിനു നല്ല ഉദാഹരണമാണ്. സോയോബീൻ എണ്ണയുടെ പരമാവധി ബൗണ്ട് താരിഫ് 45 ശതമാനം ആയി നാം അംഗീകരിച്ചതുകൊണ്ട് അതിലും ഉയർന്ന ഒരു താരിഫ് പാം ഓയിലിന് ചുമത്തുക അസാദ്ധ്യമായിത്തീർന്നു. പാംഓയിലും വെളിച്ചെണ്ണയും തമ്മിൽ വിപണിയിൽ കിടമത്സരത്തിലുമാണ്. പാം ഓയിലിനെ മാത്രമായി താരിഫിൽ ഏതെങ്കിലും വർദ്ധനവ് കൊണ്ടുവരുന്നതുകൊണ്ട് വെളിച്ചെണ്ണയുടെ വ്യാപാരത്തെ സഹായിക്കുവാനും ആവില്ല. അപ്പോൾ ഉപഭോക്താക്കൾ പാം ഓയിലിൽനിന്നും സോയാബീൻ എണ്ണയിലേക്കു തിരിയുന്നതാണ്.

3. അതുപോലെ കേരളത്തിന്റെ കാർഷിക സമ്പദ്‌വ്യവസ്ഥയെ സാരമായി ബാധിക്കുന്നതാണ് റബറിന്റെ ബൗണ്ട് താരിഫുനിരക്കും, അപ്ലൈഡ്താരിഫ് നിരക്കും(40 ശതമാനവും 25 ശതമാനവും യഥാക്രമം)നിജപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ദേശീയതലത്തിലും ലോകവ്യാപാര സംഘടനാതലത്തിലും താരിഫ് നിർണ്ണയിക്കുവാൻ ഒരു കോഡ് വികസിപ്പിച്ചുകൊണ്ടുവരേണ്ടതുണ്ട്. അതാകട്ടെ, അസംഖ്യം ചെറുകിട കർഷകുടുംബങ്ങളുടെ ഉപജീവനസുരക്ഷ ഉറപ്പുവരുത്തുന്നതും, ധാർമ്മികനീതിയിലും തത്വങ്ങളിലും അധിഷ്ഠിതമായതുമായിരിക്കണം. അപ്രകാരമുള്ള ഒരു താരിഫ് നിർണ്ണയ ബോർഡിന് രൂപം നൽകാനുള്ള നടപടികൾ കൈക്കൊള്ളണമെന്നാണ് കമ്മിഷൻ നിർദ്ദേശിക്കുന്നത്. റബറിനെ ഒരു കാർഷിക ഉല്പന്നമായി പുനർവിഭജനം ചെയ്യുന്നതുമായും ഇത് ബന്ധപ്പെട്ടിരിക്കുന്നു.

### 1.4.6.2 കാർഷിക ഉല്പന്നങ്ങളുടെ പുനർവിഭജനം

1. ഹ്രസ്വകാല പരിരക്ഷകൾ നടപ്പിലാക്കുന്നത് ഇറക്കുമതി താരിഫുകളിൽ ഇടപെട്ടുകൊണ്ടാണ്. ലോകവ്യാപാരസംഘടന നിശ്ചയിച്ചിട്ടുള്ള ബൗണ്ട് താരിഫു നിരക്കുകളുടെ അടിസ്ഥാനത്തിലാണ് അംഗരാജ്യങ്ങൾ ഇറക്കുമതി ചരക്കുകളുടെ മേൽ താരിഫുകൾ ചുമത്തുന്നത്. ഇറക്കുമതി ചെയ്യപ്പെടുന്ന കാർഷിക ഉല്പന്നങ്ങളുടെ മേൽ താരിഫുകൾ ചുമത്തുകവഴി പ്രത്യേക പരിരക്ഷ ചെയ്യുമ്പോൾ ആ താരിഫുനിരക്കുകൾ ആപേക്ഷികമായി വ്യാവസായിക അസംസ്കൃത വസ്തുക്കളുടെ താരിഫുകളേക്കാൾ വളരെ കൂടുതൽ ഉയർന്ന നിലവാരത്തിലായിരിക്കും. അതുകൊണ്ട് ഉത്പന്നങ്ങൾ കാർഷിക ഉല്പന്നമോ, വ്യാവസായിക ഉല്പന്നമോ, വ്യാവസായിക ഉല്പന്നമോ, വ്യാവസായിക അസംസ്കൃത വസ്തുവോ എന്ന് വിഭജിക്കുന്നത് വളരെ പ്രസക്തമായ കാര്യമാണ്. കാരണം, ആ തരംതിരിക്കലിനെ ആധാരമാക്കിയാണ് അനുവദനീയമായ താരിഫുനിർണ്ണയമെന്നു സമ്പ്രദായം ഉപയോഗിച്ചുകൊണ്ട് ഒരു രാജ്യത്തെ ആഭ്യന്തര വിപണിയെ നിയന്ത്രിക്കുന്നതും തദ്ദേശങ്ങളിലെ ഉല്പാദകരെ പരിരക്ഷിക്കേണ്ടതും.

2. ലോകവ്യാപാര സംഘടന (ഡബ്ല്യൂ.ടി.ഒ.)നിലവിൽ വന്നതിനുശേഷം റബറിന്റെ വിഭജനത്തിന്റെ കാര്യത്തിൽ പൊരുത്തമില്ലായ്മ ഉണ്ടായിരിക്കുകയാണ്. സ്വാഭാവിക റബറിനെ(എൻ.ആർ.)ഒരു സംസ്കരിച്ച ഉല്പന്നമായി തരംതിരിച്ചുകൊണ്ട് അതിനെ ഒരു വ്യാവസായിക അസംസ്കൃത പദാർത്ഥമായി പരിഗണിക്കുന്നതിനാൽ റബ്ബറിന്റെ മേൽ ചുമത്താവുന്ന പരമാവധി അനുവദനീയമായ(ബൗണ്ട് റേറ്റ്)താരിഫ് നിരക്ക് 40 ശതമാനം ആണ്. ഏതായാലും, കാർഷിക ഉത്പന്നങ്ങളായി തരംതിരിക്കപ്പെട്ടിട്ടുള്ള മറ്റു കാർഷികവിഭവങ്ങളുടെ (ഒരു പക്ഷേ അവയിൽ ഏതാനും ഉത്പന്നങ്ങൾ, പരുത്തിയും, കരിമ്പും ഉദാ: വ്യാവസായിക അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കപ്പെടുന്നുണ്ടെങ്കിലും) പരമാവധി ചുമത്താവുന്ന താരിഫ് നിരക്ക് ഇന്ത്യയിൽ 100 ശതമാനം ആണ്. എന്നാൽ മുമ്പ് വ്യാപാരത്തെയും താരിഫിനെയും സംബന്ധിച്ച് കരാറിൽ(ഗാട്ടിൽ–General Agreement on Tariff and Trade) ഇന്ത്യാ ഗവ. സമ്മതം മൂളിയ കാലത്തെ കാർഷിക വ്യാസായിക ഉത്പന്നങ്ങളുടെ വിഭജനത്തിന് ഇന്ന് പ്രസക്തിത നഷ്ടപ്പെട്ടിരിക്കുന്നതിനാൽ രണ്ടാമതൊരു വിഭജനം വിശേഷിച്ചും, കാർഷികവ്യാപാരം ലോകവ്യാപാര സംഘടന(ഡബ്ല്യൂ.ടി.ഒ.)യുടെ നിയന്ത്രണത്തിൽ വന്നിരിക്കുന്ന മാറിയ സാഹചര്യത്തിൽ ഒരു പുനർവിഭജനം അത്യന്താപേക്ഷിതമാണ്. കയറിന്റെയും, ചണത്തിന്റെയും കാര്യം ഇതുപോലെ തന്നെയാണ്. അന്നത്തെ സാഹചര്യത്തിൽ(ഗാട്ടിന്റെ) റബ്ബറിന്റെയും കയറിന്റെയും, ചണത്തിന്റെയും ഇറക്കുമതിയ്ക്ക് പ്രോത്സാഹനം കിട്ടി.(കാരണം ആഭ്യന്തരവിലയും അന്താരാഷ്ട്രവിലയും തമ്മിലുള്ള അന്തരം ഒരു നിർദ്ദിഷ്ട പരിധിയിൽ കവിഞ്ഞിരുന്നു) ഇത്തരം ഇറക്കുമതികൾ മൂലമുണ്ടായ കടുത്ത പ്രത്യാഘാതങ്ങൾ കേരളത്തിന്റെ തീരപ്രദേശങ്ങളിൽ താമസിക്കുന്ന നൂറായിരക്കണക്കിന് ജനങ്ങളുടെ (അവരിൽ ഭൂരിഭാഗവും ദാരിദ്രരേഖയ്ക്ക് താഴെ (ബി.പി.എൽ.)താഴെയുള്ളവരാണ്). കയറുല്പാദനമേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ ഉപജീവനം സുരക്ഷമാക്കുന്ന ഏകമാർഗ്ഗവും അടച്ചിരിക്കുകയാണ്. മാനവികവും, സമ്പത്തികവുമായി ഇത്ര വലിയ മാനമുള്ള പ്രശ്നങ്ങൾക്ക് ഹ്രസ്വകാലത്തേക്കെങ്കിലും ഒരു പരിഹാരത്തിനായി റബ്ബറിനെയും, കയറിനേയും കാർഷിക ഉല്പന്നങ്ങളായി പുനർവിഭജിക്കേണ്ടതാണെന്ന് കമ്മിഷൻ കരുതുന്നു.

3. മുമ്പുപറഞ്ഞ പൊരുത്തക്കേട് തിരുത്തുവാൻ ഇന്ത്യയ്ക്ക് ഒരവസരം വന്നുചേർന്നിരിക്കുന്നു. ദോഹാ മന്ത്രിതല സമ്മേളനം ഈ വക പ്രശ്നങ്ങൾ ചർച്ച ചെയ്ത് അനുരഞ്ജനത്തിന് കാലാവധി ഒരു വർഷത്തേക്കുകൂടി നീട്ടിയിട്ടുണ്ട്. കൃഷിസംബന്ധിച്ച കരാറിന്റെ (എ.ഒ.എ.) (മൂന്നാംഘട്ടം/2002 മാർച്ച് മുതൽ 2003 മാർച്ച് വരെ)മേലുള്ള അനുരഞ്ജന ചർച്ചകൾ നടന്നുവരികയാണ്. അടുത്തസമ്മേളനം മെക്സിക്കോയിലെ കാൻകൂണിൽ വച്ചുചേരുവാൻ നിശ്ചയിച്ചിരിക്കുന്നു. അതിനാൽ റബർ, ചണം, കയർ എന്നിവപോലുള്ളവയെ വ്യാവസായിക അസംസ്കൃതവസ്തുക്കുളേയും പരുത്തിയെപ്പോലെ കാർഷിക ഉല്പന്നമായി പുനർ വിഭജനം നടത്തിക്കിട്ടുവാനാവശ്യമായ എല്ലാ നടപടികളും കാൻകൂൺ സമ്മേളനത്തിനുമുമ്പ് തന്നെ കൈക്കൊള്ളുവാൻ സംസ്ഥാന സർക്കാരിനേയും കേന്ദ്ര സർക്കാരിനേയും കമ്മിഷൻ ആഹ്വാനം ചെയ്യുന്നു. വലിയൊരു ജനവിഭാഗം ചെറുകിട കർഷകരും, നാമമാത്ര കൃഷിക്കാരും ജീവസന്ധാരണത്തിന് ഈ ഉല്പന്നങ്ങളെയാണ് ആശ്രയിക്കുന്നതെന്നും ഇപ്പോൾ നിലവിലുള്ള കാർഷികോല്പന്നങ്ങളുടെ വിഭജനം അവരുടെ ഉപജീവന സുരക്ഷയെ ദോഷകരമായി ബാധിക്കുന്നു എന്ന നഗ്നയാഥാർത്ഥ്യം പുനർവിഭജനത്തിന് ശക്തമായ ഒരു ന്യായം കൂടിയാണ്.

## ഹ്രസ്വകാല, മദ്ധ്യകാല നടപടികൾ

### 1.4.7 ആഭ്യന്തര സഹായ നടപടികൾ

കർഷകർക്കും, വിശിഷ്യാ, ചെറുകിട കർഷകർക്കും, നാമമാത്ര കൃഷിക്കാർക്കും വരുമാനവർദ്ധനവ് വാഗ്ദാനം ചെയ്യുന്ന, വ്യാപാരത്തിലും ആഭ്യന്തര ഉല്പാദനസഹായ മേഖലകളിലും ഒരു കൂട്ടം ആശ്വാസ നടപടികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. അത്തരം ധനസഹായ പദ്ധതികൾ, താങ്ങുവിലയിലും, വിലസുസ്ഥിരതാ നടപടികളും മാത്രം ഒതുങ്ങിനിന്നാൽ പോര, മറിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുകൂടി പിന്തുണ നൽകുന്ന സഹായ നടപടികളും വിഭാവനം ചെയ്യേണ്ടതാണ്. അത്തരമൊരു പാക്കേജിൽ താഴെപറയുന്ന നടപടികൾ ഉൾപ്പെടണമെന്ന് നിർദ്ദേശിക്കുന്നു.

നിയമാനുസൃതമായ ഏറ്റവും കുറഞ്ഞ താങ്ങുവില(എം.എസ്.പി.)കേരളത്തിലെ കരകൃഷി വിളകൾക്കും കൂടി വ്യാപിപ്പിക്കുക. എം.എസ്.പി.യുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ ഫുഡ്കോർപ്പറേഷൻ(എഫ്.സി.ഐ.) ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്ന സമ്പ്രദായം തുടരണമെന്ന് പ്രൊ: അഭിജിത്ത് സെൻ അദ്ധ്യക്ഷനായിരുന്ന–"ഇന്ത്യയ്ക്ക് ഒരു ദീർഘകാല ഭക്ഷ്യധാന്യനയത്തിനായി രൂപീകരിക്കപ്പെട്ട ഉന്നതതല സമിതി" ശുപാർശ ചെയ്തിട്ടുണ്ട്. ആ ശുപാർശയ്ക്ക് സമാന്തരവും അനുപൂരകവുമായി, ചെറുകിട കർഷരുടെയും നാമമാത്ര

കൃഷിക്കാരുടെയും കാർഷികോല്പന്നങ്ങൾക്ക് നഷ്ടവിലയുള്ള വിപണിയുടെ കാലത്ത് അവരുടെ ഉപജീവനസുരക്ഷയ്ക്കായി വേണ്ട ആശ്വാസ നടപടികൾ സ്വീകരിക്കുവാൻ ലോകവ്യാപാരസംഘടന (ഡബ്ല്യൂ.ടി.ഒ.) യ്ക്ക് അധികാരമുണ്ട്.

ലോകവ്യാപാരത്തെ സംബന്ധിച്ചിടത്തോളം, ഇറക്കുമതി താരിഫുനിരക്കുകൾ മാറ്റി നിർണ്ണയിക്കാനുള്ള അവസരങ്ങളും വ്യവസ്ഥകളും ഉണ്ട്. അന്താരാഷ്ട്ര വിലയിൽ വമ്പിച്ച ചാഞ്ചാട്ടവും, ഇറക്കുമതിയുടെ കുതിച്ചുകയറ്റവും ഉണ്ടാകുന്നതിന്റെ ഫലമായി ദുരിതമനുഭവിക്കേണ്ടിവരുന്ന കൃഷിക്കാരെ സംരക്ഷിക്കുവാൻ, ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ, അഭിജിത് സെൻ കമ്മിറ്റി ചില ശുപാർശകൾ ചെയ്തിട്ടുണ്ട്.

ഉപജീവന സുരക്ഷാബോക്സിന്റെ(Livelihood Security Box)പരിധിയിൽ നിന്നുകൊണ്ട് ഇറക്കുമതിയിൽ അളവുപരമായ നിയന്ത്രണങ്ങൾ(ക്യൂ.ആർ.എസ്.)പുനഃരനുശാസിക്കുവാൻ കൃഷിയെ സംബന്ധിച്ച കരാറി(എ.ഒ.എ.)ന്റെ അനുരഞ്ജന ചർച്ചകളിൽ ഇന്ത്യയ്ക്ക് ആവശ്യപ്പെടാവുന്നതാണ്. യഥാർത്ഥത്തിൽ കാർഷികോത്പന്നങ്ങളുടെ ഇറക്കുമതിയുടെ അളവിനേയും തോതിനേയും സംബന്ധിച്ച നിയന്ത്രണങ്ങൾ (ക്യൂ.ആർ.എസ്.), ഭക്ഷ്യ സുരക്ഷയുടെയും, ഗ്രാമീണ വികസനത്തിന്റെയും അടിയന്തിരരക്ഷയ്ക്കായി, വികസ്വരരാജ്യങ്ങൾ പിന്തുടരാനുള്ള അവകാശം എ.ഒ.എ.യുടെ ഇന്നു നിലവിലിരിക്കുന്ന ചട്ടക്കൂട്ടിനുള്ളിൽ നിന്നുകൊണ്ടുതന്നെ സ്ഥാപിക്കാവുന്നതാണ്.

ഉല്പാദനം വർദ്ധിപ്പിക്കുവാനും, കർഷകന് സുസ്ഥിരമായ വരുമാനം ലഭിക്കുന്നതിനും കളമൊരുക്കുന്ന, വിള ഇൻഷുറൻസുപോലുള്ള ഗ്രാമീണ വായ്പാ സഹായങ്ങൾ ലഭ്യമാക്കുന്ന ഭാവനാപൂർണ്ണമായ പരിപാടികളും, വിഭവസംഭരണവും, ഉത്പന്നസംസ്കരണവും, വിപണിപ്രാപ്യതയും സുകരമാക്കുന്ന നൂതന പരിപാടികളും, വിളവെടുപ്പിനുശേഷമുള്ള സംസ്കരണത്തിന് പ്രോത്സാഹനം, മൂല്യവർദ്ധനയ്ക്ക് സഹായം, വിപണസഹകരണ സംഘങ്ങളുടെ രൂപീകരണം-തുടങ്ങിയ ഒരുകൂട്ടം നയപരിപാടികൾ ആവിഷ്കരിക്കേണ്ടതാണ്.

വിദഗ്ദ്ധവും ബഹുശിക്ഷണ നയത്തിലധിഷ്ഠിതമായ ഗവേഷണം താഴെപ്പറയുന്ന മേഖലയിൽ ആവിഷ്ക്കരിക്കുക.

എ) കേരളത്തിന്റെ കൃഷിക്കും കാർഷികവ്യാപാരത്തിനം(കാർഷികസമ്പദ്‌വ്യവസ്ഥയ്ക്ക് ആകെയും)നിരന്തരവും സുസ്ഥിരവുമായ ഊർജ്ജസ്വലത നൽകുവാനാവശ്യമായ വിവിധ രൂപത്തിലുള്ള ആഭ്യന്തര സഹായ പരിപാടികൾ ആസൂത്രണം ചെയ്യുക.

ബി) ഇത്തരം പരിപാടികൾ ഡബ്ല്യൂ.ടി.ഒ. യുടെ നിർദ്ദേശങ്ങളുമായി പൊരുത്തപ്പെടുന്നവയും അവയ്ക്കു അനുപൂരകവും ആയ രീതിയിൽ സംവിധാനം ചെയ്യുക.

സി) ഘട്ടംഘട്ടമായി നടന്നുവരുന്ന ഡബ്ല്യൂ.ടി.ഒ. യുടെ കൂടിയാലോചനകളിൽ ഇന്ത്യയുടെ ശക്തമായ നിലപാടുകൾ കൂടുതൽ പ്രബലമാക്കുവാനുള്ള അനുരഞ്ജനതന്ത്രങ്ങൾ മെനഞ്ഞെടുക്കുക.

**1.4.7.1 ഉത്പാദനത്തിനുള്ള പ്രത്യക്ഷസഹായവും കേരളത്തിന്റെ കാർഷികരംഗത്തെ സവിശേഷ സാഹചര്യങ്ങളും**

1. ഈ രാജ്യത്തെ കാർഷികമേഖലയിൽ വാഗ്ദാനം ചെയ്യപ്പെടുന്ന ആഭ്യന്തര സഹായത്തിന്റെ ഏറിയഭാഗവും ഒരു പിടി സബ്സിഡികളാണ്-അവയിൽ മുഖ്യം ഉത്പന്നാധിഷ്ഠിതമല്ലാത്ത (ഉത്പന്നത്തിന്റെ കാലാകാലമുണ്ടാകുന്ന പ്രത്യേക വിധി വിഹിതങ്ങൾ കണക്കിലെടുക്കുന്നതല്ലാത്ത)ചില പ്രത്യേക സഹായങ്ങൾ (Inputs) ആണ്. പ്രത്യേകിച്ചും വളങ്ങൾ, കീടനാശിനികൾ, വിദ്യുഛക്തി, ജലസേചനം എന്നിവ സബ്സിഡിയായി നൽകുകയാണ്. ഉല്പന്നാധിഷ്ഠിതമായ സഹായങ്ങളാണ്-ഏറ്റവും കുറഞ്ഞ താങ്ങുവില(എം.എസ്.പി.)യും സർക്കാരിന്റെ ആഭിമുഖ്യത്തിലുള്ള ഉത്പന്ന സംഭരണവും തുടങ്ങിയ സഹായങ്ങൾ എല്ലാം വ്യാപാരത്തെ അസന്തുലമാക്കുന്നവയും, ആംബർ ബോക്സിൽപെടുന്നവയുമാണ്. അതേസമയം, അവരുമായിട്ടുള്ള സഹായത്തിന്റെയും, എം.എസ്.പി. നിരക്കിലുള്ള ഉല്പന്ന സംഭരണത്തിന്റെയും ചിലവുകളുടെ കൂടുതൽ ഭാരവും വഹിക്കുന്നത് കേന്ദ്രസർക്കാരാണെങ്കിൽ, വൈദ്യുതി, കൃഷിക്കുള്ള ജലേസചനം, എന്നിവയുടെ ചിലവ് വഹിക്കുന്നത് അതാത് സംസ്ഥാനസർക്കാരുകളുമാണ്.

2. കൃഷിയ്ക്ക് നൽകുന്ന നിലവിലുള്ള ആഭ്യന്തരസഹായങ്ങളായ-വള സബ്സിഡിയും സംഭരണവിലയും വിതരണം ചെയ്യുന്നതിൽ സ്വതസിദ്ധമായ ബലഹീനതകളുണ്ട്. രണ്ടും സംസ്ഥാനങ്ങൾക്കും പ്രദേശങ്ങൾക്കുമിടയിലുള്ള അന്തരങ്ങളെ മൂർഛിപ്പിക്കുന്നവയാണ്. വള സബ്സിഡി ഉല്പന്നാധിഷ്ഠിതമല്ലെങ്കിലും, ഈ സഹായത്തിൽനിന്നും നേട്ടമുണ്ടാക്കുവാനുള്ള അവസരത്തെ ജലസേചനം, വിളകളുടെ തെരഞ്ഞെടുപ്പ്(

ഉദാ. മുഖ്യധാന്യവിളകളോ നാണ്യവിളകളോ) എന്നീ മറ്റു ഘടകങ്ങൾ ശക്തിയായി സ്വാധീനിക്കുന്നുണ്ട്. മഴയെ ആശ്രയിക്കുന്ന പ്രദേശങ്ങൾക്ക്, ഭക്ഷ്യധാന്യങ്ങളല്ലാത്തതോ, നാണ്യവിളകളല്ലാത്തതോ ആയ വിളകൾ കൃഷിചെയ്യപ്പെടുന്ന പ്രദേശങ്ങൾക്ക്, ഇത്തരം സഹായങ്ങളിൽ നിന്നും പ്രയോജനം ലഭിക്കുന്നില്ല.

3. സംഭരണവില ഉല്പന്നാധിഷ്ഠിതമാകയാൽ ഈ സഹായം സ്വന്തം ആവശ്യം കഴിഞ്ഞതിനുശേഷം വിപണിയിൽ എത്തിക്കാൻ ധാരാളം മിച്ചം വിള ഉൽപ്പാദിപ്പിക്കുന്ന പ്രദേശങ്ങൾക്കാണ് ചെല്ലുന്നത്. ഇവിടെയും, പഞ്ചാബ്, ഹരിയാന, ഉത്തരപ്രദേശത്തിന്റെ പടിഞ്ഞാറുഭാഗങ്ങൾ, ആന്ധ്രപ്രദേശിന്റെ തീരജില്ലകൾ എന്നിവിടങ്ങളാണ് കൂടുതലും നേട്ടങ്ങൾ കൊയ്യുന്നത്. ഈ പ്രദേശങ്ങളിലും സംസ്ഥാനങ്ങളിലും തന്നെ സംഭരണവിലയുടെ നേട്ടങ്ങൾ ധാരാളം വിള മിച്ചം കുന്നുകൂടുന്നവർക്കുമാത്രമാണ്. എന്നാൽ അവിടങ്ങളിലെ ഉപജീവനത്തിനു കൃഷിയെമാത്രം ആശ്രയിക്കുന്ന ചെറുകിടക്കാർക്കോ, നാമമാത്ര കർഷകർക്കോ യാതൊരുവിധ പ്രയോജനവും എം.എസ്.പി. യിൽനിന്നും ലഭിക്കുന്നില്ല. എന്നാൽ ഉല്പാദനച്ചിലവ് കാർഷികസമൂഹത്തിലെ എല്ലാ വിഭാഗത്തിനും ഒന്നുതന്നെയാണ്. അതേസമയം ഇൻപുട്ട്(വളം മുതലായവയിലുടെയുള്ള)സബ്സിഡികൾ ആപേക്ഷികമായി കുറച്ചുകൂടി തുല്യതയോടെ ലഭ്യമാകുന്നുണ്ട്. കേരളത്തിന്റെ ഭൂപ്രകൃതിവച്ചുനോക്കിയാൽ അതിന്റെ അത്യന്തം നിമ്നോന്നത സ്വഭാവംകൊണ്ടു പ്രകൃത്യാതന്നെ ഭക്ഷ്യധാന്യവിള കൃഷിയ്ക്ക് ധാരാളം വൈഷമ്യങ്ങളും പരിമിതികളും ഉണ്ട്. ഭക്ഷ്യധാന്യകൃഷി മൊത്തം കാർഷികക്ഷമതയുള്ള ഭൂമിയുടെ $^1/_5$ ഭാഗത്തേക്ക് ഒരുങ്ങി നിൽക്കുന്നു. അതും പ്രായേണ നിരപ്പായ(സമതല)പ്രദേശങ്ങളിൽ മാത്രം. ഈ പ്രദേശത്ത് മോശപ്പെട്ട ജലവിനിയോഗ നിയന്ത്രണത്തിന്റെ ഫലമായി വളത്തിന്റെ ആഗിരണം കുറവായതിനാൽ പ്രയോഗത്തിന്റെ കാര്യക്ഷമതയും തുലോം താണതും അങ്ങിനെ വളത്തിന്റെ ഉപയോഗം വളരെ കുറവുമാണ്. അതിനാൽ കേരളത്തിന് താങ്ങുവിലയിലൂടെയും, വളം സബ്സിഡിയായുമുള്ള സഹായം മൂലവും സ്വതസിദ്ധമായ പരിമതികളാൽ പ്രയോജനം കിട്ടുന്നില്ല. ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ, വിശേഷിച്ചും അരിയുടെ കാര്യത്തിൽ യാതൊരു മിച്ചവുമില്ലെന്നുള്ളതിനാൽ ധാന്യങ്ങൾക്കുള്ള എം.എസ്.പി.യിൽനിന്നും പ്രയോജനമേ ഇല്ല. പിന്നെ പ്രയോജനം കിട്ടുന്ന ഏക ഉത്പന്നം നാളികേരമാണ്. കൊപ്രയുടെ രൂപത്തിൽ എം.എസ്.പി. യുടെ കീഴിൽ സംഭരണം നടക്കുമ്പോൾ മാത്രമാണ് അത്. എ.ഒ.എ. ന്റെ നിബന്ധനകൾക്ക് ഇത് അനുയോജ്യമല്ല. ചുരുക്കത്തിൽ കേരളത്തിന്റെ മൊത്തം കൃഷിഭൂമിയുടെ 4/5 ഭാഗത്തെ വിളകളായ റബർ, നാളികേരം, കുരുമുളക്, കശുവണ്ടി, ഏലം, കാപ്പി, തേയില എന്നീ സംസ്ഥാനത്തിന്റെ മുഖ്യവിളകൾക്കൊക്കെ തന്നെ കേന്ദ്രസർക്കാർ വാഗ്ദാനം ചെയ്യുന്ന ആഭ്യന്തരസഹായത്തിൽനിന്നും പറയത്തക്ക പ്രയോജനമൊന്നും ലഭിക്കുന്നില്ല.

4. കൃഷിക്ക് കേന്ദ്രസർക്കാർ നൽകുന്ന ആഭ്യന്തരസഹായം തുടർന്നു ലഭിക്കുമെങ്കിലും, സഹായപദ്ധതികൾ ഇന്ത്യയിലെ എല്ലാ പ്രദേശങ്ങൾക്കും സംസ്ഥാനങ്ങൾക്കും ഇടയിൽ തുല്യതയോടെ വിതരണം ചെയ്യപ്പെടുന്നു എന്നുറപ്പാക്കുന്ന വിധത്തിൽ പുനഃസംഘടിപ്പിക്കേണ്ടതായിട്ടുണ്ട്. അത് കാർഷിക സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്കിടയിൽ തുല്യമായി എത്തിച്ചേരാൻ ഇന്നത്തെ വിതരണരീതി സഹായകരമല്ല. കേരളത്തിലെ കൃഷിയ്ക്ക്(കേരളത്തിന്റെ മാത്രമല്ല, ഭൂമിശാസ്ത്രപരമായി-പ്രകൃതിദത്ത സ്രോതസ്സുകളുടെ പ്രത്യേകതമൂലം, ദുർഗ്ഗമങ്ങളായ പർവ്വതങ്ങളും, മലകളും, കുന്നുകളും, ഗർത്തങ്ങളും നിറഞ്ഞ അർദ്ധഹിമാലയ പ്രദേശങ്ങൾപോലുള്ളവയ്ക്കും, വൈഷമ്യങ്ങൾ നിറഞ്ഞ സമാനപ്രദേശങ്ങൾക്കും രാജ്യത്തെ ഏറ്റവും കൂടുതൽ, മഴയെ ആശ്രയിച്ച് കൃഷിചെയ്യപ്പെടുന്ന അതിവിശാലമായ ഭൂമിയുള്ള സംസ്ഥാനങ്ങൾക്കും) സ്വാഭാവികമായി ഇന്നത്തെ രൂപത്തിലുള്ള ആഭ്യന്തരസഹായങ്ങൾ ഉൾക്കൊള്ളുവാൻ കഴിയാത്ത സാഹചര്യത്തിൽ, വിശേഷിച്ചും കേരളത്തിന്റെ പ്രത്യേകരീതിയിലുള്ള ഉത്പാദനവ്യവസ്ഥയ്ക്കും, മാതൃകയ്ക്കും യോജിച്ചവിധത്തിൽ കേന്ദ്ര കാർഷിക സഹായ പദ്ധതികൾ പുനഃസംഘടിപ്പിക്കേണ്ടതാവശ്യമാണ്. കേരളത്തിന്റെ സ്ഥിതിയ്ക്ക് സമാനമായ സ്വതസിദ്ധമായ പരിമിതികൾ ഉള്ള ഇന്ത്യയിലെ ഇതര പ്രദേശങ്ങൾക്കും ഗുണകരമാകണമെങ്കിൽ സഹായ പദ്ധതിയ്ക്ക് പുനഃസംഘടനയാവശ്യം തന്നെയാണ്.

5. കേരളത്തിന്റെ പ്രത്യേകപ്രശ്നം ദീർഘകാലവൃക്ഷവിളകളുടെ ഒരു മുഖ്യഭാഗത്തിന്റെ പുനർനടീലും (റീപ്ലാന്റിംഗും) പുനഃരധിവാസവുമാകയാൽ, അതിന്ന് വമ്പിച്ച തോതിലുള്ള സഹായപദ്ധതിയാണ് ആവശ്യമുള്ളത്. കാരണം, ദീർഘകാല വിളകൾക്ക് സ്വാഭാവികമായി, ദീർഘകാലാടിസ്ഥാനത്തിലുള്ള മുതൽനിക്ഷേപം വേണമെന്നതിനുപുറമെ, വൻതോതിൽ റീപ്ലാന്റിംഗും, പുനഃരധിവാസവും നടപ്പിലാക്കുന്ന പരിപാടികളിൽ പങ്കുകൊള്ളുന്ന കർഷകർക്ക് 5 നും 10 നും വർഷങ്ങൾക്ക് ഇടയ്ക്കുള്ള അന്തരാളഘട്ടത്തെ(ജെസ്റ്റേഷൻ പീരിയഡ്) പട്ടിണികൂടാതെ തരണം ചെയ്യുന്നതിന് (കേന്ദ്ര) സഹായം അനുപേക്ഷണീയമാണ്. ഉത്പാദനക്ഷമത കുറഞ്ഞതും പ്രായംചെന്നവയോ, രോഗബാധിതമോ ആയ വൃക്ഷങ്ങളാണെങ്കിലും കുറഞ്ഞ വരുമാനം നൽകിക്കൊണ്ടിരിക്കുന്നതായ വൃക്ഷങ്ങളെ മുറിച്ചുമാറ്റുന്നതിന്റെ ഫലമായി കൃഷിക്കാർക്കുണ്ടാവുന്ന ഉല്പാദനനഷ്ടത്തിനു പരിഹാരമായി കേന്ദ്രസഹായം ലഭ്യമാക്കണം. ഇത്തരം ആഭ്യന്തരസഹായ

ങ്ങൾക്ക് കേരളം തികച്ചും അർഹമാണെന്നു ശക്തമായി വാദിക്കുവാൻ ശ്രമങ്ങൾ നടത്തണം. ഈ രാജ്യത്തെ കൃഷിക്കാവശ്യമായ കേന്ദ്ര-സംസ്ഥാന സഹായങ്ങൾക്ക് മാറി വരുന്ന വീക്ഷണങ്ങളിൽ നോക്കിയാൽ കേരളത്തിന്റെ യഥാർത്ഥ വസ്തുനിഷ്ഠാ സാഹചര്യങ്ങൾ നിമിത്തം കേരളത്തിന്റെ പ്രത്യേകസ്ഥിതിയിൽ സഹായത്തിന്റെ ആവശ്യം ഉന്നയിക്കുവാൻ ശക്തമായ പ്രേരണ ചെലുത്തുവാൻ മതിയായ കാരണമുണ്ട്.

6. ചരിത്രപരമായി നോക്കിയാൽ, കൃഷിയ്ക്കു നൽകിവന്നിരുന്ന സഹായം, വികസന പരിപാടികളുടെ ചട്ടക്കൂടിലൊതുങ്ങിക്കിടക്കുകയായിരുന്നു. ഭൗമോപരിതലത്തിന്റെ പൊതുജലസേചന പദ്ധതികൾ പോലുള്ള അടിസ്ഥാന സൗകര്യ വികസനമായിരുന്നു. പിന്നീട്, സ്വകാര്യതലത്തിലും പൊതുതലത്തിലും ഭൂഗർഭജലം കുഴൽകിണറിലൂടെ ചൂഷണം ചെയ്യുന്നതിനായിക്കൂടി ആ സഹായ പരിപാടി വികസിപ്പിച്ചു. തുടർന്ന് സ്വകാര്യഭൂമികളിലെ മഴയെ ആശ്രയിച്ചു കൃഷിചെയ്യുന്ന പ്രദേശങ്ങളിലെ മണ്ണു സംരക്ഷിക്കുന്നതിനും കൂടി വ്യാപിപ്പിച്ചു. അടുത്തകാലത്ത് സർക്കാർ സഹായം പലവിധ ഭൂവികസന പ്രവർത്തനങ്ങൾക്കായി-ഉദാ. ദേശീയ നീർമറി മാനേജ്മെന്റ് പദ്ധതിയ്ക്കും, തരിശുഭൂമിയുടെ വികസനപരിപാടികൾക്കും സ്വകാര്യ ഭൂവികസനത്തിനും, മണ്ണുസംരക്ഷണവുമായി ബന്ധപ്പെട്ട പരിപാടികൾക്കുംകൂടി വ്യാപിപ്പിക്കുകയുണ്ടായിട്ടുണ്ട്. ഇത്തരം പദ്ധതികളിൽ അന്തർഭവിച്ചിട്ടുള്ള പ്രധാന തത്വം ഭൂമിയുടെ(മണ്ണും)ജലവും മറ്റും ഉൾപ്പെടെയുള്ള പ്രകൃതിദത്ത സ്രോതസ്സുകളുടെ ശാസ്ത്രീയമായ (കാർഷിക)വികസനത്തിലൂടെ രാജ്യത്തിന്റെ സുപ്രധാന സാമ്പത്തിക മാർഗ്ഗമായ കൃഷിയ്ക്കു സഹായം വ്യാപകമാക്കുക എന്ന കർത്തവ്യം നിറവേറ്റുക എന്നതാണ്. അതിനാൽ ദീർഘകാലവൃക്ഷവിളകളുടെ ഭൂവികസനവും-അവ കൃഷിചെയ്യുന്ന ജനങ്ങളുടെ ഉപ ജീവനസുരക്ഷ മെച്ചപ്പെടുത്തുവാനും, മേൽപ്പറഞ്ഞ പദ്ധതികൾക്കെന്നപോലെ, മറ്റൊരു വിധത്തിലുള്ള സഹായമാണിപ്പോൾ നാം അഭ്യർത്ഥിക്കുന്നത്. അതുതന്നെ തങ്ങളുടെ പരിമിതമായ(തുണ്ടു)ഭൂമിയിലെ വൃക്ഷങ്ങളുടെ-ദീർഘകാല വിളകളുടെ കൃഷിയിൽനിന്നും ലഭ്യമാകുന്ന വരുമാനത്തെമാത്രം ആശ്രയിച്ചു കഴിയുന്നവരുടെ ഉപ ജീവനസുരക്ഷയ്ക്ക് വേണ്ടിയുള്ള സഹായമാണഭ്യർത്ഥിക്കുന്നത്.

## 1.4.8 ഗുണനിലവാരം മെച്ചപ്പെടുത്തൽ

### 1.4.8.1 വിലയിലും ഗുണമേന്മയിലും മാത്സര്യക്ഷമത വർദ്ധിപ്പിക്കുക

1. വിപണിപ്രാപ്യതയെ സംബന്ധിച്ച കാർഷികകരാറിന്റെ(എ.ഒ.എ)വ്യവസ്ഥകൾ ഉന്നയിക്കുന്ന വെല്ലുവിളികളെ അതിജീവിക്കുവാനും, രാജ്യത്തേക്കുവരുന്ന വിദേശ ഇറക്കുമതിയിലും, വ്യാപാരത്തിലും നമ്മോടു മത്സരിക്കുന്ന വിദേശ രാജ്യങ്ങളിലേക്കുള്ള കയറ്റുമതിയിലും ഒരേ സമയം ഫലപ്രദമായി മത്സരിക്കുവാനും അനുപേക്ഷണീയമായ ഏകതന്ത്രം, കേരളം കാർഷിക ഉത്പന്നങ്ങളുടെയും ചരക്കുകളുടെയും വിലയിലും ഗുണമേന്മയിലും മാത്സര്യക്ഷമത വർദ്ധിപ്പിക്കുക എന്നതാണ്. വിലയുടെ കാര്യത്തിൽ മാത്സര്യക്ഷമത കൈവരിക്കാൻ ഒരു മാർഗ്ഗം ഉല്പാദനച്ചിലവ് ഗണ്യമായി കുറയ്ക്കുകയാണ്. അതേസമയം ലാഭകരമായ പുതിയ ഉത്പാദന സമ്പ്രദായങ്ങൾ അവലംബിച്ചുകൊണ്ട്(ഏതുവിധത്തിലും ഉത്പാദനക്ഷമത ഉയർത്തുക എന്നതല്ല)വിപണിയിലെ മാത്സര്യക്ഷമത ഉയർത്താൻ പറ്റിയ ഇൻപുട്ടുകൾ(സംഭാവനകൾ)ഭൗതിക സ്വഭാവത്തിലുള്ള ഇൻപുട്ടുകളായ മാനവശേഷി, മനുഷ്യാധ്വാനവും, മാനേജ്മെന്റും ചിലവുകുറഞ്ഞ കാർഷിക സാധനസാമഗ്രികളും ഉപകരണങ്ങളും (ഇൻവെന്ററീസ്)ശ്രദ്ധാപൂർവ്വവും ശാസ്ത്രീയവുമായ കൈകാര്യകർത്തൃത്വവും(മാനേജ്മെന്റ്) ഉപയോഗിച്ചുകൊണ്ട് വേണം മാത്സര്യക്ഷമത കാര്യക്ഷമമാക്കേണ്ടത്.

2. ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിൽ കൃഷിച്ചെലവുകൾ കുറയ്ക്കുന്നതിന് ഗണ്യമായ പങ്കാണുള്ളത്. മാത്സര്യക്ഷമതാ വർദ്ധനവിനും കൃഷിച്ചെലവു കുറയ്ക്കൽ ഒരു ഘടകം തന്നെ. ദീർഘകാലത്തേക്ക് മാത്സര്യക്ഷത കൈവരിക്കുവാൻ പ്രസക്തവും അനുപേക്ഷണീയവുമായ സാങ്കേതികവിദ്യകൾ, സങ്കേതങ്ങൾ വിശേഷിച്ചു, ഇൻപുട്ടുകൾ(വള-കീടനാശിനികൾ, യന്ത്രസാമഗ്രികൽ മുതലായവ)പ്രയോഗിക്കുന്നതിലൂടെ കഴിയൂ. ഈ രംഗത്ത് വളരെ അധികം നിക്ഷേപം ആവശ്യമായി വരും. കാർഷികോത്പാദന സങ്കേതങ്ങൾ വികസിപ്പിക്കുന്നതിൽ ഇപ്പോൾ നടത്തുന്ന നിക്ഷേപം ഗണ്യമായ തോതിൽ ഉയർത്തേണ്ടതായി വരും. സാങ്കേതികവും ശാസ്ത്രീയവുമായ വികസന പദ്ധതികളും, ഗവേഷണവും (ഉത്പാദനച്ചെലവു കുറയ്ക്കലും ഉത്പാദനക്ഷമത ഉയർത്തലും ലക്ഷ്യമാക്കി പ്രവർത്തിക്കുമ്പോൾ)തീർച്ചയായും വിവേചനാപൂർവ്വം പുനഃസംഘടിപ്പിക്കേണ്ടതായി വരും.

3. സാക്ഷ്യപ്പെടുത്തലിന് (ഐ.എസ്.ഒ. 9002, ഐ.എസ്.ഒ. 14002 മുതലായ) സൗകര്യങ്ങൾ വികിസിപ്പിക്കണം. ഉത്പാദനപ്രക്രിയകളിൽ ശുചിത്വംപാലിക്കുക, ഗുണനിലവാരം തിരിച്ചറിയലിൽ ഊന്നിയ (മൂല്യാധിഷ്ഠിത)വില നിർണ്ണയരീതി കടന്നുവന്നിട്ടുള്ള വിപണിയിൽ ആവശ്യമായ വിപണനതന്ത്രങ്ങളെ സഹാ

യിക്കുകയും, ഉയർന്ന ഗുണനിലവാരമുള്ള ഉത്പാദനത്തിന് പ്രതിഫലം നൽകുകയും, കൊപ്രാഡ്രയറുകൾ പോലുള്ള അടിസ്ഥാന സൗകര്യ വികസന സമ്പ്രദായങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടത് ആവശ്യമാണെന്നുള്ള കാര്യത്തിൽ (കാർഷിക) വികസന വിദ്യാഭ്യാസം നൽകുക.

4. ഉയർന്ന ടി.എസ്.ആർ. നിലവാരം ഉള്ള റബറിന് നിക്ഷേപസഹായം നൽകുന്നതിലും, കുരുമുളകിലെ ജൈവമാലിന്യങ്ങളും തേങ്ങാപിണ്ണാക്കിലെ അഫ്ളോടോക്സിൽ നീക്കുന്നതിനും, കയറ്റുമതി സാദ്ധ്യതയുള്ള ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളിലും വിശേഷിച്ചും ജന്തുജന്യ ഉത്പന്നങ്ങൾ-മാട്ടിറച്ചി, സമുദ്രോത്പന്നങ്ങൾ എന്നിവയിലും സമാന തന്ത്രങ്ങൾ ആവശ്യമാണ്. ഗുണനിലവാര സാക്ഷ്യപത്രം നൽകുന്നതിനാവശ്യമായ യോഗ്യതയും, സൗകര്യങ്ങളും വികസിപ്പിക്കുന്ന കാര്യത്തിൽ കേരളത്തിലെ മാംസോത്പന്ന കയറ്റുമതി വികസന അതോറിറ്റി (എം.പി.ഇ.ഡി.എ.) യുടെ അനുഭവം, അതായത്, ഉന്നതഗുണനിലവാരവും, സാനിട്ടറി ഫൈറ്റോസാനിട്ടറി മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ട് ആ വ്യവസായത്തിന് യശസ്സു നേടിക്കൊടുക്കുന്നതിന് അനുകരണീയമായ ഒരു മാതൃകയാക്കാവുന്നതാണ്.

### 1.4.8.2. ഗുണനിലവാരങ്ങളുടെ മാനദണ്ഡ്ങ്ങൾ ഉയർത്തുന്ന വെല്ലുവിളികളെ നേരിടുക

ആഭ്യന്തര ഉപഭോഗത്തിന്റെയും കയറ്റുമതിയുടെയും താല്പര്യങ്ങൾ ലക്ഷ്യമാക്കിക്കൊണ്ട് ഗുണനിലവാരം മെച്ചെപ്പെടുത്തേണ്ടതുണ്ട് എന്ന് കമ്മിഷന് തിരിച്ചറിയുന്നു. അതേസമയം കാർഷികോല്പന്നങ്ങളുടെയും. സമുദ്രോത്പന്നങ്ങളുടെയും കാര്യത്തിൽ യാഥാർത്ഥ്യബോധമില്ലാതെ മാനദണ്ഡങ്ങൾ ഏർപ്പെടുത്തുന്നതിനെതിരെ ശക്തമായി നാം പ്രതികരിക്കേണ്ടതുണ്ട്. CODEX ALIMENTARIUS മുതലായ നിലവാര നിർണ്ണയ പരിപാടികളിൽ ഫലപ്രദമായി പങ്കെടുത്തുകൊണ്ട് നാം പ്രതികരിക്കേണ്ടതാണ്. മാനദണ്ഡങ്ങൾ നിശ്ചയിക്കുവാൻ കൂടുന്ന ബഹു കക്ഷിയോഗങ്ങളിൽ ഭാരതസർക്കാരിന്റെ സാങ്കേതിക വിദഗ്ധന്മാർ പങ്കെടുക്കുന്നുണ്ട് എന്നുറപ്പുവരുത്തുകയും പങ്കെടുക്കുന്ന വിദഗ്ദ്ധരുടെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക എന്നത് സത്വര ശ്രദ്ധപതിയേണ്ട കാര്യമാണ്. നമ്മുടെ സസ്യങ്ങളെ സൂക്ഷ്മാഷ്ണു ബാധയില്ലാതെ സൂക്ഷിക്കുവാൻ ക്വാറന്റയിൻ നടപടികൾ സ്വീകരിക്കുന്ന കേന്ദ്രസർക്കാർ സ്ഥാപനങ്ങളുടെ കാര്യക്ഷമതയ്ക്കായി അവിടുത്തെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും, ശാസ്ത്ര സങ്കേതങ്ങൾ കർക്കശമാക്കുകയും ചെയ്യുക. ഓരോ ഉൽപ്പന്നത്തിന്റെയും ഗുണനിലവാര മാനദണ്ഡങ്ങൾ സമഗ്രവും കാര്യക്ഷമവുമാക്കുക. സംസ്ഥാനങ്ങളിലെ നിലവിലിരിക്കുന്ന ഗുണനിലവാര നിർണ്ണയ രീതി, ഗുണനിലവാരത്തിൽ ഗ്രേഡിംഗ് ഏർപ്പെടുന്ന രീതിയിൽ നിന്നും ഉയർത്തി അന്താരാഷ്ട്ര തലത്തിൽ സ്വീകാര്യമായ നിലവാരത്തിലെത്തിക്കുന്നതിനും, ആ സംസ്ഥാന പരീക്ഷണശാലകൾക്ക് അന്തർദ്ദേശീയ അംഗീകാരമുള്ള ഗുണനിലവാരങ്ങളുടെ അടിസ്ഥാനത്തിൽ ഉൽപ്പന്നങ്ങളെ സാക്ഷ്യപ്പെടുത്തുവാൻ കഴിയുന്ന നവീനവും, സമ്പൂർണ്ണവും തികവുള്ളതുമായ ലാബുകളുടെ കാര്യക്ഷമത കൈവരുവാൻ കേന്ദ്രസർക്കാർ ഉദാരമായ സഹായങ്ങൾ നല്കേണ്ടതുണ്ട്.

### 1.4.8.3 ഗുണനിലവാരം ഉയർത്തുന്നതിന് പ്രോത്സാഹനവും മുതൽമുടക്കും

"ഗുണനിലവാരം" എന്ന് മന്ത്രം ജപിച്ചിട്ടു കാര്യമില്ല. കഴിഞ്ഞകാലത്തെ യത്നങ്ങൾ (ഉദാഹരണത്തിന്, കുരുമുളകിന്റെയും പിന്നീട് റബറിന്റെയും ഗുണനിലവാരം ഉയർത്തുന്ന കാര്യത്തിൽ) ഗണ്യമായ യാതൊരു മാറ്റവും വരുത്തുന്ന കാര്യത്തിൽ നാം വിജയിച്ചില്ല. കർഷകർ വിറ്റഴിച്ച ഉത്പന്നങ്ങളുടെ ഗുണനിലവാരത്തിൽ അത് പ്രതിഫലിച്ചില്ല. ഇതിനൊരു കാരണം, ഏറ്റവും മികച്ച ഗുണനിലവാരമുള്ള ഉത്പ്പന്നങ്ങൾക്ക് വിപണിയിൽ പ്രത്യേക വിലയോ, പരിഗണനയോ (പ്രീമിയം) നല്കാത്തതാണ്. ചില്ലറ കച്ചവട വിപണിയിൽ പ്രത്യേകിച്ചും, കർഷകർ തങ്ങളുടെ ഉൽപ്പന്നങ്ങൾ ആദ്യവില്പന നടത്തുന്നത് ശരാശരി വിലയ്ക്കാണ്. ഇതിനൊരു അപവാദം (വെറും) പാലാണ്. അക്ഷരാഭ്യാസമില്ലാത്ത കർഷകർപോലും ഗുണനിലവാരത്തെപ്പറ്റി ബോദ്ധ്യമുള്ളവരാണ് (പാലിലെ കൊഴുപ്പിന്റെ ഉള്ളടക്കത്തെ സംബന്ധിച്ചുപോലും) കാർഷിക കരാറിന്റെ (AOA) ഗുണനിലവാര മാനദണ്ഡങ്ങൾ ആത്മനിഷ്ഠവും വിവാദപരവുമാണ്. (ഉദാ: റബറിന്റെ നിറവും, കുരുമുളകിലേയും ഇഞ്ചിയുടെയും ഈർപ്പവും, നാളികേരത്തിലെ എണ്ണയുടെ അംശവും – പാലിലെ കൊഴുപ്പുപോലെ ഇതളക്കാൻ സാധിക്കുകയില്ല). അത്തരം മാനദണ്ഡങ്ങൾ മിക്കപ്പോഴും വികസ്വരരാജ്യങ്ങളിലെ കർഷകർക്ക് അർഹതപ്പെട്ട വിലയെ ഇടിച്ചു താഴ്ത്തുവാനുള്ള, തർക്കമുണ്ടാക്കുന്നവതന്നെയാണ്. എല്ലാ കക്ഷികൾക്കും (രാജ്യങ്ങൾക്കും) പൊതുവെ സമ്മതമായ ഗുണനിർണ്ണയ വ്യവസ്ഥ അതിന്റെ യഥാസ്ഥാനത്ത് പ്രതിഷ്ടിച്ചേ മതിയാവൂ. അങ്ങനെ വന്നാൽ ഗുണമേന്മയുള്ള ഉൽപ്പന്നങ്ങളുടെ കർഷകർക്ക് പ്രതിഫലവും ഉൽപ്പന്ന വിലയ്ക്ക് അനുപൂരകമായ ഗുണനിലവാരവും, അളവിൽ കണിശതയും വിപണനത്തിന് ചാനലുകൾ തുറന്നുകിട്ടുകയും ചെയ്യുന്നു. ഗുണനിലവാരത്തെപ്പറ്റിയുള്ള വിദ്യാഭ്യാസം കൊണ്ടൊന്നും

അഭിലഷണീയമായ ഗുണനിലവാരം ഉണ്ടാവുകയില്ല, സർക്കാരിന്റെയും ആധികാരിക സർക്കാർ സ്ഥാപനങ്ങളുടെയും (കമ്മോഡിറ്റി ബോർഡ് മുതലായ) ഏജൻസികൾ മെച്ചപ്പെട്ട ഉൽപ്പന്നങ്ങളുടെ വിറ്റഴിക്കൽ സുഖകരമാക്കാനുള്ള അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുവാൻ സഹായം ചെയ്യണം. പ്രാഥമിക ഘട്ടത്തിൽ ഉത്പാദന സബ്സിഡി ഉദാരമാക്കുക, ഉത്പാദകർക്കു നേരിട്ടുള്ള ചേതങ്ങൾക്ക് നഷ്ടപരിഹാരം നൽകുക, അടിസ്ഥാന സൗകര്യനിർമ്മാണത്തിന് ഒട്ടേറെ ഇളവുകൾ അനുവദിക്കുക, നൂതന വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ചുമതല ഏറ്റെടുക്കുന്ന സ്ഥാപനങ്ങൾക്ക് സഹായവും, ഉത്പന്നങ്ങളുടെ ഗുണനില മെച്ചപ്പെടുത്തുന്ന ഉത്പാദകർക്ക് പ്രതിഫലവും, ഗുണനിലവാര നിർണ്ണയത്തിലധിഷ്ഠിതമായ ഉൽപ്പന്നങ്ങളുടെ മൂല്യ (വില) നിർണ്ണയ സമ്പ്രദായം നടപ്പിൽ വരുത്തുന്നവർക്ക് പ്രതിഫലവും വാഗ്ദാനം ചെയ്യുവാനുള്ള ഉദാരമായ സഹായങ്ങൾ കേന്ദ്ര സർക്കാർ ചെയ്യേണ്ടതാണ്.

#### 1.4.8.4 മൂല്യ വർദ്ധന

സുഗന്ധദ്രവ്യങ്ങളുടെ കയറ്റുമതിയിൽ ഇന്ത്യയുടെ പങ്ക് അളവിന്റെ കാര്യത്തിൽ 55% ആണ്. എന്നാൽ വ്യാപാരമൂല്യത്തിന്റെ കാര്യത്തിലാവട്ടെ, ഇത് വെറും 10% ആണ്. ഗ്വാട്ടിമാലപോലുള്ള രാജ്യങ്ങൾ ചെയ്യുന്നത് നേരേ മറിച്ചാണ്. കാരണം അവർ ഉത്പന്നങ്ങളുടെ 99% കുറഞ്ഞ വിലയ്ക്കാണ് വില്ക്കുന്നത്. അതിനാൽ അളവിലും വിലയിലും ഒരേ സമയം നാം ഊന്നൽ കൊടുക്കണം. വിലവർദ്ധന ഉണ്ടാകുന്നത് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതുകൊണ്ടാണ്. ഇതിന്റെ ഫലമായി കർഷകരുടെ വരുമാനത്തിൽ ഒരു കുതിച്ചു കയറ്റമുണ്ടാകും. പഴയ കൃഷിഭൂമിയിൽ നിന്നുതന്നെയാണ് മൂല്യവർദ്ധന കൊണ്ട് വർദ്ധിച്ച വരുമാനം ഉണ്ടാകുന്നത്. അങ്ങിനെ നോക്കിയാൽ കർഷകർക്ക് വിപണിയിൽ മാത്സര്യക്ഷമത വർദ്ധിപ്പിക്കുവാനുള്ള കാര്യക്ഷമമായ ഏകമാർഗ്ഗം മൂല്യവർദ്ധനയാണെന്നു കാണാം.

#### 1.4.8.5 കാർഷിക-കയറ്റുമതി മേഖലകൾ

യൂറോപ്യൻ കമ്മിഷന്റെ സഹായത്തോടെ വളരെയേറെ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉള്ള ആറു കാർഷികോത്പന്ന മൊത്തക്കച്ചവട വിപണികൾക്ക് രൂപം നൽകുവാനും വിസിപ്പിക്കുവാനും കേരളത്തിന് ഇതിനകം സാധിച്ചിട്ടുണ്ട്. ഈ മേഖലകൾ (സോണുകൾ) വിജയിക്കണമെങ്കിൽ അത് പിന്നോക്കരേയും (ഉത്പാദകരേയും) മുന്നോക്കരേയും (ഉപഭോക്താക്കളേയും) അവരുടെ ശരിയായ സ്ഥാനത്ത് കാണുന്നതിനും, കൂട്ടിയിണക്കുന്നതിനും കഴിയുന്നതിനെ ആശ്രയിച്ചിരിക്കും. ഈ കാർഷിക കയറ്റുമതി മേഖലകൾ അതിവേഗം വികസിക്കണമെങ്കിൽ വ്യക്തമായ കാഴ്ചപ്പാടും (ദർശനവും), ദിശാബോധവും, കാര്യക്ഷമതയും കൈകാര്യവിനിമയവും ചിലവു കുറയ്ക്കാൻ ശേഷിയും സമഗ്രമായ മേൽനോട്ടം വഹിക്കാൻ കഴിയുന്നതുമായ ഒരു ഏജൻസിയെ അടിയന്തിരമായി സ്ഥാപിക്കണം. അതോടൊപ്പം അനുയോജ്യമായ നയതന്ത്രബന്ധങ്ങൾ പൊതുകാര്യ-സ്വകാര്യമേഖലകളിലെ ഏജൻസികളുമായി സ്ഥാപിക്കുന്നത് ഈ കാർഷിക കയറ്റുമതി മേഖലകൾക്ക് സാമ്പത്തിക വിജയം ഉറപ്പാക്കാൻ സഹായകരമായിരിക്കും. ഉദാഹരണത്തിന്, ഒരു കാർഷിക കയറ്റുമതി മേഖല വികസിപ്പിച്ചുകൊണ്ട് വരുന്നതിന് ദേശീയ ക്ഷീരവികസന ബോർഡിനെ (NDDB) ഒരു പങ്കാളിയെന്ന നിലയിൽ സഹായിയാക്കാവുന്നതാണ്. അതുപോലെ ഹിന്ദുസ്ഥാൻ ലെവറിനോടും, ദേശീയ പച്ചക്കറി വികസന ബോർഡിനോടും സംസ്ഥാന സർക്കാർ സഹകരിച്ചുകൊണ്ട് രണ്ടു കാർഷികോൽപ്പന്ന കയറ്റുമതി മേഖലകളെ പ്രോത്സാഹിപ്പിക്കുവാനാവും. ഇവയുടെ മൊത്തം മേൽനോട്ടച്ചുമതല, പുനഃരുജ്ജീവിപ്പിക്കപ്പെട്ടതും പുനഃസംഘടിപ്പിക്കപ്പെട്ടതും പുതിയ സാമഗ്രികൾ ഉള്ളതുമായ സംസ്ഥാന ചെറുകിട കർഷകരുടെ ബിസിനസ്സ് കൺസോർഷ്യ(SFAC)ത്തെ, വേണ്ടിവന്നാൽ ഏല്പിക്കാവുന്നതാണ്. ആഗ്രിക്ലിനിക്കുകൾ, കാർഷിക ബിസിനസ്സ് കേന്ദ്രങ്ങൾ എന്നിവ രൂപീകരിക്കണമെന്ന കൃഷിക്കും ഗ്രാമീണ വികസനത്തിനുമുള്ള ബാങ്കി (നബാർഡ്)ന്റെയും, കേന്ദ്ര SFAC യുടെയും 'മാനേജുമെന്റിന്റെയും (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ മാനേജ്മെന്റ്) പ്രവർത്തനങ്ങളെ കേരളത്തിലെ കാർഷിക കയറ്റുമതി മേഖലയ്ക്ക് വിനിയോഗിക്കാവുന്നതാണ്. ഈ മേഖലകളിൽ പ്രവർത്തിക്കുന്നതിന് യുവാക്കളായ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി മേൽപറഞ്ഞ സ്ഥാപനങ്ങളുടെ സഹകരണം വിനിയോഗിക്കണം. ഈ വിഷയങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്നതിനും മേഖലകൾ ആരംഭിക്കുന്നതിനുമായി തീരുമാനിക്കുന്നതിനും ഇന്നത്തെ പ്രതിസന്ധിയുമായി ബന്ധപ്പെട്ട എല്ലാ കക്ഷികളേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു ഏകദിന ബ്രെയിൻസ്റ്റോമിംഗ് യോഗം വിളിച്ചുകൂട്ടണമെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു. ഈ യോഗത്തിൽ ഉഭയ കക്ഷികളെക്കൂടി പങ്കെടുപ്പിക്കുന്നത് നന്നായിരിക്കും. ഉദാഹരണത്തിന് നെതർലാന്റ് സർക്കാരിനെ പങ്കെടുപ്പിക്കാം.

## 1.4.9 മാർക്കറ്റിംഗ്

### 1.4.9.1 സപ്ലൈ മാനേജ്മെന്റ് - കാർഷിക വരുമാനം ഉറപ്പാക്കുന്ന താക്കോൽ

1. വിപണിയുടെ വിവിധഘടകങ്ങളിൽ ഇടപെട്ടുകൊണ്ട് മദ്ധ്യവർത്തികൾ (ഇടത്തട്ടുകാർ) നമ്മുടെ കർഷകരെ പലതരത്തിലും ചൂഷണം ചെയ്യുന്നുണ്ടെന്നകാര്യം കമ്മിഷന് ബോദ്ധ്യമായിട്ടുണ്ട്. ഈ ചൂഷണം കർഷകരുടെ വരുമാനത്തെ ഗണ്യമായി ചോർത്തിക്കൊണ്ടുപോകുന്നുമുണ്ട്. കർഷകർക്ക് അർഹമായ വരുമാനം ഇപ്രകാരം ചൂഷണം ചെയ്യപ്പെടുന്നതായി തിരിച്ചറിയുമ്പോഴും, പൊതുവേ നിലനിൽക്കുന്ന ചിലധാരണകൾ, വിശേഷിച്ചും മദ്ധ്യവർത്തികൾ വഹിക്കുന്ന പങ്കിനെ ശരിയായി മനസ്സിലാക്കുന്ന കാര്യത്തിൽ ചില തിരുത്തലുകൾ കൂടി വേണമെന്ന് കമ്മിഷന് അഭിപ്രായമുണ്ട്. ഈ ഇടത്തട്ടുകാർ ഉത്പ്പന്നങ്ങളുടെ ചില്ലറ വ്യാപാരത്തിൽ വളരെ പ്രധാനപ്പെട്ട ഒരു പങ്കാണ് വഹിക്കുന്നത്. വിശേഷിച്ചും, നാളികേരം, റബർ, കുരുമുളക്, കാപ്പി, തേയില, ഏലം എന്നീ മുഖ്യ കാർഷിക വിളകളുടെ വിപണിയുടെ കാര്യത്തിൽ. കൂടാതെ ഈ വിളകളുടെ വ്യാപാരവ്യവസ്ഥ അനേകം വർഷത്തെ പരിശീലനത്തിനുശേഷം രൂപം കൊണ്ട ഒന്നാണ് എന്നോർക്കണം.

ആദ്യമായി ഈ വ്യാപാര സമ്പ്രദായത്തിൽ ഉത്പ്പന്നങ്ങളിലോരോന്നിന്റെയും വ്യാപാരത്തിൽ നീണ്ട വർഷങ്ങളുടെ അനുഭവവും പരിചയവും സിദ്ധിച്ച വ്യാപാരികളാണ് വിപണിയിൽ ഏതാണ്ട് സ്ഥിരമായി നിലയുറപ്പിച്ചിട്ടുള്ളത്.

രണ്ടാമതായി, വ്യാപാരികളും, സംഭരണക്കാരും അടങ്ങുന്ന പ്രാഥമികതലത്തിലുള്ള ഒരു ശൃംഖലയുണ്ട്. അവയിൽ പലതും ഗ്രാമീണ, പഞ്ചായത്ത് തലത്തിൽതന്നെ ഉള്ളവ യായിരിക്കും. അടുത്തതായി ദ്വിതീയതല വ്യാപാരികളും കമ്മിഷൻ ഏജന്റന്മാരും, അവസാനത്തെ കണ്ണിയായി ഏജന്റുമാരും ഉണ്ടായിരിക്കും. അവസാനത്തെ വിപണിയിലുള്ള ഏജന്റുമാരുടെ എണ്ണം വളരെ കുറഞ്ഞിരിക്കും. ഇവരാണ് നാളികേരവും റബറും പോലുള്ള ഉത്പ്പന്നങ്ങളെ നിർമ്മാതാക്കൾക്ക് മൊത്തമായി സപ്ലൈ ചെയ്യുന്നതും, കുരുമുളക്, ഇഞ്ചി, കാപ്പി, തേയില എന്നീ കയറ്റുമതി ഉൽപ്പന്നങ്ങൾ കയറ്റുമതിക്കാർക്ക് വില്ക്കുന്നതും, ഈ ചരക്കുകളുടെ വില നിശ്ചയിക്കുന്നത് ഈ നിർമ്മാതാക്കളും കയറ്റുമതിക്കാരും ആണ്. കൂടാതെ ഭക്ഷ്യധാന്യങ്ങൾ മറ്റുനിത്യോപയോഗ വസ്തുക്കൾ പോലെ സ്റ്റോറുചെയ്യുന്നിടത്ത് കേന്ദ്രീകരിച്ചല്ല ഇവ വിതരണത്തിനെത്തുന്നത്. അതിനാൽ ഭൗതികമായി ഈ കക്ഷികൾ ഈ ഉത്പ്പന്നങ്ങളുടെ മേൽ നിയന്ത്രണം നടത്തുന്നില്ലെങ്കിലും വിലയെ നിയന്ത്രിക്കാൻ ഇവർക്ക് കഴിയുന്നു. വിലയെ സംബന്ധിച്ചിടത്തോളം വ്യാപാര രംഗത്തെ മൊത്തകച്ചവടക്കാർ, ചില്ലറ കച്ചവടക്കാർ, ആത്യന്തികമായി കൃഷിക്കാർ എന്നീ തലങ്ങളിലേക്ക് വിലയിലെ ശൃംഖലയിലൂടെ ക്രമമായി വിലയെ വിന്യസിക്കുന്നത് മേൽത്തട്ടിൽ നിൽക്കുന്ന/കളിക്കുന്ന ചെറിയ ഒരു കൂട്ടം വ്യാവസായിക നിർമ്മാതാക്കളും കയറ്റുമതിക്കാരുമാണ് എന്നു കാണാം. കുരുമുളകിന്റെ കാര്യത്തിൽ നടത്തിയ ചില പഠനങ്ങൾ അനുസരിച്ച് വ്യാപാരശൃംഖലയിൽ, വിലയുടെ എല്ലാഘട്ടങ്ങളിലുമുള്ള മാറ്റങ്ങൾ അന്തിമ വിപണിയിലെ വിലയ്ക്ക് സമാന്തരമായിട്ടാണ് പോകുന്നത് എന്ന് കാണാൻ കഴിഞ്ഞു. വില ശൃംഖലയ്ക്കുള്ളിൽ നടക്കുന്ന ചാഞ്ചാട്ടത്തിന് അനുസരിച്ചല്ല കുരുമുളകിന്റെ വിലമാറുന്നത്. അപ്പോൾ ഈ അന്തിമ വിപണിയിലാണ് യഥാർത്ഥത്തിൽ ഇടപെടലിന്റെ ആവശ്യമുള്ളത്. വ്യാപാര ശൃംഖല ഏറെക്കുറെ വിപുലമായതിനാൽ ആപേക്ഷികമായി ഏറ്റവും വേഗത്തിലും ബുദ്ധിമുട്ടില്ലാതെയും എത്താൻ കഴിയുന്ന വിധത്തിലുള്ളതാണ്; വിശേഷിച്ചും കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ വിപുലമായ റോഡ് ഗതാഗതം സുഖകരമായ സാഹചര്യത്തിൽ. അതിനാൽ ഉത്പ്പന്നങ്ങളുടെ അളവ് കുറഞ്ഞിരുന്നാലും അത് വില്ക്കുവാൻ വലിയ ബുദ്ധിമുട്ടുണ്ടാവുന്നില്ല.

മൂന്നാമതായി, ഒരുത്പ്പന്നത്തിന്റെ വിലയിൽ മാറ്റങ്ങൾ കൂടുതൽ പ്രകടമാക്കുന്നത് വിപണിയിലെ പ്രാഥമിക, ദ്വിതീയ ഘട്ടങ്ങൾക്കിടയിൽ നടക്കുന്ന ഒന്നായിട്ടു മാത്രമല്ല കാണേണ്ടത്. മറിച്ച് അത് വിവിധ കാലത്തിനിടയിലെ മാറ്റങ്ങൾ എന്ന നിലയ്ക്കാണ്. ദിവസം/ആഴ്ച/മാസം എന്നിങ്ങനെയാണ് വില മാറ്റത്തെ സമീപിക്കുന്നത്.

നാലാമതായി, കേരളത്തിന്റെ ഉൽപ്പന്നങ്ങളുടെ ഭൂരിഭാഗവും സംഭരണത്തിൽ നീണ്ടകാലം ഇരിക്കുന്നവയാണ്. തീരെകുറഞ്ഞ വിലയ്ക്ക് (distress sale) കഷ്ട/നഷ്ടക്കച്ചവടത്തിന് ഉത്പാദകർ കീഴ്പ്പെടാതിരിക്കാനാണിങ്ങനെ പലപ്പോഴും സംഭരിച്ചു വയ്ക്കുന്നത്.

അഞ്ചാമതായി, വ്യാപാരശൃംഖലയിലെ ചില പ്രവർത്തകർ (കക്ഷികൾ) ഇടയ്ക്കുള്ള ഉൽപ്പന്നസംസ്ക്കരണ പ്രക്രിയയിലൂടെ, മൂല്യവർദ്ധനയെന്ന പേരിൽ വിപണിയിൽ ഇടപെട്ട് വിപണിയിൽ പ്രധാനമായൊരു പങ്കു വഹിക്കുന്നു. (നല്ലൊരു ഉദാഹരണമാണ് പച്ചത്തേങ്ങയെ കൊപ്രായാക്കുന്നതും, കോഫി ബെറിയെ ബീൻസാക്കുന്നതും, തേയില ഇലകളെ തേയിലപ്പൊടിയാക്കുന്നതും ഇക്കൂട്ടരാണ്)

ആറാമതായി, നമ്മുടെ സംസ്ഥാനത്തെ കൃഷിക്കാർ വിപണിയിലെ വിവരങ്ങൾ, മാധ്യമങ്ങളിലൂടെ വിശേഷിച്ചും, അച്ചടിമാധ്യമങ്ങളിലൂടെ നന്നായി ഗ്രഹിക്കുന്നവരാണ്. അതിനാൽ വിപണിയെക്കുറിച്ചറിയാത്തത്, ഒരു ചൂഷണ ഘടകവും പ്രതികൂലമായ ഒരു കാര്യവുമാണെന്ന പൊതുധാരണയിൽ കഴമ്പില്ല. വാസ്തവത്തിൽ പ്രശ്നം അടിസ്ഥാനപരമായി മെച്ചപ്പെട്ട വില കിട്ടുന്ന വിപണിയിലേക്കു നീക്കുവാൻ ഉൽപ്പന്നങ്ങളെ, ഒരു വിപണിയിൽനിന്നും മറ്റൊരു വിപണിയിലേക്ക് നീക്കുവാൻ ഉള്ള കഴിവില്ലായ്മയാണ്. ഇതിനൊരു അപവാദമാണ് സമുദ്രോല്പന്നങ്ങൾ. മത്സ്യബന്ധന ബോട്ടുകളുടെ ഉടമകൾക്ക് ഒരു പ്രദേശത്തല്ലെങ്കിൽ മറ്റൊരു പ്രദേശത്തെ കരയ്ക്ക് ബോട്ടടുപ്പിക്കാൻ കഴിയും. കടലിൽ ആയിരിക്കുമ്പോൾ എവിടെയാണ് നല്ല വില ലഭ്യമാക്കാൻ സാദ്ധ്യതയുള്ളതെന്നറിഞ്ഞ് അവിടെ എത്തുവാൻ കഴിയുന്നു. പക്ഷേ, ഏതെങ്കിലും ഒരു കരയ്ക്കടുത്ത് ബോട്ടിറക്കിക്കഴിഞ്ഞാൽ പിന്നെ അവരും കർഷകരെപോലെ കുടുങ്ങിപോകുന്നതാണ്.

### 1.4.9.2 വമ്പിച്ച ഉൽപ്പന്ന ശേഖരങ്ങളിൽ പങ്കാളികളാകുക വഴി സപ്ലൈ മാനേജ് ചെയ്യുക

വിപണിയിലെ മുമ്പ് പറഞ്ഞ സ്വഭാവവിശേഷങ്ങളുടെ പശ്ചാത്തലത്തിൽ ഇന്നു പൊതുവേ നിലനിൽക്കുന്ന ഒരു ധാരണ പ്രാഥമിക കച്ചവടക്കാരും, സംസ്കരണം നടത്തുന്നവരും ആണ് ഈ രംഗത്തെ ചൂഷകരും, കൈകടത്തലുകാരും എന്നാണ്. ഇവിടെ ചില ഇടപെടൽ, തിരുത്തൽ നടപടികൾ (കൂടുതലായും ഒഴിവാക്കൽ സമ്പ്രദായം) ഈ രംഗത്ത് കൈക്കൊണ്ടത് കാര്യമായി വിജയിച്ചില്ല. മൂല്യവർദ്ധനയിൽ ഇടത്തട്ടുകാർ നൽകുന്നസേവനം, ചരക്കു നീക്കം, ചെറിയ തരം സംസ്കരണം എന്നിവ ശ്രദ്ധിക്കപ്പെടാതെ പോയി. കൂടാതെ പകരം നടത്തിയ ശ്രമങ്ങളെല്ലാം പരാജയത്തിൽ, വലിയ നഷ്ടത്തിൽ, കലാശിക്കുകയും ചെയ്തു. കൂടാതെ വിപണനത്തിലും, സംസ്കരണത്തിലും പ്രാഥമികതലത്തിൽ ഏർപ്പെട്ടവരാകട്ടെ കർഷകരിൽ നിന്നും (ഇവിടെ ചെറുകിട കർഷകരേയും നാമമാത്ര കർഷകരേയും അല്ല ഉദ്ദേശിക്കുന്നത്) സാമ്പത്തികമായി അത്ര ഉയർന്ന ശേഷിയുള്ളവരുമായിരുന്നില്ല. വില നിശ്ചയിക്കുന്ന കാര്യത്തിൽ ഇടപെടലുകൾ നടത്തുന്നതിന്റെ യഥാർത്ഥ പ്രശ്നം കിടക്കുന്നത്, അന്തിമ വിപണിയിൽ അസംസ്കൃത സാധനങ്ങളുടേയും, മറ്റുത്പ്പന്നങ്ങളുടേയും കയറ്റുമതിക്കാരും കച്ചവടക്കാരും അടങ്ങുന്ന ഒരു ചെറിയ സംഘം ആളുകളാണ്. ചരക്കുകളുടെ ലഭ്യതയെ (സപ്ലൈ). അതായത്, ആഭ്യന്തര ഉത്പാദനത്തേയും ഇറക്കുമതിയേയും ആശ്രയിച്ചാണ് അവരുടെ തീരുമാനങ്ങൾ. വില നിർണ്ണയിക്കുന്ന കാര്യത്തിൽ ഏറ്റവും നിർണ്ണായകമായ ഘടകങ്ങൾ, ലഭ്യതയും (സപ്ലൈയും), ആവശ്യവും (ഡിമാന്റും), തമ്മിലുള്ള സന്തുലനതയും, അതോടൊപ്പം വില നിലവാരം ഉറപ്പിച്ചു നിറുത്താനുള്ള ഇടപെടലുകളുമാണ്. വമ്പിച്ച തോതിലുള്ള ഉത്പ്പന്ന ശേഖരണവും (buffer stocking) (അഥവാ) ഇറക്കുമതി-കയറ്റുമതി നിബന്ധനകൾ വഴിയുള്ള സപ്ലൈയുടെ മാനേജ്മെന്റ് ഇതിലടങ്ങുന്ന പ്രധാന ഘടകങ്ങളാണ്. ഉത്പാദനത്തിന്റെ നിയന്ത്രണങ്ങൾക്ക് ഒന്നും കാര്യമായ യാതൊരു പങ്കും (അത് ദീർഘകാലാടിസ്ഥാനത്തിലുള്ളതല്ലാത്തിടത്തോളം) നിർവ്വഹിക്കാൻ കഴിയുകയില്ല. കാരണം, സപ്ലൈ മാനേജ്മെന്റിൽ (വിപണിയിലേക്കുള്ള ഉൽപ്പന്നങ്ങളുടെ ഒഴുക്കിനെ നിയന്ത്രിക്കുന്ന കാര്യത്തിൽ) ദീർഘകാലസ്വഭാവമുള്ള വിളകൾക്ക്, കൃഷിചെയ്യുന്ന ഭൂമി കൂട്ടിയാലും ഹ്രസ്വകാലം കൊണ്ട് യാതൊരു ചലനവും ഉണ്ടാക്കാനാവില്ല എന്നതാണ്. പിന്നെ സാധിക്കുന്ന കാര്യം, വളം, കീടനാശിനികൾ (input ന്റെ) എന്നിവയുടെ വിനിയോഗം, കളപറിക്കൽ, ടാപ്പിംഗ് എന്നീ കൃഷിപ്പണികൾ കുറയ്ക്കുകവഴി ഉത്പാദനച്ചിലവു കുറയ്ക്കുകയാണ്. എന്നാൽ അത്തരം നടപടികൾ നഷ്ടങ്ങൾ വീണ്ടെടുക്കുന്നതിൽ കാലതാമസം വരുത്തുകയും ഭാവിയിൽ നഷ്ടമുണ്ടാക്കുകയും ചെയ്തേക്കും. അതിനാൽ ഇങ്ങനെയുള്ള സവിശേഷതകൾ നമ്മുടെ ഉത്പ്പന്നങ്ങളുടെ കാര്യത്തിലും, വിപണിവ്യവസ്ഥയിലും നിലനില്ക്കുന്ന സാഹചര്യത്തിൽ പ്രായോഗികവും പ്രവർത്തനോന്മുഖവുമായ ഒരു വിതരണ സമ്പ്രദായ (സപ്ലൈ മാനേജ്മെന്റ്) പദ്ധതി എങ്ങനെ ആവിഷ്കരിക്കാമെന്നു പരിശോധിക്കുകയാണ് എന്ന് കമ്മിഷൻ നിർദ്ദേശിക്കുന്നു. ശക്തമായൊരു സപ്ലൈ മാനേജ്മെന്റ് വഴി വിപണിയിലേക്കുള്ള ഉത്പ്പന്നങ്ങളുടെ ഒഴുക്കിനെ നിയന്ത്രിക്കുകയും ക്രമീകരിക്കുകയും ചെയ്താൽ വിപണിയിൽ വിലയ്ക്കുണ്ടാകുന്ന അസാധാരണമായ ചാഞ്ചാട്ടത്തെ ഒഴിവാക്കാം. അതിന് ഉത്പ്പന്നങ്ങളുടെ വമ്പിച്ച സ്റ്റോക്ക് നിലനിറുത്തണം. ഇത് തീർച്ചയായും സാധ്യമാണ്. കാരണം കേരളീയ കാർഷികോത്പന്നങ്ങളിൽ ഭൂരിഭാഗത്തിനും ശേഖരണകാലം (shelf life) ഏതാണ്ട് ആറുമാസവും, അതിൽകൂടുതലും ഉള്ളതാണ്. അതിനാൽ ഇതിലേക്കായി ശേഖരണശാലകളുടെ ഒരു ശൃംഖലതന്നെ, കർഷകസംഘടനാതലത്തിലും, കാർഷികസഹകരണസംഘങ്ങളുടെ പ്രാഥമിക വിപണന തലത്തിലും, പൊതുവെയർഹൗസിംഗ് തലത്തിലും നിർമ്മിച്ച് ആ എല്ലാതലങ്ങളും ഏകോപിച്ച് പ്രവർത്തിച്ചാൽ ഒരു നിശ്ചിത അളവിൽ സപ്ലൈയെ പിടിച്ചുനിറുത്താൻ കഴിയുന്നതാണ്. എന്നാൽ ഇതെല്ലാം വിജയിക്കണമെങ്കിൽ കർഷകരും, പ്രാഥമികതലത്തിലുള്ള കച്ചവടക്കാരും, സംസ്ക്കരണത്തിലേർപ്പെട്ടിരിക്കുന്നവരും, നിർമ്മാതാക്കളും, കയറ്റുമതിക്കാരും തമ്മിൽ നല്ല പരസ്പര ധാരണയുണ്ടായിരിക്കുകയും സർക്കാർ ഒരു ഇടനിലക്കാരനായി പ്രവർത്തിക്കുകയും ചെയ്യേണ്ടതുണ്ട്. അങ്ങനെയാണെങ്കിൽ കാർഷികവ്യാപാരവുമായി ബന്ധപ്പെട്ട

എല്ലാവരുടേയും താല്പര്യങ്ങൾ സംരക്ഷിക്കുവാൻ സാധിക്കുന്ന വിധത്തിൽ വില നിലവാരം നിയന്ത്രണവിധേയമാക്കാൻ കഴിയുന്നതാണ്. ഇതിന് ബന്ധപ്പെട്ടവരുടെയെല്ലാം താല്പര്യങ്ങളെ ഏകോപിപ്പിച്ച് രമ്യപ്പെടുത്തേണ്ട ആവശ്യമുണ്ട്. ഓരോ വിഭാഗവും മറ്റു ഓരോ വിഭാഗത്തിനും കാർഷിക വ്യാപാരത്തിലുള്ള ഗണ്യമായ പങ്കിനേയും, സംഭാവനയേയും പരസ്പരം അറിഞ്ഞും അംഗീകരിച്ചും ആദരിച്ചും പ്രവർത്തിക്കുന്നതിലൂടെ മാത്രമേ സാദ്ധ്യമാവൂ. ഇക്കാര്യത്തിൽ കുട്ടനാടും, പാലക്കാട്ടും ഉണ്ടായ അനുഭവം ഒരു ചൂണ്ടുപലകയായി കാണുന്നത് നന്നായിരിക്കും. കുട്ടനാടും പാലക്കാട്ടും നെല്ലിന്റെ വില ന്യായമായ നിലവാരത്തിൽ പിടിച്ചുനിറുത്താൻ കഴിഞ്ഞു. ഇതിൽനിന്നും കർഷകസംഘടനകളുടെ പ്രവർത്തനത്തിന്റെയും, അതോടൊപ്പം താങ്ങുവിലയുടെ പ്രഖ്യാപനവുമായി സർക്കാർ കടന്നുവന്ന് നിർണ്ണായകമായി ഇടപെട്ടതിന്റെയും ഫലമായി കൊയ്ത്തുകഴിഞ്ഞ് സർക്കാർ സംഭരിച്ച നെല്ല് തീരെ കുറവായിരുന്നെങ്കിലും, കൊയ്ത്ത് കാലത്ത് നെല്ലിന്റെ വില യുക്തിസഹമായ നിലവാരത്തിൽ പിടിച്ചു നിറുത്തുവാൻ കഴിഞ്ഞതിൽ നിന്നും ഇത്തരം പരസ്പരധാരണയും ഏകോപനവും, സഹകരണവും തീർച്ചയായും വിജയിക്കുമെന്നാണ് തെളിയിച്ചിരിക്കുന്നത്.

## വ്യാപാര ഇടപാടുകളിൽ സുതാര്യത ഉറപ്പാക്കാൻ പൊതുവിപണിയിൽ നിബന്ധനകൾ

**1.4.9.3** പ്രാഥമിക നിരീക്ഷണത്തിൽതന്നെ വ്യക്തമാകുന്ന കാര്യം കർഷകരുടേതായ വിപണിയുടെ സ്ഥാപനം വളരെ ഫലപ്രദമാണെന്നാണ്. തമിഴ്നാട്ടിൽ 'ഉഴവർ ചന്ത'യെന്നും, കർണ്ണാടകയിൽ 'റെയ്തു വിപണി'യെന്നും, ആന്ധ്രപ്രദേശിൽ 'റെയ്തു ബസാർ' എന്നുമുള്ള പേരുകളിൽ സ്ഥാപിക്കപ്പെട്ട പൊതു കാർഷിക വിപണികൾക്ക് മദ്ധ്യവർത്തികൾ കർഷകരെ ചൂഷണം ചെയ്യുന്നതിനെ പൂർണ്ണമായി വിരാമമിടാൻ സഹായിച്ചു. കർഷകർതന്നെ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവയ്ക്കും ഇത്തരം വിപണികൾ വളരെ സഹായകരമാണ്. യഥാർത്ഥത്തിൽ പച്ചക്കറി-പഴവർഗ്ഗ വിഭവങ്ങൾക്ക് വിപണിയുടെ കാര്യത്തിൽ സൗകര്യക്കുറവുള്ളതല്ല പ്രശ്നം. ഈ വിപണികൾ ഒക്കെയും ജനങ്ങളുടെ സ്വന്തമാണ്. (നിയന്ത്രണമല്ല); പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടെയും വകയാണീ മാർക്കറ്റുകൾ. പ്രശ്നം, ഈ സ്ഥാപനങ്ങൾക്കെല്ലാം നിലവിലുള്ള നിയമങ്ങൾ ഈ മാർക്കറ്റുകളുടെ മാനേജ്മെന്റിന്റെ പ്രവർത്തനങ്ങളിൽ കർക്കശമായി നടപ്പിലാക്കാൻ കഴിയാതെ പോകുന്നതാണ്.

### 1.4.9.4 ഉത്പന്ന (ചരക്കുക)ങ്ങളുടെ വിപണിയും അവയുടെ വിനിമയവും

പഴയ ഫോർവേഡ് കോൺട്രാക്റ്റ്സ് (റഗുലേഷൻ) ആക്ട്, 1952 ഭേദഗതി ചെയ്യേണ്ടത് ഇപ്പോൾ ആവശ്യമായിത്തീർന്നിരിക്കുന്നു. ആ നിയമങ്ങൾ നിർമ്മിച്ചത് ഭക്ഷ്യസാധനങ്ങളുടെ ക്ഷാമം വളരെയേറെ ഗുരുതരമായിരുന്ന സാഹചര്യങ്ങളിലായിരുന്നു. ഇന്നത്തെ സ്ഥിതി വ്യത്യസ്തമാണ്. കാരണം ഉത്പന്നങ്ങളുടെ വിപണികൾ, ഭൗതികതലത്തിലും അവധിക്കച്ചവട തലത്തിലും പുന:പരിശോധന ചെയ്യപ്പെടേണ്ടതുണ്ട്. ഇന്ത്യയിലെ കർഷകജന കോടികൾക്ക് വളരെയേറെ നേട്ടമുണ്ടാക്കുന്ന ഒന്നാണ് ഒരു ഇന്ത്യൻ പൊതുവിപണി (Indian common market) യുടെ രൂപീകരണം. ഇതൊരു യാഥാർത്ഥ്യമാക്കുവാൻ സംസ്ഥാനങ്ങളും കേന്ദ്രവും പരസ്പരം സമ്മതിക്കണം. അതോടൊപ്പം നിലവിലുള്ള കാർഷികോത്പന്നങ്ങളുടെ അന്തർ-സംസ്ഥാന ചരക്കുനീക്കത്തെ സംബന്ധിച്ച തടസ്സങ്ങളെല്ലാം നീക്കുക എന്നതും പ്രധാനമാണ്. ഇതു നടപ്പിലാക്കുന്നതിനുമുമ്പായി സംസ്ഥാന സർക്കാരുകൾ തമ്മിലുള്ള വിശദമായ ചർച്ചകളുടെ ഒരു പ്രക്രിയ അനിവാര്യമാണ്. കാരണം ഇന്ത്യയുടെ ഫെഡറൽ ഭരണസംവിധാനത്തിൽ സംസ്ഥാനങ്ങളുടെ റവന്യൂ വരുമാനത്തിനായി ഏർപ്പെടുത്തിയിട്ടുള്ള നടപടിയാണ് അന്തർ-സംസ്ഥാന നികുതികൾ, എന്നതിനാൽ ഇക്കാര്യത്തിൽ ഒരു സമവായം അത്യാവശ്യമാണ്. നൂറുകോടി (ഒരു ബില്യൻ) യിലേറെ ജനസംഖ്യയുള്ള ഒരു രാജ്യത്തെ ജനങ്ങൾക്ക് ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ വിപണിയിൽ സുകരമായി ലഭ്യമാക്കുന്നതിന് നിർദ്ദേശിച്ച ഒരു പൊതുവിപണി നിലവിൽ വരേണ്ടതാവശ്യമാണ്. അത് നിലവിൽ വരുമ്പോൾ, സ്വാഭാവികമായും ഉൽപ്പന്നങ്ങളുടെ വൻതോതിലുള്ള ഒരു സംഭരണം ഉണ്ടാകുന്നതാണ്. ഈ സംഭരണാവസ്ഥയ്ക്ക് തീർച്ചയായും വിദേശ വിപണിയിലെ പ്രക്ഷുബ്ധതയിൽ നിന്നുണ്ടാവുന്ന വിലയിലെ വമ്പിച്ച അസ്ഥിരതകളേയും ചാഞ്ചാട്ടങ്ങളേയും ഇന്ത്യയ്ക്ക് ശക്തമായി പ്രതിരോധിക്കുവാനും കഴിയുന്നതാണ്.

### 1.4.10 വിലത്തകർച്ച മൂലമുണ്ടാകുന്ന നഷ്ടത്തിന് പരിഹാരവും, വിലസുസ്ഥിരതാ നിധിയും

മുമ്പ് നിർദ്ദേശിച്ചതുപോലുള്ള സർക്കാരിന്റെ ഭാഗത്തുനിന്നുള്ള വിപണി ഇടപെടലുകൾ കൂടാതെ മറ്റൊരു ഫലപ്രദമായ ഇടപെടൽ പരിപാടിയായിരിക്കും **വില സുസ്ഥിരാനിധി** രൂപീകരിക്കുക എന്നത്. അല്ലെങ്കിൽ അതിനുപകരം നില്കാൻ മറ്റൊരു സംവിധാനം ഏർപ്പെടുത്തിയാലും മതിയാകും. കേരളീയ കാർഷിക ഉൽപ്പന്നങ്ങൾക്കെല്ലാം കാലാകാലങ്ങളിൽ നേരിടേണ്ടിവരുന്ന വിലത്തകർച്ചകളിൽ നിന്നും കർഷകർക്കുണ്ടാകുന്ന നഷ്ടചേതങ്ങൾക്ക് പരിഹാരം നല്കാനുള്ള ഒരു ബദൽ സംവിധാനം ഏതായാലും ഏർപ്പെടുത്തേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ എല്ലാ വിവരങ്ങളും കമ്മിഷന് സമാഹരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഈ ലക്ഷ്യത്തിലേക്ക് കേന്ദ്ര സർക്കാർ മുന്നോട്ടുവച്ചിട്ടുള്ള പരിപാടികൾ അനുമോദനാർഹമാണ്. ഇക്കാര്യത്തിൽ കേരള സർക്കാർ ആവശ്യമായ പ്രചാരണങ്ങൾ സംഘടിപ്പിക്കുകയും സംസ്ഥാനത്തിന്റെ വ്യക്തമായ സംഭാവനകൾ ചെയ്യുകയും വേണം.

### 1.4.11 കയറ്റുമതി പ്രോത്സാഹനം

രാജ്യത്തിന്റെ വ്യാപാരരംഗത്ത് ലോകവ്യാപാരസംഘടന (WTO) നിലവിൽ വരുകയും അതിന്റെ വ്യവസ്ഥകൾ നമുക്ക് നടപ്പിലാക്കാൻ ബാദ്ധ്യസ്ഥത ഉണ്ടാവുകയും ചെയ്തതിന്റെ ഫലമായി രണ്ടുകൂട്ടം പ്രശ്നങ്ങളാണ് നമുക്ക് അഭിമുഖീകരിക്കേണ്ടതായിട്ടുള്ളത്. ഒരു കൂട്ടം, കയറ്റുമതി ചെയ്യുന്നവർ അതുമായി ബന്ധപ്പെട്ടവരെല്ലാം നേരിടേണ്ട പ്രശ്നങ്ങൾ. രണ്ട്, കാർഷിക ഉത്പ്പന്നങ്ങൾ വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ. എന്നാൽ ഇവ രണ്ടും, പ്രത്യേകം പ്രത്യേകം തന്നെ അവലോകനം ചെയ്തു വിലയിരുത്തേണ്ടതാണ്.

#### 1.4.11.1 കേരളത്തിന്റെ കയറ്റുമതിയുടെ കരുത്തും ബലഹീനതകളും

1. കേരളത്തിന്റെ കാർഷിക രംഗത്തിന്റെ മുഖ്യ കരുത്തുകളിൽ ഒന്ന് കയറ്റുമതി രംഗത്തുള്ള നമ്മുടെ ദീർഘകാലത്തെ പാരമ്പര്യം തന്നെയാണ്. ശക്തമായൊരു പാരമ്പര്യത്തിന്റെ ഒസ്യത്തായി നമുക്ക് വിവിധ സ്ഥാപനങ്ങളുടേയും ശൃംഖലകളുടേയും സാന്നിദ്ധ്യവുമുണ്ട്. കയറ്റുമതി ഉത്പ്പന്നങ്ങളുടെ സംഭരണം, ഗതാഗതം-കളപ്പുരയിൽ നിന്നും തുറമുഖം വരെ നീളുന്ന - നിയുക്ത വ്യാപാരികൾ, ഗ്രാമങ്ങളിലെ ചില്ലറ കച്ചവടക്കാർ, താലൂക്ക്-ജില്ലാ തലങ്ങളിലുള്ള മൊത്തവ്യാപാരികൾ, തുറമുഖത്തിലെ കമ്മീഷൻ, ഏജന്റുമാർ, കയറ്റുമതിക്കാർ തുടങ്ങിയവരുടെ ഒരു നിരതന്നെ, നൂറ്റാണ്ടുകളുടെ പ്രായമുള്ള കീഴ്വഴക്കങ്ങളുടെ ഭാഗമായി ഇന്നും തുടരുന്നുണ്ട്. കയറ്റുമതി ഉൽപ്പന്നങ്ങൾ എങ്ങിനെ വില്ക്കണമെന്ന കാര്യത്തിൽ നമ്മുടെ ഉത്പാദകർക്കുള്ള പരിചയവും, വിപണിയെക്കുറിച്ചുള്ള അറിവിന്റെ ശീഘ്രപ്രാപ്യത, തലമുറകളായി സ്ഥാപിതമായിട്ടുള്ള വിദേശ, ബാഹ്യബന്ധങ്ങൾ എല്ലാം കേരളത്തിന്റെ നേട്ടങ്ങൾ ആണ്. ഇവയ്ക്കെല്ലാം കാലത്തിന്റെ വിധിവിഹിതങ്ങളേയും വെല്ലുവിളികളേയും അതിജീവിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

2. എന്നാൽ നമ്മുടെ കാർഷിക വ്യവസ്ഥ വളരെ പ്രയോഗക്ഷമവും കാര്യക്ഷമവും അയവുള്ളതും ആണെങ്കിലും, ലോകവ്യാപാരസംഘടന (WTO) നിലവിൽവന്നതോടെ ഉയർന്നു വന്നിട്ടുള്ള പല വെല്ലുവിളികളേയും നേരിടുവാൻ ഇന്നത്തെ മിക്ക സമ്പ്രദായങ്ങളും അപര്യാപ്തമാണ്. വിശേഷിച്ചും, പുതിയതായി മത്സര രംഗത്തേക്കുവന്നിട്ടുള്ള (വിയറ്റ്നാം കുരുമുളകിലും, ഗ്വാട്ടിമാല ഏലത്തിലും) രാജ്യങ്ങളുമായി അന്താരാഷ്ട്രതലത്തിൽ ഉണ്ടാവുന്ന മത്സരങ്ങൾ നേരിടാൻ അപര്യാപ്തമാണ്. രണ്ടാമതായി, പരമ്പരാഗത ഉത്പാദന സമ്പ്രദായങ്ങൾ, സ്റ്റോറേജ്, സംസ്കരണം എന്നിവയിൽ ക്രമേണ അന്താരാഷ്ട്ര ഗുണനിലവാരത്തിൽ നാം വളരെ പിന്നോക്കം പൊയ്ക്കൊണ്ടിരിക്കുകയാണ്. മൂന്നാമത്തെ ദൗർബല്യം ആണ് ഉത്പ്പന്നങ്ങളിൽ ഏറിയകൂറും മൂല്യവർദ്ധനവില്ലാതെ കയറ്റുമതി ചെയ്യുന്നത്. നാലാമതായി, കേരളത്തിന്റെ ഉത്പാദന വ്യവസ്ഥയുടെ ദൗർബല്യമായി എടുത്തു പറയാവുന്നത് കൃഷിയെ സംബന്ധിച്ച കരാറി (AOA)ന്റെ വ്യവസ്ഥകൾക്ക് അനുരോധമായി തുറന്നു കിട്ടുന്ന വിപണിയുടെ അവസരങ്ങൾ മുതലാക്കുവാൻ കഴിയുന്നതരത്തിലല്ല, കേരളത്തിന്റെ ഉത്പാദന വ്യവസ്ഥയെ കരുപിടിപ്പിച്ചിട്ടുള്ളത് എന്നതാണ്. ഈ പ്രതിസന്ധികൾ എല്ലാം തന്നെ കൂട്ടായ ദൃഢനിശ്ചയത്തോടുകൂടിയ പ്രയത്നത്തിലൂടെ നമുക്ക് മറികടക്കാനാവുന്നതാണ്.

3. മത്സര രംഗത്തുള്ള മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി (അവയിൽ പലതും ഇന്ത്യയെപ്പോലെ വികസ്വര രാജ്യങ്ങളാണ്) മത്സരത്തിലേർപ്പെടുന്നതായ ഉത്പ്പന്നങ്ങളുടെ ഉത്പാദനച്ചെലവിന്റെ കാര്യത്തിൽ നേട്ടമുള്ള സ്ഥിതിയല്ല സംസ്ഥാനത്തിന്റേത്. മറ്റു സംസ്ഥാനങ്ങളിൽ ഉത്പാദനച്ചെലവു കുറയുവാൻ കാരണം അവിടുത്തെ കുറഞ്ഞ പണിക്കൂലിയാണ്. കേരളത്തിന്റെ അമിതമായ ഉത്പാദനച്ചെലവിനു കാരണം ആപേക്ഷികമായ വളരെ ഉയർന്ന കൂലിയാണ്. കുറഞ്ഞ കൂലിച്ചെലവുള്ള വിയറ്റ്നാംപോലുള്ള രാജ്യങ്ങൾ കൂടുതൽ കൂടുതൽ ശക്തിയോടെ വിപണിയിൽ മത്സരിക്കാനെത്തുന്നു. കേരളത്തിന്റെ മാത്സര്യ

ക്ഷമത നിലനിറുത്താൻ കൂലിച്ചെലവും ഉത്പാദനച്ചെലവും കുറയ്ക്കുന്നതുകൊണ്ടുമാത്രം സാദ്ധ്യമല്ല. മറിച്ച്, ഉത്പാദനനിലവാരവും വളരെയേറെ ഉയർത്തുകയേ പോംവഴിയുള്ളൂ. മത്സരരംഗത്തുള്ള മിക്ക രാജ്യക്കാരും ഉത്പാദനവർദ്ധനവിന്റെ കാര്യത്തിൽ മുൻപന്തിയിലെത്തിയവരാണ്. ഉത്പാദനച്ചെലവ് പരമാവധി കുറച്ചുകൊണ്ട് ഉത്പാദനവർദ്ധനവ് നേടിയെടുക്കാൻ ദൃഢപ്രതിജ്ഞയോടുകൂടിയ പരിശ്രമങ്ങൾ ആവശ്യമാണ്. അതിനായി ഉയർന്ന ഉത്പാദനക്ഷമതയുള്ള പുതിയ ഉത്പാദനക്ഷമത കൂടുതലുള്ള പുതിയ ഇനം തൈകൾ വച്ചുപിടിപ്പിക്കുവാനുള്ള ശ്രമം (പ്ലാന്റിംഗ്) ഉടൻ ആരംഭിക്കണം. അതിനാവശ്യമായ നടീൽ വസ്തുക്കൾ (അവ ഇന്ന് വളരെയേറെ ലഭ്യമാണ്) സ്വീകരിച്ചുകൊണ്ട് മുമ്പ് പരാമർശിച്ചതായ വൃക്ഷവിളകളുടെ കാര്യത്തിൽ കൂടുതൽ ശാസ്ത്രീയമായ കാർഷിക മാനേജ്മെന്റ് നടപടിക്രമങ്ങൾ നടപ്പിൽ വരുത്തുകയും വേണം.

4. ഇന്നത്തെ ആഗോള സാഹചര്യങ്ങളിൽ മുകളിൽ പറഞ്ഞ നടപടികളുടെ നേട്ടങ്ങൾ തുടർന്നും നിലനിറുത്തുന്നതിന് കേരളം സ്വന്തം ഉത്പന്നങ്ങൾക്ക് ശ്രദ്ധേയമായ ലേബലുകൾ തയ്യാറാക്കുന്നതിലും, എല്ലാ ബ്രാണ്ടുകൾക്കും തുല്യമായ ഗുണനിലവാരം ഉറപ്പാക്കുന്നതിലും, ഉത്പ്പന്ന വൈവിദ്ധ്യവത്ക്കരണത്തിലേക്കും ശ്രദ്ധതിരിക്കേണ്ടതായിട്ടുണ്ട്. പാരിസ്ഥിതികമായി യശസ്സും അംഗീകാരവും നേടിയിട്ടുള്ള ലേബലുകൾ ഉള്ളതായ ജൈവഭക്ഷ്യവിഭവങ്ങളുടെ ഉത്പാദനത്തിൽ കേരളത്തിന് വമ്പിച്ച തോതിലുള്ള നിരവധി അവസരങ്ങളാണുള്ളത്. കേരളീയ ഉത്പന്നങ്ങൾക്ക് വികസിത രാജ്യങ്ങളിലെ വിപണികളിൽ ഇപ്പോഴും നല്ല പ്രിയമാണ്. കേരളീയ ഉത്പന്നങ്ങൾക്ക് നല്ല വിപണിയുള്ള വികസിത രാജ്യങ്ങളിൽ വിശദമായ (ഡിമാന്റിന്റെ) സർവ്വേ നടത്തേണ്ടതുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആ വിപണികളെ കേരളത്തിന് പൂർണ്ണമായും ഉപയോഗപ്പെടുത്തുവാൻ കഴിയുന്നതാണ്. അന്താരാഷ്ട്രതലത്തിൽ അംഗീകാരമുള്ള സാക്ഷ്യപത്രങ്ങൾ, ലേബലിംഗ് എന്നിവ ചെയ്യുന്ന ഏജൻസികൾക്ക് രൂപം കൊടുക്കേണ്ടതായിട്ടുണ്ട്. അങ്ങനെ വരുമ്പോൾ പരിഃസ്ഥിതിമിത്രങ്ങളായ ജൈവകാർഷിക ഉത്പന്നങ്ങളുടെ കയറ്റുമതി വളരെയേറെ അഭിവൃദ്ധിപ്പെടുന്നതാണ്. സർട്ടിഫിക്കേഷനുള്ള മാനദണ്ഡങ്ങൾ പുന:രവലോകനം ചെയ്യപ്പെടുന്നതിനായി ഒരു പ്രത്യേക ടാസ്ക് ഫോഴ്സ് രൂപീകരിക്കണം. കൂടാതെ സാക്ഷ്യപ്പെടുത്തുവാനുള്ള മാനദണ്ഡങ്ങൾ കാലാനുസൃതമായി നവീകരിക്കുകയും വേണം.

5. ചെറിയ തോതിലാണെങ്കിൽപോലും, വികസ്വരരാജ്യങ്ങൾ എല്ലാം, വിശേഷിച്ചും ആഫ്രിക്കൻ രാജ്യങ്ങൾ കേരളത്തിന്റെ പരമ്പരാഗത കയറ്റുമതി ഉത്പന്നങ്ങളിൽ വലിയ താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്. ഇത്തരം അവസരങ്ങളെ എല്ലാം ഏകോപിപ്പിച്ച് പ്രവർത്തിക്കേണ്ടത് ആവശ്യമാണ്.

### 1.4.11.2 ഒരിക്കൽ ഇറക്കുമതി ചെയ്ത സാധനങ്ങൾ കയറ്റുമതി ചെയ്യാനുള്ള നിയമത്തിന്റെ ദുർവിനിയോഗം തടയുക

ഇന്ത്യൻ കയറ്റുമതിയുടെ പ്രാഥമികതലത്തിനും, ആഭ്യന്തരവിപണിയിലെ ഉത്പന്നങ്ങളുടെ വിലയ്ക്കും അതിവിദൂരഭാവിയിൽ നേരിടേണ്ടിവരുന്ന ഒരു ഭീഷണിയാണ്, ഒരിക്കൽ ഇറക്കുമതിചെയ്ത അതേ ഉത്പന്നങ്ങൾ തന്നെ മൂല്യവർദ്ധനയ്ക്കുശേഷം കയറ്റി അയയ്ക്കുന്ന ഏർപ്പാട്. ഇത് കൃഷിയെ സംബന്ധിച്ച കരാറി(AOA)ന്റെ വ്യവസ്ഥകൾ അനുശാസിക്കുന്ന ഇറക്കുമതിയിൽ നിന്നു വേറിട്ടു നിൽക്കുന്ന പ്രക്രിയയാണ്. അപ്രകാരമുള്ള ഇറക്കുമതികൾ തത്വത്തിൽ അഭിലഷണീയമാണെങ്കിലും, കാപ്പി തേയില എന്നിവയുടെ കാര്യത്തിൽ ഇറക്കുമതി ചെയ്തവ തന്നെ പിന്നീട് മൂല്യവർദ്ധനയ്ക്കുശേഷം കയറ്റി അയയ്ക്കാൻ അനുവാദം നൽകുന്ന വ്യവസ്ഥകളെ ദുർവിനിയോഗം ചെയ്യുന്ന സ്ഥിതി ഇന്നുണ്ട്. ഇത് ഇന്ത്യയിലെ ഉത്പാദകരുടെയും, വിപുലമായ അർത്ഥത്തിൽ രാജ്യത്തിന്റെയും താല്പര്യങ്ങൾക്ക് ഹാനികരമാണ്. റിപ്പോർട്ടുകൾ അനുസരിച്ച് വളരെ താണ നിലവാരമുള്ള ഉത്പന്നങ്ങൾ (ഉദാ: തേയില), കേരളവുമായി വ്യാപാരരംഗത്ത് മത്സരിക്കുന്ന രാജ്യങ്ങളിൽ നിന്നും കുറഞ്ഞ വിലയ്ക്ക് ഇറക്കുമതിചെയ്തശേഷം നാമമാത്രമായ മൂല്യവർദ്ധന നടത്തി വിദേശവിപണിയിലേക്ക് അയയ്ക്കുന്നു. ആഭ്യന്തരമായും ഇവ വിറ്റഴിക്കുന്നു. പരമ്പരാഗത ഇന്ത്യൻ വിപണിയിൽ വിറ്റഴിക്കുവാൻ നിയമത്തിലുള്ള ചില പഴുതുകൾ പ്രയോജനപ്പെടുത്തുന്നു. നിലവിലുള്ള നിയമങ്ങൾ എത്രമാത്രം മൂല്യവർദ്ധന വേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടില്ല. ഈ കുറവുകൾ പരിഹരിക്കുകയും ഇത്തരം കയറ്റുമതി ആഭ്യന്തരവിപണി കയ്യേറ്റവും തടയേണ്ടതാണ്. കാർഷിക ഉൽപ്പന്നങ്ങളുടെ ഇറക്കുമതി അനുവദിക്കുന്നത് അവയെ മൂല്യവർദ്ധന നടത്തിയശേഷം കയറ്റുമതി ചെയ്ത് രാജ്യത്തിന്റെ വിദേശനാണയ വിനിമയശേഷി വർദ്ധിപ്പിക്കാനായിരുന്നു. മൂല്യവർദ്ധന ഏതായിരുന്നാലും വളരെ പ്രാധാന്യം ഉള്ള കാര്യമാണ്. ഇറക്കുമതി താരിഫിനു തുല്യമായ മൂല്യത്തിന്റെ പരിധിവരെ മൂല്യവർദ്ധനയുണ്ടാവണം. കുറഞ്ഞ നിലവാരമുള്ള ഉൽപ്പന്നങ്ങളുടെ ഇറക്കുമതിയും വീണ്ടുമുള്ള മൂല്യവർദ്ധനകൂടാതെയുള്ള കയറ്റുമതിയും നടത്തി നിയമം ദുർവിനിയോഗം ചെയ്യപ്പെട്ട സന്ദർഭങ്ങൾ, ഇന്ത്യൻ ഉൽപ്പന്നങ്ങളെക്കുറിച്ച്

വിദേശത്തുണ്ടായിരുന്ന പ്രതിഛായ നഷ്ടപ്പെടുത്താനിടയാക്കിയിട്ടുണ്ട്. കൂടാതെ ഇപ്രകാരമുള്ള കയറ്റുമതി ഇന്ത്യയ്ക്ക് വിപണിയിലുള്ള പങ്കിനെ വെട്ടിചുരുക്കുകയും അത് കനത്ത സാമ്പത്തിക തിരിച്ചടിയ്ക്കിടയാക്കുകയും ചെയ്യുന്നു. പ്രത്യേകിച്ചും ഇന്ത്യൻ ഉത്പാദകർ വിറ്റഴിക്കാൻ ബുദ്ധിമുട്ടുന്ന തേയിലയുടേയും കാപ്പിയുടേയും കെട്ടിക്കിടക്കുന്ന മിച്ചത്തെ ഇത് കഷ്ടത്തിലാക്കുന്നു. വിദേശ ആഭ്യന്തര വിപണി നഷ്ടമാകുന്നതോടെ ആഭ്യന്തര ഉത്പാദനം വളരെ കുറയ്ക്കേണ്ടി വരികയും അത് തൊഴിൽ സാദ്ധ്യതകളെ ഗണ്യമായി കുറയ്ക്കുകയും ചെയ്യുന്നു. അതിനാൽ, ഉത്പന്നങ്ങളുടെ ഉറവിടം അവയുടെ ഉത്പാദന സ്രോതസ്സ് എന്നിവയെ സാക്ഷ്യപ്പെടുത്തുവാൻ ആധികാരികമായ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരായിരിക്കണം എന്ന് വ്യക്തമായി നിർവ്വചിക്കപ്പെടണം. ഈ പ്രശ്നം കേന്ദ്ര വാണിജ്യ മന്ത്രാലയം കമോഡിറ്റി ബോർഡുകളുമായി ചർച്ച ചെയ്യുകയും ശ്രദ്ധാപൂർവ്വം എല്ലാ വശവും പഠിച്ച് വേണ്ട നടപടികൾ സ്വീകരിക്കുകയും വേണം. ഇത്തരം കയറ്റുമതികൾ നടക്കുമ്പോൾ, ഭക്ഷ്യത്തിൽ മായം ചേർക്കുന്നതിനെതിരായ ചട്ടത്തിൽ (FAആക്ട്) അനുശാസിക്കുന്ന നിയമങ്ങൾ എങ്കിലും കർശനമായി നിഷ്കർഷിക്കാവുന്നതാണ്. (അതിലും മെച്ചപ്പെട്ട മാനദണ്ഡങ്ങൾ സ്റ്റാറ്റ്യൂട്ടിൽ, കയറ്റുമതി ചട്ടങ്ങളിൽ ഇല്ലാത്ത പക്ഷം).

## ഇറക്കുമതിയെ സംബന്ധിച്ച എല്ലാ സ്ഥിതി വിവരങ്ങളും

1.4.11.3 വിദേശവ്യാപാരത്തിന്റെയും വാണിജ്യത്തിന്റെയും കേന്ദ്രമന്ത്രാലയങ്ങൾ വെബ്സൈറ്റുകളിൽ ഇറക്കുമതിയെ സംബന്ധിച്ച എല്ലാ വിവരങ്ങളും, (Stt) വസ്തുസ്ഥിതിവിവരക്കണക്കുകളും കൃത്യമായി ദിനംപ്രതി രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മാത്രമേ കർമ്മോന്മുഖമായ നടപടികൾ കൃത്യമായി എടുക്കുവാനും, ഡിമാന്റും (ആവശ്യം) സപ്ലൈയും (ലഭ്യതയും) തമ്മിലുള്ള സന്തുലനതയും മറ്റും ഉറപ്പുവരുത്താൻ കഴിയൂ. വിശ്വസനീയമായ കാര്യ വിവരങ്ങളുടെ ലഭ്യതയും പ്രാപ്യതയും വളരെക്കുറവും, 'ഗാട്ട്' റൗണ്ട് അനുരഞ്ജനങ്ങളുടെ വിവിധഘട്ടങ്ങളുടെ വിപുലമായ ചർച്ചകളുടെ വിശദാംശങ്ങൾ ഇല്ലാതിരിക്കുയും ചെയ്ത ഒരു സാഹചര്യത്തിലായിരുന്നു. ഇന്ത്യ, ലോകവ്യാപാരസംഘടനയിൽ അംഗമാകാനിടയായതും തുടർന്നു കാർഷിക കരാറി(AOA)ന്റെ വ്യവസ്ഥകൾ പ്രാബല്യത്തിൽ വരാൻ തുടങ്ങുകയും ചെയ്തപ്പോഴാണ് ഇന്ത്യയിൽ ഗൗരവബുദ്ധിയോടുകൂടിയ ചർച്ചകൾക്കും വൈകാരികമായ പൊട്ടിത്തെറികൾക്കും കാരണമായത്. എന്നാൽ ദോഹ മന്ത്രിതല സമ്മേളന കാലമായപ്പോഴേക്കും ആ സ്ഥിതിയിൽ ഗണ്യമായ മാറ്റമുണ്ടായി. ഇതൊരു പാഠമായി കരുതേണ്ടതാണ്. ലോകവ്യാപാര കാര്യങ്ങളിലും അനുബന്ധ വിഷയങ്ങളിലും നല്ല അറിവുള്ളവർ പങ്കെടുക്കുന്ന ചർച്ചകളാണ് എപ്പോഴും ആവശ്യം. ഇത്തരം അത്യധികം പ്രാധാന്യമുള്ള വിഷയങ്ങളിൽ ബഹുജനങ്ങളുടെ വിശ്വാസം ഭരണാധികാരികൾ ആർജ്ജിക്കേണ്ടതുണ്ട്. ലോകവ്യാപാര സംഘടന (WTO)യിൽ ഇന്ത്യ അംഗമായതും അതിന്റെ സാർവ്വത്രികവും ദൂരവ്യാപകവുമായ സൂചനകളും പരിവർത്തനങ്ങളും എല്ലാം ഗൗരവമായ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്.

## 1.4.12 കാർഷിക വ്യാപാരപുരോഗതിയ്ക്ക് ഒരു കല്പിത സർവ്വകലാശാല സ്ഥാപിക്കുക

1. വ്യാപാരത്തിന്റെ ഉദാരവത്ക്കരണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഫലം, അത് കാർഷികരംഗത്ത് ആകമാനം ആധുനിക വിജ്ഞാനവും വിവരങ്ങളും അതിശക്തവും വ്യാപകവുമായി പ്രയോഗിക്കേണ്ടതായ ഒരു ഘട്ടം വരുത്തിയിരിക്കുന്നു എന്നതാണ്. എപ്പോഴും വ്യപാരരംഗത്ത് മാത്സര്യക്ഷമത അനിവാര്യമാണ്. അതുകൊണ്ട് കർഷകർക്കും, തോട്ട കൃഷിക്കാർക്കും കൃഷിയുമായി ബന്ധപ്പെട്ട എല്ലാവർക്കും കൃഷിയെക്കുറിച്ചും ആഭ്യന്തരമായും ആഗോളമായും ഉള്ള വ്യാപാരത്തെക്കുറിച്ചുള്ള എല്ലാപ്രശ്നങ്ങളെപ്പറ്റിയും, അവയിൽ വെളിച്ചം വീശുന്ന എല്ലാവിധ ആധുനിക വിജ്ഞാനവും, വിവരങ്ങളും, നിരന്തരം എത്തിച്ചുകൊടുക്കുവാൻ നാം ബാദ്ധ്യസ്ഥരാണ്. ഗുണനിലവാരത്തെ സംബന്ധിച്ചും, സാനിട്ടറി ഫൈറ്റോസാനിട്ടറി മാനദണ്ഡങ്ങളും, അതുപോലെ കോഡക്സ് എലിമെന്റേറിയസ് മാനദണ്ഡങ്ങളും സംബന്ധിച്ചും അവർക്ക് അറിവു നൽകേണ്ടതുണ്ട്. ഗുണനിലവാരം, കാർഷികവ്യാപാര നിയമങ്ങൾ, പേറ്റന്റ് എന്നിവയെക്കുറിച്ചെല്ലാം മികച്ച സാക്ഷരത വ്യാപകമാക്കണം. അപ്രകാരമുള്ള അറിവും വിവരങ്ങളും നല്കി കാർഷിക വ്യാപാരത്തിൽ കാർഷികജനതയെ ശാക്തീകരിക്കുവാനും, വിവരവിജ്ഞാനവ്യാപനപരിപാടികൾ ഓരോ കാർഷിക കുടുംബത്തിലും എത്തിക്കുകയും വേണം. **അത്തരം പരിപാടികളിൽ നിന്നും മുമ്പ് അവരെ ഒഴിവാക്കിയിരുന്നു എങ്കിൽ ഇനി അറിവിലൂടെ കർഷകജനതയെ ശാക്തീകരിക്കുവാനുള്ള പരിപാടികൾ ആവിഷ്ക്കരിച്ചുനടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്.**

2. ഈ ലക്ഷ്യം സാദ്ധിക്കുവാൻ 21-ാം നൂറ്റാണ്ടിൽ അനുപേക്ഷണീയമായ ഒരു സ്ഥാപനമെന്ന നിലയിൽ ഒരു കല്പിത സർവ്വകലാശാല (Virtual University) സ്ഥാപിക്കണമെന്ന് കമ്മിഷൻ നിർദ്ദേശിക്കുന്നു.

ഈ സർവ്വകലാശാലയ്ക്ക് ഇന്ന് കേരളത്തിൽ നടന്നുവരുന്ന വിവര സാങ്കേതിക വിദ്യയുടേയും, വാർത്താ വിനിമയ ദൃശ്യ ശ്രാവ്യ മാദ്ധ്യമ രംഗത്തെ വികസനത്തിന്റെയും വിപ്ലവത്തിൽ നിന്നും ശക്തി ആർജ്ജിക്കുവാൻ കഴിയണം. കമ്പ്യൂട്ടറിന്റെ സഹായത്തോടെ ഇന്റർനെറ്റുമായി ബന്ധപ്പെടുത്തി പ്രവർത്തിപ്പിക്കേണ്ട കല്പിത സർവ്വകലാശാലയ്ക്ക് ഒരു ആധാരകേന്ദ്രവും (ഹബ്ബും) അതിനുചുറ്റും പൽ ചക്രങ്ങൾപോലെ (സ്പോക്കുകൾ)യുള്ള ഉപകേന്ദ്രങ്ങളും സൃഷ്ടിച്ച് (ഹബ്ബും സ്പോക്കും സമ്പ്രദായത്തിലെന്നപോലെ) രൂപ കല്പന ചെയ്യാവുന്നതാണ്. കേരളാ സർവ്വകലാശാലപോലുള്ള ഒരു സ്ഥാപനത്തെ അതിന്റെ ആധാര കേന്ദ്രവും ഓരോ ഉപകേന്ദ്രങ്ങളായി ഓരോ ജില്ലാ ആസ്ഥാനവും സ്ഥാപിക്കാവുന്നതാണ്. ഈ മുഖ്യ സർവ്വ കലാശാലാ കേന്ദ്രത്തെ ജില്ലാ ഉപകേന്ദ്രങ്ങളോടും അവയെ ടെലിവിഷൻ ചാനലുകളുമായും ഗ്രാമങ്ങളി ലേയും പട്ടണങ്ങളിലേയും റേഡിയോകളുമായും സംയോജിപ്പിച്ച് പ്രവർത്തിക്കുന്നപക്ഷം കാർഷിക വിജ്ഞാ നവും പ്രസക്ത വിവരങ്ങളും അനുദിനം കേരളത്തിലെ ഓരോ കർഷക ഭവനത്തിലും എത്തിക്കാൻ കഴിയും എന്നകാര്യം തീർച്ചയാണ്. അങ്ങിനെ കേരളത്തിന്റെ കാർഷിക-വ്യാപാരരംഗത്ത് വമ്പിച്ച പുരോഗതിക്ക് ഈ കല്പിത സർവ്വകലാശാല വഴിതെളിക്കുകയും ചെയ്യും.

3. കാർഷിക വ്യാപാര രംഗത്ത് കല്പിത സർവ്വകലാശാലയുടെ പ്രവർത്തനം ഫലപ്രദമാകണമെങ്കിൽ, നല്കുന്ന വിവരങ്ങൾ ഓരോരോകാലത്തിനും ഓരോരോപ്രദേശത്തിനും ഓരോവിളകൾക്കും പ്രത്യേകം പ്രസക്തമായതും ഗുണപരമായ ഉയർന്നനിലവാരം ഉള്ളതുമായിരിക്കണം. കാർഷിക രംഗത്തെ പ്രതിസ ന്ധിമൂലം ബുദ്ധിമുട്ടുന്ന, കൃഷിയുമായി അഭേദ്യമായി ബന്ധപ്പെട്ട എല്ലാവർക്കും എത്തിച്ചുകൊടുക്കുന്ന വിജ്ഞാനം കാലിക പ്രാധാന്യമുള്ളതും, സജീവവും, ജെനറിക്കും (ഓരോ പ്രത്യേക കാർഷികവിളയുടെ കാര്യത്തിലും ആവശ്യമായ) ആയ വിജ്ഞാന വ്യാപനത്തിൽ ഊന്നിയുള്ളതായിരിക്കണം. നിർദ്ദിഷ്ട കല്പിത സർവ്വകലാശാലയുടെ പ്രവർത്തനങ്ങളുടെ ഒരു കരട് രൂപരേഖ കേരളസർവ്വകലാശാല തയ്യാറാക്കിയിട്ടു ണ്ട്. അത് ഈ റിപ്പോർട്ടിന്റെ രണ്ടാം അനുബന്ധമായി കൊടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ വിവ രങ്ങൾ ശേഖരിക്കുന്നവരും, വിവരവ്യാപനത്തിലേർപ്പെട്ടിരിക്കുന്നവരുമായ I.S.R.O., IMD, കേരളസർവ്വക ലാശാല, APEDA, N.D.D.B, N.H.D.B., കമ്മോഡിറ്റിബോർഡുകൾ, കാർഷിക വകുപ്പ് മന്ത്രാലയങ്ങൾ, കേന്ദ്രസർക്കാരിന്റെ വാണിജ്യ-വിദേശവ്യാപാരവകുപ്പുകൾ, CSIR, ICAR എന്നിവയും, വിജ്ഞാനാർത്ഥി കളായ കർഷക കുടുംബങ്ങൾ, തോട്ടകൃഷിക്കാർ, കയറ്റുമതിക്കാർ, വനിതാസംഘടനകൾ, വ്യാപാരികൾ എന്നിവരും, വിജ്ഞാനവിവര വ്യാപനത്തെ നിയന്ത്രിക്കുന്ന ICT വിദഗ്ധന്മാർ, ദൃശ്യ-ശ്രാവ്യമാധ്യമങ്ങൾ, പത്രമാധ്യമങ്ങൾ, എക്സ്റ്റൻഷൻ കാര്യനിർവ്വാഹകർ, മറ്റുവിദഗ്ധന്മാർ തുടങ്ങിയവരും, നയരൂപീകരണച്ചു മതലവഹിക്കുന്ന സർക്കാരിന്റെ വിവിധവകുപ്പ് സെക്രട്ടറിമാർ, വൈസ്ചെയർമാൻ, സംസ്ഥാനആസൂത്രണ കമ്മിഷൻ, UNDP പ്രതിനിധികൾ, മറ്റുപ്രബല ധനസഹായ ഏജൻസികൾ എന്നിവർ പങ്കെടുക്കുന്ന ഒരു 'ബ്രെയിൻ സ്റ്റോമിംഗ്' ശില്പശാല വിളിച്ചുകൂട്ടുന്നത് ഗുണകരമായിരിക്കും. 2002 ജനുവരി 26ന് കാർഷിക വ്യാപാരത്തിന്റെ പുരോഗതിയ്ക്കായുള്ള ഈ കല്പിത സർവ്വകലാശാലയുടെ ഉത്ഘാടനം ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി നിർവ്വഹിക്കുന്നത് ഉചിതമായിരിക്കും. കാരണം എത്രയും വേഗം ഉത്പാദകരേയും, വ്യാപാ രികളേയും, കയറ്റുമതിക്കാരേയും, ഉപഭോക്താക്കളേയും നാം വിജ്ഞാനവിവരങ്ങൾ കൊണ്ട് ശക്തരാക്കാ നാവശ്യമായ നടപടികൾ സ്വീകരിക്കുന്നുവോ, അത്രയും വേഗം സംസ്ഥാനത്തിന് സുസ്ഥിരമായ ഒരു കാർഷിക വ്യാപാരസുരക്ഷാവ്യവസ്ഥയ്ക്ക് അടിത്തറ ഇടുവാൻ കഴിയുന്നതാണ്.

### 1.4.13 സാനിട്ടറി ഫൈറ്റോസാനിട്ടറി മാനദണ്ഡങ്ങൾ

#### 1.4.13.1 ഗുണനിലവാര സാക്ഷരതാപ്രസ്ഥാനം

സാനിട്ടറി ഫൈറ്റോസാനിട്ടറി വ്യവസ്ഥകൾക്ക് തികച്ചും ന്യായവും നീതിപൂർവ്വവുമായ അന്താരാഷ്ട്ര അംഗീകാരമുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് നിലവിൽ കൊണ്ടുവരുന്ന പ്രക്രിയയിൽ കേന്ദ്രസർക്കാർ സജീ വമായി പങ്കുകൊള്ളേണ്ടതാണ്. അല്ലാത്തപക്ഷം പല ഗുണനിലവാര നിർണ്ണയ വ്യവസ്ഥകളും നമ്മുടെ കയറ്റുമതിക്ക് തടസ്സമുണ്ടാക്കുന്നതാണ്. അതിനാൽ താഴെപ്പറയുന്ന ഏതാനും നടപടികൾ കേരളത്തിൽ അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

1. വിളവെടുപ്പിനുശേഷമുള്ള അടിസ്ഥാനസൗകര്യങ്ങൾ ശക്തമാക്കുക.

2. ഭക്ഷ്യധാന്യങ്ങൾ സംസ്ക്കരിക്കുകയും, ക്ഷീരവും മാംസ്യവും നല്കുന്ന മൃഗങ്ങളെ വളർത്തുന്ന പരിസരങ്ങളുടെ ശുചിത്വം മെച്ചപ്പെടുത്തുക.

3. ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്ന 'കോഡക്സ് എലിമെന്റേറിയസ്' മാനദണ്ഡങ്ങൾ (സസ്യങ്ങൾ, വിളകൾ എന്നിവയുടെ ശുചിത്വവും രോഗാണുവിമുക്തനയം ഉറപ്പാക്കുന്ന) സാനിട്ടറി-ഫൈറ്റോ സാനിട്ടറി

വ്യവസ്ഥകൾ, ക്വാറന്റയിൽ നടപടികൾ എന്നിവയെ നിയന്ത്രിക്കുന്ന സംസ്ഥാന സർക്കാർ സ്ഥാപനങ്ങളുടെ ശേഷിയും കാര്യക്ഷമതയും വർദ്ധിപ്പിക്കുക.

4. ഗുണനിലവാര സാക്ഷരതയ്ക്കായി ഒരു പ്രസ്ഥാനം ആരംഭിക്കുകയും, ഗുണനിലവാരം നിയന്ത്രിക്കുന്നതിന് നിയോഗിക്കുവാൻ ഓരോ ഗ്രാമപഞ്ചായത്തിൽ കുറഞ്ഞത് 2 പുരുഷന്മാർക്കും 2 സ്ത്രീകൾക്കും പരിശീലനം നൽകുക.

### 1.4.13.2 കോഡൻസ് എലിമെന്റേറിയസ് വ്യവസ്ഥകൾ

ഭക്ഷ്യസുരക്ഷയ്ക്കായി ലോക ഭക്ഷ്യ-കാർഷിക സംഘടന (FAO) നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകളിലെ ചില വസ്തുതകൾ നമ്മുടെ വിപണി പ്രാപ്യതയെ ഗണ്യമായി തടസ്സപ്പെടുത്തുന്നവയാണ്. അവയെ നേരിട്ട് മറികടക്കുവാൻ തീർച്ചയായും വിളവെടുപ്പിനുശേഷം ആവശ്യമായ സാങ്കേതികത്വത്തേയും സാനിട്ടറി ഫൈറ്റോസാനിട്ടറി നടപടികളെയും നാം ശക്തമാക്കിയാൽ മാത്രമേ സാധിക്കുകയുള്ളു. സാനിട്ടറി-ഫൈറ്റോസാനിട്ടറി നടപടികളുടേയും, കോഡൻസ് എലിമെന്റേറിയസ് നിലവാരങ്ങളുടേയും അടിസ്ഥാനഘടന അടിയന്തിരമായി ശക്തമാക്കേണ്ടതാണ്.

### 1.4.13.3. നാമറിയാതെ കടന്നുവരുന്ന കീടങ്ങളേയും രോഗങ്ങളേയും ആക്രമകാരികളായ അന്യപ്രാണി വർഗ്ഗങ്ങളേയും പ്രതിരോധിക്കുക

അസംഖ്യം സൂക്ഷ്മപ്രാണികൾ, കീടങ്ങൾ, കളകൾ എന്നിവ രാജ്യത്തേക്ക് ഇറക്കുമതി ചെയ്യപ്പെടുന്ന ധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ, കോഴി, താറാവ് എന്നിവയുടേയും അവയുടെ തീറ്റയുടേയും കൂടെ കടന്നുവരുന്നുണ്ട്. ഡൽഹിയിലെ കേന്ദ്ര കാർഷിക ഗവേഷണകേന്ദ്രത്തിന്റെ (ICAR) കാഴിലുള്ള സസ്യജനിത സ്രോതസ്സുകളുടെ ദേശീയ ബ്യൂറോ (NBPGR) നല്കുന്ന ഒരു അപകട സൂചനയിൽ പറയുന്നത്, ചില അന്യസൂക്ഷ്മ പ്രാണിവർഗ്ഗങ്ങളുടെ ആക്രമണം നമ്മുടെ കൃഷിയുടെ നിലനില്പിന് വളരെയേറെ അപകടകരമാണ് എന്നാണ്. കോഴി-താറാവ് എന്നിവയുടെ വളർത്തൽ രംഗം ആക്രമണകാരികളായ ചില അന്യസൂക്ഷ്മപ്രാണികളുടെ ഭീഷണിയിലായിരിക്കുകയാണ്. ഇതിനു കാരണം ഇറക്കുമതി ചെയ്യപ്പെടുന്ന കോഴിത്തീറ്റകളും മറ്റുമാണ്. ആന്ധ്രപ്രദേശിലെ ചെമ്മീൻ വ്യവസായത്തെ സൂക്ഷ്മാണു ജീവികൾ തകർത്തെറിഞ്ഞത് നല്ലൊരു ഉദാഹരണമാണ്. നമ്മുടെ കാർഷിക മേഖലയ്ക്ക്, ഗൗരവതരമായ ഇത്തരം ഭീഷണികളെ അബോധപൂർവ്വം കടത്തിവിടുന്നതിനെതിരെ നാം ശക്തമായ പ്രതിരോധ നടപടികൾ സ്വീകരിക്കുകയും അടിയന്തിര ജാഗ്രത പാലിക്കേണ്ടതുമാണ്.

### 1.4.13.4. ലൈവ്സ്റ്റോക്കിന്റെ കയറ്റുമതിയ്ക്ക് രോഗ വിമുക്ത മേഖലകൾ

ലൈവ് സ്റ്റോക്ക് ഉത്പ്പന്നങ്ങൾക്ക് രോഗവിമുക്തമേഖലകൾ സ്ഥാപിക്കുന്നതിന്റെ ഫലമായി ലൈവ്സ്റ്റോക്ക് ഉത്പ്പന്നങ്ങൾക്ക് വമ്പിച്ച വിപണി വർദ്ധനവുണ്ടാകുന്നതാണ്. നമ്മുടെ മൃഗസംരക്ഷണ വകുപ്പ് മുമ്പോട്ടുവച്ചിട്ടുള്ള പരിപാടി എല്ലാവിധ പ്രോത്സാഹനവും അർഹിക്കുന്നു. ആടുമാടുകളെ കൊല്ലുന്ന ഇടങ്ങളും (സ്ലോട്ടർഹൗസുകളും) അവശിഷ്ട സംസ്ക്കരണ സ്ഥലങ്ങളും (അബാറ്റോയറുകളും) ആധുനികവത്ക്കരിക്കുവാൻ ഉള്ള പരിപാടികൾക്ക് സഹായം നല്കേണ്ടതാണ്.

**ബൗദ്ധിക സ്വത്തവകാശവും (IPR)ജൈവ വൈവിധ്യവും (BD)**

### 1.4.14.1 പരമ്പരാഗത അറിവുകളും (നാട്ടറിവുകളും) വ്യാപാരത്തെ സംബന്ധിച്ച ബൗദ്ധിക സ്വത്തവകാശവും (TRIPS) ജൈവ വൈവിധ്യവും

ലോക വ്യാപാര സംഘടനയുടെ കീഴിലുള്ള ലോകവ്യാപാര കരാറു (WTA)കളുടെ നിബന്ധനകളായ കയറ്റുമതി സബ്സിഡികളിലൂടെ ആഭ്യന്തരസഹായം നൽകുകയും അതിനുപുറമേ, സാനിട്ടറിയും ഫൈറ്റോസാനിട്ടറി നടപടികളും, വ്യാപാരത്തെ സംബന്ധിച്ച ബൗദ്ധിക സ്വത്തവകാശവ്യവസ്ഥകളും (TRIPS) ആവർത്തിച്ചു പ്രഖ്യാപിക്കുന്നത്, നമ്മുടെ ഉത്പ്പന്നങ്ങളുടെ ജിയോഗ്രാഫിക്കൽ ഇന്റിക്കേഷനിൽ നിന്നും സമ്പന്നമായ ജൈവ വൈവിധ്യത്തിൽ നിന്നും സാദ്ധ്യമാവുന്നത്ര നേട്ടങ്ങൾ ഉണ്ടാക്കുവാനും സാമ്പത്തിക പുരോഗതി കൈവരിക്കാനും നാം പ്രസക്തമായ ആഭ്യന്തര നിയമനിർമ്മാണ നടപടികൾ അടിയന്തിരമായികൈക്കൊള്ളണമെന്നാണ്. നടന്നുകൊണ്ടിരിക്കുന്ന വ്യാപാരത്തെ സംബന്ധിച്ച സ്വത്തവകാശ കൗൺസിലിലെ അനുരഞ്ജന ചർച്ചകളിൽ, ബൗദ്ധിക സ്വത്തവകാശങ്ങളെ ജൈവ വൈവിദ്ധ്യ കോൺഫറൻസിന്റെ (CBD) അടിസ്ഥാനപ്രമാണങ്ങളുമായി കൂട്ടിയിണക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം. ജൈവവൈവിധ്യ പ്രമാ

ണങ്ങൾ അനുസരിച്ച്, ജൈവ വൈവിധ്യത്തിന്റേയും, ലോകത്തെ പ്രാചീന ജനങ്ങളുടെ നാട്ടറിവിന്റെയും, ഗുണഫലങ്ങൾ എല്ലാ രാജ്യക്കാർക്കും പങ്കിടുവാനുള്ള അവസരം സൃഷ്ടിക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. ഈ സന്ദർഭത്തിലെ ശ്രദ്ധേയമായ വസ്തുത, ഇന്ത്യയിലെ നിയമനിർമ്മാണങ്ങൾ, P.P.VF.R. ആക്ടും, ജൈവ വൈവിദ്ധ്യ ബില്ലും മേൽപ്പറഞ്ഞ ഗുണഫലങ്ങൾ നീതിപൂർവ്വം പങ്കിടുന്ന കാര്യത്തിൽ വേണ്ടതായ വ്യവസ്ഥകൾ ചെയ്തിട്ടുണ്ടെന്നതാണ്. ഗോത്രജനതകളുടെ തിരിച്ചറിവും, വിജ്ഞാന സമ്പ്രദായവും ഇതുമായി ബന്ധപ്പെട്ട ബൗദ്ധിക സ്വത്തവകാശങ്ങളും, അംഗീകരിക്കുകയും സംരക്ഷിക്കുകയും അവയ്ക്കർഹരായവർക്ക് പ്രതിഫലം നൽകി ആദരിക്കുകയും ചെയ്യുന്ന കാര്യത്തിൽ നമ്മുടെ ശ്രദ്ധ പതിയേണ്ടതായിട്ടുണ്ട്.

## സസ്യവൈവിധ്യവും, കർഷകരുടെ അവകാശങ്ങളും സംരക്ഷിക്കുവാൻ – ജൈവവൈവിദ്ധ്യ നിയമം

1.4.14.2.1. കേരളത്തിൽ സ്ഥാപിതമായിട്ടുള്ള ജൈവ വൈവിധ്യ ബോർഡ് ജനിതക സാക്ഷരതാപരിപാടികൾ ആസൂത്രണം ചെയ്യുവാനുള്ള അതിന്റെ ചുമതല എത്രയും വേഗം ഏറ്റെടുക്കണം. എന്നാൽ മാത്രമേ, ഈ രംഗവുമായി ബന്ധപ്പെട്ടവർക്ക് ആരാണ് യഥാർത്ഥ പ്രാഥമിക സംരക്ഷകർ എന്നും, സസ്യങ്ങളുടെ വൈവിധ്യവും സംരക്ഷണവും കർഷകരുടെ അവകാശങ്ങളും സംബന്ധിച്ച ആക്ട് അനുസരിച്ച് എന്തെല്ലാം അവകാശങ്ങൾ ആണ് അവർക്കുള്ളതെന്നും, അവ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്ന വകുപ്പുകൾ എന്തെന്നും അറിയുവാൻ കഴിയുകയുള്ളൂ. അതുപോലെ ലോക്സഭയും, രാജ്യസഭയും പാസ്സാക്കിയ ജൈവ വൈവിധ്യ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ള, പ്രാഥമിക സംരക്ഷകരെ മുൻകൂട്ടി അറിയിക്കുന്ന വ്യവസ്ഥയും സംബന്ധിച്ച് കാര്യങ്ങൾ ജനങ്ങക്കറിവുണ്ടാകേണ്ടതുണ്ട്. ഗിരിവർഗ്ഗ-ഗോത്ര-ഗ്രാമീണ കുടുംബങ്ങൾക്ക്, വിശേഷിച്ചും, കാർഷിക-ജൈവ വൈവിധ്യത്തിന്റെ സംരക്ഷണത്തിലും, സംവർദ്ധനത്തിലും ഏർപ്പെട്ടിരിക്കുന്ന കുടുംബങ്ങൾക്ക് ഇടയിൽ ജനിതക സാക്ഷരത പ്രചരിപ്പിക്കുന്നതിന് കാൽനടയായി ചെന്നെത്തുന്ന നിയമ-ഉപദേഷ്ടാക്കളുടെ ഒരു വിഭാഗത്തെ, ഗോത്ര-ഗ്രാമീണ ജനതകൾക്കിടയിലേക്ക് അയയ്ക്കുന്നത് വളരെ പ്രയോജനകരമായിരിക്കും. ഇതുവഴി, ജൈവ വൈവിധ്യക്കൊള്ള തടയുവാനും, രാജ്യങ്ങൾ തമ്മിലും വ്യത്യസ്ത സമൂഹങ്ങൾ തമ്മിലും ജൈവപരമായ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുവാനും കഴിയുന്നതാണ്.

2. അതിസമ്പന്നമായ ജൈവ വൈവിധ്യവും, അതുപോലെ സമ്പന്നവും സമൃദ്ധവുമായ ഔഷധ സസ്യ സ്രോതസ്സുകളുംകൊണ്ട് വളരെ അനുഗൃഹീതമാണ് കേരളം. ആയിരമായിരം വർഷങ്ങളുടെ പഴക്കമുള്ള ആയുർവേദ വൈദ്യശാസ്ത്രത്തിലുള്ള അറിവും, ഔഷധസസ്യ ചികിത്സാപാരമ്പര്യവുമുള്ള ജനങ്ങളാണ് സംസ്ഥാനത്ത് ഉള്ളത്. പുതിയ ബൗദ്ധിക സ്വത്തവകാശ നിയമങ്ങളുടെ ആവിർഭാവത്തോടെ, ഇത്തരം സമ്പന്നമായ ജൈവ വൈവിധ്യത്തിൽ നിന്നും നേട്ടങ്ങൾ കൈവരിക്കുന്നതിനും, ജീവശാസ്ത്രപരമായ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പേറ്റന്റ് ലഭിക്കുന്നതിനും, ധാരാളം അവസരങ്ങൾ കേരളത്തിന് ഉണ്ടാകുന്നതാണ്. എന്നാൽ ഇതോടൊപ്പം ചില ഭീഷണികളും നമുക്ക് നേരിടേണ്ടതായിട്ടുണ്ട്. ഈ വിഷയത്തിന്റെ നാനാമുഖമായ വസ്തുതകളെ സംബന്ധിച്ച് ക്രിയാത്മക തത്വങ്ങളും പ്രമാണങ്ങളും കണ്ടെത്തുവാൻ ഗവേഷണങ്ങളും ആവശ്യമാണ്. അതിനാവശ്യമായ തെളിവുകളും രേഖകളും വസ്തുതകൾ പഠിക്കുവാനും, മാതൃകകളും സ്പീഷിസുകളും സംഭരിക്കുവാനും ശ്രമങ്ങൾ നടത്തണം. ഇവയാണ് അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങൾ. സംസ്ഥാനത്തിന്റെ ശാസ്ത്രീയ സ്രോതസ്സുകളെ ഊർജ്ജസ്വലമാക്കുകയും അതിന്റെ പ്രവർത്തനങ്ങൾക്ക് ഉദാരമായ ധനസഹായം നല്കുകയും പേറ്റന്റിംഗ് സാക്ഷരതയെ പ്രോത്സാഹിപ്പിക്കുന്ന ശ്രമങ്ങളെ ത്വരിതപ്പെടുത്തുകയും ചെയ്യണമെന്ന അടിയന്തരബോധമാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത്. PPVFR നിയമത്തിന്റെ കുടക്കീഴിൽ രൂപം നല്കാൻ പോകുന്ന ജീൻഫണ്ടിന്റെ ഗുണഫലങ്ങൾ സ്വന്തമാക്കാനാവശ്യമായ വ്യവസ്ഥകളിൽ നിന്നും നേട്ടമുണ്ടാക്കാനുള്ള അടിയന്തിര നടപടികളും ആരംഭിക്കണം. ഗോത്ര-ഗിരി-ആദിവാസി ജനങ്ങളുടേയും ഗ്രാമീണരുടേയും പാരമ്പര്യ നാട്ടറിവുകളേയും അപൂർവ്വസസ്യവിജ്ഞാനവും അവരുടെ ബൗദ്ധികസ്വത്തവകാശ യോഗ്യതയും സംരക്ഷിക്കുന്നതിൽ നാം ജാഗരൂകരായിരിക്കണം.

1.4.14.2. ജനിതക സ്രോതസ്സുകൾ, സസ്യവൈവിധ്യങ്ങൾ, ബൗദ്ധികസ്വത്തവകാശങ്ങൾ മുതലായവ കൈകാര്യം ചെയ്യുന്ന അന്താരാഷ്ട്ര ഉടമ്പടിയിൽ ഇന്ത്യ ഒപ്പുവച്ചിട്ടുണ്ട്. ആ ഉടമ്പടിയുടെ സൂചനകളും അതിന്റെ അടിസ്ഥാനത്തിലുള്ള കാർഷികനയങ്ങളും കാർഷികരംഗത്ത് അവയ്ക്കുള്ള സ്വാധീനങ്ങളും എന്തൊക്കെയാണ് എന്ന് സംസ്ഥാന സർക്കാരുകൾ അറിഞ്ഞിരിക്കണമെന്നത് നിർബന്ധമാണ്. കാരണം കൃഷിയുടെ ദൈനംദിന ഭരണനിർവ്വഹണം സംസ്ഥാനങ്ങളുടെ ചുമതലയിൽപ്പെടുന്നതാണ്. ഈ വസ്തുതയും ലക്ഷ്യവും മുന്നിൽ

കണ്ടുകൊണ്ട് കേന്ദ്രസർക്കാർ സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യുവാനും നിരന്തരം പരസ്പരം ആശയവിനിമയം പുലർത്തുവാനും പ്രതിപ്രവർത്തനം നടത്തുവാനും ഉള്ള ഒരു സംവിധാനത്തിന് രൂപം നല്കേണ്ടതായിട്ടുണ്ട്. അതോടൊപ്പം സംസ്ഥാന കൃഷിവകുപ്പ് ഉദ്യോഗസ്ഥന്മാർക്ക് അന്താരാഷ്ട്ര ഉടമ്പടിയുമായി ബന്ധപ്പെട്ട നിയമപരവും സാങ്കേതികവുമായ പ്രശ്നങ്ങളിൽ അറിവും അവയുമായി അടുത്ത പരിചയവും ഉണ്ടാക്കുന്നതിനുതകുന്ന പദ്ധതികളെ യഥാസ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കുകയും ചെയ്യണം. ഇന്ത്യൻ കൗൺസിൽ ഫോർ അഗ്രികൾച്ചറൽ റിസേർച്ച് (ICAR) ഈ ഉടമ്പടി വ്യവസ്ഥകളെക്കുറിച്ച് സംസ്ഥാന സർക്കാരുകൾക്കും കാർഷിക സർവ്വകലാശാലകൾക്കും കാലികമായ അവബോധം നിരന്തരം നൽകുകയും വേണം. ഈ വകക്കാര്യങ്ങളിൽ സംസ്ഥാനസർക്കാരുകളെ യഥാസമയം ഉപദേശിക്കുവാനുള്ള സർവ്വകലാശാലകളുടെ ശേഷിയെ ഉയർത്തുവാനുള്ള നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കണം.

### 1.4.14.3. ജിയോഗ്രഫിക്കൽ ഇന്റിക്കേഷൻസ്

(ഒരു കാർഷിക വിളയ്ക്കോ ഉത്പന്നത്തിനോ ഏതെങ്കിലും ഭൂമിശാസ്ത്രപരമായ പ്രദേശത്തിന്റെ പേരിലുള്ള പ്രശസ്തിയും അതിന് സ്വന്തമായുള്ള ഒരു കൂട്ടം തനിമയുള്ള സവിശേഷഗുണവും പൊതുവേ അംഗീകരിക്കപ്പെടുന്ന കീഴ്വഴക്കത്തെ പൊതുവേ ജിയോഗ്രഫിക്കൽ ഇന്റിക്കേഷൻസ് എന്നാണ് പറയുന്നത്) ജിയോഗ്രാഫിക്കൽ ഇന്റിക്കേഷൻസ് വിഭാഗത്തിൽപ്പെടുന്ന നിരവധി കാർഷിക ഉല്പന്നങ്ങൾ ഉണ്ട്. അവയ്ക്ക് പ്രത്യേക ഗുണങ്ങളും തന്മൂലം ഖ്യാതിയും മറ്റു സവിശേഷസ്വഭാവങ്ങളും ഉള്ളതിന്റെ അടിസ്ഥാനത്തിൽ അവയ്ക്കുള്ള അംഗീകാരത്തിനുള്ള അർഹതയും നേടേണ്ടതായിട്ടുണ്ട്. ഇവയുടെ സവിശേഷ വ്യക്തിത്വം വരിക്കപ്പെടുന്നത് മുഖ്യമായും ഭൂമിശാസ്ത്രപരമായ മൂന്ന് ഉപാധികളെ അടിസ്ഥാനപ്പെടുത്തിയാണ്. അതായത് – ഉല്പന്നത്തിന്റെ പ്രത്യേക ഭൂമിശാസ്ത്രപരമായ പരി:സ്ഥിതി, ജീവശാസ്ത്രപരമായ ഉൾഘടകങ്ങൾ, ഉല്പാദനത്തിലെ ഉൾഘടകങ്ങൾ എന്നിവ മുഖ്യ പരിഗണനയിൽപ്പെടുന്നു. ഈ ഗുണങ്ങൾ എല്ലാം വ്യക്തമായും നിർവ്വചിക്കാവുന്നവയും വിവരിക്കാവുന്നവയുമാണ്. ഉദാഹരണമായി മലബാർ കുരുമുളക്, കൊച്ചി ഇഞ്ചി, ആലപ്പുഴ (വിരൽ) മഞ്ഞൾ, തലശ്ശേരി എക്സ്ട്രാ ഗ്രീൻബോൾഡ്, എന്നിവയ്ക്ക് വിപണിയിലാകെ ഖ്യാതിയും ഡിമാന്റും ഉണ്ടെന്നകാര്യം പൊതുവേ നിരീക്ഷിക്കപ്പെടുന്നുണ്ട്. ഈ ഉത്പന്നങ്ങളൊരോന്നിനും യശസ്സും പ്രിയവും ലഭിക്കാൻ കാരണം ഏതാനും പ്രത്യക്ഷവും പരോക്ഷവുമായ ഗുണവിശേഷങ്ങളാണ്. പ്രത്യക്ഷഗുണങ്ങൾ വിശദമായി നിർവ്വചിക്കപ്പെടേണ്ടതുണ്ട്. അടിസ്ഥാന സ്ഥിതിവിവരങ്ങൾ (data base) ഫോട്ടോകൾ മുതലായവയെ ആധാരമാക്കിവേണം നിർവ്വചനം നടത്തേണ്ടത്. ആകൃതി, വലിപ്പം, നിറം, കാഴ്ച, ടെസ്റ്റ് ഭാരം, ഉള്ളടക്കം, രാസവസ്തുക്കളുടെ ഘടന എന്നീ സ്വതസിദ്ധഗുണങ്ങളാണ് വിപണിയിൽ ഒരു ഉത്പന്നത്തെ/വിളയെ മൂല്യവത്തായി അഥവാ വിലയുള്ളതാക്കിത്തീർക്കുന്നത്. വ്യാപാരത്തെ സംബന്ധിച്ച ബൗദ്ധികസ്വത്തവകാശ നിയമങ്ങളുടെയും ജിയോഗ്രാഫിക്കൽ ഇന്റിക്കേഷൻസ് അംഗീകരിച്ചുകൊണ്ടുള്ള ആഭ്യന്തരനിയമനിർമ്മാണങ്ങളുടെയും അടിസ്ഥാനത്തിൽ നമ്മുടെ ഇത്തരം ഖ്യാതിയുള്ള ഉല്പന്നങ്ങൾക്കാവശ്യമായ സംരക്ഷണം നല്കാൻ നമുക്ക് അധികാരമുണ്ട്. അനേകം നൂറ്റാണ്ടുകളായി ഇത്തരം വിലയേറിയ ഉല്പന്നങ്ങൾക്ക് ഭൂമിശാസ്ത്രപരമായ സംജ്ഞകളും വിശേഷണങ്ങളും ലഭിച്ചിട്ടുള്ളതും അവയുടെ ആവിർഭാവവും ഉടമസ്ഥതയും നമുക്കാണെന്ന് അംഗീകരിക്കപ്പെട്ട സത്യവുമാണ്. അതിനാൽ ബൗദ്ധികസ്വത്തവകാശ നിയമമനുസരിച്ചുള്ള സംരക്ഷണം കിട്ടുവാൻ നമ്മുടെ പ്രശസ്തവും പരമ്പരാഗതമായി സ്വന്തമായതുമായ ഏതെല്ലാം ഉല്പന്നങ്ങൾ ഉണ്ടോ അവയുടെ എല്ലാം ജിയോഗ്രാഫിക്കൽ ഇൻഡിക്കേഷൻസ് തിരിച്ചറിഞ്ഞ് നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണം. കുരുമുളകും ഏലവും കൂടാതെ ജിയോഗ്രഫിക്കൽ ഇന്റിക്കേഷന്റെ ആനുകൂല്യങ്ങൾക്ക് അർഹതയുള്ള നിരവധി ഉല്പന്നങ്ങൾ കൂടി കേരളത്തിന്റേതായിട്ടുണ്ട്. ജിയോഗ്രഫിക്കൽ ഇന്റിക്കേഷൻസ് ഓഫ് ഗുഡ്സ് (രജിസ്ട്രേഷനും സംരക്ഷണവും) ആക്ട് 1999 പ്രകാരം ആ ഉല്പന്നങ്ങൾക്കുള്ള അർഹത നേടുന്നത് നമ്മുടെ കാർഷികവ്യാപാരത്തിന് മുൻകൈ നല്കുന്നതാണ്.

## 1.4.15. പ്രാദേശികവും ആഭ്യന്തരവുമായ തന്ത്രങ്ങൾ

### 1.4.15.1. ഇന്ത്യയും ഏഷ്യൻ വികസ്വര രാജ്യങ്ങളും തമ്മിലുള്ള ധാരണയുടെ ആവശ്യം

കേരളത്തിന്റെ സമ്പദ്വ്യവസ്ഥ ആശ്രയിക്കുന്ന കാർഷികവിളകളുടെ വിപണന കാര്യങ്ങളിൽ, തെക്കൻ ഏഷ്യയിലേയും തെക്കു കിഴക്കൻ ഏഷ്യയിലേയും രാജ്യങ്ങളും ഏതാനും ആഫ്രിക്കൻ വികസ്വര രാജ്യങ്ങളും ഇന്ത്യയുമായി വ്യാപാരരംഗത്ത് മത്സരം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യയുടെ റബറിന് ബദലായി തായ്ലണ്ട്, ഇന്തോനേഷ്യാ, മലേഷ്യാ എന്നിവരുടെ റബറും നാളീകേരത്തിന് ഫിലിപ്പീൻസും, ശ്രീലങ്കയുമായും തേയിലയുടെ കാര്യത്തിൽ ശ്രീലങ്കയും, ഏലത്തിന് ഗ്വാട്ടിമാലയും, കുരുമുളകിന് വിയറ്റ്നാമും

ആയി മത്സരിക്കേണ്ടിവന്നിരിക്കുന്നു. നിലവിലുള്ള വിപണിയിൽ തങ്ങളുടെ വിഹിതം നേടാനായി വികസ്വരമായിക്കൊണ്ടിരിക്കുന്ന നമ്മുടെ അയൽരാജ്യങ്ങളുമായിട്ടാണ് നാം മത്സരിക്കേണ്ടത്. എന്നാലിതിന്റെ ഫലമായി ഗുണം കിട്ടുന്നത് വികസിതരാജ്യങ്ങൾക്കാണ്. എന്നാൽ ഈ രാജ്യങ്ങളുമായി എല്ലാവർക്കും പ്രയോജനകരമായ രീതിയിൽ പരസ്പര ധാരണ വളർത്തുകയും വ്യാപാരബന്ധങ്ങൾ വികസിപ്പിക്കുകയും ചെയ്യേണ്ടത് അഭിലഷണീയമാണ്.

### 1.4.15.2. സംസ്ഥാനങ്ങളുമായി ചർച്ച

ഇന്ത്യൻ ഭരണഘടന അനുസരിച്ച് കൃഷി ഒരു സംസ്ഥാന വിഷയമാണ്. എന്നാൽ കേന്ദ്രസർക്കാർ കൃഷിയെ സംബന്ധിച്ച് കൈക്കൊള്ളുന്ന തീരുമാനങ്ങളുടെ എല്ലാ സൂചനകളുടേയും പരിണത ഫലങ്ങളുടേയും മുഴുവൻ ബുദ്ധിമുട്ടുകളും (ഉദാ : ഉപജീവനസുരക്ഷ, വരുമാനത്തകർച്ച) സംസ്ഥാനസർക്കാരുകളും ജനങ്ങളുമാണ് നേരിടുന്നത്. കേന്ദ്രതീരുമാനങ്ങളുടെ ഫലമായുണ്ടാകുന്ന രാഷ്ട്രീയ അസ്ഥിരത മാത്രമല്ല, സാമ്പത്തിക നഷ്ടങ്ങളും സ്രോതസ്സുകളുടെ നഷ്ടവും കടബാധ്യതയുംകൂടി സംസ്ഥാനം നേരിടേണ്ടതായി വരുന്നു. അതുകൊണ്ട് ലോകവ്യാപാരസംഘടനയിൽ (WTO) ചേർന്ന് പ്രവർത്തിക്കുക, കൃഷിയെ സംബന്ധിച്ച കരാറിൽ ഒപ്പുവയ്ക്കുക തുടങ്ങിയ സുപ്രധാന കാര്യങ്ങളിൽ തീർച്ചയായും വേണ്ട മുൻകൂർ ചർച്ചകൾ തുടർചർച്ചകൾ എന്നിവ കേന്ദ്രസർക്കാർ സംസ്ഥാനസർക്കാരുമായി തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനു മുമ്പായി നടത്തേണ്ടതാണ്. കൂടാതെ അത്തരം ചർച്ചകൾ കേന്ദ്രസർക്കാരിന് വളരെ ഗുണകരമായിരിക്കും. കാരണം സംസ്ഥാന സർക്കാരുകൾക്കാണ് പ്രശ്നങ്ങളെക്കുറിച്ചും അടിസ്ഥാനപരവുമായ വസ്തുതകളെക്കുറിച്ച് കൂടുതൽ അവബോധവും അറിവും ഉള്ളത്. കേരളത്തിന്റെ കാർഷികസമ്പത്ത് വ്യാപാരത്തെ ആശ്രയിച്ചാണിരിക്കുന്നത്. കാരണം കേരളത്തിന്റെ കാർഷിക ഉത്പന്നങ്ങളിൽ ഏറിയകൂറും സംസ്ഥാനത്തിനുള്ളിൽ തന്നെ ഉത്പാദിപ്പിക്കുന്നവയും സംസ്ഥാനത്തിനകത്തും രാജ്യത്തിനകത്തും വിദേശത്തും ഉള്ള വ്യാപാരത്തെ ലക്ഷ്യം വയ്ക്കുന്നവയും ആണ്. അതിനാൽ ഒരു ദേശീയ നയം രൂപീകരിക്കുമ്പോൾ, കേരളത്തിന്റെ ആഗോള വ്യാപാരരംഗത്തെ അനുഭവങ്ങൾ പ്രത്യേകിച്ചും പ്രസക്തമാണ്.

### 1.4.15.3. ഉപജീവനസുരക്ഷയുടെ പരിരക്ഷയ്ക്ക് വേണ്ട നഷ്ടപരിഹാരം

സംസ്ഥാനത്തിന്റെ കാർഷികസമ്പദ് വ്യവസ്ഥയുടെ നട്ടെല്ല് കേരളം ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങളാണ് എന്നു വരികിലും, ദേശീയ തലത്തിൽ ഇന്ത്യയുടെ സമ്പദ്ഘടനയിൽ അവയ്ക്ക് വലിയ പ്രാധാന്യം കല്പിക്കപ്പെടുന്നില്ല. അതിനാൽ കേരളത്തിന്റെയും മറ്റു സംസ്ഥാനങ്ങളുടേയും ഉത്പന്നങ്ങളുടെ കയറ്റുമതിയും, ഇറക്കുമതിയും സംബന്ധിച്ച് തീരുമാനങ്ങൾ (കേന്ദ്രസർക്കാർ) എടുക്കുമ്പോൾ, ഉഭയകക്ഷികളോടും ബഹുകക്ഷികളോടുമുള്ള വാഗ്ദാനങ്ങൾ നിവേറ്റുന്ന കാര്യത്തിൽ സംസ്ഥാനങ്ങളുടെ താല്പര്യങ്ങളും അവർ നേരിടുന്ന പ്രശ്നങ്ങളും വേണ്ടത്ര (കേന്ദ്രസർക്കാർ) ശ്രദ്ധിക്കാതെ പോവാറുണ്ട്. ഇക്കാര്യത്തിൽ കേരളത്തിന്റെ മാത്രമല്ല, മറ്റു ചില സംസ്ഥാനങ്ങളുടേയും താല്പര്യങ്ങളും വിസ്മൃതമാവുന്നു. (ഉദാഹരണത്തിന് പശ്ചിമബംഗാളിന്റെ ചണവും മദ്ധ്യപ്രദേശത്തിന്റെ സോയാബീനും ശ്രദ്ധിക്കപ്പെടാതെ പോവുന്നുണ്ട്). ദേശീയതാല്പര്യത്തിന്റെ അടിസ്ഥാനത്തിൽ കൈക്കൊള്ളുന്ന ഇത്തരം തീരുമാനങ്ങൾ സംസ്ഥാനങ്ങളുടെ സമ്പദ്ഘടനയിൽ പ്രതികൂലമായ സ്വാധീനം ചെലുത്തിവരുന്നുണ്ട്. വിശേഷിച്ചും കാർഷികവൃത്തി ജീവിതോപായമാക്കിയവരുടെ ഉപജീവന സുരക്ഷ ഉറപ്പാക്കാൻ കഴിയാതെ വരുന്നു. ഇത്തരം തീരുമാനങ്ങൾക്ക് ഉദാഹരണമാണ് **സാർക്ക്** കരാറിന്റെ അടിസ്ഥാനത്തിൽ ശ്രീലങ്കൻ കൊപ്രാ ഇന്ത്യയിലേക്കിറക്കുമതി ചെയ്യുന്നതും ഇന്തോനേഷ്യയിൽ നിന്നും പാം ഓയിൽ ഇറക്കുമതി ചെയ്യുന്നതും. ഇത്തരം ഉടമ്പടികളിൽ ഒപ്പുവയ്ക്കുന്നതിന്റെ ഫലമായി കർഷകർക്ക് ഉണ്ടാകുന്ന കഷ്ടപ്പാടുകൾക്ക് കാരണം സംസ്ഥാനസർക്കാരുമായി ചർച്ച ചെയ്യാത്തതുകൊണ്ടുമാത്രമല്ല, കേന്ദ്രസർക്കാരിന്റെ ഭാഗത്ത് ആഴത്തിലുള്ള പഠനമോ, വേണ്ടത്ര തയ്യാറെടുക്കലോ ഇല്ലാത്തതുകൊണ്ടും കൂടിയാണ്. അതിനാൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കർഷകർക്ക് വന്നിട്ടുള്ള കഷ്ടനഷ്ടങ്ങൾക്ക് (നഷ്ട) പരിഹാരം നല്കുവാനുള്ള ഒരു പദ്ധതിക്കുകൂടി രൂപം നല്കേണ്ടതാണ്. കാർഷിക പ്രതിസന്ധിമൂലം വലയുന്ന ജനവിഭാഗങ്ങളുടെ കഷ്ടപ്പാടുകളും ദുരിതങ്ങളും ഇല്ലാതാക്കാനുള്ള വിലപേശലും ആവശ്യമാണ്. കേരളത്തിന്റെ അസാധാരണമായ വിളകളേയും അവ ഉയർത്തികൊണ്ടുവന്ന പ്രത്യേക സാഹചര്യങ്ങളേയും പരിഗണിച്ചുകൊണ്ട്, കേരളത്തിന്റെ കാർഷികരംഗത്തിന് വേണ്ട സംരക്ഷണം നല്കേണ്ടതാണ്. (പ്രത്യേകിച്ചും WTA യുടെ വ്യവസ്ഥകൾ പ്രാബല്യത്തിൽ വന്നതിന്റെ ഫലമായുണ്ടായ പ്രത്യാഘാതങ്ങളുടെ പശ്ചാത്തലത്തിൽ) WTA കരാർ വ്യവസ്ഥകൾ രൂക്ഷമായി ബാധിച്ച ജനലക്ഷങ്ങളുടെ ഉപജീവനത്തിന്റെ സുരക്ഷ നിലനിറുത്തുന്നതിനായി – കേരളത്തിന്റെ കാർഷികരംഗത്തിന് പ്രത്യേക പരിരക്ഷാസഹായങ്ങൾ ചെയ്യണം. ദേശീയവിപണിയിൽ കേരളവും തമിഴ്നാടും കർണ്ണാടകവും

നാളികേരം, തേയില, കാപ്പി എന്നിവയിലും കേരളവും തമിഴ്നാടും റബ്ബറിലും മറ്റും പരസ്പരം മത്സരിച്ചുവരുന്നു. പല താല്പര്യങ്ങൾക്കും പൊതുസ്വഭാവമാണുള്ളത്. ഉദാഹരണത്തിന് തെങ്ങുകളെ ബാധിച്ച മണ്ഡരിയുടെ നിയന്ത്രണം, കൊപ്രാസംഭരണം എന്നിവ പൊതുപ്രശ്നങ്ങൾ ആണ്. പൊതുതാല്പര്യങ്ങൾ സംരക്ഷിക്കുവാൻ പൊതുസമീപനം ആവശ്യമാണ്. അത്തരം ചർച്ചകൾക്ക് ഏറ്റവും മാതൃകാപരമായ ഒരു വേദിയാണ് ദക്ഷിണമേഖലാ കൗൺസിൽ മീറ്റിംഗുകൾ.

### 1.4.15.5. ഇന്നത്തെ പ്രതിസന്ധിയുമായി ബന്ധപ്പെട്ടവരുടെ (പ്രതിസന്ധിബാധിതരുടെ) താല്പര്യങ്ങളെ ഏകോപിപ്പിച്ചു മുന്നേറുക

കർഷകരുടേയും നിർമ്മാതാക്കളുടേയും സർക്കാരിന്റേയും സമവായം ഉണ്ടാക്കിയെടുക്കേണ്ടതാവശ്യമാണ്. ഇന്നത്തെ പ്രതിസന്ധി നേരിടുന്നവർക്കും കഷ്ടനഷ്ടങ്ങൾ അനുഭവിച്ചവർക്കും ഓരേ സമയം പ്രശ്നപരിഹാരത്തിൽ പുരോഗതി നേടി-നേടി മുന്നോട്ടുപോകുവാൻ കഴിയണം. ഇതിന് കർഷകരും നിർമ്മാതാക്കളും കയറ്റുമതിക്കാരും കാർഷികരംഗത്തുള്ളവർ എല്ലാവരും പരസ്പരാശ്രിതത്വത്തിൽ പ്രവർത്തിക്കുന്നവരാണെന്നുള്ള വസ്തുത എല്ലാവർക്കും ബോദ്ധ്യമാകേണ്ടതുണ്ട്. കാർഷിക വ്യവസായത്തിന് സുസ്ഥിരത ഉണ്ടാകുവാൻ കർഷകർ അസംസ്കൃത വസ്തുക്കൾ ഉത്പാദിപ്പിക്കണം. നിർമ്മാതാക്കൾ ഉല്പന്നങ്ങൾ വാങ്ങിക്കൊണ്ടിരിക്കുകയും ഉത്പന്നങ്ങൾക്ക് സ്ഥിരം ഡിമാന്റും ഉണ്ടാകണം. സുസ്ഥിരമായ വിപണി കർഷകർക്ക് വളരെ പ്രധാനമാണ്. അതോടൊപ്പം നിർമ്മാതാക്കൾക്കും കയറ്റുമതിക്കാർക്കും വ്യാപാരികൾക്കും കർഷകരുടെ ഉത്പാദനം അസംസ്കൃതസാധനങ്ങളുടെ സ്ഥിരവും ഉറപ്പുള്ളതുമായ ഒരു സ്രോതസ്സായി കരുതാൻ കഴിയണം. ഒരുല്പന്നത്തിന്റെ വില ഒരിക്കലും ഒരു പരിധിക്കപ്പുറം താണുപോകാതിരിക്കണം. വിലതാരുന്ന പക്ഷം കർഷകർ ആ ഉത്പന്നങ്ങൾക്ക് പകരം നില്ക്കാൻ കഴിയുന്ന വിളകൾ കൃഷിചെയ്യുന്നതിലേക്ക് സ്വാഭാവികമായും തിരിയുന്നതാണ്. അങ്ങിനെ അസംസ്കൃത പദാർത്ഥങ്ങളുടെ സപ്ലൈയിൽ അനിശ്ചിതാവസ്ഥകൾ കടന്നുവരികയും വ്യവസായനിർമ്മാണ മേഖലയാകെ തകർച്ചയിലാവുകയും ചെയ്യുന്നു. വില അസാധാരണമായി ഉയരുന്നപക്ഷം വിപണിയിൽ ഡിമാന്റ് നഷ്ടപ്പെടുകയും നിർമ്മാതാക്കൾക്ക് വ്യവസായശാലകൾ തുറന്നുപ്രവർത്തിക്കുവാൻ കഴിയാത്ത സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഫോം മാറ്റ്ട്രസ്സ് വ്യവസായത്തിൽ കർഷകർക്കുണ്ടായിരുന്ന വിപണി നഷ്ടമായി. കാരണം, മാറ്റ്ട്രസ്സ് വ്യവസായം പോളിപ്രൊപെലിൽ ഫോമിലേക്ക് തിരിയുവാൻ നിർബന്ധിതമായി. സോപ്പ് വ്യവസായത്തിൽ വെളിച്ചെണ്ണയ്ക്ക് വിപണി നഷ്ടമായ തക്കത്തിൽ മറ്റു സസ്യഎണ്ണകളുടെ വിദേശ ഇറക്കുമതിയുടെ ഒഴുക്ക് ഉണ്ടാവുകയും ചെയ്തു. ഇതിൽ നിന്നും പാഠം ഉൾക്കൊള്ളേണ്ടതാണ്. അതോടൊപ്പം ഓർക്കേണ്ട കാര്യമാണ് - **കാർഷിക ഉല്പന്നങ്ങളുടെ വിദേശ ഇറക്കുമതി കൂടുക എന്നാൽ അർത്ഥം, അതോടൊപ്പം നാട്ടിൽ തൊഴിലില്ലായ്മയും ഇറക്കുമതി ചെയ്യുന്നു എന്നാണ്.** അതോടൊപ്പം രാഷ്ട്രത്തിന്റെ വരുമാനത്തിലും സമാന്തരമായി വലിയനഷ്ടവും ഉണ്ടാകുന്നു. കൃഷിയെ സംബന്ധിച്ച കരാറുകൾ, ലോകവ്യാപാരസംഘടന എന്നിവയുമായി അന്തർദേശീയതല അനുരഞ്ജനങ്ങളിൽ ഏർപ്പെടുന്നതിന് മുന്നോടിയായി വിവിധ താല്പര്യങ്ങൾ ഉള്ള വിഭാഗങ്ങൾ പരസ്പരധാരണകൾ കെട്ടിപ്പടുക്കുന്നത് രാഷ്ട്രത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് വളരെ ആവശ്യമായ ഒരു ഉപാധിയാണ്.

### 1.4.16. ഗവേഷണവും അടിസ്ഥാനസൗകര്യ വികസനവും - മുൻഗണനയർഹിക്കുന്ന മേഖലകൾ

കേരളത്തിൽ വളരെയധികം ഉയർന്ന വികസന വളർച്ചയ്ക്ക് സാദ്ധ്യതകൾ തുറന്നുതരുന്നതായ, കൃഷിയുമായി ബന്ധപ്പെട്ട ജൈവവൈവിധ്യമേഖല, സവിശേഷ ശ്രദ്ധയർഹിക്കുന്ന ഒരു മേഖലയാണ്. അതുപോലെ ശ്രദ്ധേയമാണ് ഔഷധ സസ്യചികിത്സയും, ആയുർവേദവുമായി ബന്ധപ്പെടുത്തിയുള്ള വിനോദസഞ്ചാരവും. ശബരിമല, ഗുരുവായൂർ, മലയാറ്റൂർ, കൊടുങ്ങല്ലൂർ, ചേരമാൻ പെരുമാൻപള്ളി തുടങ്ങിയ ആത്മീയ കേന്ദ്രങ്ങളിലേക്കും ഉള്ള വിനോദസഞ്ചാരം. കൂടാതെ 'ഒഴിവുകാലം പാടത്ത്', 'ഹരിതസഞ്ചാരം' എന്നീ ആശയങ്ങൾ വച്ചുകൊണ്ട്, കുട്ടനാടൻ പാടശേഖരങ്ങളിലേക്കുള്ള വിനോദസഞ്ചാരം. പ്രകൃതി അതിന്റെ മനോഹര ദൃശ്യങ്ങളും ജൈവവൈവിധ്യവുമായി സഞ്ചാരികളേയും സന്ദർശകരേയും വരവേൽക്കുന്ന സന്ദർഭം സൃഷ്ടിക്കുന്ന പരി:സ്ഥിതി വിനോദസഞ്ചാര പരിപാടികളും വിഭാവനം ചെയ്യേണ്ടതാണ്. നഗരങ്ങളിലെ യുവജനങ്ങൾ ഗ്രാമീണ കാർഷികപ്രവൃത്തികളും കാർഷികജീവിതത്തിന്റെ ശുദ്ധമായ പരിസ്ഥിതികളും കാണുവാനും നേരിട്ടനുഭവവേദ്യമാകുവാനും ഇത്തരം വിനോദ യാത്രാപരിപാടികൾ കളമൊരുക്കുന്നതാണ്.

### 1.4.17. ഔഷധ സസ്യചികിത്സയും ആയുർവേദവും

#### 1.4.17.1. ജനിതക സ്രോതസ്സുകളുടെ സംരക്ഷണവും സുസ്ഥിരമായ വിനിയോഗവും

ഔഷധച്ചെടികളുടെ ആഭ്യന്തരവും ബാഹ്യവുമായ പരിപാലനവും/സംരക്ഷണവും ശക്തമാക്കേണ്ടത് മുൻഗണനയോടെ നടപടികൾ കൈക്കൊള്ളേണ്ട കാര്യമാണ്. ഈ സസ്യങ്ങളുടെ **സീഡ്ബാങ്കുകൾ** സ്ഥാപിക്കേണ്ടതുണ്ട്. വാണിജ്യപരമായി ഡിമാന്റുള്ളവയാണ് ഔഷധികൾ. ഇവയെ വാസസ്ഥലങ്ങളിൽ നിന്നും നേരിട്ടു സംഭരിക്കുന്നതുകൊണ്ട് ബോട്ടാണിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ 'റെഡ് ഡേറ്റാ' ബുക്കുകളിൽ ഇവ സ്ഥാനം പിടിച്ചിരിക്കുന്നത് കാണാം. അതിന്റെയർത്ഥം അവ വംശനാശ ഭീഷണിയെ നേരിടുന്നവയാണെന്നാണ്. ആയുർവേദ ചികിത്സാവിധികളനുസരിച്ചുള്ള മരുന്നുകളുടെ ഉല്പാദനത്തിന് ആവശ്യമായ സസ്യങ്ങളുടെ കൃഷി ആദിവാസികളുടേയും ഗ്രാമീണരുടേയും ചുമതലയിൽ കരാറടിസ്ഥാനത്തിൽ നടത്തുന്നത് നന്നായിരിക്കും. ആവശ്യമായ സഹായം ഔഷധനിർമ്മാണശാലക്കാർ നല്കുന്നപക്ഷം, സംഘടിതമായ തോതിൽ ഔഷധങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നത് സുഖകരമാക്കാം. ഇങ്ങനെ ആദിവാസി ഗിരിജനങ്ങളുടേയും ഗ്രാമീണ കുടുംബങ്ങളുടേയും ഉപജീവനം സുരക്ഷിതമാക്കുവാനും കഴിയുന്നതാണ്. അതോടൊപ്പം നിശ്ചിത ഗുണനിലവാരമുള്ള അസംസ്കൃത സാധനങ്ങൾ ഔഷധനിർമ്മാണത്തിന് ലഭ്യമാക്കാം. ഔഷധസസ്യങ്ങൾക്കിന്ന് നല്ല മാർക്കറ്റാണുള്ളത്. മരുന്നുകൃഷിക്കാരിൽ നിന്നും മരുന്നു നിർമ്മാണക്കാർ സസ്യങ്ങൾ വാങ്ങുമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിലായിരുന്നാൽ ആദിവാസി ഗോത്രജനതകളുടെ ക്ഷേമത്തിന് കേരളസർക്കാർ വിഭാവനം ചെയ്യുന്ന പദ്ധതികളുടെ ഒരു പ്രധാന ഭാഗമായി ഇതിനെ മാറ്റാവുന്നതാണ്.

#### 1.4.17.2. ആയുർവേദത്തിന്റെ വിശുദ്ധിയും ആധികാരികതയും നിലനിറുത്തണം

ആയുർവേദ ഔഷധങ്ങൾക്ക് സാക്ഷ്യപത്രം കൊടുക്കുകയും, അവയുടെ ഗുണനിലവാരം നിയന്ത്രിക്കുകയും ചെയ്യുന്ന കാര്യം പ്രോത്സാഹിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം. എന്നാൽ ഔഷധങ്ങളുടെ സാധുതാ പരിശോധനയ്ക്ക് ഗവേഷണം ആവശ്യമാണ്. വിപണിയിലിറക്കുന്ന ഔഷധങ്ങളുടെ ലേബലുകളിൽ നിർമ്മാതാക്കൾ അവകാശപ്പെടുന്ന കാര്യങ്ങൾ ശാസ്ത്രീയമായ സാധുതയുണ്ട് എന്ന് തീർച്ച വരുത്തേണ്ടതുണ്ട്. ലേബലുകളിൽ പറയുന്ന ഗുണവിശേഷങ്ങൾ പരിശോധിച്ചറിയുകയും ബോദ്ധ്യപ്പെടുകയും ചെയ്യുന്നപക്ഷം ഞവരപോലെ ഔഷധഗുണമുള്ള അരി വിദേശങ്ങളിലേക്ക് മാർക്കറ്റു ചെയ്യാവുന്നതാണ്. ഫലപ്രദമായ സാക്ഷ്യപ്പെടുത്തൽ ഏജൻസികൾ ഉണ്ടായിരുന്നാൽ അനുയോജ്യമായ 'വ്യാപാര നാമം' കൊടുക്കുവാനും കഴിയും. ഉദാഹരണത്തിന് "ദൈവത്തിന്റെ സ്വന്തം നാട്ടിന്റെ രോഗശമന ഔഷധങ്ങൾ" എന്ന പേരുതന്നെ നോക്കുക.

#### 1.4.18.3. മരുന്നുകൃഷിക്കാരുടെ കൂട്ടായ്മകൾ

ഔഷധസസ്യകൃഷിക്കാർക്ക് അധികാരശ്രേണിയിൽ സ്ഥാനം നല്കുന്നതിനായി ഔഷധസസ്യകർഷക കൂട്ടായ്മകൾ, ഓരോന്നും ഏകദേശം 100 ഹെക്ടർ ഭൂമിയിൽ സ്വയംസഹായ മാതൃകയിൽ സ്ഥാപിക്കാൻ കഴിയുന്നതാണ്. ഔഷധസസ്യങ്ങൾ കൃഷിചെയ്യുന്നതിനും അവയുടെ വിപണനമേഖലകളിൽ കർഷകരുടെ ശേഷി കെട്ടിപ്പടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം. അപ്രകാരം ശേഷിയാർജ്ജിച്ച കർഷക കൂട്ടായ്മകൾക്ക് ഔഷധനിർമ്മാണക്കമ്പനികളുമായി ധാരണാപത്രങ്ങൾ ഒപ്പിടാൻ കഴിയുന്നതാണ്. ഔഷധനിർമ്മാണത്തിനാവശ്യമായ അസംസ്കൃതവസ്തുക്കൾ കണ്ടെത്തുന്ന കാര്യത്തിൽ ഔഷധസസ്യങ്ങളും സസ്യനിർമ്മിത ഔഷധങ്ങളും തമ്മിലുള്ള ഏകലക്ഷ്യാടിസ്ഥാനത്തിലുള്ള പരസ്പരബന്ധം സ്ഥാപിക്കുന്നതിനായി കേരളത്തിൽ ഏതാനും **ഔഷധസസ്യത്തോട്ടങ്ങൾ** (Herbal estates) സ്ഥാപിക്കുവാനുള്ള സംരംഭങ്ങൾക്ക് സർക്കാർ പ്രോത്സാഹനം നൽകേണ്ടതാണ്.

#### 1.4.18.4. ഔഷധസസ്യ സംരക്ഷണകേന്ദ്രങ്ങൾ (Herbal sanctuaries)

ഔഷധസസ്യങ്ങൾ സ്വാഭാവികമായി സമൃദ്ധമായി വളരുന്ന പ്രദേശങ്ങൾ ഒന്നായി ചേർത്ത് ഔഷധസസ്യസംരക്ഷണ കേന്ദ്രങ്ങളായി വികസനപ്പിച്ചെടുത്തുകൊണ്ട് സംസ്ഥാനത്തിന്റെ അനുഗൃഹമായ അതുല്യ ജീവശാസ്ത്രസമ്പത്തിനെ പരിരക്ഷിക്കുകയും അവയെ ശക്തമാക്കി ഭാവിതലമുറകൾക്കായി കൈമാറുകയും ചേയ്യേണ്ടതാണ്.

### 1.4.18.5. ഔഷധസസ്യ ജൈവത്താഴ്‌വര

സൈലന്റ് വാലി ബയോസ്ഫിയർ റിസർവ്വ് മുതൽ വയനാട് ബയോ വാലി വരെ വ്യാപിച്ചുകിടക്കുന്ന പ്രദേശത്തെ ഒരു മേഖലയാക്കി വികസിപ്പിച്ച് ഒരു ഔഷധസസ്യ ജൈവത്താഴ്‌വരയാക്കി വിപുലമാക്കുന്നത് അഭിലഷണീയമാണ്. ഇതിനുള്ള കമ്പ്യൂട്ടർ സോഫ്ട്‌വെയർ വികസിപ്പിക്കുന്ന കാര്യത്തിൽ സിലിക്കോൺ വാലി (അമേരിക്കയിലെ) മാതൃകയാക്കാവുന്നതാണ്. ഈ ഔഷധസസ്യ ജൈവതാഴ്‌വരയ്ക്ക് ഊർജ്ജസ്വലമായ ഔഷധസസ്യവ്യവസായത്തിന് ആവശ്യമായ ബയോളജിക്കൽ സോഫ്റ്റ്‌വെയർ വികസിപ്പിച്ചുകൊടുക്കുവാൻ കഴിയും. ടിഷ്യൂകൾച്ചർ സൗകര്യങ്ങൾ ഉൾപ്പെടെയുള്ള വിത്തുകൾ അനേകമടങ്ങ് വർദ്ധിപ്പിക്കുവാനുള്ള സൗകര്യങ്ങൾ, വരേണ്യവർഗ്ഗത്തിനാവശ്യമായ നഴ്സറികൾ, സാധുതാനിർണ്ണയപരിപാടികൾ, സാക്ഷ്യപത്രം നല്കൽ, എന്നിവയ്ക്കുപുറമേ, ഉത്പാദകരുടെ താല്പര്യങ്ങൾക്ക് മുൻഗണനയുള്ള വിപണനസമ്പ്രദായങ്ങൾ എന്നിവയ്ക്കുവേണ്ട അടിസ്ഥാനസൗകര്യങ്ങൾ ഔഷധസസ്യ ജൈവത്താഴ്‌വരയിൽ ഉണ്ടായിരിക്കണം. കൂടാതെ കാര്യക്ഷമമായ വികേന്ദ്രീകൃത ഉത്പാദനങ്ങൾ സുകരമാക്കാനുള്ള കേന്ദ്രീകൃത സൗകര്യങ്ങൾ തയ്യാറാക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള ലോകത്തെ ആദ്യത്തെ ഔഷധസസ്യ ജൈവത്താഴ്‌വരയ്ക്ക് ഒരു ബിസിനസ്സ് പ്ലാൻ തയ്യാറാക്കുന്നതിന് കേരളത്തിൽനിന്നുമുള്ള വിദഗ്ദ്ധന്മാരും, കേന്ദ്ര ജൈവഔഷധബോർഡ്, ജൈവസ്രോതസ്സ് ബോർഡ്, നബാർഡ്, അപെഡാ എന്നിവയുടെ പ്രതിനിധികളും മറ്റും അടങ്ങിയ ഒരു **പ്രോജക്ട് ഡിസൈൻ ടീം** രൂപീകരിക്കണമെന്ന് കമ്മിഷൻ കേരളസർക്കാരിനോട് നിർദ്ദേശിക്കുന്നു. 2010-ാമാണ്ടോടുകൂടി പ്രതിവർഷം 5 ബില്യൻ യു.എസ്. ഡോളർ വിലവരുന്ന ഔഷധസസ്യങ്ങൾ വിപണനം ചെയ്യണമെന്ന് കേരളം ലക്ഷ്യമിടേണ്ടതാണ്.

### 1.4.18.6. വിനോദസഞ്ചാരം

വിനോദസഞ്ചാര രംഗത്ത് കേരളം കൈവരിച്ച അനന്യസാധാരണമായ നേട്ടങ്ങൾ പ്രസിദ്ധമാണ്. വളരെ ഊർജ്ജസ്വലമായ ആഭ്യന്തര-ആഗോള വിനോദസഞ്ചാരപരിപാടികൾ ആരംഭിക്കാൻ രാജ്യത്തെ ഏറ്റവും കഴിവുള്ള സംസ്ഥാനം കേരളം ആണ്. ആരോഗ്യപരമായ വിനോദസഞ്ചാരം, ആത്മീയ കേന്ദ്രങ്ങളിലേക്കുള്ള യാത്ര, പാരിസ്ഥിതിക വിനോദസഞ്ചാരം (eco tourism) എന്നിവയിൽ സഞ്ചാരികൾക്കും സന്ദർശകർക്കും തൃപ്തിനല്കാനുള്ള സാഹചര്യങ്ങളും സാദ്ധ്യതകളും കേരളത്തിനുണ്ട്. ഈ മേഖലയിലുള്ള അടിസ്ഥാനസൗകര്യങ്ങളും സേവനസൗകര്യങ്ങളും ശക്തമാക്കുവാനും കാര്യക്ഷമമാക്കുവാനും കഴിയണം. വിനോദസഞ്ചാരരംഗത്തെ ഈ മൂന്നുമേഖലകളിലും വിദഗ്ദ്ധന്മാരെ നിയോഗിക്കുകയും അവരെ വിശദമായ ബിസിനസ്സ് പ്ലാനുകൾ തയ്യാറാക്കാൻ ചുമതലപ്പെടുത്തുകയും വേണം. ആഭ്യന്തര-ആഗോളതലങ്ങളിലുള്ള വിനോദസഞ്ചാരത്തിലൂടെ 2010 ഓടുകൂടി പ്രതിവർഷം 5 ബില്യൻ അമേരിക്കൻ ഡോളർ വരുമാനം ഉണ്ടാക്കുവാൻ നാം ലക്ഷ്യമിടണം.

## 1.4.20. ജൈവകൃഷി

കേന്ദ്ര കൃഷിമന്ത്രി അടുത്തിടെ ജൈവ ഉത്പന്നങ്ങൾക്ക് സാക്ഷ്യപത്രം (certification) നല്കാൻ ആധികാരികതയുള്ള ഒരു **ദേശീയ ജൈവകാർഷിക ഇൻസ്റ്റിറ്റ്യൂട്ട്** - National Institute for Organic Agriculture - NIOA രൂപീകരിക്കുവാനുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം പ്രഖ്യാപിക്കുകയുണ്ടായി. ജൈവ ഉത്പന്നങ്ങളായ സുഗന്ധദ്രവ്യങ്ങൾ, വ്യഞ്ജനങ്ങൾ, തേയില, പഴവർഗ്ഗങ്ങളായ കൈതച്ചക്ക, വാഴപ്പഴം, നേന്ത്രപ്പഴം, ഔഷധസസ്യങ്ങൾ മറ്റു കാർഷിക ഉല്പന്നങ്ങൾ എന്നിവയുടെ ഉത്പാദനത്തിലും വിപണനത്തിലും ഇന്ത്യയിൽ നായകസ്ഥാനത്ത് നില്ക്കുന്നത് കേരളമാണ്. ജൈവകൃഷി സമ്പ്രദായമുപയോഗിച്ച് ഉല്പാദിപ്പിക്കപ്പെടുന്ന റബറുകൊണ്ട്, ഭീതിജനകമായ എച്ച്.ഐ.വി. (എയ്ഡ്സ്) രോഗാണുക്കളെ പ്രതിരോധിക്കുവാൻ സഹായിക്കുന്ന റബർ ഉറകൾ നിർമ്മിക്കുവാനുള്ള ഒരു പദ്ധതിയും കേരളം ആവിഷ്കരിച്ചുവരികയാണ്. അതിനാൽ സ്ഥാപിക്കുവാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ദേശീയ ജൈവകാർഷിക ഇൻസ്റ്റിറ്റ്യൂട്ടും അതിന്റെ അനുബന്ധമായ സർട്ടിഫിക്കേഷൻ ഏജൻസിയും സ്ഥാപിക്കാൻ ഏറ്റവും അനുയോജ്യമായ പ്രദേശം കേരളത്തിൽ തന്നെയാണ് എന്ന് കമ്മിഷന് അഭിപ്രായമുണ്ട്.

ഏകദേശം 200 ഹെക്ടർ ഭൂമി ഈ സ്ഥാപനത്തിനായി ഏറ്റവും മാതൃകാപരമായി യോജിച്ച സ്ഥലമാണ്. പാലക്കാട് ജില്ലയിൽ തിരുവഴാംകുന്നിൽ കേരളാ കാർഷികസർവ്വകലാശാല നിൽക്കുന്ന പ്രദേശത്ത് ഇതിനായി കണ്ടെത്തിയിട്ടുള്ളത്. ഈ ഇൻസ്റ്റിറ്റ്യൂട്ടിന് ആവശ്യമായ ഭൂമിയും മറ്റ് അടിസ്ഥാനസൗകര്യങ്ങളും വാഗ്ദാനം ചെയ്തുകൊണ്ട് കേന്ദ്രകൃഷിവകുപ്പുമന്ത്രി അജിത് സിംഗിന് എഴുതുവാൻ ബഹു. കേരള കൃഷിവകുപ്പു മന്ത്രിയോടും ബഹു. കേരളാ മുഖ്യമന്ത്രിയോടും കമ്മിഷൻ അഭ്യർത്ഥിക്കുന്നു. കേരളത്തിന്റെ ജൈവ

കൃഷിപ്രസ്ഥാനം ശക്തമാക്കുന്നതിന് ആഭ്യന്തരവും വൈദേശികവുമായ ഉപഭോഗത്തിനായി ആരോഗ്യസം വർദ്ധകമായ ആഹാരസാധനങ്ങളും മൂല്യവർദ്ധിത കാർഷിക ഉത്പന്നങ്ങളും ഉല്പാദിപ്പിക്കുന്ന എല്ലാവ രേയും വളരെയേറെ സഹായിക്കുവാൻ ഈ സ്ഥാപനത്തിന് കഴിയുന്നതാണ്.

### 1.4.21. ശുദ്ധമായ ഊർജ്ജസ്രോതസ്സുകൾ

തോട്ടവിളകളായ കാപ്പി, കുരുമുളക് തുടങ്ങിയ കാർഷിക ഉത്പന്നങ്ങളെ വിളവെടുപ്പിനുശേഷം ഉണക്കി സൂക്ഷിക്കുന്നതിനും മറ്റും ഇന്ന് വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. അതിന്റെ ഫലമായി അന്തരീക്ഷ ത്തിലെ ഈർപ്പത്തിന്റെ സാന്നിദ്ധ്യംമൂലം വിളകളിൽ അതിസൂക്ഷമമായ വിഷാംശങ്ങൾ (Micro toxins) വിക സിക്കുന്നതിനിടയാവുന്നു. ഉത്പന്നങ്ങളുടെ നിർമ്മാണത്തിന്, വിശേഷിച്ചും തോട്ടം മേഖലയിലെ മുഖ്യപ്ര ശ്നമായ ഊർജ്ജത്തിന്റെ രൂക്ഷമായ കുറവ് പരിഗണിച്ചുകൊണ്ട് പ്രത്യേകിച്ചും അന്താരാഷ്ട്രനിലവാര ത്തിലുള്ള ഗുണമേന്മ കൈവരിക്കാനാവശ്യമായ ഉണക്കൽ പ്രക്രിയ സുകരമാക്കാൻ ഒരു പദ്ധതി ഊർജ്ജ ത്തിന്റെ പുനർനവീകരണ പരിപാടി, നാമെത്രയും വേഗം ആസൂത്രണം ചെയ്യേണ്ടതുണ്ട്. അതിന് ധനസ ഹായം ലഭിക്കുവാൻ ക്ലൈമറ്റ് കൺവെൻ ഫണ്ടിനെ കേരളസർക്കാർ സമീപിക്കണം. അതിന് ഒരു പദ്ധതി രൂപം നല്കണമെന്നും ഗ്ലോബൽ എൻവയൺമെന്റ് ഫെസിലിറ്റി നടത്തിവരുന്ന, വൻതോതിൽ സൗരോർജ്ജം ഉപയോഗിച്ചിട്ടുള്ള സങ്കേതങ്ങൾകൊണ്ട് തോട്ടവിളകളായ തേയില, കാപ്പി, കുരുമുളക് മുതലായവ ഉണ ക്കുവാനുള്ള വിപുലമായ സമ്പ്രദായങ്ങൾ സംസ്ഥാനത്ത് വികസിപ്പിക്കുവാനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് കമ്മിഷൻ സർക്കാരിനോട് ശുപാർശ ചെയ്യുന്നു. പാരമ്പര്യേതര ഊർജ്ജസ്രോത സ്സിന്റെ കേന്ദ്രമന്ത്രാലയം സൂര്യോർജ്ജംകൊണ്ട് വിളകൾ ഉണക്കുന്ന കേന്ദ്രങ്ങൾ രൂപീകരിക്കാൻ ഊർജ്ജ സ്വലമായ പദ്ധതികൾ ആവിഷ്കരിക്കുന്ന കേന്ദ്രപാരമ്പര്യേതര ഊർജ്ജസ്രോതസ്സിന്റെ മന്ത്രാലയം മുൻകൈ എടുക്കണം. വിളവെടുപ്പിനുശേഷം മേൽപ്പറഞ്ഞ ഉത്പന്നങ്ങൾ നന്നായി ഉണക്കുന്നതിന് ചെറിയ ഉത്പാദ കരെ അത്തരം പരിപാടികൾ വളരെയേറെ സഹായിക്കുന്നതാണ്.

### 1.4.22. സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി വിപുലീകരണം

സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി വിപുലീകരിക്കുവാൻ താഴെപ്പറയുന്ന നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

1. നാട്ടിലെ ഉപഭോഗത്തിനുള്ള മത്സ്യവിഭവങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും മീൻപിടു ത്തക്കാർ, മത്സ്യവ്യവസായികൾ, ഉപഭോക്താക്കൾ എന്നിവർക്കിടയിൽ ഗുണനിലവാരത്തെപ്പറ്റി ബോധവത്കരണം നടത്തുവാൻ ഒരു പ്രസ്ഥാനം ആരംഭിക്കുക.

2. ഇന്ന് മത്സ്യവ്യവസായ രംഗത്ത് നിലവിലുള്ള സബ്സിഡികളെക്കുറിച്ചും ഇന്നത്തെ പ്രതിസന്ധി നേരിടുന്ന എല്ലാ വിഭാഗത്തിന്റേയും പ്രശ്നങ്ങളെക്കുറിച്ചും ഒരു ബഹുമുഖപഠനം നടത്തേണ്ടതു ണ്ട്. എന്നാൽ മാത്രമേ S.C.M. കരാറനുസരിച്ചുള്ള മത്സ്യസ്രോതസ്സുകളുടെ വളർച്ച സുസ്ഥിരമായി പുനരുജ്ജീവിപ്പിക്കുവാനും മത്സ്യമേഖലയിൽ മാനേജ്മെന്റ് പദ്ധതികൾ നടപ്പിലാക്കുവാനും കഴി യുകയുള്ളൂ.

3. വിവേകപൂർണ്ണമായ തീരുമാനങ്ങൾ എടുക്കുവാൻ സഹായകമായ ഏറ്റവും നവീനമായ വസ്തുത കളുടെ ഒരു സ്ഥിതിവിവരണ അടിത്തറ (ഡേറ്റാ ബെയ്സ്) സൃഷ്ടിക്കുക.

4. യഥാർത്ഥത്തിൽ സ്വന്തം ബോട്ടുകൾ ഉള്ളവർക്കുമാത്രമായി മത്സ്യബന്ധനത്തിന് അനുമതി പരിമി തപ്പെടുത്തുന്നതായ പരിരക്ഷണ നിയമനിർമ്മാണ നടപടികൾ ജലോല്പന്നമേഖലയിൽ കൊണ്ടു വരിക.

5. പാരിസ്ഥിതിക സംരക്ഷണത്തിനും സമുദ്രോല്പന്നമേഖലയിലെ മാനേജ്മെന്റിന്റെ കാര്യക്ഷമത സുസ്ഥിരമാക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളുക.

6. ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാർ പാരിസ്ഥിതിക മത്സ്യബന്ധനകാര്യങ്ങളിൽ വഴിവിട്ടു ഇടപെടുന്നതിനേയും മത്സ്യവ്യവസായ രംഗത്ത് ബാഹ്യസമ്മർദ്ദത്തെയും നിയന്ത്രിക്കുക.

### 1.4.23. മാധ്യമങ്ങളുടെ പങ്ക്

ലോകവ്യാപാരസംഘടന (WTO) യേയും അത് ജനജീവിതത്തിൽ ചെലുത്തുന്ന സ്വാധീനത്തെപ്പറ്റിയും സത്യസന്ധമായി റിപ്പോർട്ടു ചെയ്യുക എന്നത് മാധ്യമങ്ങളുടെ ചുമതലയാണ്. ഈ രംഗത്തെ വിവരങ്ങൾ

എല്ലാം പൊതുജനമദ്ധ്യത്തിലെത്തിച്ചു കൊടുക്കേണ്ടതും മാധ്യമങ്ങൾ തന്നെ. പത്രവായനയും മാധ്യമങ്ങളുടെ ഉപഭോഗവും ഇത്രമാത്രം വിപുലമായിട്ടുള്ള ഒരു സംസ്ഥാനത്ത്, ജനങ്ങളുടെ ഉപജീവനക്കാര്യങ്ങൾ വളരെയേറെ പ്രതികരണക്ഷമതയുള്ള മാധ്യമങ്ങൾ അനുപേക്ഷണീയമാണ്. സാധാരണ, സർക്കാരിനേയോ, സ്വകാര്യ സ്ഥാപനങ്ങളേയോ പ്രതിനിധീകരിക്കുന്നതായി പ്രതീക്ഷിക്കുന്നതാവാമെങ്കിലും, അതിൽ നിന്നും വ്യത്യസ്തമായി ഈ കമ്മിഷന്റെ ശ്രദ്ധേയമായ കണ്ടെത്തൽ, ഒരു വിമർശന ഏജൻസിയെന്ന നിലയിൽ മാധ്യമങ്ങൾക്കുള്ള അതുല്യമായ സ്ഥാനത്തെ അംഗീകരിക്കുക എന്നതാണ്. **ലോകവ്യാപാരസംഘടന (WTO) നിയന്ത്രിക്കുന്ന ലോകവ്യാപാരവ്യവസ്ഥ ഉയർത്തുന്ന വെല്ലുവിളികളെ നേരിടുവാനുള്ള നയതന്ത്രത്തിന്റെ ഒരു പ്രധാനഭാഗമായി പ്രവർത്തിക്കുവാൻ നമ്മുടെ മാധ്യമങ്ങളുടെ വിമർശനപരമായ പങ്കിന് കഴിയുമെന്ന് കമ്മിഷന് അഭിപ്രായമുണ്ട്.** മാധ്യമങ്ങളുടേയും, സർക്കാരിന്റേയും പരസ്പര ബന്ധം സൃഷ്ടിപരമാക്കിത്തീർക്കുവാൻ സ്വീകരിക്കാവുന്ന നടപടികൾ താഴെപ്പറയുന്നു. ഇപ്പറയുന്ന കാര്യങ്ങൾ അതിൽ ഉൾക്കൊള്ളുന്നു.

1. ലോകവ്യാപാര മാധ്യമ സെൽ രൂപീകരിക്കുന്നതായാൽ അതിന് ഒന്നിലധികം പ്രവൃത്തികളെ ഏകോപിക്കുവാനും വിവിധ ചുമതലകൾ ഏറ്റെടുത്ത് അവ നിർവ്വഹിക്കുവാനും കഴിയുന്നതാണ്.

2. മറ്റു സാധാരണ മാധ്യമങ്ങളുമായുള്ള സമ്പർക്കങ്ങൾ കൈകാര്യം ചെയ്യുന്നതുകൂടാതെ, കേരളവും WTO യുമായി ബന്ധപ്പെട്ട വിവരങ്ങളുടെ ഒരു ക്ലിയറിംഗ് ഹൗസ് ആയിക്കൂടി ഈ WTO മാധ്യമ സെല്ലിന് അതിന്റെ പങ്ക് നിർവ്വഹിക്കുവാനും കഴിയും. കല്പിതസർവ്വകലാശാലയ്ക്കും ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾക്കും മന്ത്രികാര്യാലയങ്ങൾക്കും കൃത്യമായി വിവരങ്ങൾ എത്തിച്ചുകൊടുക്കുവാൻ ഈ WTO മാധ്യമ സെല്ലിനു കഴിയും. അതിനുപുറമേ, ഈവക കാര്യങ്ങളിൽ ആഭിമുഖ്യമുള്ള മറ്റു വിവിധ മാധ്യമങ്ങൾക്ക് സ്ഥിരമായി വിവരങ്ങളും, ലഘുവിവരക്കുറിപ്പുകളും ലഭ്യമാക്കുകയും അത് വെബ് സൈറ്റിൽ കൊടുക്കുകയും ചെയ്യാൻ ഈ സെല്ലിന് കഴിയുന്നതാണ്.

3. പൊതുമാധ്യമങ്ങൾക്ക് WTO മാധ്യമസെല്ല് വിവരണരേഖകൾ നൽകുകയും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ തുടരെ വിജ്ഞാന വിവരവ്യാപനത്തിനായി അഭിമുഖങ്ങളും മറ്റു പരിപാടികളും സംഘടിപ്പിക്കുയും അത്തരം പരിപാടികളിൽ ഉദ്യോഗസ്ഥന്മാരും വിദഗ്ദ്ധന്മാരും ആയി അഭിമുഖങ്ങൾ നടത്തുവാൻ സന്നദ്ധരാക്കുകയും ചെയ്യാവുന്നതാണ്. ലോകവ്യാപാര സംഘടനയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഇത്രമാത്രം അറിവുള്ള മാധ്യമങ്ങളും ചാനലുകളും ഉള്ള ഒരു സംസ്ഥാനത്തിൽ WTO മാധ്യമ സെല്ലിന് എഴുത്തുകാരുടേയും പത്രപ്രവർത്തകരുടേയും അഭിപ്രായങ്ങളും പ്രതികരണങ്ങളും ഒരു കൂട്ടം പ്രസിദ്ധീകരണങ്ങളിലൂടെ ജനങ്ങളിൽ എത്തിക്കുവാൻ വൈവിധ്യമുള്ള സങ്കേതങ്ങൾ വിനിയോഗിക്കാവുന്നതാണ്.

4. ദീർഘകാലയളവിൽ മീഡിയാ സെല്ലിന് ലോകവ്യാപാരസംഘടനയെക്കുറിച്ചും അനുബന്ധ കാർഷിക കാര്യങ്ങളെ സംബന്ധിച്ചും എഴുതുവാൻ കഴിയുന്ന വിദഗ്ധരായ എഴുത്തുകാരുടെ ഒരു കോർഗ്രൂപ്പ് ഉണ്ടാക്കാൻ കഴിയും. WTO യുമായി ബന്ധപ്പെട്ട പ്രശ്നങ്ങളേയും അവയുടെ പ്രാദേശികവും ദേശീയവുമായ മാനങ്ങളിലുള്ള സ്വാധീനങ്ങളേയുംപറ്റി കാര്യവിവരമുള്ള ആധികാരികലേഖനങ്ങൾ എഴുതുവാനും പഠനങ്ങൾ നടത്തുവാനും എഴുത്തുകാരെ വികസിപ്പിച്ചെടുക്കുവാൻ ഈ മീഡിയാ സെല്ലിന് കഴിയുന്നതാണ്.

5. WTO യെപ്പറ്റിയുള്ള പുസ്തകങ്ങൾ, പത്രമാസികകൾ, വാരികകൾ, പത്രവാർത്തകൾ മറ്റു പ്രസിദ്ധീകരണങ്ങൾ ഉൾപ്പെടെയുള്ള (അച്ചടി) മാധ്യമങ്ങൾ പ്രവർത്തിപ്പിക്കുക.

## 1.5. വിളകളും ഉല്പന്നങ്ങളും

### 1.5.1. നാളികേരം

#### 1.5.1.1. പ്രതിസന്ധിയുടെ മാനങ്ങൾ

നാളികേരത്തിന്റെ കൃഷിയിലും വ്യാപാരത്തിലും ഉണ്ടായ പ്രതിസന്ധി അനുഭവപ്പെട്ടത് നാളികേരവില കുത്തനെ ഇടിയുകയും മണ്ഡരിബാധയുടെ ഫലമായി ഉല്പാദനത്തിൽ പെട്ടെന്നുണ്ടായ പിന്നോക്കം പോകുകയും ചെയ്യുന്ന രൂപത്തിലാണ് പ്രത്യക്ഷമായത്. വിലയിടിവിലാണെങ്കിൽ, ഓരോ നൂറു തേങ്ങയ്ക്കും ഏകദേശം 500 രൂപയുടെ കുറവാണ്, 98–99 കാലത്തുണ്ടായത്. 2000 ന്റെ മദ്ധ്യത്തിൽ അത് 300 രൂപയായി. വിലയിടിവ് ഇപ്പോഴും തുടരുകയാണ്. ഈ വിലത്തകർച്ചയ്ക്കുള്ള പ്രാഥമിക കാരണം, വെളിച്ചെണ്ണയുടെ വില

യിലുണ്ടായ കുത്തനെയുള്ള താഴ്ചയിൽ നിന്നാണാരംഭിക്കുന്നത്. വെളിച്ചെണ്ണയുടെ നിലവിലിരുന്ന വില 1997-99 കാലഘട്ടത്തിൽ ഒരു ക്വിന്റലിന് 5387 രൂപയും, 2001 ൽ 5588 രൂപയും ആയിരുന്നത് 2001 ൽ 3251 രൂപയായി താഴുകയുണ്ടായി (പട്ടിക 1 കാണുക). ഉല്പാദനത്തിലെ കുറവ് (അക്കത്തിലല്ല, അളവിലാണ്) കാരണം 1998 ലുണ്ടായ 'എറിയോഫൈഡ്' (മണ്ഡരി)യെന്ന കീടത്തിന്റെ വ്യാപകമായ ആക്രമണമായിരുന്നു. ഉല്പാദനത്തിലെ കുറവെന്നപോലെ, വിലയുടെ തകർച്ചയും കൂടി സൃഷ്ടിച്ച പ്രതിസന്ധി കേരളം ഇന്നോളം കണ്ടിട്ടില്ലാത്ത അനുപാതത്തിലാണ് സംസ്ഥാനത്തിന്റെ കേര സമ്പദ്ഘടനയെ താറുമാറാക്കുകയും നാളികേരകൃഷി ഉപജീവനമാക്കിയ കർഷകരുടെ ജീവിതത്തെ ദാരുണമാക്കുകയും ചെയ്തത്. ഈ പ്രതിസന്ധിയുടെ മാനവിക മാനങ്ങൾ നോക്കിയാൽ ഒരു ദശലക്ഷം കർഷകകുടുംബങ്ങളെ (അതായത് ഏകദേശം സംസ്ഥാനത്തെ മൊത്തം കൃഷിസ്ഥലത്തിന്റെ 20% ത്തെ പ്രതിനിധീകരിക്കുന്ന പ്രദേശങ്ങളിലെ) നേരിട്ടും, നാളികേരത്തിന്റെ ഉപോല്പ്പന്നമായ കയർ സംസ്കരണം മാത്രം ഉപജീവമാക്കിയിട്ടുള്ള മറ്റൊരു 2 ലക്ഷം കുടുംബങ്ങളെ പരോക്ഷമായും സാരമായ നിലയിൽ പ്രതികൂലമായി ബാധിച്ചു എന്നുകാണാം. കേരകർഷകരിൽ ഇപ്പോൾ ഉണ്ടായ ദുരിതത്തിനു വിധേയരായവരിൽ ഭൂരിപക്ഷവും ചെറുകിടകർഷകരും നാമമാത്രകർഷകരുമായ ഒന്നര ഹെക്ടർ മുതൽ ഒരു ഹെക്ടർ വരെയുള്ള തെങ്ങു തോട്ടക്കാരും കയർമേഖലയിലെ ദാരിദ്ര്യരേഖയിൽ താഴെ നില്ക്കുന്ന കയർതൊഴിലാളികളുമായിരുന്നു.

### 1.5.1.2. എണ്ണവിപണിയുമായുള്ള ബന്ധം

സംസ്ഥാനത്ത് ഉത്പാദിപ്പിക്കപ്പെടുന്ന നാളികേരത്തിന്റെ 60% വും ഗാർഹിക തലത്തിൽ ഉപയോഗിക്കപ്പെടുകയും ശേഷിച്ചത് കൊപ്രയാക്കി ആട്ടി എണ്ണയാക്കപ്പെടുകയുമാണ്. ആ വെളിച്ചെണ്ണയുടെ ഒരു നല്ല ശതമാനവും പ്രാഥമിക പാചകഎണ്ണയായി ഉപയോഗിക്കപ്പെടുന്നു. ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന എണ്ണയുടെ 14-15% സോപ്പിന്റെയും മറ്റുശുചീകരണ വസ്തുക്കളുടെയും നിർമ്മാണത്തിനാണ് ഉപയോഗിക്കുന്നത്. എന്നാൽ വെളിച്ചെണ്ണയുടെ വിലയുടെ മേൽ വ്യവസായമാണ് പിടിമുറുക്കുന്നതെന്ന് തോന്നാം. എന്നാൽ നാളികേരത്തിന്റെ ഫാം പ്രൈസ് (നാട്ടുനടപ്പ് വില) രാജ്യത്തെ മറ്റുസസ്യഎണ്ണകളുടെ സപ്ലൈ-ഡിമാന്റ് (ആവശ്യവും ലഭ്യതയും) സാഹചര്യങ്ങളേയും അവയുടെ വിലയേയും ആശ്രയിയിച്ചാണിരിക്കുന്നത്. ഈ സപ്ലൈ-ഡിമാന്റ് ബന്ധത്തിലെ സുപ്രധാന ഘടകങ്ങൾ - സസ്യഎണ്ണകളുടെ ആഭ്യന്തര ഉല്പാദനം, ഓരോ വർഷവും ഇറക്കുമതി ചെയ്യപ്പെടുന്ന വിദേശ എണ്ണകളുടെ അളവും തോതും വിപണിയിലെ വിറ്റഴിയലും ആണ്. കഴിഞ്ഞ ഏതാനും വർഷങ്ങളായി വെളിച്ചെണ്ണയുടെ ഉല്പാദനം വർദ്ധിച്ചുകൊണ്ടിരിക്കുകയും, അതേസമയം **വെളിച്ചെണ്ണയുടെ ബദലുകൾ ക്രമാനുഗതമായി ദേശീയ സസ്യഎണ്ണ വിപണി കീഴടക്കിക്കൊണ്ടിരിക്കുകയായിരുന്നു.** ഇവിടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള വ്യത്യസ്ത എണ്ണകളുടെ ആപേക്ഷികമായ വിലവ്യത്യാസം ഓരോ കാലത്തെയും വിപണിയിലെ പ്രിയത്തെ നിർണ്ണയിക്കുകയും വിപണിയെ സ്വാധീനിക്കുകയും ചെയ്തുവരുന്നതായി കാണാം. വെളിച്ചെണ്ണയ്ക്ക് ബദലായ എണ്ണകൾ കുറഞ്ഞവിലയ്ക്ക് നിരന്തരമായി ലഭ്യമായിക്കൊണ്ടിരിക്കുന്നതുമൂലം അനേകം വർഷങ്ങളായി വെളിച്ചെണ്ണമാത്രം ഉപയോഗിച്ചുവന്നവരെ വിലകുറഞ്ഞ എണ്ണകളിലേക്ക് തിരിയ്ക്കുവാനിടയാക്കി. ഇത് വാച്യാർത്ഥത്തിൽ തന്നെ വെളിച്ചെണ്ണയ്ക്ക് വ്യവസായരംഗത്തുള്ള അധീശാധിപത്യവും അനിവാര്യതയും ഇല്ലാതാക്കി. ഒരു കാലത്ത് വ്യവസായമേഖല വെളിച്ചെണ്ണയെ ആശ്രയിച്ച് നിലനിർക്കുന്നു എന്നു കരുതിവന്നു. **മറ്റൊരു പ്രധാന പ്രശ്നം, പാമോയിലിന്റേയും, സോയാബീൻ എണ്ണയുടേയും ദേശീയ വിപണിയിലേക്കുള്ള കടന്നുകയറ്റമാണ്.** ആഭ്യന്തരമായി ഉല്പാദിപ്പിക്കപ്പെടുന്ന സസ്യഎണ്ണകളെ വളരെ പ്രതികൂലമായി ബാധിക്കുന്ന വിധത്തിലുള്ള പാമോയിലിന്റേയും മറ്റും ഉദാരവത്കൃതമായ ഇറക്കുമതിയുടെ പങ്കും പ്രധാനമായ കാരണമാണ്. ഈ വിപണി മത്സരത്തിൽ ഏറ്റവും ദുരന്തമായ ഫലങ്ങൾ ഏറ്റുവാങ്ങുന്നത്, (എണ്ണയുടെ വിലയും വ്യവസായത്തിന് അതുല്യമായ ഗുണനിലവാരത്തിന്റെ അനുപേക്ഷണീയതയും തമ്മിൽ ബന്ധമില്ലാത്തിടത്തോളം) വിലകുറഞ്ഞ നാടൻ എണ്ണകളാണ്. കഴിഞ്ഞ 10 വർഷക്കാലത്തിനിടയിൽ ഇന്ത്യയിലെ നാളികേര ഉല്പാദനം 35% ത്തോളം വർദ്ധന രേഖപ്പെടുത്തുകയുണ്ടായി. വെളിച്ചെണ്ണയുടെ ഉത്പാദനം 60%വും കൂടി. അതായത് 2.81 ലക്ഷം ടണ്ണിൽ നിന്നും 4.49 ലക്ഷം ടണ്ണായി. ഈ ഉത്പാദനവർദ്ധന കേരളത്തിൽ നാളികേരത്തിന് 26% ആയിരുന്നു. എന്നാൽ നാളികേരത്തിന്റെ ദേശീയ ഉത്പാദനത്തിൽ കേരളത്തിന്റെ പങ്ക് 47% നിന്നും 42% ആയി താണു. ഈ ഉല്പാദന വർദ്ധനയോടൊപ്പം വിലകുറഞ്ഞ ബദൽ എണ്ണകളുടെ ലഭ്യത വെളിച്ചെണ്ണയിൽനിന്നും വ്യവസായികളുടെ താല്പര്യം പറിച്ചുമാറ്റുവാനിടയാക്കി. എന്നാൽ ഇതിന് ബദലായി ഒരു ഡിമാന്റ് സൃഷ്ടിക്കുവാൻ വെളിച്ചെണ്ണയ്ക്ക് കഴിയാതെ വന്ന സാഹചര്യത്തിൽനിന്നും വിലത്തകർച്ച ആരംഭിക്കുകയായിരുന്നു. ഇന്ത്യയിലെ നാടൻ സസ്യഎണ്ണകളുടെ ഉത്പാദനത്തിൽ ഉള്ള കുറവ് സമാന്തരമായി തുടർന്നുകൊണ്ടിരിക്കുകയും ചെയ്തു. അങ്ങിനെയാണ് വിലത്തകർച്ച ഉണ്ടായത്.

**ആഭ്യന്തര സസ്യയെണ്ണയുല്പാദനത്തിൽ ദേശീയമായിട്ടുള്ള കുറവുതുടർന്ന സാഹചര്യത്തിൽ ഭക്ഷ്യ എണ്ണകൾ പുറത്ത് നിന്നും ഇറക്കുമതി ചെയ്യുന്നതിന് നാം സ്വീകരിച്ച നയമാണ് വിലയിടിവിന് കാരണമായത്.** സോയാബീൻ എണ്ണയ്ക്ക് വളരെ കുറഞ്ഞ താരിഫ് ഏർപ്പെടുത്താൻ നാം ബാദ്ധ്യസ്ഥരായി. എത്രമാത്രം വരെ ഈ നയം വിലത്തകർച്ചയെ പ്രോത്സാഹിപ്പിച്ചു എന്ന് താഴെകാണിക്കുന്ന, 1995-96 നുശേഷമുള്ള ഇറക്കുമതിയുടെ പ്രവണത വ്യക്തമാക്കുന്നു. (1995-96 ൽ WTO യുടെ പ്രവർത്തനം ആരംഭിക്കുന്നത് ഇതുമായി ആകസ്മികമായി സംഗമിച്ചു എന്നു മാത്രം). ആഭ്യന്തര ഉത്പാദനത്തിലെ കുറവ് നികത്താനായി സസ്യഎണ്ണകളുടെ അന്യരാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതിയെ നീതീകരിക്കാമെങ്കിൽ കൂടി, **അനുവദനീയമായ ഇറക്കുമതിയുടെ അളവ് ആഭ്യന്തര ഉല്പാദനമേഖലയെ ഗൗരവമായി ബാധിക്കുകയും ആയിരക്കണക്കിന് കർഷകരുടെ (പരമ്പരാഗതമായി എണ്ണവിളകൾ കൃഷിചെയ്യുന്ന) ഉപജീവനത്തെ ഇത് അപകടത്തിലാക്കുകയും ചെയ്തു.** വർഷംതോറും എണ്ണക്കുരു തരുന്ന വിളകൃഷിയുടെ കർഷകർക്ക് ഇടവിട്ടുള്ള വിളകൃഷിയിലേക്കു മാറുവാൻ അവസരം കിട്ടിയപ്പോൾ, ദീർഘകാല എണ്ണക്കുരുവിളകൃഷിക്കാർ (ഉദാ : കേരകൃഷിക്കാർ) സാമ്പത്തികക്കെണിയിലേക്ക് തള്ളപ്പെടുകയും ചെയ്തു.

1995-98 കാലത്ത് ഭക്ഷ്യസസ്യഎണ്ണയുടെ ശരാശരി വാർഷിക ഇറക്കുമതി (അതിലേറിയ പങ്കും പാം ഓയിലും സോയാബീൻ ഓയിലും ഒരു ചെറിയ അളവ് സൂര്യകാന്തി എണ്ണയുമായിരുന്നു) 1.2 ദശലക്ഷം ടണ്ണായിരുന്നു. 1998-99 ൽ ഇത് 2.4 ദശലക്ഷം ടണ്ണായി ഉയർന്നു. 2000-2001 ൽ അത് 3.05 ദശലക്ഷം ടണ്ണായി. 2000-2001 ഇറക്കുമതിചെയ്ത ഭക്ഷ്യസസ്യ എണ്ണകളുടെ 72% വും പാംഓയിലായിരുന്നു. അളവുപരമായ നിയന്ത്രണ(QRS)മില്ലാത്ത സ്വതന്ത്ര വ്യാപാര വ്യവസ്ഥയിൻകീഴിൽ കേന്ദ്രസർക്കാരും വ്യാപാരികളും നടത്തിയ ഇറക്കുമതിയുടെ ഈ വ്യാപനം, അതും വളരെ കുറഞ്ഞ ഇറക്കുമതി താരിഫ് ചുമത്തിക്കൊണ്ടുള്ള ഇറക്കുമതി പ്രതിഫലിപ്പിക്കുന്നത് യഥാർത്ഥത്തിൽ ഇന്ത്യയിലേയും കേരളത്തിലേയും ആഭ്യന്തര ഉല്പാദനവ്യവസ്ഥയ്ക്ക് (വ്യത്യസ്ത തോതുകളിലാണെങ്കിലും) പ്രതിസന്ധിയെ ചെറുത്തുനില്ക്കാനുള്ള ശേഷിയില്ല എന്നാണ്. ഇതിനനുബന്ധമായി ഉണ്ടായ മറ്റൊരു അത്യാഹിതം ജനസംഖ്യയിലെ വലിയൊരു വിഭാഗം എണ്ണക്കുരു വിള കൃഷിയെ ആശ്രയിച്ചു കഴിയുന്ന ജനങ്ങളുടെ ഉപജീവന വ്യവസ്ഥയുടെ അടിതെറ്റിയതാണ്. ലോകവ്യാപാരസംഘടന (WTO) ഇനി പൂർണ്ണമായും പ്രവർത്തനനിരതമാകുമ്പോൾ, ആഭ്യന്തരകൃഷിയിലും കാർഷികോൽപ്പന്നങ്ങളുടെ വ്യാപാരത്തിലും പ്രതീക്ഷിക്കുന്നതു പോലെ കുറവോ അല്ലെങ്കിൽ തീരുവ/തരിഫ് പൂർണ്ണമായും ഇല്ലാതാവുന്ന സ്ഥിതിയുമാണ് ഉണ്ടാവുക.

#### 1.5.1.3 നിർദ്ദിഷ്ട തന്ത്രം

മേൽ വിവരിച്ച സാഹചര്യങ്ങളിൽ നാളികേരത്തിന്റെ ഉത്പാദനം വർദ്ധിപ്പിച്ച് ഉത്പാദകരുടെ ഉപജീവനസുരക്ഷ സുസ്ഥിരമാക്കുവാൻ അനുയോജ്യമായ ഏക അടിയന്തിര തന്ത്രം, വെളിച്ചെണ്ണ വിപണിയിൽ യുക്തമായ തരത്തിൽ ഇടപെടുകയാണ്. അതിന് ഇറക്കുമതിയിൽ നിയന്ത്രണം എർപ്പെടുത്തേണ്ടതായി വരും. ആഭ്യന്തര ഉത്പാദകർക്ക് പ്രതിഫലം നൽകിക്കൊണ്ടുള്ള വില (Remunerative Price) നിലനിറുത്തേണ്ടതും ആവശ്യമാണ്. ഇടത്തരവും ദീർഘകാലാടിസ്ഥാനത്തിലും ഉള്ള തന്ത്രം ഉത്പാദനത്തെ നയതന്ത്രപരമായി ആസൂത്രണം ചെയ്തു പ്രവർത്തിപ്പിക്കുകയും ഉത്പാദനച്ചെലവ് ഗണ്യമായി കുറയ്ക്കാനാവശ്യമായ തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്. ഇത്തരമൊരു സന്ദർഭത്തിൽ സർക്കാരിന്റെ കാർഷിക, വ്യാപാര നയങ്ങൾക്ക് വളരെ സൃഷ്ടിപരമായ പങ്കുവഹിക്കാൻ കഴിയേണ്ടതാണ്.

#### 1.5.1.4 ശുപാർശകൾ

1. **ഹ്രസ്വകാല നടപടികൾ: താരിഫ് നിരക്കുകൾ ക്രമീകരിക്കുക**

ഇറക്കുമതിയുടെ അളവുപരമായ നിയന്ത്രണങ്ങൾ കൂടാതെ വ്യാപാരസംഘടനയുടെ വ്യവസ്ഥകൾക്ക് അനുരോധമായിതന്നെ ഇറക്കുമതി താരിഫുകളുടെ നിയന്ത്രണവും ക്രമീകരണവും നടത്താവുന്നതാണ്. **തീർച്ചയായും താരിഫ് നിരക്കുകളുടെ കാലാകാലങ്ങളിൽ അനുയോജ്യമായ പുനർനിർണ്ണയം മാത്രമാണ് ഇനിയുള്ള പോംവഴി.** കൃഷിയെ സംബന്ധിച്ച കരാർ (AOA) ബാദ്ധ്യതകൾ അനുസരിച്ച് തന്നെ ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി താരിഫ് 300% ആണ്. എന്തായാലും സോയാബീൻ എണ്ണയുടെ ഇറക്കുമതി താരിഫ് ഇപ്പോൾ 45%-ൽ കുറച്ചു കൂടുതൽ മാത്രമായി നിലനിൽക്കുമ്പോൾ, പാമോയിലിന്റെ താരിഫ് 45% ത്തിൽ കൂടുതൽ വർദ്ധിപ്പിക്കുന്നത് ബുദ്ധിപൂർവ്വമായിരിക്കുകയില്ല. ഇപ്പോഴത്തെ "ഭക്ഷ്യയോഗ്യമായ ഗ്രേഡ് അസംസ്കൃത പാമോയിലിനും അതിന്റെ ഉപവിഭാഗങ്ങളു"ടേയും താരിഫ് വെറും 15% ആണ്. ഈ താരിഫ് നിരക്ക് ഒന്നുകിൽ 45%മോ, അല്ലെങ്കിൽ അതിൽക്കുറച്ച് ഉയർത്തിയോ നിശ്ചയിച്ചാൽ ആവർദ്ധന കൊണ്ടുള്ള

പ്രയോജനം ആഭ്യന്തര സസ്യ എണ്ണകൾക്കായിരിക്കും ലഭിക്കുക, അല്ലാതെ ഇറക്കുമതി ചെയ്യപ്പെടുന്ന സോയാബീൻ ഓയിലിന് ആയിരിക്കുകയില്ല. ഈ താരിഫുകളുടെ പുനർക്രമീകരണം ഒരു അടിയന്തിരമായ, പ്രതിസന്ധിയെ തെല്ലൊന്നു നേരിടുവാൻ മാത്രമാണ് സഹായിക്കുക. നാളികേര കൃഷിക്കാരുടെ ഇന്നത്തെ ദു:സ്ഥിതിയ്ക്ക് പരിഹാരം കാണുവാനിത് ഉപകരിക്കുകയില്ല എന്ന് തീർച്ചയാണ്.

#### 1.5.1.4.2. ദീർഘകാല നടപടികൾ

ദീർഘകാല നടപടികൾ വിഭാവനം ചെയ്യുമ്പോൾ ഒരു ദ്വിമുഖസമീപനം വേണ്ടിയിരിക്കുന്നു. ആദ്യമായി ചെയ്യേണ്ടത് വെളിച്ചെണ്ണയുടെ ഡിമാന്റ് വർദ്ധിപ്പിക്കുകയാണ്. രണ്ടാമതായി ഉല്പന്ന വൈവിധ്യവത്കരണം വഴി നാളികേരത്തിന്റെ ഡിമാന്റ് വികസ്വരമാക്കുകയാണ്. ഡിമാന്റിന്റെ വർദ്ധനവ് സാദ്ധ്യമാക്കുവാൻ വെളിച്ചെണ്ണ ഒരു ഭക്ഷ്യഎണ്ണ എന്ന നിലയിൽ മാത്രമല്ല, അതിന്റെ വിനിയോഗം ടോയിലറ്റ് സാധനങ്ങൾ നിർമ്മിക്കുന്ന വ്യവാസായത്തിലേക്കു വ്യാപിപ്പിക്കുകയും വെളിച്ചെണ്ണയുടെ ആരോഗ്യപരമായ നേട്ടങ്ങൾ ഉയർത്തിക്കാണിച്ചു കൊണ്ട് പ്രചാരണങ്ങൾ സംഘടിപ്പിക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. ഇതേതുടർന്ന് (റിപ്പോർട്ടിൽ) ഉണ്ടാക്കിയിട്ടുള്ള പട്ടിക നോക്കിയാൽ നാളികേരത്തിന്റെ ഉപയോഗത്തെ വൈവിധ്യവത്കരണത്തിന് സാധ്യതകൾക്ക് നിരവധി മേഖലകൾ ഉണ്ടെന്ന് കാണുവാൻ കഴിയും.

#### 1.5.1.4.3. ഭക്ഷ്യഎണ്ണയെന്ന നിലയിൽ വെളിച്ചെണ്ണയ്ക്ക് പ്രോത്സാഹനം

ഭക്ഷ്യസസ്യഎണ്ണകൾക്ക് ദേശീയമായുള്ള ഡിമാന്റ് ഉയർന്ന നിരക്കിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു, എന്നാൽ ആഭ്യന്തര ഉത്പാദനത്തിന് ഈ ഡിമാന്റ് വേണ്ടവിധം നിറവേറ്റാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഇന്ത്യയിലെ മൊത്തം എണ്ണക്കുരു ഉത്പാദനത്തിന്റെ വെറും 4% മാത്രമാണ് കേരളത്തിന്റെ സംഭാവന. ഒരു ഭക്ഷ്യഎണ്ണയായി കേരളത്തിൽ മാത്രമാണ് വെളിച്ചെണ്ണ ഉപയോഗിക്കപ്പെടുന്നത്. രുചിയുടെ കാര്യത്തിലും ആരോഗ്യപരമായ പരിഗണനയിലും വെളിച്ചെണ്ണയ്ക്ക് കേരളത്തിന് പുറത്ത് പ്രചാരമില്ല. രുചിയുടെ പ്രശ്നം സംസ്കരണപ്രക്രിയയിലൂടെ പരിഹരിക്കാം. സംസ്കരണത്തിന്റെ ഉപചെലവു കുറഞ്ഞിരിക്കണമെന്നു മാത്രം. **വെളിച്ചെണ്ണ രക്തത്തിലെ കൊളസ്റ്ററോൾ വർദ്ധിപ്പിക്കുമെന്ന അന്ധവിശ്വാസത്തെ ആധുനികഗവേഷണം വെല്ലുവിളിച്ചിരിക്കുന്നു.** കൂടാതെ വെളിച്ചെണ്ണയ്ക്കുള്ള അനുകൂലമായ ഗുണങ്ങൾ, അണുനശീകരണ ശക്തി ഉൾപ്പെടെയുള്ള ഗുണങ്ങൾ ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. അതിനാൽ ഒരു ഭക്ഷ്യ എണ്ണ എന്ന നിലയിൽ വെളിച്ചെണ്ണയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുവാൻ വളരെയേറെ സാദ്ധ്യതകൾ ഉണ്ട്. അതിനായി നിരന്തരമായ ബോധവത്കരണ പ്രവർത്തനങ്ങൾ, വികസന പദ്ധതികളുടെ ഭാഗമെന്ന നിലയിൽതന്നെ, നാളികേര വികസനബോർഡും കേരള സർക്കാരും സംഘടിപ്പിക്കേണ്ടതാണ്. ഇതോടൊപ്പം മറ്റു ഭക്ഷ്യ എണ്ണകളുമായി തട്ടിച്ചുനോക്കുമ്പോൾ ഉത്പാദനച്ചെലവ് പരമാവധി കുറയ്ക്കുന്നതിന് അനുയോജ്യമായ നടപടികളും സ്വീകരിക്കേണ്ടതാണ്.

#### 1.5.1.4.4. വിവിധ വിനിയോഗ സാദ്ധ്യതകൾക്കനുസരിച്ച് ഉത്പന്നത്തിന്റെ വൈവിധ്യവത്കരണം

നാളികേരത്തിന്റെ വാണിജ്യപരമായ വിപണി കെട്ടിപ്പടുത്തിട്ടുള്ളത് എണ്ണയെ ചുറ്റിപ്പറ്റിയാണെന്നും എണ്ണ വ്യാപാരത്തിന്റെ വിധി വിഹിതങ്ങൾ ആണ് വിലയിടിവിനും ഉത്പാദകരുടെ ആദായകരമായ വരുമാനം നിർണ്ണയിക്കുന്നതിനും മുഖ്യകാരണം എന്ന ധാരണയുടെ അടിസ്ഥാനത്തിൽ പടുത്തുയർത്തുന്ന തന്ത്രമാണ് വൈവിധ്യവത്കരണം. അതിനാൽ വൈവിധ്യവത്കരണം എന്നാൽ കൊപ്ര ആട്ടി എണ്ണയെടുക്കുക മാത്രമല്ല, നാളികേരത്തിൽ നിന്നും നിരവധി ഉൽപ്പന്നങ്ങൾ-പരമ്പരാഗതവും പാരമ്പര്യേതരവും ആയ കയർ, കള്ള്, തേങ്ങാവെള്ളം, തേങ്ങാപ്പാൽ, നാളികേരക്രീം, നാളികേരത്തേൻ, നാറ്റാ-ഡി-കൊക്കോ, മധുരക്കള്ള് (നീര), മധുരക്കള്ളിൽ നിന്നുമുള്ള കരുപ്പട്ടി (ജാഗറി), ലഘുപാനീയം, തേങ്ങാവെള്ളത്തിന്റെ പൂരിത ലായനിയായ വിനാഗിരി, ചിരട്ടക്കരി, ചിരട്ടയിൽ നിന്നുള്ള മറ്റു കരകൗശല വസ്തുക്കൾ എന്നിങ്ങനെ വിവിധങ്ങളായ ഉല്പന്നങ്ങൾ ഉണ്ടാക്കി വിപണി വിപുലമാക്കാവുന്നതാണ്. ഇതിനെല്ലാം ആവശ്യമായ സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും അവയ്ക്കാവശ്യമായ വാണിജ്യാടിസ്ഥാനത്തിലുള്ള നിർമ്മാണച്ചെലവുകൾ എത്രയാണെന്ന് ഇനിയും കണക്കാക്കപ്പെട്ടിട്ടില്ല. ഈ വിപുലമായ വൈവിധ്യത്തോടുകൂടിയ ഉപയോഗ (വിനിയോഗ) സാദ്ധ്യതകൾ എന്തൊക്കെയാണെന്ന് യുക്തിപൂർവ്വമായും അവധാരണയോടെയും (പഠിക്കുകയും) പരിശോധിക്കുകയും അവയിൽ വാണിജ്യപരമായി പ്രയോഗക്ഷമമായവയെ തിരിച്ചറിയുകയും അവയുടെ നിർമ്മാണത്തിന് വേണ്ട പ്രോത്സാഹനം നൽകുകയും വേണം. വാണിജ്യപരമായ പ്രയോജനക്ഷമതയുടെ കാര്യത്തിൽ നിർണ്ണായകമായിരിക്കുന്ന ഘടകം അസംസ്കൃത സാധനത്തിന്റെ വിലയാണ്. അതോടൊപ്പം വിപണി സാദ്ധ്യതയുടെ വലിപ്പവും വ്യാപ്തിയും നിർണ്ണായക പ്രാധാന്യം അർഹിക്കുന്നു. സാദ്ധ്യമായ എല്ലാ സഹായവും സംഘടനാപരവും അടിസ്ഥാന സൗകര്യപരവും സ്ഥാപനപരവും

അവയോടൊപ്പം സാമ്പത്തികവുമായ സഹായങ്ങൾ വൈവിധ്യവത്കൃത നിർമ്മാണ പ്രവർത്തനങ്ങൾക്കും സംരംഭങ്ങൾക്കും എല്ലാ മുൻകൈ പ്രവർത്തനങ്ങൾക്കും പ്രത്യേകിച്ചും കർഷകസംഘങ്ങളുടെ പരിപാടികൾക്ക് നൽകേണ്ടതാണ്. അത്തരം വൈവിധ്യവത്കരണ സംരംഭകർക്കും പദ്ധതികൾക്കും ഒരു ത്വരിത ശക്തിയായി പ്രവർത്തിക്കുവാൻ ഒരു **ഏകജാലക സംവിധാനം** ആവിഷ്കരിക്കുന്നത് നന്നായിരിക്കും.

### 1.5.1.4.5 മധുരക്കള്ള് ഒരു ആരോഗ്യദായ പാനീയ മാക്കുന്നതിനും കരുപ്പട്ടി നിർമ്മാണത്തിനും പ്രോത്സാഹനം

ആരോഗ്യദായകമായ ഒരു പാനീയമാക്കി മധുരക്കള്ള് പുറത്തിറക്കിയാൽ അതിന് നല്ല ഡിമാന്റിനു സാദ്ധ്യതയുണ്ട്. മധുരക്കള്ളിൽ നിന്ന് കരുപ്പട്ടിയും നിർമ്മിക്കാവുന്നതാണ്. ഒരു കേരവൃക്ഷത്തിന് ഏകദേശം 50 കി.ഗ്രാം മുതൽ 75 കി.ഗ്രാം വരെ പ്രതിവർഷം കരുപ്പട്ടി ഉത്പാദിപ്പിക്കാൻ കഴിവുണ്ടത്രെ! അക്കണക്കിൽ നോക്കിയാൽ ഒരു ഹെക്ടറിൽ നിന്നും (200 കേരവൃക്ഷങ്ങൾ) പ്രതിവർഷം 10-നും 15-നും ഇടയിൽ ടൺ കരുപ്പട്ടി ഉത്പാദിപ്പിക്കാവുന്നതാണ്. എന്നാലിതിന് ഒരു പരിമിതിയുണ്ട്, ഒരു വിദഗ്ധത്തൊഴിലായ കള്ള് ചെത്ത് നടത്താനാവശ്യമായ വേലക്കാരെ ലഭിക്കാൻ ബുദ്ധിമുട്ടും നിലവിലിരിക്കുന്ന നിയമപരമായ നിയന്ത്രണങ്ങളുമാണാ പരിമിതി. കർണ്ണാടകത്തിൽ ചെയ്തതുപോലെ, കേരളത്തിലും കർഷകർ തന്നെ കള്ളു ചെത്തുന്നതിനുള്ള എല്ലാ തടസ്സങ്ങളും നീക്കം ചെയ്താൽ മധുരക്കള്ളിന്റെ വൈവിധ്യവത്കരണത്തിനും, കരുപ്പട്ടി അടക്കമുള്ള ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനും അത് പ്രോത്സാഹജനകമാവും.

### 1.5.1.4.6 വെള്ളിച്ചെണ്ണ-ഭക്ഷ്യഎണ്ണയായി വിനിയോഗിക്കാൻ പ്രോത്സാഹനം

ഇളനീരിന്റെ സ്വാദും സുരക്ഷിതത്വവും പോഷകങ്ങളുടെ സാന്നിദ്ധ്യവും കൊണ്ട് അതിന് ഒരു ലഘു പാനീയമെന്ന നിലയിൽ ഇതിനകം (പരക്കെ) സാർവ്വത്രികമായ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഡിമാന്റും അനുദിനം വർദ്ധിക്കുന്നു. എന്നാൽ മുഖ്യപ്രശ്നം, പാക്കേജിന്റെ മാത്രമല്ല, നഗരങ്ങളിലെ വിപണികളിലേക്കുള്ള ചരക്കുനീക്കത്തിന്റേയും തെങ്ങിൽ നിന്നും എടുത്ത് പുതുമ വിടാതെ സപ്ലൈ ചെയ്യുന്നതിന്റേയും കാര്യത്തിലാണ്. ഈവിധ ഉപയോഗങ്ങളിൽ നിന്നുള്ള വിപണന/വിപണി സാദ്ധ്യതകളെ പിന്തുടർന്നുകൊണ്ട് വേണ്ട നടപടികൾ സർക്കാർ കൈക്കൊള്ളണം. ഇക്കാര്യത്തിൽ, ലഘുപാനീയ നിർമ്മാണ രംഗത്തെ വൻ വ്യവസായ സ്ഥാപനങ്ങളുടെ സഹായ സഹകരണങ്ങൾ തേടാവുന്നതാണ്. കാരണം അവർക്കാവട്ടെ, അതിനുള്ള എല്ലാ സ്രോതസ്സുകളും (അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള), വിപണിക്കാര്യത്തിൽ വൈദഗ്ധ്യവും ഉണ്ടെന്നു മാത്രമല്ല, മറ്റു ലഘുപാനീയ നിർമ്മാതക്കളുമായി മത്സരിക്കുവാൻ (അവിഹിതമല്ലാതുള്ള) വേണ്ട വിപണി തന്ത്രങ്ങൾ ആവിഷ്കരിക്കാനുള്ള കഴിവും ഉണ്ട്. ചരക്കുനീക്കത്തിന്റെ ചെലവ് കുറയ്ക്കുവാനും ഗുണനിലവാരം വൃക്ഷത്തിൽ നിന്നും എടുത്ത ഉടനുള്ള സ്ഥിതിയിൽ തന്നെ സൂക്ഷിക്കുവാനും ചില നൂതനവും പരിഷ്കൃതവുമായ സങ്കേതങ്ങൾ ആവശ്യമായി വരുന്നതാണ്.

### 1.5.1.4.7 ഇരുസ്ട്രോക്ക് ഇഞ്ചിനുകൾക്ക് ലൂബ്രിക്കേറ്ററായി വെളിച്ചെണ്ണയുടെ വിനിയോഗം

അടുത്തകാലത്ത് ഓട്ടോറിക്ഷകൾ പെട്രോളും വെളിച്ചെണ്ണയും കൂട്ടികലർത്തി ഓടിക്കാമെന്നും വെളിച്ചെണ്ണയെ യന്ത്രത്തിനയവു വരുത്താൻ കഴിയുന്ന ഒരു ലൂബ്രിക്കന്റാവാമെന്നും, ഇരു സ്ട്രോക്ക് ഇഞ്ചിനുകൾക്ക് നല്ലതാണെന്നും ഒരവകാശവാദം ഉയർന്നു കേട്ടിരുന്നു. ഈയൊരു പുതിയ മുന്നേറ്റം വാണിജ്യാടിസ്ഥാനത്തിൽ പിന്തുടരുന്നത് ഗുണകരവും ആശാസ്യവുമാണോ എന്ന് പരിശോധിക്കേണ്ടതാണ്. വെളിച്ചെണ്ണയെക്കുറിച്ചുള്ള ഈ വാദം സാങ്കേതികമായി വിശ്വാസ്യതയുള്ളതാണോ, എന്നും നോക്കണം. ഇത് ശരിയാണെങ്കിൽ, സമ്പദ് മേഖലകളിൽ നിന്നും, കേരളത്തിന്റെ അകത്തും പുറത്തും ഉള്ളവരിൽ നിന്നും വെളിച്ചെണ്ണയ്ക്ക് കൂടുതൽ ഡിമാന്റുണ്ടാക്കാൻ ശ്രമിക്കേണ്ടതാണ്. അതിനാൽ കേരള കാർഷിക സർവ്വകലാശാലയുടെ കാർഷിക-ഇഞ്ചിനീയറിംഗ് വിഭാഗമോ, മറ്റു യോഗ്യതയും കാര്യക്ഷമതയുമുള്ള ഗവേഷണ സംഘമോ, മുകളിൽ പറഞ്ഞ വാദത്തിന്റെ എല്ലാവശങ്ങളും, അതായത്, വെളിച്ചെണ്ണയുടെ കാര്യക്ഷമത, യന്ത്രത്തേയ്മാനം, പൊതുവേ ലാഭകരമാണോ, അല്ലയോ എന്നിവയുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കാൻ വിദഗ്ധരെ നിയോഗിക്കണമെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു. ഇതിനു മതിയായ, പ്രത്യേകമായി വേണ്ട, സഹായം കേരളസർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടാവണം. അതല്ലെങ്കിൽ നാളികേര വികസനബോർഡിന്റെ സഹായം കേരളസർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടാവണം. അതല്ലെങ്കിൽ നാളികേര വികസന ബോർഡിന്റെ സഹായം ഈ ഗവേഷണത്തിൽ അനുപേക്ഷണീയമായി കരുതാവുന്നതാണ്.

### 1.5.1.4.8 റീപ്ലാന്റിംഗും കേരത്തിന്റെ പുനരധിവാസവും (സംയോജിത കേരവികസന പരിപാടികൾ)

"കേരളത്തിന്റെ സവിശേഷ സാഹചര്യമനുസരിച്ചുള്ള ശുപാർശകൾ" എന്ന റിപ്പോർട്ടിന്റെ ഭാഗത്ത് ഈ പുനർനടീലിന്റേയും പുന:രധിവാസത്തിന്റേയും പ്രശ്നങ്ങൾ ചർച്ചാ വിധേയമാക്കിട്ടുള്ളതാണ്. കേരള

ത്തിലെ തെങ്ങിൻ തോട്ടങ്ങളുടെ ഉൽപാദനക്ഷമത തമിഴ്നാട്ടിലെ കേരോൽപാദനക്ഷമതയുടെ പകുതിയിൽ താഴെയാണെന്ന് മാത്രമല്ല അത് ദേശീയ ശരാശരിയിൽ നിന്നു കുറവുമാണ്. നല്ല മഴ വീഴ്ചയും മറ്റനുകൂല സാഹചര്യങ്ങളും സുലഭമായിട്ടു കൂടിയും ഈ ദു:സ്ഥിതി തുടരുന്നു എന്നത് ശ്രദ്ധേയമാണ്. വളരെയേറെ ഉദാസീനതയും മേൽനോട്ടക്കുറവും തെങ്ങിനെ ശക്തിഹീനമാക്കുന്ന വേരുചീയൽ രോഗവും അടുത്തകാലത്തെ മണ്ഡരി ബാധയും കൂടാതെ, കൃഷിശാസ്ത്രത്തിന്റെ ദൃഷ്ടിയിൽ തെങ്ങുകൃഷിയ്ക്ക് അനുയോജ്യമല്ലാത്ത ഉയർന്ന ചെരിവുകളിലേക്കും കുന്നിൻപുറങ്ങളിലേക്കും കൃഷി വ്യാപിപ്പിച്ചതും ആണ് ഉൽപാദനക്ഷമത ഇത്രയും കുറയാനുള്ള മുഖ്യകാരണങ്ങൾ. മൊത്തം തെങ്ങുകളുടെ ഏതാണ്ട് മൂന്നിൽ ഒരു ഭാഗവും വളരെ പ്രായം ചെന്നവയാണ്. പ്രായംചെന്നതും നാമമാത്രമായ വിള തരുന്നതുമായ കേരങ്ങൾക്കു പകരം കൂടുതൽ വിളതരുന്ന നല്ലയിനം തെങ്ങിൻതൈകൾ വച്ചു പിടിപ്പിക്കുന്നതിന് ബൃഹത്തായ ഒരു പദ്ധതി ചിട്ടയായും ക്രമമായും നടപ്പിലാക്കണം. പത്ത് പതിനഞ്ചു വർഷം ഈ പരിപാടി തുടരേണ്ടതാണ്. അപ്രകാരമുള്ള ഒരു ബൃഹത് പദ്ധതിയിൽ കൃഷിയ്ക്കുപയുക്തമായ മുഴുവൻ ഭൂമിയും പ്രയോജനപ്പെടുത്തിക്കൊണ്ട് കൃഷി ചെയ്ത് പരമാവധി കൃഷിയുടെ ഓരോ യൂണിറ്റിൽ നിന്നും ആദായം ലഭ്യമാക്കുവാൻ ലക്ഷ്യമിടണം. അതിന് ശാസ്ത്രീയമായ ഇടവിള കൃഷിയും സമ്മിശ്ര കൃഷിരീതിയും സ്വീകരിക്കാവുന്നതാണ്. ഈ പദ്ധതിയിൽ, ഉത്പാദനം സംസ്ക്കരണം, വിപണി എന്നിവയും കർഷകർക്ക് പരമാവധി വരുമാനം ഉണ്ടാക്കികൊടുക്കാനുള്ള ഉപായങ്ങളുടെ ഘടകങ്ങളായി കണ്ടുകൊണ്ട് അവയെ എല്ലാം ഏകോപിപ്പിച്ചു പ്രവർത്തിക്കുന്നത് നന്നായിരിക്കും.

### 1.5.1.4.9 നാളികേരത്തിന് ഏറ്റവും കുറഞ്ഞ താങ്ങുവില (MSP) നൽകി നാഫെഡിന്റെ കൊപ്രാ സംഭരണം തുടരുക

**യാതൊരു നിയന്ത്രണവുമില്ലാതെയുള്ള വിദേശ എണ്ണകളുടെ ഇറക്കുമതി തുടരുന്നിടത്തോളം, തീർച്ചയായും വെളിച്ചെണ്ണയുടെ കമ്പോളവില ഉത്പാദനച്ചിലവിനേക്കാൾ താണിരിക്കും. ഈ സാഹചര്യത്തിൽ ഏറ്റവും കുറഞ്ഞ താങ്ങ്‌വില (MSP) നൽകി നാഫെഡിന്റെ ചുമതലയിൽ കർഷകരിൽ നിന്നും കൊപ്ര സംഭരിക്കുന്ന സമ്പ്രദായം തുടരേണ്ടതാണ്.** നെല്ലുസംഭരണം, നെല്ലുകുത്തൽ, വിറ്റഴിക്കൽ എന്നിങ്ങനെ ആന്ധ്രപ്രദേശക്കാർ നടപ്പിലാക്കി വരുന്ന പരിപാടികൾക്ക് സമാനമായി ഒരു പരിപാടിക്ക് കേരളത്തിൽ രൂപം നൽകുകയും, അത്തരം സംരംഭങ്ങളിൽ, സംഭരണ പ്രക്രിയയിൽ കൂടുതൽ ജനപങ്കാളിത്തവും ഉണ്ടാവേണ്ടതാണ് എന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

### 1.5.1.4.10 വില സുസ്ഥിരാ നിധി

അടുത്തക്കാലത്ത് തോട്ടവിളകൾക്ക് വില സുസ്ഥിരതാനിധി എന്ന ഒരു സംവിധാനം ഏർപ്പെടുത്തുമെന്ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരുന്നു. അത്തരമൊരു വിലസുസ്ഥിരാനിധി കേരകൃഷിയുടെ കാര്യത്തിൽ കൂടി നടപ്പിലാക്കുന്ന കാര്യം ആലോചിക്കേണ്ടതാണ്. എല്ലാ തോട്ടവിളകളുടേയും മേൽനോട്ടത്തിന്റെ കാര്യത്തിൽ, അവയുടെ കാർഷിക പരിശീലനങ്ങളിൽ നിരവധി പൊതു സ്വഭാവങ്ങൾ കാണാം. (എല്ലാം ദീർഘകാല വൃക്ഷ വിളകളാണ്). അവയെല്ലാം ആഭ്യന്തര-വിദേശ വിപണികൾക്ക് വേഗം കീഴ്പ്പെടുന്നവയും അതിന്റെ ഫലമായി വിലയുടെ കാര്യത്തിൽ വലിയ ചാഞ്ചാട്ടങ്ങൾക്ക് ഇരയാവുകയും ചെയ്തു. തോട്ടവിളകൃഷികളെല്ലാം വലിയ വലിയ തോട്ടങ്ങളിലാണ് നടക്കുന്നതെന്ന് കരുതുന്നത് ശരിയല്ല. വളരെയധികം ചെറുകിട കൃഷിക്കാരും നാമമാത്ര കർഷകരും ഈ വിളകൾ കൃഷി ചെയ്തുവരുന്നുണ്ട്. സംസ്ഥാനത്തിന്റെ ചില പ്രദേശങ്ങളിലാണിവ സാധാരണയായി കൃഷിചെയ്യപ്പെടുന്നത്. ഭാരതസർക്കാരിന്റെ ഭരണ നിർവ്വഹണ സൗകര്യത്തിനായി, നാളികേരം ഉൾപ്പെടെയുള്ള തോട്ടവിളകളെ വ്യത്യസ്ത മന്ത്രാലയങ്ങളുടെ കീഴിലായി വിഭജിച്ചിരിക്കുകയാണ്. ഇതിന്റെ ഫലമായി നാളികേരമുൾപ്പെടെയുള്ള വിഭാഗത്തിന്റെ ഭരണത്തിലും നയപരിപാടികളിലും നിരവധി വൈകല്യങ്ങൾ കാണാവുന്നതാണ്. ഒരു ഉദാരവത്കൃത ആ ഗോള വ്യവസ്ഥയിൽ നേരിട്ടതായ എല്ലാ രോഗങ്ങൾക്കും പ്രതിവിധി കാണേണ്ടതില്ല, ആഭ്യന്തരമായ കൃഷി, അത് ഏതു ഉപഭോഗത്തിൽ വരുന്നതായാലും ശരി, അതിന് ദുരിതം നേരിടരുതെന്നും, കർഷകന്റെ ഉപജീവനത്തിന് ഭീഷണിയാവരുതെന്നുമുള്ള വീക്ഷണം കൈവിടരുത് എന്നാണ് കമ്മിഷൻ നിർദ്ദേശിക്കുന്നത്. ഇങ്ങിനെയുള്ള ഒരു സന്ദർഭത്തിൽ തീർച്ചയായും വിലസുസ്ഥിരതാനിധിപോലുള്ള നയപരിപാടികൾ, യാതൊരു വിവേചനവും ആരോടും കാണിക്കാത്ത രീതിയിൽ, വളരെ ചടുലവും തികച്ചും അനുയോജ്യവുമായ, എന്നാൽ വ്യതിരിക്തവുമായൊരു പുതിയ ആശയമെന്ന നിലയിൽ, എത്രയും വേഗം പ്രയോഗത്തിൽ വരുത്തേണ്ടതാണ്.

## 1.5.2 കുരുമുളക്

### 1.5.2.0 കേരളത്തിന്റെ കുരുമുളക്

കുരുമുളക് കേരളത്തിന് അഭിമാനകരമായ നേട്ടം ഉണ്ടാക്കിത്തരുന്ന ഒരു വിളയാണ്. പരമ്പരാഗതമായി അതൊരു കയറ്റുമതി വിളയാണ്. രാജ്യത്തെ മൊത്തം കുരുമുളക് ഉത്പാദനത്തിന്റെ 98%-ഉം കേരളത്തിന്റെ സംഭാവനയാണ്. കുരുമുളക് ഉത്പാദിപ്പിക്കുന്ന മറ്റൊരു സംസ്ഥാനമാണ് കർണ്ണാടകം. 2000-2001-ൽ കുരുമുളക് ഏകദേശം 2,00,000 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുകയും ഏതാണ്ട് 47,500 ടൺ ഉൽപാദിപ്പിക്കുകയും ചെയ്തു. കുരുമുളക് കേരളത്തിൽ ഒട്ടാകെ മുഖ്യമായും ചെറുകിട കർഷകരുടെ ഒരു വിളയാണ്. പശ്ചിമഘട്ടത്തിന്റെ മലഞ്ചെരിവുകളിലും, കേരളത്തിലെ വെട്ടുകല്ലിന്റെ 'ബെൽട്ട്' എന്നറിയപ്പെടുന്ന ഇടദേശത്തുമാണ് കൂടുതലും കൃഷി ചെയ്യപ്പെടുന്നത്. ഇടുക്കി ജില്ലയുടെ മൂന്നിൽ ഒരു ഭാഗവും കുരുമുളക് കൃഷിയാണ്, വയനാട്ടിൽ നാലിലൊരു ഭാഗവും, കണ്ണൂരിൽ പത്തിലൊരു ഭാഗവും കൃഷിചെയ്യപ്പെടുന്നു. ഈ ജില്ലകളാണ് ഏറ്റവും വലിയ ഉൽപാദകർ. കുരുമുളകിന്റെ ഉത്പാദനക്ഷമത ഏറ്റവും കൂടുതലായി കാണുന്ന ജില്ലകൾ ഇടുക്കിയും വയനാടും ആണ്. അവിടെ ഹെക്ടറിന് 400 കിലോഗ്രാം കുരുമുളകാണ് ലഭിക്കുന്നത്. ഇത് സംസ്ഥാനത്തിന്റെ ശരാശരി ഉത്പാദനമായ 240 കി ഗ്രാം/ഹെക്ടറിൽ നിന്നും മൂന്നിൽ രണ്ടു കൂടുതലാണ്. ഈ രണ്ടു ജില്ലകളിലുമുള്ള താരതമ്യേന ഉയർന്ന ഉത്പാദനക്ഷമതയ്ക്കു കാരണം, വലിയ കൃഷിസ്ഥലമുള്ളതും, കുരുമുളകു തന്നെ മുഖ്യ വിളയായിട്ടുള്ള കൃഷി സമ്പ്രദായവുമാണ്.

ലോകത്തെ ഏറ്റവും വലിയ കുരുമുളക് ഉത്പാദകർ ഇന്ത്യയിലാണ് ഉള്ളത്. മൊത്തം കുരുമുളകിന്റെ ഏതാണ്ട് 'മൂന്നിലൊന്ന്' 34%-ൽ കൂടുതലും ഇന്ത്യയാണ് ഉത്പാദിപ്പിക്കുന്നത്, ഇന്തോനേഷ്യ ഇന്ത്യയോട് തൊട്ടടുത്ത് നിൽക്കുന്നു- 28% ഉത്പാദനശേഷിയുമായി (1989-98 കാലത്തെ കണക്കനുസരിച്ച്). മറ്റു മുഖ്യ ഉത്പാദകരാണ് ബ്രസീലും, മലേഷ്യയും, വിയറ്റ്നാമും. എന്നാൽ ഇന്ത്യയുടെ പ്രതി ഹെക്ടർ ഉൽപാദനശേഷി ഈ മാത്സര്യ രാജ്യങ്ങളിലേതിനേക്കാൾ വളരെ താഴെയാണ്, അതായത് 322 കിലോ/ഹെക്ടർ. അതേസമയം മലേഷ്യയുടേത് ഇതിന്റെ 7 മടങ്ങാണ്-2124 കി.ഗ്രാം/ഹെക്ടർ. വിയറ്റ്നാമിന്റേത് 3 ഇരട്ടിയും (1085 കി.ഗ്രാ/ഹെക്ടർ)

ഇന്ത്യ സ്വന്തം 32000 ടൺ ശരാശരി വാർഷിക കയറ്റുമതി ശേഷിയുമായി (19000 ടൺ മുതൽ 47000 ടൺ വരെ), കഴിഞ്ഞ ഒരു ദശാബ്ദം കുരുമുളക് കയറ്റുമതിയിൽ ഒരു സുപ്രധാന ശക്തിയായി തുടരുന്നു. കഴിഞ്ഞ ഒരു ദശാബ്ദം, 1991-2000 വരെ, ഇന്ത്യയുടെ കയറ്റുമതി 47000 ടൺ കഴിഞ്ഞിരുന്നു. എന്നാൽ 1993-ലും 1999 -ലും കുരുമുളക് കയറ്റുമതിയിൽ വേലിയിറക്കമുണ്ടായി. 1991-ലും 1992-ലും കയറ്റുമതി വെറും 19000 ടണ്ണായി കുറഞ്ഞു. ഇപ്രകാരമുള്ള കയറ്റുമതിയിലെ എറ്റക്കുറച്ചിലുകൾക്ക് മറ്റു മുഖ്യ കുരുമുളക് കയറ്റുമതിക്കാരായ, ഇന്തോനേഷ്യയും, മലേഷ്യയും വിധേയമായി. അതുപോലെ ബ്രസീലിന്റേയും കയറ്റുമതിയും ക്രമേണ കുറഞ്ഞു. 1991-ൽ 50000 ടൺ കയറ്റി അയച്ച ബ്രസിലീന് വെറും 20000 ടൺ മാത്രമേ 1999-ൽ കയറ്റുമതി ചെയ്യാൻ കഴിഞ്ഞുള്ളൂ. എന്നാൽ വിയറ്റ്നാമിന്റെ കയറ്റുമതി ഉയർന്നു കൊണ്ടിരുന്നു. 1993-ൽ വെറും 13000 ടണ്ണായിരുന്നത് 2000-ൽ 36000 ടണ്ണായി.

### 1.5.2.1 വിലത്തകർച്ച

വിലത്തകർച്ച ഏറ്റവും രൂക്ഷമായി അനുഭവപ്പെട്ടത്, അനുപാതത്തിലും വ്യാപ്തിയിലും, കുരുമുളകിനായിരുന്നു. 1990-കളുടെ രണ്ടാം പകുതിയിൽ കേരളം ഉത്പാദിപ്പിക്കുന്ന എല്ലാ കാർഷിക ഉൽപ്പന്നങ്ങൾക്കും ഇതുപോലെ കഠിനമായ വിലത്തകർച്ചയുണ്ടായി. 1991-നും 1993-നും ഇടയ്ക്കുള്ള കാലം കുരുമുളകിന്റെ വില കിലോയ്ക്ക് 50 രൂപയ്ക്കു ചുറ്റുമായിരുന്നു. അതിനുശേഷം വില ക്രമേണ ഉയർന്നുയർന്ന് 1995-ൽ 105 രൂപയായി. 1997 ആകുമ്പോഴേക്കും അത് 191 രൂപ/കിലോയ്ക്ക് ആയി. ഇത് വീണ്ടും ഉയർന്ന്, സർവ്വകാല റിക്കോർഡും ഭേദിച്ച് 1999-ൽ ഒരു കിലോയ്ക്ക് വില 251 വരെയായി. എന്നാൽ അതിനുശേഷം പൊടുന്നനെ ഉണ്ടായ വിലത്തകർച്ചയിൽ 2001-ൽ ഇത് 80 രൂപയായി. 2001 ആദ്യമാസങ്ങളിൽ ഇത് 70 രൂപയ്ക്ക് ചുറ്റും നിന്നു. തുടർന്ന് 80 രൂപാ കിലോയ്ക്ക് എന്ന നിലവാരത്തിലെത്തി. തുടർന്നു ചാഞ്ചാട്ടത്തിലാണ് കുരുമുളകിന്റെ വില. കുരുമുളകിന്റെ വിലത്തകർച്ചയുടെ പ്രത്യാഘാതങ്ങൾ വളരെ വ്യാപകമായിരുന്നു. ഏതാണ്ട് നാളികേരത്തിന്റെ തൊട്ടുപിന്നിലാണ് കുരുമുളകിന്റെ സ്ഥിതി. കുരുമുളക് കേരളത്തിന്റെ എല്ലായിടത്തും കൂടിയും കുറഞ്ഞും വ്യാപകമായി കൃഷി ചെയ്യപ്പെടുന്നത് ഏറെക്കുറെ മറ്റുവിളകളുമായി ഏകോപിച്ചുകൊണ്ട് കൃഷിചെയ്യപ്പെടുന്ന വിളയെന്ന പ്രത്യേകതയും ഇതിനുണ്ട്.

കയറ്റുമതിയെ വളരെയേറെ ആശ്രയിച്ചുകഴിയുന്ന ഒരു വിള എന്ന നിലയിൽ, കുരുമുളകിന്റെ ആഭ്യന്തര വിപണിയിലെ ഏറ്റക്കുറച്ചിലുകൾ അന്താരാഷ്ട്ര വിലകളെ ആശ്രയിച്ചിരിക്കുന്നു. ഇന്ത്യ ഉത്പാദിപ്പിക്കുന്ന കുരുമുളകിന്റെ ഏതാണ്ട് മൂന്നിൽ രണ്ടുമുതൽ നാലിൽ മൂന്നു ഭാഗം വരെ കയറ്റുമതി ചെയ്യപ്പെടുകയാണ്. എന്നാലിതിൽ കൂടുതൽ അനുപാതത്തിലാണ് മലേഷ്യയും, വിയറ്റ്നാമും, ബ്രസീലും അവരുടെ കുരുമുളകിന്റെ 95%വും, ഇന്തോനേഷ്യ അതിന്റെ 70% വും കയറ്റി അയയ്ക്കുന്നത്. കുരുമുളകിന്റെ ലോകവിപണിയിലെ വില 1996-നും 1997-നുമിടയിൽ ഇരട്ടിയായി. പൗണ്ടിന് 1.14 യു.എസ്.ഡോളറിൽ നിന്നും 2.02 ഡോളറായി ഉയർന്നു. ഇത് പിന്നീട് ക്രമേണ ഉയർന്ന് ഒരു പൗണ്ടിന് (1 കിലോഗ്രാം = 2.47 പൗണ്ട്) 2.53 യു.എസ്. ഡോളറായി. എന്നാൽ പിന്നീട് ക്രമേണ വില താണിറങ്ങാൻ തുടങ്ങി. 2.32 യു.എസ്. ഡോളറിൽ നിന്നും താണു വന്നു. അങ്ങിനെ വില അന്താരാഷ്ട്ര ലഭ്യതയെ (സപ്ലൈ) ആശ്രയിച്ചാണിരിക്കുന്നത്, ബ്രസീലിലും, ഇന്തോനേഷ്യയിലും ഉണ്ടായ കുരുമുളകിന്റെ ഉത്പാദനക്കുറവ് ആയിരുന്നു 1997-നും 1999-നും ഇടയിൽ വില ഉയരാൻ കാരണം.

#### 1.5.2.2 കൃഷിയെ സംബന്ധിച്ച കരാറി (AOA)ന്റെ സ്വാധീനങ്ങൾ

മറ്റു സുഗന്ധദ്രവ്യങ്ങളെപ്പോലെതന്നെ, കൃഷിയെ സംബന്ധിച്ച കരാറിന്റെ പരിധിയിൽ കുരുമുളകും, ലോകവ്യാപാരസംഘടനയുടെ വ്യവസ്ഥകളുടെ പരിഗണനയിൽ കൊണ്ടുവരികയുണ്ടായി. 2001 ഏപ്രിൽ 1 മുതൽ കുരുമുളകിന്റെ ഇറക്കുമതിയിൽ ഉണ്ടായിരുന്ന അളവുപരമായ നിയന്ത്രണങ്ങൾ (QRS) എടുത്തുകളഞ്ഞു. കുരുമുളകിന്റെ ബൗണ്ട് താരിഫ് നിരക്ക് 108% ആണ്. 2002 മാർച്ച് ഒന്നുമുതൽ അപ്ലൈഡ് നിരക്ക് 70% ആയി നിശ്ചയിക്കപ്പെട്ടു. ആഭ്യന്തര ഉപഭോഗത്തിന്റെ 3% വരെ ഇറക്കുമതി ചെയ്യുന്നതിന് അനുവാദം നൽകുന്ന വകുപ്പുകൾ (AOA) യിലുള്ളതിനാൽ, കുരുമുളകിന്റെ ഇന്ത്യയിലേക്കുള്ള വിദേശ ഇറക്കുമതി ഒഴിവാക്കാനാവില്ല. ഇതല്ലാതെ തന്നെ, ഒരു അസംസ്കൃത വസ്തുവെന്ന നിലയിൽ കുരുമുളക് ഇറക്കുമതി ചെയ്ത് മൂല്യവർദ്ധനയ്ക്കു ശേഷം കയറ്റുമതി ചെയ്തു വരുന്നുണ്ട്. (കുരുമുളകിൽ നിന്നും ഓലിയോറെസിൽ എന്ന പദാർത്ഥം നിർമ്മിച്ചു വരുന്നുണ്ട്). ലോകവ്യാപാര വിപണിയിൽ ഇന്ത്യയുമായി മത്സരിക്കാൻ കഴിയുന്ന ഒരു രാജ്യമായി വികസിച്ചുവരികയാണ് വിയറ്റ്നാം. 1990-കളുടെ ആദ്യം മുതൽ അവയുടെ ഉത്പാദനക്ഷമത നാടകീയമായി വർദ്ധിപ്പിച്ചുവരികയാണ്. വിദേശ വിപണിയിൽ ഇന്ത്യക്ക് ഭീഷണി ഉയർത്തുന്നതു കൂടാതെ, ഉത്പാദനക്ഷമതയിലുണ്ടായ നാടകീയമായ വർദ്ധനവുമായി ഇന്ത്യയുടെ ആഭ്യന്തര വിപണിയിൽ കൂടിയും വിയറ്റ്നാം ശക്തനായ ഒരു പ്രതിയോഗിയായി മത്സരത്തിനെത്തുന്നു.

#### 1.5.2.3 വെല്ലുവിളികളും അവസരങ്ങളും, തന്ത്രങ്ങളും ശക്തിയും ദൗർലഭ്യങ്ങളും

അനുകൂലമായ കാലാവസ്ഥാ സാഹചര്യങ്ങൾ, വിശേഷിച്ചും, നീണ്ടതും ശക്തിപൂർവുമായ തെക്ക് കിഴക്കൻ മൺസൂൺ (തിരുവാതിര ഞാറ്റുവേല എന്നറിയപ്പെടുന്ന) ആണ് പരമ്പരാഗതമായി കേരളത്തിന്റെ മുഖ്യശക്തി സ്രോതസ്സായി അംഗീകരിച്ചിട്ടുള്ളത്. നൂറ്റാണ്ടുകളായി കുരുമുളക് കൃഷിയെ സുസ്ഥിരമാക്കി നിറുത്തുന്ന അനുകൂല ശക്തിയാണിത്. സംസ്ഥാനത്ത് നിലവിലുള്ള കാർഷിക പരിപാടികളുടേയും, വിള നടീൽ, വിളവെടുപ്പ് എന്നിവയുടെ രീതികളുടേയും അവിഭാജ്യഭാഗമായി, മറ്റുവിളകളോടൊപ്പം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധയിനം വൃക്ഷങ്ങളെ, പ്രാഥമികമായി, താങ്ങായും തണലായും ഉപയോഗിച്ചുകൊണ്ട് പരമ്പരാഗതമായി നടന്നുവരുന്നതാണ് കുരുമുളക് കൃഷി. അതിനാൽ ഇത് ഏറെ വിപുലവും വ്യാപകവുമാണ്. എന്തായിരുന്നാലും വമ്പിച്ച തോതിൽ പ്രത്യേക പരിഗണനയോടെയാണ് വയനാട് ഇടുക്കി ജില്ലകളിൽ വിശേഷിച്ചും കുടിയേറ്റ പ്രദേശങ്ങളിൽ കുരുമുളക് കൃഷി ചെയ്തു വരുന്നത്. ഈ സംയോജിത പദവി കേരളത്തിലെ കുരുമുളക് കൃഷിയുടെ ഒരു ശക്തിയും, അതേസമയം തന്നെ ദൗർലഭ്യവും ആകുന്നു. കൃഷിച്ചെലവ് കുറവാണെന്നത് യഥാർത്ഥത്തിൽ ഒരു ശക്തിയാണെങ്കിലും, മേൽ നോട്ടത്തിലും ശ്രദ്ധയിലും പ്രകടമായ കുറവും, അഥവാ ഒരു നല്ലയളവു വരെ അവഗണനയുമുണ്ട് എന്നത് കുരുമുളകിന്റെ ദൗർബല്യമാണ്.

**ചെലവുചുരുക്കികൊണ്ട് ഉത്പാദനവർദ്ധനവ്**

വളരെ അനുകൂലമായ പ്രകൃതി സ്രോതസ്സുകൾ കൊണ്ട് ധന്യമാണെങ്കിൽ കൂടിയും ഉത്പാദനക്ഷമതയിൽ, കുരുമുളക് ഉൽപാദകരായ (നമ്മോടു വ്യാപാരത്തിൽ മത്സരിക്കുന്ന) രാജ്യങ്ങളിൽ വച്ചേറ്റവും കുറഞ്ഞ ഉത്പാദനക്ഷമതയുള്ള രാജ്യങ്ങളിലൊന്നാണ് ഇന്ത്യ, വിശിഷ്യാ കേരളം. ഉത്പാദനക്ഷമത വർദ്ധിപ്പിക്കുക എന്നതു തന്നെയാണ് മുഖ്യമായ വെല്ലുവിളി. ഇന്നത്തെ കാർഷിക വ്യവസ്ഥയിൽ ഉൽപാദനം വർദ്ധിപ്പിക്കാൻ സാങ്കേതികമായി സ്വീകരിക്കേണ്ട നടപടികളെപ്പറ്റി പരീക്ഷണം നടത്തിയ പാക്കേജിന്റെ വികസനപരമായ അനുഭവങ്ങൾ സ്ഥിതീകരിക്കുന്നത്-ചെലവു കുറച്ചു കൊണ്ട് തീർച്ചയായും ഇന്നത്തെ ഉത്പാദന

ക്ഷമതാനിരക്കായ ഹെക്ടറിന് ഏകദേശം 240 കിലോ എന്നത് ഇരട്ടിയാക്കാൻ കഴിയുമെന്നാണ്. ഈ സാങ്കേതികവും ശാസ്ത്രീയവുമായ പാക്കേജിൽ ആപേക്ഷികമായി വലിയ ചെലവുണ്ടാകുന്നില്ല. കാരണം വളരെയേറെ ഉത്പാദനക്ഷമതായുള്ളതും രോഗ പ്രതിരോധശേഷിയുള്ളതുമായ ഇനം മുളകുകൊടികൾ നടുകയും നമ്മുടെ അനുഗൃഹീതമായ കാർഷിക കാലാവസ്ഥയ്ക്കനുയോജ്യമായ രീതിയിൽ വളർത്തിയെടുക്കുകയുമാണ് ചെയ്യുന്നത്. വികസിപ്പിച്ചെടുത്ത വസ്തുക്കൾ ശേഖരിയ്ക്കുക, തികച്ചും ലളിതമായ ശാസ്ത്രീയ മേൽ നോട്ടവും മറ്റു പ്രവൃത്തികളും നടത്തുക, രോഗബാധയെ ജീവശാസ്ത്രപരമായി നിയന്ത്രിക്കുക ഇവയാണ് ഈ പാക്കേജിൽ ഉള്ളത്.

#### പുനരുജ്ജീവനവും പുതിയതൈനടലും

സംസ്ഥാനത്തെ കുരുമുളക് തോട്ടങ്ങളിലെ മുളക് വള്ളികളിൽ ഏതാണ്ട് അഞ്ചിൽ രണ്ടുഭാഗവും അവയുടെ ഉത്പാദനശേഷി ക്ഷയിച്ചു വരുന്ന ഘട്ടത്തിൽ എത്തിവയാണെന്ന് പഠന റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. അതിനാൽ അടിയന്തിരമായി അവയെ നീക്കിയ ശേഷം പുതിയ നല്ലയിനം തൈകൾ നട്ടു പിടിപ്പിക്കുകയും, ദുർബ്ബലരായവയെ പുനർജ്ജീവിപ്പിക്കുകയും വേണം. മറ്റൊരു പ്രധാന വെല്ലുവിളി, പരക്കെ പടർന്നിരിക്കുന്ന 'ദ്രുതവാട്ടം' (അഥവാ ഫൈറ്റോസ് തോറ) എന്ന രോഗത്തിന്റെ വ്യാപകമായ ആക്രമണം ആണ്. ഇതാകട്ടെ, ഒരു പ്രധാന വിളയായി കുരുമുളക് കൃഷിചെയ്യുന്ന വയനാട്, ഇടുക്കി ജില്ലകളിലാണ് സർവ്വത്ര വ്യാപിച്ചിരിക്കുന്നത്.

#### ആഭ്യന്തര വിപണി വികസനം

പരമ്പരാഗതമായി കയറ്റുമതി ചെയ്യപ്പെടുന്ന ഒരു വിളയാണ് കുരുമുളക്. കുരുമുളകിനെ ആശ്രയിക്കുന്നവരെല്ലാം തന്നെ അന്താരാഷ്ട്ര വിപണിയുടെ വിധിവിഹിതങ്ങൾ അനുസരിച്ചു കഴിയുന്നവരാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളായി കുരുമുളകിന് ശക്തനായ ആഭ്യന്തര വിപണി ഉയർന്നുവന്നു കൊണ്ടിരിക്കുന്നു. 1990-കളുടെ ആദ്യം മുതൽ പ്രകടമായ ഈ ആഭ്യന്തര വിപണി കുരുമുളകിന്റെ വാർഷിക ഡിമാന്റ് 9% മുതൽ 10% ഉയർത്തിയിരിക്കുന്നു. ഏലത്തിന്റെ കാര്യത്തിലെന്ന പോലെ കുരുമുളകിനും, ആഭ്യന്തര വിപണിയുടെ വികസനം അന്താരാഷ്ട്ര വിലയിലുള്ള ചാഞ്ചാട്ടങ്ങളിൽ നിന്നും കുരുമുളക് കൃഷിക്കും വ്യാപാരത്തിനും ഉണ്ടായ തിരിച്ചടികളിൽ നിന്നും ആശ്വാസം നൽകുന്ന ഒന്നായി ഈ വർദ്ധിച്ചു വരുന്ന ഡിമാന്റിനെ കണക്കാക്കാം.

#### ഗുണനിലവാരം ഉയർത്തുക

ആത്യന്തികമായി നേരിട്ടു കഴിക്കുന്ന ഒരു ഭക്ഷ്യാഹാരമെന്ന നിലയിൽ കുരുമുളകിന്റെ ഗുണനിലവാരം ഉറപ്പാക്കുന്ന കാര്യം, വികസ്വരമായിക്കൊണ്ടിരിക്കുന്ന കയറ്റുമതി വിപണിയിൽ ഇന്ത്യൻ കുരുമുളക് അഭിമുഖീകരിക്കുന്ന മുഖ്യ ഭീഷണിയാണ് ഗുണനിലവാരക്കുറവ്. അതിനാൽ ഗുണനിലവാരത്തെക്കുറിച്ച് വികസ്വരവും വർദ്ധിച്ചതുമായ അവബോധം ഉണ്ടാകണം, എന്നാൽ മാത്രമേ ഫൈറ്റോ സാനിട്ടറി വ്യവസ്ഥകൾ ആവശ്യപ്പെടുന്ന, പ്രത്യേകിച്ചും കുരുമുളകിന്റെ കാര്യത്തിൽ കീടനാശിനിയുടെ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നത് വളരെ കർക്കശമായി തന്നെ പാലിക്കപ്പെടണം. ഇന്ത്യൻ കുരുമുളകിന്റെ മുഖ്യ ഉപഭോക്താക്കൾ അമേരിക്കൻ ഐക്യനാടുകൾ (21%), സിംഗപ്പൂർ (16%), ജർമ്മനി (8%), നെതർലന്റ് (5%), ഫ്രാൻസ് (5%), ജപ്പാൻ (3%) എന്നിവയാണ്. ഈ രാജ്യക്കാർ ഭക്ഷ്യാഹാരത്തിന്റെ ഗുണനിലവാരത്തിൽ ജാഗ്രത പുലർത്തുന്നവരാണ്.

#### 1.5.2.4 തന്ത്രങ്ങൾ

കുരുമുളകിന്റെ വിലയിലെ അസ്ഥിരതയും, ആഭ്യന്തര വിദേശ വിപണികളിൽ നിന്നുമുണ്ടാകുന്ന ഭീഷണികളും (വിപണികളിലെ മാത്സര്യം, കൃഷിയെ സംബന്ധിച്ച കരാറിൽ ഒപ്പിട്ടതിനുശേഷമുണ്ടായ കാര്യമാണ്). ഇവ എല്ലാം തന്നെ, കുരുമുളക് ഉത്പാദനത്തിൽ കേരളത്തിനുള്ള അനുകൂല സാഹചര്യങ്ങളേയും നേട്ടങ്ങളേയും, കുരുമുളക് തങ്ങളുടെ കാർഷികവൃത്തിയുടേയും ജീവിതത്തിന്റേയും ഒരു അവിഭാജ്യഘടകമാക്കിയ കർഷകരുടെ ഉപജീവനം സുരക്ഷമാക്കുന്നതിനുള്ള മാർഗ്ഗമായി പരിവർത്തനം ചെയ്യുന്നതിന് വിഘാതമായി നിൽക്കുന്ന സംഗതികളാണ്. ദീർഘകാലാടിസ്ഥാനത്തിൽ കൃഷിയിൽ മുതൽമുടക്കുന്നതിനും, കുരുമുളക് കൊടികളെ പുനരുജ്ജീവിപ്പിക്കുന്നതിനും, പ്രായം ചെന്ന് ഉത്പാദനക്ഷമത വറ്റിയവയുടെ സ്ഥാനത്ത് മേൽത്തരത്തിലുള്ള ഉത്പാദനക്ഷമതയുള്ള മുളപ്പുകൾ, ക്ലോനുകൾ (ഇവയൊക്കെയാണ് കുരുമുളകിന്റെ മാത്സര്യശേഷിയ്ക്ക് അനുപേക്ഷണീയ ഘടകങ്ങൾ) വച്ചു പിടിപ്പിക്കുവാനും ഉള്ള ശ്രമങ്ങളിൽനിന്നും കർഷകരെ പിന്തിരിപ്പിക്കുന്നതിന്റെ പ്രാഥമിക കാരണം മുളകിന്റെ വിലയിലുള്ള അസ്ഥിരതയാണ്.

വിലയിലുണ്ടാകുന്ന പ്രവചനാതീതമായ ചാഞ്ചാട്ടങ്ങളിൽ നിന്നും കുരുമുളക് കർഷകരെ പരിരക്ഷിക്കുവാൻ ഹ്രസ്വകാല നടപടികൾക്ക് സാധിച്ചു എന്നു വരികയില്ല. ബാഹ്യവിപണികളെ വലിയ തോതിൽ ആശ്രയിക്കുന്ന ഒരു ചരക്കെന്ന നിലയിൽ (ഏതൊരു കയറ്റുമതി ചരക്കിന്റെ കാര്യത്തിലുമെന്നപോലെ) കുരുമുളക് വിപണി വളരെ കേന്ദ്രീകൃതമാണ്. പരസ്പര ഇടപാടുകളിലും, ഒരു പരിധി വരെ ചരക്കിന്റെ ഭൗതികമായ കൈവശം വയ്ക്കൽ എന്നുമാത്രമല്ല, **പല കാര്യങ്ങളിലും വിപണിയെ നിയന്ത്രിക്കുന്നത് വളരെ പരിമിതമായ ഏതാനും കക്ഷികളാണ്.** കൂടാതെ, ചരിത്രപരമായിത്തന്നെ ഒരു കയറ്റുമതി വിളയാകയാൽ വിപണിവ്യവ്സ്ഥ ഏതാണ്ട് സുസ്ഥാപിതമാണ്. അതിനാൽ വിപണിയിൽ ഇടപെടുവാൻ അതിന്റേതായ പരിമിതികൾ ഉണ്ട്. സർക്കാർ സ്ഥാപനങ്ങളെല്ലാം തന്നെ തന്ത്രപരമായ മാർഗ്ഗങ്ങളിലൂടെ ഇടപെടാനാവശ്യമായ പരിശീലനം ലഭിച്ചവയല്ല, വിശേഷിച്ചും അന്തിമ വിപണിയിൽ (Terminal Market).

എന്നിരുന്നാലും, ആഭ്യന്തര വിപണിയ്ക്ക് ഇറക്കുമതികളിൽ നിന്നുള്ള ആക്രമണത്തിന് സംരക്ഷണം നൽകാൻ, വിദേശ വിപണിയിൽ മാത്സര്യക്ഷമതയ്ക്കായി ചെലവിടുന്ന മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തിയും ചെലവധികമുണ്ടാകാത്ത സങ്കേതങ്ങൾ സ്വീകരിക്കുകവഴി ഉത്പാദനക്ഷമത വർദ്ധിപ്പിച്ചും, മാത്സര്യ രംഗത്തെ വെല്ലുവിളികൾ അഭിമുഖീകരിക്കുവാൻ കഴിയുന്നതാണ്. ഇതിനായി ഒരു ദ്വി-മുഖ തന്ത്രമാണ് (കമ്മിഷന്) നിർദ്ദേശിക്കുവാനുള്ളത്. ആദ്യമായി, കുരുമുളകിന്റെ നേട്ടങ്ങളെ നിലവിലുള്ള കാർഷിക വ്യവസ്ഥയുടെ ഭാഗമായി കണക്കാക്കിക്കൊണ്ട് ഇപ്പോഴുള്ള കൊടികളെത്തന്നെ പുനരുജ്ജീവിപ്പിച്ച് ഉത്പാദനം വർദ്ധിപ്പിക്കുക. രണ്ടാമതായി, എവിടെയെല്ലാം കുരുമുളക് മുഖ്യ വിളയായിരിക്കുന്നുവോ, അവിടെ ഉള്ള എല്ലാ തോട്ടങ്ങളേയും പുനഃരധിവസിപ്പിക്കുക മിക്കവാറും എല്ലാ പഴയതോട്ടങ്ങളിലേയും കൊടികൾ, ദ്രുതവാട്ടത്തിന്റെ കെടുതിയിൽ നാശം നേരിടുന്നതിനാൽ അവയെ നീക്കി, പുതിയ നല്ലയിനം തൈകൾവച്ച് പിടിപ്പിച്ചു പോഷിപ്പിക്കുക.

ദീർഘകാലാടിസ്ഥാനത്തിൽ നോക്കിയാൽ വിലയിൽ സ്ഥിരത ഉണ്ടാക്കുവാൻ കഴിയുന്നതാണ്. അതിനുള്ള ഒരുപായം കുരുമുളകിന്റെ ആഭ്യന്തര ഉപഭോഗം ഉയർത്തി ആഭ്യന്തര വിപണി വർദ്ധിപ്പിക്കുകയാണ്. ഏലത്തിന്റെ കാര്യത്തിൽ വില സ്ഥിരത നേടിയത് ഇങ്ങിനെയാണ്. ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ വികാസത്തിന്റേയും അതിന്റെ ഫലമായ വരുമാന വർദ്ധനവിന്റേയും വെളിച്ചത്തിൽ രാജ്യത്തിനുള്ളിലെ കുരുമുളകിന്റെ ഉപഭോഗം പ്രോത്സാഹിപ്പിക്കുവാനുള്ള അവസരം ഉണ്ടായിട്ടുണ്ട്.

ലോകമെമ്പാടും, അസംസ്കൃത സുഗന്ധദ്രവ്യങ്ങളേയും വ്യഞ്ജനങ്ങളേയും പിന്തള്ളി ആ സ്ഥാനങ്ങൾ, അടുത്തകാലത്ത്, സംസ്കരിച്ചെടുത്ത സത്തുകൾ, ഓലിയോ റെസിൻസ്, പിടിച്ചെടുത്തു കൊണ്ടിരിക്കുകയാണ്. കുരുമുളകിൽ നിന്നും ഓലിയോ റെസിൻ വാറ്റി എടുത്ത രാജ്യത്തെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. ഇത്തരം മൂല്യവർദ്ധന പ്രവർത്തനങ്ങൾക്ക് തീർച്ചയായും കുരുമുളകിന്റെ ആഭ്യന്തര ഉപഭോഗത്തിൽ നിന്നുള്ള വരുമാനം അനേകം മടങ്ങ് വർദ്ധിപ്പിക്കുവാൻ കഴിയുന്നതാണ്.

ഗുണനിലവാരം വർദ്ധിപ്പിക്കുകയും, ഫൈറ്റോ സാനിട്ടറി നിയമങ്ങളും നിർദ്ദേശങ്ങളും പാലിക്കുകയും ചെയ്യുന്ന പക്ഷം അത് ഇന്ത്യൻ കുരുമുളകിനെ പ്രോത്സാഹിപ്പിക്കുക മാത്രമല്ല, അന്താരാഷ്ട്ര വിപണിയിൽ തുടർന്നും ശക്തമായി നിലനില്ക്കാൻ കൂടിയും സഹായിക്കും.

അധികം കൃഷിച്ചെലവില്ലാത്ത ഉത്പാദനമോ, സംസ്കരണത്തിൽകൂടി മൂല്യവർദ്ധന നടത്തിയതുകൊണ്ടോ ഏതാനും പേർ മാത്രം നയിക്കുന്ന/നിയന്ത്രിക്കുന്ന (Monopsonic) പ്രവണതയുള്ള ഇന്നത്തെ കുരുമുളക് വിപണിവ്യവസ്ഥയിൽ കർഷകർക്കു ഗുണകരമായ ഫലങ്ങൾ ഉണ്ടായിക്കൊള്ളണമെന്നില്ല. കാരണം വ്യത്യസ്തമായ താൽപര്യമുള്ള രണ്ടു കൂട്ടരുടെ ലക്ഷ്യം ഒരൊറ്റ ബിന്ദുവിൽ ചെന്നുചേരുകയില്ല. അതിനാൽ ആഭ്യന്തര വിപണിയിൽ കർഷക സംഘടനകളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു നിർണ്ണായക ഘടകമായി ആഭ്യന്തര വിപണി തന്ത്രങ്ങളിൽ അവരൊരു പങ്കുവഹിക്കുന്നതിനെ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

#### 1.5.2.5 ശുപാർശകൾ

1. കുരുമുളക് ടെക്നോളജിവിഷന്റെ ചുമതലയിൽ സംസ്ഥാനത്തെ കുരുമുളക് കൃഷിയും വ്യാപാരവും വികസിപ്പിക്കുന്നതിനെപ്പറ്റി സമഗ്രമായ ഒരു പഠനം/നിരീക്ഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ സർക്കാരിനോട് നിർദ്ദേശിച്ചിട്ടുള്ള മുൻകൈപ്രവർത്തനങ്ങളും പരിപാടികളും അടിയന്തിരമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുക.
2. വീട്ടുപറമ്പിൽ ഇപ്പോഴുള്ള പ്രായം ചെന്ന ഉത്പാദനക്ഷമത കുറഞ്ഞ മുളകുകൊടികളെ പുനഃരധിവസിപ്പിക്കുകയും, തീരെ വിളയില്ലാത്തവയ്ക്ക് പകരം അനുയോജ്യമായ നല്ല വിളനൽകുന്നതും, സഹിഷ്ണുതയോടെ രോഗത്തെ പ്രതിരോധിക്കുന്നതുമായ പുതിയ കുരുമുളകു തൈകൾ വച്ചു

പിടിപ്പിക്കുകയും (replanting നടത്തിയും) താങ്ങും തണലും നൽകുന്നതും പറമ്പിലെ വൃക്ഷങ്ങളെയും മറ്റു പാഴ്മരതാങ്ങുകളെയും പൂർണ്ണമായി വിനിയോഗിക്കുകയും, വീട്ടുവളപ്പിലെ തണലിനെ ക്രമീകരിക്കുകയും, ഉള്ള മരങ്ങളുടെ സഹായം പ്രയോജനപ്പെടുത്തുകയും, ഇവയ്ക്ക് കൃഷിശാസ്ത്രപരമായ മേൽനോട്ടം വഹിക്കുകയും, ജൈവവളം പ്രയോഗിക്കുകയും രോഗങ്ങളുടെ ജൈവ നിയന്ത്രണം നടപ്പിലാക്കുകയും ചെയ്യുന്ന പരിപാടികളിളും നടപടികളുമടങ്ങിയ ഒരു പാക്കേജ് പദ്ധതിയ്ക്ക് ചിട്ടയും ക്രമമുള്ള നിർദ്ദിഷ്ട ലക്ഷ്യബോധത്തോടുകൂടിയ ഒരു പ്രചാരണ പ്രസ്ഥാനത്തിന് രൂപം നൽകുക. ഇത്തരമൊരു മുൻകൈ പ്രവർത്തന പദ്ധതിയ്ക്ക് സാമ്പത്തിക നിക്ഷേപത്തിൽ കൂടുതലായ സഹായവും, ഉയർന്ന ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ പ്രാപ്യതയും ലഭ്യതയും ഉറപ്പാക്കുന്ന ഊർജ്ജസ്വലമായ ഒരു വികസന പദ്ധതിയുടെ സഹായവും ഉണ്ടാവേണ്ടതാണ്. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൻ കീഴിൽ അടുത്തകാലത്ത് കാർഷിക വികസന പരിപാടികൾക്ക് (സർക്കാർ) ലഭ്യമാക്കിക്കൊണ്ടിരിക്കുന്ന സഹായസ്രോതസ്സുകൾ ഈ പദ്ധതിയ്ക്കായി ഫലപ്രദമായി സമാഹരിച്ച് വിനിയോഗിക്കാവുന്നതാണ്.

3. ഇതിനു സമാനമായി നിക്ഷിത ലക്ഷ്യം വച്ചുകൊണ്ടുള്ള ചിട്ടയോടും കാര്യക്ഷമതയോടും കൂടിയ ഒരു ദീർഘകാല നിക്ഷേപ പദ്ധതി, രോഗബാധിതമായ തോട്ടങ്ങളെ ലക്ഷ്യമാക്കിയും-കുരുമുളക് കൃഷിയെ അടിസ്ഥാനമാക്കിയുള്ള കൃഷി സമ്പ്രദായം നടപ്പിലുള്ള പ്രദേശങ്ങളിലെ, വിശേഷിച്ചും, വയനാട്, ഇടുക്കി ജില്ലകളിലെ കുരുമുളക് ചെടികളെ പുനഃരധിവസിപ്പിക്കുന്നതിനും, അവിടുത്തെ പുനർ നടീലിനും പരിപാടികൾ ആവിഷ്ക്കരിക്കുന്നതിന് 'നബാർഡി'ൽ നിന്നും അതുപോലുള്ള മറ്റു ദീർഘകാല വായ്പ നൽകുന്ന ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സഹായം സ്വീകരിക്കാവുന്നതാണ്.

4. ഇത്തരം സഹായങ്ങൾ, വിശേഷിച്ചും ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയും, മറ്റു പ്രോത്സാഹനങ്ങളും (കർഷക) സംഘങ്ങൾക്കും (പ്രത്യേകിച്ച് വനിതാ സംഘങ്ങൾക്കും) വ്യക്തികൾക്കും നൽകുന്നത്, ടിഷ്യൂ കൾച്ചറിലൂടെ പ്രജനനം നടത്തി തൈകൾ ഉത്പാദിപ്പിക്കുന്ന, ഗുണനിലവാരത്തിൽ വിശ്വസ്തമായ നടീൽ വസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുന്ന, നഴ്സറികളുടെ ഒരു ശൃംഖല തന്നെ സ്ഥാപിക്കുന്നതിനായി സമാഹരിക്കുന്നതിലേയ്ക്കായിരിക്കണം വിനിയോഗിക്കേണ്ടത്. അപ്പോൾ കർഷകർക്കും, സംഘങ്ങൾക്കും കുരുമുളക് തോട്ടങ്ങളെ പുനരുജ്ജീവിപ്പിക്കുവാനും, അവിടെ നട്ടു വളർത്താനുള്ള നല്ല തൈകൾ ലഭ്യമാക്കുവാനും കഴിയും. കേരള കാർഷിക സർവ്വകലാശാലയുടേയും അതിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെയും, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസിന്റേയും ഭാഗത്തു നിന്നും നഴ്സറികളിലെ പ്രജനനത്തിന് വളരെ ഉയർന്ന ഗുണമേന്മയുള്ള മാതൃസസ്യങ്ങൾ നൽകിയുള്ള സഹായവും ലഭ്യമാക്കേണ്ടതാണ്.

5. നമ്മുടെ പ്രകൃതി സ്രോതസ്സ്‌വ്യവസ്ഥയെ അതിന്റെ സമഗ്രതയിൽ വീക്ഷിച്ചുകൊണ്ട് അത്തരം വ്യവസ്ഥയിൽ കുരുമുളക് കൃഷിയെ ഭദ്രമായി നിലനിറുത്തുന്നതിനും, വ്യത്യസ്ത കാർഷിക-പരിസ്ഥിതി മേഖലകളിൽ കുരുമുളക് ചെടികളെയും തോട്ടങ്ങളെയും പുനഃരധിവസിപ്പിക്കാൻ അനുയോജ്യമായ പ്രവർത്തനങ്ങളുടെ ഒരു പാക്കേജ് (പദ്ധതി) കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുക്കേണ്ടതാണ്.

6. വിലയെ നിയന്ത്രിക്കുന്ന വ്യവസ്ഥയിൽ, വിലയിലുണ്ടാകുന്ന അസ്ഥിരതകളുടെ പ്രാതികൂല്യം പരമാവധി കുറയ്ക്കുവാൻ കുരുമുളകിന്റെ ആഭ്യന്തര ഉപയോഗം പ്രോത്സാഹിപ്പിക്കുവാനുള്ള പരിപാടികൾ മന്നോട്ടുവയ്ക്കണം. കുരുമുളകിന്റെ ഔഷധഗുണങ്ങളെ കേന്ദ്രീകരിച്ചു കൊണ്ടുള്ള പ്രോത്സാഹന പ്രവർത്തനങ്ങൾ (കുരുമുളകിന്റെ) ആഭ്യന്തര വിപണി വികസിപ്പിക്കുവാൻ വളരെയേറെ സഹായിക്കും.

7. കുരുമുളകിന്റെ മൂല്യവർദ്ധനയ്ക്കായി പരിശ്രമിക്കുന്ന കാർഷിക സംഘടനകളുടെ യത്നങ്ങളെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമെങ്കിൽ അത്തരം പരിശ്രമങ്ങളിൽ നിന്നും വരുമാനത്തിന്റെ വലിയൊരു പങ്ക് അവർക്ക് ലഭിക്കുന്നതിന് അത് സഹായിക്കും.

8. ഗുണനിലവാരം ഉയർത്തുന്നതിന് വേണ്ട സംഘടനാപരമായ സഹായവും പിന്തുണയും നൽകുമ്പോൾ, വിളവെടുപ്പ് കാലത്തെ വൃത്തിയും വെടിപ്പും ഗുണമേന്മയും നിലനിറുത്തന്നവർക്ക് പ്രതിഫലം നൽകുന്ന ഒരു പദ്ധതി വിഭാവനം ചെയ്യേണ്ടതാണ്. അതുപോലെ ഉയർന്ന ഗുണനിലവാരം ഉള്ള കുരുമുളക് ഉത്പാദിപ്പിക്കുന്ന കർഷകർക്കും, സംഘങ്ങൾക്കും, പ്രോത്സാഹനവും പ്രതിഫലവും നൽകേണ്ടതാണ്.

9. ജൈവകുരുമുളകിന്റെ ഉത്പാദനത്തിനുള്ള സാദ്ധ്യതകളും അവസരങ്ങളും അന്വേഷിക്കണം. കൃഷി ഭൂമിയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ വേണം പദ്ധതികൾ ആവിഷ്കരിക്കേണ്ടത്. പീരുമേട് വികസന സൊസൈറ്റി പോലുള്ള സർക്കാരേതര സ്ഥാപനങ്ങളുടെ അനുഭവസമ്പത്തും ഫലപ്രദമായി ഉപയോഗിക്കുന്നത് നന്നായിരിക്കും.

10. കുരുമുളക് കേരളത്തിന്റെ തനതും അതുല്യവുമായ ഉത്പ്പന്നമാണെന്ന് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ബൗദ്ധികസ്വത്തവകാശ വ്യവസ്ഥയിൽ, ജിയോഗ്രാഫിക്കൽ ഇന്റിക്കേറ്റേഴ്സിന്റെ നിർവ്വചനപ്രകാരം, കുരുമുളകിന്റെ പ്രത്യേകഗുണങ്ങളും സവിശേഷസ്വഭാവവും തിരിച്ചറിഞ്ഞ് അതിനുള്ള പരിരക്ഷ നേടുവാനാവശ്യമായ സത്വര നടപടികൾ കൈക്കൊള്ളണം.

## 1.5.3 കശുവണ്ടി

### 1.5.3.0 കേരളത്തിന്റെ സമ്പദ് വ്യവസ്ഥയും കശുവണ്ടിയും

കശുമാവ് കൃഷിയിലും കശുവണ്ടി സംസ്കരണത്തിലും ഇന്ത്യയിലെ മാർഗ്ഗദർശിയാണ് കേരളം. ദശാബ്ദങ്ങളിലൂടെ സംസ്ഥാനം വികസിപ്പിച്ചെടുത്തിട്ടുള്ള തോട്ടങ്ങളും, കശുവണ്ടി സംസ്കരണത്തിന്റേയും കയറ്റുമതിയിൽ വിശേഷ വിപണിയെപ്പറ്റിയുള്ള അറിവിന്റേയും രൂപത്തിൽ സംസ്ഥാനം ആർജ്ജിച്ചിട്ടുള്ള വൈദഗ്ധ്യവും തീർച്ചയായും വിലമതിക്കാനാവാത്ത കൈമുതലാണ്. ഒരു ലക്ഷത്തിലധികം തൊഴിലാളികളുടെ ഉപജീവനത്തിന് സുരക്ഷ നൽകുന്ന കശുവണ്ടി സംസ്കരണ വ്യവസായം മുഖ്യമായും തെക്കൻ ജില്ലകളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. (ഒരു ലക്ഷത്തിൽപ്പരം തൊഴിലാളികളിൽ 32000 പേർ മാത്രമേ കശുവണ്ടിത്തൊഴിലാളി ക്ഷേമപദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളൂ).

സംസ്കരിച്ച കശുവണ്ടിയിൽ നിന്നും (സംസ്കരണ ഉപോത്പന്നമായ തോട്ടിൻ കറ ഉൾപ്പെടെ) ലഭിക്കുന്ന ഇന്ത്യയുടെ ആകെ വിദേശ നാണയ സമ്പാദ്യം (അസംസ്കൃത കശുവണ്ടിയുടെ വിദേശ ഇറക്കുമതി ഇളവു ചെയ്താൽ) 1996-97-ൽ 600 കോടി രൂപയ്ക്കും, 1999-2000-ൽ 1400 കോടി രൂപയ്ക്കും ഇടയിലാണ്. മൂല്യവർദ്ധന കശുവണ്ടിയുടെ കാര്യത്തിൽ 100% ആണ്. കശുവണ്ടി സംസ്കരണത്തിൽ ഉള്ളതായ എല്ലാ സാദ്ധ്യതകളെയും സംസ്ഥാനത്തിന് പൂർണ്ണമായും ചൂഷണം ചെയ്യുന്നതിന് മുഖ്യതടസ്സമായി നിൽക്കുന്നത് അസംസ്കൃത കശുവണ്ടിയുടെ (തോട്ടണ്ടിയുടെ) ലഭ്യതക്കുറവു മാത്രമാണ്. ഗണ്യമായൊരു അളവ് തോട്ടണ്ടിയാണ് കശുവണ്ടി സംസ്കരണ വ്യവസായത്തിന്റെ ആവശ്യത്തിനായി വർഷംതോറും ഇറക്കുമതി ചെയ്യുന്നത്. 1999-2000ലും നടന്ന തോട്ടണ്ടിയുടെ ഇറക്കുമതി 2.5 ലക്ഷം ടണ്ണാണ്. ഏതാണ്ട് 1000 കോടി രൂപ വിലയുള്ള തോട്ടണ്ടി (കേരളത്തിൽ മാത്രം പ്രതിവർഷം 500 കോടി രൂപയുടെ) അതായത്, 1.5 ലക്ഷം ടൺ തോട്ടണ്ടിയാണ് രാജ്യത്ത് ഇറക്കുമതി ചെയ്യപ്പെടുന്നത്.

കേരളത്തിലെ കശുമാവ് കൃഷി ക്രമേണ ക്ഷയിച്ചു വരികയാണ്. 1990-91-ൽ 1.2 ലക്ഷം ഹെക്ടറിലായിരുന്നുവെങ്കിൽ 2000-2001-ൽ അത് 0.9 ലക്ഷം ഹെക്ടറിലായി. ഉത്പാദനവും അതോടൊപ്പം കുറഞ്ഞുവരികയാണ്. 1.03 ലക്ഷം ടണ്ണിൽ നിന്നും ഉത്പാദനം 0.62 ലക്ഷം ടണ്ണായി കുറഞ്ഞു. ഉത്പാദനക്ഷമത ഹെക്ടറിന് 800 കിലോയിൽ നിന്നും 720 കിലോഗ്രാമായി കുറഞ്ഞു. എന്നാൽ ഇന്ത്യയൊട്ടാകെ എടുത്താൽ കശുമാവ് കൃഷിചെയ്യുന്ന ഭൂമിയുടെ വിസ്തൃതി ക്രമേണ വർദ്ധിച്ചുവരുകയാണ്. 5.32 ലക്ഷം ഹെക്ടറിൽ നിന്നും 6.86 ലക്ഷം ഹെക്ടറായി ഉയർന്നു. ഉത്പാദനം 2.95 ലക്ഷം ടണ്ണിൽനിന്നും 5.20 ലക്ഷം ടണ്ണായി വർദ്ധിച്ചു. ഉത്പാദനക്ഷമത ഹെക്ടറിന് 554 ഗ്രാമിൽനിന്നും 758 കി.ഗ്രാമായി. എന്നിരുന്നാലും കശുവണ്ടി ഉത്പാദനത്തിൽ കേരളത്തിനുണ്ടായിരുന്ന മേൽക്കൈ നഷ്ടമായിരിക്കുകയാണ്. 1998 – 1999നു ശേഷം കേരളത്തിലെ കശുവണ്ടിയുടെ ഉത്പാദനക്ഷമത, ദേശീയ നിലവാരത്തിൽ നിന്നും താഴെയാണെന്ന് രേഖപ്പെടുത്തുന്നു. കേരളത്തിലെ കശുമാവ് കൃഷിസ്ഥലമെല്ലാം പ്രായേണ ചെറിയ വിസ്തൃതിയുള്ളവയാണ്. കൃഷിനടക്കുന്നത് മുഖ്യമായും വടക്കൻ ജില്ലകളിലാണ്. കണ്ണൂരിലാണ് ഏറ്റവും കൂടുതൽ. ആകെ ഭൂമിയുടെ 30% കശുമാവ് തോട്ടങ്ങളാണ്. ഇത് കാസർകോട് 24%വും, മലപ്പുറത്ത് 11%ആണ്. ഉത്പാദനത്തിന്റെ കാര്യത്തിലും ജില്ലകളുടെ സ്ഥിതി ഇതേ ക്രമത്തിലാണ്. കണ്ണൂർ 44%വും, കാസർകോട് 19%, മലപ്പുറം 8%ഉം ഉൽപ്പാദിപ്പിക്കുന്നു. കണ്ണൂരാണ് ഏറ്റവും കൂടുതൽ ഉൽപ്പാദനക്ഷമതയുള്ള ജില്ല. സംസ്ഥാനത്തിന്റെ ശരാശരി ഉൽപ്പാദനക്ഷമത 601കി/ഹെക്ടറാണെങ്കിൽ കണ്ണൂരിന്റെത് 883 കി.ഗ്രാം/ഹെക്ടറാണ് (1997-98ലെ കണക്ക്).

## 1.5.3.1 വിലനീക്കം

കേരളത്തിന്റെ കാർഷികോല്പന്നങ്ങളിൽ, ഏലം കഴിഞ്ഞാൽ പിന്നെ, വിലയിടിവിന്റെ കെടുതികളറി യാത്ത ഒറ്റയൊരു വിളയാണ് കശുവണ്ടി. വാസ്തവത്തിൽ കശുവണ്ടിയുടെ വില ക്രമാനുഗതമായി വർദ്ധിച്ച് കിലോയ്ക്ക് (1190ലെ) 11.55 രൂപയിൽ നിന്നും മൂന്നിരട്ടി വർദ്ധിച്ച് 2000ത്തിലെത്തുമ്പോൾ (കിലോയ്ക്ക്) 36.39 രൂപയായി. ഇറക്കുമതി ചെയ്യപ്പെടുന്ന തോട്ടണ്ടിയുടെ വില 96-97ലെ 26.83 രൂപയിൽ നിന്നും 1998-97 ലെ 40.93 രൂപയായി. സംസ്കൃത കശുവണ്ടി (തോലുരിക്കാത്തത്) യുടെ വില അന്താരാഷ്ട്രവിപണിയിൽ കുറയുന്നതുകൊണ്ട് തോട്ടണ്ടിയുടെ വിലയും കുറയാനാണ് സാദ്ധ്യത. കൂടാതെ ആഭ്യന്തരപിപണിയിലും തോട്ടണ്ടിയുടെ വിലയും കുറയാവുന്നതാണ്. കശുവണ്ടി പരിപ്പിന്റെ വില 1999-2000 കാലത്ത് കി.ഗ്രാമിന് 265 രൂപയായിരുന്നത് 2000-2001 വർഷം 230 രൂപയും2001 ഏപ്രിൽ-ജൂലായ് മാസത്തിൽ 207 രൂപയും ആയി. 2002 ഏപ്രിൽ - ജൂലായിൽ കി. ഗ്രാമിന് വില വെറും 189 രൂപയായി തീരുകയുണ്ടായി.

### 1.5.3.2 ലോകവ്യാപാര സംഘടനയുടെ സ്വാധീനം

സംസ്കരണത്തിന് ഉപയോഗിക്കുന്ന ഒരു അസംസ്കൃത വസ്തു ആണെന്നിരിക്കിലും ലോകവ്യാ പാര സംഘന കശുവണ്ടിയെ കൃഷിയെ സംബന്ധിച്ച കരാറി (AOA) ന്റെ പരിധിയിൽ കൊണ്ടുവരികയുണ്ടാ യി. 2001 ഏപ്രിൽ 1 മുതൽ കശുവണ്ടിയുടെ വിദേശ ഇറക്കുമതിയിൽ അളവുപരമായ നിയന്ത്രണങ്ങൾ (QRS) ഉണ്ടായിരുന്നത് നീക്കം ചെയ്തു. കശുവണ്ടിയുടെ ഇറക്കുമതി ബൗണ്ട് താരിഫ് നിരക്ക് 108% ആണ്. 2002 മാർച്ച് 1-ാം തീയതിമുതൽ അപ്ലെയ്ഡ് താരിഫ് നിരക്ക് 70%ആക്കി. കശുവണ്ടി വ്യവസായ രംഗത്ത് ഇറ ക്കുമതി അനിവ്വാര്യമാണ്/അനുപേക്ഷണീയമാണ്. കാരണം തോട്ടണ്ടിയുടെ ആഭ്യന്തര ഉത്പാദനം (48000 ടൺ/വർഷം) കേരളത്തിലെ ഇറക്കുമതിയുടെ മൂന്നുലൊന്നിൽ താഴെയാണ്. (ഇത് ഇന്ത്യയിലെ മൊത്തം തോട്ടണ്ടി ഇറക്കുമതിയുടെ അഞ്ചിലൊന്നാണ്). **കശുവണ്ടി സംസ്കരണ വ്യവസായത്തിന്റെ ആവശ്യ ത്തിനനുസൃതമായ അളവിൽ തോട്ടണ്ടി ആഭ്യന്തരമായി ഉത്പാദിപ്പിക്കപ്പെടുന്നില്ല. ഈ കുറവ് പരിഹ രിക്കാനാണ് ഇറക്കുമതി ചെയ്യുന്നത്.** കശുവണ്ടി വ്യവസായം ഇന്ത്യയ്ക്ക് ധാരളം വിദേശ നാണയം തേടി ത്തരുന്നതും വലിയ തൊഴിൽ ദാതാവുമാണ്. എന്നാൽ തോട്ടണ്ടി വിദേശങ്ങളിൽ നിന്നും വൻതോതിൽ ഇറക്കുമതി ചെയ്യുന്നത് ആഭ്യന്തരവിലയെ ബാധിക്കണമെന്നില്ല. കാരണം നാട്ടിലുത്പ്പാദിപ്പിക്കുന്ന തോട്ട ണ്ടിക്ക് ഒരു നേട്ടമുണ്ട്. അതിന് നല്ല വലിപ്പവും ദൃഢതയും ഉണ്ട്. ദോഹവട്ട ചർച്ചകൾക്കു ശേഷമുള്ള കാലത്ത് കേരളത്തിലേക്കുള്ള തോട്ടണ്ടിയുടെ ഇറക്കുമതി ആഭ്യന്തര (തോട്ടണ്ടി) ഉത്പാദനത്തിന്റെ മൂന്നു മടങ്ങായി. എന്നിട്ടും തോട്ടണ്ടിയുടെ ആഭ്യന്തര വില ഉയരുകയാണുണ്ടായത്. 2001ൽ അത് കി.ഗ്രാമിന് 36 രൂപയായി. എന്നാലതിനു ശേഷമാണ് തോട്ടണ്ടിയുടെ വിലയിടിവ് കടന്നു വരുന്നത്. വിലയിടിവിന് കാരണം കശുവണ്ടി പരിപ്പിന്റെ അന്താരാഷ്ട്രവില താണതിലാണ്, അല്ലാതെ തോട്ടണ്ടിയുടെ ഇറക്കുമതി വർദ്ധന വല്ല.

### 1.5.3.3 വെല്ലുവിളികളും, അവസരങ്ങളും, തന്ത്രങ്ങളും

കശുവണ്ടി വികസനത്തിൽ ഒരു വലിയ കടന്നു കയറ്റത്തിന് സമയമായിരിക്കുകയാണ്. എന്നാൽ കശു മാവ് കൃഷി അഭിമുഖീകരിക്കുന്ന അടിസ്ഥാനപരമായ വെല്ലുവിളി, സംസ്കരണ വ്യവസായത്തിനാവശ്യ മായ അസംസ്കൃത വസ്തുവായ തോട്ടണ്ടിയുടെ ലഭ്യതയാണ്. തോട്ടണ്ടിയുടെ വില ക്രമാനുഗതമായി വർദ്ധിച്ചുകൊണ്ടിരുന്നുവെങ്കിലും (വില മൂന്നിരട്ടിയാണ് വർദ്ധിച്ചത്) സംസ്ഥാനം ഒട്ടാകെ കശുമാവ് കൃഷി യിലും, ഉത്പാദനത്തിലും, അടുത്തകാലത്തായി ഉത്പാദനക്ഷമതയിലും നാനാവിധമായ പുറകോട്ടറിയാ ണുണ്ടായിരിക്കുന്നത്. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഗവേഷണസ്ഥാപനങ്ങൾക്കും, ഇന്ത്യൻ കൗൺസിൽ ഓഫ് ആഗ്രികൾച്ചറൽ റിസേർച്ചിനും അടുത്തകാലത്തായി ബോദ്ധ്യം വന്നിരിക്കുന്ന തനുസരിച്ച് - സാങ്കേതിക രംഗത്തെ സുപ്രധാനമായ വികാസങ്ങൾ വിനിയോഗിച്ചുകൊണ്ട് (വ്യത്യസ്ത കാർഷിക പരിസ്ഥിതി വ്യവസ്ഥകൾക്കും അനുയോജ്യമായ) വളരെ ഉയർന്ന ഉത്പാദനക്ഷമതയുള്ള കശു മാവ് തൈകൾ ഉത്പാദിപ്പിക്കുകയും, ശാസ്ത്രീയമായ കാർഷികമേൽനോട്ടവും (വിശേഷിച്ചും നിബിഡ മായി നടുന്നത് ഒഴിവാക്കി) കശുമാവിന്റെ പ്രജനനം നടത്തുകയും ചെയ്യാനാകുമെന്നാണ് കാണുന്നത്. ഇത്രമാത്രം ലാഭകരമായ സാങ്കേതിക വിദ്യയും, ആദായകരമായ വരുമാനം പ്രോത്സാഹിപ്പിക്കുന്ന വില നിർണ്ണയ വ്യവസ്ഥയും നിലവിലിരിക്കേ കശുവണ്ടി ഉത്പാദനത്തിൽ ഒരു വലിയ കുതിപ്പിനുള്ള പരിതഃസ്ഥിതി കൾ പാകമായിരിക്കുകയാണ്. പക്ഷേ ദീർഘകാലാടിസ്ഥാനത്തിലുള്ള ധനനിക്ഷേപവും ലക്ഷ്യബോധമുള്ള കേന്ദ്രീകൃത പദ്ധതിയുടെ കാര്യത്തിലുമാണ് കുറവുള്ളത്.

### 1.5.3.3 പ്രാദേശിക വികസനത്തിന് തന്ത്രപരമായ ഉപകരണം

കേരളത്തിന്റെ വർത്തമാനകാല സാഹചര്യങ്ങളിൽ, കശുവണ്ടി വികസനം എന്നാൽ കശുവണ്ടി സംസ്കരണ വ്യവസായത്തിന്റെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്ന ഒന്നായി മാത്രം കാണുന്നത് ശരിയായിരിക്കുകയില്ല. മറിച്ച് വടക്കൻ ജില്ലകളായ കാർകോട്, കണ്ണൂർ, മലപ്പുറം എന്നീ ആപേക്ഷികമായി പ്രകൃതി സ്രോതസ്സുകളിൽ അത്രയൊന്നും അനുഗ്രഹീതമല്ലാത്ത പ്രദേശത്തിന്റെ കാർഷിക വികസനത്തിന് വെടിമരുന്നിടുന്ന മുഖ്യവികസന തന്ത്രമെന്ന നിലയിൽ കൂടിയാണിതിനെ കാണേണ്ടത്. ഈ ജില്ലകൾക്ക് ഉയർന്ന നിരക്കിലുള്ള മഴ ലഭിക്കുന്നുണ്ടെങ്കിലും (ഏകദേശം 4000 മി. മീറ്റർ) അത് 4 മാസം മാത്രമേ നീണ്ടുനിൽക്കുന്നുള്ളു. ഈ പ്രദേശത്തെ ഭൂവിതാനം നിമ്നോന്നങ്ങൾ നിറഞ്ഞതാണ്. ഇടവിട്ടുള്ള വൻകുന്നുകളും, ഇടുങ്ങിയ താഴ്വാരങ്ങളും ആണ് ഈ ജില്ലകളിലുള്ളത്. ഭൂമിയുടെ സ്വാഭാവം നോക്കിയാൽ, അതിവിപുലമായി/വിശാലമായി പരന്നുകിടക്കുന്ന ചെങ്കല്ലുള്ള പ്രദേശവും, ചെങ്കല്ലിനു മുകളിൽ കനം കുറഞ്ഞ മണൽതട്ടും, (ചെറുചരലുകൾ നിറഞ്ഞ) ഉള്ളതിനാൽ മഴവെള്ളത്തിന്റെ നനവും ഈർപ്പവും പിടിച്ചു നിറുത്തുവാൻ കഴിവുകുറവാണ്. ഇപ്രകാരമുള്ള പരുക്കൻ പരിതഃസ്ഥിതിയിൽ കശുമാവ് ആണ് ഏറ്റവും അനുയോജ്യമായ വിള. അത്തരം സമ്പന്നമല്ലാത്ത ഭൂസ്രോതസ്സിനെ ഉത്പാദനപരമായി ചൂഷണം ചെയ്യുവാൻ കശുമാവിന്റെ കൃഷിയിലൂടെ സാധിക്കുന്നതാണ്. അതാണ് കശുമാവ് കൃഷി ഈ ജില്ലകളിൽ കേന്ദ്രീകരിച്ചുകാണാൻ കാരണം, ഈ ജില്ലകളിലെ ഫലഭൂയിഷ്ടമായ മറ്റു സ്ഥലങ്ങളിൽ നാളികേരം പോലുള്ള, കൂടുതൽ ആരോഗ്യകരമായ കാർഷിക -പരിസ്ഥിതി ആവശ്യമുള്ള വിളകളാണുള്ളത്. ഈ ജില്ലകളുടെ കാർഷിക സമ്പദ്സ്ഥിതിയ്ക്ക് കൂടുതൽ ശക്തിപകരുവാൻ കശുമാവ് കൃഷിയെ അടിസ്ഥാനമാക്കിയുള്ള കൃഷിവികസനത്തിനേ സാദ്ധ്യമാവുകയുള്ളു.

### 1.5.3.3 ഗുണനിലവാരം മെച്ചപ്പെടുത്തലും പരിസ്ഥിതി പ്രശ്നങ്ങളും

ഗുണനിലവാരം ഉയർത്താൻ വിശേഷിച്ചും സാനിട്ടറി-ഫൈറ്റോസാനിട്ടറി (SPS) വ്യവസ്ഥകൾ പാലിച്ചുകൊണ്ടുള്ള നടപടികൾ പ്രാധാന്യമർഹിക്കുന്നു. കശുവണ്ടി സംസ്കരണ വ്യവസായത്തിന്റെ നിലനിൽപ്പ് തന്നെ ഈ ശുചിത്വ വ്യവസ്ഥകൾ പാലിക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നതിനു കാരണം സംസ്കരണശാലകളിൽ നിന്നും പുറത്തുവരുന്ന കശുവണ്ടിപ്പരിപ്പ് നേരിട്ട് കഴിക്കുന്ന ഒരു ആഹാരമാണ്. അണ്ടിപ്പരിപ്പിൽ കീടനാശിനിയുടെ അംശം ഉണ്ടായിരുന്നാൽ അത് ഗൗരവതരവും പ്രതികരണക്ഷമവുമായ പ്രശ്നമാകുന്നതാണ് സംസ്കരണപ്രക്രിയയിലെ അന്തിമഘട്ടത്തിലെത്തിയ ഉത്പന്നമായ അണ്ടിപരിപ്പിൽ അപകടകാരിയായ ഏതെങ്കിലും രാസവസ്തുവോ, മാലിന്യമോ ഇല്ലാതിരുന്നാൽ മാത്രം പോരാ, സംസ്കരണത്തിന് വിനിയോഗിച്ച പ്രക്രിയയും പരിസ്ഥിതി മിത്രമായിരിക്കണം. ഇന്ത്യയിലെ കശുവണ്ടിപരിപ്പിന്റെ മുഖ്യവിപണിയായ വികസിത രാജ്യങ്ങൾ ഉത്പാദന പ്രക്രിയയിലെ പാരിസ്ഥിതിക വസ്തുതകളെ കർശനമായ നിരീക്ഷണത്തിന് വിധേയമാക്കുന്നവരാണ്. ചിലപ്പോൾ ഗുണനിലവാരവും, പാരിസ്ഥിതിക പ്രശ്നങ്ങളും വിവാദമുയർത്താറുണ്ട്. വിവാദമുയർത്തി ഒരുത്പന്നത്തിനെതിരേ താരിഫേതര തടസ്സങ്ങൾ ഉയർത്തുവാനും അവർക്കു കഴിയുന്നു. ഈ പശ്ചാത്തലത്തിൽ ആണ് കാസർകോട് ജില്ലയിലെ കശുമാവുകളിൽ കീടനാശിനികൾ തളിക്കുന്നതിനെപ്പറ്റി ഉണ്ടായ റിപ്പോർട്ടുകളും, മറ്റു വിവാദങ്ങളും നോക്കിക്കാണേണ്ടത്. ഇതൊഴിവാക്കപ്പെടേണ്ടതാണ്. ഇതിനുള്ള മാനവീയമായ മാനം മറ്റൊരു പ്രധാനകാര്യമാണ്. മേൽപ്പറഞ്ഞതുപോലുള്ള വിവാദങ്ങൾ കശുവണ്ടി വ്യവസായത്തിന്റെ തന്നെ നിലനിൽപ്പിന്റെ കാര്യത്തിൽ, ജീവൽ പ്രധാനമായവയാണ്. അതിനാൽ വിവാദങ്ങൾ ഏവർക്കും വിശ്വാസ്യമായ രീതിയിൽ പരിഹരിക്കുകയും അനാവശ്യമായി ആവർത്തിക്കാതിരിക്കാൻ കർമ്മോന്മുഖമായ മുൻകരുതൽ കൈക്കൊള്ളുകയും വേണം. സംസ്ഥാനത്തെ കശുവണ്ടിയുടെ ഉത്പാദനവും, സംസ്കരണവും നടത്തപ്പെടുന്നത് തികച്ചും പരിസ്ഥിതി മിത്രമായ പ്രക്രിയകളിലൂടെയാണെന്ന വിശ്വാസമാജ്ജിക്കുവാൻ പ്രതിജ്ഞാബദ്ധതയോടുള്ള പരിശ്രമങ്ങളാവശ്യമാണ്. നല്ല കാർഷിക പ്രവർത്തനങ്ങൾക്ക് സാക്ഷ്യപത്രങ്ങൾ നല്കി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

### പരിസ്ഥിതി ശുചിത്വവും സ്ത്രീതൊഴിലാളികളുടെ ആരോഗ്യത്തിനുള്ള ഭീഷണിയും

കശുവണ്ടിപരിപ്പിന്റെ വിദേശ കയറ്റുമതി നേരിടുന്ന മറ്റൊരു പ്രശ്നം ശുചിത്വപരിപാലനവ്യവസ്ഥകളാണ്. അവ പാലിക്കപ്പെടുന്നുണ്ടോ എന്ന കാര്യം പരമപ്രാധാന്യം അർഹിക്കുന്നു. ശുചിത്വമില്ലാത്ത ജോലിസ്ഥലവും മറ്റു പരിതസ്ഥിതികളും, വ്യവസായത്തിൽ ഭൂരിപക്ഷം വരുന്ന സ്ത്രീ തൊഴിലാളികളുടെ ആരോഗ്യത്തിനു ഭീഷണിയാവാൻ പാടില്ല. കശുവണ്ടി സംസ്കരണപ്രക്രിയയിലെ ചില ഘട്ടങ്ങളിലാണ് ഇത്തരം ബുദ്ധിമുട്ടുകൾ കൂടുതലും നേരിടേണ്ടിവരുന്നത്. (ഉദാ: വറുത്ത കശുവണ്ടി തല്ലി, തൊലി നീക്കിയെടുക്കുമ്പോൾ) പീലിംഗ് നല്ല കുശലതവേണ്ടതും പരാജയസാദ്ധ്യതയുള്ളതുമായ ഒരു ജോലിയാണ്. മോശപ്പെട്ട, വൃത്തിഹീനമായ ജോലിസ്ഥലവും, പരിസരങ്ങളും തുടർന്നുണ്ടാകാവുന്ന ആരോഗ്യപ്രശ്നങ്ങളും ഉയർത്തി

പ്പിടിച്ച്, ഭാവിയിൽ സംസ്ഥാനത്തിന്റെ കശുവണ്ടിപരിപ്പ് കയറ്റുമതിക്ക് തടസ്സങ്ങൾ സൃഷ്ടിക്കാൻ ശുചിത്വ നിയമങ്ങളെ വികസിത രാജ്യങ്ങൾ വിനിയോഗിക്കാവുന്നതാണ്. ഇപ്പോൾ കശുവണ്ടി വ്യവസായ മേഖലയിൽ നിലവിലുള്ള പ്രശംസനീയമായ തൊഴിലാളി ക്ഷേമ പ്രവർത്തന നടപടികളുടെ പാരമ്പര്യം തികച്ചും ആശാസ്യവും ആശാവഹവുമാണെന്നും, ദീർഘകാലാടിസ്ഥാനത്തിൽ കശുവണ്ടി വ്യവസായത്തെ അന്താരാഷ്ട്ര വിപണിയിൽ സുസ്ഥിരമാക്കി നിറുത്തുന്നതിനെ ലക്ഷ്യമാക്കിയുള്ളതുമാണ് എന്ന് നാം തിരിച്ചറിയണം. അല്ലാതെ, ശുചിത്വ പ്രശ്നങ്ങൾ കശുവണ്ടിസംസ്കരണവ്യവസായത്തിനുമേൽ ചുമന്നുകയറ്റുന്ന ഒരു അമിത ഭാരമായി കാണുന്നത്  ശരിയല്ല.

#### 1.5.3.4 തന്ത്രം

സംസ്ഥാനത്തെ കശുവണ്ടി ഉത്പാദനം വർദ്ധിപ്പിക്കാൻ ഒരു ദ്വി-മുഖ വികസനതന്ത്രം നിർദ്ദേശിക്കാം. ആദ്യമായി വൃദ്ധ വൃക്ഷങ്ങളെ പുനരുജ്ജീവിപ്പിക്കുകയും, ആവശ്യമുള്ളിടങ്ങളിൽ ഉത്പാദനക്ഷമത തീർത്തും കുറഞ്ഞവയെമുറിച്ചു മാറ്റുകയും, കൂടിയ ഉത്പാദനക്ഷമതയുള്ള പുതിയയിനം കശുമാവ് തൈകൾ നട്ടുവളർത്തുകയും ചെയ്യേണ്ടതാണ്. രണ്ടാമതായി കശുമാവ് കൃഷി കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ കേന്ദ്രീകൃത കശുമാവ് കൃഷിപ്രദേശ വികസനപരിപാടികൾ മുമ്പോട്ടുവയ്ക്കുകയും  അവിടുത്തെ ഭൂസ്രോതസ്സിന്റെ സമ്പന്നതയുടെ സമഗ്രമായ വികസനത്തിന് നടപടികൾ സ്വീകരിക്കുകയും വേണം. വൃദ്ധമാവുകൾ വെട്ടി നീക്കി കൂടുതൽ ഉത്പാദനക്ഷമതയുള്ള തൈകൾ നടുന്നതിനും, അതോടൊപ്പം കശുമാവ് കൃഷിക്കനുയോജ്യമായ എവിടെ ഭൂമിലഭ്യമാണോ അവിടങ്ങളിൽകൂടി കൃഷി വ്യാപിക്കുകയുമാണ് വേണ്ടത്.

#### 1.5.3.5 ശുപാർശകൾ

1. പ്രായംചെന്ന കശുമാവുകളെ പുനരുജ്ജീവിപ്പിക്കുന്നതിന് സമയബന്ധിത പദ്ധതിവേണം. അനുകൂലമായ കാർഷിക പരിസ്ഥിതികളുള്ള മേഖലയിൽ, അതാതു പ്രദേശത്തിന്റെ സവിശേഷതയ്ക്കു അനുയോജ്യമായ പദ്ധതിവേണം സംസ്ഥാനം ഒട്ടുക്ക് ആരംഭിക്കേണ്ടത്. കേരളത്തിന്റെ തെക്കും മദ്ധ്യഭാഗത്തുമുള്ള ജില്ലകളിലെ കശുമാവ് തോട്ടങ്ങളുടെ കാര്യത്തിൽ നേരത്തെ പാകമായ വിളയെടുക്കുന്നതാവും നല്ലത്. കാരണം, ഉണക്കുകാലം വളരെ ഹ്രസ്വമാണെന്നു മാത്രമല്ല, മൺസൂണിനുമുമ്പുള്ള ചെറുമഴയിൽ കുറഞ്ഞ ഗുണനിലവാരമുള്ള കശുവണ്ടിയാണ് ഉണ്ടാവുക. ഈ പദ്ധതിയ്ക്കാവശ്യമായ സാമ്പത്തിക സ്രോതസ്സു പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ തുടങ്ങിയ വനിതാ കൂട്ടങ്ങൾക്കായുള്ള വികസന പരിപാടികൾ എന്നിവയിൽ നിന്നും സംഭരിക്കാവുന്നതാണ്.

2. ഇപ്പോഴുള്ള കശുമാവുകളും, കശുമാവുതോട്ടങ്ങളും പുനരധിവസിപ്പിക്കുന്നതിനും, പഴയവയുടെ സ്ഥാനത്ത് നല്ലയിനം തൈകൾ നട്ടുവളർത്തുന്നതിനും, ശാസ്ത്രീയവും സമയബന്ധിത കശുമാവ് കൃഷിത്തോട്ടങ്ങളെ കേന്ദ്രമാക്കിയുള്ള വികസനപദ്ധതികൾ, കണ്ണൂർ, കാസർകോട്, മലപ്പുറം ജില്ലകളിലെ ഭൂമിക്കു അനുരൂപമായ വിധത്തിൽ വിഭാവനം ചെയ്തു നടപ്പിലാക്കണമെന്നാണ് ശുപാർശ ചെയ്യുന്നത്. ഇത്തരം പദ്ധതി ഈ ജില്ലകളുടെ വികസനത്തിനുള്ള മുൻകൈ പ്രവർത്തനമായും, മറ്റുവിളകളുടെ വികസനപ്രവർത്തനങ്ങളുമായി കൂട്ടിയിണക്കിവേണം നടപ്പിലാക്കേണ്ടത്. അല്ലാതെ കശുവണ്ടി ഉത്പാദനത്തിന്റെ പ്രോത്സാഹനപദ്ധതി മാത്രമായിട്ടല്ല. ഉയർന്ന സാന്ദ്രതയുള്ള നടീലും വർദ്ധിച്ചവിളനല്കുന്ന തൈയ്യിനങ്ങൾ, മണ്ണ്, ഈർപ്പം നിലനിറുത്താൻ വിളകാലമാകുന്നതിനുമുമ്പുള്ള ഇടവിളകൃഷി, പരിസരമിത്രമായ കീടനാശിനി പ്രയോഗം എന്നീ പ്രധാന കാര്യങ്ങൾ കൂടി ശ്രദ്ധിച്ചുകൊണ്ടുവേണം ഈ സംയോജിത സാങ്കേതിക പാക്കേജ് നടപ്പിൽ വരുത്തുവാൻ. പഴയ മാവുകളുടെസ്ഥാനത്ത് തൈനടുമ്പോൾ ശ്രദ്ധിക്കേണ്ടത് നട്ടവ പുതിയതായി കായ്ക്കുവാൻ തുടങ്ങുമ്പോഴെ പഴയവൃക്ഷങ്ങൾ മുറിച്ചു മാറ്റാവൂ എന്നതാണ്. കാരണം മുറിച്ചുമാറ്റുന്നവയിൽ നിന്നുള്ള ആദായക്കുറവ് പരമാവധി കുറയ്ക്കണം. കർഷകർക്ക് സാങ്കേതിക വിദ്യയുടെ സഹായം എത്തിച്ചുകൊടുക്കണം, അതുപോലെ ദീർഘകാല 4വായ്പയുടെ അടിസ്ഥാനത്തിൽ നടീൽ വസ്തുക്കൾ പ്രാപ്യമാക്കണം. നിക്ഷേപ സ്രോതസ്സുകൾ - നബാർഡ്, വാണിജ്യ, സഹകരണ ബാങ്കുകൾ, സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെ വികസന ഫണ്ടുകൾ എന്നിവയിൽ നിന്നും (കേന്ദ്ര കശുവണ്ടി വികസന കൗൺസിൽ, കൃഷി മന്ത്രാലയം) സംഭരിക്കാവുന്നതാണ്. പ്രാദേശിക ഭൂവികസനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയാണെങ്കിൽ, ഊഷരഭൂമി വികസനത്തിന്റേയും, നീർമറിപ്രദേശത്തിന്റെ വികസനത്തിന്റേയും സ്രോതസ്സുകൾ കൂടി സമാഹരിച്ചു പ്രവർത്തിക്കാവുന്നതാണ്.

3. ഇപ്പോൾ റബ്ബറിന് ഏർപ്പെടുത്തിയിട്ടുള്ള 'സെസ്സ്', കശുവണ്ടിയുടെ വികസനത്തിനും ആഭ്യന്തരമായി ഇറക്കുമതിചെയ്യപ്പെടുന്ന തോട്ടണ്ടിയുടെ മേലും ഏർപ്പെടുത്താമോ എന്നാരായുക. വ്യവസായത്തിനു ഒരു പ്രോത്സാഹനവും സഹായവും ആയിട്ടാണ് കശുവണ്ടി വികസനത്തെ കാണേണ്ടത്. വ്യവസായത്തിന് മൂല്യ വർദ്ധനവിലൂടെ നേട്ടം കൈവരിക്കാവുന്നതാണ്. സർക്കാർ ബജറ്റിലെ കുറഞ്ഞ വകകൊള്ളിക്കൽ കശുവണ്ടി വികസനത്തിന്റെ ആവശ്യങ്ങൾ നേരിടുവാൻ പര്യാപ്തമല്ല.

4. അത്യുത്പാദനശേഷിയുള്ള കശുമാവ് തൈകൾ ഉത്പാദിപ്പിക്കുന്ന നഴ്സറികളുടെ ഒരു ശൃംഖലയും, നടീൽ വസ്തുക്കൾ കർഷകരിൽ എത്തിക്കുന്നതിനു സമാന്തരമായി പുതിയ നടീൽ യന്ത്രങ്ങൾ ആരംഭിക്കുകയും വേണം. കുടുംബശ്രീ പോലുള്ള വനിതാസംഘങ്ങളെ ഇത്തരം പ്രയത്നങ്ങളിൽ പങ്കാളികളാക്കുകയും അവർക്ക് വേണ്ട പരിശീലനം നൽകേണ്ടതുമാണ്. കേരളസർവ്വകലാശാലയുടെ വെള്ളാനിക്കരയിലെ കശുവണ്ടി ഗവേഷണത്തിന് സൗകര്യമുള്ള കേന്ദ്രത്തിൽ വച്ച് വിശദീകരിച്ചു കൊടുക്കപ്പെട്ടിട്ടുള്ളതു പോലെയുള്ള പരിശീലനം മാതൃകാപരമാണ്. കാർഷിക പരിശീലനം നൽകുക, വംശവർദ്ധനയ്ക്ക് ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുക – ഉൾപ്പെടെയുള്ള തുടർസഹായപ്രവർത്തനങ്ങൾ കൂടി സർവ്വകലാശാലകൾ ചെയ്യേണ്ടതുണ്ട്.

5. കശുവണ്ടി സംസ്കരണവ്യവസായത്തേയും അതിന്റെ അന്താരാഷ്ട്ര വിപണിയേയും സുസ്ഥിരമാക്കുകയും, കർഷകരേയും ജനങ്ങളേയും ഉൽകണ്ഠയിൽ നിന്നും മോചിപ്പിക്കുകയും മാത്രമല്ല, കശുവണ്ടി ഉത്പാദനവും എല്ലാകാർഷികോല്പന്നങ്ങളുമായും ബന്ധപ്പെട്ട ഉയർന്നു വരുന്ന പാരിസ്ഥികപ്രശ്നങ്ങൾ വിശ്വാസ്യതയുള്ള വിധത്തിൽ പരിഹരിക്കേണ്ടതാണെന്ന വസ്തുതയും അംഗീകരിക്കണം. **ലണ്ടനിലെ റോയൽ സൊസൈറ്റി ഏർപ്പെടുത്തിയിട്ടുള്ളതുപോലെ, ജനിതക രൂപാന്തരം വന്ന ഭക്ഷ്യപദാർത്ഥങ്ങളുടെ പാർശ്വഫലങ്ങളെക്കുറിച്ച് പഠിക്കുന്നതിനും, പൊതുജനങ്ങളുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും സഹായകമായ ഒരു സ്ഥിര സജ്ജീകരണമെന്നനിലയിൽ ഒരു ഇൻസ്റ്റിട്ട്യൂട്ട് സ്ഥാപിക്കാൻ സംസ്ഥാനസർക്കാരിനോട് കമ്മിഷൻ ശുപാർശ ചെയ്യുന്നു.** അങ്ങനെയൊരു സ്ഥാപനത്തിന് പ്രശ്നങ്ങൾ ഉദിക്കുമ്പോൾ തന്നെ (അവ വളർന്നു ദേശീയ വിവാദമാകും മുമ്പ്) പരിഹരിക്കാൻ കഴിയുന്നതാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള സഹായം ഇന്ത്യൻ കാർഷിക – ഗവേഷണ കൗൺസിലി (ICAR) ന്റേയൊ അത്തരത്തിലുള്ള മറ്റുസ്ഥാപനങ്ങളുടേയോ ഭാഗത്ത് നിന്നും തേടാവുന്നതാണ്.

6. കശുമാവ് കൃഷി പരിസ്ഥിതി മിത്രമായതും, കീടബാധനിയന്ത്രണ പരിപാടികൾ തൃപ്തികരമായതും ആണെന്ന് ഉറപ്പുവരുത്തുന്ന വിധത്തിൽ വേണം ആസൂത്രണം ചെയ്യുവാൻ. എന്നാലേ ഉപഭോക്താക്കൾക്ക് സുരക്ഷാപരമായ സാഹചര്യങ്ങളിലാണ് ഉത്പ്പാദനം നടക്കുന്നതെന്ന് അവരെ ബോദ്ധ്യപ്പെടുത്താൻ കഴിയൂ. ഇതിന് പ്രത്യേക സഹായ പരിപാടികൾ കശുവണ്ടി വ്യവസായ രംഗത്ത് നിന്നു തന്നെ സമാഹരിക്കുന്നതായിരിക്കും ഉചിതം.

7. കശുവണ്ടി വ്യവസായത്തിലെ സ്ത്രീ തൊഴിലാളികളുടെ ഇടയിൽ ഉയർന്നു വരുന്ന ആരോഗ്യപ്രശ്നങ്ങളുടെ യഥാർത്ഥ സ്വഭാവവും, വ്യാപ്തിയും അറിയാനുള്ള പഠനം ആവശ്യമാണ്. അനുയോജ്യമായ പരിഹാരനടപടികൾ കൈക്കൊള്ളണം. എന്നൽ മാത്രമേ, ആരോഗ്യപ്രശ്നങ്ങൾ വളർന്ന് ഒരു വ്യാവസായികേതര തടസ്സമായി തീരാതിരിക്കുവാനും, ഇന്ത്യൻ കശുവണ്ടി പരിപ്പിന്റെ സൂക്ഷ്മ പ്രതികരണക്ഷമമായ അന്താരാഷ്ട്ര വിപണി ഉറപ്പാക്കാനും കഴിയൂ.

## 1.5.4. തോട്ടവിളകൾ

### 1.5.4.1 തോട്ടവിളകളുടെ സുസ്ഥിരമായ വികസനത്തിന് സമഗ്രവും വിപുലവുമായ അടിത്തറയുള്ള നയരൂപീകരണം

കേരള ഭൂപരിഷ്കരണനിയമം, 1963, സെക്ഷൻ 2 (44)ൽ നിർവ്വചിച്ചിട്ടുള്ള തോട്ടവിളകൾ (തേയില, കാപ്പി, റബ്ബർ, ഏലം, കൊക്കൊ, കറുവപ്പട്ട) ചരിത്രപരമായി, അതുല്യമായ സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക സാഹചര്യങ്ങളിലും, പരിസ്ഥിതികളിലും കൂടി പരിണാമം പ്രാപിച്ചു വന്നവയാണ്. ആദ്യത്തെ നാലു വിളകളുടെയും (തേയില, കാപ്പി, റബ്ബർ, ഏലം) വികസനവും മേൽനോട്ടവും നിർവ്വഹിക്കുന്നത് കേന്ദ്ര സർക്കാരിന്റെ നിയമങ്ങളാണ് – ഇതിനായി കേന്ദ്രസർക്കാർ 'കമ്മോഡിറ്റിബോഡ്'കൾ പോലുള്ള ഏജൻസികളെ നിയമിച്ചിട്ടുണ്ട്. കഴിഞ്ഞ ഒരു നൂറ്റാണ്ടു കാലത്തെ പരിണാമത്തിനുശേഷം, വിശേഷിച്ചും, സ്വാതന്ത്ര്യ ലബ്ദിക്കു ശേഷം, ഈ വിളകളുടെ വികസനത്തിനായി രൂപം നല്കിയിട്ടുള്ള ലക്ഷ്യങ്ങളിൽ അനേകം വ്യത്യസ്ത ഇടപെടലുകൾ അക്കാലമത്രയും ഉണ്ടായിട്ടുണ്ട്, പരീക്ഷിക്കപ്പെട്ടിട്ടും ഉണ്ട്. അനേകം നിയമ

നിർമ്മാണ നടപടികൾ -കേരളഭൂപരിഷ്കരണ നിയമം, ഭൂവിനിയോഗനിയമം ഏറ്റവും ഒടുവിൽ (2000 ജൂണിൽ) ഇതിന്റ തുടർച്ചയായി പാരിസ്ഥിതികമായി ദുർബ്ബലമായ ഭൂമിയുടെ അവകാശവും മേൽനോട്ടവും സംബ ന്ധിച്ച (Vesting and Mnagement of Sciologically Trial Lands) നിയമവും ഉണ്ടായി. ഇവയെല്ലാം കൃഷിക്കനു യോജ്യമായ ഉപവിഭാഗമായ ഭൂമിയുടെ വികസനത്തിനായി നേരിട്ടുനടത്തിയ നിയമ നിർമ്മാണങ്ങൾ അല്ലെ ങ്കിലും തോട്ടവിളകളുടെ വികസനത്തിൽ ഇവയ്ക്ക് ശക്തമായ സ്വാധീനങ്ങൾ ചെലുത്തുവാൻ കഴിഞ്ഞിട്ടു ണ്ട്. അതുപോലെ തന്നെ നികുതി നടപടികൾ, കേന്ദ്രസർക്കാരിന്റെ ആദായനികുതിയും, എക്സൈസ്ഡ്യൂ ട്ടിയും, സംസ്ഥാനസർക്കാരിന്റെ കാർഷികാദായനികുതി, വില്പന, വാങ്ങൽ നികുതികൾ, ഭൂനികുതി മുത ലായവയുടേയും, പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങൾ ചുമത്തുന്ന മറ്റനവധി നികുതികളുടേയും ഭാരം തോട്ടവിളകളാണ് വഹിക്കുന്നത്. വ്യാവസായ രംഗത്തും മറ്റും ഉള്ള നിയമങ്ങളുടെ അടിസ്ഥാനത്തിലുള്ള തൊഴിൽ നിയമങ്ങളും തോട്ടം തൊഴിലാളികളുടെ ക്ഷേമത്തിനായി ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചില വിളകൾ (ഈ ചെറുവിഭാഗത്തിൽപെട്ട തോട്ടവിളകൾ) കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ വഹിക്കുമെന്ന് പ്രതീക്ഷിക്കുന്ന പങ്ക് നിർവ്വഹിച്ചിട്ടില്ല. കാരണം തോട്ടവിളക്കൃഷിയുള്ള പ്രദേശങ്ങളിൽ ഗണ്യമായ തോതി ലുള്ള സാമ്പത്തികവും, സാമൂഹികവും ജനസംഖ്യാപരവുമായ നിരവധി മാറ്റങ്ങൾ സംഭവിക്കുകയുണ്ടാ യി. ഒടുവിൽ ലോകവ്യാപാര സംഘടന (WTO) നിലവിൽ വന്നതോടെ, തോട്ടം മേഖലയിലെ ജനങ്ങളുടെ സാമ്പത്തിക സാഹചര്യങ്ങളിൽ വമ്പിച്ച മാറ്റങ്ങൾ ഉണ്ടാവുകയും അങ്ങിനെ ഇന്നത്തെ സാമ്പത്തികവും സാമൂഹികവുമായ പ്രതിസന്ധിയിലെത്തുകയും ചെയ്തു. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ കാര്യമായി ബാധിക്കുന്ന ഒരു പ്രധാന മേഖലയാണിത്. അതിനാൽ തോട്ടവിളകൃഷിമേഖലയുടെ വികസനത്തിന് സമ ഗ്രമായ ഒരു വീക്ഷണത്തോടുകൂടിയ പദ്ധതികൾക്ക് രൂപം നല്കുകയും തോട്ടവിളകളുടെ സുസ്ഥിരമായ സുരക്ഷയ്ക്കും വികാസത്തിനും അവ പ്രാവർത്തികമാക്കണമെന്നും കമ്മിഷൻ നിർദ്ദേശിക്കുന്നു. തോട്ടമേ ഖലയിലെ ഉത്പാദനം, ഉത്പാദനക്ഷമത, നിക്ഷേപസഹായം, ഭൂവിനിയോഗം, ഭൂപരിഷ്കരണം, പരിസ്ഥിതി ശാസ്ത്രം, പരിസ്ഥിതി, വ്യാപാരം, വിപണി, തൊഴിലാളികളികളും അദ്ധ്വാനവും, മാനേജ്മെന്റും, നിയമ സ്ഥാപനങ്ങൾ, നികുതികൾ, കേന്ദ്ര-സംസ്ഥാനസർക്കാരുകളുടെ ചുമതലകൾ, പ്രാദേശിക സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണവും ബാദ്ധ്യതകളും എന്നിങ്ങനെയുള്ള കാര്യങ്ങളെല്ലാം ഉൾപ്പെടുന്ന ഈ രംഗത്തെ അതിന്റെ സമഗ്രതയിൽ കണ്ടുകൊണ്ടുള്ള, ദിശാബോധമുള്ള നയപരമായ നടപടികൾ സ്വീകരി ക്കുവാൻ സംസ്ഥാന സർക്കാർ മുൻകൈ എടുക്കേണ്ടതായ സമയമായിരിക്കുന്നു എന്ന് കമ്മിഷൻ കരുതു ന്നു. ഇങ്ങനെയുള്ള മുൻകൈ പ്രവർത്തനം അപേക്ഷണീയമാണെന്ന് കമ്മിഷൻ തിരിച്ചറിയുന്നെങ്കിലും അതിന് എത്ര സമഗ്രവും സർവ്വഗ്രാഹിയും (വ്യാപകവും) ആയ നയങ്ങളാണ് രൂപപ്പെടുത്തേണ്ടത്, എങ്ങനെ അവ നടപ്പിലാക്കണം എന്നീകാര്യങ്ങൾ തീരുമാനിക്കേണ്ടത് സംസ്ഥാന സർക്കാരാണ്.

### 1.5.4.2 കമ്മോഡിറ്റി ബോർഡുകളുടെ അനുശാസനകളെ പുനഃരവലോകനം ചെയ്യണം.

ഇന്ത്യൻപാർലമെന്റ് പാസ്സാക്കിയ വിവിധ നിയമനിർമ്മാണങ്ങൾ അനുസരിച്ചാണ് ഏകദേശം അഞ്ചു ദശകങ്ങൾക്കു മുമ്പ് കേന്ദ്രസർക്കാരിന്റെ കീഴിലുള്ള വിവിധ കമ്മോഡിറ്റി ബോർഡുകൾ നിലവിൽവന്നത്. പല അവകാശങ്ങളും അധികാരങ്ങളും കമ്മോഡിറ്റി ബോഡുകളിൽ നിക്ഷിപ്തമാണ്. ഇന്നത്തെ ദേശീ യവും അന്തർദേശീയവുമായ സാഹചര്യങ്ങൾ, ദേശീയ സമ്പദ്‌വ്യവസ്ഥയുടെ ആവശ്യങ്ങൾ - ഉത്പന്നങ്ങ ളുടെ ദേശീയവും ആഭ്യന്തരവുമായ ആവശ്യവും ലഭ്യതയും വിദേശനാണയ സമ്പാദനം, തുടങ്ങിയ പ്രധാന ദേശീയ ആവശ്യങ്ങളുടെ അടിസ്ഥാനത്തിലാണ് കമ്മോഡിറ്റി ബോർഡുകൾക്ക് വിപുലമായ അധികാരാവ കാശങ്ങൾ നല്കിയിട്ടുള്ളത്. എന്നാൽ അടുത്ത കാലത്ത് രാജ്യത്തിന്റെ സാമൂഹിക സാമ്പത്തിക സ്ഥിതിഗ തികളിൽ വമ്പിച്ച മാറ്റങ്ങൾ ഉണ്ടായി. ഉത്പാദനത്തിന്റെ കാര്യത്തിൽ ഘടനാപരമായ മാറ്റങ്ങളാണുണ്ടാ യത്. ഉത്പാദനരംഗത്ത് സംഘടിത തോട്ടമുടമകളുടെ മുമ്പുണ്ടായിരുന്ന പങ്ക് താഴോട്ടുപോവുകയും, ചെറു കിട തോട്ടവിളകൃഷിക്കാരുടെ ഉത്പാദനം ഗണ്യമായി വർദ്ധിക്കുകയും ചെയ്തു. ഉത്പാദനം പരമ്പരാഗത മേഖലകളിൽ നിന്നുമാറി പുതിയ മേഖലകളിലേക്ക് വികസിക്കുകയുണ്ടായി. അതുപോലെതന്നെ അന്താരാഷ്ട്ര സാമ്പത്തിക - രാഷ്ട്രീയസാഹചര്യങ്ങളിലും അതിശക്തവും ചടുലവുമായ മാറ്റങ്ങൾ ഉണ്ടാ യി. മുഖ്യമായും ലോക സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ തകർച്ചയും അതിനെ തുടർന്ന് വിവിധ രാജ്യങ്ങളുടെ ദേശീയ സമ്പദ്‌വ്യവസ്ഥകളുടെ ആഗോളവത്ക്കരണവും, അന്തർദേശീയ വ്യാപാര രംഗത്ത് ലോകവ്യാപാ രസംഘടന (WTO) അവരോധിക്കപ്പെടുകയുണ്ടായി.

### 1.5.4.3 കമ്മോഡിറ്റി ബോർഡുകളുടെ അനുശാസനങ്ങൾ പുനഃരവലോകനം നടത്തുക

ഓരോ വ്യത്യസ്ത ബോർഡിന്റേയും അധികാരാവകാശങ്ങൾ ഓരോവിളയ്ക്കും അനുസരണമായും ഉല്പന്നങ്ങൾ അനുസരിച്ച് വ്യത്യസ്തമായിരിക്കും. റബ്ബർ ബോർഡിന്റെ കാര്യമെടുത്താൽ വികസനത്തിനും ഗവേഷണത്തിനുമാണ് മുഖ്യസ്ഥാനം കൊടുത്തിട്ടുള്ളത്. വിപണിയുടെ കാര്യത്തിൽ അത് വളരെ-കുറച്ചുമാത്രമേ ശ്രദ്ധപതിപ്പിക്കാറുള്ളൂ. എന്നാൽ കോഫി ബോർഡ് ആകട്ടെ, വിപണിയിലും വിലനിയന്ത്രണത്തിലും ആയിരുന്നു പ്രവർത്തനം കേന്ദ്രീകരിച്ചത്. തേയിലബോർഡാകട്ടെ, വിപണിയ്ക്കും, ഇന്ത്യൻ തേയിലയെ വിദേശങ്ങളിൽ പ്രോത്സാഹിപ്പിക്കുന്നതിനും ഊന്നൽ നല്കി. ഗവേഷണത്തിനും വികസനത്തിനും വലിയ പ്രാധാന്യം നല്കിയിരുന്നില്ല. തേയില രാജ്യത്തെ ഏറ്റവും വലിയ (ഒറ്റ) വിദേശനാണയ സമ്പാദകൻ എന്ന നിലയിൽ കയറ്റുമതിയുടെ പ്രോത്സാഹനത്തിൽ ശ്രദ്ധപതിപ്പിക്കുന്നത് മനസ്സിലാക്കാം. എന്നാലിപ്പോൾ സാഹചര്യങ്ങൾ മാറിയിരിക്കുന്നു. വെറും ഉത്പാദനം മാത്രം വർദ്ധിപ്പിക്കുക എന്നതല്ല ഒരു സുരക്ഷിതവും അപായരഹിതവുമായ ആഭ്യന്തവിപണിയ്ക്കായി ഉത്പാദിപ്പിക്കുക എന്നതിൽ നിന്നും വ്യത്യസ്തമായി, എല്ലാ ഉത്പന്നങ്ങളുടെയും ചരക്കിന്റേയും മൂല്യവർദ്ധനയും സംസ്കരണവും പ്രാധാന്യം നേടിയിരിക്കുന്ന സാഹചര്യത്തിൽ അതോടൊപ്പം ആഭ്യന്തരമാത്സര്യവും ചെലവുകുറഞ്ഞ ഉത്പാദന ലക്ഷ്യവും നിലനില്പിനു അനുപേക്ഷണീയമായിരിക്കുകയാണ്. അതിനാൽ അന്താരാഷ്ട്ര വ്യാപാരം, ഉത്പാദനകുറവ്, മറ്റുമേഖലകളിലേയ്ക്കുള്ള വികസനം എന്നീ വസ്തുതകളിൽ സാർക്കാരുകളെ സജീവ താല്പര്യം കേന്ദ്രീകരിക്കപ്പെടുകയും, അതോടൊപ്പം തോട്ടവിള കൃഷിയിലും, വിളവെടുപ്പിലും സംസ്കരണത്തിലും മറ്റും പണിയെടുക്കുന്നവരുടേയും, ഉത്പാദനത്തിലേർപ്പെട്ടിരിക്കുന്ന തോട്ടവിള ഉടമസ്ഥരുടേയും ഉപജീവനസുരക്ഷയും ആണ് സർക്കാരിന്റെ ശ്രദ്ധാകേന്ദ്രമെന്നു കാണാം. സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, ഗവേഷണത്തിലും വികസനത്തിലും (R & D) ഏർപ്പെട്ടിരിക്കുന്നവ ഗണ്യമായ തോതിൽ കരുത്താർജ്ജിച്ചിരിക്കുന്നു. കൂടാതെ, **ലോകവ്യാപാരസംഘടനയുടെ ആധിപത്യത്തിൽ സർക്കാരിനുസ്വീകരിക്കേണ്ടിവന്ന മുൻകൈ പ്രവർത്തനങ്ങളുടെ വിവിധ പരിണത ഫലങ്ങളുടെ ഉത്തരവാദിത്വം വമ്പിച്ച തോതിൽ ഏറ്റെടുക്കുവാൻ സംസ്ഥാനസർക്കാരുകൾ പ്രേരിപ്പിക്കപ്പെടുകയും ചെയ്യുന്നു**. അതേസമയം ഉത്പ്പന്നങ്ങളിൽ നിന്നുമുള്ള സ്രോതസ്സുകളുടെ കുമിഞ്ഞുകൂടൽ ആകെ കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിൽ തന്നെ തുടരുകയും ചെയ്യുന്നു. ഈ പശ്ചാത്തലത്തിൽ നോക്കുമ്പോൾ, വിവിധ കമ്മോഡിറ്റി ബോർഡുകളുടെ അനുശാസനങ്ങളും അധികാരാവശങ്ങളും ചുമതലകളും രണ്ടാമതൊരു അവലോകനത്തിന് വിധേയമാക്കാനുള്ള കാലമായി എന്നാണ് കമ്മിഷന് അഭിപ്രായപ്പെടാനുള്ളത്. അങ്ങിനെ പുനർനിർണ്ണയം ചെയ്യുന്നപക്ഷം, ഈ ബോർഡുകൾ ഭാവിയിലെ വെല്ലുവിളികളെ ധീരമായി അഭിമുഖീകരിക്കുന്നതിനുള്ള സന്നദ്ധതയും, പ്രതികരിക്കുകമാത്രം ചെയ്യുന്ന സ്ഥിതിയിൽ നിന്നും, പ്രവർത്തനോന്മുഖമായ ഒരു സ്ഥിതിയിലേക്ക് കടക്കുവാൻ രാഷ്ട്രം സജ്ജമാവുകയും ചെയ്യും.

## 1.5.5 റബ്ബർ

### 1.5.5.0 സമ്പദ്ഘടനയിൽ റബ്ബറിന്റെ സ്ഥാനം

രാജ്യത്തെ മൊത്ത അസംസ്കൃത റബ്ബറിന്റെ ഉത്പാദനത്തിൽ 92%വും (ഏകദേശം 5.80ലക്ഷം ടൺ) കേരളത്തിന്റെ സംഭാവനയാണ്. 2001-2002 വർഷത്തെ കണക്കനുസരിച്ച് 4.74 ലക്ഷം ഹെക്ടറിൽ റബ്ബർ കൃഷിചെയ്യപ്പെടുന്നുണ്ട്. സംസ്ഥാനത്തെ മൊത്തം കൃഷിഭൂമിയുടെ 1/5 ഭാഗം റബ്ബർ കരസ്ഥമാക്കിയിരിക്കുന്നു. ആകെ ഏകദേശം 9.13 ലക്ഷം റബ്ബർ കർഷകരുടെ ഉപജീവന സുരക്ഷ ഉറപ്പുവരുത്തുന്ന ഒരു വിളയാണിത്. ഇതിനുപുറമേ റബ്ബറിന്റെ ഉത്പാദനപ്രക്രിയയിൽ ഏകദേശം 2.82 ലക്ഷം തൊഴിലാളികൾ ഏർപ്പെട്ടിരിക്കുന്നു. റബ്ബറിനെ അടിസ്ഥാനമാക്കിയുള്ള വ്യവസായ മേഖലയിലും ആകെ വെറൊരു 3.17 ലക്ഷം തൊഴിലാളികൾ പണിയെടുക്കുന്നു. സംസ്ഥാന സർക്കാരിന്റെ ഖജനാവിലേക്ക് പ്രതിവർഷം 250 കോടിയാണ് റബ്ബർ സംഭാവനചെയ്യുന്നത്. കൂടാതെ വാങ്ങൽനികുതി, കാർഷികാദായനികുതി (കാർഷീകാദായ നികുതി നൽകുന്ന ചുരുക്കം ചില വിളകളിലൊന്നാണ് റബ്ബർ) എന്നീയിനങ്ങളിലൂടെ ഏകദേശം 80 കോടി രൂപയും (2001-2002 ൽ 81.10 കോടി രൂപ) എക്സൈസ് തീരുവയായി ദേശീയ ഖജനാവിൽ റബ്ബർ നല്കുന്നുണ്ട്. അങ്ങിനെ നോക്കുമ്പോൾ, റബ്ബർവിളയ്ക്കും, തോട്ടമേഖലയ്ക്കും കേരള സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ അതിശക്തമായ സാമൂഹിക-സാമ്പത്തിക സ്വാധീനമാണ് ഉള്ളതെന്നു കാണാം. റബ്ബർ ചെറുകിട കൃഷിക്കാരുടെ വിളയാണ്. റബ്ബർകൃഷിചെയ്യപ്പെടുന്ന പ്രദേശങ്ങളുടെ 98% റബ്ബർ കൃഷിഭൂമിയുടെ ശരാശരി വിസ്തൃതി 0.5 ഹെക്ടറാണ്. ഇത്രയും വിസ്തൃതിയിൽ നിന്നുമാണ് മൊത്തം ഉത്പാദനത്തിന്റെ 88% വും റബ്ബർ ഉത്പാദിപ്പിക്കപ്പെടുന്നത്. എന്നാൽ റബ്ബർതോട്ടം മേഖലയിലാകട്ടെ (20 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള 316 തോട്ടങ്ങളാണ് കേരളത്തിലുള്ളത്) എല്ലാ തോട്ടങ്ങളും കൂടി കൃഷിചെയ്യപ്പെടുന്ന മൊത്തം ഭൂമിയുടെ 2% ത്തിൽ മാത്രം ഒതുങ്ങി നില്കുന്നു. തോട്ടം മേഖല 2000-01 വർഷത്തിൽ ആകെ ഉത്പാദിപ്പിച്ചത്, സംസ്ഥാനത്തെ മൊത്തം റബ്ബറുല്പാദനത്തിന്റെ 12% മാത്രമാണ്.

## സ്വാഭാവിക റബ്ബറിന്റെ (NR) മേഖലയുടെ സ്തുത്യർഹമായ പ്രകടനം

ചെറുകിട കർഷകരുടെ ആധിപത്യം ഉണ്ടായിരുന്നിട്ടും കേരളത്തിലെ സ്വാഭാവിക റബ്ബറിന്റെ (NR) ഉത്പാദനക്ഷമത 2000-2001 വർഷം (കറയെടുക്കാവുന്ന പ്രദേശത്തെ) 1612.കിലോ/ഹെക്ടറായിരുന്നു. (കറയെടുക്കാൻ തികച്ചും പാകമായ പ്രദേശങ്ങളിലെ ഉത്പാദനം കൂടി കൂട്ടിയാൽ ഇത് ഹെക്ടറിന് 1222 കിലോ ആണ്). ലോകത്തെ സ്വാഭാവിക റബ്ബറിന്റെ ഉത്പാദനത്തിലെ ഏറ്റവും ഉയർന്ന ഉത്പാദനക്ഷമത ആണിത്. കാരണം തായ്‌ലണ്ടിന്റെ ഉത്പാദനക്ഷമത ഹെക്ടറിന് 1456 കി.ഗ്രാമും, ഇന്തോനേഷ്യയുടേത് ഹെക്. 679 കി.ഗ്രാമും, മലേഷ്യയുടേത് ഹെക്. 881 കി.ഗ്രാമും ആണ്. ഇത്ര സ്തുത്യർഹമായ പ്രകടനം ഉത്പാദനക്ഷമതയിൽ സാദ്ധ്യമായതിന്റെ പിന്നിൽ നല്ല ശ്രദ്ധയോടും സ്ഥിരോത്സാഹത്തോടു കൂടിയും കൃഷിചെയ്യുന്ന ഒരു വിഭാഗം കൃഷിക്കാരാണുള്ളത്. ഇവർ സാങ്കേതിക വിദ്യകളുടെ പ്രയോഗത്തിലും നൂതനകാർഷികതന്ത്രങ്ങൾ സ്വീകരിക്കുന്നതിലും കാണിച്ച ഔത്സുക്യത്തിന്റെ ഫലമായി സ്വാഭാവിക റബ്ബർ ഉപഭോഗം ചെയ്യുന്ന ഊർജ്ജസ്വലമായ റബ്ബർ വ്യവസായവും കേരളത്തിലുണ്ടായി. ഈ വളർച്ചയ്ക്കു പിന്നിൽ - സർക്കാരിന്റെ ഭാവനാസമ്പന്നമായ നയപരിപാടികൾ നടപ്പിലാക്കിയ റബ്ബർബോർഡിന്റെ പ്രവർത്തനങ്ങളും ബുദ്ധിപൂർവ്വമായ ഗവേഷണത്തിനും വികസനത്തിനും നല്കപ്പെട്ട പിന്തുണയും, കാര്യക്ഷമമായ വികസനപ്രവർത്തനങ്ങളുടെ ശൃംഖലയും, എല്ലാറ്റിലുമുപരി പ്രധാനപ്പെട്ട, ആദായകരവും, തികച്ചും സുസ്ഥിരവും ന്യായവുമായൊരു വിലവ്യവസ്ഥയും സമയോചിതമായ റബ്ബർ സംഭരണവും, ഇറക്കുമതി നിയന്ത്രണവും ഉൾപ്പെടെയുള്ള വിപണി ഇടപെടലിലൂടെ ഉരുത്തിരിഞ്ഞു വന്ന റബ്ബറിന്റെ ആവശ്യം (ഡിമാന്റ്) ലഭ്യതയും സപ്ലൈ തമ്മിലുള്ള സന്തുലനവും, എല്ലാം പ്രകടമായിരുന്നു.

### 1.5.5.1 വിലത്തകർച്ച

ഇന്ത്യാഗവൺമെന്റ് സ്വീകരിച്ച ഉദാരവത്ക്കരണനയത്തിന്റെ ഫലമായി വ്യവാസായിക വളർച്ചയിൽ പുതിയ കുതിപ്പുണ്ടാവുകയും, സ്വാഭാവിക റബ്ബറി (NR) ന്റെ ആഭ്യന്തരവില ഏക്കാലത്തേയും ഉയർന്ന (റിക്കാർഡ്) വിലയിലെത്തുകയും ചെയ്തു. ക്വിന്റലിന് 5000 രൂപയിൽ കവിയുകയും പിന്നീടത് 6000 രൂപയിൽ കവിഞ്ഞ സ്ഥിതിയിലുമെത്തി ($R.S.S_4$ ഷീറ്റിന്റെ കോട്ടയം വിലയാണ് 6000 രൂപയായത്: ഈ നിലവാരമുള്ള റബ്ബറാണ് മോട്ടോർ വാഹനങ്ങളുടെ ടയറിന്റെ നിർമ്മാണത്തിനുപയോഗിക്കുന്നത്) 1995-1996 കാലത്താണ് അഭൗമമായ ഈ വിലയിലെത്തിയത് - എന്നാൽ 1996 മുതൽ റബ്ബർ വില താഴുവാൻ തുടങ്ങി. 1997-98 കാലത്ത് ശരാശരി വിലയായിരുന്നത് ക്വിന്റലിന് 3580 രൂപയാണ്. 1998-99ൽ അത് 2994 രൂപയായി ഇടിഞ്ഞു. 1999-2000ൽ വില നാമമാത്രമായി ഉയർന്നെങ്കിലും 2000-2001 ൽ വില താണ് ക്വിന്റലിന് 3036 രൂപയിൽ എത്തിനിൽക്കുന്നു. വിലത്തകർച്ചയിൽനിന്നുള്ള മോചനം വളരെ സാവധാനത്തിലായിരുന്നു. ഇതിനുകാരണം സാഭാവിക റബ്ബറിന്റെ വിലയെ സ്വാധീനിച്ച ഒരു പിടി ഘടങ്ങളായിരുന്നു. അവയെല്ലാം തന്നെ ആഭ്യന്തര കാരണങ്ങൾ മാത്രമായിരുന്നില്ല. അന്തർദേശീയ ഘടകങ്ങളും ഇതിൽ ഗണ്യമായൊരു പങ്കുവഹിച്ചിട്ടുണ്ട് എന്നുകാണാം.

## സ്വാഭാവിക റബ്ബറി (NR)ന്റെ വിലത്തകർച്ചയ്ക്കു കാരണം വമ്പിച്ച വിദേശ റബ്ബറിന്റെ ഇറക്കുമതി മൂലം കുന്നുകൂടിയ ആഭ്യന്തരമിച്ചം

1997-98 മുതൽ 2000-2001 വരെയുള്ള കാലത്ത് ഉണ്ടായ റബ്ബറിന്റെ അമിത ലഭ്യത (Supply) യാണ് വിലത്തകർച്ചയ്ക്കു കാരണമായി കരുതപ്പെടുന്നത്. സ്വഭാവിക റബ്ബറിന്റെ 2001 മാർച്ച് അവസാനത്തെ ശേഖരം 1,83,900 ടണ്ണായിരുന്നു. ഇത് 200-2001 ലെ ആകെ ഉത്പാദനത്തിന്റെ (6,30,405 ടൺ) ഏതാണ്ട് 1/3 ആണ്. രാജ്യത്തെ ഉപഭോഗ ആവശ്യത്തിനായി 2 മാസത്തെ കരുതൽ ശേഖരമെന്ന നിലയിൽ നീക്കിവച്ചിട്ടുള്ള 1,05,000 ടണ്ണും കൂടി കണക്കിലെടുത്താൽ 2001 മാർച്ച് അവസാനമാകുമ്പോഴേക്കും മിച്ചം വന്ന റബ്ബറിന്റെ സഞ്ചിതശേഖരം 7,90,000ടണ്ണാകും. സ്വാഭാവിക റബ്ബറിന്റെ ഉത്പാദനത്തിന്റെ അളവും, വ്യവസായ മേഖലയിൽ ആവശ്യമായ റബ്ബറിന്റെ അളവും തമ്മിൽ തട്ടിച്ചുനോക്കിയാൽ, ആവശ്യത്തിന് ധാരാളം മതിയാകുമെന്നു വരികിലും, ഭീമമായ വിദേശറബ്ബർ ഇറക്കുമതിയാണ് വിവിധ ഇറക്കുമതി പദ്ധതികളുടെ പേരിൽ 1990 കളുടെ രണ്ടാംപകുതിയിൽ ഉണ്ടായത്. **1995-96 നും 2000-2001 നു മിടയിൽ 1.5 ലക്ഷം ടൺ റബ്ബറാണ്.** (ഒരു പക്ഷേ, രാജ്യത്ത് റബ്ബറിന്റെ മിച്ചം, നാമമാത്രമാണെങ്കിൽപോലും, ഉണ്ടായിരുന്നപ്പോൾ) ഇറക്കുമതി ചെയ്തത്.

**സ്വാഭാവിക റബ്ബറിന്റെ അന്താരാഷ്ട്രവിലത്താഴ്ച**

ആഭ്യന്തര വിപണിയിൽ റബ്ബറിന്റെ മിച്ചം കുന്നുകൂടുന്നതിന്റേയും, തന്മൂലമുള്ള മന്ദതയ്ക്കും പുറമേ, അന്താരാഷ്ട്രവിപണിയിൽ സ്വാഭാവിക റബ്ബറിന്റെ വില ഗണ്യമായി തകരാനിടയാക്കി. സ്വാഭാവിക റബ്ബറിന് അന്താരാഷ്ട്ര വിപണിയിൽ പ്രകടമായ വില താഴോട്ടുപൊകുന്ന പ്രവണതയ്ക്കൊപ്പം ഇടയ്ക്കിടെ നാമമാത്രമായ ഉയർച്ചയും താഴ്ചയും തുടർന്നു പ്രകടമായി. 1955-ൽ ഗ്രേഡ് റബ്ബറിന് കോലാലമ്പൂർ വിപണിയിലെ ശരാശരി വില ക്വിന്റലിന് 5030 രൂപയായിരുന്നു. അതിനുശേഷം വില ക്രമേണ താണ്താണ് 1999ൽ ഏറ്റവും കുറഞ്ഞ നിലവാരമായ ക്വിന്റിലിന് 2644 രൂപയായി. **എന്നാൽ 2000 ൽ ഏറ്റവും കുറഞ്ഞ നിലവാരമായ ക്വിന്റലിന് ശരാശരി 3007 രൂപയായി.** 1990 കളിലെല്ലാം സ്വാഭാവിക റബ്ബറിന്റെ ആഭ്യന്തര വില അന്താരാഷ്ട്രവിലയുമായി തോളുരുമ്മിയ നിലയിൽ നീങ്ങുകയായിരുന്നു. എന്നിരുന്നാലും, അന്താരാഷ്ട്രവില ആഭ്യന്തരവിലയിൽ നിന്നും എപ്പോഴും താണിരുന്നു. ആഗോളതലത്തിലെ സാമ്പത്തിക പ്രതിസന്ധിയുടെ പ്രവണതകൾ കുറച്ചുകാലംകൂടി തുടരുമെന്നു കണ്ടപ്പോൾ, ദീർഘകാലത്തേക്ക് സ്വാഭാവിക റബ്ബറിന്റെ വിലയിൽ യാതൊരു ഗണ്യമായ പുരോഗതിയും ഉണ്ടാവില്ല എന്ന് തീർച്ചയായി. അന്താരാഷ്ട്ര വിപണിയിലെ താണവില സ്വാഭാവിക റബ്ബറിന്റെ കയറ്റുമതിയ്ക്ക് വിഘാതമായി. അപ്പോൾ ആഭ്യന്തരവില മെച്ചപ്പെടുത്താൻ അതൊരു അവസരമായും കരുതുകയുണ്ടായി.

**1.5.5.2 ലോകവ്യാപാര സംഘടനയുടെ (WTO) സ്വാധീനം**

സ്വാഭാവിക റബ്ബറിനെ, ലോകവ്യാപാരകരാറിന്റെ, കൃഷിയെ സംബന്ധിച്ച കരാറിന്റെ പരിധിയിൽ പെടുത്തിയിട്ടില്ലാത്തതിനാൽ അതിന് AOA യുടെ മൃദുവായ നിബന്ധനകളുടെ യാതൊരു പരിഗണനയും ലഭിച്ചില്ല. 2001 ഏപ്രിലിൽ ഇറക്കുമതിയുടെ അളവുപരമായ നിയന്ത്രണങ്ങൾ (QRS) നീക്കുന്നതിനു മുമ്പ് ഇന്ത്യയിലേക്കുണ്ടായ സ്വാഭാവിക റബ്ബറിന്റെ വിദേശ ഇറക്കുമതി ഈ വിധ മാർഗ്ഗങ്ങളിലൂടെ ആയിരുന്നു.

1. ഇന്ത്യാഗവൺമെന്റ് വിതരണം ചെയ്തിട്ടുള്ള ലൈസൻസ് വഴിയ്ക്കോ, പരസ്യംചെയ്തതിന്റെ അടിസ്ഥാനത്തിൽ ഒരു സർക്കാർ നിശ്ചിത താരീഫ് നിരക്കിലോ നടത്തിയ ഇറക്കുമതി.
2. മുൻകൂർ ലൈസൻസ് ഉപയോഗിച്ച് (ഈ സൗകര്യം റബ്ബറുത്പ്പന്നങ്ങളുടെ കയറ്റുമതിക്കാർക്കുള്ള പ്രത്യേകാനുമതിയായിരുന്നു) കയറ്റുമതിക്കാർ അവർ കയറ്റുമതി ചെയ്ത റബ്ബറിന്റെ അളവിനു തുല്യമായ റബ്ബറുല്പന്നങ്ങൾ നാട്ടിൽ ഇറക്കുമതി ചെയ്യണമെന്നുള്ള വ്യവസ്ഥയിൽ നടത്തിയ ഇറക്കുമതി (ഇത് ഫെബ്രു 1999 മുതൽ റദ്ദാവുകയുണ്ടായി)
3. പ്രത്യേക ഇറക്കുമതി ലൈസൻസ് (SIL) ഈ സൗകര്യവും പിന്നീട് പിൻവലിക്കുകയുണ്ടായി)
4. കയറ്റുമതി പ്രോത്സാഹന മേഖലയിൽ ഇറക്കുമതി ചെയ്യാനുള്ള അനുമതി പ്രകാരം നടത്തിയതും, അതോടൊപ്പം പരമ്പരാഗതമായി ഇറക്കുമതിചെയ്യുന്ന യൂണിറ്റുകൾക്കുള്ള അനുമതി പ്രകാരം നടത്തിയ ഇറക്കുമതികളും.
5. OGL ന്റെ കീഴിൽ 'സാർക്ക്' ഉടമ്പടിയ്ക്ക് അനുസരണമായിട്ടുള്ള ഇറക്കുമതികൾ
6. ബാങ്കോംഗ് ഉടമ്പടി പ്രകാരം തീരുവയിൽ 5% ഇളവു നല്കിയുള്ള ധാരണയുടെ അടിസ്ഥാനത്തിൽ നടത്തിയിട്ടുള്ള ഇറക്കുമതികൾ

അളവുപരമായ നിയന്ത്രണങ്ങൾ പൂർണ്ണമായും നീക്കിയതിനുശേഷമാകട്ടെ, നിർമ്മാതാക്കൾക്ക് സ്വാഭാവിക റബ്ബർ യഥേഷ്ടം സ്വതന്ത്രമായി ഇറക്കുമതി ചെയ്യാം എന്നായി. സ്വാഭാവിക റബ്ബർ OGL വിഭാഗത്തിൽ പെടുന്നതിനാൽ ആണുള്ള ഉദാരവത്ക്കരണമുണ്ടായത്. **ഇപ്രകാരം കടിഞ്ഞാണില്ലാതെയുള്ള വിവിധ ഉദാരവത്കൃത അനുമതികൾ വഴിയ്ക്കുണ്ടായ ഭീമമായ ഇറക്കുമതി റബ്ബറിന്റെ (NR) ആഭ്യന്തര വിപണിയെ തീർച്ചയായും മന്ദീഭവിപ്പിക്കുകയും, വില ഇടിച്ചു താഴ്ത്തുകയും കേരളത്തിലെ റബ്ബർ കൃഷിക്കാരുടെ (അവരിൽ ഭൂരിഭാഗം ചെറുകിട കർഷകരാണ്) ഉപജീവനസുരക്ഷയെ തകിടം മറിക്കുക തന്നെ ചെയ്തു.**

സ്വാഭാവിക റബ്ബറിന്റെ കാര്യത്തിൽ ലോകവ്യാപാര സംഘടന ചെലുത്തിയ ഏറ്റവും പ്രധാന സ്വാധീനമായി പ്രകടമായതാണ്. റബ്ബറിന്റെ വിദേശത്ത് നിന്നുള്ള ഇറക്കുമതിയുടെ അളവുപരമായ നിയന്ത്രണ (QRS) ങ്ങൾ എടുത്തുകളഞ്ഞതും, ഇറക്കുമതി റബ്ബറിന് ആഭ്യന്തരവിപണി മലർക്കേ തുറന്നിട്ടതും. WTO യുടെ സ്വാധീനത്തിന്റെ മറ്റു മാനങ്ങൾ ഒന്നും തന്നെ രാജ്യത്തെ സ്വാഭാവിക റബ്ബറിന്റെ ഉത്പാദനത്തെ ബാധിച്ചതായി കാണുന്നില്ല. അന്താരാഷ്ട്ര വിപണിയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തത്തക്ക രീതിയിൽ

ഇന്ത്യയിൽ നിന്നും സ്വാഭാവിക റബ്ബറിന്റെ കയറ്റുമതി ഉണ്ടാകുന്നില്ലെങ്കിൽ പോലും 2000–2001 ൽ ഏതാണ്ട് 13,000 ടണ്ണിൽ കൂടുതലും 2001–2003 ൽ 7000 ടണ്ണും ഇന്ത്യ കയറ്റി അയയ്ക്കുകയുണ്ടായി. **എന്നാൽ സ്വാഭാവിക റബ്ബറിന്റെ ആഭ്യന്തര ഉത്പാദന വർദ്ധനവ് വിദേശ റബ്ബർ ഇറക്കുമതിയെ ഗണ്യമായി നിയന്ത്രിക്കുകയും രാജ്യത്തിന്റെ വിദേശനാണ്യശേഖരം കുറവായിരുന്ന ഒരു സമയത്ത് വിദേശനാണ്യം നേടുവാൻ സഹായിക്കുകയും ചെയ്തു**. ഏതായാലും റബ്ബറുത്പന്നങ്ങളുടെ കയറ്റുമതി ആദായം നേടിത്തരുകയുണ്ടായി. (2001–2002 ൽ 2150 കോടി രൂപയ്ക്കുള്ള കയറ്റുമതി നടന്നു). അത് ഇന്ത്യയിൽ നിന്നുള്ള മൊത്തം കയറ്റുമതിയുടെ ഒരു ചെറിയ അംശം മാത്രമേ ആകുന്നുള്ളു. സാനിട്ടറി – ഫൈറ്റോസാനിട്ടറി നടപടികൾ അത്ര ഭൂഷണമായതല്ലെങ്കിലും ചില വ്യവസ്ഥകൾ, സ്വാഭാവിക റബ്ബറിന്റെ ലോകമെമ്പാടുമുള്ള ഡിമാന്റിനെ വിനയാക്കുമെന്ന ആശങ്ക ഇപ്പോഴും നിലനിൽക്കുന്നു. എന്നാലിത് ഇന്ത്യ മാത്രം അഭിമുഖികരിക്കുന്ന ഒരു പ്രശ്നമല്ല (ഇതെപ്പറ്റി പിന്നീട് ചർച്ച ചെയ്യുന്നതാണ്)

## 1.5.5.3 വെല്ലുവിളികളും അവസരങ്ങളും

### റബ്ബർ കൃഷി സുസ്ഥിരമാക്കേണ്ടതിന്റെ ആവശ്യകത

സ്വാഭാവിക റബ്ബറിന്റെ ഉത്പാദനത്തിൽ ലോകത്തെ മൂന്നാം സ്ഥാനത്തും ഉപഭോഗത്തിന്റെ കാര്യത്തിൽ നാലാം സ്ഥാനത്തും നിൽക്കുന്ന ഇന്ത്യയിൽ പ്രതിവർഷം 6,30,000 ടൺ ഉത്പാദിപ്പിക്കപ്പെടുകയും, 6,31,000 ടൺ റബ്ബറിന്റെ ഉപഭോഗം നടക്കുകയും ചെയ്യുന്നുണ്ട്. ഇന്ത്യയിൽ സ്വാഭാവിക റബ്ബറിന്റെ (പ്രതിവർഷം) 79% ഉപഭോഗം നടക്കുമ്പോൾ, ലോകമെമ്പാടും കൂടി പ്രതിവർഷം ആകെ 59%ന്റെ ഉപഭോഗം നടക്കുന്നു. മോട്ടോർ വാഹന വ്യവസായമാണ് സ്വാഭാവിക റബ്ബറിന്റെ ഏറ്റവും വലിയ ഒറ്റ ഉപഭോക്താവ് (ഏകദേശം 40% ൽ കൂടുതൽ) സൈക്കിൾ ടയർ, ട്യൂബുകൾ എന്നിവയുടെ വ്യവസായങ്ങൾ 13%വും വിവിധതരം പാദുകങ്ങൾ നിർമ്മിക്കുന്ന മേഖലയിൽ ഏകദേശം 13%വും റബ്ബറിന്റെ ഉപഭോഗമാണുള്ളത്. **അങ്ങനെ, റബ്ബർ വ്യവസായത്തിലൂടെ വർഷംതോറും 15,000 കോടി രൂപയുടെ കൈമാറ്റമാണ് നടക്കുന്നത്**. ഏകദേശം 35,000 വൈവിധ്യമുള്ള ഉത്പന്നങ്ങൾ ചെറിയ റബ്ബർബാന്റു മുതൽ പടുകൂറ്റൻ ട്രക്കുകൾ, വിമാനങ്ങൾ എന്നിവയുടെ വൻ ടയറുകൾവരെ നിർമ്മിക്കുവാൻ സ്വാഭാവിക റബ്ബർ ഉപയോഗിക്കുന്നു. ഇതുമായി ബന്ധപ്പെട്ട 4 ലക്ഷം ആൾക്കാർക്ക് തൊഴിൽ നല്കുന്ന റബ്ബർ വ്യവസായം തന്ത്രപരമായും സാമ്പത്തികമായും, വളരെ പ്രാധാന്യം അർഹിക്കുന്നു. റബ്ബർ വ്യവസായ – വ്യാപാര മേഖലകളുടെ വികസനം സുസ്ഥിരമാക്കുന്നത് സ്വാഭാവിക റബ്ബറിന്റെ തീർച്ചയുള്ള നിരന്തരമായ ലഭ്യതയെ ആശ്രയിച്ചാണിരിക്കുന്നത്. അതിനാൽ സ്വാഭാവിക റബ്ബർ അത്രമാത്രം ജീവൽ പ്രധാനവും നിർണ്ണായകവുമായ ഒരു (വ്യാവസായിക) അസംസ്കൃത സാധനമാണ്.

ഇപ്പോൾ പ്രകടമായിരിക്കുന്ന പ്രവണതകൾ വച്ചുനോക്കിയാൽ, സ്വാഭാവിക റബ്ബറിന്റെ ഉത്പാദനത്തിലും, റബ്ബറിനെ ആശ്രയിക്കുന്ന വ്യവസായത്തിലും, ആഭ്യന്തര സ്രോതസ്സിൽ നിന്നുള്ള റബ്ബറിന്റെ ലഭ്യതയിൽ ഉണ്ടായ കുറവും കൂടി പ്രതിവർഷം ഏകദേശം, 2,29,000 ടണ്ണാണ് എന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. (അതായത് മൊത്തം ആഭ്യന്തര ഉപഭോഗത്തിന്റെ 1/5നും 1/4നും ഇടയ്ക്കുള്ള കുറവ്). എന്നാൽ അതേസമയം സ്വാഭാവിക റബ്ബറിന്റെ ഉത്പാദനം 7,81,000 ടണ്ണും, 2010–11 കാലമാകുമ്പോഴേക്ക് ആഭ്യന്തര ഉപഭോഗത്തിന് ഏകദേശം 10,10,000 ടണ്ണിന്റെ ആവശ്യവും ഉണ്ടാകുമെന്നും കണക്കുകൾ കാണിക്കുന്നു.

സ്വാഭാവിക റബ്ബറിന്റെ ഉത്പാദന വളർച്ചാനിരക്ക് മുൻവർഷങ്ങളിലെ പോലെ നിലനിറുത്തുവാൻ കഴിഞ്ഞു എന്നുവരികില്ല. സ്വാഭാവിക റബ്ബറിന് ആഗോളമായി ഉണ്ടാകുവാൻ സാദ്ധ്യതയുള്ള കുറഞ്ഞ ലഭ്യതയെപ്പറ്റി ചില പ്രവചനങ്ങൾ വന്നിട്ടുണ്ട്. സ്വാഭാവിക റബ്ബറിന്റെ ഏറ്റവും സംഘടിത ഉത്പാദകരായ മലേഷ്യ റബ്ബർ മേഖലയിൽ നിന്നും അകന്നു പൊയ്ക്കൊണ്ടിരിക്കുന്നു. 1980ൽ അവരുടെ ഏറ്റവും ഉയർന്ന ഉത്പാദനം 1.53 ദശലക്ഷം ടണ്ണായിരുന്നു. ആ ഉച്ചാവസ്ഥയിൽ നിന്നും മലേഷ്യയുടെ ഉത്പാദനം 2000–ൽ 6,15,000 ടണ്ണായി താഴോട്ടുപോയി. (2000–ൽ ഇന്ത്യ 6,29.000 ടൺ സ്വാഭാവിക റബ്ബർ ഉത്പാദിപ്പിച്ചുകൊണ്ട് മലേഷ്യയെ പിന്നിലാക്കി) മലേഷ്യയിൽ കാണുന്ന പ്രവണത തന്നെ തായ്ലന്റിലും ഉണ്ടാകുന്നതാണ്. 1990കളുടെ രണ്ടാം പകുതിയിൽ ഇന്തോനേഷ്യയുടെ ഉത്പാദനം 1.5 ദശലക്ഷം ടണ്ണിനുചുറ്റുമായിരുന്നു. സ്വാഭാവിക റബ്ബറിന്റെ ആഗോളതല ഉത്പാദനത്തിന്റെ 55% ഇരുരാജ്യങ്ങളും (തായ്ലന്റും, ഇന്തോനേഷ്യയും) കൂടിയാണ് പങ്കുവയ്ക്കുന്നത്, ഇന്ത്യയിലും ആഗോളതലത്തിലും സ്വാഭാവിക റബ്ബറിന്റെ ലഭ്യത കുറയാൻ പോകുന്നു എന്നാണ് വിലയിരുത്തപ്പെടുന്നത്. ഈ രാജ്യങ്ങൾ റബ്ബറിൽ നിന്നും വഴുതിമാറുന്നതിനിടയാക്കിയ ചില ഘടകങ്ങൾ ഉണ്ട്. റബ്ബറിന്റെ ഉത്പാദനത്തിലും, ഉപഭോഗത്തിലും ആഗോളമായി പ്രകടമാകുന്ന പ്രവണതകളുടെ സൂചന, സ്വാഭാവിക റബ്ബറിന്റെ വില താണുപോകാനുള്ള സാദ്ധ്യത വളരെ കുറവാ

ണെന്നാണ്. അതിനാൽ റബ്ബറിന്റെ വില വ്യവസ്ഥയിൽ മാറ്റം തീർച്ചയായും വരുമെന്നും, റബ്ബർ കർഷർക്ക് എവിടെയും വളരെ അനുകൂലമായ വില ലഭിക്കുകയും, അനതിവിദൂരവും സമീപവുമായ കാലത്ത് വില ഉയരുമെന്നുമാണ് സൂചനകൾ.

### 1.5.53 കേരളത്തിൽ റബ്ബർ കൃഷി തുടരേണ്ടതിന്റെ അനുപേക്ഷണീയത

ഒട്ടേറെ കാരണങ്ങളുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ കേരളത്തിലെ റബ്ബർകൃഷി തുടരേണ്ടത് വളരെ അനുപേക്ഷണീയമാണെന്ന് കാണാം. റബ്ബർ കൃഷിയുള്ള ഭൂമിയുടെ ഭൂരിഭാഗവും (ഭാഗ്യമെന്നു പറയട്ടെ, ഏറ്റവും ഉത്പാദനക്ഷമമായതിനാൽ, കൃഷിശാസ്ത്ര ദൃഷ്ടിയിൽ റബ്ബർ കൃഷിക്ക് ഏറ്റവും അനുയോജ്യമാണീഭൂമി പാരിസ്ഥിതികമായി വളരെയേറെ പ്രതികരണവിധേയത്വമുള്ള ഭൂപ്രദേശവുമാകുന്നു. പശ്ചിമഘട്ടത്തിന്റെ അടിവാരങ്ങളിലെ കുന്നുകളിലാണ് റബ്ബർ കൃഷിഭൂമിയിൽ ഏറിയ കൂറും സ്ഥിതിചെയ്യുന്നത്. ഈ പ്രദേശത്തെ മലയോര - കാർഷിക പരിസ്ഥിതി മേഖല (Malayoram Agroecological Zone) എന്നുപറയുന്നു. ഇവിടുത്തെ ഭൂമിയുടെ സ്വഭാവം ഭൂപ്രകൃതി ശാസ്ത്രത്തിന്റെ വീക്ഷണത്തിൽ, താഴ്വരകളാൽ കീറിമുറിയ്ക്കപ്പെട്ട, കനത്ത മഴവീഴ്ച (പ്രതിവർഷം 300 സെ.മീ) ഉള്ളതിനാൽ നിരന്തരമായ മണ്ണൊലിപ്പിന് വേഗം വിധേയമാകുന്ന പ്രദേശമാണ്. ഓരോരോ സമയത്തും, അഥവാവർഷം തോറും കിളയ്ക്കലും ഉഴുതുമറിക്കലും ആവശ്യമില്ലാത്ത ദീർഘകാലവിളകൾ ഇവിടമാകെ സുരക്ഷയോടും സുസ്ഥിരതയോടും കൃഷി ചെയ്യാം. ഉഴുതുമറി ഭൗമോപരിതലം ഇളക്കുന്നതാകയാൽ രൂക്ഷമായ മണ്ണൊലിപ്പിന് അതു കാരണമാകുന്നു. നാളികേരവും കുരുമുളകും രണ്ടുവിളകളും റബ്ബറിനുപകരം ഈ മേഖലയിൽ പരീക്ഷണാർത്ഥം കൃഷി ചെയ്തുഎങ്കിലും വിജയിച്ചില്ല. രോഗബാധ - കേരത്തിന് വേരുചീയലും കുരുമുളകിന് ദ്രുതവാട്ടവും ഒരു പരാജയകാരണമായിരുന്നു. മാത്രമല്ല, ഇവയ്ക്ക് രണ്ടിനും വിപണി ലഭ്യതയും പ്രാപ്യതയും റബ്ബറിനേക്കാൾ ദുഷ്കരവുമായിരുന്നു. കൂടാതെ, ദീർഘകാലവിളയുടെ കൃഷിയിൽ ദീർഘകാലാടിസ്ഥാനത്തിൽ മുതൽ മുടക്കാൻ തക്ക ആകർഷണീയത ഉണ്ടാവേണ്ടത് ആദായമാണ്. സ്വാഭാവികമയും സുസ്ഥിരവും സുരക്ഷിതമുവായ വരുമാനത്തിന്റെ ഉറപ്പില്ലാത്ത സാഹചര്യത്തിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കപ്പെടുകയില്ല. ഈ വിധമാനദണ്ഡങ്ങൾ വച്ചുനോക്കുമ്പോൾ റബ്ബറിന്റെ ഈ പ്രത്യേക കാർഷികപാരിസ്ഥിതിക മേഖല റബ്ബർ കൃഷിയ്ക്കാണേറ്റവും അനുയോജ്യമെന്നുകാണാം. മറ്റൊരു ഘടകം കൂടി പാരിസ്ഥിതികമായി പ്രധാനമാണ്. അതായത് പുതിയ റബ്ബർ ചെടികൾ വച്ചുപിടിപ്പിക്കുന്നതിനു മുന്നോടിയും മൂന്നുപാധിയുമായ വൃദ്ധവൃക്ഷങ്ങൾ വെട്ടിമാറ്റുന്നതിന്റെ തോത് കണക്കാക്കിയാൽ ഈ പ്രക്രിയയിലൂടെ പ്രതിവർഷം 1 ദശലക്ഷം ചതുരശ്രമീറ്റർ (റബ്ബർ) തടിയാണ് കേരളം ഉത്പാദിപ്പിക്കുന്നത്.

ഇതാകട്ടെ, കേരളത്തിന്റെ പരിഃസ്ഥിതിയ്ക്കും രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയ്ക്കും വലിയൊരു സംഭാവനയായിരിക്കും ചെയ്യുക. നമ്മുടെ രാജ്യത്ത് തടി വളരെ കുറവാണെന്നും ആകുറവ് ഏറിവന്നുകൊണ്ടിരിക്കുന്നു എന്നും വളരെ പരിമിതമായ വനഭൂമിയും വനവൃക്ഷങ്ങളും മാത്രമാണ് (അവശേഷിക്കുന്നത്) ഉള്ളതെന്നും വിശദമാക്കേണ്ടതില്ല. **ഏതായാലും വർത്തമാനകാലത്ത് റബ്ബർ കൃഷിയാണ് 9 ലക്ഷത്തിലേറെ കാർഷിക കുടുംബങ്ങളുടെ ഉപജീവന സുരക്ഷയ്ക്ക് ഏക ആശ്രയം. എന്നാലീ കുടുംബങ്ങളുടെ കൃഷിഭൂമിയുടെ വിസ്തൃതി വളരെ കുറവും ഇവരിലേറിയ ഭാഗവും നാമമാത്ര റബ്ബർ കൃഷിക്കാരും** ആണ്. ഇതിനുപുറമേ ഉണ്ട് അതിജീവനത്തിനായി റബ്ബറിനെ ആശ്രയിക്കുന്ന മറ്റൊരു 3.7 ലക്ഷം വരുന്ന തൊഴിലാളികൾ. ഇങ്ങനെയുള്ള ഒരു അപഗ്രഥനത്തിൽ നോക്കുമ്പോൾ **വിദേശങ്ങളിൽനിന്നും സ്വാഭാവിക റബ്ബറിന്റെ ഓരോലക്ഷം ടണ്ണ് ഇറക്കുമതി എന്നാലർത്ഥം ഏകദേശം 11/2 ലക്ഷം തൊഴിലാളികളുടെ തൊഴിലില്ലായ്മയും അതോടൊപ്പം ഇറക്കുമതി ചെയ്യപ്പെടുന്നു** എന്നാണ്. റബ്ബറിൽ നിന്നും സംസ്ഥാനത്തിന്റെ (കേന്ദ്രത്തിന്റേയും) ഖജനാവിലേക്ക് ലഭിക്കുന്ന സംഭാവനയെ പറ്റിമുമ്പ് പ്രസ്താവിച്ചിട്ടുണ്ട്. ഇപ്പറഞ്ഞകാര്യങ്ങളെല്ലാം അരക്കിട്ടുറപ്പിക്കുന്ന ഒരു യാഥാർത്ഥ്യം, കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക വ്യവസ്ഥയുടെ നിലനിൽപ്പിന് സംസ്ഥാനത്തെ റബ്ബർകൃഷി തുടർന്നു നടത്തേണ്ടതും, റബ്ബർ കാർഷികവ്യവസ്ഥ സുസ്ഥിരമാക്കേണ്ടതും എന്തുകൊണ്ടും അനുപേക്ഷണീയമാണ്/അത്യന്താപേക്ഷിതമാണ് എന്നാണ്.

### 1.5.53 സ്വാഭാവിക റബ്ബർ കർഷകർക്ക് വ്യാപാര രംഗത്ത് നിരപ്പായ കളിസ്ഥലം (അവസര തുല്യത) നൽകേണ്ടത് - വളരെ ആവശ്യമായിരിക്കുന്നു.

ദീർഘകാല വിളയിൽ മുതൽമുടക്കാനുള്ള കർഷകന്റെ തീരുമാനത്തിൽ വളരെ നിർണ്ണായകമാണ്, ഏറെ കുറെ സ്ഥിരമായ ഒരു വരുമാനത്തിന്റെ ഒഴുക്കുണ്ടാകുമെന്ന പ്രതീക്ഷ. ഉത്പ്പന്നത്തിന്റെ ഒരു നിശ്ചിത അളവിന് നല്ലവില ഉറപ്പാക്കുന്ന സുസ്ഥിരമായ വിപണിയാണ് കർഷകന്റെ സ്ഥിരമായ വരുമാനലഭ്യതയുടെ അടിസ്ഥാന ഘടകം. വാർഷികവും വിവിധഹ്രസ്വകാല (സീസണൽ) വിളകളിലെന്നപോലെ വിപണി സാഹചര്യങ്ങളിൽ തുടരെ തുടരെയുണ്ടാകുന്ന ചടുലതകൾക്കനുസരണമായി, കൃഷിഭൂമിയുടെ വിസ്തൃതി കൂട്ടി

കൂടുതലിടങ്ങളിലേക്ക് വ്യാപിപ്പിച്ചു കൊണ്ടോ, കാർഷിക രീതികളിൽ ഹ്രസ്വ-മദ്ധ്യമ -ദീർഘകാലങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ടോ ഉള്ള ക്രമീകരണങ്ങൾ ദീർഘകാലവിളകളുടെ കാര്യത്തിൽ സാദ്ധ്യമല്ല. റബ്ബർപോലുള്ള ദീർഘകാല പ്രകൃതമുള്ള വിളയ്ക്ക് (അതായത് ഉത്പാദനം ആരംഭിക്കുന്നതിനുവേണ്ടിവരുന്ന നീണ്ട കാലതാമസവും, ഉത്പാദനക്ഷമതയുടെ ശേഷി പരമാവധി ചൂഷണം ചെയ്യപ്പെട്ടതിനുശേഷമുള്ള വിള തീരെ കുറഞ്ഞ ഒരു ദീർഘകാലവും) ഹ്രസ്വ- മദ്ധ്യമ - ദീർഘകാലാലടിസ്ഥാനങ്ങളിലുള്ള ഉത്പാദന രീതിയിലുള്ള ക്രമീകരണം അവ ഭാവിയിൽ കൃഷി ചെലവു വർദ്ധിപ്പിക്കുമെന്നതിനാൽ - ദീർഘകാലവിളകളുടെ കൃഷിയിൽ അസാദ്ധ്യമാണ്. കേരളത്തിലെ റബ്ബർ കൃഷിയുടെ സുസ്ഥിരതപ്രഥവും പ്രധാനവുമായി ആശ്രയിച്ചിരിക്കുന്നത് ആദായകരവും ആപേക്ഷികമായി സ്ഥിരതയുമുള്ള (വ്യക്തമായി പറഞ്ഞാൽ, വിപണിയുടെ ചാഞ്ചല്യങ്ങളിലും അനിശ്ചിതത്വങ്ങളിൽനിന്നും വിമുക്തമായ) ഒരു കമ്പോള വ്യവസ്ഥയെ ആണ്. ഇപ്രകാരമുള്ള സുസ്ഥിരമായ വിപണിയാണ് രാജ്യത്തെ റബ്ബർ കൃഷിയെ സുസ്ഥാപിതമാക്കുന്നതിലും അതൊരു വിജയകഥയാക്കിത്തീർക്കുന്നതിലും നിർണ്ണായകമായ സംഭാവന ചെയ്തത്. റബ്ബർകൃഷിയിൽ (താല്ക്കാലികമായി) പെട്ടുന്നുണ്ടാകുന്ന ലാഭകരമായ നേട്ടങ്ങൾ കൊയ്യാമെന്നും, വിദേശനാണയ മിച്ചത്തിന്റെ ഫലമായി വർദ്ധിച്ച ഉത്സാഹത്തിൽനിന്നുയർന്ന അലംഭാവവും (വിദേശനാണയം കുറഞ്ഞിരുന്ന സന്ദർഭത്തിൽ സ്വാഭാവിക റബ്ബറിന്റെ ഒരോടൺ അധികോല്പാദനവും തത്തുല്യമായ വിദേശനാണയം നേടിത്തരുമെന്ന വിചാരവും) കാരണം, സ്വാതന്ത്ര്യാനന്തരം കഴിഞ്ഞ അഞ്ചുപതിറ്റാണ്ടുകൊണ്ട് കഠിനാദ്ധ്വാനത്തിലൂടെ റബ്ബർ മേഖല പടുത്തുയർത്തിയ ശക്തമായ അടിത്തറയെ കടപുഴകിയെറിയാൻ (നാം) അനുവദിച്ചുകൂടാ. ഇതിനകം തന്നെ ഈ മേഖലയിൽ അപകട സൂചനകൾ കാണാൻ തുടങ്ങിയിട്ടുണ്ട്. 1999-നു ശേഷമുണ്ടായ നഷ്ടവില (depressed price) പലകർഷകരേയും റബ്ബർ കൃഷിയെ അവഗണിക്കുന്ന സ്ഥിതിലെത്തിച്ചിരിക്കുന്നു. അവരിൽ ഒരു വിഭാഗം റബ്ബറിനുപകരം ഭൂമിയിൽ വേറെ വിളകളുടെ കൃഷിയിലേക്കു കൂറുമാറുവാൻ പ്രേരിതരായിരിക്കുന്നു. 1990 കളിലെ റബ്ബറിന്റെ ഏറ്റവും നല്ലകാലത്ത് (റബ്ബറിൽ വിലപരമാവധിയിലെത്തിയ സമയത്ത്) ഉടനീളം റീപ്ലാന്റിംഗ് ശരാശരി 7000 ഹെക്ടറായിരുന്നത് 2000 -2001 ൽ 45000 ഹെക്ടറായി കുറഞ്ഞു. പുതിയ റബ്ബർ തൈകൾ വച്ച് പിടിപ്പിക്കുന്നതിന്റെ വാർഷിക ശരാശരി 4000 ഹെക്ടറായി ചുരുങ്ങി.

### 1.5.5.4 തന്ത്രങ്ങൾ

ഈ സാഹചര്യങ്ങളിൽ കമ്മിഷൻ നിർദ്ദേശിക്കുന്ന തന്ത്രം, സ്വാഭാവിക റബ്ബർ കർഷകർക്ക് ആപേക്ഷികമായെങ്കിലും സുസ്ഥിരമായ വരുമാനം ഉറപ്പാക്കുന്നതിനും, റബ്ബർ കൃഷിയിൽ തന്നെ അവൾ പിടിച്ചു നിൽക്കുന്നതിനും, റബ്ബറിന്റെ അന്താരാഷ്ട്രവിപണിയിൽ മറ്റു രാജ്യങ്ങളുമായി മത്സരിക്കുമ്പോൾ നാട്ടിലെ റബ്ബർകൃഷിക്കാർക്ക് അവസരങ്ങളിൽ തുല്യത ഉറപ്പാക്കാൻ ഒരു നിരപ്പായ കളിക്കളം ഒരുക്കുവാൻ വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്നാണ്.

ഒന്നാമതായി, കേരളത്തിലെ റബ്ബർ കൃഷിക്കാർക്ക് (ഈ അന്തരാളഘട്ടത്തിൽ) ഒട്ടൊന്നു ശ്വാസംവിടാൻ സാവകാശം നൽകുക. ഭാവിയിലെ വെല്ലുവിളികളെ നേരിടുവാനും WTO യുടെ വ്യവസ്ഥകൾ അനുകൂലമായ വിധത്തിൽ പ്രയോജനപ്പെടുത്തുവാനും അവർക്ക് കഴിയണം.

രണ്ടാമതായി, ആഭ്യന്തര വിപണിയിലും ആഗോള വിപണിയിലും കിടമത്സരത്തിനുള്ള ശേഷിനേടുവാൻ പരിശ്രമിക്കുക.

അതിനായി,

ഉത്പാദന (കൃഷി)ച്ചെലവുകൾ പരമാവധി കുറച്ചുകൊണ്ട് ഉത്പാദനവർദ്ധനവ്,

തങ്ങളുടെ ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്തിയും, മൂല്യവർദ്ധനവിലൂടേയും വരുമാനം വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുക.

(എന്നാൽ മാത്രമേ മത്സരവേദികളിൽ കാര്യക്ഷമത കൈവരിക്കാൻ നമുക്ക് കഴിയുകയുള്ളൂ)

### 1.5.5.5 കമ്മീഷന്റെ ശുപാർശകൾ

**ഹ്രസ്വകാല - ഇടക്കാല നടപടികൾ**

1. ഇറക്കുമതി താരീഫിന്റെ ബൗണ്ട് നിരക്കുയർത്തുക. **മുമ്പ് സ്വാഭാവിക റബ്ബറിന് ആഭ്യന്തരവിപണിയിൽ ഭേദപ്പെട്ട വിലസ്ഥിരതയുണ്ടാകാൻ കാരണം, ഇറക്കുമതിയുടെ നിയന്ത്രണമായിരുന്നു**. അതോടൊപ്പം ഇടയ്ക്കിടയ്ക്ക് കേന്ദ്രസർക്കാർ സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ മുഖേന ഏർപ്പെടുത്തിവന്ന **വിപണി**

**ഇടപെടൽ നടപടികളും** ഇതിനു സഹായകമായിരുന്നു. എന്നാൽ വ്യാപാരവ്യസ്ഥയിൽ ഇറക്കുമതിയുടെ മേലുണ്ടായിരുന്ന അളവിനെ സംബന്ധിച്ച നിയന്ത്രണങ്ങൾ നീക്കം ചെയ്തതും, അനുവദനീയമായ ലൈസൻസിംഗ് വ്യവസ്ഥകളനുസരിച്ചുള്ള സംഭരണ നടപടികൾ സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ നടപ്പിലാക്കിയത് ഫലപ്രദമല്ലാതെ പോയതും (സംഭരണം മൂലം കുറഞ്ഞത് താല്കാലികമായെങ്കിലും വിലനിലവാരം പിടിച്ചുനിറുത്താൻ കഴിയുമായിരുന്നെങ്കിലും) പഴയസ്റ്റോക്കിനെ ഒഴിവാക്കി കിട്ടാനായി കെട്ടിക്കിടക്കുന്ന സ്വാഭാവിക റബ്ബറിനെ കാലാകാലങ്ങളിൽ മാർക്കറ്റിലേക്കു തള്ളിവിട്ട് ഭാരം നീക്കുന്ന നടപടിയും, ഫലത്തിൽ വില കുത്തനെ ഇടിയുന്നതിനും ആഭ്യന്തര വിപണിയെ കൂടുതൽ പീഡന വിധേയമാക്കുകയും ചെയ്തു. പിന്നെ അടിയന്തിരമായി പ്രയോഗിക്കാൻ കഴിഞ്ഞ പരിഹാരമാർഗ്ഗം (മറുമരുന്ന്) AOA ന്റേയും WTO ന്റേയും വ്യാപാരവ്യവസ്ഥയിലെ ഇറക്കുമതിയെസംബന്ധിക്കുന്ന നിബന്ധനകൾ വിനിയോഗിച്ച് ഉത്പ്പന്നത്തിന്റെ വില കയറ്റികൊണ്ട് റബ്ബറിന്റെ കയറ്റുമതി അനാകർഷകമാക്കുകയായിരുന്നു. എന്നാലിനിയും അതിജീവിക്കേണ്ട ഏതാനും തടസ്സങ്ങൾ കൂടിയുണ്ട്.

**സ്വാഭാവിക റബ്ബറിന്റെ സംസ്കരിച്ച് ഉണക്കിയ ഇനങ്ങളുടെ പുകച്ച** (smoked ) **ഷീറ്റുകളെന്നു** പ്രത്യേകം തരംതിരിച്ചുള്ളതും, സാങ്കേതികമായി സവിശേഷതയുള്ള ഇനമായി തിരിച്ചിട്ടുള്ള റബ്ബറിന്റെ) **ബൗണ്ട് താരിഫ് നിരക്കുകൾ നിലവിലുള്ള 25% ൽ നിന്നും 40% ആയി ഉയർത്തുവാൻ ഭാരതസർക്കാർ WTO യിലെ അംഗരാജ്യങ്ങളുമായി വേണ്ട അനുരഞ്ജന ശ്രമങ്ങൾ നടത്തേണ്ടതുണ്ട്**. വിദേശ ഇറക്കുമതി (സ്വാഭാവിക റബ്ബറിന്റെ) യുടെ ബൗണ്ട് താരിഫ് നിരക്കുകൾ, 40% ആയി നിശ്ചയിക്കാവുന്ന സ്ഥാനത്ത് അത് ഇന്ത്യ എന്തുകൊണ്ട് 25% ബൗണ്ട് നിരക്കായി അംഗീകരിച്ചു എന്നതിന് വിശദീകരണമില്ലാതെ നിൽക്കുന്നു. (ഇതിന്റെ അപ്ലൈയ് നിരക്കും 25% തന്നെയാണ്). താരിഫ് നിർണ്ണയത്തിന്റെ ഘടനയുടെ തത്വങ്ങൾ 1990 ജനുവരി 1 മുതൽ നിലനില്ക്കുന്നതനുസരിച്ച് (60%) വ്യവസായ ഉത്പന്നങ്ങളുടെ ബൗണ്ട് താരിഫ് മാനദണ്ഡങ്ങൾ പിന്തുടർന്നായിരുന്നെങ്കിൽ തീർച്ചയായും അത് 40% തന്നെ ആയിരുന്നേനെ. സ്വാഭാവിക റബ്ബറിന്റെ ബൗണ്ട് താരീഫ് നിരക്ക് ഉയർത്തുന്നതിന് സഹായകമായ അനേകം വിശ്വസനീയവും നീതികരണവുമുള്ള വാദഗതികൾ അന്താരാഷ്ട്രതല അനുരഞ്ജനകളിൽ ഉന്നയിക്കാവുന്നതായിട്ടുണ്ട്. ഏറ്റവും പ്രധാനമായ ഒന്ന്, തായ്‌ലണ്ടും ശ്രീലങ്കയും ചൈനയും സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി 'അൺബൗണ്ട്' നിരക്കിലാണ് ചുമത്തുന്നത്. അതുപോലെ ഇന്തോനേഷ്യയും ബ്രസീലും ഉയർന്ന ബൗണ്ട് താരിഫ് നിരക്കുകൾ ചുമത്തുന്നുണ്ട്. നമ്മുടെ രാജ്യത്തിനുള്ളിൽ തന്നെ, ഏറ്റവും അടുത്തകാലത്തെ അപ്ലൈയ്ഡ് താരിഫു നിരക്ക് 70 ശതമാനം കൃത്രിമ (Synthetic) റബ്ബറിന്റേയും (Reclaimed) റബ്ബറിന്റേയും ബൗണ്ട്താരീഫ് 40% ആയിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്. അതേസമയം തോട്ടവിളകളായ തേയില, കാപ്പി, ഏലം എന്നിവയുടെ കാര്യത്തിൽ വളരെ ഉയർന്ന ബൗണ്ട് നിരക്കുകൾ (100 ശതമാനവും 150 ശതമാനവും) അപ്ലൈയ്ഡ് നിരക്കുകൾ 40 ശതമാനവും 45 ശതമാനവും ആണ് ചുമത്തിവരുന്നത്. ബൗണ്ട് താരിഫ് നിരക്കുകൾ വർദ്ധിപ്പിക്കുന്നത് തീർച്ചയായും ഇറക്കുമതിച്ചെലവുകൾ കൂട്ടുകയും, അങ്ങിനെ നമ്മുടെ റബ്ബർ കർഷകർക്കും മറ്റും റബ്ബറിന്റെ ലോകവിപണിയിൽ നിരപ്പായ ഒരു കളിസ്ഥലം, (മാത്സര്യ രംഗത്ത് തുല്യതയുള്ള പരിഗണന) ഉറപ്പാക്കാനും കഴിയുന്നതുമാണ്.

## 2 സ്വാഭാവിക റബ്ബറിന്റെ പുനർവഗ്ഗീകരണം

ലോകവ്യാപാര സംഘടനയുടെ വ്യവസ്ഥകൾ സ്വാഭാവിക റബ്ബറി (NR) നെ വർഗ്ഗീകരിച്ചിരിക്കുന്നത് ഒരു കാർഷിക ഉത്പന്നമായിട്ടല്ലാ, ഒരു വ്യവസായ ഉൽപ്പന്നമായാണ്. സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി താരിഫ് നിരപ്പുയർത്തുവാൻ ശ്രമം നടത്തുന്നതോടൊപ്പം തന്നെ, ആദ്യമായി നാം നടത്തേണ്ട തന്ത്ര പരമായ ഇടപെടൽ സ്വാഭാവിക റബ്ബറിനെ, കൃഷിയെ സംബന്ധിച്ച കരാറി (AOA) ന്റെ പരിധിയിൽ കൊണ്ടുവരുന്നതിനാണ്. അതിന്റെ ഫലമായി സ്വാഭാവിക റബ്ബർ (AOA) ന്റെ മൃദുവായ വ്യവസ്ഥകൾക്ക് വിധേയമാവുകയും, കാർഷിക ഉത്പന്നങ്ങൾക്ക് അനുവദനീയമായ സംരക്ഷണങ്ങൾക്ക് അതിന് അർഹത നേടാനാവുന്നതുമാണ്. (ഈ നിർദ്ദേശം 1.5.5.6 ഖണ്ഡികയിൽ ദീർഘമായി ചർച്ച ചെയ്യുകയും അതിനുള്ള വാദമുഖങ്ങൾ ഉന്നയിക്കുകയും ചെയ്യുന്നുണ്ട്). **ഈ പ്രശ്നമാണ് കേരളസർക്കാർ കേന്ദ്രസർക്കാരിനോട് കാൻകൂൺ സമ്മേളനത്തിൽ ചർച്ചയ്ക്കു വിധേയമാക്കണമെന്ന് അഭ്യത്ഥിച്ചിട്ടുള്ളത്** (കമ്മിഷന്റെ നിർദ്ദേശം ആയിരുന്നു അത്). ചുരുക്കത്തിൽ സ്വാഭാവിക റബ്ബറിന്റെ ഉത്പ്പാദനം, കൃഷിശാസ്ത്രപരമായും, മേൽനോട്ടപരമായും ആയ വസ്തുതകളും അതിന്റെ സാമൂഹിക - സാമ്പത്തിക സാഹചര്യങ്ങളും പരിഗണിക്കുമ്പോൾ, റബ്ബറിനെ ഒരു കാർഷിക വിഭവമായി പുനർവർഗ്ഗീകരിക്കുകയും, കൃഷിയെ സംബന്ധിച്ച കരാറുകളുടെ (AOA ന്റെ) കീഴിൽ കൊണ്ടു വരേണ്ടതുമാണെന്ന വാദത്തിന് പ്രസക്തിയേറുന്നു. തോട്ടവിളകളായ തേയില, കാപ്പി, കുരുമുളക് മുതലായവ കാർഷിക ഉൽപ്പന്നങ്ങളായി വർഗ്ഗീകരിച്ചിട്ടുള്ളതിനാൽ അവയ്ക്ക് ആപേക്ഷികമായി മെച്ചപ്പെട്ട സംരക്ഷണം ലഭിക്കുന്നു. സ്വാഭാവിക റബ്ബറുത്പ്പാദിപ്പിക്കുന്ന രാജ്യങ്ങളുമായി, വിശേ

ഷിച്ചും റബ്ബറിന്റെ മുഖ്യ ഉത്പാദകരായ തായ്‌ലണ്ട്, ഇന്തോനേഷ്യ, മലേഷ്യ എന്നിങ്ങനെ ലോകത്തെ മൊത്തം റബ്ബറുല്പാദനത്തിന്റെ 3/5 ഭാവവും സംഭാവന ചെയ്യുന്ന രാജ്യങ്ങളുമായി, ഇന്ത്യ ഒരു സമവായത്തിൽ എത്തിച്ചേരണം. തുടർന്ന് WTO യിലെ മറ്റു അംഗങ്ങളുമായും അഭിപ്രായ ഐക്യത്തിലെത്തണം. കൂടാതെ, പൊതുവേ, ആഭ്യന്തര വ്യവസായത്തിന് ഒരു പ്രത്യേക അളവ് വരെ ചില സംരക്ഷണങ്ങൾ ലഭ്യമാണ്. അവ യെല്ലാം വരുന്നത്, ലോകവ്യാപാര സംഘടനയുടെ **"എഗ്രിമെന്റ് ഓൺ സബ്സിഡീസ് ആന്റ് കൗണ്ടർ വെയിലിംഗ് മെഷേഴ്സ്" (ASCM))** എന്നറിയപ്പെടുന്ന വ്യവസ്ഥകൾക്കനസരണമായിട്ടാണ്. എന്നാൽ അതാ കട്ടെ, ആഭ്യന്തര സഹായം അനുവദിക്കുന്ന കാര്യത്തിൽ നിർദാക്ഷിണ്യമായാണ് പെരുമാറുന്നത്. സ്വാഭാ വിക റബ്ബർ ഒരു വ്യവസായിക ഉത്പ്പന്നമായി പരിഗണിക്കപ്പെടുന്നതിനാൽ മറ്റു കാർഷികോത്പന്നങ്ങളിൽ നിന്നും വ്യത്യസ്തമായി പരുക്കനായ പെരുമാറ്റങ്ങൾക്ക് റബ്ബർ വിധേയമാവുന്നു. എന്നാൽ കൃഷിയെ സംബ ന്ധിച്ച കരാറി (AOA) ലെ വ്യവസ്ഥകൾ അനുസരിച്ച് റബ്ബറിന് ചില സംരക്ഷണങ്ങൾക്ക് അർഹതയുണ്ട്.

### 3 WTO വ്യവസ്ഥകളെ വിദേശ NR ഇറക്കുമതിയ്ക്കെതിരേ സംരക്ഷണത്തിനായി പ്രയോജനപ്പെടുത്തുക

രാജ്യത്തിന്റെ ആഭ്യന്തര ഉൽപാദനത്തിന് സംരക്ഷണം ലഭിക്കാനായി WTOയുടെ വ്യവസ്ഥകൾ പ്രയോ ജനപ്പെടുത്താവുന്നതാണ്. ഉദാ:സെസ്സിനുപകരം കൌണ്ടർ വെയിലിംഗ് ഡ്യൂട്ടി ചുമത്തുന്നതുപോലെ, ആന്റി ഡംബിംഗ് ഡ്യൂട്ടി ചുമത്തുക, കർക്കശമായ ഗുണനിലവാര നിർണ്ണയ മാനദണ്ഡങ്ങൾ ചുമത്തുക, ഇറക്കു മതിസാധനങ്ങൾ നിശ്ചിത തുറമുഖങ്ങളിലെത്തുന്നു എന്നറിയുവാൻ അംഗീകൃത തുറമുഖങ്ങളിലേ ഇറക്കു മതി ചെയ്യാൻ പാടുള്ളൂ എന്ന് നിർബ്ബന്ധമാക്കുക എല്ലാം ആഭ്യന്തര NR റബ്ബറിന്റെ ഉത്പാദനത്തിന് സംര ക്ഷണം നൽകുന്നതിനുതകുന്ന നടപടികളാണ്. ഇറക്കുമതിയ്ക്കായി കൂടുതൽ തുറമുഖങ്ങൾക്ക് അംഗീ കാരം നല്കുവാൻ റബ്ബർ വ്യവസായങ്ങൾ സമ്മർദ്ദം ചെലുത്തിവരുന്നുണ്ട്. ആഭ്യന്തര ഉത്പാദനത്തിന് സഹാ യകരമല്ലാത്തതിനാൽ ഇതിനെ ചെറുക്കേണ്ടതാണ്.

### 4. പങ്കാളിത്തത്തോടുകൂടിയ വമ്പിച്ച റബ്ബർ ശേഖരണ സംരംഭങ്ങൾ

ഇറക്കുമതിയുടെ അളവുപരമായ നിയന്ത്രണങ്ങൾ (QRS) നീക്കം ചെയ്യുന്നതിനു മുമ്പുള്ള കാലഘട്ട ത്തിൽ, ആഭ്യന്തര ഉത്പന്നങ്ങളുടെ സംഭരണം, അടിയന്തിര ഘട്ടങ്ങൾ തരണം ചെയ്യാൻ പ്രത്യേകം കരുത ലായി സ്റ്റേററ് ട്രേഡിംഗ് കോർപ്പറേഷൻ (SRC) നടത്തുന്ന സംഭരണം എന്നീ വിപണി ഇടപെടൽ നടപടി കൾ യഥാർത്ഥത്തിൽ വളരെ ഗുണപരമായ സ്വാധീനം റബ്ബർ ഉത്പാദന രംഗത്ത് ചെലുത്തിയിരുന്നു. വളരെ അതിർ കവിഞ്ഞ ശേഖരണവും തൽക്കാലത്തേക്ക് (3 ഉം 6 മാസം വരെ) സൂക്ഷിച്ചു വയ്ക്കുന്നതും വിപണി യിലുള്ള അമിത ലഭ്യതയെ കുറയ്ക്കുന്നതിനും അങ്ങിനെ വിലയിടിവിനുള്ള അവസരങ്ങൾ കുറയ്ക്കുന്ന തിനും സഹായിക്കുന്നു. റബ്ബറിന് നീണ്ട ഒരു സംഭരണ (ജീവിതം) കാലം ഉണ്ട്. സാധാരണഗതിയിൽ, ഉള്ള സ്റ്റോറേജ് സൗകര്യങ്ങളിൽ റബ്ബറിനെ ഏകദേശം, 6 മാസം മുതൽ 1 വർഷം വരെ കേടുകൂടാതെ സൂക്ഷി ക്കാൻ കഴിയും, റബ്ബറുത്പാദകരുടെ സംഘടനകൾ, വിപണന സഹകരണ സംഘങ്ങൾ, മറ്റു കാർഷിക സംഘടനകൾ എന്നിവയെ ഊർജ്ജസ്വലമാക്കുകയും അവയെ എല്ലാം സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേ ഷൻ, ETC നാഫെഡ്, ധനകാര്യസ്ഥാപനങ്ങൾ, സഹകരണ ബാങ്കുകൾ എന്നീ സ്ഥാപനങ്ങളുമായി സഹക രിച്ചുകൊണ്ട് പങ്കാളിത്തപരമായ വൻ ശേഖരണ സമ്പ്രദായം നടപ്പിൽ വരുത്തിയാൽ തീർച്ചയായും അത് സാമ്പത്തികമായി വളരെ പ്രവർത്തന യോഗ്യവും സുസ്ഥിരവുമായ ഒരു തന്ത്രമായിരിക്കും (കൂടുതൽ വിശ ദാംശങ്ങൾക്ക് 1.5.9.2 ഖണ്ഡിക നോക്കുക)

### 5. സ്വാഭാവിക റബ്ബറിന്റെ കയറ്റുമതി

നഷ്ടകരമായ ഒരു വിലവ്യവസ്ഥയും, സ്വാഭാവിക റബ്ബറിന്റെ ചെറുകിട കർഷകരുടേയും നാമമാത്രകൃ ഷിക്കാരുടേയും ഉപജീവനത്തിന് പ്രതികൂലമായ ഭവിഷത്തുകളും, റബ്ബറിന്റെ (വർദ്ധിച്ച) ഇറക്കുമതിയുടെ സൃഷ്ടിയായ റബ്ബറിന്റെ വിപണിയിലെ താല്കാലികമായ ആധിക്യമാണെന്ന് സുദീർഘമായി വാദിക്കുക യുണ്ടായിട്ടുണ്ട്. റബ്ബറിന്റെ സമ്പന്നരായ വലിയ ഉപഭോക്താക്കളും (ഇവർ സംഖ്യയിൽ കുറവാണ്) വിശേ ഷിച്ചും ഒരു ഡസനിൽ താഴെയുള്ള ടയർ നിർമ്മാതാക്കളും ആണ് (ആകെ വ്യവസായികമായി വിനിയോ ഗിക്കപ്പെടുന്ന സ്വാഭാവിക റബ്ബറിന്റെ ഏതാണ്ട് പകുതിയോളം ഉപയോഗിക്കുന്നത് ടയർ വ്യവസായം ആണ്) കേന്ദ്രീകൃത സംഭരണത്തിലൂടെ കരുതൽ സംഭരണത്തിന്റെമേൽ ആധിപത്യം സ്ഥാപിക്കുന്നതും, വിതരണ സ്ഥലങ്ങളിലും, ചെറിയതോതിലുള്ള മിച്ചങ്ങളേയും, റബ്ബർ കൃഷിക്കാർക്കുകിട്ടേണ്ടതായ വിലയെ അപകട കരമായി സ്വാധീനിക്കുന്നതും എല്ലാം ഇക്കൂട്ടരാണ്. 1997 നു ശേഷം ഉണ്ടായ വിലത്തകർച്ചയുടെ കാലത്ത് നിലനിന്നിരുന്ന ഉല്പാദന - ഉപഭോഗ സന്തുലനം ഇതിനുതെളിവാണ്. ഉപഭോഗം ഉത്പാദനത്തോടൊപ്പം

ഒരേവേഗത്തിൽ പോയെങ്കിലും നാമമാത്രമായ മിച്ചങ്ങൾ വരുമ്പോൾ (10,000 ടണ്ണിൽ താഴെ – ഉല്പാദനത്തിന്റെ 2 ശതമാനത്തിൽ താഴെയാണിത്) 1997 – 98 ശേഷം എല്ലാവർഷവും ഇതായിരുന്നു സ്ഥിതി, സ്വാഭാവിക റബ്ബറിന്റെ വില, 1997 നവംബറിന് ശേഷമുണ്ടായ കുത്തനെയുള്ള വിലയിടിവിന്റെ ദുരന്തത്തിൽ നിന്നും മോചനം നേടിയില്ല. ഇതിനു പ്രാഥമിക കാരണം വർഷാവർഷം നടന്ന 20,000 ടണ്ണിനും 30,000 ടണ്ണിനും ഇടയിലുള്ള റബ്ബറിന്റെ ഇറക്കുമതിയാണ്. റബ്ബർ കർഷകന്റെ വ്യവസായവുമായി മുഖാമുഖംനിന്ന് വിലപേശാനുള്ള കഴിവിനെ ശക്തമാക്കുവാനും വിപണിയിൽ കൃത്രിമമായി കൈകടത്തലുകൾ നടത്തുന്ന ഘടകങ്ങൾക്കെതിരേ അവരുടെ നില സുരക്ഷമാക്കാനും, അങ്ങിനെ നിരപ്പായ ഒരു കളിക്കളം ഒരുക്കുവാനും കൃഷിക്കാർക്ക് റബ്ബർ പുറത്തേക്കുകയറ്റി അയയ്ക്കുന്ന കാര്യത്തിൽ സുസ്ഥിരത ഉണ്ടാക്കുവാനും കഴിയേണ്ടതുണ്ട്. ഇതു സാദ്ധ്യമാവണമെങ്കിൽ 10 ശതമാനത്തിനും 15 ശതമാനത്തിനും ഇടയ്ക്ക്, അതായത് പ്രതിവർഷം 5,00,000 ടണ്ണിനും 7,50,000 ടണ്ണിനും ഇടയ്ക്ക് കയറ്റി അയയ്ക്കണം. സ്വാഭാവിക റബ്ബറിന്റെ ഒരു പരമ്പരാഗത കയറ്റുമതിക്കാരനല്ല ഇന്ത്യ. കാരണം പരമ്പരാഗത വിപണികൾക്കൊക്കെയും റബ്ബറിന്റെ മുഖ്യ ഉല്പാദകരായ തായ്‌ലണ്ടും, ഇന്തോനേഷ്യയും, മലേഷ്യയും മുമ്പേതന്നെ കയ്യടക്കിയിരിക്കുകയാണല്ലോ. എന്നാൽ കറഞ്ഞ അളവിൽ NR ന്റെ ഉപയോഗം നടത്തുന്ന രാജ്യങ്ങൾ ഉണ്ട്, വിശേഷിച്ചും ആഫ്രിക്കയും, ലാറ്റിനമേരിക്കൻ രാജ്യങ്ങളും. ഇന്ത്യ അവരുമായി വിപണി ബന്ധമുണ്ടാക്കാൻ ശ്രമിക്കണം. ഈ അടുത്ത കാലത്ത് സംസ്ഥാന സർക്കാരിന്റെ പിന്തുണയോടുകൂടി റബ്ബർ ബോർഡിന്റേയും, റബ്ബർമാക്കറ്റിംഗ് ഫെഡറേഷന്റേയും (വൈകിയാണെങ്കിലും) ശ്രമഫലമായി 2000–2001–ൽ 13,000 ടണ്ണും. 2001–2002 (സെപ്തംബർ വരെ) 27,000 ടണ്ണും NR കയറ്റി അയക്കുന്നതിൽ നാം വിജയിക്കുകയുണ്ടായി.

### 6. സ്വാഭാവിക റബ്ബറിന്റെ കയറ്റുമതിക്ക് കേന്ദ്രസർക്കാരിന്റെ പ്രചോദനകരമായ പ്രോത്സാഹനം തുടരുക

2001 സെപ്തംബർ 17നുശേഷം കേന്ദ്രസർക്കാർ സ്വാഭാവിക റബ്ബറിന്റെ കയറ്റുമതിക്കാർക്ക് പ്രോത്സാഹനമായി ഒരു പദ്ധതി ആരംഭിച്ചു. കർഷകർക്കുണ്ടാകുന്ന ചെലവുകൾ കുറയ്ക്കുവാനും, ദുരിതങ്ങൾക്കാശ്വാസം നൽകാനുമാണീ സഹായം. ചരക്കുകൾ ഉത്പാദന കേന്ദ്രങ്ങളിൽ നിന്നു വിപണികളിലേക്കോ, തുറമുഖത്തേക്കോ നീക്കുമ്പോൾ ഉണ്ടാകുന്ന ഗതാഗതച്ചെലവിനും, ഗുണനിലവാരം ഉയർത്തുന്നതിനും, സാക്ഷ്യപ്പെടുത്തൽ, പാക്കേജിംഗ് എന്നിവയിലുണ്ടാകുന്ന നഷ്ടപരിഹാരം എന്ന നിലയ്ക്കാണ് ഈ സഹായങ്ങൾ. ഇവയെല്ലാം തന്നെ ലോകവ്യാപാര സംഘടനയുടെ വ്യവസ്ഥകളിൽ അനുവദനീയമായ പ്രോത്സാഹനമായി WTO വാഗ്ദാനം ചെയ്യുന്ന കാര്യങ്ങളിൽ ഉൾപ്പെടുന്നുണ്ട്. ഒരു കിലോ ഭാരമുള്ള 1 ഷീറ്റ് റബ്ബറിന് 3.50 രൂപയും ലാറ്റക്സിന് (കറ) 4.50 രൂപയും ക്രംബ്റബ്ബറിന് കിലോയ്ക്ക് 5 രൂപയും പ്രോത്സാഹനസഹായമായി ലഭിക്കുന്നു. ഈ പ്രോത്സാഹനസഹായം സ്വകാര്യ –സഹകണമേഖലകളിൽ ഉള്ള എല്ലാ കയറ്റുമതിക്കാർക്കും ലഭ്യമാണ്. രാജ്യത്തിന് കയറ്റുമതി വിപണിയിൽ ചുവടുറപ്പിക്കാൻ കഴിയുന്നതുവരെ ഈ പ്രോത്സാഹനം തുടർന്നേ മതിയാവൂ, കാരണം ആഭ്യന്തര വിപണിയിലെ വിലകൾ സുസ്ഥിരമാക്കുന്നതിൽ ഇതൊരു ഉത്തോലകം പോലെ പ്രവർത്തിക്കുന്നതായിരിക്കും.

### 7. സ്വാഭാവിക റബ്ബറിൻ പ്രത്യക്ഷ സഹായ നടപടികൾ

റബ്ബറിന്റെ ഉത്പാദനവർദ്ധനവ് ഉണ്ടാക്കാൻ വേണ്ടിയുള്ള സർക്കാരിന്റെ ശ്രമങ്ങളോട് കേരളത്തിലെ റബ്ബർ കർഷകർ പ്രശംസാവഹമായി പ്രതികരിച്ചു എന്നതിൽ സംശയമില്ല. സ്വാഭാവിക റബ്ബറിന്റെ ഉത്പ്പാദനം അവർ മൂന്നിരട്ടി വർദ്ധിപ്പിച്ചു. കൃഷിസ്ഥലവിസ്തൃതി കൂട്ടി മാത്രമല്ല പ്രശംസനീയമായ രീതിയിൽ ഉത്പാദനക്ഷമതയും, വർദ്ധിപ്പിച്ചു (മൂന്നു മടങ്ങ്). റബ്ബർ കർഷർക്ക് നല്കിക്കൊണ്ടിരിക്കുന്ന പ്രോത്സാഹനങ്ങളിലൊന്ന് സുസ്ഥിരമായ പ്രതിഫലം (സീസണുകളിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച്) ലഭ്യമാക്കുകയും ഒപ്പം ഉത്പ്പാദനച്ചെലവിൽ ഉണ്ടാകുന്ന വർദ്ധനവിന് നഷ്ടപരിഹാരമായി ഗണ്യമായ വിധം സഹായിക്കുകയും ചെയ്യുവാൻ സർക്കാർ നടത്തിയ വിപണി ഇടപെടലുകൾ വളരെ സഹായിച്ചു. (ഇതേപ്പറ്റി മുമ്പ് പരാമർശിച്ചിട്ടുണ്ട്) വികസനപരമായ അനുഭവം വച്ചുനോക്കുമ്പോൾ റബ്ബറിന്റെ വിജയ കഥയിൽ ഇന്നൊരു വൈരുദ്ധ്യം കാണാം. അതായത്, (രണ്ടു ദശകങ്ങൾക്കുള്ളിൽ ഉത്പാദനക്ഷമത രണ്ട് മടങ്ങ്) ലഭ്യമായ സാങ്കേതികവിദ്യ പ്രയോഗത്തിൽ വരുത്തി മറ്റു മുഖ്യ റബ്ബർ ഉത്പാദക രാജ്യങ്ങളുമായി മത്സരിക്കുവാനുള്ള ശേഷി കേരളത്തിലെ റബ്ബർ കർഷകർക്ക് നേടുവാൻ കഴിഞ്ഞിട്ടില്ല. ഇതിൽ നിന്നും വ്യക്തമാകുന്ന സത്യം ഇതാണ്. 'ഉൽപ്പാദനം മാത്രം വർദ്ധിപ്പിച്ചതുകൊണ്ടൊരു കാര്യവുമില്ല, മറിച്ച് ഒപ്പം ഉത്പ്പാദനക്ഷമതയും കൈവരിക്കാൻ കഴിയണം എന്നാണ് മനസ്സിലാക്കേണ്ടത്. കേരളത്തിലെ കൂലിക്കൂടുതൽ ഒരു പ്രശ്നമായി കൂടെകൂടെ എടുത്തുകാണിക്കാറുണ്ടെങ്കിലും റബ്ബറുൽപാദിപ്പിക്കുന്ന മറ്റു മുഖ്യരാജ്യങ്ങളിലെ തൊഴിൽക്കൂലിയുമായി മത്സരിക്കാൻ കഴിയാത്തതിന് ഒരിക്കലും അതൊരു വിശദീകരണമാവുന്നില്ല.

തായ്‌ലണ്ട് (ആഗോള ഉത്പാദനത്തിന്റെ 33 ശതമാനവും മലേഷ്യ 8 ശതമാനവും) ഉയർന്ന തൊഴിൽകൂലി ച്ചെലവ് വരുത്തുന്നുണ്ട്. ഇവർക്ക് അനുഗൃഹീതമായ ജൈവഭൗതിക സ്രോതസ്സിന് (വിശേഷിച്ചും മഴയുടെ വിതരണത്തിന് പുറമേ) ഇന്ത്യയെപ്പോലുള്ള ഒരു രാജ്യവുമായി മല്ലിടുവാൻ ഈ രാജ്യങ്ങളെ സഹായി ക്കുന്ന മറ്റൊരു പ്രമുഖ ഘടകം കൂടിയുണ്ട്. അതായത് അവിടെ സ്വാഭാവിക റബ്ബറുത്പാദകർക്ക് അവർ നേരിട്ടു സഹായം ചെയ്യുന്നുണ്ട്. ഉദാ: തായ്‌ലണ്ടിൽ ഇപ്പോഴും പഴയ മരങ്ങൾ മുറിച്ച് നീക്കി പകരം തൈകൾ വച്ചുപിടിപ്പിക്കാൻ ഗണ്യമായ സഹായം നല്കുന്നുണ്ട്. അവർ താരീഫ് നിരക്കുകൾ അൻബൗണ്ടായി തന്നെ തുടരുകയാണ്. ഇന്തോനേഷ്യയാണെങ്കിൽ ബൗണ്ട് താരിഫ് നിരക്ക് 40 ശതമാനം ഉയർന്ന നിരക്കിലാണ് ചുമത്തിവരുന്നത്. നേരെ മറിച്ച് ഇന്ത്യയിൽ, ശാസ്ത്രസാങ്കേതിക വിദ്യ പ്രയോഗിക്കുവാൻ ഒരു പ്രോത്സാ ഹനമെന്നനിലയിൽ റബ്ബറിന് 1950 കളുടെ അവസാനവർഷങ്ങളിലും 1960 കളുടെ അവസാനവർഷങ്ങളിലും 1960 കളുടെ ആദ്യവും നൽകിവന്ന സഹായം 100 ശതമാനം ആയിരുന്നത് ഇപ്പോൾ വെറും 16 ശതമാനമായി ക്കുറഞ്ഞിരിക്കുന്നു. ഇന്ത്യയിലെ NR ന്റെ ഉൽപ്പാദകർക്ക് നിരപ്പായ ഒരു കളിസ്ഥലം അങ്ങിനെ വിലക്കപ്പെ ട്ടിരിക്കുന്നു. അതിനാൽ NR ന്റെ ഉത്പ്പാദകർക്ക് നൽകിവരുന്ന സഹായം തുടരണമെന്ന് കമ്മിഷൻ ശക്ത മായി സർക്കാരിനോട് ആഹ്വനം ചെയ്യുന്നു. അതുപോലെ റീപ്ലാന്റിംഗിന് ഉണ്ടായിരുന്ന സബ്സിഡി വെട്ടി ക്കുറച്ചത് പുനഃസ്ഥാപിക്കേണ്ടതാണ്. സാമ്പത്തിക ബുദ്ധിമുട്ട് ജീവൽ പ്രധാനമായ ഈ സഹായത്തിന് തട സ്സമാകേണ്ടതില്ല. ആവശ്യമായ സാമ്പത്തിക സഹായവും മറ്റും റബ്ബർബോർഡ് സംഭരിക്കുന്ന സെസ്സിൽ നിന്നും സ്വീകരിക്കാവുന്നതാണ്. ഈ സെസ്സ് കൂടുതലും ഉത്പ്പാദന വർദ്ധനവിനായി വിനിയോഗിക്കുക യാണ് (ഇതലേറെയും ശരിയായി പ്രയോജനപ്പെടുത്തുന്നില്ല). ഈ മേഖല പ്രതിവർഷം 80 കോടി രൂപ യാണ് സമാഹരിക്കുന്നത്. ലോകവ്യാപാരസംഘടനയിൽ ചേർന്നതിനുശേഷമുള്ള കാലത്തെ ശാസ്ത്രീയ വികസന പരിപാടികൾക്കായി ഈ തുക തിരിച്ചുവിടേണ്ടതാണ്. റബ്ബർ വ്യവസായത്തിൽ നിന്നാണ് സെസ്സ് സംഭരിക്കുന്നതെങ്കിലും അതിന്റെ ഭാരം ആത്യന്തികമായി പതിക്കുന്നത് റബ്ബർ കർഷകരുടെ ചുമലിലാണ്. റബ്ബറിന്റെ പുനർ നടീലിന് (റീപ്ലാന്റിംഗിന്) നൽകുന്ന സഹായം, വളരെ സൂക്ഷ്മ പ്രതികരണ ശേഷിയുള്ള പ്രദേശങ്ങളുടെ പരിസ്ഥിതി സംരക്ഷണത്തിനുള്ള സഹായമായി കണക്കാവുന്നതാണ്. ഇത് വ്യാപാരസം ഘടനയുടെ വ്യവസ്ഥകൾ നീതീകരിക്കുന്നകാര്യമാണ്. വ്യവസായത്തിനുള്ള മൂലധനനിക്ഷേപ സഹായ മായോ, ഭക്ഷ്യവിളകൾക്ക് നല്കപ്പെടുന്ന അടിസ്ഥാനസൗകര്യനിർമ്മാണത്തിന് പകരമായോ ഈ സഹാ യത്തെ പരിഗണിക്കാവുന്നതേയുള്ളൂ.

## 8 WTO യുടെ സഹായപദ്ധതികളെ മോനിറ്റർ ചെയ്യുക

വികസിത രാജ്യങ്ങളെല്ലാം ആഭ്യന്തര ഉത്പ്പാദനമേഖലകൾക്ക് നല്ലതോതിൽ സബ്സിഡികൾ നൽകു ന്നുണ്ട്. വിശേഷിച്ചും അടിസ്ഥാന സൗകര്യവികസനത്തിനും ഗവേഷണത്തിനും, വിപുലീകരണത്തിനും, അപ്രയോഗിക സമയച്ചട്ടത്തിനുള്ളിൽ ഇന്നത്തെ വളർച്ചയുടെ വ്യവസ്ഥകൾക്കനുസരിച്ച് നിലവാരം ഉയർത്താ നും, അനുശാസിക്കുന്ന നയപരിപാടികൾ അതേപടി സ്വീകരിക്കുന്നതിനും വേണ്ടിയാണ് ഈ ഇളവുകൾ അനുവദിക്കുന്നത്. NR ന്റെ ഉൽപ്പാദനരംഗത്ത് ചെറുകിട കർഷകരാണ് ഭൂരിഭാഗവും എന്നതിനാൽ ഇത്തരം പ്രത്യക്ഷസഹായം സ്വീകരിക്കുന്നതിന് ഇത് നീതികരണമാണ്. അവരുടെ വരുമാന സുരക്ഷയെ തകർത്തു കളയുന്ന ഇറക്കുമതികൾക്ക് നഷ്ടപരിഹാരനടപടിയായിട്ടാണ് ഇതിനെ വികസിത രാജ്യങ്ങൾ കാണുന്നത്. WTO യുടെ വ്യവസ്ഥകൾ പ്രത്യക്ഷ സഹായനടപടികൾ കർക്കശമാക്കുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഏതായാലും ഒരിക്കൽ ഇറക്കുമതിയുടെ അളവുപരമായ നിയന്ത്രണങ്ങൾ നീക്കം ചെയ്തു കഴിഞ്ഞാൽ പിന്നെ ഇന്ത്യയിലെ റബ്ബർ മേഖലയെ അതിന്റെ വഴിക്കുതന്നെ വിടാമെന്നും, അത് സ്വയം പരി രക്ഷ നേടിക്കൊള്ളുമെന്നും ഇതുകൊണ്ട് അർത്ഥമാക്കരുത്. വലിയൊരു വിഭാഗം നാമമാത്ര റബ്ബർ കൃഷി ക്കാർ വിലയുടെ ചാഞ്ചല്യങ്ങളിലും അസ്ഥിരതകളിലും പെട്ട് ക്ലേശങ്ങൾക്കധീനരാകുമെന്ന കാര്യം തീർച്ച യാണ്. അവർക്കുവേണ്ട സംരക്ഷണം നൽകുവാൻ തക്കസമയത്ത് വിപണി ഇടപെടലിലൂടെ പ്രവർത്തി ക്കാൻ അനുയോജ്യമായ തന്ത്രം ആവിഷ്കരിക്കേണ്ടതാണ്. എന്തായിരുന്നാലും ഗൗരവമായി തുടർന്നടപ ടികൾ ഇക്കാര്യത്തിൽ ആവശ്യമായിരിക്കുന്നു. കാരണം NR കൃഷിമേഖലയിൽ ഏറ്റവും കൂടുതലുള്ള വിഭാ ഗം ചെറുകിട കർഷകരാണ്, എന്നതാണ് യാഥാർത്ഥ്യം. ചെറുകിട കർഷകർക്കാണ് സഹായത്തിന്റെ കൂടു തൽ ആവശ്യമുള്ളത്. WTO യുടെ വ്യവസ്ഥകളിൽതന്നെഉള്ള ഏതാനും വകുപ്പുകൾ അനുസരിച്ച് ഗുണ നിലാവരം മെച്ചപ്പെടുത്തുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും സഹായം നൽകു ന്നത് സാമൂഹികമായും സാമ്പത്തികമായും തികച്ചും സ്വാഗതമാണ്. സുരക്ഷാനടപടികൾ എന്തൊക്കെയാ ണുള്ളത് എന്ന് സൂക്ഷിച്ചു നിരീക്ഷിക്കുകയാണ് വേണ്ടത്. ആഭ്യന്തര റബ്ബർ വ്യവസായത്തെ സംരക്ഷിക്കു ന്നതിന് WTO യുടെ കീഴിൽ പല ഉപാധികളും ലഭ്യമാണ്.

## 9 ലോകവ്യാപാരസംഘടന ലഭ്യമാക്കുന്ന സുരക്ഷാനടപടികൾ

ആഭ്യന്തര ഉൽപ്പാദനത്തിന്റെ 5 ശതമാനത്തിൽ കൂടുതൽ റബ്ബർ ഇറക്കുമതി ചെയ്യപ്പെടുന്ന മേഖലകളിലെല്ലാം തന്നെ സുരക്ഷാനടപടികൾ നടപ്പിലാക്കാവുന്നതാണ്. കൂടാതെ ഈ വിഭാഗത്തിൽ പെട്ടതായ സുരക്ഷാനടപടികൾ ലഭിക്കാൻ റബ്ബറിന് തികച്ചും അർഹതയുണ്ട്. WTO യുടെ കരുതൽ നടപടി വ്യവസ്ഥകൾ എന്തൊക്കെയെന്ന് പഠിക്കുകയും, കാപ്പിയ്ക്കും തേയിലയ്ക്കും സുഗന്ധദ്രവ്യങ്ങൾക്കും അവ ഗുണപ്രദമായ രീതിയിൽ പ്രയോജനപ്പെടുത്തുകയും വേണം. താരിഫുകൾ ന്യായയുക്തമാക്കുന്നതും, ഇറക്കുമതിയുടെ അളവുപരമായ നിയന്ത്രണം നീക്കുന്നതും തീർച്ചയായും റബ്ബർ വ്യവസായത്തെ ഗണ്യമായി സ്വാധീനിക്കും. ഇപ്പോൾ തന്നെ, ആ സ്വാധീനത്തിന്റെ സൂക്ഷ്മതലമായ സ്ഥിതി അത്രയധികം കർക്കശമായ നിലയിൽ നമുക്ക് ബോദ്ധ്യമായിട്ടില്ലെങ്കിൽ പോലും, മുമ്പിലുള്ള വെല്ലുവിളികളെ കാണുവാൻ നമുക്ക് കഴിയണം.

## 10 കേന്ദ്രസർക്കാരിന്റെ സുരക്ഷാനടപടിയിൽ പങ്കുകൊള്ളുന്ന കാര്യം ഉറപ്പാക്കുക.

ലോകവ്യപാരസംഘടന റബ്ബറുത്പ്പാദിപ്പിക്കുന്നവരെ സഹായിക്കുവാനും പദ്ധതികളിൽ യാതൊരു താല്പര്യവും പ്രദർശിപ്പിക്കാറില്ല, എങ്കിലും WTO യുടെ കീഴിലുള്ള കൃഷിയെ സംബന്ധിച്ച കരാറിന്റെ ആർട്ടിക്കിൾ 7 അനുബന്ധം 11 ലെ വ്യവസ്ഥകൾ അനുസരിച്ച് സർക്കാരിന്റെ സാമ്പത്തിക പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള "വരുമാനം ഉറപ്പുവരുത്തൽ, വരുമാനസുരക്ഷാവല" എന്നീ വകുപ്പുകളിൽപ്പെടുത്തി, കൃഷിക്കാരുടെ വരുമാനത്തിന്റെ 30 ശതമാനം നഷ്ടമാകുന്ന പക്ഷം **അഗ്രിഗേറ്റ് മിനിമം സപ്പോർട്ടിന്റെ** കണക്കുക്കൂട്ടലുകളിൽ നിന്നും ഇളവുനൽകാവുന്നതാണ്. തോട്ടവിളകൾക്ക് കേന്ദ്രസർക്കാർ വ്യവസ്ഥ ചെയ്തിട്ടുള്ള "വരുമാനസുരക്ഷാ" പരിപാടി കമ്മിഷന്റെ ശ്രദ്ധയിൽപെട്ടിട്ടുള്ള ഒരു വസ്തുതയാണ്. ആ പരിപാടിയിൽ ചെറുകിട റബ്ബർ കർഷകരേയും, നാമമാത്രകർഷകരേയും വിപുലമായി പങ്കെടുപ്പിച്ച് അവർക്കു കൂടി അതിന്റെ അനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി കേരള സർക്കാർ പരമാവധി ശ്രമിച്ച് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതാണെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു.

## 11. വിലയിലുണ്ടാകുന്ന അസ്ഥിരതകളെ നേരിടാൻ 'വില സുസ്ഥിരതാനിധി'

ഒരു പ്രത്യേക നിലവാരത്തിൽ കൂടുതലായി ആഭ്യന്തര വില ഉയർത്തുവാൻ പ്രദേശിക നടപടികളിലൂടെ വളരെ പ്രയാസമായിരിക്കും. വമ്പിച്ച റബ്ബറിറക്കുമതിയുടെ സാഹചര്യത്തിൽ ഇത് ബുദ്ധിമുട്ടുള്ള കാര്യമാണ്. എന്നാൽ പിന്നെ സാദ്ധ്യമായിട്ടുള്ളത് ഒന്നുമാത്രം, ഇറക്കുമതിചെയ്യപ്പെടുന്ന രാജ്യത്തെ (പ്രദേശത്തെ) റബ്ബറിന്റെ വിലയോട് സമാന്തരമായതോ, അതിൽ അല്പം കൂടിയതോ ആയവില നിശ്ചയിക്കുന്ന ഒരു സാഹചര്യം സൃഷ്ടിക്കാവുന്നതാണ്. ഈ പ്രത്യേക സന്ദർഭത്തിൽ ഒരു റബ്ബർ **'വില സുസ്ഥിരതാ നിധി'** രൂപീകരിക്കുന്ന കാര്യം ചിന്തിക്കേണ്ടതാണ്. ഒരു അധിക സുരക്ഷാ നടപടിയെന്നനിലയിൽ ഈ ക്ഷേമനിധിയ്ക്കുള്ള സാമ്പത്തികാടിത്തറ വാണിജ്യ-വ്യവസായ മേഖലകളിൽ നിന്നും സമാഹരിക്കാവുന്നതാണ്. റബ്ബർ ബോർഡ് സംഭരിക്കുന്ന സെസ്സിന്റെ ഒരു ഭാഗം ഇതിന്നായി നീക്കിവയ്ക്കാവുന്നതാണ്. അല്ലെങ്കിൽ കേന്ദ്രസർക്കാരിന്റെ ഗ്രാന്റിൽ നിന്നും ഒരു ഭാഗം ഈ ക്ഷേമനിധിക്കായി നൽകാവുന്നതുമാണ്. സംസ്ഥാന സർക്കാരിന്റെ വിൽപ്പന നികുതിയുടെ ഒരു ഭാഗം മാറ്റിവയ്ക്കാം. അല്ലെങ്കിൽ ഒരു വിൽപ്പന നികുതി സർ ച്ചാർജ്ജായി ഈടാക്കി, ആ തുകയെടുത്ത് ഈ ക്ഷേമനിധിയുമായി അനുബന്ധമായ സഹായ നടപടികൾക്കായി നിർണ്ണായകമായ സാഹചര്യങ്ങളിൽ ന്യായപൂർവ്വം വിനിയോഗിക്കാവുന്നതാണ്. റബ്ബറിന്റെ വില ഉയരുമ്പോൾ തീർച്ചയായും ഇതിന്റെ നേരിട്ടുള്ള ഗുണഭോക്താവ് കേരള സർക്കാരായിരിക്കും. കാരണം അപ്പോൾ റവന്യു വരവ് വർദ്ധിക്കുന്നതാണല്ലോ.

## 12 ബഞ്ചുമാർക്കു വില പ്രഖ്യാപനം നിറുത്തലാക്കുക

സ്വാഭാവിക റബ്ബറിന്റെ ബഞ്ചുമാർക്ക് വിലകൾ കാലാകാലം നിശ്ചയിക്കുന്ന ഒരു പരിപാടിയുണ്ട് കേന്ദ്രസർക്കാരിന്. സമീപകാലത്തെ (1998 സെപ്തംബർ) ബഞ്ചുമാർക്ക് വിലയാണ് NR കിന്റലിന് 3405 രൂപ. എന്നാൽ കേന്ദ്രസർക്കാരിന്റെ ഒരു കൈ ആയ റബ്ബർബോർഡിനോ, NR ന്റെ വില താഴോട്ടിറങ്ങുമ്പോൾ ബഞ്ചുമാർക്ക് വില ഉറപ്പിക്കാനുള്ള യാതൊരു സംവിധാനമോ, സമ്പ്രദായമോ ഇന്നില്ല. 2002 ഏപ്രിൽ വരെ ഇതായിരുന്നു സ്ഥിതി. എന്നാൽ കച്ചവടക്കാർ ബഞ്ച്മാർക്ക് വിലയിൽ കൂടുതൽ ഈടാക്കുന്ന പക്ഷം, അതിനെതിരെ നിയമനടപടികൾ സ്വീകരിക്കുവാൻ കഴിയേണ്ടതാണ്. യഥാർത്ഥത്തിൽ ബഞ്ചുമാർക്ക് വില നിശ്ചിയിക്കുന്ന ഏർപ്പാടുകൊണ്ട് റബ്ബർ കർഷകർക്ക് യാതൊരു നേട്ടവും ഉണ്ടായിട്ടില്ല. കേന്ദ്രസർക്കാറിന്റെ ഈ സമ്പ്രദായം തുടരുന്നതിൽ ഏതെങ്കിലും യുക്തിയുള്ളതായി ഈ കമ്മിഷനു തോന്നുന്നില്ല. ആ നടപടി നിറുത്തുന്ന കാര്യം പരിഗണിക്കേണ്ടതാണ്.

## 13 റബ്ബർ ഉത്പാദകസംഘത്തിലൂടെയുള്ള കൂട്ടായ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം

ചെറുകിടയും, നാമമാത്രവുമായ റബ്ബർ കർഷകരാണ് ഈ മേഖലയിലെ പ്രബല ശക്തികളെങ്കിലും, റബ്ബർ ബോർഡിന്റെ സഹായത്തോടെ, ഏറ്റവും അടിത്തട്ടിൽ (തൃണമൂലാടിസ്ഥാനത്തിൽ) പ്രവർത്തിക്കുന്ന റബ്ബറുത്പാദകരുടെ സൊസൈറ്റികൾക്ക് (RPS) ഇതിനകം തന്നെ രൂപീകരിക്കപ്പെട്ടവ കണക്കിലെടുത്താൽ, അവയിൽ ഇന്ന് ഏകദേശം 30 ശതമാനം റബ്ബർ കൃഷിക്കാരുടെ പ്രാതിനിധ്യമുള്ളതായി കാണുന്നുണ്ട്. രജിസ്ട്രേഷൻ ഓഫ് സൊസൈറ്റീസ് ആക്ടിനു കീഴിൽ ഒരു ചെറിയ സംഘം കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവരിൽ ഏറിയ കൂറും സ്വയം സഹായ പ്രാപ്തിയുള്ളവരും ഇൻപുട്ടുകൾ (വളം, കീടനാശിനികൾ എന്നിവയുടെ വിതരണം) കൃഷിക്കാർക്ക് നൽകുന്നതിലും, റബ്ബർ സംഭരണത്തിലും, ചെറിയതോതിലുള്ള സംസ്കരണത്തിനുശേഷം വിപണനം നടത്തുന്നതിലും സദാ ഏർപ്പെടുന്നവരാണ്. ഇവരുടെ പ്രവർത്തന മേഖല വിപുലീകരിക്കുകയും സംയോജിപ്പിക്കുകയും ചെയ്താൽ പ്രാദേശിക തലത്തിലുള്ള മൂല്യവർദ്ധന പ്രവർത്തനങ്ങൾ, സ്റ്റോറേജ്, വെയർ ഹൗസിംഗ്, വിപണനം എന്നിവകൂടി ഭംഗിയായി നിർവ്വഹിക്കാൻ കഴിയുന്നതാണ്. ഈ സംവിധാനം വികസിപ്പിച്ചെടുത്താൽ നിലവിലുള്ള, ഏതാനും ശക്തരായ/പ്രബലരായ ആളുകൾ മാത്രം നിയന്ത്രിക്കുകയും ആധിപത്യം പുലർത്തുകയും ചെയ്യുന്ന (oligopolistic) റബ്ബറിന്റെ വിപണി വ്യവസ്ഥയ്ക്കു ബദലായി ഗുണകരമായൊരു സംവിധാനം സൃഷ്ടിക്കുവാൻ കഴിയും. ഉത്പാദകർക്ക് അനുകൂലമായി ഡിമാന്റ് സപ്ലൈ സാഹചര്യം നിലവിലുണ്ടായിട്ടും ഒരു പിടി ആളുകൾ വിപണിയുടെ വ്യവസ്ഥകൾ അനുശാസിക്കുന്ന ഈ സ്ഥിതി തുടരുന്നത് അഭിലഷണീയമല്ല. റബ്ബർ കർഷകർക്കിടയിൽ മെച്ചപ്പെട്ട ബോധവത്കരണവും തൃണമൂലാടിസ്ഥാനത്തിലേക്ക് കർഷക സംഘങ്ങളുടെ പ്രവർത്തനങ്ങളുടെ വിപുലീകരണവും, മെച്ചപ്പെട്ട മേൽനോട്ട - (മാനേജ്മെന്റ്) പ്രവർത്തനവും ഉണ്ടായാൽ, അങ്ങിനെ അന്താരാഷ്ട്ര മാനദണ്ഡങ്ങൾ അനുസരിച്ചു പ്രവർത്തിക്കുവാനും, പ്രശ്നങ്ങളെ അഭിമുഖീകരിക്കുവാനും, എല്ലാറ്റിനുമുപരി അന്താരാഷ്ട്രവിപണിയിൽ പ്രവേശിക്കുന്നതിനും കഴിയുന്നതുമാണ്. റബർ ബോർഡ് ഇപ്പോൾ നല്കിവരുന്ന സഹായങ്ങൾ - മാനവശേഷി വികസനം, അടിസ്ഥാന സൗകര്യവികസനം, നിലവിലുള്ള റബർ സംസ്കരണ പ്ലാന്റുകൾ നവീകരിക്കുന്നതിനുവേണ്ട നിക്ഷേപസഹായം, മൂല്യവർദ്ധനവ്, സ്റ്റോറേജ്, പാക്കിംഗ്, അതുപോലെ പ്രധാനമായ കാർഷികവിജ്ഞാനവും, വിവരങ്ങളും ലഭിക്കാൻ സൗകര്യവും, അന്താരാഷ്ട്രവിപണിയിൽ പിടിയുറപ്പിക്കുക എന്നീ കാര്യങ്ങളിൽ എല്ലാവിധ സഹായങ്ങളും സർക്കാരും, റബ്ബർബോർഡും റബർ കർഷകർക്ക് ചെയ്തുകൊടുക്കണം. (ആകസ്മികമായി) സംസ്ഥാനസർക്കാർ ഇപ്പോൾ നല്കുന്നതായ - സംഭരണം സുകരമാക്കുവാനും, സഹകരണസംഘങ്ങൾക്ക് ചരക്കുനീക്കച്ചെലവുകൾ ഇളവുചെയ്യുവാനും വ്യാപിപ്പിച്ചിരിക്കുന്ന സഹായം കൂടുതൽ പ്രത്യുല്പാദനപരവും സുസ്ഥിരവുമായി വിനിയോഗിക്കാവുന്നതാണ്. മുമ്പ് ചൂണ്ടിക്കാണിച്ച മേഖലകളിൽ റബ്ബർ ഉത്പാദകസംഘങ്ങളെ (RPS) ചിലരുടെ വിപണി കടന്നുകയറ്റങ്ങൾക്ക് എതിരെ ഒരു സംവിധാനം സൃഷ്ടിക്കാൻ വേണ്ട ശേഷിയുണ്ടാക്കാൻ സർക്കാരും ബോർഡും സഹായിക്കണം. കാർഷിക വികസനത്തിന് ലഭ്യമായ സ്രോതസ്സുകളെ, സംസ്ഥാനത്തെ, പ്രാദേശികസ്വയംഭരണസ്ഥാപനങ്ങൾ (ഗ്രാമപഞ്ചായത്തുകളും, ജില്ലാ പഞ്ചായത്തുകളും) വിശേഷിച്ചും റബർകൃഷിമേഖലകൾ ഉൾപ്പെടുന്ന (ഈ സ്ഥാപനങ്ങൾ വളരെ ഗണ്യമായ ശക്തികേന്ദ്രങ്ങളാകയാൽ) അവയുടെ വിഭവങ്ങളെ റബ്ബർ വികസനത്തിനാവശ്യമായ പ്രസ്ഥാനങ്ങൾ, സ്ഥാപനങ്ങൾ, പരിപാടികൾ ആരംഭിച്ചു പ്രവർത്തിക്കുന്നതിലേക്ക് തിരിച്ചുവിടേണ്ടത് ആവശ്യമാണെന്ന് കമ്മിഷൻ കരുതുന്നു. റബ്ബറുത്പാദനത്തിന്റെ അടിത്തറ വലിയൊരു സംഖ്യ വരുന്ന ചെറുകിട ഭൂവുടമകളാണെന്ന വസ്തുത പരിഗണിച്ച്, സുസ്ഥിരമായ വികസന മാതൃകകൾ ഉരുത്തിരിച്ചെടുക്കേണ്ടതുണ്ട്. അതിൽ ഇന്നത്തെ പ്രതിസന്ധിയ്ക്ക് വിധേയരായവരും മറ്റു ബന്ധപ്പെട്ടവരും സജീവമായ പങ്കുവഹിക്കേണ്ടതാണ്. പങ്കാളിത്തം, തീരുമാനം എടുക്കുന്നതിലും നയരൂപീകരണത്തിലും ഒതുങ്ങി നിന്നാൽ പോര, പിന്നെയോ റബ്ബർമേഖലയുടെ സമഗ്രവും സാർവ്വത്രികവുമായ നവീകരണത്തിന് വേണ്ട വിവിധ പരിപാടികൾക്കാവശ്യമായ നിക്ഷേപ സംരംഭങ്ങളിലും അവരുടെ പ്രകടമായ സംഭാവന ഉണ്ടാവുകയും വേണം.

## 14. റബ്ബർ ഉല്പന്നങ്ങളുടെ വിദേശ ഇറക്കുമതി റബ്ബർ മേഖലയിലുണ്ടാക്കുന്ന പ്രത്യാഘാതം

**അസംസ്കൃത റബറിന്റെ വമ്പിച്ച ഇറക്കുമതിയേക്കാൾ, റബ്ബർ ഉത്പന്നങ്ങളുടെ ഇറക്കുമതി ആഭ്യന്തരവ്യവസായത്തിന് ഗൗരവതരമായ ആഘാതങ്ങളാണ് ഏല്പിക്കുന്നത്**. ഇത് പരോക്ഷമായി ആഭ്യന്തര ഉപഭോഗത്തെ താഴോട്ടുകൊണ്ടു വരികയും, ഉത്പാദനരംഗത്തിന്റെ പ്രധാന താല്പര്യങ്ങളെ ഗാഢമായി സ്വാധീനിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ആഭ്യന്തര വ്യവസായങ്ങൾ എല്ലാം ഗുണനിലവാരത്തിന്റെ കാര്യത്തിൽ വളരെ മുമ്പോട്ടു പോകേണ്ടതായിട്ടുണ്ട്. ഇതോടൊപ്പം മാത്സര്യക്ഷമതയിൽ മുന്നേറാത്തപക്ഷം അന്താരാഷ്ട്രനിലവാരത്തിൽ നമുക്ക് എത്താൻ കഴിയാതെ പോകും. ഗുണമേന്മയിൽ ഒന്നാംകിടയാവുകയും

മാത്സര്യക്ഷമതശേഷിയും ശക്തിയും ആർജ്ജിച്ചാൽ വിദേശത്തുനിന്നും തരംതാണ റബ്ബറുത്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നത് ഒഴിവാക്കാൻ കഴിയുമെന്നുമാത്രമല്ല രാജ്യത്തിന് അന്താരാഷ്ട്രവിപണിയിൽ സജീവപങ്കാളിത്തം ഉണ്ടാക്കാനും അത് സുസ്ഥിരമാക്കാനും കഴിയുന്നതാണ്.

### 15. തന്ത്രപരമായ വിപണി വിവരങ്ങൾ കർഷകർക്ക് നല്കുന്നവഴിയുള്ള സഹായം

വിപണിയിൽ പ്രായോഗികക്ഷമമായ തന്ത്രങ്ങൾ മെനയുന്നതിനും ഏറ്റവും കാലികമായ വിപണിയെ സംബന്ധിച്ച വിവരങ്ങൾ കർഷകർക്ക് എത്തിച്ചുകൊടുക്കുന്നതിനും ഉള്ള പഠനങ്ങൾ വർദ്ധിച്ച തോതിൽ ഏറ്റെടുക്കേണ്ടതാണ്. വിവരങ്ങൾ സൃഷ്ടിക്കുക, സമാഹരിക്കുക, വിപണിയേയും അനുബന്ധ മേഖലകളേയും പഠിച്ചും പ്രവണതകളെ അപഗ്രഥിച്ചും, വിപണിയെ സൂക്ഷ്മനിരീക്ഷണം ചെയ്തും വേണം, അസംസ്കൃത റബ്ബറിന്റേയും, റബറുത്പന്നങ്ങളുടേയും കാര്യത്തിൽ പുരോഗതി സാദ്ധ്യമാക്കേണ്ടത്. ഇക്കാര്യത്തിൽ റബ്ബർബോർഡിന്റെ നിർബന്ധമായ കർത്തവ്യമാണ് വിവരങ്ങൾ സമ്പാദിക്കുകയും അവ ബന്ധപ്പെട്ടവരുമായെല്ലാം പങ്കിടുക എന്നത്. എന്നാലിതിലേക്ക് ബോർഡിന്റെ മേൽനോട്ടത്തിൽ വിപണനത്തിനും, നേതൃത്വത്തിലുള്ള സാമ്പത്തിക ഗവേഷണത്തിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങളും ശക്തമാക്കേണ്ടതായിട്ടുണ്ട്.

### 16. തൊഴിലാളി ക്ഷേമപ്രവർത്തനങ്ങളുടെ ഗുണവശങ്ങൾ കണക്കിലെടുക്കുക

തൊഴിലാളി ക്ഷേമപ്രവർത്തനങ്ങളും നടപടികളും സംസ്ഥാനത്ത് സർക്കാർ വിവിധ തലങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ളവയെ ഗുണപരമായും വസ്തുനിഷ്ഠമായും കാണുകയും വിലയിരുത്തുകയും ചെയ്യണം. കാരണം വികസ്വര രാജ്യങ്ങളിലെ കുറഞ്ഞ കൂലി നിരക്കിന്റെമെച്ചം വളരെയേറെ ഇപ്പോൾ ചോദ്യം ചെയ്യപ്പെടുന്നുണ്ട്. ഇതിനെതിരെ ഭീഷണിയുയർത്തുന്നത് താരിഫേതര നടപടികളാണ് അവ വ്യാഖ്യാനിക്കുന്നത് അദ്ധ്വാനത്തെ ദുരുപയോഗം ചെയ്യുന്നു എന്നാണ്. അതേ സമയം സ്വാഭാവിക റബ്ബറിന്റെ ഉത്പാദനവർദ്ധനവിനുള്ള ശ്രമങ്ങൾ ചെലവുകുറഞ്ഞവയാക്കുവാൻ എന്തൊക്കെ ചെയ്യണമെന്ന കാര്യത്തിൽ ബന്ധപ്പെട്ടവരുടെ സമവായം ഉണ്ടാകേണ്ടതുണ്ട്. എന്നാൽ മാത്രമേ ചെറുകിട റബ്ബറുത്പാദകർക്ക് നിരപ്പായ കളിക്കളത്തിൽ വിപണിയിൽ മത്സരിക്കാനാവൂ. അതുപോലെ പ്രധാനമാണ് മേൽനോട്ടം നിർവ്വഹിക്കുന്നതിൽ വേണ്ട കുശലതയും ചാതുര്യവും ഉയർന്ന നിലവാരത്തിലാകേണ്ടത്. ഈ രംഗത്ത് ഇന്നുള്ള എല്ലാം ആയെന്ന ചിന്തയും അഹംഭാവവും ദൂരെക്കളഞ്ഞുകൊണ്ട് പ്രശ്നബാധിതരുടേയും പ്രതിസന്ധിക്ക് വിധേയരായിട്ടുള്ള എല്ലാ വിഭാഗം ആളുകളുടേയും തൊഴിൽപരമായ കാര്യക്ഷമത (professionatism) ഗണ്യമായി വർദ്ധിപ്പിക്കേണ്ടതും അത്യാവശ്യമാണ്.

### 17. കൃഷിച്ചെലവുകുറഞ്ഞ ഉത്പാദനരീതി

റബ്ബർ വിപണിയിലെ മാത്സര്യം ഉയർത്തുന്ന വെല്ലുവിളികളെ ഗണ്യമായി നേരിടുവാൻ ഉത്പാദനക്ഷമതയുടെ വർദ്ധനവ് ഭാഗികമായി മാത്രമേ സഹായകമാവൂ. വിപണി മാത്സര്യത്തിന്റെ വെല്ലുവിളികൾ നേരിടാൻ ശക്തരാകണമെങ്കിൽ ഉത്പാദന ക്ഷമതാവർദ്ധനവിന് സമാന്തരമായി, ഒരു പക്ഷേ, അതിനേക്കാൾ പ്രാധാന്യം നല്കേണ്ട കാര്യമാണ് കൃഷിയിലെ മിത വ്യയതന്ത്രം. സ്വാഭാവിക റബറിന്റെ ഉത്പാദനത്തിന് സഹായം ലഭ്യമാകുമ്പോൾ അതോടൊപ്പം ഉത്പാദനത്തിൽ മിത വ്യയരീതിയും കർഷകർ അവലംബിച്ചേ മതിയാവൂ. മിത വ്യയതന്ത്രം, റബർ കൃഷിച്ചെലവുകൾ എങ്ങിനെയെല്ലാം പരമാവധി കുറയ്ക്കാൻ കഴിയുമെന്ന കാര്യത്തിലുള്ള ഗവേഷണം ഊർജ്ജിതപ്പെടുത്തണം. കൃഷിയിൽ, മിത വ്യയ മാർഗ്ഗങ്ങളിലൂടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ ഭൗതികവിഭവങ്ങൾ വളം, കീടനാശിനികൾ, ജലം, വൈദ്യുതി മുതലായവ നല്കുന്നതിനേക്കാൾ വളരെയേറെ ഗുണകരമാണ്, കൃഷിശാസ്ത്രത്തിലും സാങ്കേതികത്വത്തിലും, മാനേജ്മെന്റിലും വേണ്ട പരിശീലനങ്ങൾ കർഷകർക്ക് ആസൂത്രണം ചെയ്ത് നല്കുന്നത് അദ്ധ്വാനിക്കുന്ന കർഷകതൊഴിലാളികൾക്ക് മിതവ്യയനയങ്ങൾ നടപ്പിലാക്കുന്നതിൽ പ്രധാനമായൊരു പങ്ക് വഹിക്കാനുണ്ട്. റബർ കൃഷിക്കാർ അവരുടെ തൊഴിലാളികളെ വിശ്വാസ്യതയിലെടുക്കുകയും, ഇന്നത്തെ പ്രതിസന്ധിമൂലമുള്ള എല്ലാ ക്ലേശങ്ങളിലും വ്യവസായത്തിന്റെ ഉയർച്ചതാഴ്ചകളിലും തൊഴിലാളികൾക്കും തൊഴിൽശക്തിക്കുമുള്ള പ്രധാന പങ്കിനെ എല്ലാവരും അംഗീകരിക്കണം. മേൽനോട്ട നിർവ്വഹണ പ്രക്രിയയിൽ തങ്ങളുടെ തൊഴിലാളുകളുമായി ഒരിക്കലും ഏറ്റുമുട്ടലിന് ഇടവരാതെ, തൊഴിലാളികളുടെ ഭാഗധേയങ്ങൾ നിർണ്ണയിക്കുന്ന അടിസ്ഥാനപരവും പ്രാഥമികവുമായ ഉത്പാദനപ്രക്രിയയിൽ അവരുടെ പൂർണ്ണമായ സഹകരണമുണ്ടാകാൻ വേണ്ട പ്രോത്സാഹനവും, പ്രേരണയും അനുനയവും ഉള്ള സമീപനം ഉണ്ടാവേണ്ടത് ആവശ്യമാണ്.

## 19. കയറ്റുമതിയിൽ മാത്സര്യക്ഷമതയ്ക്കും വരുമാനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉയർത്തേണ്ടതിന്റെ അനിവാര്യത

ഗുണനിലവാരം ഉയർത്തുന്നതുകൊണ്ടുമാത്രം റബ്ബറിന്റെ വിലയിൽ 10 ശതമാനത്തിനും 20 ശതമാനത്തിനും ഇടയ്ക്ക് വർദ്ധന നേടാൻ കഴിയുമെന്ന് വ്യക്തമാണ്. രാജ്യത്തുത്പ്പാദിപ്പിക്കപ്പെടുന്നതും ഉയർന്ന നിലവാരമുള്ളതുമായ റിബ്ഡ് സ്മോക്ഡ് റബ്ബർ ഷീറ്റിന്റെ (RSS) 40 ശതമാനം ഗുണനിലവാരത്തിൽ തക്കതായ അംഗീകാരമുണ്ട്. അടുത്തകാലത്ത് പ്രചാരത്തിൽ വന്നതും സാങ്കേതികമായി മെച്ചപ്പെട്ടതെന്ന് വർഗ്ഗീകരിക്കപ്പെട്ടതുമായ ടെക്നിക്കലി സ്പെസിഫൈഡ് റബ്ബർ (TSR) ഗ്രേഡുയർന്ന റബ്ബറാണ്. റബ്ബർ കൃഷിക്കാർ വിളവെടുപ്പിനുശേഷം പരമ്പരാഗതമായി പുലർത്തിവരുന്ന അനുശീലനങ്ങളിൽ പലതിലും നിന്നവർ എത്രയും വേഗം പിന്തിരിഞ്ഞുകൊണ്ട് അന്താരാഷ്ട്രതലത്തിൽ അംഗീകാരം ലഭിക്കുന്നതിനുള്ള ഗുണനിലാവാര മാനദണ്ഡങ്ങൾ അനുസരിക്കാനുള്ള നടപടികൾ നേരത്തെ സ്വീകരിക്കേണ്ടതാണ്. കൂടുതൽ വികസ്വരവും വിപുലവുമായ അടിസ്ഥാനസൗകര്യങ്ങളും ഈ രംഗത്ത് വേണ്ട സ്ഥാപനങ്ങളും കെട്ടിപ്പടുക്കേണ്ടതുണ്ട്. ഈ മേഖലയിൽ എല്ലാം മുഖ്യപങ്കുവഹിക്കുന്നവർ ചെറുകിട റബ്ബർ കർഷകരാണെന്ന വസ്തുത കണക്കിലെടുത്തുകൊണ്ട് വേണം ഈ രംഗത്തെ പ്രവർത്തനങ്ങളാകെ ചലനക്ഷമമാക്കേണ്ടത്. നിലവിലുള്ള പ്രോസസിംഗ് പ്ലാന്റുകൾ മൂല്യവർദ്ധന പ്രവർത്തനങ്ങൾ, സ്റ്റോറേജ്, പാക്കിംഗ്, വിവരവും വിജ്ഞാനവും ലഭ്യമാക്കൽ, അന്തരാഷ്ട്ര വിപണിയിൽ സ്ഥാനം ഉറപ്പിക്കൽ എന്നീ പ്രധാന ദൗത്യങ്ങളിലെല്ലാം ആധുനികവത്ക്കരണത്തിന് വേണ്ടത്ര ഊന്നൽ നല്കണമെന്നാണ് കമ്മിഷന് നിർദ്ദേശിക്കാനുള്ളത്.

## 20 കാർഷികരംഗത്തെ അടങ്കൽ വരുമാനം വർദ്ധിപ്പിക്കൽ

റബർ തോട്ടങ്ങളിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതുവഴി പരോക്ഷമായി മത്സരക്ഷമത വർദ്ധിപ്പിക്കാവുന്നതാണ്. വിളവെടുപ്പിനുള്ള കാലം റബ്ബറിന്റെ ഇടവിളയായി പലവിഭവങ്ങളും കൃഷി ചെയ്യുവാൻ ധാരാളം അവസരങ്ങളാണുള്ളത്. കൈതച്ചക്ക, ഏത്തവാഴ, മരച്ചീനി, ഇഞ്ചി എന്നിവയുടെ കൃഷിക്ക് ഇടവേളക്കാലം നാം വിപുലമായി വിനിയോഗിക്കേണ്ടതാണ്. ഒരുത്പാദ ചക്രം പൂർത്തിയാക്കിയ റബർ മരങ്ങളെ ഈ രംഗത്തെ ഒരു നല്ല പാർശ്വോല്പന്നമായി കാണാവുന്നതാണ്. ഇത് വരുമാനം വർദ്ധിപ്പിക്കും. ( ഈ ചർച്ചയിൽ ചില നിർദ്ദേശങ്ങൾ കമ്മീഷൻ അന്യത്ര മുമ്പോട്ടുവച്ചിട്ടുണ്ട്) റബർ കറയെടുക്കാൻ പാകമാകും വരെയുള്ള കാലത്ത് ആകർഷണീയമായ ഇട/അടി വിളകൃഷി എങ്ങിനെ വികസിപ്പിക്കുകയും പ്രചരിപ്പിക്കുയും ചെയ്യാമെന്ന് നാമിനിയും കാര്യമായി ചിന്തിച്ചിട്ടില്ല. ഈ കാര്യത്തിൽ തീവ്രയത്ന പരിപാടികൾ ആസൂത്രണം ചെയ്യണം. ഉത്പാദനക്ഷമമായ ഒരു റബ്ബർ തോട്ടത്തിൽ നിന്നും തേനീച്ചക്കൃഷിയിലൂടെ ഒരു ഹെക്ടറിൽ നിന്നും പ്രതിവർഷം ഏകദേശം 182 കി.ഗ്രാം തേൻ ഉത്പാദിപ്പിക്കുകയും 5000 രൂപയുടെ വരുമാനവും ഉണ്ടാക്കാം. എന്നിരുന്നാലും അത്തരം പരിപാടികൾക്കുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് നിരൂപണ ദൃഷ്ട്യാ പഠിക്കുകയും വിപുലമായി ഇത്തരം ഇടവിള കൃഷികൾ പ്രയോഗത്തിൽ വരുത്തുമ്പോഴുള്ള മുൻഗണനാക്രമങ്ങൾ എന്തെല്ലാമെന്ന് അറിയാൻ കഴിഞ്ഞാൽ പരിഹാരങ്ങൾ നിർദ്ദേശിക്കാൻ എളുപ്പമായിരിക്കും. അതുപോലെ നാം അവഗണിക്കുന്ന ഒന്നാണ് റബ്ബർ കുരുവെണ്ണ, പിണ്ണാക്ക്. ഇത് വാഗ്ദാനം ചെയ്യുന്ന അവസരങ്ങളും സാധ്യതകളും എന്തുകൊണ്ട് കണക്കിലെടുക്കുന്നില്ല എന്നും പരിശോധിക്കാവുന്നതാണ്.

## 21 മിതവ്യയാടിസ്ഥാനത്തിലുള്ള ഉത്പാദനത്തിലും ഉത്പാദനക്ഷമതാ വർദ്ധനവിലും വേണ്ട മുതൽമുടക്ക്

ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും മിതവ്യയത്തോടുകൂടിയ ഉത്പാദന രീതിക്കും അവശ്യം വേണ്ടത്. മുതൽ മുടക്കാണ്. തന്ത്രപ്രധാനമായ മേഖലയിൽ സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കുന്നതിനും അതായത്, റബ്ബറിന്റെ അപക്വകാലം (immaturity period) കുറയ്ക്കുന്നതിനും, വൃക്ഷത്തിന്റെ സാമ്പത്തിക ജീവിതകാലം ദീർഘിപ്പിക്കുന്നതിനും രോഗം, കീടം സമ്മർദ്ദം എന്നിവയെ ചെറുത്തു നിൽക്കാൻ ശക്തിയുള്ള തൈകളുടെ ഉത്പാദനത്തിനും (മറ്റു പ്രജനന പരിപാടികൾ ഒഴിവാക്കി) വളരെ തീവ്രമായ പുനർ നടീൽ പദ്ധതികൾ ഏറ്റെടുത്ത് നടത്തേണ്ടതാണ്. **പാർശ്വസ്ഥലങ്ങൾ നടാതെ വിട്ടുകളയാറുള്ളതാണ്**. പ്രതിവർഷം 80 കോടി രൂപയാണ് സെസ്സ് വകയിൽ ഈ മേഖലയ്ക്കു ലഭ്യമാകുന്നത്. അത് റീപ്ലാന്റിംഗിനും ആവശ്യമായ ശാസ്ത്രീയ വികസനത്തിനും വേണ്ടി വിനിയോഗിക്കാവുന്നതാണ്.

## 22. റോഡ് നിർമ്മാണത്തിന് റബ്ബറിന്റെ വിനിയോഗക്ഷമത പ്രോത്സാഹിപ്പിക്കുക

സ്വാഭാവിക റബറിന്റെ വിലസുസ്ഥിരത ഉറപ്പാക്കുന്നതിനുള്ള തന്ത്രങ്ങളിൽ ഒന്ന് റബറിന് പുതിയ പുതിയ പ്രയോജനക്ഷമത കണ്ടെത്തുകയും വൻതോതിലുള്ള എൻ.ആർ.ന്റെ ഡിമാന്റ് വികസ്വരമാക്കി സുസ്ഥാപിതമാക്കുകയാണ് അത്തരമൊരു അവസരമാണ് റോഡുകൾ റബറൈസ് ചെയ്യുന്നത്. ബിറ്റുമന്റെ കൂടെ 2% മുതൽ 3% വരെ റബർ ചേർത്ത് വിനിയോഗിക്കുന്നതുകൊണ്ട് റോഡിന്റെ ജീവൻ സുരക്ഷ വളരെ ദീർഘിപ്പികാമെന്നുള്ള വസ്തുത ഇന്ന് ലോകമെമ്പാടും അംഗീകരിക്കപ്പെട്ടിരിക്കുന്നു. **റബ്ബറുമായി കലർന്ന ബിറ്റുമന്റ് കൊണ്ട് റോഡുകൾ റബറൈസ് ചെയ്യുന്നത് റോഡിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുപുറമേ, റോഡിന്റെ അറ്റകുറ്റപണികൾക്കായി. നീക്കിവയ്ക്കുന്ന ഭാരിച്ച ചിലവു ലാഭിക്കുകയും ചെയ്യാം.** ഒരു പ്രാവശ്യം അറ്റകുറ്റ പണിചെയ്യുന്നതിനു വേണ്ടിവരുന്ന ചിലവേ റബ്ബറൈസ്സു ചെയ്യുവാൻ ആവശ്യമുള്ളൂ. കമ്മിഷന് ലഭിച്ച വിവരം അനുസരിച്ച് കേന്ദ്രസർക്കാർ എല്ലാ സംസ്ഥാന സർക്കാരുകളോടും ദേശീയ പാത നിർമ്മാണ അധികാരികളോടും ആകെ റോഡിന്റെ 10% എങ്കിലും റബറൈസു ചെയ്യണമെന്ന് നിർദ്ദേശിച്ചു എങ്കിലും അത് ഒരുത്തരും നടപ്പിലാക്കിയതായി കാണുന്നില്ല. കേരളത്തിന് സ്വാഭാവിക റബറിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കണമെന്ന നിക്ഷിപ്ത താല്പര്യം ഉള്ളസ്ഥിതിക്ക്-കേരളംതന്നെ ഈ കാര്യത്തിൽ മാതൃക കാണിക്കുകയും, ഇതിന്റെ സാദ്ധ്യത മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുകയും, കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം അംഗീകരിക്കുകയും അതു പൊതുമരാമത്ത് വകുപ്പിലൂടെ നടപ്പിലാക്കുകയും ചെയ്യണമെന്ന് കമ്മിഷൻ ശക്തമായി ആഹ്വാനം ചെയ്യുന്നു. കേന്ദ്രസർക്കാരിന്റെ നിർദ്ദേശം സ്വീകരിച്ചുകൊണ്ട് ധാരാളം ചർച്ചകൾ ഇതിനകം നടന്നുകഴിഞ്ഞെങ്കിലും കേരള പൊതുമരാമത്ത് വകുപ്പ് ഇക്കാര്യത്തിൽ യാതൊരു നടപടിയും എടുത്തിട്ടില്ല.

## 23. മത്സരക്ഷമതയുള്ള റബ്ബർ വ്യാവസായം എൻ.ആർ.ന്റെ ഉത്പാദനം സുസ്ഥിരമാക്കുക

അസംസ്കൃത റബ്ബറിന്റെ ആഭ്യന്തര വ്യവസായത്തിന് ഗൗരവതരമായ ആഘാതം ഏൽപ്പിക്കുന്നത് വിദേശ റബ്ബറുൽപ്പന്നങ്ങളുടെ ഇറക്കുമതിയാണ്. ഈ നടപടി പരോക്ഷമായി ആഭ്യന്തര ഉപഭോഗത്തെ ഇടിച്ചുതാഴ്ത്തുകയും ഉത്പാദകരുടെ താല്പര്യങ്ങളെ ഗണ്യമായി ബാധിക്കുകയും ചെയ്യും. എന്നാൽ ആഭ്യന്തര വ്യവസായം ഗുണനിലവാരത്തിന്റേയും മത്സര്യക്ഷമതയുടെയും കാര്യത്തിൽ വളരെയേറെ പുരോഗതി കൈവരിച്ചാൽ മാത്രമേ അന്താരാഷ്ട്ര നിലവാരങ്ങളോട് കിടപിടിക്കുവാൻ സാധിക്കൂ. കൂടാതെ വിലകുറഞ്ഞ വ്യവസായ ഉത്പന്നങ്ങളുടെ അന്താരാഷ്ട്രവിപണിയിലെ സ്ഥാനം നിലനിറുത്തുന്നതിന് വിപണിയിൽ നമ്മുടെ ഉത്പന്നങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാനും അതു സഹായിക്കും. കാലക്രമത്തിൽ സ്വാഭാവിക റബ്ബറിന്റെ വില ഉയരുന്നുതോടൊപ്പം അതിനനുസരണമായി എസ്.ആർ.ന്റെ വിലയും എൻ.ആർ.നെ അടിസ്ഥാനമാക്കി നിർമ്മിക്കുന്ന ഉത്പന്നങ്ങളുടെ വിലയും വേഗം ഉയരുന്നതുമാണ്. റബ്ബർ വ്യവസായ ഉത്പന്നങ്ങൾക്ക് മത്സരക്ഷമതയില്ലാതാകുന്നതിന് കാരണം സ്വാഭാവിക റബ്ബറിന്റെ വില ഉയരുന്നതുകൊണ്ടാണെന്ന വാദം നീതീകരിക്കാവുന്നല്ല.

## 24. റബ്ബർ തടി നിർമ്മാണപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുക

കറയെടുക്കുന്ന കാലം കഴിഞ്ഞ്, റബർമരം, അതിന്റെ സാമ്പത്തിക അസ്ഥിത്വമായ 30 വർഷത്തിന്റെ അവസാനത്തിൽ വെട്ടിമാറ്റപ്പെടുമ്പോഴുള്ള ഒരു പാർശ്വ ഉത്പന്നമാണല്ലോ റബർ തടി. കേരളത്തിൽ റബർ കൃഷി ഉള്ളിടത്തോളം ഈ പ്രക്രിയ അവിരാമം തുടരുകയും ചെയ്യും. ഇപ്പോഴത്തെ വെട്ടിമുറിച്ചു നീക്കലിന്റേയും പുനർനടീലിന്റേയും തോതുവച്ചു നോക്കിയാൽ പ്രതിവർഷം ഏകദേശം 1 ദശ ലക്ഷം ചതുരശ്രമീറ്റർ റബ്ബർ തടി റബ്ബർതോട്ടങ്ങളിൽ നിന്നും ലഭ്യമാണ്. റബ്ബർ തടികൊണ്ട് ഫർണിച്ചറും, മറ്റു ഗൃഹാലങ്കാര വസ്തുക്കളും നിർമ്മിക്കാമെന്നും, അതിന് റബ്ബർ തടി വളരെ അനുയോജ്യമാണെന്നും കണ്ടുകഴിഞ്ഞിരിക്കുന്നു. അമേരിക്കൻ ഐക്യനാടുകളിലും ജപ്പാനിലും യൂറോപ്പിലും അതിന് നല്ല വിപണിയും ഉണ്ട്. റബ്ബർ തടി പരിഃസ്ഥിതി മിത്രമാണെന്ന നിലയിൽ അത് നമ്മുടെ നാട്ടിലെ വന നശീകരണത്തിന്റെ സമ്മർദ്ദത്തെ ഗണ്യമായി കുറയ്ക്കാൻ റബർ തടിയുടെ മേൽപ്പറഞ്ഞ വിനിയോഗ മാർഗ്ഗങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. റബ്ബർ തടിയുടെ പ്രോത്സാഹനാർത്ഥം പല ശ്രമങ്ങളും നടന്നുവരുന്നുണ്ട്. ഇപ്പോൾ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നത് ഹൈ എൻഡ് യൂസസ് എന്നു പറയുന്ന വിലപിടിപ്പുള്ള ഫർണീച്ചറും, റബ്ബർ തടികൊണ്ടുള്ള കൗതുകകരമായ പാനലിംഗും മറ്റുമാണ്. വാസ്തവത്തിൽ വിപണിയുടെ ഈ മേഖലയിൽ മൂല്യവർദ്ധനവിന് ബൃഹത്തായ സാദ്ധ്യതകളാണുള്ളത്. അത് ഏകദേശം 1500% വരെയാണ്! ഇക്കാര്യത്തിൽ നാം മലേഷ്യയുടെ അനുഭവങ്ങളെ മാതൃകയാകേണ്ടതാണ്. റബ്ബർതടിയുടെ വിപണി നമുക്ക് പൂർണ്ണമായി നിയന്ത്രണാധീനവുമായിരിക്കും. കാരണം അത് തടിയുടെ ലഭ്യതയെ ആശ്രയിച്ചാണല്ലോ ഇരിക്കുന്നത്. റബ്ബർ തടിക്ക്

രാജ്യത്തിനുള്ളിൽ തന്നെ ഡിമാന്റു ഉണ്ടാക്കുന്നതിന് നാം മുൻഗണന നല്കുകയും വേണം. നിർമ്മാണ ങ്ങൾക്ക് പറ്റിയ തടിയെന്ന നിലയിൽ വമ്പിച്ച വിപണി ഈ മേഖലയിൽ വിഭാവന ചെയ്യാവുന്നതാണ്. കത കുകളുടെയും ജനാലകളുടേയും ചട്ടക്കൂടുകൾ നിർമ്മിക്കുന്നതിനും സ്ഥാപനങ്ങളുടേയും സ്വകാര്യഭവന ങ്ങളുടേയും നിർമ്മാണത്തിനും മറ്റനുബന്ധ ഉപയോഗങ്ങൾക്ക് റബ്ബർ തടി വിനിയോഗിക്കാം. ഈ രംഗ ത്താണ് പരിമിതമായ വനസമ്പത്തുള്ള നാമും ഏഷ്യയിലേയും ആഫ്രിക്കയിലേയും വികസ്വരരാജ്യങ്ങളും (മരക്കച്ചവടത്തെ കൂടുതൽ ഇവരാശ്രയിക്കാറുണ്ട്) തമ്മിൽ വിദേശനാണ്യം നേടുവാനായി മത്സരിക്കുന്നത്. നമുക്ക് ഒരിക്കലും തിരിച്ചുകൊണ്ടുവരാനാകാത്ത ഉഷ്ണമേഖലാവനങ്ങളുടെ വേഗത്തിലുള്ള നശീകരണ പ്രക്രിയയിൽ നമുക്ക് വലിയൊരു പങ്കുണ്ട്. വനവൃക്ഷസമ്പത്ത് ഇന്ന് വലിയ സമ്മർദ്ദത്തിന് വിധേയമായിരി ക്കുന്നു ഇപ്രകാരമുള്ള ഒരു ശൂന്യതയുടെ സന്ദർഭത്തിൽ ഒരു ആശ്വാസമായി റബ്ബർ തടിയ്ക്ക് കടന്നുവരാൻ കഴിയും. നമ്മുടെ പരിസ്ഥിതി വ്യവസ്ഥയ്ക്ക് വലിയ സംഭാവന ചെയ്യുവാൻ അവർ തടിയുടെ ഉപയോ ഗത്തെ പ്രോത്സാഹിപ്പിക്കുകവഴി നമുക്ക് കഴിയുന്നതാണ്. അങ്ങിനെ നോക്കിയാൽ ഒരുവശത്ത് റബ്ബർ വഹി ക്കുന്ന പരിസ്ഥിതി ധർമ്മവും മറുവശത്ത് അത് വഹിക്കുന്ന സാമ്പത്തിക ധർമ്മവും കൊണ്ട് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്നു. ഇന്നിപ്പോൾ താണമൂല്യമുള്ള പാക്കേജിലാണ് റബർ തടിയുടെ നില. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള തടിയുടെ വിപണിയിൽ ലഭ്യമായ മിക്കവാറും എല്ലായിനം തടികളോടും (കനവും ഈടുമുള്ള) മത്സരിക്കുവാൻ സംസ്കരിച്ച റബർ തടിക്ക് കഴിയുന്നതാണ്. വളരെ ലഘുവായ സംസ്കരണം മാത്രം മതിയാവുന്നതാണ്. ഹൈഎൻഡ് യൂസസിനെന്നപോലെ കാഴ്ചയ്ക്ക് ഭംഗിയും, ആകർഷണീയവുമായി പല വസ്തുക്കളും നിർമ്മിക്കാനുപയുക്തമായ റബ്ബർ തടിയ്ക്കും ഉയർന്ന സാങ്കേതിക ചില വില്ലാത്ത സംസ്കരണം മതിയാവും. കുറച്ചു മുതൽ മുടക്കുമാത്രം മതിയാകുന്നതിനാൽ ഇതിനെ ഒരു പ്രാദേശിക മിത്രമായ ഉത്പന്നമായി വിപുലികരിക്കുവാനും, അങ്ങിനെ ഒരു വലിയ വിഭാഗം ജനങ്ങൾക്ക് പ്രാപ്യമാക്കുവാനും കഴിയും. സംസ്ഥാനത്തിന്റെ നാലുഭാഗത്തും റബ്ബർ കൃഷിവ്യാപകമായി നടന്നുവരുന്ന തിനാൽ റബ്ബറിനെ അടിസ്ഥാനമാക്കിയുള്ള മറ്റു വ്യവസായങ്ങളെ അപേക്ഷിച്ച് റബ്ബർ തടി വ്യവസായ ത്തിന് പ്രദേശികമായുള്ള സൗകര്യങ്ങളും സാദ്ധ്യതകളും കേരളത്തിന് ചൂഷണം ചെയ്യുവൻ കഴിയും. റബ്ബർ ഉത്പാദക സംഘങ്ങൾ പോലുള്ള കർഷകസംഘങ്ങൾക്ക് വരുമാനം വർദ്ധിപ്പിക്കുവാനും, സ്വയം തൊഴി ലിൽ ഏർപ്പെടുവാനും ഈ മേഖല ധാരാളം അവസരം ഒരുക്കുന്നതാണ്. അങ്ങനെ വരുമ്പോൾ തീർച്ച യായും കേരളത്തിന് ഇന്ത്യയുടെ മുഴുവൻ മര വ്യവസായ താഴ്‌വരയാകുവാൻ കഴിയുന്നതാണ്. ഗണ്യമായ തോതിൽ റബ്ബർ തടി കയറ്റുമതി ചെയ്തുകൊണ്ട് മേൽപ്പറഞ്ഞ കാര്യം സാദ്ധ്യമാക്കാം. ഇങ്ങനെ റബ്ബർ തടി തുറന്നു തരുന്ന പുതിയ സംരംഭങ്ങൾ ഉയർത്തുന്ന സാമൂഹ്യപ്രശ്നങ്ങൾകൂടി പരിഹരിക്കാനും നടപടികൾ സ്വീകരിക്കേണ്ടതായിവരും. റബ്ബർ തടി വ്യാപാരം തുടരുന്നപക്ഷം, വരുമാന വർദ്ധനവിന് സാദ്ധ്യത ഉറപ്പാ ക്കാനും റബർ കർഷകർക്കൊരു നല്ല അവസരം തുറന്നു കൊടുക്കാനും സാധിക്കുന്നതാണ്.

### 25. മൂല്യവർദ്ധനശേഷി വികസിപ്പിക്കുക

ലോകത്തെ ഏറ്റവും റബ്ബർ വ്യവസായങ്ങളിൽ ഒന്നാണ് കേരളത്തിന്റേത്. കേരളത്തിന്റെ ഈ രംഗത്തെ സ്ഥാനം 4-ാ മതോ 5-ാമതോ ആണ്. എന്നിരുന്നാലും സ്വാഭാവിക റബറുത്പാദനത്തിന്റെ 94 ശതമാനവും കേരളത്തിന്റേതായിരിക്കുമ്പോഴും റബ്ബറിനെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ വെറും 14 ശതമാനം മാത്രമാണ് സംസ്ഥാനത്തുള്ളത്. സംസ്കരണത്തിലും അതുപോലെ നിർമ്മാണ പ്രവർത്തനങ്ങളിലും കേരളം മൂല്യവർദ്ധനശേഷി തീർച്ചയായും വികസിപ്പിക്കണം. ആഭ്യന്തരവിപണിയും സജീവമാകുന്നില്ല; റബ്ബർ വ്യവ സായങ്ങൾ ആരംഭിക്കുന്നില്ല. റബ്ബറുമായി ബന്ധപ്പെട്ട ഏകദേശം 60 ഓളം വ്യവസായ യൂണിറ്റുകൾ ഉള്ളവ യിൽ ഏറെയും രോഗാതുരമാണ്. ഉള്ളവയ്ക്ക് ഒന്നിലും വേണ്ട മൂലധന മുടക്കുമില്ല. അതുപോലെ പ്രാദേ ശിക ആഭ്യന്തര വിപണയിലും ലോകവിപണിയിലും കടന്നുചെല്ലുവാനാവശ്യമായ സാങ്കേതിക വൈദഗ്ധ്യവും മറ്റും കേരളത്തിൽ കാണുന്നില്ല. ഇതിന്റെ കാരണങ്ങൾ സർക്കാർ പരിശോധിയ്ക്കുകയും, റബറുമായി ബന്ധ പ്പെട്ട മൂല്യവർദ്ധന പരിപാടികളിൽ മൂലധനം നിക്ഷേപിക്കുന്നതിന് തിരികൊളുത്താൻവേണ്ട നടപടികൾ ആസൂത്രണം ചെയ്യുകയും വേണം. ഗുണനിലവാരം ഉയർത്തുന്ന സംസ്കരണ ജോലികളിലേർപ്പെടുന്ന വർക്ക് കൂടുതൽ പിന്തുണ നൽകുകയും ബി15/ഐ.എസ്.ഒ. 9000 സാക്ഷ്യപ്പെടുത്തലുകൾ നേടുവാൻ അവരെ സഹായിക്കുകയും വേണം. ഇത് സ്വകാര്യമേഖലയിലും, സഹകരണമേഖലയിലും, രണ്ടിലും ഉള്ള റബർ കർഷകർക്ക് നൽകാവുന്നതാണ്. വിപണനതന്ത്രങ്ങൾ ഉരുത്തിരിച്ചെടുക്കുന്നതിനും, വിപണിയെക്കുറിച്ച് വിപു ലവും വിശ്വാസയോഗ്യവുമായ വിവരങ്ങൾ കർഷകർക്ക് എത്തിക്കുന്നതിനും വേണ്ട പഠനങ്ങൾ വികസിപ്പി ക്കണം. റബ്ബർ വ്യാപാരത്തിലും സംസ്കരണത്തിലും ഏർപ്പെടുന്ന സഹകരണസംഘങ്ങളെ പ്രോത്സാഹി പ്പിക്കുവാനും നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാനും എൻ.സി.ഡി.സി. യിൽ നിന്നും ധനസഹായം ലഭ്യമാക്കണം. വായ്പകൾക്കുള്ള പലിശ എൻ.സി.ഡി.സി. ഇളവുചെയ്തുകൊടുക്കുകയും അതിന് സംസ്ഥാന

സർക്കാരിന്റെ ഓഹരി മൂലധനത്തിൽ വകകൊള്ളിക്കുകയും ചെയ്യാവുന്നതാണ്. പ്രത്യേക പരിശീലന പദ്ധതികളും വിപണിയിൽ പിന്തുണയും കേന്ദ്രസർക്കാർ നൽകേണ്ടതാണ്. ഗവേഷണത്തിനും, ടെസ്റ്റിനും റബ്ബർ ബോർഡിൽ നിന്നുമുള്ള ഇപ്പോഴത്തെ സഹായങ്ങൾ നാമമാത്രമാണ്. റബ്ബറിനെ അടിസ്ഥാനമാക്കി യുള്ള വ്യവസായവത്കരണ പരിപാടികളിൽ ഊന്നൽ നൽകേണ്ടത് കയറ്റുമതി ഉല്പന്നങ്ങൾക്കായിരിക്ക ണം. വിശേഷിച്ചു സ്വാഭാവിക റബ്ബറുൽപ്പന്നങ്ങൾക്കാണ് കൃത്രിമ റബ്ബറുൽപ്പന്നങ്ങളേക്കാൾ പ്രാധാന്യം നൽകേണ്ടത്. മലേഷ്യ ഇക്കാര്യത്തിൽ അങ്ങനെയാണ് ചെയ്യുന്നത്.

### 1.5.6 തേയില

### 1.5.6.0 തേയിലയും കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയും

തേയില ഉത്പാദനത്തിൽ കേരളത്തിന് ദീർഘമായ ഒരു പാരമ്പര്യമാണുള്ളത്. അതിന്റെ ചരിത്രം ആരം ഭിക്കുന്നത് കോളനി വാഴ്ചയുടെ കാലം മുതലാണ്. ഹൈറേഞ്ച് ജില്ലകളായ ഇടുക്കിയും വയനാടും കേന്ദ്രീ കരിച്ചാണ് കേരളത്തിൽ തേയിലയുടെ ഉല്പാദനം നടക്കുന്നത്. പശ്ചിമഘട്ടത്തിന്റെ ഉയർന്ന പ്രദേശങ്ങ ളിൽ പട്ടണങ്ങളിൽനിന്നും ആപേക്ഷികമായി അകന്ന പ്രദേശങ്ങളിലെ ഒറ്റപ്പെട്ടുകിടക്കുന്ന തോട്ടങ്ങളിലാണ് തേയിലകൃഷി. തേയിലത്തോട്ടങ്ങളുടെ ഗണ്യമായ ഭാഗവും സർക്കാർ ഭൂമിയിലാണ്. മുമ്പ് അവിടെയെല്ലാം 'ഷൊല്ല' കാടുകളും പുൽമേടുകളും നിറഞ്ഞപ്രദേശമായിരുന്നു. മറ്റുള്ളവ 30 ഉം 99 നും വർഷത്തേക്ക് സർക്കാർ പാട്ടത്തിന് സ്വകാര്യ തോട്ടമുടമകൾക്ക് നൽകിയിട്ടുള്ളവയും ആണ്. കേരളത്തിലാകെ 37,000 ഹെക്ടർ സ്ഥലത്താണ് തേയില കൃഷിചെയ്തു വരുന്നത്. 2000 ത്തിലെ കണക്കനുസരിച്ച് മൊത്തം ഉല്പാ ദനം പ്രതിവർഷം 68,590 ടണ്ണാണ്. ഇത് മൊത്തം കൃഷിഭൂമിയുടെ 8 ശതമാനവും രാജ്യത്തെ മൊത്തം ഉല്പാദനത്തിന്റെ 8 ശതമാനവുമാണ്. (68,590 ടൺ)കേരളത്തിലെ എസ്റ്റേറ്റുമേഖലയിൽ തേയിലത്തോട്ട ങ്ങൾക്കാണ് പ്രാമുഖ്യം. അവിടെ 200 ഹെക്ടറിനുമുകളിലുള്ള തോട്ടങ്ങൾ ഉണ്ട്. 75 ശതമാനവും ഇതിൽ പെടുന്നു. സംസ്ഥാനം മൊത്തം തേയില ഉത്പാദനത്തിന്റെ 86 ശതമാനവും ഈ തോട്ടങ്ങളാണ് സംഭാവന ചെയ്യുന്നത്. എന്നാൽ വെറും 2 ശതമാനം ഉത്പാദന യൂണിറ്റുകളേ ഇവിടുള്ളൂ. ഏകദേശം 4000 ചെറുകിട തേയില കൃഷിക്കാർക്ക് 50 ഹെക്ടറിൽ താഴെയാണ് കൃഷിഭൂമി. ഇവരുടെ പക്കൽ മൊത്തം തേയില കൃഷി ഭൂമിയുടെ 10 ശതമാനം മാത്രമാണുള്ളത്. തേയില തോട്ടങ്ങൾ പ്രതിദിനം 98,000 പേർക്ക് തൊഴിൽ നൽകിവരു ന്നു. അതോടൊപ്പം 10000 ചെറുകിട തേയില കൃഷിക്കാരുടെയും ഉപജീവന സുരക്ഷയും തേയില കൃഷി യാണ് നൽകുന്നത്. ആപേക്ഷികമായി ഉയർന്നു അനുപാതത്തിൽ (50 ശതമാനം) സ്ത്രീ തൊഴിലാളികളും (വിശേഷിച്ചും ദിവസക്കൂലിയിൽ പണിയെടുക്കുന്ന) പണി ചെയ്യുന്ന ഒരു മേഖലയാണിത്. ഈ തോട്ടങ്ങ ളിൽ, വിശേഷിച്ചും ഇടുക്കി ജില്ലയിലെ പണിചെയ്യുന്ന തൊഴിലാളികൾ, ഏറെയും സംസ്ഥാനത്തിനു പുറ ത്തുള്ളവരാണ് തമിഴ്നാട്ടിൽനിന്നും അയൽ ജില്ലകളിൽ നിന്നും വന്നവരാണ്. ഇവരിൽ ഭൂരിഭാഗവും പരമ്പ രാഗതമായി തോട്ടങ്ങളിൽ സ്ഥിരതാമസക്കാരാണ്.

### 1.5.6.0 ദേശീയവും ആഗോളവുമായതലങ്ങളിൽ ഉണ്ടായ മാറ്റങ്ങളുടെ സ്വാധീനം

തേയിലയുടെ കാര്യത്തിൽ വിസ്തൃതിയിലും ഉല്പാദനത്തിലും രാജ്യത്തെ മൊത്തത്തിൽ സംസ്ഥാന ത്തിന്റെ പങ്ക് 8 ശതമാനം മാത്രം ആണ്. എങ്കിലും ദേശീയ ചിത്രത്തിൽ അത്ര പ്രാധാന്യം അർഹിക്കു ന്നില്ല. എന്നാൽ രാജ്യത്തെ തേയില വ്യവസായരംഗത്ത് നടന്നുകൊണ്ടിരിക്കുന്ന ചില അടിസ്ഥാനപരമായ പരിവർത്തനങ്ങളിൽനിന്നും ആഗോളതലത്തിൽ നടക്കുന്ന മാറ്റങ്ങളിൽനിന്നും കേരളത്തിന്റെ തേയില വ്യവ സായത്തിന് രക്ഷപ്പെടാനാവില്ല. ലോകത്തെ ഏറ്റവും വലിയ തേയില ഉല്പാദക രാജ്യമായിരുന്നു ഇന്ത്യ. തേയിലയുടെ ഉപഭോഗത്തിലും ഉല്പാദനത്തിലും കയറ്റുമതിയിലും ഇന്ത്യ മുന്നിട്ടുനിന്നിരുന്നു. ഏറ്റവും വലിയ വിദേശനാണ്യസമ്പാദനവും തേയിലയിലൂടെ ഇന്ത്യ നടത്തിയിരുന്നു. എന്നാൽ കഴിഞ്ഞ 2 ദശകങ്ങ ളായി രാജ്യത്തെ മൊത്തം തേയില ഉല്പാദനത്തിന്റെയും ആപേക്ഷികമായി കയറ്റുമതിയിലും നമ്മുടെ പങ്ക് ക്രമേണ കുറഞ്ഞുവരികയുണ്ടായി. 1980 ൽ മൊത്തം ഉല്പാദനത്തിന്റെ 40 ശതമാനം ആയിരുന്നത് 1999ൽ ഏകദേശം 24 ശതമാനമായി കുറഞ്ഞു. അതേസമയം ഉപഭോഗത്തിന്റെ അനുപാതം 10 ശതമാന ത്തിൽ നിന്നും 76 ശതമാനമായി ഉയർന്നു. (അതായത് 346 ദശലക്ഷം കിലോഗ്രാമിൽനിന്നും 650 ദശലക്ഷം കിലോഗ്രാമായി) തേയിലയുടെ കയറ്റുമതി 224 ദശലക്ഷം കിലോയിൽനിന്നും 190 ദശലക്ഷം കിലോഗ്രാ മായി കുറഞ്ഞു. അങ്ങനെ ലോകത്ത് ഒന്നാംസ്ഥാനത്തുനിന്നും നാലാംസ്ഥാനത്തേക്ക് ഇന്ത്യ തള്ളിനീക്ക പ്പെട്ടു. ഇപ്പോൾ ആകെ കയറ്റുമതിയുടെ 13 ശതമാനമാണ് ഇന്ത്യയുടേത്. ശ്രീലങ്ക 21 ശതമാനവും, കെനിയ 19 ശതമാനവും, ചൈന 18 ശതമാനവും കയറ്റുമതി ചെയ്ത് ഒന്നും, ആറും, മൂന്നും സ്ഥാനത്ത് നിൽക്കുന്നു.

അങ്ങനെ തേയില തികച്ചും ആഭ്യന്തര വിപണിയെ കൂടുതൽ ആശ്രയിക്കുന്ന ഒരുത്പന്നമായിത്തീർന്നിരിക്കുകയാണ്. ഒരു കയറ്റുമതി ചരക്കായിരുന്ന ഭൂതകാലത്ത് നിന്നുമുള്ള ഒരുതിരിച്ചുപോക്കാണ് തേയിലയ്ക്കുണ്ടായിട്ടുള്ളത്. അതേസമയം സോഷ്യലിസ്റ്റു രാജ്യങ്ങളുടെ തകർച്ചയോടുകൂടി ഇന്ത്യയുടെ തേയില വ്യവസായത്തിന് നഷ്ടമായത് വളരെ സുരക്ഷിതമായൊരു വിപണിയായിരുന്നു. 2001 ൽപോലും തേയിലയുടെ റഷ്യയിലേക്കും സി.എ.എസ്. രാജ്യങ്ങളിലേക്കുമുള്ള കയറ്റുമതി ഗണ്യമായിരുന്നു.(46 ശതമാനം) മുമ്പത് 53 ആയിരുന്നു. ഒരു ദശവർഷത്തിനുള്ളിലുണ്ടായ മാറ്റമാണിത്. മറുവശത്ത് തേയില വ്യാപാരം ബാർട്ടർ സമ്പ്രദായത്തിൽനിന്നും കറൻസിയിലേക്ക് മാറിയതും, ഗുണനിലവാരത്തിലും, മാത്സര്യക്ഷമതയിലെ വർദ്ധനവിലും വലിയ സമ്മർദ്ദം ചെലുത്തുകയുണ്ടായി. തേയിലയുടെ ദേശീയ ഉല്പാദനത്തിന്റെ നാലിലൊന്നു മാത്രമാണ് ദക്ഷിണേന്ത്യയുടെ ഉല്പാദനം. എന്നാൽ മൊത്തം കയറ്റുമതിയുടെ മൂന്നിലൊന്നാണത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഉത്പാദനത്തിന്റെ $^1/_3$ തെക്കെ ഇന്ത്യ കയറ്റി അയയ്ക്കുമ്പോൾ വടക്കേ ഇന്ത്യ ഉല്പാദനത്തിന്റെ $^1/_5$ മാത്രമാണ് കയറ്റുമതി ചെയ്യുന്നത്. അതിൽ കേരളത്തിന്റെ പങ്ക് 40 ശതമാനം എന്നാണ് കണക്ക്. അതായത് കേരളം ഉല്പാദിപ്പിക്കുന്ന തേയിലയുടെ 44 ശതമാനം  കയറ്റുമതി ചെയ്യപ്പെടുന്നു എന്നർത്ഥം. അതിനാൽ സ്വാഭാവികമായും സംസ്ഥാനത്തെ തേയില വ്യവസായത്തിന്റെ നിലനിൽപും ഭാവിയും, ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനേയും കൂടുതൽ മാത്സര്യക്ഷമത കൈവരിക്കുന്നതിനേയും ആണ് ആശ്രയിച്ചാണിരിക്കുന്നത്.

## തേയിലത്തോട്ട വ്യവസായത്തിലെ പ്രതിസന്ധി

### 1.5.6.1 വിലത്തകർച്ച

1990 കളുടെ ആദ്യപകുതിയിൽ ഉടനീളം(1990 നും 96 നുമിടയിൽ)തേയിലയുടെ വില, കൊച്ചി ലേല വില മാനദണ്ഡമാക്കിയാൽ, ഏതാണ്ട് കിലോക്ക് 40 രൂപയ്ക്കു ചുറ്റുമായിരുന്നു. (കിലോ 35 രൂപയ്ക്കും 45 നും ഇടയിൽ ചാഞ്ചാടിനിന്നു)എന്നാൽ പെട്ടെന്ന് 1997-ൽ വില കിലോയ്ക്ക് 62 രൂപ വരെ എത്തിയതായിരുന്നു. 1998-ൽ ഏറ്റവും വലിയ ഉയർച്ചയായ 73 രൂപയായി, പിന്നീട് അങ്ങോട്ട് ക്രമേണ കുറഞ്ഞ് 1999-ൽ 62 രൂപയും 2000-01-ൽ 52 രൂപയും ആയി. 2002(ജനു-ജൂൺ)ആയപ്പോഴേക്കും 42 രൂപയായി ഇടിഞ്ഞുതാണു. അങ്ങനെ ഒരു ദശാബ്ദത്തിനിടയിൽ തേയിലയുടെ വില ഉയർച്ച-താഴ്ചകളിലൂടെ പഴയ സ്ഥിതിയിലെത്തി നിൽക്കുന്നു.

തേയിലയുടെ അന്താരാഷ്ട്രവില(ലേലവില)എല്ലാ രാജ്യങ്ങളിലും 1995 എന്ന അടിസ്ഥാനവർഷത്തേതിൽ നിന്നും ഉയർന്നു 1998-ൽ ഉച്ചകോടിയിലെത്തി. പിന്നീട് ഇടിയുകയാണുണ്ടായത്, എന്നാൽ, ഇന്ത്യയുടെയും ഇന്തോനേഷ്യയുടെയും തേയില വില മാത്രമാണ് 1995 ലെ നിലവാരത്തിൽനിന്നും താഴോട്ടുപോയത്. രണ്ടു വലിയ തേയില ഉത്പാദകരായ ശ്രീലങ്കയും, കെനിയയും വിലയെ പിടിച്ചുനിറുത്തി, യഥാക്രമം, 10 ഉം 14 ഉം പോയിന്റുകൾക്ക് 1995 ലെ വിലയ്ക്കു മുകളിൽ സുരക്ഷിതമാക്കി നിറുത്തിയപ്പോൾ ഇന്ത്യയുടെയും ഇന്തോനേഷ്യയുടെയും തേയില വില യഥാക്രമം 12 ഉം 8 ഉം പോയിന്റുകൾ താണുവരികയും ചെയ്തു.

### പ്രതിസന്ധിയുടെ സ്വഭാവവും വ്യാപ്തിയും

തേയില വില 1998-ൽ കിലോയ്ക്ക് 73 രൂപയായിരുന്നത് 2001-ൽ 53 രൂപയായ അവസരത്തിൽ ഒരാളിന്റെ കൂലി(ദിവസം)59 രൂപയിൽനിന്നും 76 രൂപയായി ഉയർന്നു. അതോടൊപ്പം മറ്റു ഉത്പാദനച്ചെലവ് ഇനങ്ങളിലും വർദ്ധനവുണ്ടായി. അതേ തുടർന്നു തോട്ടങ്ങൾ അടച്ചുപൂട്ടുകയും, കൂലികൊടുക്കുന്നതിൽ മാനേജ്മെന്റ് പരാജയപ്പെടുകയും, നിയമാനുസൃതമായ നിർദ്ദിഷ്ട തൊഴിലവകാശങ്ങളായ പ്രോവിഡന്റ് ഫണ്ട് കൊടുക്കാതിരിക്കുകയും ചെയ്തു. ഉടമകൾ തോട്ടങ്ങൾ ഉപേക്ഷിക്കുകയും, തോട്ടങ്ങളെ അവഗണിച്ചുകൊണ്ട് തൊഴിലാളികളെ കൊണ്ട് ഇല നുള്ളിക്കാതിരിക്കുകയും, തൊഴിലാളികൾ തോട്ടങ്ങൾ അടച്ചുപൂട്ടലിൽ പ്രതിഷേധിച്ചുകൊണ്ടും, ദുരിതാശ്വാസത്തിനായി മുറവിളി കൂട്ടിക്കൊണ്ടും പ്രകടനങ്ങൾ നടത്തുകയും ചെയ്തു. അങ്ങനെ തോട്ടം മേഖലയിൽ ഇന്നോളം കണ്ടിട്ടില്ലാത്ത വിധത്തിലുള്ള കഷ്ടപ്പാടു അനുഭവപ്പെട്ടു. ഈ മേഖല അനുഗ്രഹീതവും വളരെ സംഘടിതവുമാണ്. തോട്ടമുടമകളുടെ വരുമാനത്തിലുണ്ടായ തകർച്ചയ്ക്കുകാരണം 1998 ലെ(വിലയുടെ)ഉച്ചാവസ്ഥയിൽനിന്നും വിലയുടെ കൂപ്പുകുത്തലാണെന്ന് കാണാം. അതോടൊപ്പം 1998 ലെ നിലവാരത്തിൽനിന്നും തൊഴിലാളികളുടെ കൂലി 30 ശതമാനം കൂടിയതും തോട്ടം മേഖലയിലെ പരാജയത്തിനു കാരണമായി തോട്ടം ഉടമകൾ കരുതുന്നു.

## തോട്ടവ്യവസായത്തിൽ പ്രതിസന്ധി ഉരുണ്ടുകൂടുന്നു

സംസ്ഥാനത്തെ തോട്ടവ്യവസായമേഖലയിലെ പ്രതിസന്ധി കുറച്ചുകാലമായി ഉരുണ്ടുകൂടിക്കൊണ്ടിരിക്കുകയായിരുന്നു. എന്നാൽ പെട്ടെന്നാണത് രൂക്ഷമായത്. ഉത്പാദന നിലവാരത്തിൽ കേരളം തമിഴ്നാടിനേക്കാൾ 20 വർഷം പിന്നിലായിരുന്നു. കേരളത്തിലെ തേയിലത്തോട്ടങ്ങളുടെ താണ ഉത്പാദനക്ഷമത ഹെക്ടറിന് 1900 കിലോഗ്രാമിനടുത്തായിരുന്നപ്പോൾ തമിഴ്നാടിന്റേത് ഹെക്ടറിന് 3000 കിലോ ആണ്. കഴിഞ്ഞ 2 ദശകങ്ങളിൽ വിളവർദ്ധനവ് വെറും 26 ശതമാനം മാത്രം ഉയർന്നപ്പോൾഅതായത് 2 ദശകങ്ങളിൽ വിളവർദ്ധനവ് വെറും 26% മാത്രം ഉയർന്നപ്പോൾ, (എന്നു വച്ചാൽ 1980-81 ലെ ഹെക്ടറിന് 1481 കിലോ എന്നത് 2000-2001-ൽ 1865 കിലോ ആയത്) ഇതേ കാലയളവിൽ തമിഴ്നാടിന്റെ ഉല്പാദനക്ഷമത 50 ശതമാനം ആയി ഉയർന്നു. അതായത് 2000 കിലോ/ഹെക്ടറിൽ നിന്നും 3000 കിലോ ആയി ഉയർന്നു. അടിസ്ഥാന ഉത്പാദനത്തിന്റെ കാര്യത്തിലല്ലാതെ തന്നെ ഉല്പാദനം 500 കിലോയ്ക്കു മുകളിലെത്തി. ആത്യന്തിക പരിഗണനയിൽ ഉല്പാദന വളർച്ച തമിഴ്നാടിന്റേത് 1000 കിലോയും കേരളത്തിന്റെത് 500 കിലോയും ആണ്. കേരളത്തിലെ തേയിലത്തോട്ടങ്ങളിലെ കൃഷിക്കാര്യങ്ങളുടെ മേൽനോട്ടം വളരെ മോശമാണെന്നാണ് ഇത് തെളിയിക്കുന്നത്.

### 1.5.6.2 ലോകവ്യാപാര സംഘടനയുടെ സ്വാധീനം

ലോകവ്യാപാര സംഘടനയുടെ കൃഷിയെ സംബന്ധിച്ച കരാറിന്റെ(എ.ഒ.എ.)നിയന്ത്രണത്തിൻ കീഴിൽ തേയിലയും(കാപ്പിയോടൊപ്പം)കൊണ്ടുവരപ്പെട്ടു. 2001 ഏപ്രിൽ 1 മുതൽ തേയിലയുടെ ഇറക്കുമതിയിൽ ഏർപ്പെടുത്തിയിരുന്ന അളവുപരമായ നിയന്ത്രണങ്ങൾ(ക്യു.ആർ.എസ്.)നീക്കം ചെയ്യപ്പെട്ടു. തേയിലയുടെ ബൗണ്ട് താരിഫ് നിരക്ക് 150 ശതമാനമാണ്. അതിന്റെ അപ്ലൈഡ് നിരക്ക്, 2002 മാർച്ച് 1 മുതൽ 100 ശത മാനം ഉയർത്തി. അതിനുമുമ്പ് തേയിലയുടെ ഇറക്കുമതി താരിഫ്, സർച്ചാർജ്ജ് ഉൾപ്പെടെ 44.13 ശതമാനവും കിലോയ്ക്ക് 2.30 രൂപയിൽ കൂടുതലുമായിരുന്നു. ഭക്ഷ്യത്തിലെ മായം ചേർക്കൽ തടയുന്ന നിയമം (പി. എഫ്.എ.)വ്യവസ്ഥകൾ ഇറക്കുമതിയിൽ രണ്ടു തുറമുഖങ്ങളിൽ മാത്രമായി ഒതുക്കി; കൊൽക്കത്തയിലും, കൊച്ചിയിലും. ഇതു ശ്രീലങ്കയുമായുള്ള സ്വതന്ത്രവ്യാപാരക്കരാറിന്റെ (Free Trade Agreement)അടിസ്ഥാന ത്തിലായിരുന്നു.

### 1.5.6.3 വെല്ലുവിളികളും അവസരങ്ങളും

#### ഭൂമിയുടെ പ്രകൃത്യായുള്ള ഉല്പാദനക്ഷമത കുറവ്

സംസ്ഥാനത്തെ കാർഷിക-കാലാവസ്ഥാഘടകങ്ങൾ-വിശേഷിച്ചും, വലിയ മഴവീഴ്ചയും, മഴയുടെ അസ മമായ വിതരണവും, നീണ്ട ഉണക്കുകാലവും ചെങ്കുത്തായ മലഞ്ചെരിവുകളും സ്വാഭാവികമായി തേയില യുടെ ഉത്പാദനക്ഷമതയുടെ വർദ്ധനവിന് അനുകൂലമല്ല. അസമമായ മഴ വീഴ്ചയും, വരൾച്ചയും തേയില ച്ചെടിയുടെ(കുറ്റിച്ചെടികളുടെ)മേൽ അമിതമായ സമ്മർദ്ദമാണ് ഏല്പിക്കുന്നത്. മഴവീഴ്ചയും, ഉണക്കും ഒരുപോലെ കീടങ്ങളുടെ ആക്രമണത്തിന് വഴിയൊരുക്കുകയും, കീടനിയന്ത്രണമുൾപ്പെടെയുള്ള ഉല്പാദ നച്ചെലവുകൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരം സഹജമായ കാർഷിക കാലാവസ്ഥാഘടകങ്ങൾ കൊണ്ടുമാത്രം ഉത്പാദനക്ഷമതാ വർദ്ധനവില്ലായ്മയ്ക്കും-ഉത്പാദക്ഷമതയിലെ മന്ദഗതിക്കും ശരിയായ വിശദീകരണമാവുന്നില്ല.

#### ചെടിക്കിടയിലെ വിടവിന്റെ അനുപാതം

കേരളത്തിലെ തേയിലച്ചെടികൾക്കിടയിലുള്ള വിടവുകൾ ഏതാണ്ട് 20 ശതമാനത്തിനും 30 ശതമാന ത്തിനും ഇടയ്ക്കാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിടവു കാണുന്നത് കേരളത്തിലെ തോട്ടങ്ങളിലാണ്. ഇതിന്റെ ഫലം, മണ്ണൊലിപ്പു കൂടാതെ തന്നെ, നീണ്ട വരൾച്ചയുടെ കൂടുതലും (ചെടികളുടെ കുറഞ്ഞ നിബിഢത) തുടർന്ന് പ്രതി ഹെക്ടർ വിളക്കുറവുമാണ്.

#### പ്രായം ചെന്ന കുറ്റിച്ചെടികൾ

തേയിലച്ചെടികൾ കുറ്റിയായി ഒന്നായിചേർന്ന് പിടിച്ചുനിൽക്കുന്ന അവസ്ഥ തോട്ടങ്ങൾക്ക് വലിയനേട്ടം തന്നെയാണ്. തേയിലച്ചെടിയുടെ ഉത്പാദനപരമായ ആയുർദൈർഘ്യം 5 ദശകത്തിനു മേലാണ്. കേരള ത്തിലെ തേയിലച്ചെടികൾ ആപേക്ഷികമായി നോക്കിയാൽ നല്ലൊരു ഭാഗവും 50 വർഷത്തിനുമേൽ പ്രായ മുള്ളവയും ഉല്പാദനക്ഷമതാ കാലം കഴിഞ്ഞവയുമാണ്. ഉത്പാദനക്ഷമതയുടെ പ്രായം വച്ചു നോക്കി യാൽ കേരളം 73 ശതമാനവും തമിഴ്നാട് 42 ശതമാനവും ബംഗാൾ 48 ശതമാനവും അസ്സാം 32 ശതമാ നവും കടന്നിരിക്കുന്നു എന്നു കാണാം. പ്രായാധിക്യത്തിന്റെ കാര്യത്തിൽ കൂടുതൽ ദയനീയമായിട്ടുള്ളത് 68 ശതമാനം കൃഷിയുള്ള ഇടുക്കി ജില്ലയിലാണ്. ഏറ്റവും വലിയ തോട്ടങ്ങൾ ഉള്ളത് ഇവിടെയാണ്. ഇവി ടുത്തെ തേയിലച്ചെടിയുടെ ഉല്പാദനക്ഷമത 79 ശതമാനം പിന്നിട്ടിരിക്കുന്നു. പ്രായം തേയിലയുടെ കാര്യ ത്തിൽ വളരെ നിർണ്ണായകവുമാണ്. കൂടുതൽ വിള കിട്ടുന്നതിലും വർദ്ധിച്ച വളമിടീലും, മറ്റു പരിരക്ഷ കൾക്കുള്ള പ്രതികരണത്തിലും, ശാസ്ത്രീയമായ മേൽനോട്ടത്തിലും പ്രായം ഒരു ഘടകം തന്നെയാണ്. കോതിമാറ്റൽ(പ്രൂണിംഗ്), ഇലനുള്ളൽ, സന്തുലിത വളപ്രയോഗം, വളർച്ചകൂട്ടാനുള്ള പ്രയോഗങ്ങൾ, ഇട വേള നടപടികൾ, (പുനരുജ്ജീവനത്തിനായുള്ള കോതിമാറ്റൽ പോലുള്ള)എന്നിവയോട് 50 വർഷത്തില ധികം പ്രായമായ ചെടികൾ കാര്യമായി പ്രതികരിക്കുകയില്ല. ദീർഘകാല പുനരധിവാസ നടപടികളായ പുനർനടീൽ, ഫാക്ടറികളുടെ നവീകരണം, മെച്ചപ്പെട്ട ഇന്ധന(വിറക്)ത്തിന്റെ വിനിയോഗം, സൗരോർജ്ജം പോലുള്ള മറ്റു സ്രോതസ്സുകളുടെ ഉപയോഗം, എന്നിവയിൽ ആവശ്യമായത്ര മുതൽമുടക്കിനെ ആകർഷി ക്കുവാൻ, തേയിലവ്യവസായരംഗം സജീവവും സമ്പന്നവും ആയിരുന്ന കാലത്തുപോലും കഴിഞ്ഞില്ല എന്നത് തികച്ചും ദൗർഭാഗ്യകരമാണ്. നബാർഡിന്റെ(നാഷണൽ ബാങ്ക് ഫോർ അഗ്രിക്കൾച്ചർ ആന്റ് റൂറൽ ഡവല പ്മെന്റ്) 24 തേയിലത്തോട്ടങ്ങളെ ഒരു 'സാമ്പിൾ' ആയെടുത്ത് നടത്തിയ ഒരു പഠനത്തിൽനിന്നും വ്യക്തമാ

യത്. 1973 മുതൽ 1983 വരെയുള്ള 10 വർഷത്തിനുള്ളിൽ മൊത്തം മൂലധനച്ചെലവിന്റെ വെറും 2 ശതമാനം മാത്രമേ തേയിലയുടെ പുനർനടീലിനു ചെലവഴിക്കപ്പെട്ടിട്ടുള്ളൂ എന്നാണ്. പകരം തേയില തൈച്ചെടികൾ വച്ചുപിടിപ്പിക്കുക തുടങ്ങിയ ആവശ്യമായ കാര്യങ്ങളിൽ കണ്ണടയ്ക്കുകയോ, നീട്ടി നീട്ടിക്കൊണ്ടുപോവുകയോ ചെയ്തതിന്റെ ആകെ ഫലമാണ് ഇപ്പോൾ പ്രകടമായിരിക്കുന്ന പ്രതിസന്ധിയെ തീർച്ചയായും മൂർച്ഛിപ്പിക്കുന്നത്.

### ഉല്പാദനച്ചെലവ് വർദ്ധന

ഒരു നിശ്ചിത വിസ്തൃതിയുള്ള ഭൂമിയിൽ തേയില കൃഷി ചെയ്യുന്നതിനു വേണ്ടിവരുന്ന ഉല്പാദനച്ചെലവ് മറ്റെല്ലാ സംസ്ഥാനങ്ങളിൽ വച്ചേറ്റവും കൂടുതൽ കേരളത്തിലാണ്. കാരണം ഭാഗികമായി തേയില വ്യവസായത്തിൽ കേരളവുമായി മത്സരിക്കുന്ന മറ്റു സംസ്ഥാനങ്ങളിൽ ഉള്ളതിനേക്കാൾ തൊഴിലാളികളുടെ കൂലി, താരതമ്യേന, കൂടുതലായതും, ഭാഗികമായി കുറഞ്ഞ അളവിലുള്ള ഭൂമിയിൽ നിന്നുള്ള കുറഞ്ഞ ഉത്പാദനവുമാണ് ഉത്പാദനച്ചെലവ് കൂടാൻ കാരണം.

### മൂല്യവർദ്ധനയും പാക്കിംഗും

തേയിലയുടെ പ്രാഥമിക സംസ്കരണവും, വിപണി കണ്ടെത്തലും(വിറ്റഴിക്കലും) ഉത്പാദകന് ഉയർന്ന വില ലഭ്യമാകുന്നതിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നു. 'ടീ ആക്ടിലെ' വ്യവസ്ഥകൾ അനുസരിച്ച് പരമ്പരാഗതമായും നിയമപരമായും തോട്ടങ്ങളിലുത്പാദിപ്പിക്കപ്പെടുന്ന തേയില ഏതാനും നിശ്ചിത കേന്ദ്രങ്ങളിൽ വച്ച് കാലാകാലം ലേലം ചെയ്താണ്. വില്ക്കുന്നത് കൊച്ചി, കോയമ്പത്തൂർ, കണ്ണൂർ എന്നിവയാണ് ലേല കേന്ദ്രങ്ങൾ. തെക്കേ ഇന്ത്യയിൽ ഉല്പാദിപ്പിക്കപ്പെടുന്ന തേയില മുഴുവൻ ഈ കേന്ദ്രങ്ങളിലൂടെ മൊത്തമായി വിറ്റുപോകുന്നു. തേയില കർഷകരും, (തോട്ട ഉടമസ്ഥരും) വ്യവസായികളും രണ്ടുകൂട്ടരും പങ്കെടുക്കുന്ന പ്രത്യക്ഷത്തിൽ സുതാര്യമായ ഒരു വിപണന വ്യവസ്ഥയാണിത്. രണ്ടു വിധത്തിലാണ് തേയില ഉപഭോക്താക്കളിലെത്തുന്നത്. ലൂസ് ടീ ആയും പാക്കേജ് ടീ (40%) ആയും. ബാക്കിമുഴുവൻ വളരെ താണവരുമാനമുള്ള വലിയൊരു ജനവിഭാഗം ഉപഭോക്താക്കളും മറ്റേഭാഗം മദ്ധ്യവർത്തി വരുമാനക്കാരും ധനികരുമാണ് ഉപയോഗിക്കുന്നത്. കൂടുതൽ വിപണി ലഭിക്കുന്നത് ലൂസ് ടീയ്ക്കാണ് (60 ശതമാനം). എന്നാൽ വില നിർണ്ണയിക്കുന്നതിൽ പാക്കേജ് ടീയാണ് നിർണ്ണായകം. കാരണം, ലൂസ് ടീയുടെ കാര്യത്തിൽ കുറച്ചു ശക്തരായവരുടെ(monopsonic)നിയന്ത്രണം ആണു കാണുന്നത്. ഒരർത്ഥത്തിൽ രണ്ടു ഭീമൻ കമ്പനികളാണുള്ളത്. പലപ്പോഴും തേയില വിപണനം ചെയ്യുന്ന ഇത്തരം കമ്പനികൾക്ക് ഉത്പാദനത്തിന് വർദ്ധിച്ച താല്പര്യമാണുള്ളത്. കാരണം ഇവർക്ക് സ്വന്തമായി തേയിലത്തോട്ടങ്ങൾ ഉണ്ട്. തേയില വ്യവസായരംഗത്ത് പകുതിയിൽ കൂടുതൽ(55 ശതമാനം)വിപണിയും പാക്ക്ഡ് മൂല്യവർദ്ധിത തേയിലയുടെ വിപണിയും നിയന്ത്രിക്കുന്നത് ഈ ഭീമന്മാരാണ്. ഉപഭോക്തൃ വിലയും ഉത്പാദകന് ലഭിക്കുന്ന വിലയും തമ്മിലുള്ള അന്തരം രണ്ടുവിപണികൾക്കിടയിൽ വളരെ ഗണ്യമാണ് 1 ലൂസ്ടീ യുടെ കാര്യത്തിൽ ഉപഭോക്താവ് 70% വില കൊടുക്കുന്നു എങ്കിൽ പാക്കേജ്ഡ് മൂല്യവർദ്ധിത തേയിലയ്ക്ക് 120%-നും 300% നും ഇടയ്ക്കുള്ള വിലയാണ് കിട്ടുന്നത്. ഇത് തേയില ഉല്പാദകന് ലഭിക്കുന്ന വിലയേക്കാൾ കൂടുതലാണ്.

### നേരിട്ടുള്ള വിപണി

അടുത്തകാലത്തെ ഒരു അനുഭവം ഈ രംഗത്ത് വളരെഏറെ വെളിച്ചം വിതറുന്ന ഒന്നാണ്. 2001 ലുണ്ടായ ഒരു കോടതിവിധി (ഒരു ഇഞ്ചക്ഷൻ) യെത്തുടർന്ന് വന്ന അന്തരാളഘട്ടം വിനിയോഗിച്ചുകൊണ്ടു കുറച്ച് ഉത്പാദകർ നേരിട്ടു വിപണനം നടത്തുന്ന രീതി അവലംബിക്കുകയുണ്ടായി. ഈ സമ്പ്രദായം ചില വമ്പൻ തോട്ടമുടമകൾ സ്വന്തം ബ്രാണ്ട് നാമങ്ങളിൽ 1960 വരെ അനുവർത്തിച്ചിരുന്നതാണ്. ഉദാ: കണ്ണൻ ദേവൻ ഹിൽ പ്രൊഡ്യൂസ് കമ്പനി ലിമിറ്റഡ് തന്നെ. ഇവരാണ് ഉപഭോക്താക്കൾ നൽകുന്ന വിലയുടെ വലിയൊരു പങ്ക് കരസ്ഥമാക്കുന്നത്. ഇത് സൂചിപ്പിക്കുന്നത് നേരിട്ടുള്ള വിൽപ്പന വരുമാന വർദ്ധനവിനെ വളരെ സഹായിക്കുന്നു എന്നാണ്. ലൂസ്ടീയുടെ വിപണി വരുമാനം വർദ്ധിപ്പിക്കാൻ സാദ്ധ്യതയുള്ള ഒരു രംഗമാണ്. രണ്ടാമതായി തേയില നിയന്ത്രണ ഉത്തരവ് 1984 അനുസരിച്ച് തേയിലയുടെ വില്പന ലേല കേന്ദ്രങ്ങളിലൂടെ മാത്രമേ ആകാവൂ എന്നതിന്റെ ഒരു നിരാകരണം കൂടിയായിരുന്നു ഈ നേരിട്ടുള്ള വിപണി .ലേലവിപണി ലേലത്തിൽ പങ്കെടുക്കുന്ന ഏതാനും പേർക്കുമാത്രമാണ് ഗുണകരമായിട്ടുള്ളത്. തേയിലനിയന്ത്രണ ഉത്തരവ് 1984 പ്രകാരമുള്ള ഈ ലേലമാർക്കറ്റിൽ വലിയൊരു സംഖ്യ വ്യാപാരികൾ പങ്കെടുക്കാത്ത ഒന്നാണ്.

### ഗുണനിലവാരം മെച്ചപ്പെടുത്തുകയും ഫാക്ടറികൾ നവീകരിക്കുകയും ചെയ്യുക

മറ്റു സംസ്ഥാനങ്ങളിലെ സ്ഥിതിയുമായി താരതമ്യം ചെയ്യുമ്പോൾ, കേരളത്തിലെ തേയിലയുടെ ഗുണ നിലവാരം താണതായതിനാൽ ലേലത്തിൽ കേരളത്തിന്റെ തേയിലയ്ക്കാണ് ഏറ്റവും കുറഞ്ഞ വിലകിട്ടുന്നത്. കേരളത്തിലെ ചില ആധുനിക ഫാക്ടറികൾ അവരുടെ തേയില ലേലക്കച്ചവടത്തിൽ വളരെ കൂടിയ വിലയ്ക്കാണ് വിൽക്കുന്നത്. ഗുണനിലവാര ഉയർത്തുന്നതു മൂലമുണ്ടാകുന്ന നേട്ടവും, ഫാക്ടറിയുടെ ആധുനീകരിക്കാൻ ലാഭത്തിന്റെ നല്ലൊരുഭാഗം മുടക്കുന്നതിന്റെ ഫലവുമാണിതിന്റെ പിന്നിൽ പ്രവർത്തിക്കുന്നതെന്ന് കാണാം. ഫാക്ടറികളുടെ അത്യാന്താധുനീകരിക്കലിൽ നിന്നും മൂന്നുകാര്യങ്ങൾ പ്രതീക്ഷിക്കാം. ഒന്ന് മെയ്ഡ് ടീയിൽ നിന്നും കിട്ടുന്ന മൊത്തം ആദായം വർദ്ധിപ്പിക്കാം. ഏറ്റവും ആധുനിക സാങ്കേതിക വിദ്യയുപയോഗിച്ചു നിർമ്മാണച്ചിലവ് കുറയ്ക്കാം, സാങ്കേതികവിദ്യയിൽ നിന്നും പരമാവധി ഉല്പാദന ശേഷി വർദ്ധിപ്പിക്കാം.

### പ്രാഥമിക സംസ്കരണവും മൂല്യവർദ്ധനയും

വർദ്ധിച്ചുവരുന്ന കടുത്ത മാത്സര്യത്തോടുകൂടിയ ആഭ്യന്തരവിപണിയുടെ പശ്ചാത്തലത്തിൽ മൂല്യവർദ്ധിത രൂപങ്ങളിലുള്ള തേയിലകൾക്കുള്ള, പാക്കറ്റ് ടീ, ടീ ബാഗുകൾ, ഇൻസ്റ്റന്റ് ടീ എന്നിങ്ങനെയുള്ള പ്രത്യേകം തീർച്ചയുള്ളതും ഇടംകിട്ടുന്നതുമായ വിപണിയുടെ സാദ്ധ്യതകണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ കേരളത്തിലെ തേയിലയുടെ പ്രാഥമിക സംസ്കരണത്തിനും, മൂല്യവർദ്ധതയ്ക്കും ആവശ്യമായ തന്ത്രങ്ങൾ നാം ആസൂത്രണം ചെയ്യേണ്ടതാണ്. ഏതാനും മുൻനിര തേയിലക്കമ്പനികൾ ഇതിനകം തന്നെ ഏതാനും മൂല്യവർദ്ധിത രൂപങ്ങൾ ഉത്പാദിപ്പിച്ച് ആഭ്യന്തര വിപണിയും കയറ്റുമതി വിപണിയും കയ്യടക്കാൻ തുടങ്ങിയിരിക്കുന്നു. ഏതായാലും ഈ രംഗത്ത് ഇറങ്ങിച്ചെല്ലുവാനും, ഒരു ബ്രാൻഡ് വികസിപ്പിച്ചെടുക്കുവാനും വേണ്ട സാമ്പത്തിക ബാദ്ധ്യത വളരെ വലുതാണ്. അങ്ങിനെ ചെയ്യുന്നതിൽ നിന്നും അവർ പിന്തിരിക്കുന്ന തോതിലുള്ള ചിലവുകൾ വ്യക്തിഗത തോട്ടങ്ങൾക്ക് വഹിക്കാനാവില്ല. അതിനാൽ ഒരു സംയുക്ത സമീപനം അനുപേക്ഷണീയമാണ്. വിപണിയെ നിരപ്പാക്കാൻ ഇതൊരു ഉപായമാണെന്ന് തോന്നുന്നു.

സംഘടനാപരമായ നിയന്ത്രണങ്ങൾ കേരളത്തിലെ തേയിലത്തോട്ട വ്യവസായം നേരിടുന്ന കൃഷിശാസ്ത്രപരവും, സാമ്പത്തികവുമായ പ്രശ്നങ്ങൾക്കു പുറമേ, നിരവധി സംഘടനാപരമായ നിയന്ത്രണങ്ങൾ കൂടി അതിനു നേരിടേണ്ടതായിട്ടുണ്ട്. നികുതി ചുമത്തുന്നതിലും, സംഭരിക്കുന്നതിലുമുള്ള പ്രശ്നങ്ങളും, വ്യവസായം പുനഃസംഘടിപ്പിക്കുമ്പോൾ ഉൽപന്നത്തിന്റെ വൈവിധ്യവൽക്കരണത്തെ തടയുന്നതായ ഭൂനയങ്ങളും, സംസ്കരണത്തിനാവശ്യമായ ഇന്ധനങ്ങൾ കിട്ടുവാനുള്ള ബുദ്ധിമുട്ടുകളും, തോട്ടങ്ങളിരിക്കുന്ന ഭൂമിയുടെ പാരിസ്ഥിതികമായ ദൗർബല്യങ്ങളും, തൊഴിലാളികളുടെ അദ്ധ്വാനത്തിന്റെ മേൽനോട്ടവും, അതിന്റെ മേൽനോട്ടത്തിന്റെയും അദ്ധ്വാനത്തിന്റെയും കാര്യക്ഷമതയും, ഉത്പാദനവും, വൈദ്യുതി വിതരണവും, വായ്പാ സൗകര്യങ്ങളും, വിശേഷിച്ചും വായ്പകളുടെ ചില നിർദ്ദിഷ്ട വ്യവസ്ഥകളും, സർക്കാരിന്റെ നയപരമായ തീരുമാനങ്ങൾ തേയില വ്യവസായത്തിന്റെ ദീർഘകാലസുസ്ഥിതരതയുടെ കാര്യത്തിൽ വളരെ നിർണ്ണായകരമാണെന്നോർക്കണം) എന്നീ വിവിധ പ്രശ്നങ്ങളും തേയിലത്തോട്ട വ്യവസായമേഖലയ്ക്ക് നേരിടേണ്ടതായിട്ടുണ്ട്.

### വീണ്ടും കയറ്റുമതി ചെയ്യാനുള്ള ഇറക്കുമതി നിയമവും ഇന്ത്യൻ തേയിലയുടെ വിപണി നഷ്ടവും

2000–ൽ ഇന്ത്യയിൽ ഏകദേശം 846 ദശലക്ഷം കിലോഗ്രാം തേയില ഉത്പാദിപ്പിക്കപ്പെടുകയും, ഏകദേശം 205 ദശലക്ഷം കിലോഗ്രാം കയറ്റുമതി ചെയ്യപ്പെടുകയുമുണ്ടായെങ്കിലും, അക്കാലത്ത് ഇന്ത്യയിൽ ഇറക്കുമതിചെയ്യപ്പെട്ടത് 13.4 ദശലക്ഷം കിലോ തേയിലയായിരുന്നു. ഇതിന്റെ ശരാശരി വില ഏകദേശം കിലോയ്ക്ക് 56 രൂപയായിരുന്നപ്പോൾ, ആഭ്യന്തരവിപണിയിൽ വില 62 രൂപയും കയറ്റുമതിവിപണിയിൽ 92 രൂപയുമായിരുന്നു. എന്നാൽ 2001ൽ ഇറക്കുമതി 16.6 ദശലക്ഷം കിലോ ആയി ഉയർന്നു. ഒരു യൂണിറ്റിന്റെ വില കിലോയ്ക്ക് 63 രൂപയും ആഭ്യന്തരവില 62 രൂപയും കയറ്റുമതി വില 98 രൂപയിൽ കുറച്ചു കൂടുതലുമായിരുന്നപ്പോൾ ഉത്പാദനം 854 ദശലക്ഷം കിലോയും കയറ്റുമതി 180 ദശലക്ഷം കിലോഗ്രാമുമായി കുറയുകയും ചെയ്തു.

ഇന്തോനേഷ്യ, വിയറ്റ്നാം, കൊറിയ, ശ്രീലങ്ക എന്നിവിടങ്ങളിൽ നിന്നുമായിരുന്നു മുഖ്യമായ ഇറക്കുമതി. ഇന്തോനേഷ്യൻ തേയിലയുടെ ഇറക്കുമതിയാകട്ടെ, 1/3 ൽ നിന്നും 1/2 ആയുയർന്നു. ശ്രീലങ്കൻ തേയില ഇറക്കുമതി 1/3 ൽ നിന്നും 1/4 ആയി കുറഞ്ഞു.ഇറക്കുമതി 2000 ൽ ഉൽപാദനത്തിന്റെ 1.5% മാത്രവും കയറ്റുമതി 7% ആയിരുന്നു. 2001 ലാകട്ടെ, ഉൽപാദനത്തിന്റെ 2% ഇറക്കുമതിയും കയറ്റുതി 8% ആയിരുന്നു. അതിനാൽ തേയിലയുടെ വിദേശ ഇറക്കുമതികൾ പ്രത്യക്ഷത്തിൽ ആഭ്യന്തരവിപണിയിലെ വിലയെ അത്ര പ്രതി

കൂലമായയി ബാധിക്കുന്നു എന്നു പറയാനാവില്ല. ഇറക്കുമതിയുടെ അളവുപരമായ നിയന്ത്രണങ്ങൾ ക്യൂ.ആർ.എസ് (QRS) നീക്കുന്നതിനു മുമ്പുതന്നെ തേയിലയുടെ ഇറക്കുമതി  അനുവദിച്ചിരുന്നു എന്നു കാണാം. എന്നാൽ അതാകട്ടെ, ഇറക്കുമതി ചെയ്ത തേയില മൂല്യവർദ്ധനയ്ക്കു ശേഷം (വെറും റീപാക്കിം ഗിനുള്ള പേരായിരുന്നു അത്) വീണ്ടും കയറ്റുമതി ചെയ്ത് വിദേശനാണ്യം നേടുക എന്ന ലക്ഷ്യത്തോടെ യായിരുന്നു. എന്നാൽ ഏറ്റവും കുറഞ്ഞ തോതിലെങ്കിലും മൂല്യവർദ്ധന നടത്താതെയുള്ള കയറ്റുമതി ചെയ്ത് വിദേശനാണ്യം നേടുക എന്നലക്ഷ്യത്തോടെയായിരുന്നു. എന്നാൽ ഏറ്റവും കുറഞ്ഞതോതിലെങ്കിലും മൂല്യ വർദ്ധനനടത്താതെയുള്ള കയറ്റുമതി ചെയ്ത് വിദേശനാണ്യം നേടുക എന്ന ലക്ഷ്യത്തോടെയായിരുന്നു. എന്നാൽ ഏറ്റവും കുറഞ്ഞതോതിലെങ്കിലും മൂല്യവർദ്ധന നടത്താതെയുള്ള കയറ്റുമതി, മുമ്പ് പറഞ്ഞ അനുകൂല വ്യവസ്ഥയെ ദുരുപയോഗപ്പെടുത്തിക്കൊണ്ട്, ചില വ്യവസായ താൽപര്യക്കാർ നടത്തിവരുന്നു ണ്ട്. അവർ മറ്റുരാജ്യങ്ങളിൽ നിന്നും തരംതാണ തേയില ഇറക്കുമതി ചെയ്ത് അതിനെ "മൂല്യവർദ്ധന" യ്ക്കുശേഷം വിദേശങ്ങളിലേക്ക് കയറ്റുമതി ചെയ്തപ്പോൾ സംഭവിച്ചത്, ഇന്ത്യൻ തേയിലയ്ക്ക് പരമ്പരാഗ തമായി ലഭിച്ചുകൊണ്ടിരുന്ന വിപണിയിൽ ഇതഃപര്യന്തമുണ്ടായിരുന്ന യശസ്സും വിപണിപ്രാപ്യതയും നഷ്ട മാകുകയായിരുന്നു, ഇതിന്റെ ദോഷഫങ്ങളും പ്രാതികൂല്യങ്ങളും ദ്വിമുഖമാണ്. ഒന്നാമതായി, ഇന്ത്യൻ തേയില വ്യവസായത്തിന് മിച്ചം വരുന്ന തേയില ചിലവഴിക്കാൻ വരുന്ന വമ്പിച്ച ബുദ്ധിമുട്ട്. രണ്ടാമതായി, ഇറക്കു മതി ചെയ്യപ്പെട്ട  തരം താണ തേയില കുന്നു കൂടുന്നതിന്റെ ഫലമായി ഇന്ത്യയിൽ തേയിലയുടെ വിപണി എന്നന്നേക്കുമായുള്ള നഷ്ടവും, വളരെ ക്ലേശങ്ങൾ സഹിച്ച് നെടുനാളായി നേടിയെടുത്തവയായിരുന്നു ഇന്ത്യൻ തേയിലയുടെ ഈ വിദേശ വിപണികൾ. ഈ സവിശേഷസാഹചര്യത്തിൽ ഒരു പ്രധാനകാര്യം കമ്മിഷൻ എല്ലാവരുടേയും ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നു. അതായത് അന്തരാഷ്ട്രവിപണി യിൽ ഇന്തോനേഷ്യൻ തേയിലയുടെ 1/4 ഭാഗമാണ് ലേലത്തിനു വിധേയമാവുന്നത്. ഇന്ത്യയുടെ 1/3 ഭാഗവും ലേലത്തിലൂടെ വിറ്റഴിയുന്നു. എന്നാൽ ഇന്തോനേഷ്യൻ തേയിലയുടെ ഗുണനിലവാരം ഇന്ത്യൻ തേയിലയു ടേതിനേക്കാൾ മോശമായിരുന്നു എന്നതാണ് സത്യം. അതുമാത്രമല്ല, ഇന്ത്യൻ തേയിലയുടെ കയറ്റുമതി ക്രമേണ കൂടി കൊണ്ടിരിക്കുകയുമാണ്. (ഗുണനിലവാരം മെച്ചമെങ്കിൽ കൂടിയും)

### 1.5 6.4 യഥാർത്ഥപ്രശ്നവും, നേരിടാനുള്ള തന്ത്രങ്ങളും പ്രശ്നം

കേരളത്തിലെ തേയിലവ്യവസായത്തിന്റെ ആകെക്കൂടി ഉരുത്തിരിഞ്ഞുവരുന്ന ചിത്രം കാണിക്കുന്നത്, തെക്കേ ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഉൽപാദനച്ചെലവ് ഉള്ളത് കേരളത്തിലാണെന്നും, താണ ഉൽപാദന ക്ഷമതയും, താണ വരുമാനവും, കുറഞ്ഞ നിക്ഷേപവും, തമ്മിൽ പരസ്പരം കെട്ടുപിണഞ്ഞുകിടക്കുന്ന ഒരുദൂഷിതവലയത്തിലാണ് ഈ വ്യവസായത്തിന്റെ സ്ഥിതിയുമെന്നാണ്. തേയിലതോട്ട വ്യവസായത്തിന് ആഭ്യന്തര വിപണിയിലും, അന്താരാഷ്ട്ര വിപണിയിലും മത്സരിക്കാൻ ശേഷിയില്ലാത്തതിനു കാരണം, ഒരു വശത്ത് സഹജമായ താണ ഉൽപാദനക്ഷമതയും, പാരിസ്ഥിതികമായി ദുർബ്ബലമായ സ്രോതസ്സിന്റെ അടി ത്തറയും, മറുവശത്ത്, ഉൽപാദനച്ചെലവിന്റെ ആധിക്യത്തിനും വിലയിടിവിനും ഇടയിൽ കിടന്നു നട്ടംതിരി യുന്നതിന്റെ ഫലമായിട്ടുള്ള വരുമാനക്കുറവുമാണ്.

തോട്ടമുടമകളിൽ ഏറിയഭാഗവും കേരള സംസ്ഥാനത്തിനുപുറത്തുള്ളവരാണ്. കോളനി ഭരണകാലത്ത് മേൽക്കിട കമ്പനികളായിരുന്നവരും, പിന്നീട് ഇന്ത്യൻ കമ്പനികളായി പുറത്ത് രജിസ്റ്റർ ചെയ്തവയുമാണ് എന്നത് ഒരു പ്രധാന വസ്തുതയാണ്. ഇവയുടെ അടിസ്ഥാനപരമായ സംഘടനാരൂപവും ഉടമസ്ഥതാമാ തൃകകളുമെല്ലാം തന്നെ, പ്രതിസന്ധിയുണ്ടാകുന്ന സന്ദർഭങ്ങളിൽ സംസ്ഥാനസർക്കാരിന് ഇടപെടുവാൻ കഴിയാത്ത തരം പ്രതിബന്ധങ്ങൾ ഉള്ളതും, പ്രശ്നപരിഹാരത്തിന് മാർഗ്ഗങ്ങൾ കാണുവാനുള്ള സംസ്ഥാ നത്തിന്റെ അധികാരാവകാശങ്ങൾക്ക് പരിമിതികളുള്ളതും ശ്രദ്ധേയമാണ്. അതിനാൽ ഇപ്പോഴത്തെ പ്രതി സന്ധി പരിഹരിക്കാൻ ഇടപെടുമ്പോൾ ഈ പരിമിതികൾ പ്രതിബന്ധങ്ങളാകുന്നു. എന്നാൽ അതേ സമയം പ്രതിസന്ധിയിൽ സംജാതമാകുന്ന ദോഷഫലങ്ങളുടേയും ബാദ്ധ്യതകളുടെയും എല്ലാ ഭാരവും സംസ്ഥാന സർക്കാരിന്റെ ചുമലിലാണ് വീഴുന്നത്.

### തന്ത്രങ്ങൾ

ഇപ്പോൾ വന്നു ചേർന്നിരിക്കുന്ന അഗാധമായ പ്രതിസന്ധയിൽ നിന്നും കേരളത്തിലെ വ്യവസായത്തെ കര കയറ്റണമെങ്കിൽ തീർച്ചയായും ദീർഘകാലാടിസ്ഥാനത്തിലും ഹ്രസ്വകാലാടിസ്ഥാനത്തിലും, രണ്ടുവി ധത്തിലുമുള്ള ഒരു സംയോജിത തന്ത്രമാണ് ആവിഷ്കരിച്ചു നടപ്പിലാക്കേണ്ടത്. ഏറ്റവും അടിയന്തിരമായി കൈക്കൊള്ളേണ്ട നടപടി തോട്ടം തൊഴിലാളികൾക്ക് ദുരിതാശ്വാസം നല്കുവാനായിരിക്കണം. അതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഉടനടി ആവശ്യമായ സഹായം നല്കണം. ഇടക്കാല നടപടി മുതൽ

ദീർഘകാല നടപടിവരെ കേന്ദ്രീകരിക്കേണ്ടത് വിപണിയുടെ പരിഷ്കരണത്തിനാണ്. ഇതിലൂടെ ഉറപ്പു വരുത്തേണ്ട രണ്ടുകാര്യങ്ങൾ-ഉപഭോക്തൃവിലയുടെ കൂടുതൽ പങ്ക് ഉത്പാദകർക്ക് ലഭ്യമാക്കുകയും, ഉത്പാദനക്ഷമത വർദ്ധിപ്പിക്കാൻ പുനർനടീലും പുനരധിവാസവും ചെയ്യുക എന്നതുമാണ്. സംസ്ഥാനത്തെ തേയില തോട്ട വ്യവസായത്തെ മറ്റൊരു (അന്യ) സാമ്പത്തിക പ്രവർത്തന മേഖലയായോ, അതിന്റെ പുന:രധിവാസത്തിന് ചിലവിടുന്നത് ഒരു ദുർവ്യയമായോ, ഒരു പ്രത്യേക ഭൂവിനിയോഗ മാർഗ്ഗമായോ വീക്ഷിക്കുന്നത് ശരിയായിരിക്കുകയില്ല എന്ന് കമ്മിഷന് ബോദ്ധ്യമായിട്ടുണ്ട്. ഈ മേഖലയിലെ പ്രശ്നം ഒരു സാമൂഹിക-പാരിസ്ഥിതിക ബാദ്ധ്യതയായി സർക്കാരും ബന്ധപ്പെട്ടവരും കാണണം. കാരണം ഒരു വലിയ വിഭാഗം തൊഴിലാളികളുടെയും, അവരെ ആശ്രയിച്ചു ഉപജീവനം നടത്തുന്ന ഇന്നത്തെ തലമുറയിൽപെട്ട യുവാക്കളും കുട്ടികളും അടങ്ങിയ ഒരു വലിയ ജനവിഭാഗത്തിന്റെ ജീവൽസുരക്ഷയുടെ പ്രശ്നമാണിത്. ഈ തോട്ടങ്ങൾ ആരംഭിക്കുവാനും, നിലനിറുത്താനും കഠിനപ്രയത്നം നടത്തിയത് ഇവരുടെ പിതാമഹന്മാരാണ്. അവരെ ദാരിദ്ര്യത്തിലേക്കും ദുരിതത്തിലേക്കും തള്ളിവിടാൻ പാടില്ല. കൂടാതെ അങ്ങേയറ്റം പ്രതികരണക്ഷമതയുള്ളതും പാരിസ്ഥിതികമായി ദൗർബല്യങ്ങൾ ഉള്ളതുമായ സാഹചര്യം നിലനില്ക്കുന്ന തേയിലത്തോട്ട പ്രദേശങ്ങളുടെ പരിരക്ഷയ്ക്കു ആവശ്യമായ നടപടികളും അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

#### 1.5.7.4. ശുപാർശകൾ

1. അടിയന്തിരമായി ചെയ്യേണ്ടത്, തോട്ടം തൊഴിലാളികൾക്കും ആശ്രിതർക്കും ദുരിതാശ്വാസത്തിനായി **സമ്പൂർണ്ണഗ്രാമീണ റോസ്ഗാർ യോജനാപരിപാടി**യുമായി ബന്ധപ്പെട്ട, ഭക്ഷ്യം നേരിട്ടുനല്കുക എന്നതാണ്. അതിന്റെ ഒരു ഭാഗം തൊഴിലാളികളുടെ കൂലിയിൽ ക്രമീകരിക്കാവുന്നതാണ്. അതുപോലെതന്നെ ഭൂമി പരിഷ്കരണം നടത്തിയും, മണ്ണും ജലവും സംരക്ഷിച്ചുകൊണ്ട് ഇടയുള്ള സ്ഥലങ്ങളിലെല്ലാം പുനർനടീൽ നടത്തുന്നതിനും തോട്ടങ്ങളുടെ പുനരധിവാസം നടത്തുന്നതിനും അടിയന്തിര നടപടികൾ കൈക്കൊള്ളണം.

2. തോട്ടം ഉടമകൾക്ക്, വാണിജ്യ ബാങ്കുകളിൽ നിന്നുമുള്ളതുൾപ്പെടെ, സാമ്പത്തിക സ്ഥാപനങ്ങളിലും ഏജൻസികളിലും നിന്ന് കടാശ്വാസ നടപടികൾ സ്വീകരിക്കണം. അവരെടുത്തിട്ടുള്ള ഹ്രസ്വകാലവായ്പകൾ മീഡിയം കാലമായും, ദീർഘകാല വായ്പകളുടെ അടവുകാലം നീട്ടിക്കൊടുക്കുവാനും നടപടികൾ സ്വീകരിക്കുക.

3. **തോട്ടമുടമകൾക്ക് നൽകുന്നതായ ഇത്തരമുള്ള കടാശ്വാസ സഹായങ്ങൾ തോട്ടം തൊഴിലാളികൾക്ക് ഉടമകൾ നല്കാനുള്ള ബാദ്ധ്യതകളായ കൂലിയും, പ്രൊവിഡന്റ് ഫണ്ടും മറ്റുനിയമാനുസൃതമായ അവകാശങ്ങളും, ആനുകൂല്യങ്ങളും കൊടുത്തുതീർക്കുന്നതിനായി വിനിയോഗിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തണം**. ഉടമകൾക്ക് കടാശ്വാസ സഹായങ്ങൾക്ക് അനുമതി നല്കുന്ന സാമ്പത്തിക സ്ഥാപനങ്ങൾക്ക് സർക്കാർ വേണ്ട ഉറപ്പുകൾ നല്കേണ്ടതുമാണ്.

4. തേയിലത്തോട്ടങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ, വിനോദസഞ്ചാരമുൾപ്പെടെയുള്ള മേഖലകളിലെ സാദ്ധ്യതകൾകൂടി വിനിയോഗിച്ചുകൊണ്ട് തേയിലയുടെ വരുമാനക്കുറവു നികത്തുവാൻ പരിശ്രമിക്കേണ്ടതാണ്. തേയിലയുടെ ഉത്പാദനത്തെ അപകടപ്പെടുത്തുന്ന രീതിയിൽ ഭൂമിയെ മറ്റാവശ്യങ്ങൾക്ക് കൊടുക്കുകയോ, തൊഴിലാളികളെ പിരിച്ചുവിടുകയോ ചെയ്യാതെ ഈ മേഖലയിൽ തൊഴിൽ സാദ്ധ്യതകളും, തൊഴിൽ സുരക്ഷയും വരുമാന വർദ്ധനവും ലഭ്യമാക്കണമെന്ന ലക്ഷ്യത്തോടെയാണ് കമ്മിഷൻ ഈ നിർദ്ദേശങ്ങളിലൂടെ ശുപാർശകൾ ചെയ്യുന്നത്.

5. തോട്ടം തൊഴിലാളികൾക്ക് കൊടുത്തു തീർക്കേണ്ടതായ ബാദ്ധ്യതകൾ നിറവേറ്റുവാൻ തയ്യാറുള്ള തോട്ടങ്ങളുടെ പുനരധിവാസത്തിനും, പുതിയചെടികൾ നടുന്നതിനും, മുതൽമുടക്കാൻ സന്നദ്ധതയുള്ള തോട്ടമുടമകൾക്ക് നികുതിയിളവും, വായ്പ വീടാൻ സാവകാശവും അനുവദിക്കുവാൻ സർക്കാർ നടപടികൾ സ്വീകരിക്കണം.

6. തേയിലയുടെ വിലയിൽ കുറച്ചെങ്കിലും യുക്തിസഹമായ വർദ്ധനവുണ്ടാകും വരെ 1984-ലെ ടീ കൺട്രോൾ ഓർഡർ പ്രകാരമുള്ള നടപടികൾ പുനരാരംഭിക്കേണ്ടതാണ്. ഈ നിയമം പരിഷ്കരിക്കുകയും, വേണ്ടിവരുന്നപക്ഷം നിറുത്തലാക്കുകയും ചെയ്യേണ്ടതാണ്. കാരണം ഉത്പാദകർക്ക് അവരുടെ ഉത്പന്നങ്ങൾ ലാഭകരമായ ഏതൊരു മാർഗ്ഗത്തിലൂടെയും വില്ക്കുവാനും അങ്ങിനെ ഉപഭോക്തൃവിലയുടെ ഒരു നല്ല പങ്ക് അവർക്ക് ലഭിക്കുവാനുമുള്ള സ്വാതന്ത്ര്യമുണ്ടാവണം. തേയില വിപണിയിൽ ഏതാനും പാക്കേജിംഗ്, ബ്ലെന്റിംഗ് കമ്പനിക്കാർക്ക് മേൽകൈ പുലർത്താൻ കഴിയുന്ന സാഹചര്യം നിലനിൽക്കുമ്പോൾ തേയില വ്യാപാരികൾക്കാണ് എല്ലാ പ്രയോജനവും ലഭിക്കുന്നത്, അല്ലാതെ ഉത്പാദകർക്ക് അല്ല. പാക്കേ

ജിംഗ്കാർക്കും ബ്ലെന്റിംഗുകാർക്കും വിലയെ നയിന്ത്രിക്കാൻ കഴിയുന്ന പരിത:സ്ഥിതിയിൽ വിപണിയിലെ ലൂസ് ടീ വിഭാഗക്കാരെ അത് വളരെ പ്രതികൂലമായി ബാധിക്കുന്നതാണ്.

7. തേയില ഉൽപാദകർക്ക്, പ്രത്യേകിച്ചും ചെറിയ വിഭാഗത്തിൽ പെടുന്നവർക്ക്, ചെറുകിട വ്യാപാരികളിലൂടെയും, പ്രൊവിഷൻസ്റ്റോർ ഉടമസ്ഥരിലൂടെയും നേരിട്ട് ഉപഭോക്താക്കൾക്ക് വില്കുവാനും അവരെ സഹായിക്കുന്ന സംരംഭങ്ങൾ ഏറ്റെടുക്കുന്നതിൽ സാമ്പത്തികമായും സ്ഥാപനങ്ങളിൽകൂടിയും പ്രോത്സാഹനം നല്കാൻ നടപടികൾ സ്വീകരിക്കണം.

8. അടുത്തകാലത്ത്, തേയിലയുടെ വിലയുടെ കാര്യത്തിൽ, വിപണിയിൽ ഉണ്ടാകുന്ന ചാഞ്ചാട്ടങ്ങളെ നിയന്ത്രിക്കാൻ ഒരു സമ്പ്രദായം കേന്ദ്രസർക്കാർ മുമ്പോട്ടുകൊണ്ടുവന്നിട്ടുള്ളത് ഈ കമ്മിഷന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

9. അടുത്തകാലത്തായി തേയിലയുടെ ഇറക്കുമതി വർദ്ധിച്ചിട്ടുള്ളതിൽ കൂടുതലും വീണ്ടും കയറ്റി അയയ്ക്കണമെന്നുള്ള ലക്ഷ്യം വച്ചിട്ടുള്ളതാണ് എന്ന് വ്യക്തമാണ്. അത്തരം 'റീ എക്സ്പോർട്ട്' വിദേശ തേയില വിപണിയെ കഠിനമായി ബാധിക്കും എന്നും, **അതാകട്ടെ, രാഷ്ട്രത്തിന്റെ ചിലവിൽ ഏതാനും നിക്ഷിപ്ത വ്യാപാരതാല്പര്യങ്ങളെയാണ് സഹായിക്കുന്നതെന്നും, അല്ലാതെ അത് ഉല്പാദകർക്ക് ഗുണകരമല്ല എന്നുമുള്ള വസ്തുതകൾ പരിഗണിച്ചുകൊണ്ട്, റീഎക്സ്പോർട്ടിനുള്ള വ്യവസ്ഥ ദുരുപയോഗപ്പെടുത്തുന്ന അവസ്ഥയ്ക്ക് അറുതി വരുത്താനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു.** കൃഷിയെ സംബന്ധിച്ചുള്ള കരാർ (AOA) അനുസരിച്ചുള്ള ഇറക്കുമതിയുടെ അളവുപരമായ നിയന്ത്രണങ്ങൾ നീക്കിയ സാഹചര്യത്തിൽ ഇറക്കുമതിയുടെ കാര്യത്തിൽ യാതൊരു നിയന്ത്രണവും സാദ്ധ്യമല്ല. എന്നാൽ താരിഫ് ഈടാക്കുന്ന വ്യസ്ഥകൾ ഉപയോഗിച്ചുകൊണ്ട് തേയില ഉത്പാദകർക്ക് സാമ്പത്തികമായി നഷ്ടമുണ്ടാക്കുന്ന അത്തരം ഇറക്കുമതിയുടെ മേൽ ഫലപ്രമായ നിയന്ത്രണം ഏർപ്പെടുത്തേണ്ടതാണ്. അതിനാൽ വീണ്ടും കയറ്റുമതി ചെയ്യാനുള്ള സന്നദ്ധതയോടെ വമ്പിച്ച ഇറക്കുമതി ചെയ്യുമ്പോൾ **തേയിലയുടെ മൂല്യവർദ്ധന ഒരിക്കലും ഇറക്കുമതി താരിഫിന്റേയോ അല്ലെങ്കിൽ അപ്ലൈഡ് താരിഫ് നിരക്കിന്റേയോ അളവിൽ നിന്നും ഒട്ടും തന്നെ കുറയാൻ പാടില്ല എന്ന് കർശനമയി നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ കേന്ദ്ര സർക്കാർ ഏർപ്പെടുത്തേണ്ടതാണ്**. മറ്റൊരു നടപടി നിർദ്ദേശിക്കുന്നത്, കയറ്റുമതി ചെയ്യപ്പെടുന്നതായ തേയിലയുടെ ഗുണനിലവാരം മെച്ചപ്പെട്ടതായിരിക്കണമെന്നും, അത് ഇന്ത്യൻ തേയിലയുടെ ഗുണനിലവാരത്തോട് കിടപിടിക്കുന്നതുമായിരിക്കണമെന്നും സർക്കാർ നിർബ്ബന്ധിക്കണമെന്ന് ആണ്. ഇതുകൂടാതെ, ഗുണനിലവാരം നിർണ്ണയിക്കുന്നത്, ഇപ്പോൾ നടക്കുന്നതുപോലെ കസ്റ്റംസ് അധികൃതർ പരിശോധിക്കുന്നതിനുപകരം, അതിനുള്ള അധികാരം ടീ ബോർഡിലെ ഉദ്യോഗസ്ഥന്മാർക്ക് നല്കുകയാണ് വേണ്ടത്. കാരണം, തേയിലയെപ്പോലുള്ള വളരെ വേഗം ഗുണനിലവാരത്തിൽ പല കാരണങ്ങളാലും മാറ്റം വരുന്നതായ ഒരുൽപന്നത്തിന്റെ മേന്മ നിർണ്ണയിക്കുവാൻ കസ്റ്റംസ്കാരേക്കാൾ കൂടുതൽ അനുഭവസമ്പന്നരും സജ്ജരും ടീ ബോർഡ് ഉദ്യോഗസ്ഥന്മാരാണ്. വിദേശ നാണയശേഖരത്തിൽ വളരെയേറെ മുന്നോട്ടുപോയിട്ടുള്ള ഒരു രാഷ്ട്രത്തിന് ഇപ്രകാരമുണ്ടാകുന്ന വിദേശനാണയ സമ്പാദ്യത്തിൽ ഉണ്ടാകാവുന്ന നിസ്സാരമായ നഷ്ടം താങ്ങുവാൻ കഴിയുന്നതേയുള്ളൂ.

10. കേരള സർക്കാർ ടീ ബോർഡും ധനകാര്യസ്ഥാപനങ്ങളുമായി, വിശേഷിച്ചും 'നബാർഡു'മായും ഒത്തുചേർന്നുകൊണ്ട് ഒരു **പുനരധിവാസ റിവോൾവിംഗ് ഫണ്ട്** രൂപീകരിക്കാൻ മുൻകൈ എടുക്കണം. ഫണ്ട് രൂപീകരിച്ചാൽ അത് തീർച്ചയായും തൊഴിലാളികളുടെ ദുരിതാശ്വാസത്തിനും, തേയില ഫാക്ടറികളുടെ നവീകരണത്തിനും, തേയിലത്തോട്ടങ്ങളെ പുനരധിവസിപ്പിക്കുന്നതിനും ആവശ്യമായ ദീർഘകാലാടിസ്ഥാനത്തിലുള്ള വായ്പകൾ ഈ രംഗത്ത് ലഭ്യമാക്കാൻ കഴിയുന്നതും തന്മൂലം ഒരു വശത്ത് അത് പ്രത്യക്ഷമായും പരോക്ഷമായും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, തേയിലച്ചെടികൾ 'പ്രൂൺ' ചെയ്യുകപോലുള്ള കൃഷിശാസ്ത്രപരമായ നടപടികൾ മെച്ചപ്പെടുത്തുന്നതിനും, അങ്ങിനെ തേയിലച്ചെടിക്കൂട്ടങ്ങൾ കൂടിയതോതിൽ വിളതന്ന് പ്രതികരിക്കുന്നതിനും ഇടയാക്കുന്നതാണ്. മറുവശത്ത്, ഗുണനിലവാരം ഉയർത്തുന്നതിനും കഴിയുന്നതാണ്. ഗുണനിലവാരത്തിന്റെ കാര്യം വളരെ പ്രാധാന്യമർഹിക്കുന്നു. കാരണം തേയിലയ്ക്ക് കൂടുതൽ വില ലഭ്യമാക്കാൻ നമ്മുടെ സംസ്ഥാനത്ത് സംസ്കരിക്കപ്പെടുന്ന തേയില ഗുണനിലവാരത്തിൽ വളരെ മുന്നോട്ടുപോകേണ്ടതായിട്ടുണ്ട്. റബർ ബോർഡിന്റെ കാര്യത്തിലെന്നപോലെ തേയിലയുടെ മേൽ ചുമത്തുന്ന എക്സൈസിന്റേയും മറ്റു തീരുവകളുടേയും ഒരു ഭാഗം നീക്കി വച്ച്, കേന്ദ്ര സർക്കാരിന് ഈ പുനരധിവാസ ഫണ്ടിനെ ശക്തമാക്കുവാൻ വിനിയോഗിക്കാവുന്നതാണ്. സംസ്ഥാന സർക്കാർ നല്കുന്നതായ നികുതി ആശ്വാസ നടപടികൾ തേയിലച്ചെടികളുടെ പുനരധിവാസവും, പുനർനടീൽ പ്രവർത്തനങ്ങളുമായി ബന്ധിപ്പിയ്ക്കുന്നതായാൽ അതൊരു വലിയ പ്രചോദനമായിരിക്കുന്നതാണ്. വിവിധ ഭൂ-ജല പരിപാലന മാനേജ്മെന്റുകളുടെ കീഴിൽ ലഭ്യമാകുന്ന ധനസഹായങ്ങളും, സർക്കാരിന്റെ വന സംരക്ഷണ

ത്തിനുള്ള സഹായവും കൂടി ഒരുമിച്ച് 'പൂൾ' ചെയ്യുന്നതും ഈ ഫണ്ടിന്റെ സ്രോതസ്സിനെ പ്രോത്സാഹിപ്പിക്കുന്നതാണ്.

11. തേയിലത്തോട്ടങ്ങളെ വ്യാവസായികമോ, കാർഷികമോ ആയ സംരംഭമായി കരുതാവുന്നതാണ്. ഇപ്പോഴാണെങ്കിൽ ഈ രണ്ടിൽ നിന്നുമുള്ള പരിഗണനകൾ ലഭിച്ചു വരുന്നുണ്ട്. ഇതിനെയൊരു കാർഷിക സംരംഭമായി പരിഗണിക്കയാണെങ്കിൽ (യഥാർത്ഥത്തിൽ കാർഷികസംരംഭമാണെങ്കിലും അദ്ധ്വാനിക്കുന്ന തൊഴിലാളികളുടെ സേവനം വിപുലമായി ഇതിന്റെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ വിനിയോഗിക്കുകയും ചെയ്യുന്നുണ്ട്) തേയിലത്തോട്ട കൃഷി വളം, വൈദ്യുതി എന്നീ ഇൻപുട്ടുകളുടെ കാര്യത്തിൽ ഇളവുകൾക്ക് അർഹതപ്പെട്ടതാണ്. കൂടാതെ കൃഷിക്ക് ചുമത്തുന്ന ലെവിയോടുകൂടിയ വായ്പാ സൗകര്യങ്ങളും ലഭിക്കേണ്ടതാണ്. അതല്ല, വ്യവസായമായിട്ടാണ് പരിഗണിക്കപ്പെടുന്നതെങ്കിൽ വ്യവസായങ്ങൾക്ക് ചുമത്തുന്ന നികുതികൾ തീർച്ചയായും നീതീകരിക്കത്തക്കതാണ്. ഇപ്പോഴും ഒരു പ്രധാന വിദേശനാണ്യ സമ്പാദകൻ എന്ന നിലയിൽ തേയിലത്തോട്ടങ്ങൾക്ക്, വിദേശനാണയം നേടിക്കൊടുക്കുന്ന സംരംഭങ്ങൾക്ക് ലഭ്യമാക്കുന്ന എല്ലാ സഹായങ്ങൾക്കും അർഹതയുള്ളതായി പരിഗണിക്കണമെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു.

12. കാർഷിക ആദായനികുതി കാമ്പൗണ്ട് ചെയ്യുന്ന നടപടി എത്രയും വേഗം നടപ്പിലാക്കേണ്ടതാണ്. ഇതുമൂലം, ഒരുവശത്ത് നികുതി സംബന്ധമായ പ്രശ്നങ്ങളും നൂലാമാലകളും നേരേ ആക്കുവാനും, മറുവശത്ത് ഉത്പാദനക്ഷമതയും വരുമാനവും വർദ്ധിപ്പിക്കുവാനും ഇത് ഒരു പ്രചോദനവും ആയിത്തീരുന്നതാണ്. കൂടാതെ ഈ കാമ്പൗണ്ട് ചെയ്യുന്ന നികുതിയെ ആദായം കണക്കാക്കുമ്പോൾ (നികുതി നിശ്ചയിക്കുമ്പോൾ) മറ്റൊരു ചിലവിനമായി ഭൂമിയുടെ പാട്ട വ്യവസ്ഥയിലെ നിശ്ചിത പാട്ടം/വാടക ഇനം എന്നപോലെ കണക്കാക്കാവുന്നതുമാണ്.

13. കേന്ദ്ര സംസ്ഥാന സർക്കാരുകളും, പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളും എല്ലാം തേയിലത്തോട്ട വ്യവസായസംരംഭകരുടെ മേഖലയിലെ നികുതി വ്യവസ്ഥയേയും നികുതി ചുമത്തലിനേയും ഒരിക്കൽകൂടി വിലയിരുത്തേണ്ടതാണ്. നികുതി വ്യവസ്ഥയും, അതിന്റെ നിർദ്ദേശങ്ങളും, പിരിച്ചെടുക്കലും ഈ മേഖലയിലെ നിക്ഷേപത്തിന് പ്രേരകവും സൗകര്യവും നല്കുന്ന തരത്തിലുള്ളവയായിരിക്കണം. കാരണം ഈ മേഖല നിക്ഷേപ സംരംഭങ്ങൾക്കായി വളരെയേറെ ദാഹിക്കുകയാണിപ്പോൾ.

14. അടിസ്ഥാനപരമായ ചില വസ്തുതകൾ ഈ മേഖലയ്ക്ക് അഭിമുഖീകരിക്കേണ്ടതായിട്ടുണ്ട്. അവയിൽ ഒന്നാണ് തേയിലത്തോട്ടങ്ങളുടെ ഉത്പാദനക്ഷമതയുടെ വർദ്ധനവ് വളരെ സാവകാശമാണ് എന്നത്. ഉത്പാദനക്ഷമത ഉയർത്താനുള്ള (ഹ്രസ്വ-ദീർഘകാല) നടപടികളോടുള്ള ചെടികളുടെ പ്രതികരണവും മോശമാണ്. അതിന് പ്രധാന കാരണങ്ങളിൽ ഒന്ന് തേയിലച്ചെടികളിൽ വലിയ ശതമാനവും (2/3 ഭാഗവും) ഉത്പാദനക്ഷമതാകാലം പിന്നിട്ടവയാണെന്നത് തന്നെയാണ്. ഈ ഉത്പാദനക്ഷമതയിലെ കുറവിനെ വ്യക്തമായ പരിപ്രേക്ഷ്യത്തിൽ നോക്കിക്കാണേണ്ടതുണ്ട്. വർത്തമാനകാലത്തെ പ്രതിസന്ധിയാകട്ടെ, അനുദിനം മൂർച്ഛിച്ചു വരികയുമാണ്. പ്രശ്നപരിഹാരത്തിന് സുസ്ഥിരമായ നടപടികൾ സ്വീകരിക്കണമെങ്കിൽ സ്ഥിതിഗതികൾ വ്യക്തമായി അപഗ്രഥിക്കുകയും, അപഗ്രഥനത്തിന് വസ്തുനിഷ്ടമായ കാഴ്ചപ്പാടും വേണ്ടതുണ്ട്. തൊഴിലാളികളുടെ അദ്ധ്വാനത്തിന്റെ ഉത്പാദനക്ഷമതയും തേയിലയുടെ ഉത്പാദനക്ഷമതയും തമ്മിൽ ബന്ധപ്പെടുത്തി കൂലി വർദ്ധിപ്പിക്കുന്നതും പ്രായോഗികമായി യാതൊരു മെച്ചവും ഉണ്ടാക്കാൻ പോകുന്നില്ല, കാരണം ഇതിനോടൊപ്പം തന്നെ വിളയുടെ നിരക്കിൽ ആശാസ്യമായ വർദ്ധനവു ഉണ്ടാകാത്ത പക്ഷം യാതൊരു നേട്ടവും ഉണ്ടാകുന്നതല്ല. ഭൂമിയുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിലും, മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിലും, തൊഴിൽച്ചെലവു കുറയ്ക്കുന്നതിലും ശ്രദ്ധകേന്ദ്രീകരിച്ചുകൊണ്ട് എല്ലാവരും പരസ്പരം യോജിച്ച് ഉത്തരവാദിത്വങ്ങളും ബാദ്ധ്യതകളും ഏറ്റെടുത്ത് പ്രവർത്തിക്കണം. അല്ലാതെ സംസ്ഥാനത്തെ തേയിലത്തോട്ട വ്യവസായ സംരംഭത്തിന് ദീർഘകാല സുസ്ഥിരത കൈവരിക്കാനാവില്ല. ഈ ലക്ഷ്യം കൈവരിക്കാൻ എല്ലാവരുടെയും ഒരു സമവായം ആവശ്യമായതിനാൽ ഈ മേഖലയിലെ തൊഴിലാളി പ്രതിനിധികളേയും തോട്ടം ഉടമകളേയും എല്ലാം ഒരുമിച്ച് ഒരു മേശയ്ക്ക് ചുറ്റും ഇരുന്ന് ചർച്ചചെയ്യുവാനുള്ള അവസരമൊരുക്കാൻ കമ്മിഷൻ സംസ്ഥാന സർക്കാരിനോട് ശുപാർശ ചെയ്യുന്നു.

## കാപ്പി

### 1.5.7.0 കാപ്പിയും സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയും

**ഇന്ത്യയിലെ കൃഷി** : ലോകത്തെ മൊത്തം, കാപ്പിയുത്പാദനത്തിന്റെയും കയറ്റുമതിയുടെയും 4% ആണ് ഇന്ത്യ നിർവ്വഹിക്കുന്നത്. ഇന്ത്യയിലെ കാപ്പിയുടെ ഉത്പാദനം 2000-2001-ൽ 301 ആയിരം ടണ്ണായിരുന്നു. അതിൽ 2/3 ഭാഗം റോബസ്റ്റയും 1/3 അറബിക്കയും ആയിരുന്നു. കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ (1995-96 to 2000-2001 വരെ) ഉത്പാദനം 1/3 കൂടി വർദ്ധിച്ച് 223 ആയിരം ടണ്ണിൽനിന്നും 301 ആയിരം ടണ്ണായി. അറബിക്ക എന്നയിനം കാപ്പി 104 ആയിരം ടണ്ണിലെത്തി നിശ്ചലമായി നിന്നപ്പോൾ അക്കാലമത്രയും റോബസ്റ്റയുടെ ഉത്പാദനം ഏകദേശം 60% ഉയർന്ന് 120 ആയിരം ടണ്ണിൽ നിന്നും 197 ആയിരം ടണ്ണായി. ആഭ്യന്തര വിപണിയിലും അന്താരാഷ്ട്ര വിപണിയിലും (ഒരേ സമയം) 1/4 മുതൽ 1/3 വരെ പ്രീമിയം വില റോബസ്റ്റയേക്കാൾ നേടുവാൻ അറബിയ്ക്കയ്ക്ക് കഴിഞ്ഞു. കാരണം അറബിക്ക നേരിട്ടുള്ള ഉപയോഗത്തിനു കൊള്ളാവുന്നതാണ്. എന്നാൽ റോബസ്റ്റയെ മറ്റു ചില സാധനങ്ങളുമായി ബ്ലെൻഡ് ചെയ്ത്, സംസ്കരിച്ച്, മൂല്യവർദ്ധന നടത്തിയശേഷം 'ഇൻസ്റ്റന്റ്' കാപ്പിയായിട്ടാണ് കൂടുതലും ഉപയോഗിച്ചുവരുന്നത്. ഇന്ത്യയിൽ റോബസ്റ്റ കാപ്പിയുടെ ഏറിയഭാഗം കയറ്റുമതി ചെയ്യപ്പെടുന്നു. അറബിയ്ക്കയ്ക്ക് കൂടുതലും ആഭ്യന്തര ഉപഭോഗത്തിനായിട്ടാണ് വിനിയോഗിക്കുന്നത്. 2000-2001 വർഷം ഇന്ത്യ 247 ആയിരം ടൺ കാപ്പിയാണ് (1377 കോടി രൂപയ്ക്ക്) കയറ്റുമതി ചെയ്തത്. ഇത് 2001-2002-ൽ 209 ആയിരം ടണ്ണായി കുറഞ്ഞു എങ്കിലും (1033 കോടി രൂപയ്ക്ക്) ഇപ്പോഴും കാപ്പി ഒരു പ്രധാന വിദേശനാണയ സമ്പാദകനായ കയറ്റുമതി ഉത്പന്നമായി തുടരുന്നു.

### കേരളത്തിന്റെ പങ്ക്

രാജ്യത്തെ ആകെ കാപ്പിയുത്പാദനത്തിൽ കേരളത്തിന്റെ പങ്ക് ഏകദേശം 1/4 ആണ്. അതായത് 2000-2001-ൽ 71 ആയിരം ടൺ ആണ് കേരളത്തിന്റെ ഉത്പാദനം. 2000-2001-ൽ ഏകദേശം 84,000 ഹെക്ടർ സ്ഥലത്തായിരുന്നു കാപ്പിക്കൃഷി. കേരളത്തിലെ ഉത്പാദനത്തിന്റെ 80% ഉം വയനാട് ജില്ലയിലാണ്. ശേഷിച്ചതിൽ കൂടുതലും ഇടുക്കി ജില്ലയിലാണ്. കാപ്പികൃഷിയുടെ ആകെ വിസ്തൃതിയുടെ 95% വും റോബസ്റ്റയാണ്. സംസ്ഥാനത്തെ മൊത്തം കാപ്പി ഉത്പാദനത്തിന്റെ 94% ലഭ്യമാക്കുന്നത് ഇവിടെ നിന്നാണ്. കാപ്പിയുടെ ഉത്പാദനത്തിൽ കേരളം വലിയൊരു കുതിച്ചുകയറ്റം തന്നെ നടത്തുകയുണ്ടായി. പ്രാതിഭാസികമായ ഈ വർദ്ധനവിന്റെ തോത് നോക്കിയാൽ 1990-1991-ലെ ഹെക്ടറൊന്നിന് 278 കിലോഗ്രാം എന്നതിൽ നിന്നും 2000-2001ലെ 833 കിലോ/ഹെക്ടറായി ഉയർന്നപ്പോൾ കേരളവും കർണ്ണാടകവും തമ്മിൽ ഉത്പാദനത്തിലുണ്ടായിരുന്ന വിടവ് 1/2-ൽ നിന്നും 1/4 ആയി ചുരുങ്ങുകയുണ്ടായി.

### കാപ്പി, കേരളത്തിൽ, ചെറുകിട കർഷകരുടെ വിള

കേരളത്തിൽ കാപ്പി മുഖ്യമായും ചെറുകിട കൃഷിക്കാരുടെ ഒരു വിളയാണ്. 1990-91ലെ കണക്കനുസരിച്ച് ഏകദേശം 93% കർഷകരും ചെറുകിടക്കാരാണ് (76,400 ചെറിയ കാപ്പികൃഷിസ്ഥലങ്ങൾ ആണുള്ളത്). ആകെ കാപ്പി കൃഷിയുടെ (68,3000 ഹെക്ടറിൽ) 89%വും ചെറുകിടക്കാർ തന്നെ. അവരുടെ കൈവശം ശരാശരി 2 ഹെക്ടറോ അതിൻ താഴെയോ ഉള്ള ഭൂമിയേ ഉള്ളൂ. ഏകദേശം 134 കാപ്പിത്തോട്ടങ്ങളുടെ ആകെ ശരാശരി വിസ്തൃതി 55 ഹെക്ടറാണ്. ഇതിൽ ഏറ്റവും കുറഞ്ഞ വിസ്തൃതി 20 ഹെക്ടറും. ഇവയെല്ലാം കൂടിയാൽ മൊത്തം വിസ്തൃതി ആകെ കാപ്പി കൃഷിയുടെ 115 ശതമാനം ആണ്. ഏതായാലും 1990-91 ലെ ഈ സ്ഥിതിയിൽ നിന്നും പിന്നീട് യാതൊരു മാറ്റവും വരാൻ ഇടയില്ല.

### കാപ്പിയുടെ കയറ്റുമതി

1990 കളുടെ രണ്ടാം പകുതിയിൽ ഉല്പാദനത്തിന്റെ 77% മുതൽ 84% വരെ നാം കാപ്പി കയറ്റുമതി ചെയ്തിരുന്നു. കാപ്പി കയറ്റുമതിയെ വളരെ ഏറെ ആശ്രയിച്ചു നില്ക്കുന്ന ഒരു വിളയാണ്. അതുകൊണ്ട് അതിന്റെ വർത്തമാന-ഭാവി വിലകൾ അന്താരാഷ്ട്ര വിപണിയിലെ ചാഞ്ചാട്ടങ്ങൾക്ക് വിധേയമാണ്. ഡിമാന്റിന്റെയും സപ്ലൈയുടേയും, വിശേഷിച്ചും സപ്ലൈയുടെ കാര്യത്തിൽ ഇത് പ്രകടമാണ്.

### 1.5.7.1 വിലത്തകർച്ചയും കാപ്പിയുടെ സമ്പദ്ഘടനയിലെ പ്രതിസന്ധിയും

കാപ്പിയുടെ ആഭ്യന്തരവില 1990–91ലെ കിലോയ്ക്ക് 27.85 രൂപയിൽനിന്നും കുതിച്ചുകയറി കിലോയ്ക്ക് 79.79 രൂപയായി. പിന്നീട് അത് 1997–98–ൽ എക്കാലത്തേയും ഉയർന്ന നിലവാരമായ 95.37 രൂപയായി. എന്നാൽ 1998–നുശേഷം നിരന്തരമായി വിലതകരുകയും കിലോയ്ക്ക് വെറും 10.25 രൂപ വരെയായി. പിന്നീട് **2001–2002–ൽ എത്തുമ്പോഴേക്കും അത് 49.93 രൂപയ്ക്കടുത്തെത്തി നിന്നു. കാപ്പിയുടെ വിലത്തകർച്ച കേരളത്തെ ദുരിതത്തിലാക്കി.** എപ്പോഴും റോബസ്റ്റയുടെ വിലയായിരുന്നു അറബിക്കയേക്കാളും 20%നും 25% ഇടയിൽ, താണുപോയത്. ഇതുമൂലം ദൂരവ്യാപകമായ കെടുതികൾക്കിടയായി. കേരളത്തിലെ കാപ്പി കൃഷിക്കാർക്ക് 1999 കിട്ടിയ വില കിലോയ്ക്ക് 59.91 രൂപയായിരുന്നത് ക്രമേണ താണ് താണ് 2001–ൽ 28.54 രൂപയും, അതെ തുടർന്ന് 20002–ന്റെ ആദ്യപകുതിയിൽ വെറും 26.36 രൂപ/കിലോ/ആയി.

ഇന്ത്യൻ കാപ്പിയുടെ ഇത്ര ദാരുണമായ വിലത്തകർച്ചയ്ക്ക് മുഖ്യകാരണമായി എടുത്തുകാട്ടുന്നത്, ഈ കാലഘട്ടത്തിൽ ലോകമെമ്പാടും ഉണ്ടായ വിലത്താഴ്ചയാണ്. ഇതിനുകാരണമാകട്ടെ, കാപ്പി കയറ്റുമതിയെ കൂടുതൽ ആശ്രയിച്ചു കഴിയുന്ന ഉല്പന്നമായതാണ്. കാപ്പിയുടെ ലോകവില (Other Milds), 1997–ലെ ഏറ്റവും ഉയർന്ന വിലയായ പൗണ്ടിന് 1.85 യു.എസ്. ഡോളറായിരുന്നത്, 2002 ആയപ്പെഴേക്കും വെറും 0.62 യു.എസ്.ഡോളറായി. റോബസ്റ്റയുടെ വില ഏകദേശം 0.82 യു,എസ്.ഡോളറായിരുന്നു (1996–98) കാലത്ത്) 2001 ആകുമ്പോഴേക്കും അവിശ്വസനീയമായ നിലയിൽ താണ് വെറും 0.28 യു.എസ്. ഡോളറായിത്തീർന്നു. **ലോകവിപണിയിൽ വില താഴാനുള്ള കാരണം ഒന്നാമതായി കാപ്പിയുടെ ഉല്പാദനത്തിലുണ്ടായ ആഗോളതല വർദ്ധനവായിരുന്നു.** ഉല്പാദനം 1997–98–ലെ ഏകദേശം 96 ദശലക്ഷം ചാക്കിൽ നിന്നും (5.8 ദശലക്ഷം ടൺ – ചാക്ക് ഒന്നിൽ 60 കിലോ എന്ന കണക്കിൽ) 1999–2000–ൽ 115 ദശലക്ഷം ചാക്കായി (6.5 ദശലക്ഷം ടൺ) ഉയരുകയുണ്ടായി. ഏറ്റവും എടുത്തുകാട്ടേണ്ട ഒരു വസ്തുതയാണ് നാലുവർഷത്തെ ചുരുങ്ങിയ കാലയളവിൽ വിയറ്റ്നാം കാപ്പിയുടെ വിപണിയിൽ ഒരു മുഖ്യശക്തിയായി വളർന്നു വന്നതാണ്. വിയറ്റ്നാമിന്റെ കാപ്പി ഉല്പാദനം 1997–98–ലെ 6.7 ദശലക്ഷം ചാക്കിൽ നിന്നും 2000–2001–ൽ ത14.8 ദശലക്ഷം ചാക്കായി അഭൂതപൂർവ്വം ഉയർന്നു. ലോകത്തെ കാപ്പി ഉല്പാദനത്തിന്റെ 11.5% വും കയ്യടക്കിക്കൊണ്ട് വിയറ്റ്നാം, തൊട്ടടുത്ത പ്രതിയോഗിയായ കൊളംബിയ (10.5 ദശലക്ഷം ചാക്ക്) യെ പിന്നിലാക്കി. (എന്നാലിപ്പോഴും ലോകത്തെ മൊത്തം കാപ്പി ഉല്പാദനത്തിന്റെ 26% ഉല്പാദിപ്പിച്ചുകൊണ്ട് ബ്രസീൽ സ്വന്തം ഒന്നാം സ്ഥാനം നിലനിറുത്തി വരുന്നു) ലോകവിപണിയിൽ കാപ്പിയുടെ വിലക്കുറവിന് വഴിതെളിച്ചത് 1996 –97 തൊട്ട് 1997–98 വരെയുള്ള കാലത്തെ ബ്രസീലിന്റെ കാപ്പിയുല്പാദനത്തിലെ കുറവായിരുന്നു. (27.6 ദശലക്ഷം ചാക്കിൽ നിന്നും അത് 1997–98–ൽ 22.7 ദശലക്ഷം ചാക്കായി കുറഞ്ഞു). എന്നാൽ ലോക വിപണിയിൽ കാപ്പിയുടെ വില 1998 നുശേഷം കുത്തനെ ഇടിയാൻ കാരണം, ബ്രസീലിന്റെ വർദ്ധിച്ച ഉല്പാദനത്തിലേക്കുള്ള തിരിച്ചുപോക്കാണ് എന്നു കാണാം. (1997–98–ൽ 22.7 ദശലക്ഷം –ചാക്കായി കുറഞ്ഞു) എന്നാൽ 1997–98–ൽ 22.7 ദശലക്ഷം ചാക്കായിരുന്നത് 1998–99–ൽ 36.6 ദശലക്ഷം ചാക്കായി. എന്നാൽ ഇന്ത്യൻ കാപ്പി ലോകവിപണിയിൽ ഒരു മുഖ്യപങ്കാളിയല്ലെങ്കിലും ആപേക്ഷികമായി ചെറിയ ഒരു പങ്ക് അതിനുണ്ട്. മൊത്തം ലോക കാപ്പിയുത്പാദനത്തിന്റെ 4% ഇന്ത്യയിലുല്പാദിപ്പിക്കപ്പെടുന്നു. ഇന്ത്യ കയറ്റുമതിയെ ഭാരിച്ച തോതിൽ ആശ്രയിക്കുന്നതുകൊണ്ട് (ഇന്ത്യയുല്പാദിപ്പിക്കുന്ന മൊത്തം കാപ്പിയുടെ 4/5 ഭാഗത്തിന്റെ 75% വും കയറ്റുമതി ചെയ്യപ്പെടുകയാണ്) അന്താരാഷ്ട്രവിപണിയ്ക്ക് കീഴടങ്ങേണ്ടതായിട്ടാണിരിക്കുന്നത്.

### 1.5.7.2. കൃഷിയെ സംബന്ധിച്ച (WTO) കരാറിന്റെ (AOAയുടെ) സ്വാധീനം കാപ്പിയിൽ

WTOയുടെ കൃഷിയെസംബന്ധിച്ച (AOA) വ്യവസ്ഥകൾ തേയില, ഏലം എന്നീ തോട്ടവിളകളോടൊപ്പം കാപ്പിയെയും ഉൾപ്പെടുത്തിയിട്ടുണ്ട്, ഇറക്കുമതിയുടെ അളവുപരമായ നിയന്ത്രണങ്ങൾ (QRS)2001 ഏപ്രിൽ മുതൽ എടുത്തുകളയുകയുണ്ടായി. അപ്പോൾ കാപ്പി ഇറക്കുമതിമേലുള്ള താരിഫ് 2002 മാർച്ച് മുതൽ 100% ആയി വർദ്ധിപ്പിച്ചു. പി.എഫ്.ഏ.മാനദണ്ഡങ്ങൾ ഇറക്കുമതിയിൽ ഇപ്പോൾ ചുമത്തപ്പെടുന്നുമുണ്ട്.

### 1.5.7.3 വെല്ലിവിളികളും, അവസരങ്ങളും

**സംയുക്ത സ്വാധീനം** : കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന കാപ്പിയുടെ ഏതാണ്ട് മുഴുവൻ ഭാഗവും റോബസ്റ്റായാണ്, അതിലേറിയ പങ്കും കയറ്റുമതി ചെയ്യപ്പെടുകയും ചെയ്യുന്നു. അതിനാൽ കേരളത്തിന്റെ കാപ്പികൃഷിയും വ്യവസായവും ലോകവിപണിയുടെ ചില വ്യവസ്ഥയ്ക്ക് കീഴടങ്ങേണ്ടതായ സ്ഥിതിയാണുള്ളത്. കാപ്പിയുടെ ആഗോളതലത്തിലുണ്ടായ വിലത്തകർച്ചയുടെ നാടകീയമായ അരങ്ങേറ്റം തീർത്തും പ്രതികൂലമായി ബാധിച്ച ഏക ഉൽപന്നവും കാപ്പിയായിരുന്നു. 1998–2002 കാലത്തെ വളരെ ഉയർന്ന വിലയിൽനിന്നും 2/3 ഭാഗം കുറവ് വന്നത് കാപ്പി ഉത്പാദകർക്ക് കനത്ത തിരിച്ചടിയായി. ബഹുഭൂരിപക്ഷം

കാപ്പികൃഷിക്കാരും ചെറുകിടക്കാരാണ്. ഋതുഭേദമനുസരിച്ച് കാലാകാലമുണ്ടാകുന്നു കാലാവസ്ഥാ വ്യതിയാനങ്ങളും (പൂവരും മുമ്പ് പെയ്യുന്നതായ മഴ വിളയെ നിർണ്ണായകമായ അളവിൽ സ്വാധീനിക്കുന്നു), കാപ്പി കൃഷി പ്രദേശങ്ങളിലെ അടിസ്ഥാന സ്രോതസ്സുകളുടെ ബലഹീനതയും എല്ലാം കാപ്പികൃഷിക്കാരുടെ ഉപജീവന സുരക്ഷയെ കടന്നാക്രമിച്ചതു മൂലം, വില തകർച്ച കൊണ്ടുണ്ടായ കഷ്ടപ്പാടുകൾ കർഷകജീവിതത്തെ കൂടുതൽ ദുരിതപൂർണ്ണമാക്കുകയാണുണ്ടായത്.

### ഇടവിളയായ കുരുമുളകിന്റെ കൃഷിനാശം

തങ്ങളുടെ ഉപജീവന മാർഗ്ഗം ഒട്ടൊക്കെ സുസ്ഥിരമാക്കുവാനും വരുമാനം ഉയർത്തുവാനും ചെറുകിട കാപ്പികൃഷിക്കാർ അവരുടെ പക്കലുള്ള ഭൂമിയുടെ വിഭവശേഷി പരമാവധി വിനിയോഗിക്കാൻ ശ്രമം നടത്തിനോക്കി. ഇവർ മലഞ്ചെരിവുകളിൽ കാപ്പികൃഷിചെയ്യുകയും, താഴ്വരകളുടെ അടിഭാഗങ്ങൾ നികത്തി അവിടം നെൽവയലുകളാക്കി മാറ്റി. വയനാട്ടിൽ പരക്കെ മധുരനാരങ്ങ (orange) കൃഷി ചെയ്തുവെങ്കിലും അവിടെ സിട്രസ്/സൈബാക്ക് എന്ന രോഗം ബാധിക്കുകയും ചെയ്തു. (ഇത് രണ്ടും പരസ്പരപൂരകമായ കാർഷിക തന്ത്രമായിരുന്നു). എന്നാൽ മറ്റൊരുകൂട്ടം കാപ്പികൃഷിക്കാരാവട്ടെ, താഴ്വാരങ്ങളുടെ അടിയിലുള്ള ഭൂപ്രദേശത്താകെ കമുകും (മറ്റുചിലർ) ഏലവും കൃഷിചെയ്തു. ഒരു കാലത്ത് ദീർഘകാലവിളയായ കമുക് നേരത്തേതന്നെ കൃഷിചെയ്യാതിരുന്നിടങ്ങളിൽ വാഴയും കൃഷിചെയ്തിരുന്നു. ഇവയിൽ നിന്നും കിട്ടിയ വരുമാനങ്ങൾ കാപ്പികൃഷിക്കാരുടെ സാമ്പത്തിക സ്ഥിതിയിൽ ഗണ്യമായ സഹായമായിരുന്നു. എന്നാൽ ദൗർഭാഗ്യകരമെന്നുപറയട്ടെ, കുരുമുളകിനെ ബാധിച്ച 'ദ്രുതവാട്ടം' എന്ന (ഫൈറ്റോസ് തോറ വേരു ചീയൽ) രോഗത്തിന്റെ ആക്രമണം സാർവ്വത്രികമായതും, തന്മൂലം ഉല്പാദനം കുറഞ്ഞതും, കുരുമുളകിന്റെ വില ത്തകർച്ചയ്ക്ക് അനുബന്ധമായ) അങ്ങിനെ കാപ്പിയുടെ വില തകർന്നതും കൃഷിക്കാരുടെ സാമ്പത്തിക ക്ലേശത്തെ ത്വരിതപ്പെടുത്തുകയുണ്ടായി. കുരുമുളകിന്റെ വില 2000 ൽ കിലോയ്ക്ക് 190 രൂപയായിരുന്നത് 2002–ൽ 70 രൂപയായി നേർപകുതിയിലും താണത് കാപ്പികൃഷിക്കാരുടെ വരുമാനത്തെ കാർന്നെടുക്കുകയും ചെയ്തു. കാപ്പിയുടെ ഈ വിലയിടിവിന് ഏതാണ്ട് സമകാലികമായി തന്നെ സംസ്ക്കരിച്ച പാക്കിന്റെ വിലയിലുണ്ടായ കൂപ്പുകുത്തൽ (1990–ൽ കിലോയ്ക്ക് 104 രൂപയായിരുന്നത് 2002 ആയപ്പോഴേക്കും വെറും 34 രൂപയായത്) കാപ്പികൃഷിക്കാരുടെ ദുഃസ്ഥിതി കൂടുതൽ രൂക്ഷമാക്കി. ഇതിനുപുറമേ, വേലക്കൂലിയുൾപ്പെടെ, കൃഷിച്ചെലവിന്റെ വർദ്ധനയും (കാപ്പിയുത്പാദനത്തിൽ ഇത് വളരെ ഗണ്യമായിരുന്നു)–അതായത് കാപ്പിക്കുരു പറിയ്ക്കുന്നതിനുള്ളകൂലിയുൾപ്പെടെ, ഉല്പാദത്തിലെ വമ്പിച്ചകുറവും കൂടിയും ആയപ്പോൾ സംസ്ഥാനത്തെ കാപ്പികൃഷിക്കാരുടെ വരുമാനം ആകെ പിഴിഞ്ഞെടുക്കപ്പെടുകയാണുണ്ടായത്.

### കാപ്പിയുടെ ഡിമാന്റ്

തേയിലയിൽ നിന്നും വ്യത്യസ്തമായി കാപ്പിയുടെ പൊതുവിലുള്ള ഉപഭോഗം ഇന്ത്യയിലെ തെക്കൻ സംസ്ഥാനങ്ങളിൽ മാത്രമായി, വിശേഷിച്ചും കർണ്ണാടകയിലും, തമിഴ്നാട്ടിലും ഒതുങ്ങി നില്ക്കുകയാണ്. ഒരു പക്ഷേ, കാപ്പിയുടെ ആഭ്യന്തരമായ ഡിമാന്റ് തെക്കൻ സംസ്ഥാനങ്ങളിലെ ജനസംഖ്യയുടെ വർദ്ധനവിന്റേയും, വരുമാനത്തിന്റേയും വടക്കൻ സംസ്ഥാനങ്ങളുടെ നഗരവത്ക്കരണത്തിന്റേയും അനുപാതത്തിനൊത്ത് ഉയർന്നുവരാവുന്നതാണ്. ഇൻസ്റ്റന്റ് കാപ്പിയെപോലുള്ള മൂല്യവർദ്ധിത രൂപങ്ങൾക്ക് ഇന്ത്യൻ വിപണിയിൽ ഇതിനകം തന്നെ പിടിച്ചു നിൽക്കാൻ കഴിഞ്ഞിട്ടുണ്ട്. കാപ്പിയുടെ ഡിമാന്റ് വ്യാപകമാക്കാൻ മറ്റൊരു സാദ്ധ്യതയാണ് റ്റോഫി പോലെ കാപ്പി അടിസ്ഥാനഘടകമായിട്ടുള്ള കൂടുതൽ ഉത്പന്നങ്ങൾ കണ്ടുപിടിക്കുക എന്നത്. കർമ്മോന്മുഖമായ പ്രോത്സാഹന നയങ്ങൾ ഈ വഴിക്ക് തിരിഞ്ഞാൽ കാപ്പിയുടെ ഉപഭോഗം വർദ്ധിപ്പിക്കാൻ പ്രയോജനകരമാവുന്നതാണ്.

## തന്ത്രങ്ങൾ

### 1.5.7.4. ഡിമാന്റും സപ്ലൈയും (ആവശ്യവും ലഭ്യതയും) തമ്മിലുള്ള വിടവ് നികത്തൽ

ഇന്ത്യയിലേയും കേരളത്തിലേയും കാപ്പിത്തോട്ട മേഖലയിൽ ഉയരുന്ന അടിസ്ഥാനപരമായ വെല്ലുവിളി അമിതോത്പാദനം എങ്ങിനെ കൈകാര്യം ചെയ്യാം എന്നതാണ്. രണ്ടുകാര്യങ്ങൾ പരിഗണിച്ച് അതിലൊന്ന്, ഇഛാനുസരണം തിരഞ്ഞെടുക്കാവുന്നതാണ്. ഒന്ന്, കാപ്പിയുടെ ഉത്പാദനം കുറയ്ക്കുകയാണ്. രണ്ട്, കാപ്പിയുടെ ഡിമാന്റ് വിപുലീകരിക്കുകയാണ്. ഇന്നത്തെ സാഹചര്യത്തിൽ, അടിയന്തിരമായി വളം, കീടനാശിനികൾ തുടങ്ങിയ ഇൻപുട്ടുകൾ പരമാവധി കുറച്ചുകൊണ്ടോ, കൃഷിശാസ്ത്രപരമായ മാനേജ്മെന്റ് നടപടി സ്വീകരിച്ചോ ഉല്പാദനം കുറയ്ക്കുവാൻ സാദ്ധ്യമായെന്നു വരികയില്ല. അതിനുമുപരിയായി അപ്ര

കാരമുള്ള കാർഷിക ഇടപെടലുകൾ വിളയുടെ ഭാവി ഉല്പാദനത്തിൽ അപത്ക്കരമായ സ്വാധീനം ചെലുത്തുകയും, തുടർന്നുണ്ടാകാവുന്ന അതിന്റെ ദൂഷ്യഫലങ്ങളിൽ നിന്നും മോചനം നേടാൻ കനത്ത വില കൊടുക്കേണ്ടതായും വന്നു കൂടായ്കയില്ല. ഒരു ദീർഘകാലവിള എന്ന നിലയിൽ, പൊടുന്നനവേ, കൃഷി സ്ഥലത്തിന്റെ വിസ്തൃതി കുറയ്ക്കുവാനും കഴിയുന്നതല്ല. അപ്പോൾ പിന്നെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുകയും അന്താരാഷ്ട്രവിപണിയിൽ വർദ്ധിച്ച പങ്കാളിത്തം വഹിക്കുന്നതിലൂടെ, കയറ്റുമതി വർദ്ധിപ്പിക്കുകയും ചെയ്യുകയേ കരണീയമായിട്ടുള്ളൂ. പരമ്പരാഗതമായി കാപ്പി ഉപഭോഗം നടത്തുന്ന മേഖലകളിൽ വിലകുറച്ചു നല്കുകയും, പാരമ്പര്യേതര പ്രദേശങ്ങളിൽ കാപ്പിയ്ക്ക് പ്രോത്സാഹനകരമായ നടപടികൾ ആവിഷ്കരിക്കുകയുമാണ് വേണ്ടത്. കാപ്പിയുടെ വില പരമാവധി താഴാവുന്നത്ര എത്തിയിരിക്കുന്ന സ്ഥിതിയിൽ ഇനി തുടർന്നു വിലതാഴുമെന്നുള്ള ഉൽകണ്ഠയ്ക്ക് സ്ഥാനമില്ല. കയറ്റുമതിയുടെ തുറയിൽകൂടി ഇനി വിലകുറയ്ക്കുന്നത്, രാജ്യത്തെ കാപ്പിയുടെ ഉത്പാദനം സുസ്ഥിരമാക്കുന്നതിന് ഒട്ടും സഹായകമാകുമെന്ന് തോന്നുന്നില്ല. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന കാപ്പിയുടെ സിംഹഭാഗവും റോബസ്റ്റയാണ്. അത് ഇൻസ്റ്റന്റ് കാപ്പിക്ക് സദൃശ്യമായ മറ്റു പല ഉല്പന്നങ്ങളും, ബ്ലെന്റിംഗ് നടത്തി നിർമ്മിക്കുവാനുള്ള വഴികൾ കാണണം. അതിനനുയോജ്യമായ പ്രോത്സാഹന യത്നങ്ങൾ നടത്തിയാൽ ലോകവിപണിയിലേയ്ക്കുള്ള കയറ്റുമതി വിപുലമാക്കുവാൻ സാദ്ധ്യതകൾ ഉണ്ടാകുന്നതാണ്.

### കാപ്പിത്തോട്ടങ്ങളുടെ മൊത്തം വരുമാനം മെച്ചപ്പെടുത്തുക

കാപ്പി കൃഷിക്കാരുടെ ഉപജീവന സുരക്ഷയ്ക്ക് സഹായകരമായി ഇപ്പോൾ കാണുന്ന പോംവഴി ഉല്പാദനം വർദ്ധിപ്പിക്കുകയും (ചെലവു ചുരുക്കിക്കൊണ്ടുള്ള മാർഗ്ഗങ്ങളിലൂടെ) ഭൂ വിനിയോഗം പരമാവധി കൂട്ടുകയും, വൈവിധ്യവത്കരണത്തിന് പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും അങ്ങിനെ കാർഷികവരുമാനം വർദ്ധിപ്പിക്കുക എന്നതാണ്. രണ്ടും തന്നെ ഇടക്കാലവും ദീർഘകാലവും എടുക്കേണ്ട നടപടികൾ ആണ്.

### വൈവിധ്യവത്ക്കരണം

കേരളത്തിലെ കാപ്പിയുടെ ഉത്പാദനത്തിന്റെ ദീർഘകാല സുസ്ഥിരതയ്ക്ക് വേണ്ടത് കാപ്പിയെ വളരെയധികം മാത്സര്യക്ഷമതയുള്ള ഒരുത്പന്നമാക്കുകയാണ്. ഒരു മുഖ്യ ഇടപെടൽ നടപടിയായി നിർദ്ദേശിക്കുവാനുള്ളത്, ഉയർന്ന ഉത്പാദനക്ഷമതയുള്ള പ്രദേശങ്ങളിൽ മാത്രമായി കാപ്പികൃഷി പരിമിതപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും ആണ്. സാമ്പത്തികമായ നേട്ടമില്ലാത്ത കൃഷിപ്രദേശങ്ങളും അതിന്റെ പരിധിയിൽ വരുന്ന ഭൂമിയും കാപ്പിക്കൃഷിയിൽ നിന്നും വിമുക്തമാക്കുക. അപ്രകാരമുള്ളിടങ്ങൾ വൈവിദ്ധ്യവത്ക്കരണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയും ചെയ്യാം. ഇപ്പോൾ സംസ്ഥാനത്തെ കാപ്പികൃഷിയുള്ള പ്രദേശമെല്ലാം തന്നെ പശ്ചിമഘട്ട മേഖലയുടെ അധികം ഉയർന്നതല്ലാതെ പ്രദേശങ്ങളിലാണല്ലോ. വൻതോതിൽ പാല് തരുന്ന വർഗ്ഗത്തിൽപ്പെട്ട **കന്നുകാലികളെ വളർത്തുന്ന പരിപാടി** ഈ പ്രദേശങ്ങളിൽ വേരുറച്ച് കഴിഞ്ഞിട്ടുണ്ട്. കാപ്പിയുത്പാദനത്തിൽ വളരെ പിന്നോക്കമായിട്ടുള്ള ഭൂമിയെ കാപ്പികൃഷിയിൽ നിന്നും വിമുക്തമാക്കിയാൽ അവിടെ കന്നുകാലികൾക്കാവശ്യമായ **തീറ്റപ്പുല്ല് വളർത്തി** ആദായം ഉണ്ടാക്കാൻ തീർച്ചയായും കഴിയുന്നതാണ്. നല്ല പാൽക്കറവ കിട്ടുന്ന സങ്കരഇനം കന്നുകാലികളെ വളർത്തുന്നതോടൊപ്പം തീറ്റപ്പുൽ കൃഷികൂടി നടത്തിയാൽ പാലിന്റെ ഉല്പാദനച്ചെലവു കുറയ്ക്കുവാൻ കഴിയുന്നതാണ്. ഈ പരിപാടിയിൽ ജൈവകാപ്പിയുടെ ഉല്പാദനവും കൂടി ഉൾപ്പെടുത്താവുന്നതാണ്. തണുപ്പുള്ളതായ അർദ്ധ ഉഷ്ണമേഖലാ കാലാവസ്ഥ ശീതകാല പച്ചക്കറികളുടെ ഉല്പാദനത്തിന് വളരെ നല്ലൊരു അവസരം വാഗ്ദാനം ചെയ്യുന്നുണ്ട്. ഇപ്പോൾ ഈ പ്രദേശങ്ങളിലേക്കാവശ്യമായ പച്ചക്കറികൾ വമ്പിച്ചതോതിൽ എത്തിക്കപ്പെടുന്നത് സംസ്ഥാനത്തെ ഉപഭോക്തൃ കേന്ദ്രങ്ങളിൽ നിന്നും വളരെ വിദൂരമായ സ്ഥലങ്ങളിൽനിന്നാണ്. തണുപ്പുള്ളതും, വളരെ ഉയർന്ന സ്ഥലത്തുവീഴുന്ന സൂര്യപ്രകാശവും വെയിലും ഉള്ള, അർദ്ധ ഉഷ്ണമേഖലാ പ്രദേശമാകെ തന്നെ പനിനീർപ്പൂപോലുള്ള **പൂഷ്പങ്ങൾക്ക്** ഏറ്റവും അനുയോജ്യമായ, മാതൃകപരമായ പരിഃസ്ഥിതിയാണുള്ളത്. 100 മീറ്റർ ഇടവിട്ട് അന്താരാഷ്ട്ര വിമാനത്താവളങ്ങൾ ഉള്ളതിനാൽ പൂക്കളുടെ കയറ്റുമതിയ്ക്ക് എത്തിപ്പെടാനുള്ള പ്രാപ്യതയും സുകരമാണ്.

### 1.5.7.5. ശുപാർശകൾ

ഉത്പാദന രംഗത്ത് സംസ്ഥാനത്തെ കാപ്പിയും തേയിലയും നേരിടുന്ന പ്രതിസന്ധികൾക്ക് അനേകം സമാനതകൾ കാണാം. രണ്ടിനും ഒരേ വിധത്തിലുള്ള പ്രകൃതി സ്രോതസ്സുകളുടെ സഹായകരമായ അടിത്തറയും, ഭൂമിശാസ്ത്രപരമായ സ്വഭാവവിശേഷങ്ങളും, മഴ വീഴ്ചപോലുള്ള ഘടകങ്ങളും സമാനമാണ്. കുറച്ചേറെ ഉയർന്ന പ്രദേശങ്ങളിലാണ് തേയില കൃഷി ചെയ്യുന്നത്. കാപ്പിയ്ക്ക് താണ മലഞ്ചരിവുകളാണ്

അനുയോജ്യം. ആപേക്ഷികമായി തണുപ്പുള്ള അർദ്ധോഷ്ണ മേഖലകളിലാണ് കാപ്പികൃഷി ഏറെയും. രണ്ടും ദീർഘകാല വിളകളും ഏക വിളകളും ആയതിനാൽ കൃഷിശാസ്ത്രപരമായ മാനേജ്മെന്റും സമാന മാണ്. ഉത്പാദനപരമായ ഘടനയിൽ രണ്ടും പ്രധാനമായും കൂലിവേലയിലൂന്നിയ അദ്ധ്വാനം വിനിയോഗി ക്കപ്പെടുന്ന ഉത്പ്പന്നങ്ങളുമാണ്. തേയിലയും കാപ്പിയും വിൽപനചെയ്യുന്നത് പൊതുവേ ലേലം വിളിച്ചുമാ ണ്. രണ്ടിന്റേയും മേൽനോട്ടം വഹിക്കുന്നത് കേന്ദ്രസർക്കാരിന്റെ കീഴിലുള്ള കമ്മോഡിറ്റി ബോർഡുകളുമാ ണ്. ഗവേഷണം, വികസനം, വ്യാപനം എന്നിവയും സംസ്ഥാന സർക്കാരിന്റെ അധികാര പരിധിക്കു പുറ ത്താണ്. മുഖ്യമായ വ്യത്യാസം തേയില ആഭ്യന്തര വിപണിയിലൂടെ മുഖ്യമായും വിറ്റുവരുന്ന അവസര ത്തിൽ, കാപ്പിയാകട്ടെ, മുഖ്യമായും കയറ്റുമതിയേയും അന്താരാഷ്ട്ര വിപണിയേയും വിറ്റഴിക്കാൻ ആശ്ര യിച്ചു വരുന്നു എന്നതാണ്. കാപ്പി വ്യവസായം നേരിടുന്ന പ്രതിസന്ധി കൂടുതൽ ആഴം ഉള്ളതാണ്. കാപ്പി യുടെ വിലത്തകർച്ച തേയിലയുടേതിനേക്കാൾ കുറേക്കൂടി കുത്തനെയുള്ളതായിരുന്നു. കാപ്പിയുത്പാദന ത്തിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരിൽ ഏറിയ ഭാഗവും ചെറുകിടക്കാരാണ്. അതിനാൽ അവർ വളരെ ദുർബ്ബലരും, സാമ്പത്തികമായ പ്രതികൂലാവസ്ഥകളെ ചെറുത്തുനിൽക്കാൻ വേണ്ട സംഭരണശേഷിയും, പ്രതിസന്ധി വരുമ്പോൾ പിടിച്ചുനിൽക്കാൻ വേണ്ട കരുത്ത് പ്രായേണ കുറവുള്ളവരുമാണ്. അതിനാൽ കാപ്പിയുടേയും തേയിലയുടേയും കാര്യത്തിൽ നിർദ്ദേശിക്കപ്പെടുന്ന പരിഹാരമാർഗ്ഗങ്ങളും, ശുപാർശകളും വളരെ സദൃശങ്ങളാണ്. എന്നാൽ കാപ്പിയുടെ ഉത്പാദനത്തിന്റെ സവിശേഷ സാഹചര്യങ്ങൾക്ക് അനുസൃ തമായി അനുയോജ്യമായ ചില ക്രമീകരണങ്ങൾ നടത്തേണ്ടതായിട്ടുണ്ട്. കമ്മീഷന്റെ നിർദ്ദേശങ്ങളെ ചുരുക്കി ഇങ്ങനെ പുനർവചിക്കാവുന്നതാണ്.

(1) **സമ്പൂർണ്ണ ഗ്രാമീണ റോസ്ഗാർ യോജന**യുടെ കീഴിൽ, നേരിട്ടുള്ള ഭക്ഷ്യാഹാര ദുരിതാശ്വാസം കാപ്പിത്തോട്ടം തൊഴിലാളികൾക്കും അവരെ ആശ്രയിച്ചു കഴിയുന്നവർക്കും അടിയന്തിരമായി എത്തി ച്ചുകൊടുക്കുക. ഈ ആശ്വാസ നടപടിയുടെ ചെലവും തൊഴിലാളികളുടെ കൂലിയുടെ ഭാഗമായി കണക്കാക്കാവുന്നതാണ്. കൂടാതെ കേന്ദ്രസർക്കാരിന്റെ പദ്ധതിയിൽ നിന്നും ലഭിക്കുന്ന സഹായ ങ്ങൾ ഭൂപരിഷ്കരണത്തിനും, ഭൂമിയുടെയും വിളയുടേയും പുനരുജ്ജീവനത്തിനും, ചെടികളുടെ പുനഃരധിവാസത്തിനും പുനർനടീലിനും കൂടി വിനിയോഗിക്കാവുന്നതാണ്.

(2) കാപ്പിത്തോട്ടമുടമകൾക്ക് കടാശ്വാസ നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. വാണിജ്യ ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിലൂടെ ഹ്രസ്വകാല-ഇടക്കാല വായ്പകൾ കാപ്പിത്തോട്ടം ഉമടകൾക്ക് അനുവദിക്കുകയും, ദീർഘകാല വായ്പകളുടെ കാലാവധി കുറെക്കൂടി നീട്ടിക്കൊടു ക്കുകയും, അങ്ങിനെ ഉടമകൾ തൊഴിലാളികൾക്ക് നിയമപരമായി കൊടുത്തുതീർക്കാനുള്ള ആനു കൂല്യങ്ങൾ നൽകാനുള്ള ബാദ്ധ്യതകൾ നിറവേറ്റാൻ (ഉമടകളെ) സഹായിക്കുകയും ചെയ്യുക.

(3) പാരിസ്ഥിതിക വിനോദയാത്രയെ പ്രോത്സാഹിപ്പിക്കുകവഴി വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയു ന്നതാണ്. എന്നാൽ അതൊരിക്കലും കാപ്പിയുടെ ഉത്പാദനത്തിന് തടസ്സമുണ്ടാക്കുന്ന വിധത്തി ലുള്ളതാവാൻ പാടില്ല.

(4) കാപ്പിത്തോട്ടം ഉടമകൾക്ക് നികുതി ഇളവുകൾ അനുവദിക്കുകയും, തൊഴിലാളികൾക്ക് അവർ കൊടുത്ത് തീർക്കാനുള്ള ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട തുകകൾ നൽകുന്നതിനും, സാവകാ ശത്തിൽ ചെടികളുടെ പുനഃരധിവാസത്തിനും, പുതിയ തോട്ടങ്ങൾ വച്ചു പിടിപ്പിക്കുന്നതിൽ നിക്ഷേ പിക്കുന്നതിനും തീർച്ചയായും ഉടമകൾ പ്രതിബദ്ധരായിരിക്കുമെന്ന് ഉറപ്പാക്കുകയും വേണം.

(5) തോട്ടം വ്യവസായ മേഖലയിലുണ്ടാകുന്ന വിലയിലെ അസ്ഥിരതകളേയും ചാഞ്ചാട്ടങ്ങളേയും കൃഷി ക്കാർ നേരിടുന്നതിന് കേന്ദ്രസർക്കാർ ഈയടുത്ത കാലത്ത് ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാ ക്കുന്നത് കാപ്പിയുടെ കാര്യത്തിലും പ്രായോഗികമാക്കാവുന്നതാണ്.

(6) തേയിലയുടെ ഉത്പാദനകാര്യത്തിൽ ഏർപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളതുപോലെ കാപ്പിയുടെ വാർഷിക കമ്മികൾ നികത്തുവാൻ പ്രതിബദ്ധമായ, കോഫി ബോർഡിന്റേയും നബാർഡിന്റേയും, സംസ്ഥാന-കേന്ദ്രസർക്കാരുകളുടേയും പങ്കാളിത്തത്തോടെ ഒരു **റിവോൾവിംഗ് ഫണ്ട്** സ്വരൂപി ക്കുവാൻ കേന്ദ്രസർക്കാർ മുൻകൈ എടുക്കണം പുനഃരധിവാസത്തിനുള്ള ദീർഘകാല നിക്ഷേപ ത്തിനും, പുനർനടീലിനും, വൈവിധ്യവത്കരണത്തിനും, കാപ്പിയെ പരമാവധി സംസ്കരിച്ച്, ബെറി യിൽ നിന്നും ബീൻസ് എന്നപോലെ, പുതിയ മുന്തിയ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഈ റിവോൾവിംഗ് ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

(7) കാപ്പികൃഷിക്കാരന്റെ മൊത്തം ഭൂമിയും മറ്റു സ്രോതസ്സുകളും ഒറ്റ യൂണിറ്റായി എടുത്തുകൊണ്ട്, കാർഷിക വരുമാനം പരമാവധി സുസ്ഥിരമാക്കുവാനും, കാപ്പിത്തോട്ട കൃഷിയ്ക്ക് ശാസ്ത്രീയമായ

ഒരു പുനഃരധിവാസപദ്ധതിയ്ക്ക് രൂപം നല്കുവാനും കൈക്കൊള്ളേണ്ട നടപടികളിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾക്കൊള്ളിക്കേണ്ടതാണ്.

- ♦ പുതിയ കാപ്പിച്ചെടികൾ വച്ച് പിടിപ്പിച്ച്കൊണ്ട് ഇന്നു കാപ്പിച്ചെടികൾക്കിടയിൽ നിലനിൽക്കുന്നതായ വിടവുകൾ നികത്തുക.

- ♦ പ്രായംചെന്ന്, ഉത്പാദനക്ഷമത കുറഞ്ഞ, മൃതപ്രായമായതും, രോഗം ബാധിച്ചതും (മെച്ചപ്പെട്ട മാനേജ്മെന്റ് നടപടികൾക്കനുസൃതമായ വിളവ് നിൽക്കാനുള്ള കഴിവ് നഷ്ടപ്പെട്ടതുമായ) ആയ കാപ്പിച്ചെടികളെ വെട്ടിമാറ്റി തൽസ്ഥാനങ്ങളിൽ രോഗപ്രതിരോധ ശേഷിയും ഉത്പാദന ക്ഷമത കൂടിയതുമായ പുതിയ ചെടികൾ നട്ടുപിടിപ്പിക്കുക.

- ♦ കാപ്പിച്ചെടികൾക്കിടയിൽ ഇടവിളകളായി കുരുമുളകും മറ്റു അനുയോജ്യമായ വിളകളും കൃഷി ചെയ്യുക.

- ♦ കാപ്പിയുടെ ഉത്പാദനത്തിൽ നാമമാത്രമായ പങ്കുവഹിക്കുന്ന ഭൂമിയിൽ, കാർഷിക ഉത്പാദനത്തിന് മാത്രമായി താഴെപ്പറയുന്ന വൈവിധ്യവൽകരണം നടപ്പിലാക്കുക.

  - ❒ കന്നുകാലികളും, ഡയറി ഉത്പന്നങ്ങളുമായി ബന്ധപ്പെട്ട **തീറ്റപുൽകൃഷി** ചെയ്യുക.

  - ❒ അർദ്ധോഷ്ണ മേഖലാ പ്രദേശത്തിന് അനുയോജ്യമായ **പച്ചക്കറികളുടെ കൃഷി**യ്ക്കു ഭൂമി വിനിയോഗിക്കുക.

  - ❒ അർദ്ധോഷ്ണ മേഖല പ്രദേശത്തിന് യോജിച്ച **പുഷ്പച്ചെടി** കൃഷിചെയ്യുക.

  - ❒ തടിക്കും, വിറകിനും, പൾപ്പിനും ഉപയോഗിക്കാവുന്ന ഇനം വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്ന **കാർഷിക വനവത്കരണം** നടപ്പിലാക്കുക.

(8) കന്നുകാലി, ക്ഷീരസമ്പത്തിന്റെ ഉത്പാദനത്തിനും, അർദ്ധോഷ്ണ മേഖലാ പച്ചക്കറി ഉത്പാദനത്തിനും, ആ മേഖലയിൽ തന്നെ പുഷ്പ സസ്യ കൃഷി ചെയ്യുന്നതിനും അതോടൊപ്പം കാപ്പി ഉത്പാദനവും കൂടി സംയോജിതമായി നടപ്പിലാക്കാൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുക.

(9) തേയിലയുടെ ഉത്പാദനത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതുപോലുള്ള പദ്ധതികൾ, കാപ്പിത്തോട്ടങ്ങളുടെ കാര്യത്തിലും അത് വ്യവസായ സംരംഭമെന്ന നിലയിലോ, കാർഷിക സംരംഭമെന്ന നിലയിലോ, എന്തായിരുന്നാലും, നികുതി ചുമത്തൽ, സഹായസേവനങ്ങൾ എന്നിവ എല്ലാം തേയിലയ്ക്കെന്നപോലെ കാപ്പിയ്ക്കും നൽകുക.

(10) എല്ലാ തരത്തിലുമുള്ള വിസ്തൃതിയുള്ള കാപ്പിത്തോട്ടങ്ങളെയും ഉൾക്കൊള്ളിച്ചു **കാർഷിക ആദായ നികുതിയെ കാമ്പൗണ്ട് ചെയ്യുക.**

(11) തേയിലയുടെ കാര്യത്തിൽ നിർദ്ദേശിച്ചിട്ടുള്ള നികുതി വ്യവസ്ഥ, അത് ഏർപ്പെടുത്തുന്നതിലുള്ള അതേ യുക്തി തന്നെ കാപ്പിയുടെ കാര്യത്തിലും ഏർപ്പെടുത്തുവാൻ നികുതിക്കാര്യം പുനഃപരിശോധിക്കുക.

(12) സംസ്ഥാനത്തെ കാപ്പിത്തോട്ട വ്യവസായത്തിന്റെ ദീർഘകാല സുസ്ഥിരതയ്ക്കായി, കാപ്പിത്തോട്ടം തൊഴിലാളികളേയും, കാപ്പിത്തോട്ടമുടമകളേയും ഒരുമിച്ച് വിളിച്ചുകൂട്ടി, ഭൂമിയുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, മാനേജ്മെന്റ്, അദ്ധ്വാനം, ചെലവുചുരുക്കൽ എന്നിവയെ സംബന്ധിച്ച കാര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ഇരുകൂട്ടർ തമ്മിലും, അവർക്ക് പൊതുവിലും ഉള്ള പ്രതിബദ്ധതകളും ബാദ്ധ്യതകളും പാലിക്കപ്പെടുന്നതിന് സ്വീകരിക്കേണ്ട നടപടികളെപ്പറ്റി ഒരു സമവായം ഉണ്ടാക്കുന്നതിൽ സംസ്ഥാനസർക്കാർ മുൻകൈ എടുക്കേണ്ടതാണ് എന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു.

(13) കോഫിബോർഡ് കാപ്പിയുടെ വികസന പ്രവർത്തനങ്ങളിൽ നിന്നും പിന്തിരിയണമെന്ന് തീരുമാനിച്ചതിന്റെ ഫലമായി, കാപ്പികൃഷി മേഖലയിലെ വികസന സഹായ പ്രവർത്തനങ്ങളിൽ ഒരു ശൂന്യത ഉളവായിട്ടുണ്ട്. എന്നാൽ അതിന്റെ സ്ഥാനത്ത് പകരമൊരു വികസന പരിപാടിയും നടപ്പിൽ വരുത്തിയിട്ടുമില്ല. കൃഷിവകുപ്പിന്റെ അധികാര പരിധിയിൽ (മാന്റേറ്റിൽ) കാപ്പികൃഷിയേയും വ്യവസായത്തെയും കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഈ ശൂന്യത നികത്താവുന്നതാണ്. **സംസ്ഥാനത്തെ കാപ്പി കൃഷിയുടെയും വ്യവസായത്തിന്റെയും വികസന പ്രവർത്തനങ്ങളുടെ പൂർണ്ണ ചുമതല സംസ്ഥാ**

**നസർക്കാർ ഏറ്റെടുക്കുകയും വേണം.** വയനാട്, ഇടുക്കി ജില്ലകളിലേയും മറ്റും കാപ്പികൃഷി പ്രദേശങ്ങളുടെ സഹായ-വികസന സേവന പ്രവർത്തനങ്ങളുടെ ചുമതല പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടി വ്യാപിപ്പിക്കുന്നതും നല്ലതാണ്.

## ഏലം

### ഏലവും കേരളത്തിന്റെ സമ്പദ് വ്യവസ്ഥയും

കേരളത്തിലെ ഏലകൃഷിയുടെ ഒരു ഗണ്യമായ ഭാഗവും നടക്കുന്നത്, ഒരുകാലത്ത് വനനിബിഢവും ഏലമലമേഖല, അഥവാ **കാർഡമൺ ഹിൽസ് റിസർവ്വ്** എന്നറിയപ്പെട്ടിരുന്ന, ഇന്നത്തെ ഇടുക്കി ജില്ലയിൽപെടുന്ന, റവന്യൂവകുപ്പിന്റെ ഭരണാധികാര പരിധിയിൽ പെട്ട ഭൂപ്രദേശങ്ങളിലാണ്. ദീർഘകാല പാട്ടത്തിന് ഏലകൃഷിക്കാർക്ക് സർക്കാർ വനഭൂമി കൃഷിക്കു നൽകിയതായിരുന്നു. ഏലം കൃഷി ചെയ്യാനുള്ള അവകാശം അവർക്ക് സർക്കാർ നൽകിയ അവസരത്തിൽ ആ ഭൂമിയിലെ വൃക്ഷസസ്യാദികൾ നിലനിറുത്താനുള്ള ബാദ്ധ്യത അവരിൽ അർപ്പിച്ചിരുന്നു. വൃക്ഷങ്ങൾ തണൽ നൽകുന്നവയാണ്; അത് ഏലത്തിന്റെ ആരോഗ്യകരമായ വളർച്ചയ്ക്ക് ജീവൽ പ്രധാനവുമാണ്. കേരളത്തിലെ ഏലം കൃഷി ഇടുക്കി (80%) വയനാട് (10%) പാലക്കാട് ജില്ലകളിലായി ഹൈറേഞ്ചിൽ കേന്ദ്രീകരിച്ച് വ്യാപകമായിട്ടാണ് നടന്നുവരുന്നത്.

കേരളത്തിൽ ആകെ 41,000 ഹെക്ടർ വിസ്തൃതിയിൽ ഏലംകൃഷി ചെയ്തുവരുന്നു. 2000–2001 ലെ കണക്കനുസരിച്ച് പ്രതിവർഷം 7555 ടൺ ഏലം ആണ് ഇന്ത്യയൊട്ടാകെ ഉത്പാദിപ്പിക്കുന്നത്. കേരളത്തിന്റെ മൊത്തം കൃഷി സ്ഥലത്തിന്റെ 56% സ്ഥലത്ത് കൃഷിചെയ്യപ്പെടുന്ന ഏലം, രാജ്യത്തെ മൊത്തം ഉത്പാദനത്തിന്റെ 72% വും കേരളത്തിന്റെ പങ്കാണ്. കേരളത്തിന്റെ പകുതി വിസ്തൃതിയിൽ മാത്രമാണ് കർണ്ണാടകത്തിൽ ഏല കൃഷിയുള്ളത്. കേരളം ഉത്പാദിപ്പിക്കുന്ന ഏലത്തിന്റെ $^1/_4$ മാത്രമാണ് കർണ്ണാടകം ഉത്പാദിപ്പിക്കുന്നത്. ഏലത്തിന്റെ ഉത്പാദനത്തിൽ കേരളം കഴിഞ്ഞാലുള്ള സ്ഥാനം കർണ്ണാടകത്തിനാണ്. ഉത്പാദനക്ഷമതയുടെ കാര്യത്തിൽ കേരളത്തിന്റെ 130 കി. ഗ്രാം/ഹെക്ടർ എന്നത് കർണ്ണാടകത്തിന്റെ ഉത്പാദനക്ഷമതയുടെ ഇരട്ടിയാണ്. എന്നാൽ ലോകത്തെ ഏറ്റവും കൂടുതൽ ഏലം ഉത്പാദിപ്പിക്കുന്ന ഗ്വാട്ടിമലയുടെ ഉത്പാദനക്ഷമതയുമായി നോക്കുമ്പോൾ നമ്മുടേത് അവരുടേതിൽ നിന്നും തുലോം താഴെയാണെന്ന് കാണാം.

തോട്ട മേഖലയിൽ ഏലക്കൃഷിയ്ക്ക് വലിയ പ്രാധാന്യമാണുള്ളത്. ഏലത്തോട്ടങ്ങളുടെ ഉടമസ്ഥതയ്ക്ക് ഒരു കേന്ദ്രീകൃത സ്വഭാവമുണ്ട്. ഇരുപത് ഹെക്ടറിന് മുകളിൽ വിസ്തൃതിയുള്ള 154 തോട്ടങ്ങൾ ആണ് കേരളത്തിലുള്ളത്. അവയെല്ലാം കൂടിച്ചേർന്ന് സംസ്ഥാനത്തെ ഏലക്കൃഷിയുടെ മൊത്തം വിസ്തൃതിയിൽ 15,356 ഹെക്ടർ കയ്യടക്കുന്നു. അതേസമയം 2 ഹെക്ടറിൽ താഴെ ഏലക്കൃഷിയുള്ള 15,307 യൂണിറ്റുകൾ വേറെയുണ്ട്. ഇവയുടെ ശരാശരി വിസ്തൃതി ഏതാണ്ട് 0.82 ഹെക്ടറാണ്. ഇത് മൊത്തം ഏലക്കൃഷിയുള്ള ഭൂമിയുടെ മൂന്നിലൊന്നു മാത്രമാണ് (15,307 ഹെക്ടർ). ഇടത്തരം ഏലക്കൃഷിയൂണിറ്റുകൾ ആകെ 3932 എണ്ണം ഉള്ളതിന്റെ ശരാശരി 2.20 ഹെക്ടർ ആണ്. അതും മൊത്തം ഏലക്കൃഷിയുടെ $^1/_3$ ഉണ്ട് (അതായത് 15,676 ഹെക്ടർ സ്ഥലത്ത്). സംസ്ഥാനത്ത് ഏലക്കൃഷിയിലേർപ്പെട്ടിരുന്ന 2,0003 യൂണിറ്റുകൾ ഉണ്ടായിരുന്നതിന്റെ ആകെ വിസ്തൃതി 44,237 ഹെക്ടറായിരുന്നു (1994–95 കാലത്ത്). ഉടമസ്ഥതയുടെ മാതൃകയിൽ അതിനു ശേഷം യാതൊരു മാറ്റവും ഉണ്ടായിട്ടില്ല.

വലിയൊരു സംഖ്യ ചെറുകിട കൃഷിക്കാരും (ഏകദേശം 20,000) ഏകദേശം 17,000 ഏലത്തോട്ടത്തൊഴിലാളികളും കൂടിയതാണ് ഈ മേഖല എന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്.

### 1.5.8.1. വിലനീക്കം

**1990 കളുടെ മദ്ധ്യത്തിനുശേഷം വിലത്തകർച്ച നേരിട്ടിട്ടില്ലാത്ത സംസ്ഥാനത്തെ ഏകവിള ഏലം മാത്രമാണ്. അതിനാൽ വിലത്തകർച്ചയുടെ ഫലമായുള്ള ദുരിതങ്ങൾ ഒന്നും ഏലം കൃഷി ചെയ്യുന്നവർക്കും, ഉൽപാദകർക്കും ഉണ്ടായിട്ടില്ല.** 1996 നും 2002നുമിടയിൽ ഏലത്തിന്റെ വില കിലോയ്ക്ക് 309 രൂപയിൽ നിന്നും ഇരട്ടി ഉയർന്ന് 688 രൂപയായി.

കഴിഞ്ഞ 2 ദശകങ്ങളിൽ, ഏലം കയറ്റുമതിയെ ആശ്രയിക്കുന്ന ഒരുവിള എന്ന നിലയൽ നിന്നും ആഭ്യന്തര വിപണിയിൽ ശക്തമായുറച്ച് നിൽക്കാൻ കഴിയുന്ന ഒരുവിളയായി രൂപാന്തരപ്പെട്ടു. 1970 ന്റെ അവസാനത്തിലും 1980 ന്റെ ആദ്യവും ഇന്ത്യ ഏകദേശം 4000 ടണ്ണിനും 4500 ടണ്ണിനുമിടയിൽ ഏലം ഉത്പാദിപ്പിച്ച

തിൽ 2300 ടണ്ണിനും 2900 ടണ്ണിനും ഇടയിൽ കയറ്റുമതി ചെയ്യപ്പെടുകയുണ്ടായി. കയറ്റുമതിയുടെ അനുപാതം ഉത്പാദനത്തിന്റെ 50% നും 60% നും ഇടയ്ക്കായിരുന്നു. 1990 ന്റെ അവസാനം ഈ അനുപാതം കുറഞ്ഞു എന്നു മാത്രമല്ല, അളവിലും കുറഞ്ഞു. കയറ്റുമതി 100 ടണ്ണായി കുറഞ്ഞു. ഉത്പാദനമാകട്ടെ, ഏതാണ്ട് ഇരട്ടിയായി; 7000 ടണ്ണായി അതുയർന്നു (പ്രതിവർഷം). ചെറിയ ഏലത്തിന്റെ കാര്യത്തിൽ ഇന്ത്യയുടെ മുഖ്യ എതിരാളി ഗ്വാട്ടിമാല മാത്രം ആണ്. അതുമാത്രമല്ല, ഗ്വാട്ടിമാല ഇന്ത്യയുടെ ഉത്പാദനത്തിന്റെ 50% ൽ ഏറെ ഉത്പാദിപ്പിക്കുന്ന രാജ്യമാണ്. ലോകത്തെ ഏറ്റവും വലിയ ഏലക്കാകയറ്റുമതി രാജ്യമായ ഗ്വാട്ടിമാല ഇപ്പോൾ അവരുടെ ഉത്പാദനത്തിന്റെ 90% വും കയറ്റുമതി ചെയ്യുന്നു.

### 1.5.8.2. ലോക വ്യാപാരസംഘടനയുടെ സ്വാധീനം

മറ്റു തോട്ടവിള ഉത്പന്നങ്ങളായ തേയിലയും, കാപ്പിയും എന്നതുപോലെ ഏലവും ലോകവ്യാപാര സംഘടനയുടെ കൃഷിയെ സംബന്ധിച്ച കരാറിന്റെ (AOA) നിയന്ത്രണ പരിധിയിൽ കൊണ്ടുവരപ്പെട്ടിട്ടുണ്ട്. 2001 ഏപ്രിൽ മുതൽ അളവുപരമായ നിയന്ത്രണങ്ങൾ നീക്കിയതോടെ ഏലത്തിന്റെ മേലുള്ള ഇറക്കുമതി നിയന്ത്രണവും എടുത്തുകളയപ്പെട്ടിട്ടുണ്ട്. ഏലത്തിന്റെ ബൗണ്ട് താരിഫ് നിരക്ക് 108% ആണ്. 2002 മാർച്ച് മുതൽ ഏലത്തിന്റെ അപ്ലൈഡ് താരിഫ് 70% ആയി നിശ്ചയിച്ചിരിക്കുന്നു. ഉത്പാദനത്തിലുള്ള ഏലത്തിന്റെ പ്രകടനവും, വിപണിയും അടിസ്ഥാനമാക്കി AOA വ്യവസ്ഥകളനുസരിച്ചുള്ള ബാദ്ധ്യതകളും നോക്കിയാൽ ഏലത്തിന് സമീപഭാവിയിൽ ഒന്നുംതന്നെ ഗൗരവതരമായ ഒരു ബുദ്ധിമുട്ടുണ്ടാകുമെന്ന് തോന്നുന്നില്ല. കാരണം ഏലത്തിന്റെ റൂളിംഗ് വിലകളെല്ലാം തന്നെ ആകർഷണീയമാണ്. കൂടാതെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിച്ചിട്ടുമുണ്ട്.

### 1.5.8.4. വെല്ലുവിളികളും, അവസരങ്ങളും തന്ത്രങ്ങളും

വിലവർദ്ധനവുണ്ടായാലും കയറ്റുമതിയിൽ വർദ്ധനവുണ്ടാകും എന്ന് പ്രതീക്ഷിക്കണം. ഇനി രണ്ടു വർഷം കൂടി ഈ വർദ്ധിച്ച വില നിലനിൽക്കും. ഗ്വാട്ടിമാല അതിന്റെ ഉത്പാദന നിരക്ക് തിരിച്ചു പിടിക്കും വരെയാവും അത്. ഗ്വാട്ടിമാല വൻപിച്ച ഉത്പാദനത്തിലേക്ക് മടങ്ങിവന്നിരുന്നാൽ തന്നെയും ഡിമാന്റ് ഒരു തടസ്സം നിൽക്കുന്ന ഘടകമാവില്ല. കാരണം ഏലത്തിന്റെ ആഭ്യന്തര വിപണി വികസ്വരമാവുകയാണ്. ഇപ്പോഴത്തെ നിലവാരത്തിൽ നിന്നും ഉത്പാദന വർദ്ധന സാദ്ധ്യത വളരെ കൂടുതലാകുന്നതാണ്. ഉത്പാദനക്ഷമതയുടെ കാര്യത്തിൽ ഇപ്പോഴത്തെ ഹെക്ടറിന് 300 കിലോ എന്നത് 1000 കിലോ ആയി പോലും ഉയരാവുന്നതാണ്.

എന്നാൽ ദീർഘകാലാടിസ്ഥാനത്തിൽ നോക്കിയാൽ, വിപണിയെ സംബന്ധിച്ചായാലും, പാരിസ്ഥിതികമായുള്ള കാര്യത്തിലായാലും, ചിലബുദ്ധിമുട്ടുകൾ ഉണ്ടാകാവുന്നതാണ്. ഒന്നാമതായി, ഏലക്കൃഷിയുള്ള പ്രദേശങ്ങൾ പാരിസ്ഥിതികമായി ഏറ്റവും ദുർബ്ബലവും, പ്രതികരണക്ഷമവുമായ സ്ഥലങ്ങളാണ്. പശ്ചിമഘട്ട പർവ്വതനിരകളുടെ ചെങ്കുത്തായ ചെരിവുകളുടേയും, ഉയർന്നഭാഗങ്ങളുടേയും സ്ഥിതി അപ്രകാരമാണ്. രണ്ടാമതായി, മിക്ക ഏലത്തോട്ടങ്ങളും, പ്രത്യേകിച്ചും ഏറ്റവും വിസ്തൃതി കൂടിയവ, എല്ലാം സാക്ഷാൽ വന പ്രദേശങ്ങളിലാണ്. മേൽപ്പുല്ലുകളും, കുറ്റിച്ചെടികളും വെട്ടിത്തെളിച്ചെടുത്ത, വലിയ വൃക്ഷങ്ങളുടെ തണലിലാണ് ഏലം കൃഷിചെയ്തിട്ടുള്ളത് എന്നോർക്കണം. ഏലം നടുന്നത് ഈ മേൽപ്പുല്ലുകൾ പറിച്ചുകളഞ്ഞശേഷമാണ്. അങ്ങിനെ വരുമ്പോൾ കളകൾ വളരുകയും അവയെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി മേൽപ്പുല്ലുകൂടി നശിപ്പിക്കപ്പെടുകയും ചെയ്യുന്നു. കുറ്റിച്ചെടികളും മറ്റു സസ്യങ്ങളും നശിപ്പിക്കപ്പെടുന്ന കൂട്ടത്തിൽ തണൽവൃക്ഷങ്ങളുടെ ഏറ്റവും പുതിയ തലമുറയുടെ സമൂഹത്തെക്കൂടി കൃഷിക്കാർ നശിപ്പിക്കുന്നതിനിടയാവുന്നു. ഈ തലമുറ വളർന്നുവന്ന് ഏലത്തിന് തണലും സംരക്ഷണവും നൽകുന്നതിനും പുറമേ, അവ വളരെ ആവശ്യമായ വളം നിർമ്മിക്കുന്നതിനും, ജൈവവസ്തുക്കൾ മണ്ണിൽ നിലനിറുത്തുന്നതിനും സഹായിക്കും. ദശാബ്ദങ്ങളായുള്ള നിരന്തരമായ കൃഷിമൂലം ഭൂമിയിൽനിന്നും ഇളം തലമുറയിൽപ്പെട്ട ഏലമരങ്ങളുടെ വളർച്ച തടസ്സപ്പെടുകയാണ് ചെയ്യുന്നത്. അടുത്ത തലമുറ സ്വാഭാവികമായി വളർന്നുവന്നുകൊള്ളുമെന്നും, പ്രായംചെന്നവയ്ക്ക് പകരമാകുമെന്നുള്ള പ്രതീക്ഷ അസ്ഥാനത്താണ്. പകരം ഏലച്ചെടികൾ വച്ചുപിടിപ്പിക്കുന്ന ഏർപ്പാടിന്റെ അഭാവത്തിൽ സാക്ഷാൽ മരങ്ങൾ വളർച്ചനശിച്ച് മൃതപ്രായമാവുകയം ചെടികൾക്കിടയിൽ വലിയ വിടവുകൾ അവശേഷിപ്പിക്കുകയും ചെയ്യുന്നു. ഇതിന്റെ ഫലമോ, സൂര്യന്റെ താപത്തിൽനിന്നും ചെടികൾക്കാവശ്യമായ സംരക്ഷണം ലഭിക്കാതെ വരികയും, മഴവീഴ്ചയുടെ കാഠിന്യത്തിന് തുറന്നിടപ്പെടുകയും മണ്ണൊലിപ്പിനും, ഭൂസ്രോതസ്സിന്റെ ഗുണമേന്മ തരംതാണുപോവുന്നതിനും ഇടയാകുന്നു.

ദീർഘകാല പാട്ടത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി പാട്ടമെടുത്തു കൃഷി ചെയ്യുന്ന വ്യവസ്ഥയുടെ സാഹചര്യത്തിൽ പാട്ടക്കാരന് ഏലമരങ്ങളുടെ പുനഃരുത്പാദനം ഉൾപ്പെടെയുള്ള ഭൂമിയുടെ ഉത്പാദനപരമായ

ഗുണസാദ്ധ്യതകളെ നിലനിറുത്തുവാൻ യാതൊരു ഉത്തരവാദിത്വവുമില്ലാത്ത സ്ഥിതിയാണ് കാണുന്നത്. ഉള്ള വൃക്ഷങ്ങളുടെ പരിരക്ഷ മാത്രമാണ് പാട്ടക്കാരന്റെ ബാദ്ധ്യത.

മറ്റൊരു വസ്തുത ഏലക്കൃഷി പ്രദേശമാകെ വിവിധ ഗോത്രജനസമുദായങ്ങളുടെ ആവാസ ഗേഹം കൂടിയാണ് എന്നതാണ്. കൂടാതെ സ്വാഭാവിക വനങ്ങളും വന്യമൃഗസംരക്ഷണ കേന്ദ്രങ്ങളും ധാരാളമായു ള്ളതാണ് ഈ പ്രദേശം. ഈ ഭൂമിയുടെ മേൽ അനേകം വിഭാഗത്തിൽപ്പെട്ട ജനങ്ങൾ അവകാശവാദങ്ങൾ ഉയർത്തുന്നുമുണ്ട്.

ഏലം കേരളത്തിന് പല നേട്ടങ്ങളും കൈവരിക്കാനിടയാക്കുന്ന ഒരു കാർഷിക വിളയാണ്. ഏലം ഉത്പാദിപ്പിക്കുന്ന രാജ്യത്തെ പ്രബലമായ സംസ്ഥാനമാണ് കേരളം. മറ്റു പ്രതിയോഗികൾ കർണ്ണാടകവും തമിഴ്നാടും ആണ്. ആപേക്ഷികമായി ഉത്പാദനക്ഷമതയിൽ കേരളം മുന്നിലാണ്. ഗണ്യവും വികസ്വരപരവുമായ ഒരു ആഭ്യന്തര വിപണിയുള്ളതിനാൽ ഏലം വളരെയേറെ സാദ്ധ്യതകളടങ്ങിയ ഒരു വിളയാണ് ഇന്നത്തെ താണുതാണു വരുന്ന ഉൽപാദനക്ഷമത കണക്കിലെടുത്ത് പ്രവർത്തിച്ചാൽ വാസ്തവത്തിൽ ഭാവിയിൽ വിപുലമായ പുരോഗതിയ്ക്ക് സാദ്ധ്യതയുണ്ടെന്ന് കാണാം.

### 1.5.8.5 ശുപാർശകൾ

(1) ഏലത്തിന് വിലയുടെ കാര്യത്തിൽ അഭൂതപൂർവ്വമായ ഉയർച്ചയും, ഡിമാന്റും സപ്ലൈയും തമ്മിലുള്ള പരസ്പര പൂരകത്വവും ഉണ്ടെങ്കിൽ കൂടിയും, ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള മുതൽ മുടക്കിനും, അതോടൊപ്പം പ്രായം ചെന്നവയും, രോഗംബാധിച്ചവയും, മൃതപ്രായമായതും ആയ ഏലച്ചെടികളെ മുറിച്ചുമാറ്റി പകരം, ഉത്പാദനക്ഷമത കൂടിയതും, രോഗപ്രതിരോധ ശേഷിയുള്ളതുമായ പുതിയ ക്ലോണിംഗ് തൈകൾ നട്ടുവളർത്തുന്നതിനും മുൻകൈ എടുക്കേണ്ടതാണ്. തീവ്രവും സമയബന്ധിതവുമായ പരിപാടികൾ ഏലച്ചെടികളുടെ പുനരുജ്ജീവനത്തിനും, പുനർനടീലിനും വേണ്ടി ആവിഷ്കരിച്ചു നടപ്പിലാക്കണം.

(2) ഏലച്ചെടികൾക്ക് സമീപസ്ഥമായുള്ള മരങ്ങൾ പുനഃസ്ഥാപിക്കുന്നിന് മുൻഗണന നൽകണം. **ഭൂമി പാട്ടത്തിന് നൽകുമ്പോൾ ഭൂമിയുടെ ഉത്പാദനക്ഷമത നിലനിർത്തുന്നതിനാവശ്യമായ മരങ്ങളും മറ്റു സസ്യജാലങ്ങളും പാട്ടക്കാരൻ പരിരക്ഷിക്കണമെന്ന വ്യവസ്ഥ നിർബന്ധമാക്കേണ്ടതാണ്.**

(3) ഏലച്ചെടിയെ മാത്രം കണക്കിലെടുത്തുകൊണ്ടുള്ള ഇന്നത്തെ സമീപനത്തിൽ നിന്നും വ്യത്യസ്ഥമായി സമഗ്രമായ ഒരു വീക്ഷണത്തോടെ പരിസ്ഥിതി മിത്രമായ സാങ്കേതിക വിദ്യകൾ കണ്ടെത്തേണ്ടതായിട്ടുണ്ട്. ഏലം കൃഷിക്ക് അനുപൂരകങ്ങളും അനുയോജ്യവുമായിട്ടുള്ള ഏലകൃഷി പ്രദേശങ്ങളിൽ ഒരു കാർഷിക-വനസാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുന്നതിൽ ഗവേഷണം മുൻഗണന അർഹിക്കുന്ന ഒരു വിഷയമാണെന്ന് തിരിച്ചറിയേണ്ടതുണ്ട്.

(4) പരിസ്ഥിതി സുരക്ഷ ഉറപ്പാക്കുന്ന സാങ്കേതിക വിദ്യയുടെ (കീട-കള-ഫംഗസ് നാശിനികൾ വളരെക്കുറച്ചുമാത്രം പ്രയോഗിക്കുന്ന) വിനിയോഗം പ്രോത്സാഹിപ്പിക്കണം; വിശേഷിച്ചും, കയറ്റുമതി സാദ്ധ്യതകൾ ഏലത്തിന് ഏറിവരുന്ന സാഹചര്യത്തിൽ. വാനില ഇടവിളകൃഷി ഒരുനല്ല അവസരമെന്ന നിലയിൽ പ്രോത്സാഹിക്കപ്പെടേണ്ടതാണ്. ഏലത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് സൗരോർജ്ജംകൊണ്ട് പ്രവർത്തിക്കുന്ന ഡ്രയറ്റുകൾക്ക് വേണ്ട പ്രചാരണം നൽകുക.

(5) **തലശ്ശേരി എക്സ്ട്രാഗ്രീൻ ബോൾഡ് ഏലം** (TEGB) കേരളത്തിന്റെ അമൂല്യസമ്പത്താണ്. ജ്യോഗ്രഫിക്കൽ ഇന്റിക്കേഷൻസ് അനുസരിച്ച് ഈ വിശിഷ്ട ഇനം ഏലത്തിന്റെ സവിശേഷത തിരിച്ചറിഞ്ഞ്, ബോദ്ധ്യപ്പെടുത്തി WTO യുടെ AOA ന്റെ അംഗീകാരം നേടുവാൻ അടിയന്തിരനടപടികൾ സ്വീകരിക്കണം.

(6) ഇപ്പോൾ ലഭിക്കുന്ന അപര്യാപ്തമായ വികസന സഹായങ്ങൾ ഏലത്തിനും കൂടി ലഭ്യമാക്കാൻ **ഏലത്തെ കൃഷിവകുപ്പിന്റെ അധികാര നിയന്ത്രണ പരിധിയിൽ കൊണ്ടുവരേണ്ടതാണ്.**

(7) ഏലത്തിന്റെ സ്ഥാപനപരമായ ചട്ടക്കൂടിന് സമഗ്ര വീക്ഷണത്തിലുള്ള ഒരു പുനഃപരിശോധന ആവശ്യമാണ്. പാട്ട വ്യവസ്ഥ, മാനേജ്മെന്റ് നിയന്ത്രണം, റഗുലേറ്ററി സംവിധാനം, നിയമപരമായ പദവി, സാങ്കേതികത്വം, ഏലകൃഷിയുടെ സുസ്ഥിരതാ വികസനം എന്നിവയുൾപ്പെടെയുള്ള കാര്യങ്ങൾ സമഗ്രമായ പുനഃപരിശോധനയ്ക്ക് വിധേയമാവണം. അതിനുള്ള പൊതുമേഖലയുടെ സ്വരൂപം എന്തു തന്നെയായിരുന്നാലും ഏലകൃഷിഭൂമിയുടെ സംരക്ഷണം, സുസ്ഥിരമായ ഉപയോഗം എന്നിവ

സംസ്ഥാനത്തിന്റെ വികസനപരമായിട്ടുള്ള ഒരു അനിവാര്യതയാണ്. സാമ്പത്തിക വീക്ഷണത്തിൽ, വളരെയേറെ സാമ്പത്തിക നേട്ടങ്ങൾക്ക് കളമൊരുക്കുന്നതും, സാമൂഹികമായി നോക്കിയാൽ സംസ്ഥാനത്തെ 20,000 വരുന്ന ഏലകർഷകരും 17,000 ഏലത്തൊഴിലാളികളും, അവരുടെ കുടുംബങ്ങളും അടങ്ങിയ ഒരു വിഭാഗം ജനങ്ങളുടെ ഉപജീവനത്തിന്റെ മാർഗ്ഗം എന്ന നിലയിൽ പ്രാധാന്യമർഹിക്കുന്ന ഒരു മേഖലയാണിത്. കൂടാതെ പരിസ്ഥിതി സുരക്ഷയുടെ കാര്യത്തിലും ഇവിടെ പ്രാധാന്യം ഉണ്ട്. കാരണം ഏലകൃഷിഭൂമിയ്ക്ക് ഏറ്റവും ദുർബ്ബലമായ ഭൗതികാടിസ്ഥാനമാണുള്ളത്. ഭൂമിയും, സ്വാഭാവിക സസ്യജാലങ്ങളും, മുഖ്യ നദികളുടെ ഉയർന്ന ജലശേഖര മേഖലകളും അടങ്ങിയ ഈ പ്രദേശം പ്രത്യേക പരിരക്ഷണ നടപടികൾ അനിവാര്യമാക്കിത്തീർക്കുന്നു.

### 1.5.9 കാലിസമ്പത്തിന്റെ ഉത്പന്നങ്ങൾ

#### 1.5.9.0 കേരളത്തിന്റെ മൃഗസമ്പത്ത്

കേരളം കാലിസമ്പത്തിന്റെ കാര്യത്തിൽ മുന്നിലാണ്. നാം സംരക്ഷിച്ചു വരുന്ന വിവിധയിനം വീട്ടു മൃഗങ്ങളുടെ സെൻസസ്സ്; 1996 ലെ കണക്കനുസരിച്ച് മൊത്തം 55.76 ലക്ഷമാണ്. അതിൽ 33.96 ലക്ഷം പശുക്കളും 1.65 ലക്ഷം എരുമകളും (രണ്ടുചേർന്ന് 35.61 ലക്ഷം) ആണുള്ളത്. 18.66 ലക്ഷം ചെമ്മരിയാടും, കോലാടും, 1.94 ലക്ഷം മറ്റു പക്ഷികളും കൂടി 269 ലക്ഷം വരും. 1998-99 ൽ സംസ്ഥാനത്ത് ഏകദേശം 24.20 ലക്ഷം ടൺ ക്ഷീരവും, 40,000 ടൺ ഇറച്ചിയും, 2044 ദശലക്ഷം മുട്ടകളും ഉത്പാദിപ്പിച്ചതായി സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നു. പാലിന്റെ പ്രതിദിന പ്രതിശീർഷ ലഭ്യത 208 ഗ്രാമാണ്. അത് ദേശീയ ലഭ്യതയുടെ ശരാശരിയേക്കാൾ തെല്ലു കൂടുതലാണ്. (207/ഗ്രാമിൽ ലേശം കൂടുതൽ). മുട്ടയുടെ ലഭ്യത പ്രതിദിനം പ്രതിശീർഷ കണക്ക് 64 ആയിരിക്കുമ്പോൾ അത് ദേശീയ ശരാശരിയായ 31 ഇരട്ടിയിൽ കൂടുതലാണ്.

കേരളത്തിന്റെ കാലിസമ്പത്തിന്റെ 1992 ലെ സെൻസസ് പ്രകാരം കൂടുതൽ ഭാഗവും കാലികളാണ്. അതിൽ മാടുകളാണധികവും. എരുമകളുടെ എണ്ണം തുലോം കുറവാണ്; ദേശീയ ശരാശരിയിൽ താഴെ. ദേശീയ ശരാശരി 2.9% ഉം സംസ്ഥാനത്തിന്റേത് 0.5% വും ആകുന്നു. കേരളത്തിന്റെ ക്ഷീരസമ്പത്തിന്റെ മുഖ്യസ്രോതസ്സാണ് പശുക്കൾ. ഇതിൽ കേരളത്തിന്റെ നില ദേശീയ ശരാശരിയിൽ നിന്നും കൂടുതലാണ്. സംസ്ഥാനത്തെ പശുവിൻ പാൽ 42% ഉം, എരുമപ്പാൽ 54% ആണ് എന്നുകാണാം.

കേരളത്തിലെ കന്നുകാലികളുടെ കാര്യത്തിലെ ഒരു സവിശേഷത പശുക്കളുടെ എണ്ണക്കൂടുതലും, കാളന്മാരുടെ കുറവുമാണ്. ഒരു ഉയർന്ന അനുപാതത്തിൽ സങ്കരവർഗ്ഗത്തിൽപ്പെട്ട പശുക്കളും ഉണ്ട്. പശുക്കൾ, ദേശീയ കണക്കിൽ 50% ആയിരിക്കുമ്പോൾ കേരളത്തിന്റേത് 89% ആണ്. എരുമയുടെ ദേശീയ സാന്നിദ്ധ്യം 79% മാണ്. 1961 ൽ പോലും പശുക്കളുടെ ദേശീയ ശരാശരി 45% ആയിരുന്നപ്പോൾ കേരളത്തിൽ പശുക്കളുടെ ശരാശരി 67% ആയിരുന്നു. കേരളത്തിലെ പശുക്കളുടെ എണ്ണക്കൂടുതൽ കാണിക്കുന്നത് പാലിന്റെ ഉത്പാദനത്തിനായി പ്രത്യേകം പശുവളർത്തൽ നടത്തുന്നു എന്നാണ്. ഇന്ത്യയിലെ മറ്റിതര സംസ്ഥാനങ്ങളിൽ കാളകളുടെ ആപേക്ഷികമായ കൂടതലിന് കാരണം അവിടെയുള്ള കന്നുകാലികളിൽ കാളകളെ വണ്ടി വലിക്കാനും നിലം ഉഴാനും മറ്റും വിനിയോഗിക്കുന്നതാണ്. ദീർഘകാല ഫലവൃക്ഷങ്ങൾ ഒഴിച്ചുനിറുത്തി പറഞ്ഞാൽ ഒരു ഹെക്ടർ വിള കൃഷിസ്ഥലത്തിന് കേരളത്തിൽ 0.15 ജോടി വർക്ക് ആനിമൽ (തൊഴിൽ മൃഗങ്ങൾ) ഉള്ളപ്പോൾ (കന്നുകാലികളും എരുമകളും കൂടി) ദേശീയ ശരാശരി ഹെക്ടറിൽ 0.22 ആണ്.

കേരളത്തിലെ പ്രതിശീർഷ കന്നുകാലി സംഖ്യ വളരെ താണതാണ്. കേരളത്തിൽ ഓരോ പത്തുപേർക്കും 1 കാലിയാണുള്ളതെങ്കിൽ ഇന്ത്യയിൽ ഓരോ പത്തുപേർക്കും 3 കാലികൾ ആണുള്ളത്. കേരളത്തിലെ കന്നുകാലി സംഖ്യാസാന്ദ്രത 1 കിലോമീറ്റർ ഭൂമിയിൽ എത്രയെന്നു നോക്കിയാൽ വളരെ കുറവാണ്. എന്നാൽ ദേശീയ ശരാശരി 1 കിലോമീറ്ററിന് 94 കാലികൾ എന്നാണെങ്കിൽ കേരളത്തിൽ ശരാശരി 87 കാലികളാണെന്നത് വലിയ ഒരു കുറവല്ല.

വിളകളുടെ ഉത്പാദനവുമായി താരതമ്യം ചെയ്യുമ്പോൾ മൃഗസമ്പത്തിന്റെ ഉത്പാദനത്തിന്റെ കാര്യത്തിൽ കൂടുതൽ തുല്യതകാണാം. കാരണം ഭൂരഹിതരും, ഉപജീവനത്തിന് മറ്റു വരുമാനമാർഗ്ഗങ്ങൾ ഇല്ലാത്തവരുമായ ജനങ്ങൾക്ക് കന്നുകാലി വളർത്തൽ പ്രത്യേകിച്ചും ക്ഷീരോത്പാദനം വഴി ഉപജീവനം സുരക്ഷമാക്കാൻ കഴിയുന്നുണ്ട്. സംസ്ഥാനത്തെ വീടുകളിൽ നാലിലൊന്നിൽ കന്നുകാലി വളർത്തൽ ഉണ്ട്. അതായത് വീടൊന്നിന് 2.42 കാലികൾ ഉള്ളതായിട്ടാണ് കണക്ക്.

#### 1.5.9.1 ലോക വ്യാപാര സംഘടനയുടെ സ്വാധീനം

കൃഷിയെ സംബന്ധിച്ച കരാറിലെ (AOA) വ്യവസ്ഥകളിൽ മൃഗങ്ങളും മൃഗോത്പന്നങ്ങളും ഉൾപ്പെടുന്നു. 1995 ജനുവരി മുതൽ ജീവനുള്ള മൃഗങ്ങളുടേയും, മൃഗോത്പന്നങ്ങളുടേയും, ക്ഷീരം ഉൾപ്പെടെയുള്ള

കയറ്റുമതി കാര്യങ്ങൾ കരാറിലെ വ്യവസ്ഥകൾക്ക് അനുസരണമായി നീക്കം ചെയ്യപ്പെട്ടു. 2002 മാർച്ച് 1 മുതൽ മൃഗോത്പന്നങ്ങളുടെ ഇറക്കുമതി താരിഫുകളുടെ ബൗണ്ട് നിരക്ക് 100% ഉം അപ്ലൈയ്ഡ് താരിഫ് നിരക്ക് 30% ആയി നിശ്ചയിച്ചിരിക്കുന്നു. **വാസ്തവത്തിൽ മൃഗങ്ങളുടേയും മൃഗോത്പന്നങ്ങളുടേയും അന്താരാഷ്ട്ര വിപണനരംഗത്ത് ഇന്ത്യയ്ക്ക് പ്രധാനമായ സാന്നിദ്ധ്യമില്ല. മൃഗോത്പന്നങ്ങളുടെ കാര്യത്തിൽ ഇന്ത്യൻ കൃഷിക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നം യഥാർത്ഥത്തിൽ താരിഫിന്റേതല്ല. മറിച്ച് വികസിത രാജ്യങ്ങളിലെ, വിശേഷിച്ചും യുറോപ്യൻ സാമ്പത്തിക സമൂഹത്തിലെ (EEC) മൃഗോത്പന്നങ്ങളിൽ, മിച്ചോത്പാദനം നടത്തുന്ന രാജ്യങ്ങളിലെ കർഷകർക്ക് അവർ അനുവദിച്ചു വരുന്നതായ ഭീമമായ സബ്സിഡികളും മറ്റിളവുകളും ആണ്.** ഈ രാജ്യങ്ങൾ എല്ലാം മൃഗോത്പന്നങ്ങൾ കുന്നുകൂടി വയ്ക്കുന്നത്, പാലും മറ്റു ക്ഷീരോത്പന്നങ്ങളും ഉത്പാദിപ്പിക്കുന്ന ഇന്ത്യൻ കർഷകർക്ക് ഏറ്റവും വലിയ ഭീഷണി ഉയർത്തിയിരിക്കുകയാണ്.

## വെല്ലുവിളികളും അവസരങ്ങളും തന്ത്രങ്ങളും

### 1.5.9.2 കന്നുകാലികൾക്കാവശ്യമായ ജൈവ സസ്യ തീറ്റയുടെ കുറവ്

പ്രത്യക്ഷത്തിൽ നല്ല മഴവീഴ്ചയും, ഉഷ്ണമേഖലാ പ്രദേശത്തെ ചൂടുകൊണ്ട് ജൈവസസ്യങ്ങളുടെ ഉത്പാദനത്തിന് വളരെയേറെ ശേഷിയും, എങ്ങും പ്രകടമായിട്ടുള്ള പച്ചത്തഴപ്പും ഉണ്ടെങ്കിൽ കൂടിയും കന്നുകാലിത്തീറ്റയ്ക്കായി പ്രയോജനപ്പെടുത്താവുന്ന ജൈവസസ്യങ്ങളുടെ ലഭ്യത കേരളത്തിൽ വേണ്ടത്ര ഇല്ലെന്നു പറയാം. ഉള്ളതു തന്നെ ഏറിയ കൂറും നെൽവയലിൽ നിന്നും സംഭരിക്കുന്ന വയ്ക്കോൽ മാത്രമാണ്. ഇത് മൊത്തം കൃഷിഭൂമിയുടെ 16% മാത്രമേ ഉള്ളൂ. വയ്ക്കോൽ കഴിഞ്ഞാൽ പിന്നെയുള്ളത് വിവിധ തരം ഭക്ഷ്യയോഗ്യമായ പുല്ലുകളാണ്. ഇവ നാളികേരം, കശുമാവ് തോട്ടങ്ങളിലെ ഇടകളിൽ സ്വാഭാവികമായി വളരുന്നതും, കന്നുകാലിത്തീറ്റയ്ക്കായി വളർത്തുന്നവയുമാണ്. മറ്റു മുഖ്യവിളകളായ റബ്ബർ, കുരുമുളക്, കാപ്പി, തേയില, ഏലം എന്നിവയ്ക്കു ചുറ്റും ചെറു ജൈവസസ്യങ്ങൾ വളരുന്നതിന് സഹായകമായ സാഹചര്യമല്ല ഉള്ളത്. എല്ലാ ദീർഘകാല വിളകളും ചേർന്ന് മൊത്തം കൃഷിഭൂമിയുടെ 65% നും 70% നും ഇടയ്ക്ക് കരസ്ഥമാക്കുന്നു. ഇവയ്ക്ക് ഒന്നും തരിശുകാലം ഇല്ലാത്തതിനാൽ വാർഷിക വിളയായോ, സീസണൽ ആയോ പുല്ലുകൾ വളർത്തുവാൻ അവസരം കിട്ടുന്നില്ല. എല്ലാവിധ തരിശു ഭൂമിയും കൂട്ടിയാൽ തന്നെ മൊത്തം കൃഷിഭൂമിയുടെ വെറും 0.5% ൽ കവിയുകയില്ല. കേരളത്തിൽ ഒരു ഹെക്ടർ ധാന്യകൃഷി ഭൂമിയ്ക്ക് ശരാശരി 7.6% കാലികൾ ഉള്ളപ്പോൾ ഇന്ത്യയിൽ ശരാശരി 2.4% ആണ്. അതിനാൽ കന്നുകാലികൾക്ക് ഭക്ഷ്യയോഗ്യമായ ജൈവസമ്പത്തിന്റെ തീക്ഷ്ണമായ കുറവ് കേരളത്തിന് അനുഭവപ്പെടുന്നുണ്ട്. ഏതാനും ദശവർഷത്തിന് മുൻപും സ്ഥിതി ഇതിൽനിന്നും വ്യത്യസ്തമായിരുന്നില്ല. 1961 ൽ ഒരു ഹെക്ടർ നെൽക്കൃഷി ഭൂമിയ്ക്ക് ശരാശരി 4 കാലികളെ സംരക്ഷിക്കാനുള്ള ശേഷിയുണ്ടായിരുന്നു.

## കുറവു പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ

സ്വാഭാവികമായും കന്നുകാലിത്തീറ്റയുടെ ഈ കുറവു പരിഹരിക്കാൻ ഭാഗികമായെങ്കിലും കർഷകർ ചില മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ആദ്യമായി ചെയ്തത്, കന്നുകാലികളുടെ സംഖ്യാ വർദ്ധനവിനെ നിയന്ത്രിക്കുക എന്നതായിരുന്നു. അതിനാൽ 1961 നും 1991 നും ഇടയിൽ കേരളത്തിലെ കാലിസമ്പത്ത് വെറും 12% മാത്രമാണ് വർദ്ധിച്ചത്. അത് 31.7 ലക്ഷത്തിൽ നിന്നും 35.6 ലക്ഷത്തിലേക്ക് ഉയർന്നു. യഥാർത്ഥത്തിൽ കന്നുകാലികളുടെ സംഖ്യ 1987 മുതൽ കുറയുകയാണുണ്ടായത്. ഇതേകാലയളവിൽ ദേശീയാടിസ്ഥാനത്തിൽ കന്നുകാലി സംഖ്യ 28% ഉയർന്നു. രണ്ടാമതായി, കഴിഞ്ഞ 4 ദശാബ്ദക്കാലത്ത് നെൽകൃഷിയിൽ ഏതാണ്ട് 40% കടുത്ത കുറവുണ്ടായതിന്റെ ഫലമായി കാലികളുടെ ജൈവ സസ്യാഹാരത്തിന്റെ ഉത്പാദനത്തിലും ഗണ്യമായ കുറവുണ്ടായി. കന്നുകാലികളുടെ സംഖ്യ കുറയ്ക്കുന്നതിനു പകരം കർഷകർ പശുക്കൾക്ക് അനുകൂലമായ വിധം, ലിംഗപരമായ ഘടനയിൽ ഇടപെട്ടുകൊണ്ട് കാളകളെ ശാസ്ത്രീയമായി ഒഴിവാക്കാൻ തുടങ്ങി. ക്ഷീരോത്പാദനം ആദായകരമാക്കുവാനായി ലഭ്യമായ കാലിത്തീറ്റ മുഴുവനും പശുക്കൾക്കായി വിനിയോഗിക്കുകയും ചെയ്തു. തത്ഫലമായി 1961 നും 1996 നും ഇടയിൽ കാളകളുടെ എണ്ണം 55% നിന്നും വെറും 11% ആയിക്കുറഞ്ഞു. അതേസമയം ദേശീയതലത്തിൽ കാളകളുടെ എണ്ണത്തിൽ കുറവു 55% ൽ നിന്നും 50% ൽ എത്തിയതേയുള്ളൂ. **ഈ സമ്പ്രദായത്തിലൂടെയാണ് സംസ്ഥാനത്തിന്റെ ക്ഷീരോത്പാദനശേഷി ദേശീയതലത്തിലെ പ്രതിശീർഷ ക്ഷീരലഭ്യതയ്ക്ക് തുല്യം എത്തിയത്.** ഇപ്രകാരമുള്ള ലാഭകരവും ഉത്പാദനപരവുമായ നടപടികൾ സ്വീകരിച്ചിട്ടും കാലികളുടെ ജൈവസസ്യ ഭക്ഷ്യത്തിന്റെ ലഭ്യത പരിമിതമായതും, ക്ഷീരത്തിന്റേയും ക്ഷീരോത്പന്നങ്ങളുടേയും ഉത്പാദനച്ചെലവ് കുറയ്ക്കുവാൻ കഴിയാതെ വന്നതും ഒരു മുഖ്യ പരിമിതിയായി തുടരുന്നു. ഇതിന്റെ പരിണിതഫലമായി കേരളത്തിലെ ലൈവ്സ്റ്റോക്ക്

ഉത്പാദകർക്ക് തങ്ങളുടെ പ്രതിയോഗികളുമായി, വിശേഷിച്ചും, അയൽ സംസ്ഥാനങ്ങളിലെ ഉത്പാദകരുമായി മത്സരിക്കാനുള്ള ശേഷിയിൽ കനത്ത വിള്ളൽ ഇപ്പോഴും നിലനിൽക്കുകയാണ്.

### 1.5.9.2 ആടുവളർത്തലിന് ആവശ്യമായ ജൈവസസ്യ ലഭ്യത

കന്നുകാലികൾക്കും മറ്റു ലൈവ്സ്റ്റോക്കിനും ആവശ്യമായ ഭക്ഷ്യ ജൈവസസ്യങ്ങളുടെ ലഭ്യത പരിമിതമാണെങ്കിലും, പ്ലാവ് പോലുള്ള ചിലയിനം വൃക്ഷങ്ങൾ കേരളത്തിന്റെ കാർഷിക-കാലാവസ്ഥാ സാഹചര്യങ്ങളിൽ സമൃദ്ധമായി വളരുന്നതിനാൽ അത് ആടുവളർത്തലിന് പ്രോത്സാഹജനകമായ അവസരം നൽകുന്നു. ഈ സാദ്ധ്യത കേരളത്തിലെ കർഷകർ വിനിയോഗിച്ചു വരുന്നുണ്ട് എന്നതിന് തെളിവാണ് സംസ്ഥാനത്തെ ആടുകളുടെ എണ്ണത്തിൽ 1987 നും 1996 നും ഇടയിലുണ്ടായ 18% വർദ്ധന. 15.8 ലക്ഷത്തിൽ നിന്നും അത് 18.6 ലക്ഷമായി ഉയർന്നു. ആണാടിന്റെ എണ്ണം 38% വർദ്ധിച്ച്, 3.5 ലക്ഷത്തിൽ നിന്നും 4.8 ലക്ഷമായി. അതേസമയം പശുക്കളുടെ വർദ്ധനവ് വെറും 1% മാത്രമായിരുന്നു. സംസ്ഥാനത്തെ ഗണ്യമായൊരു എണ്ണം കുടുംബങ്ങളും, ഏകദേശം 8.3 ലക്ഷം വീടുകളും ആടുവളർത്തുന്നവയാണ്.

### മൃഗങ്ങളുടേയും മാംസത്തിന്റേയും കയറ്റുമതിയിലെ പരിമിതികൾ

1.5.9.2 ക്ഷീരവും, ക്ഷീരോത്പന്നങ്ങളും, കോഴിയും, മറ്റു പൗൾട്രി ഉത്പന്നങ്ങളും കേരളത്തിൽ നിന്നും കയറ്റുമതി ചെയ്യാൻ വേണ്ടത്ര അധികം ഒന്നും ഇല്ല. ചുരുക്കം ചില ഉത്പന്നങ്ങൾ മാത്രമാണുള്ളത്. ഇന്നത്തെ ലൈവ് സ്റ്റോക്ക് ഉത്പാദനം നേരിടുന്നതായ സ്രോതസ്സുകളുടെ പരിമിതിവച്ചുനോക്കിയാൽ കേരളത്തിന്റെ ലൈവ്സ്റ്റോക്ക് ഉത്പാദനമേഖല ചെലവു കുറഞ്ഞതോ, മത്സരക്ഷമത ഉള്ളതോ അല്ല. ജീവനുള്ള മൃഗങ്ങളും, മാംസവും, മാംസോത്പന്നങ്ങളും, പടിഞ്ഞാറൻ ഏഷ്യൻ, ഗൾഫ് രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യാനുള്ള സൗകര്യം കേരളത്തിന് ഉണ്ട്. ഇതൊരു നേട്ടമാണ്. എന്നാലിക്കാര്യത്തിൽ സാനിട്ടറി ഫൈറ്റോ സാനിട്ടറി നടപടികൾ പോലുള്ള സാങ്കേതിക തടസ്സങ്ങൾ ഉണ്ട്. അവയെ അതിജീവിക്കേണ്ടതായിട്ടുണ്ട്. അതിന്ന് ശുചിത്വത്തെ സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കുകയും, മൃഗങ്ങൾക്ക് രോഗം വരുന്നതിനെ തടയുകയും ചെയ്യണം. കയറ്റുമതിയ്ക്കുള്ള അവസരം ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിയാതിരുന്നതിനു കാരണം, സാനിട്ടറി വ്യവസ്ഥകൾ പാലിക്കാനുള്ള നടപടികൾ കർക്കശമായി നടപ്പിൽ വരുത്താതിരുന്നതും, മൃഗങ്ങളെ കൊല്ലുന്ന രീതിയിലും, സംസ്കരണത്തിലും പുരോഗതി ഉണ്ടാക്കാൻ കഴിയാതിരുന്നതുമാണ്. **ദയവില്ലാത്ത രീതിയിൽ മൃഗങ്ങളെ വാഹനങ്ങളിൽ കൊണ്ടുപോകുന്നതും, കൊല്ലുന്നതും, കേരളത്തിന്റെ കയറ്റുമതിയെ, വിശേഷിച്ചും, യൂറോപ്യൻ സാമ്പത്തിക സമൂഹ രാജ്യങ്ങളിലേയ്ക്കുള്ള കയറ്റുമതിയെ പ്രോത്സാഹിപ്പിക്കുന്നതിൽ പ്രധാനമായ തടസ്സം സൃഷ്ടിച്ചിട്ടുണ്ട്.**

### മൃഗങ്ങളേയും മാംസോൽപന്നങ്ങളേയും കയറ്റുമതി ചെയ്യാൻ അവസരങ്ങൾ

കേരളത്തിൽ പ്രതിവർഷം 11 ലക്ഷം മൃഗങ്ങളെ കൊല്ലുവാൻ ആവശ്യമായ സൗകര്യങ്ങളോടുകൂടിയ അറവുശാല (സ്ലോട്ടർ ഹൗസ്) കളുടെ ഒരു ശൃംഖലതന്നെയുണ്ട്. എന്നാൽ അവ ആധുനികരിക്കുക, അവയുടെ പദവി ഉയർത്തുക, മൃഗങ്ങളെ കൊല്ലുന്നരീതി നവീകരിക്കുക, സംസ്കരണത്തിന് ഉള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നിവയെല്ലാം പ്രാധാന്യമർഹിക്കുന്ന കാര്യങ്ങളാണ്. മാംസത്തിന്റേയും, മാംസോത്പന്നങ്ങളുടേയും കാര്യത്തിൽ ഗുണനിലവാര മാനദണ്ഡങ്ങൾ വളരെ കർശനമായി പാലിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. **കേരള കാർഷിക സർവ്വകലാശാല മാംസ സാങ്കേതിക സൗകര്യപദ്ധതിയിൽ നിർദ്ദിഷ്ട ഗുണനിലവാര മാനദണ്ഡങ്ങളും, ഗുണപരിശോധനാ നടപടിക്രമങ്ങളും വികസിപ്പിച്ചെടുത്തിട്ടുണ്ട്.** മാംസവും, മാംസോത്പന്നങ്ങളും ഉത്പാദിപ്പിക്കുന്നതിനായി ആടുമാടുകളെ കൈകാര്യം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനും യാതൊരു സാംസ്കാരിക തടസ്സവും സംസ്ഥാനത്ത് ഉണ്ടായിട്ടില്ല.

### ലൈവ് സ്റ്റോക്കിന്റെ ജൈവവൈവിധ്യം

സംസ്ഥാനത്തിന്റെ മൃഗസമ്പത്തിൽ കാണുന്ന ജൈവവൈവിധ്യം ഒരു നേട്ടം തന്നെയാണ്. എന്നാൽ അതിനെ പൂർണ്ണമായും ചൂഷണം ചെയ്യുവാൻ സംസ്ഥാനത്തിനു കഴിയേണ്ടതുണ്ട്. ലോക പ്രസിദ്ധമായ **"വെച്ചൂർ പശു"**വിന്റെ ജന്മദേശം കേരളമാണ്. വലിപ്പക്കുറവ്, പാലിലെ മാംസ്യത്തിന്റെ അളവ്, വേഗം ദഹിക്കുന്ന പാലിന്റെ സ്വഭാവം (മാംസ്യ മുഴകളുടെ ചെറിയ വലിപ്പം) കൈകാര്യം ചെയ്യുവാനുള്ള സൂകരത, ഇവയെല്ലാം ഈ ഇനം പശുക്കളുടെ അതുല്യമായ സവിശേഷതകളിൽ ചിലതാണ്. ഇതിനോടു സാദൃശ്യമുള്ള വലിപ്പം കുറഞ്ഞ ഒരിനം പശുവിനെ കാസർഗോഡ് കാണാൻ കഴിഞ്ഞിട്ടുണ്ട്. ആടിന്റെ കൂട്ടത്തിൽ "മലബാറി", "അട്ടപ്പാടി ബ്ലാക്ക് ബീറ്റിൽ" എന്നീ രണ്ടിനങ്ങളും കേരളത്തിന്റെ തനതായ ഇനങ്ങളായ ആടുകളാണ്.

## സങ്കരവർഗ്ഗത്തിൽപ്പെട്ട കന്നുകുട്ടി (ആൺ)കളുടെ ഉപയോഗ ശൂന്യത

മൃഗസമ്പത്തിന്റെ 1996-ലെ സെൻസസ് അനുസരിച്ച് ഏകദേശം 4,40,000 സങ്കരവർഗ്ഗ (ആൺ) കന്നുകുട്ടികളുണ്ടായിരുന്നു. 1 വയസ്സു മുതൽ $2^1/_2$ വയസ്സു വരെ പ്രായം ഉള്ളവയാണിവ. എന്നാൽ ഇതിൽ 1 വയസ്സിൽ താഴെയുള്ള 1,11,000 കന്നുകുട്ടികൾ 1 വയസ്സിനും $2^1/_2$ വയസ്സിനും ഇടയിൽ എത്തും മുമ്പേ നഷ്ടമാകുന്നു. ഇതിൽ നിന്നും വിഭിന്നമായി ഏകദേശം 4,60,000 (പെൺ) പശുകിടാക്കൾ (1 വയസ്സുമുതൽ 2.5 വരെ പ്രായമുള്ളവ) അതിജീവിക്കുന്നെങ്കിലും 1 വയസ്സിനു താഴെയുള്ള 3,78,000 പശുകിടാക്കൾ നഷ്ടമാവുന്നു. നാടൻ ഇനത്തിൽപ്പെട്ട കന്നുകുട്ടികളുടെ കാര്യത്തിലും ഈ പ്രവണത തന്നെയാണ് കാണുന്നത്. എന്നാൽ കൊഴിഞ്ഞുപോക്കിന്റെ നിരക്ക് കുറവാണ്; 1/3-ൽ ഒരു അൽപം കൂടുതൽ. ഏറിയും കുറഞ്ഞും ഇതേ പ്രതിഭാസം തന്നെയാണ് 1987-ലെ മൃഗസമ്പത്തിന്റെ സെൻസസ്സിലും കാണാൻ കഴിയുന്നത്. സങ്കരവർഗ്ഗത്തിൽ ജനിച്ച കന്നുകളുടെ അകാല മരണം മാംസ ഉത്പാദനത്തിലുള്ള ഒരു നല്ല സാദ്ധ്യതയുടെ നഷ്ടം തന്നെയാണ്. അവയുടെ അതിജീവനം ഉറപ്പുവരുത്തുകയും അവയെ വളർത്തി ശരീരം മാംസളമാക്കുകയും ചെയ്യുന്ന പക്ഷം, അത് ഉയർന്ന നിലവാരമുള്ള മാംസ്യോത്പ്പന്നങ്ങളുണ്ടാക്കാൻ പറ്റിയ അസംസ്കൃത വസ്തുവിനുള്ള ഉറപ്പായ മാർഗ്ഗമാവുമായിരുന്നു. തന്ത്രപരമായി ആവിഷ്ക്കരിച്ച മാംസ്യ സംസ്കരണ സൗകര്യങ്ങൾ ഉണ്ടാക്കുന്നതായാൽ അത് മാംസത്തിനായി വളർത്തുന്ന കന്നുകുട്ടികളുടെ വിപണി ഉറപ്പാക്കുകയും കന്നുകാലി വളർത്തുന്നവർക്ക് ഭേദപ്പെട്ട വരുമാനം ഉണ്ടാക്കുവാൻ കഴിയുന്നതുമാണ്.

### 1.5.9.4 ശുപാർശകൾ

1. വിപണിയിലുള്ള അവസരങ്ങൾ ചൂഷണം ചെയ്യുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും ഉള്ള സാങ്കേതിക വിദ്യ കാര്യക്ഷമമാക്കാൻ ദൃഢനിശ്ചയത്തോടു കൂടി പ്രയത്നിക്കുകയാണെങ്കിൽ, കാലികളെ ജീവനോടുകൂടിയും, അവയുടെ മാംസത്തേയും ഗൾഫ് രാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കുവാൻ കഴിയുന്നതാണ്. ഇതിനു വേണ്ടി അറവുശാലകൾ ആധുനീകരിക്കേണ്ടതുണ്ട്. ശുചിത്വ പാലന വ്യവസ്ഥകൾ കർശനമാക്കുകയും, ഗുണനിലവാര മാനദണ്ഡങ്ങൾ ചുമത്തുകയും വേണം. മൃഗങ്ങളെ കൈകാര്യം ചെയ്യുന്നതും, അറവു ചെയ്യുന്നതും, ദയാപൂർവ്വമാവണമെന്നും നിഷ്കർഷിക്കണം. കന്നുകാലി സമ്പത്തിന് രോഗവിമുക്ത പദവി ഉറപ്പാക്കുന്നതിന് **രോഗവിമുക്ത മേഖലകൾ** ഉണ്ടാക്കുകയും അവ ആരോഗ്യകരമായി നിലനിറുത്തുകയും വേണം.

2. മാംസം കയറ്റുമതി ചെയ്യുന്നതിന് സഹായിക്കുന്ന അസംസ്തൃത വസ്തുക്കളുടെ കന്നുകാലി സ്രോതസ്സുകൾ എല്ലാം പ്രാദേശിക തലത്തിൽതന്നെ വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. അല്ലാതെ അയൽ സംസ്ഥാനങ്ങളിൽ നിന്നും കാലികളെ കൊണ്ടുവരുമ്പോൾ അവയുടെ ഗുണനിലവാരത്തിന്റെ കാര്യത്തിൽ ഉറപ്പുണ്ടാവുകയില്ല. സങ്കരവർഗ്ഗത്തിൽപ്പെട്ട പശുക്കളുടെ കന്നുക്കുട്ടികളെ ഇപ്പോൾ ആവശ്യത്തിന് ചൂഷണം ചെയ്യുന്നില്ല. ഒരുപക്ഷേ, നഷ്ടപ്പെടുത്തുന്നില്ല എങ്കിലും. എന്നാൽ അത് മാംസോത്പാദനത്തിനുള്ള നല്ലൊരു മാർഗ്ഗമാണ്. അതിനായി കന്നുക്കുട്ടികളെ വളർത്തുന്നതിന് ചിലവുകുറഞ്ഞ മാർഗ്ഗങ്ങൾ രൂപം നൽകുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

3. പ്രാദേശികതലത്തിൽ ഉത്പാദിക്കപ്പെടുന്ന ജൈവസസ്യങ്ങളുടെ കൃഷിയ്ക്ക് വേണ്ട പ്രോത്സാഹനം നൽകേണ്ടതാണ്. അതിലൂടെ ക്ഷീരോത്പാദനത്തിൽ കേരളത്തിന് മാത്സര്യശേഷി കൈവരിക്കാൻ കഴിയും. അതിന് പറ്റിയ ഒരു മാർഗ്ഗം ജൈവസസ്യകൃഷിയും കന്നുകാലി വളർത്തൽ വ്യവസ്ഥയുമായി സംയോജിപ്പിച്ചുകൊണ്ട് പ്രവർത്തിക്കുകയാണ്. അതിനായി മൃഗസംരക്ഷണ ഫാമിംഗ് സമ്പ്രദായത്തോട് അനുബന്ധമായി കാലിത്തീറ്റ ഉത്പാദന പ്രവർത്തനങ്ങളുംആവിഷ്ക്കരിക്കണം. വാസ്തവത്തിൽ, അറിവോ, സ്രോതസ്സുകളോ, അല്ല ഇല്ലാത്തത്, പിന്നെയോ സർക്കാരിന്റെ കീഴിലുള്ള ബന്ധപ്പെട്ട വികസന ഏജൻസികളുടെ പിന്തുണയും, സേവനങ്ങളും, സംയോജിത രീതിയിൽ കർഷകർക്ക് എത്തിച്ച് കൊടുക്കാത്തതാണ്. ഈ കുറവു പരിഹരിക്കേണ്ടതാണ്.

4. “വെച്ചൂർപശു”, “കാസർഗോഡ് പശു”, “മലബാറി ആട്”, “അട്ടപ്പാടി ബ്ലാക്ക് ബീറ്റിൽ ആട്” എന്നിവയ്ക്ക് പതിഞ്ഞു കിട്ടിയിട്ടുള്ള ഭൂമിശാസ്ത്രപരമായ സംജ്ഞയും, അംഗീകാരവും, ബൗദ്ധിക സ്വത്തവകാശത്തിന്റെ അടിസ്ഥാനത്തിൽ സംരക്ഷിക്കപ്പെടുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. കേരളത്തിന്റെ തനതും പൈതൃകവുമായ ഈ ഇനങ്ങളെ സംരക്ഷിക്കാനുള്ള കേരള കാർഷിക സർവ്വകലാശാലയുടെ പരിശ്രമങ്ങൾക്ക് ആവശ്യമായ പിന്തുണ നല്കേണ്ടതാണ്.

## 1.5.10. സമുദ്രോല്പന്നങ്ങളും മത്സ്യമേഖലയും

### 1.5.10.0. കേരളത്തിന്റെ മത്സ്യസമ്പദ് മേഖല

കേരളത്തിന് സമുദ്ര മേഖലയിൽ നിന്നും ഉൾനാടൻ ജലാശയങ്ങളിൽ നിന്നും ലഭിക്കുന്ന മത്സ്യസമ്പത്ത് 10.54 ദശലക്ഷം ജനങ്ങളുടെ ഉപജീവനസുരക്ഷയുടെ സ്രോതസ്സാണ്. 10.54 ദശലക്ഷംവരുന്ന ഈ ജനവിഭാഗം സംസ്ഥാനത്തിന്റെ മൊത്തം ജനസംഖ്യയുടെ 3.3% വരുന്നു. സംസ്ഥാനത്തിന്റെ തീരപ്രദേശമൊട്ടാകെ വ്യാപിച്ചുകിടക്കുന്ന 222 സമുദ്ര മത്സ്യബന്ധന ഗ്രാമങ്ങളും, 112 ഉൾനാടൻ മത്സ്യബന്ധന ഗ്രാമങ്ങളും അടങ്ങിയ വിപുലമായ ഒരു മേഖലയാണിത്. 1999-2000 ലെ കണക്കനുസരിച്ച് മീൻപിടുത്തവും അനുബന്ധ പ്രവൃത്തികളിലുമേർപ്പെടുന്ന 2.26 ലക്ഷം ജനങ്ങൾക്ക് തൊഴിൽ നല്കുന്ന ഈ മേഖലയിൽ 1.85 ലക്ഷം പേർ സമുദ്ര മേഖലയിലും, 0.41 ലക്ഷംപേർ ഉൾനാടൻ മത്സ്യബന്ധന മേഖലയിലും തൊഴിൽ ചെയ്യുന്നു. വിവിധ ജോലികളിലാണിവർ ഏർപ്പെടുന്നത്. അവരിൽ 13% ആൾക്കാരെ "കടലോര തൊഴിലാളികളാ"യി തരംതിരിക്കാം. ഇവർ നേരിട്ടു മീൻ പിടിക്കാൻ പോകുന്നവരാണ്. 41% ആകട്ടെ, ചെറിയതോതിൽ മത്സ്യ വിതരണം നടത്തുന്നവരാണ്. 27% മത്സ്യത്തിന്റെ തൊലി ഉരിക്കുന്നതിലും ഏർപ്പെടുന്നു എന്നാണ് 1999-2000 ലെ കണക്കുകൾ കാണിക്കുന്നത്. 52% ലധികം വരുന്ന സ്ത്രീ തൊഴിലാളികളാണ് ഭൂരിപക്ഷം. മറ്റനുബന്ധ തൊഴിലാളികളിലും, പീലിംഗ് (60%), മത്സ്യം ഉണക്കൽ, ഉപ്പിലിടൽ (66%), മത്സ്യസംസ്കരണത്തിൽ (59%) എന്നിങ്ങനെയുള്ളവയിലും സ്ത്രീകളുടെ വലിയ പങ്കാളിത്തമുള്ള ഒരു മേഖലയാണിത്.

കേരളത്തിന്റെ കടൽത്തീരം 590 കിലോമീറ്റർ ദൈർഘ്യത്തോടെ നീണ്ടുകിടക്കുന്നു. "കോന്റിനെന്റൽ ഷെൽഫ്ട" എന്നു വിളിക്കുന്ന (100 ഫാത്തം ആഴമുള്ള) മേഖല ഏകദേശം 40,000 (കൃത്യമായി പറഞ്ഞാൽ 39.723) ചതുരശ്ര കിലോമീറ്റർ വ്യാപിച്ചു കിടക്കുന്നു. മത്സ്യബന്ധന സാദ്ധ്യത ഈ സ്രോതസ്സിൽ നിന്നും ഏകദേശം 11.50 ലക്ഷം ടണ്ണുണ്ടാകുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. അതിൽ 5.70 ലക്ഷം ടൺ തീരത്തോടടുത്തുള്ള കടലിൽ നിന്നും, 1.80 ലക്ഷം ടൺ മത്സ്യം തീരം വിട്ട്, ആഴക്കടലിൽ നിന്നും പിടിക്കുന്നതാണ്. ആഴക്കടലിൽ മുങ്ങിത്താണു പിടിക്കാവുന്ന മത്സ്യത്തിന്റെ സാദ്ധ്യത ഏകദേശം 1.45 ലക്ഷം ടൺ വരുമെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. **അതിൽ സുസ്ഥിരമായ മത്സ്യസമ്പാദന സാദ്ധ്യത 5.7 ലക്ഷം ടണ്ണാണെങ്കിൽ ഇതിൽ കൂടുതൽ (6 ലക്ഷം ടൺ) മത്സ്യം പിടിച്ചെടുക്കപ്പെട്ടിട്ടുള്ളതിനാൽ, മത്സ്യസ്രോതസ്സ് വറ്റിപ്പോകുമോ എന്ന ഗൗരവതരമായ ഭീഷണിയും ഉയർന്നുവന്നിട്ടുണ്ട്.** സംസ്ഥാനത്തിന്റെ മൊത്തം പ്രാദേശിക വിസ്തൃതിയിൽ ഏകദേശം 3.6 ലക്ഷം ഹെക്ടർ പ്രദേശത്ത് ഉൾനാടൻ ജലമേഖലയുണ്ട്. അതിന്റെ 2/3 ഭാഗവും (2.43 ലക്ഷം ഹെക്ടർ) ഉപ്പുജല/തടാകമേഖലയും, കായലും തോടുകളും, നദികളുടെ പതനസ്ഥലമായ അഴിമുഖങ്ങളും ആകുന്നു. അതോടൊപ്പം 0.85 ലക്ഷം ഹെക്ടർ വരുന്ന നദികളും ഇതിലുൾപ്പെടുത്താം. ഉൾനാടൻ മത്സ്യ ഉത്പാദന സാദ്ധ്യത ഏകദേശം 1.5 ലക്ഷം മുതൽ 2 ലക്ഷം ടൺവരെ എന്നും കണക്കുകൾ അവകാശപ്പെടുന്നു. ഏകദേശം 65,000 ഹെക്ടർ വരുന്ന ഉൾനാടൻ ജലവിതാനങ്ങളിൽ ചെലവ് കുറഞ്ഞ രീതിയിൽ മത്സ്യകൃഷി ചെയ്യാനുള്ള സാദ്ധ്യത ഉണ്ടെന്നാണ് കണക്ക്.

1990 കളുടെ ആദ്യവർഷങ്ങൾ മുതൽ സംസ്ഥാനത്തെ മത്സ്യഉത്പാദനം വർദ്ധിച്ചു വരികയാണെങ്കിലും, പുരോഗതി വളരെ സാവധാനത്തിലാണ്. എന്നാൽ സ്തംഭനത്തിലാണെന്ന് പറയാൻ കഴിയുകയില്ല. 1990-91 ലെ സമുദ്രമത്സ്യ ഉത്പാദനം 5.99 ലക്ഷം ടണ്ണിൽ നിന്നും 1999-2000 ൽ 6.18 ലക്ഷം ടണ്ണായി ചെറുതായി ഒന്നുയർന്നു. അതേസമയം ഉൾനാടൻ മത്സ്യ ഉത്പാദനം, ആ മേഖല ചെറുതാണെങ്കിലും, മൊത്തം മത്സ്യ ഉത്പാദനത്തിന്റെ 6% നിന്നും 11% മായി ഉയർന്നു. പിന്നീടതിന്റെ വളർച്ച വേഗത്തിലാവുകയും ഉത്പാദനം ഇരട്ടിച്ച് 0.36 ലക്ഷം ടണ്ണിൽ നിന്നും 0.74 ലക്ഷം ടണ്ണായി ഉയരുകയും ചെയ്തു. സമുദ്രോൽപന്നങ്ങളുടെ അളവു നോക്കിയാൽ **ഏറ്റവും കൂടുതൽ പിടിക്കപ്പെടുന്നത് ചാളയാണ്. അതിൽതന്നെ 1/3 ഭാഗവും നെയ്ച്ചാളയാണ്. അയില 16% വും ചെമ്മീൻ 9% വാള 8% ആണ്. ഉൾനാടൻ മത്സ്യസമ്പത്തിന്റെ 26% ഉം ചെമ്മീനാണ്. അടുത്ത സ്ഥാനം 16% വരുന്ന തിലാപ്പിയായ്ക്കാണ്.**

2000-2001 ൽ ഏകദേശം 89,000 ടൺ സമുദ്രോല്പന്നങ്ങൾ (ഏകദേശം 1046 കോടി രൂപ വിലവരുന്ന) ആണ് കേരളത്തിൽ നിന്നും കയറ്റുമതി ചെയ്യപ്പെട്ടത്. സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി മുടക്കം കൂടാതെ ക്രമേണ വർദ്ധിച്ചു കൊണ്ടാണിരിക്കുന്നതെങ്കിലും (1990-1991 ൽ ഏകദേശം 51,000 ടണ്ണായിരുന്നത് 2000-2001 ൽ 89,000 ടണ്ണായി) രാജ്യത്തെ മത്സ്യക്കയറ്റുമതിയിൽ കേരളത്തിന്റെ പങ്ക് 2000-2001 ൽ 37% ൽ നിന്നും 20% ആയി കുറയുകയുണ്ടായി. അതുപോലെ **കേരളത്തിന്റെ മത്സ്യ കയറ്റുമതിയിൽ നിന്നുള്ള വരുമാനം 414 കോടി രൂപയിൽ നിന്നും 1046 കോടിരൂപയായി ഉയർന്നപ്പോഴും ദേശീയരംഗത്ത് കേരളത്തിന്റെ പങ്ക് 34% നിന്നും 16% ആയി കുറഞ്ഞു എന്നുകാണാം.** ശീതീകരിച്ച ചെറിയ ചെമ്മീനാണ് ഏറ്റവും കൂടു

തൽ കയറ്റുമതി ചെയ്യപ്പെടുന്നത് (36%). പിന്നീട് ഉണക്കിപ്പൊടിച്ച ചെമ്മീൻ 34% വും, ശീതീകരിച്ച കണവ 24% വും, മറ്റു മത്സ്യങ്ങളും, മത്സ്യം മുറിച്ചതും 17% വും, ശീതീകരിച്ച നെത്തോലി 16% വുമാണ് കയറ്റുമതി മത്സ്യങ്ങൾ. ശീതീകരിച്ച ചെമ്മീനിന്റെ അനുപാതം ക്രമേണ കുറഞ്ഞുവരികയുണ്ടായി. 1990-91 ൽ അത് 59% ആയിരുന്നത് 1998-99 ൽ 36% ആയി. അളവിൽ വലിയ കുറവുണ്ടായിരുന്നില്ല. 30,000 ടണ്ണിനും 35,000 ടണ്ണിനും ഇടയിലായിരുന്നു അളവ്. 1998-1999 കാലത്ത് മത്സ്യത്തിന്റേയും നുറുക്കിയ മത്സ്യത്തിന്റേയും കയറ്റുമതി 7% ൽ നിന്നും 17% വും ശീതീകരിച്ച കണവ 9%ൽ നിന്നും 24% ആയി ഉയരുകയുണ്ടായി.

1990 കളിൽ വമ്പിച്ച വികാസമാണ് മത്സ്യബന്ധന ബോട്ടുകളിലും ഉപകരണങ്ങളിലും അനുസാരികളിലും ഉണ്ടായത്. മത്സ്യബോട്ടുകളുടെ എണ്ണം 1988-89 ലെ 34,000 ൽ നിന്നും 1999-2000 ൽ ഏകദേശം 55,000 ആയി വർദ്ധിച്ചു. ഇതിൽ 4200 യന്ത്രബോട്ടുകളും 28,800 മോട്ടോർ ബോട്ടുകളും, 21,800 യന്ത്രവത്കരിക്കാത്തവയും ഉൾപ്പെടുന്നു. ഏറെ വർദ്ധിച്ചത് മോട്ടോർ ബോട്ടുകളാണ്. ഏകദേശം 19% വർദ്ധനയാണുണ്ടായത്. ഗിയറുകളുടെ കാര്യത്തിലും വർദ്ധന രേഖപ്പെടുത്തി. 1996 ൽ ഏകദേശം 22,000 മത്സ്യഗിയറുകൾ ഉപയോഗത്തിലായിരുന്നു. അതുപോലെ 52000 ട്രാലിംഗ് വലകളും, 4900 ഗിൽ വലകളും (രണ്ടും ഏകദേശം 1/4 ഭാഗം) ബാക്കിയുള്ളവ 3300 വലിച്ചുകയറ്റുന്ന വലകളും, 3100 വീശു വലകളും 5100 മറ്റിനം വലകളും ആയിരുന്നു.

### 1.5.10.1. ലോക വ്യാപാര സംഘടനയുടെ സ്വാധീനം മത്സ്യ മേഖലയിൽ

മത്സ്യം WTO യുടെ കൃഷിയെ സംബന്ധിച്ച കരാറിന്റെ (AOA) കീഴിൽ നേരിട്ടുവരുന്ന ഒരു ഉല്പന്നമല്ല. ലോക വ്യാപാര സംഘടനയുടെ ചർച്ചകളിൽ എല്ലാം സമുദ്രോല്പന്നങ്ങളെ ഒരു പ്രാഥമിക വ്യവസായികോല്പന്നമായിട്ടാണ് പരിഗണിച്ചിരിക്കുന്നത്. WTO കൂടാതെ മറ്റു അനേക സ്ഥാപനങ്ങൾ മത്സ്യ വ്യവസായത്തേയും സമുദ്രോല്പന്നങ്ങളേയും നിയന്ത്രിക്കുന്നതായിട്ടുണ്ട്. അങ്ങിനെ വിവിധ സ്ഥാപനങ്ങൾ കൈകാര്യം ചെയ്യുന്നതിന്റെ ഫലമായി നേട്ടങ്ങളും, കോട്ടങ്ങളും ഉണ്ട്. ഇറക്കുമതി ചെയ്യപ്പെടുന്ന മത്സ്യോല്പന്നങ്ങളുടെ ഇറക്കുമതി താരിഫ് കുറഞ്ഞുവരുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. കാരണം, വികസിതരാജ്യങ്ങളിലെ മത്സ്യസംസ്കരണ വ്യവസായങ്ങൾക്കുള്ള ഒരു അസംസ്കൃത വസ്തുവായിട്ടാണ് രാജ്യത്തെ സമുദ്രോത്പന്നങ്ങളെ കണക്കാക്കിയിരിക്കുന്നത്. മൂല്യവർദ്ധന നടത്തുന്നവർക്ക് ആപേക്ഷികമായി കുറഞ്ഞ താരിഫുകൾ ഏർപ്പെടുത്തുന്നത് അവരുടെ കയറ്റുമതിയെ കൂടുതൽ മാത്സര്യക്ഷമമാക്കുന്നു. ഇത് മത്സ്യ സംസ്കരണ വ്യവസ്ഥകൾക്ക് വളരെ ഗുണകരമാണ്.

എന്തായിരുന്നാലും, ലോക വ്യാപാര സംഘടനയുടെ കൃഷിയെ സംബന്ധിച്ച കരാറി (AOA) ന്റെ സാനിട്ടറിയും ഫൈറ്റോസാനിട്ടറിയും (SPS) നടപടികൾ വഴി നേരിട്ടുള്ള നിയന്ത്രണ സമ്പ്രദായം വളരെ പ്രാധാന്യമർഹിക്കുന്നു. ഗണ്യമായ അളവിലുള്ള ഒരു കരുതൽ നടപടിയായിട്ടാണ് ഇത് നിഷ്കർഷിക്കുന്നത്. മത്സ്യബന്ധനം രോഗ വിമുക്തമായ സ്ഥലങ്ങളിൽ നിന്നാവണം. ഏറ്റവും കുറഞ്ഞ അളവിൽ മാത്രമേ, (അനുവദനീയമായതിൽ നിന്നും) രാസാവശിഷ്ടങ്ങൾ മത്സ്യത്തിൽ കാണുവാൻ പാടുള്ളൂ എന്നിങ്ങനെയുള്ള വ്യവസ്ഥകളാണിതിൽ ഉൾപ്പെടുന്നത്. രോഗവിമുക്തമേഖല എന്നു പറയുന്നത് ഒരു വിവാദപരമായ വ്യവസ്ഥയായി കണക്കാക്കപ്പെടാനിടയുള്ളതാണ്. കാരണം, എവിടമൊക്കെ രോഗവിമുക്തമാണെന്ന് കണ്ടുപിടിക്കുക തികച്ചും ദുഷ്കരമാണെന്ന് തന്നെ. ഇത്തരം കാര്യങ്ങൾ (സാനിട്ടറി ഫൈറ്റോസാനിട്ടറി വ്യവസ്ഥകൾ) അന്താരാഷ്ട്രീയമായി അംഗീകരിക്കപ്പെട്ട കോഡക്സ് എലിമെന്റേറിയസ് പോലുള്ള നിർബന്ധ വ്യവസ്ഥകൾക്കുമേൽ ഏർപ്പെടുന്ന അവസരത്തിൽ അവയെല്ലാം ദുരുപയോഗപ്പെടുത്തുന്നതിനും ഇടയാക്കുന്നുണ്ട്. അതിനാൽ അവ നീക്കം ചെയ്യേണ്ടതാണ്. ലോകഭക്ഷ്യ-കൃഷി സംഘടന (FAO) പോലുള്ള അംഗീകൃത അന്താരാഷ്ട്ര സംഘടനകൾ അനുശാസിക്കുന്ന പെരുമാറ്റച്ചട്ടങ്ങളെ മാത്രമേ ഇന്ത്യ അംഗീകരിക്കേണ്ടതായിട്ടുള്ളൂ. ആഭ്യന്തരമായി നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഉത്പന്നങ്ങൾക്ക് ഉണ്ടായിരിക്കേണ്ട ശുചിത്വപരമായി അനുപേക്ഷണീയമായിട്ടുള്ള അന്താരാഷ്ട്ര മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കണ്ണെന്ന കാര്യത്തിൽ നാം ശ്രദ്ധവച്ചേമതിയാവൂ എന്നും ഈ വഴിക്ക് നാം ഇനിയും വളരെ മുന്നോട്ടുപോകാനുണ്ട് എന്ന് ഓർക്കുക.

WTO യുടെ സബ്സിഡിയെ സംബന്ധിച്ച കരാറും സമാനശക്തികളുമായി വ്യാപാരത്തിൽ ഏറ്റുമുട്ടുന്നതിനെ സംബന്ധിച്ച നടപടികളും ഒന്നും നമ്മുടെ മത്സ്യമേഖലയുടെ കാര്യത്തിൽ, സബ്സിഡികൾ വളരെ കുറവായതിന്റെ സാഹചര്യത്തിൽ, കാര്യമായ സ്വാധീനം ചെലുത്തുന്നില്ല. പക്ഷേ സവിശേഷമായ ഘടകം വളരെ പ്രാധാന്യമർഹിക്കുന്നതായിട്ടുണ്ട്. അതായത് ഇന്ത്യയുടെ മത്സ്യ സംസ്കരണ വ്യവസായം മറ്റു വികസ്വര രാജ്യങ്ങളിലെ വ്യവസായവുമായി കടുത്ത മത്സരത്തിലാണ്. മറ്റു രാജ്യങ്ങൾ മത്സ്യമേഖലയിൽ

വളരെ തുച്ഛമായ സബ്സിഡിയേ ചുമത്തുന്നുള്ളൂ. അതുകൊണ്ട് സബ്സിഡി പ്രശ്നം ഒരു താരിഫേതര തടസ്സമായി ഉന്നയിക്കുവാനുള്ള സാദ്ധ്യതയേ കാണുന്നുള്ളൂ.

വെറും കയറ്റുമതിക്കാര്യങ്ങൾ മാത്രമല്ല ലോക വ്യാപക സംഘടനയുടെ പരിഗണനയിൽ വരുന്നത്. സമുദ്രോത്പന്നങ്ങളുടെ ഉത്പാദനമേഖലയെ ആകെ – മത്സ്യബന്ധനം, സംസ്കരണം, കയറ്റുമതി തുടങ്ങിയ എല്ലാ കാര്യങ്ങളും – അതിന്റെ വ്യവസ്ഥകളിൽ ഉൾപ്പെടുന്നുണ്ട്. ഇന്നിപ്പോൾ കയറ്റുമതിയെ കേന്ദ്രീകരിച്ച് ഇടുങ്ങിയ ഒരു സമീപനം നാം സ്വീകരിക്കുന്നതിൽ അർത്ഥമില്ല. ആ സമീപനം 1970 കളിൽ പ്രസക്തമായിരുന്നു എന്നത് ശരിയാണ്. എന്നാൽ ലോക വ്യാപാര സംഘടന പരിണമിച്ചുക്കൊണ്ടിരിക്കുന്ന ദിശ വച്ചുനോക്കിയാൽ ഈ നിലപാടിന് പ്രസക്തിയില്ലെന്ന് കാണാം.

### 1.5.10.2. വെല്ലുവിളികളും, അവസരങ്ങളും, തന്ത്രങ്ങളും മത്സ്യസ്രോതസ്സിന്റെ അടിത്തറയുടെ സുസ്ഥിരതയ്ക്ക് ഭീഷണി

നമ്മെ ഏറ്റവും അസ്വസ്ഥമാക്കുന്ന മുഖ്യപ്രശ്നം, വിശിഷ്യാ സമുദ്രവിഭവങ്ങളുടെ ഉല്പാദനമേഖലയിൽ, വന്നുചേർന്നിരിക്കുന്ന സ്തംഭനമാണ്. ഇതാരംഭിച്ചത് 1990 കളുടെ ആദ്യമാണ്. ബോട്ടുകളുടേയും ഗീയറുകളുടേയും എണ്ണത്തിലും ശേഷിയിലും ഗണ്യമായ വർദ്ധനവ് ഉണ്ടായെങ്കിൽകൂടിയും പ്രതിസന്ധി തുടരുകയാണ്. എന്നാൽ തീരക്കടൽ മത്സ്യബന്ധനത്തിന്റെ കാര്യത്തിൽ സംസ്ഥാനം ഇപ്പോൾ മത്സ്യബന്ധനത്തിന്റെ സാദ്ധ്യതകൾ ചൂഷണം ചെയ്യുന്നതിൽ ബഹുദൂരം പോയിരിക്കുന്നു എന്നതിന്റെ സൂചനയാണ് ബോട്ടുകളുടെ എണ്ണത്തിലുണ്ടായ അഭൂതപൂർവ്വമായ വർദ്ധനവ്. സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ കാര്യമായ ചലനമുണ്ടാക്കാൻ സമുദ്രോത്പന്ന മേഖലയിൽ ഏറ്റവും നൂതനമായ സാങ്കേതികവിദ്യ വിജയകരമായി നടപ്പിലാക്കിയതുമൂലം കഴിയുകയുണ്ടായി. കൂടാതെ ഈ മേഖലയെ സഹായിക്കുവാനായി, മുതൽ മുടക്കുവാൻ പുതിയ സംരംഭകരെ ആകർഷിക്കുവാനും കഴിഞ്ഞു. ഈ പ്രവണത 1970 കളുടെ ആദ്യമേ പ്രകടമായിരുന്നു. ഇതിന്റെയൊക്കെ ഫലമായി ഈ മേഖലയിൽ പ്രാതിഭാസികമായ വളർച്ചയുണ്ടായി. എന്നാൽ ബോട്ടുകളുടേയും വള്ളങ്ങളുടേയും ഗിയറുകളുടേയും ശേഷി പരമാവധി ചൂഷണം ചെയ്യുന്നില്ല. കൂടാതെ മത്സ്യ ബന്ധനത്തിലും മത്സ്യ സംസ്കരണത്തിലും വേണ്ടത്ര ശ്രദ്ധ പതിയുന്നില്ല. എന്നാൽ മത്സ്യബന്ധനത്തിലും മറ്റു അനുബന്ധ കാര്യങ്ങളിലും അപ്രതിരോധ്യമായ ഒരു പ്രചോദനം ഉയർന്നു വന്നിട്ടുണ്ട്. **ഒരു പക്ഷേ, സമുദ്രത്തിലെ മത്സ്യസ്രോതസ്സിന്റെ ലക്കും ലഗാനുമില്ലാത്ത ചൂഷണം മൂലം സ്തംഭനം ഉണ്ടാകുമെന്നും അതിന്റെ ഫലമായി സാമൂഹിക-സാമ്പത്തിക രംഗത്ത് കെടുതികൾ ഉണ്ടായേക്കാമെന്നും ഉള്ള ആശങ്കകൾ നിലനിൽക്കുന്നുണ്ട്.** എന്നിരുന്നാലും, നാമറിയേണ്ട കാര്യം ഇന്നോളം മത്സ്യബന്ധനത്തിനുള്ള വിവിധ സൗകര്യങ്ങളെ നാം വേണ്ടപോലെ ചൂഷണം ചെയ്തിട്ടില്ല എന്ന ബോദ്ധ്യവും, അങ്ങിനെ സമുദ്ര സമ്പത്തിനെ പരമാവധി ചൂഷണം ചെയ്യുവാനുള്ള ഒരു ത്വരയും ഇന്നീ രംഗത്ത് പ്രകടമാണ്. ഇതിനുകാരണം മത്സ്യ-ബന്ധന-സംസ്കരണ രംഗത്തേക്ക് കടന്നുവന്ന നാവഗതരായ ഒരു കൂട്ടം സംരംഭകരമാണ്. ഇവരാകട്ടെ, അടുത്തകാലം വരെ ഈ രംഗത്തുണ്ടായിക്കൊണ്ടിരുന്ന വമ്പിച്ച ധത്തിന്റെ കൊയ്ത്തിന്റെ പങ്ക് നിഷേധിക്കപ്പെട്ടവരായിരുന്നു. പൊതു സമ്പദ് സ്രോതസ്സിന്റെ പങ്ക് പറ്റാൻ ഈ കൂട്ടർ മുമ്പോട്ടുവന്നു. ഉദാഹരണത്തിന് സംസ്ഥാനസർക്കാരിന്റെ മുൻകൈ പ്രവർത്തനത്തിൽ പരമ്പരാഗത മത്സ്യബന്ധന ബോട്ടുകളും, വള്ളങ്ങളും യന്ത്രവത്കരിക്കുന്നതിൽ സ്വീകരിക്കപ്പെട്ട പ്രോത്സാഹജനകമായ നടപടികൾ മൂലം ഉണ്ടായ വികാസം അഭൂർതപൂർവ്വമായിരുന്നു. സുസ്ഥിരമായ പുരോഗതിയുടെ ഫലമായി ഈ രംഗത്ത് ഗുണപരമായ വികാസമുണ്ടായി. എല്ലാവർക്കും അവസര സമത്വവും ഉറപ്പു വരുത്തിയിരുന്നു. എന്നാൽ പൊതുവായ പ്രകൃതിയുടെ ഈ സമുദ്ര മത്സ്യസ്രോതസ്സിനെ ചൂഷണം ചെയ്തു തീർക്കുവാനുള്ള ശ്രമത്തെ പ്രോത്സാഹിപ്പിക്കാൻ പാടുള്ളതല്ല. അമിത ചൂഷണത്തെ നിയന്ത്രണ വിധേയമാക്കാനുള്ള നടപടികൾ നിർഭാഗ്യവശാൽ ദുർബലമായിരുന്നു. ഈ രംഗത്ത് ഒരു കൂട്ട കശപിശ മൂർച്ഛിക്കുവാൻ സാദ്ധ്യത കാണുന്നുണ്ട്. സമുദ്ര സ്രോതസ്സിന്റെ സംരക്ഷണത്തിനും, അതിന്റെ സുസ്ഥിരതയ്ക്കും നിർണ്ണായകമായ ഒരു സ്ഥാനമാണുള്ളത്. കാരണം സംസ്ഥാനത്തെ ജനസംഖ്യയുടെ ഗണ്യമായൊരു വിഭാഗം ജനങ്ങളുടെ ഉപജീവനത്തിനും അവരെ ആശ്രയിച്ചുകഴിയുന്നവരുടെ അതിജീവനത്തിനും ഈ സ്രോതസ്സിന്റെ സംരക്ഷണം അനുപേക്ഷണീയവും അനിവാര്യവുമാണ്. ചരിത്രപരമായി നോക്കിയാൽ സാമൂഹികമായും സാമ്പത്തികമായും പാർശ്വവത്ക്കരിക്കപ്പെട്ടവരാണീ ജനവിഭാഗം. കൂടാതെ പ്രായോഗികമായി അവരുടെ ഉപജീവന സുരക്ഷ ഉറപ്പാക്കാൻ അവർക്ക് മത്സ്യബന്ധനമല്ലാതെ അതിനുപകരം മറ്റൊരു മാർഗ്ഗവും ഇല്ലാത്തവരാണ്. അതിനാൽ ഈ മേഖലയെ വികസിപ്പിക്കുമാത്രമല്ല, നമ്മുടെ ഭക്ഷണത്തിൽ ജീവകവും, മാംസ്യവും ലഭ്യമാക്കുന്നവരും, കയറ്റുമതിയിലൂടെ രാഷ്ട്രത്തിന് വിദേശനാണ്യം നേടിത്തരുന്നവരും ആണിവർ. കുറഞ്ഞത് ഭാവിയിലെങ്കിലും ഇവരുടെ കാര്യത്തിൽ ഉപജീവനസുരക്ഷ ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നത് ഒരു അനിവാര്യതയാണ്. ഈ സാഹചര്യത്തിൽ സമുദ്ര-ജലവിഭവത്തിന്റെ കാര്യത്തിൽ ഭൂപരിഷ്ക്കരണത്തിൽ

നടത്തിയിട്ടുള്ളതിനോട് സമാനമായ, പരിഷ്കരണ നിയമനിർമ്മാണ നടപടികൾ ആവിഷ്ക്കരിക്കുവാനുള്ള സമയമായിരുന്നു. **സമുദ്രസ്രോതസ്സുകളെ പ്രാഥമികമായി ആശ്രയിച്ചുകഴിയുന്ന പരമ്പരാഗതമായി മത്സ്യ ബന്ധനം നടത്തി ജീവിക്കുന്നവർക്കും, അതിനനുബന്ധമായ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീ പുരുഷന്മാർക്കും മാത്രമായി മത്സ്യബന്ധനം നടത്തുവാനുള്ള അവകാശം പരിമിതപ്പെടുത്തുവാനും, സമുദ്രസമ്പത്തും മത്സ്യവിഭവങ്ങളും ധനശേഷിയുള്ളവർ കടന്നുകയറി അമിതമായി ചൂഷണം ചെയ്യു ന്നതിനെ തടയുവാനും നിയമനിർമ്മാണം നടത്തേണ്ടതാണ്.** അങ്ങിനെ സമുദ്രസമ്പത്തിന്റെ പ്രയോജനം ഈ ജന വിഭാഗത്തിന് സുസ്ഥിരമായി ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സർക്കാർ തലത്തിൽ സ്വീക രിക്കാൻ വൈകരുത്.

## മൺസൂൺകാല ട്രോളിംഗ് നിരോധനം

കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം വ്യക്തമായി നിർവ്വചിച്ചിട്ടുള്ളത് ഇപ്രകാരമാണ്. തീര ക്കടൽ പ്രദേശത്ത് 50 മീറ്റർവരെ ആഴമുള്ള മേഖലയിൽ പരമ്പരാഗത മീൻപിടുത്തക്കാർ അവരുടെ നാടൻ ബോട്ടുകളുപയോഗിച്ച് മീൻപിടിക്കണമെന്നും, ആ അതിർത്തി കടന്നുള്ള ഒരു സാമ്പത്തിക മേഖലയായി കണക്കാക്കപ്പെടുന്ന ആഴക്കടലിൽ, യന്ത്രവത്കൃത ബോട്ടുകളിലും, വലിയബോട്ടുകളിലും അവയുള്ളവർ മത്സ്യബന്ധനം നടത്തേണ്ടതാണ് എന്നുമാണ് നിയമം അനുശാസിക്കുന്നത്. എന്നാൽ പരിധിയെ സംബ ന്ധിച്ച **ഈ കല്പന കണിശമായി പാലിക്കപ്പെടാത്തതിനാലാണ് ഒരു സംരക്ഷണ നടപടി എന്ന നില യിൽ മൺസൂൺ ട്രോളിംഗ് നിരോധിക്കപ്പെട്ടത്.** 1988-1989 നുശേഷം കഴിഞ്ഞ 14 വർഷമായി ഈ നിരോ ധനം പ്രാബല്യത്തിലിരിക്കുകയാണ്.

## പാരിസ്ഥിതിക പ്രശ്നങ്ങളുടെ സ്വാധീനം

പരിഃസ്ഥിതി പ്രശ്നങ്ങൾ ഭാവിയിൽ കടുത്ത നടപടികൾ ആവശ്യമാക്കിത്തീർക്കുമെന്നും അന്താരാഷ്ട്ര കൂടിയാലോചനകളിൽ അവ ഗണ്യമായ ഒരു സ്ഥാനം പിടിക്കുമെന്നും, ലോകവ്യാപാര സംഘടനയുൾപ്പെ ടെയുള്ള വേദികളിലെ നടപടികൾക്ക് വിധേയമാകുമെന്നും അവ ഇന്ത്യാഗവണ്മെന്റിന്റെ നയങ്ങളിൽ സ്ഥാനം പിടിക്കുമെന്നും തീർച്ചയാണ്. പല പാരിസ്ഥിതി പ്രവണതകൾക്കും ഗൗരവതരമായ സ്വാധീനം ഉണ്ട്. അതി ന് ഉദാഹരണമാണ് അടുത്തകാലത്ത് പരിസ്ഥിതികാര്യ മന്ത്രാലയം പുറപ്പെടുവിച്ച 150 ഓളം ഷാർക്ക് മത്സ്യ ങ്ങളുടേയും മറ്റിനം സമുദ്ര ജീവികളുടേയും ബന്ധനം നിരോധിച്ചുകൊണ്ടുള്ള ഉത്തരവ്. ഈ ബ്ലാങ്കറ്റ് നിരോ ധനം സംസ്ഥാനത്തെ ഒരു വലിയ ഭൂരിപക്ഷം വരുന്ന മീൻപിടുത്തക്കാരുടെ ഉപജീവനമാർഗ്ഗത്തെ പ്രതികൂ ലമായി ബാധിച്ചിരിക്കുകയാണ്. **അത്തരമുള്ള ഒരു തീരുമാനം അത് ദേശീയമായാലും, അന്തർദേശീയ മായിരുന്നാലും പ്രാദേശിക സാഹചര്യങ്ങളെപ്പറ്റിയുള്ള അറിവില്ലാതെയാണ് ചെയ്തതെന്ന് കരുതാൻ വഴിയുണ്ട്. ആ നിരോധനത്തിൽ മുമ്പോട്ടുവയ്ക്കുന്നതായ വ്യവസ്ഥകൾക്ക് അനുപേക്ഷണീയമായ വിവരങ്ങളുടെയോ, തെളിവുകളുടേയോ പിൻബലമില്ല.** വെറും ഊഹാപോഹത്തിന്റെ അടിസ്ഥാനത്തി ലാണ് ഔട്ട്ബോർഡ് മത്സ്യവള്ളങ്ങളുടെ വശങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള യന്ത്രത്തിൽ നിന്നുണ്ടാകുന്ന മാലി ന്യം ഭീഷണിയായി ചൂണ്ടിക്കാണിക്കപ്പെട്ടത്. അപ്രകാരമുള്ള തീരുമാനങ്ങൾ എടുക്കുമ്പോൾ, പ്രതിസന്ധി ബാധിതരായവരുമായി മതിയായ ചർച്ചകൾ നടത്താതെയും, ആശ്വാസത്തിനും, നഷ്ടപരിഹാരത്തിനും നട പടികൾ എടുക്കാതെയും ഇരുന്നാൽ അത്, ഇപ്പോൾതന്നെ ദുർബ്ബലരായ മീൻപിടിക്കുന്ന ജനസമൂഹത്തിന്റെ ഉപജീവനസുരക്ഷയെ തകർക്കുകയായിരിക്കും ചെയ്യുന്നത്.

## പ്രശ്നങ്ങളെ അവസരങ്ങളായി മാറ്റുക

ഈ സന്ദർഭത്തിൽ മുൻപ് പ്രസ്താവിച്ച വിധത്തിലുള്ള പ്രതിസന്ധികൾ ജനങ്ങളെ ബോധവത്കരി ക്കുന്നതിനും, ലഭ്യമായ സ്രോതസ്സുകളെ കൈകാര്യം ചെയ്യുന്നതെങ്ങിനെയെന്ന് അവരെ പഠിപ്പിക്കുന്നതി നുമുള്ള ഏറ്റവും നല്ല അവസരങ്ങളായി മാറ്റുവാൻ കഴിയേണ്ടതാണ്. അതുപോലെ ചില താരിഫേതര തട സ്സങ്ങൾ, അതായത് മോശപ്പെട്ട ശുചിത്വ നിലവാരങ്ങൾ, അധ്വാനത്തിന്റെ ചൂഷണം എന്നിവയെല്ലാം കേരള ത്തിന് നേട്ടങ്ങളായി മാറ്റാവുന്നതാണ്. ഉദാഹരണത്തിന് മത്സ്യ സംസ്കരണ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ട കരുതലുകൾ ഇല്ലാത്തതു മൂലവും മത്സ്യതൊഴിലാളികൾക്കേർപ്പെടുന്ന വർദ്ധിച്ച ബുദ്ധിമുട്ടുകൾ, അവർ തങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് സംഭാവന ചെയ്യണമെന്ന വ്യവസ്ഥയുടെ സമ്മർദ്ദം, കയറ്റുമതിയിൽ സെസ്സും ചുങ്കവും ഏർപ്പെടുന്നത്, മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ക്ഷേമനിധി കളുടെ കെടുകാര്യസ്ഥത എന്നിവയെല്ലാം കേരളത്തിലെ സമുദ്രോല്പന്നങ്ങൾക്ക് മാത്സര്യക്ഷമത ഇല്ലാ താക്കുന്നുണ്ട്. പൊതുവേ മത്സ്യ മേഖലയ്ക്കെതിരേ ആരോപിയ്ക്കപ്പെടുന്ന പ്രതികൂലാവസ്ഥ തന്നെയും, താരിഫേതര തടസ്സങ്ങൾ ഇന്ത്യൻ സമുദ്രോൽപന്നങ്ങളുടെ കയറ്റുമതിയ്ക്കെതിരേ ഉയർത്തിവരുന്ന സാഹ

ചര്യവും, തീർച്ചയായും കേരളത്തിന്റെ പ്രശ്നപരിഹാരത്തിനായി അധികാരവേദികളിൽ വാദിക്കുവാനും നല്ല അവസരങ്ങളായി മാറ്റാൻ കഴിയുന്നതാണ്. സംസ്ഥാനത്ത വ്യവസായരംഗത്ത് സർക്കാർ മുന്നോട്ടു വച്ചിട്ടുള്ള സാമൂഹിക സുരക്ഷാ നടപടികൾ മത്സ്യമേഖലയ്ക്ക് അനുകൂലമായി ഉപയോഗിക്കാമായിരുന്നു. അവയെല്ലാം ജനങ്ങളുടെ മേൽ ചുമത്തപ്പെടുന്നവയാണെന്ന് വിലപിയ്ക്കുക ആയിരുന്നില്ല വേണ്ടിയിരുന്നത്. വിശേഷിച്ചും ഇത്തരം മാനദണ്ഡങ്ങൾ അന്താരാഷ്ട്രസമൂഹം തന്നെ ഭാവിയിൽ നടപ്പിലാക്കാൻ മുന്നോട്ടുവരുന്ന സന്ദർഭത്തിൽ അപ്രകാരമുള്ള നിയമങ്ങളും ലെവികളും പ്രയോഗത്തിൽ കൊണ്ടുവരുന്ന കാര്യം നിർബന്ധമാക്കേണ്ടതുണ്ട്. കാരണം, അത് രാജ്യത്തിനുള്ളിൽ തന്നെയുള്ള നിക്ഷേപർക്ക് മാത്രമല്ല, വിദേശ നിക്ഷേപർക്കുകൂടി വളരെ പ്രയോജനകരമാവുകയും അങ്ങിനെ നാട്ടിലെ നിക്ഷേപർക്ക് വിപണിയിൽ നിരപ്പായ കളിക്കളവും അവസരസമത്വവും ലഭിക്കുന്നതുമാണ്.

### 1.5.10.3. ശുപാർശകൾ

1. കേരത്തിന്റെ സമുദ്രോല്പന്നങ്ങളേയും മത്സ്യമേഖലയേയും ദുർബ്ബലവും അസ്ഥിരവുമാക്കുന്ന ഘടകങ്ങളിൽ ഏറ്റവും പ്രധാനം മത്സ്യസമ്പത്തിന്റെ വിളവെടുപ്പിന്റെ കാര്യത്തിലുള്ള ക്രമ രാഹിത്യമാണ്. **ഇതിന്റെ സൂചനകളിലൊന്ന് സമുദ്ര വിഭവത്തിന്റെ വിളവെടുപ്പിനുള്ള അവകാശം ആർക്കാണ് എന്ന കാര്യത്തിലെ തർക്കമാണ്. രാഷ്ട്രത്തിനോ, സംസ്ഥാനത്തിനുതന്നെയോ സമുദ്രത്തിന്റെ മേൽ ഒരു കടിഞ്ഞാണുമില്ലാതെയുള്ള സ്വകാര്യസ്വത്തവകാശം വച്ചുപുലർത്താമെന്ന സ്ഥിതിയിലേക്ക് ചെന്നെത്തുവാൻ കഴിയുകയില്ല.** വാണിജ്യപരമായ ചിന്താഗതിയും ലക്ഷ്യവുമാണ് സമുദ്രോല്പന്ന-മത്സ്യമേഖലയും അതുമായി ബന്ധപ്പെട്ട എല്ലാ തലത്തിലുമുള്ള പ്രവർത്തനങ്ങളിലും ആധിപത്യം പുലർത്തുന്നത്. മത്സ്യ മേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ നിയന്ത്രണ നടപടികൾ എല്ലാം വളരെ അപര്യാപ്തമാണ്. ഇതിൽ അന്തർഭവിച്ചിട്ടുള്ള സാമൂഹികമായ വൈരുദ്ധ്യങ്ങളെ ആരും കാര്യമായി അഭിമുഖീകരിച്ചിട്ടില്ല. ഇപ്പോഴത്തെ പ്രതിസന്ധി ബാധിതരായവർ, മീൻപിടുത്തക്കാർ, മത്സ്യസംസ്കരണം ചെയ്യുന്നവർ, കയറ്റുമതിക്കാർ, സംസ്ഥാന സർക്കാർ എന്നിവർ ഒരുമിച്ചു കൂടി ഒരു ദീർഘകാല വീക്ഷണത്തിൽ നീതിപൂർവ്വമായ ഒരു നയം രൂപീകരിക്കേണ്ടതായിട്ടുണ്ട്. മത്സ്യമേഖലയിലെ എല്ലാ വസ്തുതകളേയും, സ്രോതസ്സുകളുടേയും, വിഭവങ്ങളുടേയും സംസ്കരണത്തിന്റേയും മാനേജ്മെന്റും ചുമതലകളും, വിഭവചൂഷണത്തിന്റെ സുസ്ഥിരതയേയും, സംസ്ഥാനത്തിന്റെ സഹായ സേവനങ്ങളേയും കണക്കിലെടുത്തുകൊണ്ടുള്ള ഒരു പഠനം അത്യാവശ്യമാണ്. **ഈ രംഗത്തെ സ്തംഭവനാവസ്ഥയെക്കുറിച്ചും, പ്രതിസന്ധിബാധിത ജനവിഭാഗങ്ങളെപ്പറ്റിയും വസ്തുനിഷ്ഠമായ പഠനത്തിന്റെ ചുമതല ആരെയെങ്കിലും ഏൽപ്പിക്കണം. ദരിദ്രരായ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ഉപജീവനസുരക്ഷ ഉറപ്പാക്കുന്നതിലായിരിക്കണം പഠനം ഊന്നൽ നല്കേണ്ടത്.** അതോടൊപ്പം ലിംഗപരമായ മാനങ്ങളും കണക്കിലെടുക്കണം. എന്തുകൊണ്ടെന്നാൽ മത്സ്യമേഖലയിൽ ആരോഗ്യപരമായ നിരവധി ബുദ്ധിമുട്ടുകൾ നേരിടുന്നത് മുഖ്യമായും സ്ത്രീജനങ്ങളാണ്. (ഉദാഹരണമായി ചെമ്മീനിന്റെ തൊലി ഉരിക്കുന്നതിൽ നേരിടുന്ന പ്രശ്നങ്ങൾ). അതോടൊപ്പം മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന എല്ലാ ഉത്തരവാദിത്വമുള്ളവർക്കും ഒരു പെരുമാറ്റ ചട്ടത്തിന് രൂപം നല്കി പ്രചരിപ്പിക്കേണ്ടതുമാണ്.

2. പാരിസ്ഥിതികമായ സാധുതയുള്ളതും, പ്രയോജനക്ഷമവുമായ, പരമ്പരാഗതമായി ആർജ്ജിച്ചിട്ടുള്ള വിജ്ഞാനവും വിവരങ്ങളും പ്രത്യേകവിധ മത്സ്യബന്ധന സങ്കേതങ്ങളായി ഉപയോഗിക്കേണ്ടതാണ്. മത്സ്യമേഖലയിലെ നാനാവിധമായ വിഭവങ്ങളെയും കൈകാര്യം ചെയ്യുന്നതിൽ പരമ്പരാഗത വിജ്ഞാനത്തേയും നാട്ടറിവുകളേയും ചൂഷണം ചെയ്യുന്നതിനും, അവയുടെ സാധുത വിലയിരുത്തുന്നതിനും, അത്തരം വിലയേറിയ അറിവുകളെ തിരിച്ചറിയുന്നതിനും ശരിയായി രേഖപ്പെടുത്തുന്നതിനും കഴിയേണ്ടതാണ്.

3. മത്സ്യവിഭവങ്ങളും, സമ്പത്തും, കണ്ടൽപ്രദേശമുൾപ്പെടെയുള്ള പ്രദേശങ്ങളുടെ മാനേജ്മെന്റും സംരക്ഷണവും നടത്തുന്ന കാര്യത്തിൽ പഞ്ചായത്ത് തലത്തിലുള്ള പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളെ കൂടി വർദ്ധിച്ച തോതിൽ പങ്കെടുപ്പിക്കുന്നത് നന്നായിരിക്കും.

4. സംസ്ഥാനവും സംസ്ഥാനസർക്കാരിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും മുന്നോട്ടുവച്ചിട്ടുള്ളതായ സബ്സിഡി അടക്കമുള്ള എല്ലാ സഹായ സേവന പ്രവർത്തനങ്ങളും, അവയുടെ വ്യവസ്ഥാപിത രൂപവും ഒരു പുനർവായനയ്ക്ക് വിധേയമാക്കാനുള്ള സമയമായിരിക്കുന്നു. ഉത്പാദനം മെച്ചപ്പെടുത്തുന്നതിനായി നടത്തപ്പെടുന്ന ഒരു നിക്ഷേപത്തിനും സബ്സിഡിയുടെ യാതൊരു ആവശ്യവുമില്ല. അതിനുപകരം, മത്സ്യമേഖലയിൽ അമിതശേഷി ചെലുത്തി സർക്കാർ പരിക്ഷീണ

മായിരിക്കുന്ന സാഹചര്യത്തിൽ ഈ സബ്സിഡികൾ വിഭവങ്ങളെ മാനേജ് ചെയ്യുന്ന രംഗത്തിന്റെ കാര്യക്ഷമതയ്ക്കായി ദിശ തിരിച്ചുവിടേണ്ടതാണ്.

5. സംസ്ഥാനത്തിന്റേയോ കേന്ദ്രസർക്കാരിന്റേയോ കീഴിലുള്ള, മറൈൻ പ്രോഡക്ട് എക്സ്പോർട്ട് ഡവലപ്മെന്റ് അതോറിറ്റി (MPEDA) പോലുള്ള സ്ഥാപനങ്ങൾക്ക് മത്സ്യവ്യവസായ രംഗത്തുള്ള പങ്ക്, മത്സ്യ സമ്പത്തിന്റെ പരിമിതിയുടേയും കൂടിവരുന്ന അന്തർദേശീയ നിയമാവലികളുടേയും ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ, പുനർ നിർവ്വചനം ചെയ്യേണ്ടതിന്റെ ആവശ്യമുണ്ട്. ഉത്പാദനത്തേയും കയറ്റുമതിയേയും പ്രോത്സാഹിപ്പിക്കുക എന്നീ കാര്യങ്ങളിൽ നിന്നുംമാറി സമുദ്ര സമ്പത്തിന്റെ സംരക്ഷണം, മത്സ്യമേഖലയിൽ പണിചെയ്യുന്നവരും മത്സ്യബന്ധനവും അനുബന്ധ തൊഴിലുകളെമാത്രം ആശ്രയിച്ചു ഉപജീവനം നടത്തുന്ന ജനലക്ഷങ്ങളുടെ സുരക്ഷ, ഈ മേഖലയുടെ നിയന്ത്രണത്തിന് ആവശ്യമായ നിയമനിർമ്മാണം നടത്തുക എന്നീ ദിശകളിലേക്ക് നീക്കം നടത്തേണ്ടത് ആവശ്യമായിരിക്കുന്നു.

6. മത്സ്യമേഖലയിൽ സംസ്ഥാനത്തിന് കൈവശമുള്ളതായ മാനവ ശേഷിയും കർമ്മ കുശലതയും മുതലെടുക്കുന്നതിനായി മത്സ്യ ബന്ധന തൊഴിൽ ശക്തിയെ മറ്റു രാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നത് പ്രോത്സാഹിപ്പിക്കേണ്ടതാണ്. അതിന് അവർക്കാവശ്യമായ നിർദ്ദിഷ്ട പരിശീലനം നല്കിയശേഷം, അവരുടെ തൊഴിൽ വേതന സുരക്ഷ ഉറപ്പാക്കുകയും വേണം.

7. മത്സ്യകയറ്റുമതി വ്യാപാരരംഗത്ത് ഇപ്പോൾ വലിയൊരു കൂട്ടം മത്സരകക്ഷികൾ പ്രവർത്തിക്കുന്നുണ്ട്. വിദേശവിപണിയിൽ മേൽകൈ നേടാൻ പരിശ്രമിക്കുന്ന ഇന്ത്യയിലെ തന്നെ മത്സരകക്ഷികൾ, ഈ രംഗത്തുള്ള ഇന്ത്യാക്കാരായ സംരംഭകർക്ക് പ്രയോജനകരമായിട്ടല്ല പ്രവർത്തിക്കുന്നത്. മറിച്ച്, വിദേശീയരായ മത്സ്യം വാങ്ങുന്ന കച്ചവടക്കാർക്കാണ് പ്രയോജനം കിട്ടുന്നത്. അപ്പോൾ പൊതുവായി യോജിച്ചുള്ള ഒരു പ്രോത്സാഹന ശ്രമമെന്ന നിലയിൽ ദേശീയ സമുദ്രോല്പന്നങ്ങൾക്ക് ഒരു **ഇന്ത്യൻ ലോഗോ (ഒരു ഇന്ത്യൻ വിവക്ഷ സൂചിപ്പിക്കുന്ന പ്രതീകം) യ്ക്ക് രൂപം നല്കുന്നത് നന്നായിരിക്കും.** ഗുണപരമായ കൂട്ടായ യത്നങ്ങൾക്കുള്ള ഒരു മേഖല ഉയർന്നു വരാൻ ഈ ലോഗോ സഹായകമായിരിക്കും.

8. സംസ്ഥാനത്ത് നിന്നുള്ള സമുദ്രോല്പന്ന കയറ്റുമതിയുടെ മേലുള്ള പ്രമുഖമായ ഭീഷണികളിൽ ഒന്ന് ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങൾ ഒന്നിനൊന്നായി ഏർപ്പെടുത്തുന്ന വ്യവസ്ഥകളാണ്. ഈ രാജ്യങ്ങൾ എല്ലാം വികസിത രാജ്യങ്ങളും നാട്ടുകാർ വളരെ പരിഷ്കൃതരും നാഗരിക ജീവിതത്തിൽ ഉയർന്ന നിലവാരമുള്ള ഉപഭോക്താക്കളും ആകയാൽ അവർ യൂറോപ്യൻ സാമ്പത്തിക സമൂഹ രാജ്യങ്ങൾ എന്നപോലെ സാർമൊണെല്ലയുടെ സാന്നിദ്ധ്യം പോലുള്ള സാനിട്ടറിയും ഫൈറ്റോ സാനിട്ടറിയുമായ നടപടി ആവശ്യപ്പെടുകയാണ്. എന്നാൽ നാം എത്രമാത്രം ഗുണനിലവാരം മെച്ചപ്പെടുത്താൻ കഴിയുമോ അത് അത്രത്തോളം നല്ലത് എന്നുമാത്രമല്ല, ഗുണനിലവാര മാനദണ്ഡങ്ങൾ കർശനമാക്കുന്നത് കയറ്റുമതിയ്ക്ക് മാത്രമല്ല പ്രോത്സാഹനം നല്കുന്നത് ആഭ്യന്തര ഉപഭോഗത്തിനും അത്യന്താപേക്ഷിതമാണ് എന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. സംസ്കരണ പ്ലാന്റുകളിലും, തോട് ഉരിക്കുന്ന ഷെഡുകളിലും വേണ്ട ശുചിത്വവും മറ്റു സാനിട്ടറി സംവിധാനങ്ങളും സ്ഥാപനവത്കരിക്കുക വഴി, മത്സ്യഉത്പാദനത്തിന്റേയും സംസ്കരണത്തിന്റേയും കാര്യത്തിൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്ന കാര്യം വളരെ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. അതിനാൽ മത്സ്യമേഖലയിൽ ഒരു ഗുണനിലവാര സാക്ഷരതാ പ്രസ്ഥാനം അടിയന്തിരമായി ആരംഭിക്കേണ്ടതുണ്ട്. **മത്സ്യ ബന്ധനത്തിൽ ഏർപ്പെടുന്ന കുടുംബങ്ങളും മത്സ്യമേഖലയിലെ പ്രവർത്തനങ്ങളിൽ ഭാഗമാക്കാവുന്ന എല്ലാവർക്കും സാനിട്ടറിയും ഫൈറ്റോസാനിട്ടറിയും, കോഡക്സ് എലിമെന്റേറിയസ് പോലുള്ള നിയമങ്ങളിലെ വ്യവസ്ഥകൾ എന്താണെന്നുള്ള പൂർണ്ണബോധം ഉണ്ടാക്കിക്കൊടുക്കേണ്ടതുണ്ട്.** പഞ്ചായത്തുകളിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കും അഭിപ്രായ രൂപീകരണം നടത്തുന്ന എല്ലാ പൊതു പ്രവർത്തകർക്കും ഹ്രസ്വകാല പരിശീലനം നല്കുകയും വിദ്യാഭ്യാസത്തിന് പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും നല്കുന്ന പരിശീലന മോഡ്യൂളുകൾ ഉൾപ്പെടെയുള്ള വസ്തുക്കൾ മലയാളത്തിൽ തയ്യാറാക്കി നല്കേണ്ടതാണ്. ലോക ഭക്ഷ്യ കാർഷിക സംഘടനയിൽ (FAO) യിൽനിന്നും ലോക വ്യാപാര സംഘടനയിൽനിന്നും സാനിട്ടറിയും ഫൈറ്റോസാനിട്ടറി (SPS) നടപടികൾ നടപ്പിൽ വരുത്തുവാൻ വേണ്ട സഹായങ്ങൾ തേടാവുന്നതാണ്.

9. മത്സ്യത്തിന്റെ ഗുണനിലവാരത്തിന്റെ കാര്യത്തിലെ ഒരു അടിസ്ഥാന പ്രശ്നം ഒരു വിപണന ചരക്ക് എന്ന നിലയിൽ മത്സ്യം അതിവേഗം ചീത്തയായി പോകുന്ന ഒന്നാണ് എന്നതു തന്നെ. കൂടാതെ

ചീത്തയായിപ്പോകുന്നതിന്റെ ഫലമായുണ്ടാകുന്ന നഷ്ട സാദ്ധ്യതയും കൂടുതലാണ്. **വളരെ നല്ല ഒരു മത്സ്യക്കൊയ്ത്തു കിട്ടിക്കഴിഞ്ഞാൽ ഉടൻ അത് ഇറേഡിയേഷന് വിധേയമാക്കുന്നപക്ഷം രോഗവാഹികളായ എല്ലാ സൂക്ഷ്മാണുക്കളും നശിക്കുമെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്.** അത് യൂറോപ്യൻ സാമ്പത്തിക സമൂഹമുൾപ്പെടെയുള്ള രാജ്യങ്ങൾക്കെല്ലാം സ്വീകാര്യമാവും. മത്സ്യത്തിന്റേയും സമുദ്രോല്പന്നങ്ങളുടേയും ജീവശാസ്ത്രപരമായ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനും, സംസ്കരണത്തിനും ഇറേഡിയേഷൻ സാങ്കേതികവിദ്യയ്ക്കുള്ള സാദ്ധ്യത ഇപ്പോൾ അന്താരാഷ്ട്ര ഏജൻസികളായ ലോക ഭക്ഷ്യ കാർഷിക സംഘടനയും (FAO), ലോകാരോഗ്യ സംഘടന (WHO) യും പോലുള്ള സ്ഥാപനങ്ങൾ പരക്കെ അംഗീകരിക്കുകയും തെരഞ്ഞെടുക്കുകയും ചെയ്തിട്ടുള്ളതാണ്. ഇറേഡിയേഷൻ ടെക്നോളജിയെ ഇന്ത്യാഗവൺമെന്റിന്റെ ആരോഗ്യകാര്യ മന്ത്രാലയം അംഗീകരിക്കുകയും അതിനാവശ്യമായ മുൻ കരുതലുകൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഇറേഡിയേഷൻ പ്രക്രിയ ഉപയോഗിച്ച് മത്സ്യവും മത്സ്യോൽപന്നങ്ങളും കോഴിയിറച്ചിയും മറ്റും ഇറേഡിയേറ്റു ചെയ്യുവാനുള്ള അനുവാദം നല്കപ്പെട്ടിരിക്കുന്നു. ഇത് ആഭ്യന്തര ഉപഭോഗത്തിനും കയറ്റുമതിയ്ക്കും ഒപ്പം നല്കപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ആണവ ഊർജ്ജമന്ത്രാലയം ചെലവു കുറഞ്ഞ ചില സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. **ആണവ ഊർജ്ജമന്ത്രാലയം രണ്ട് ഇറേഡിയേഷൻ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളതിൽ ഒന്ന് മഹാരാഷ്ട്രയിലെ നാസിക്കിലും, ന്യൂ മുംബെയിലെ വാഷിയിലുമാണ്.** അത്തരമൊരു മിതവ്യയ സുകര പരിപാടി കേരളത്തിലെ പ്രമുഖ മത്സ്യ സംസ്കരണ കേന്ദ്രത്തോടടുത്ത് സ്ഥാപിക്കാൻ സാദ്ധ്യത അന്വേഷിക്കേണ്ടതാണ്.

10. പരിസര ശുചിത്വ വ്യവസ്ഥകളും, ഗുണ നിലവാരം മെച്ചപ്പെടുത്താനുള്ള പരിശ്രമങ്ങളും സ്ഥിരമായി പാലിക്കുന്നതിൽ ഭംഗം വരുന്ന കാര്യങ്ങളിൽ മുഖ്യമായിട്ടുള്ളത് അടിസ്ഥാന സൗകര്യങ്ങൾ നിലനിറുത്താനുള്ള സ്രോതസ്സുകളുടെ അഭാവം ആണ്. ഉദാഹരണത്തിന്, കേരളത്തിൽ മത്സ്യം പിടിച്ചുകൊണ്ട് കരയ്ക്കടുപ്പിച്ച് സംഭരിച്ച് വിതരണത്തിന് എത്തിക്കാനുള്ള നല്ല ഒരു 'ലാന്റിംഗ് സെന്ററു'മില്ല. ഫിഷ് ലാന്റിംഗ് സെന്ററുകൾ എല്ലാവിധ സൗകര്യങ്ങളോടും കൂടി ഉണ്ടാക്കുന്നപക്ഷം, അവിടെ നിന്നും സേവന ചാർജ്ജായി ഒരു തുക ഈടാക്കുകയും അത് ഒരു പൊതു പൂളിലെത്തിക്കുകയും ചെയ്യാവുന്നതാണ്. പിന്നീട് അത് ബഡ്ജറ്റിൽ സംസ്ഥാനത്തെ മറ്റാവശ്യങ്ങൾക്ക് കൂടിയുള്ള ധന വിതരണ പ്രവർത്തനം രൂപം കൊള്ളുന്ന ഘട്ടത്തിൽ ഇത്തരം സംഭരണകേന്ദ്രങ്ങളുടെ തൃപ്തികരമായ നിലനിറുത്തലിന് സർക്കാർ അനുവദിക്കുന്ന ധനം മതിയാകാതെ വന്നേക്കാം. അതിനാൽ ഈ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന പണത്തിന്റെ ഒരു നിയതമായ ഭാഗം അവയുടെ അറ്റകുറ്റപണികൾക്കും തുടർ വികസനത്തിനുമായി നീക്കിവയ്ക്കേണ്ടതായി വരും. കൂടാതെ ഈ ഫിഷ് ലാന്റിംഗ് കേന്ദ്രങ്ങളുടെ മാനേജ്മെന്റിന്റെ ചുമതല, മത്സ്യരംഗത്തെ പ്രതിസന്ധി ബാധിതരായ വിവിധ ജനവിഭാഗങ്ങളുടെ ഒരു കൂട്ടായ്മയെ ഏല്പിക്കുന്നതും നന്നായിരിക്കും. ഈ കേന്ദ്രങ്ങൾ മത്സ്യബന്ധനം സജീവമായി നടക്കുന്ന പ്രദേശങ്ങളിൽ കേന്ദ്രീകരിക്കുകയാണെങ്കിൽ അതിന്റെ നടത്തിപ്പുകാരായ പ്രാദേശിക നേതൃത്വത്തിന് അവരുടെ പ്രതിബദ്ധത കാര്യമായി നിലനിറുത്തുവാനും കഴിയുന്നതാണ്.

11. ഗുണനിലവാരം മെച്ചപ്പെടുത്തൽ, പരി:സ്ഥിതിയുടേയും സ്രോതസ്സിന്റേയും സംരക്ഷണം എന്നീ കാര്യങ്ങളിലേക്കു വരുമ്പോൾ അവയുടെ മുഴുവൻ ഭാരവും സംസ്ഥാന സർക്കാരിന്റെ ഖജനാവിലാണ് വന്നു വീഴുന്നത്. എന്നാൽ ക്രമേണ സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കാൻ കഴിയുന്ന തരത്തിലേക്ക് പ്രതിസന്ധി ബാധിത ജനവിഭാവങ്ങളെ സജ്ജമാക്കാനുള്ള സങ്കേതകങ്ങൾ വികസിപ്പിച്ചെടുക്കേണ്ടതുണ്ട്.

അവരെ സർക്കാരിന്റെ വിശ്വാസ്യതയിൽ കൊണ്ടുവരണം. ഒരു മത്സ്യസംഭരണകേന്ദ്രത്തിന്റെ സാമ്പത്തിക കാര്യങ്ങൾ ആ സ്ഥാപനം തന്നെ നിർവ്വഹിക്കുന്ന ഘട്ടം വരണം. ഉത്പാദകരും ഉപഭോക്താക്കളും തന്നെ ചിലവുകൾ വഹിക്കേണ്ടതാണ്. കാരണം ആ സ്ഥാപനത്തിന്റെ ഗുണഭോക്താക്കൾ അവരാണല്ലോ. അപ്രകാരമുള്ള ഒരു സംവിധാനം പ്രതിസന്ധിയിൽ പുറത്തു കടക്കാൻ പ്രശ്നബാധിതരായവരെയെല്ലാം സഹായിക്കും. അതിനെ ഒരു സുസ്ഥിര സംവിധാനമായി നിലനിർത്തികൊണ്ടുപോകുന്നതിൽ അവർ സ്വയം മുഴുകേണ്ടതാണ്.

12) മത്സ്യസമ്പത്തിന്റെ ജൈവപരമായ വൈവിധ്യത്തിന്റെ സംരംക്ഷണവും പരിപാലനവുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങളിൽ കർമ്മോന്മുഖമായ പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. അതിലുൾപ്പെടുന്ന പ്രധാനപ്പെട്ടൊരു കാര്യം അന്യ സ്പീഷീസിൽപ്പെട്ട മത്സ്യങ്ങൾ ഉയർത്തുന്ന ഭീഷ

ണിയാണ്. അതിൽ നിന്നും സംരക്ഷണം ആവശ്യമാണ്. ചിലയിനം മത്സ്യങ്ങളുടെ ഇറക്കുമതിയും നിയന്ത്രിക്കേണ്ടതുണ്ട്. (ഉദാഹരണത്തിന് മത്സ്യഭോജിയായ ക്യാറ്റ് ഫിഷ്) അതുപോലെ ഇറക്കുമതി ചെയ്യപ്പെടുന്ന മത്സ്യ തീറ്റകൾ, മത്സ്യക്കുഞ്ഞുങ്ങൾ എന്നിവ രോഗം പരത്തുന്നുണ്ട്. ചെമ്മീൻ സ്രോതസ്സുകളുടെ പരിരക്ഷയ്ക്കായി കണ്ടൽ പ്രദേശങ്ങളുടെ സംരക്ഷണവും വികസനവും, മത്സ്യമേഖലയുമായി നേരിട്ട് അടുത്തിരിക്കുന്ന പരിസ്ഥിതിയുടെ സുരക്ഷയും ശ്രദ്ധേയമായ നടപടികൾ ആവശ്യപ്പെടുന്നവയാണ്.

13) മത്സ്യ സംസ്കരണത്തിലും മറ്റനുബന്ധപ്രവൃത്തികളിലും ഏർപ്പെടുന്നവരിൽ ഭൂരിഭാഗം വരുന്ന സ്ത്രീകൾക്ക് ഉണ്ടാകാറുള്ളതായ തൊഴിൽ ജന്യമായ ചില രോഗങ്ങൾ ഉണ്ട്. അവ എന്താണെന്ന് തിരിച്ചറിയുവാനും നിർണ്ണയിക്കുവാനും പഠനങ്ങൾ മുന്നോട്ടുവയ്ക്കുന്നതായാൽ അവയെ ശമിപ്പിക്കുന്നതിനും തടയുന്നതിനും വേണ്ട നടപടികൾ ആവിഷ്കരിക്കാൻ കഴിയുന്നതാണ്.

14) മത്സ്യമേഖലയെ സംബന്ധിച്ചിടത്തോളം വിനിയോഗക്ഷമമായ രൂപത്തിൽ ഉള്ള അറിവിന്റേയും വിവരങ്ങളുടേയും ഒരു വലിയ വിടവ് ഉള്ളതായി കാണാം. ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക്ആവശ്യമായ വിവരങ്ങൾ സമ്പാദിച്ച് നല്കുവാൻ സഹായസേവനസംവിധാനങ്ങൾ നിയോഗിക്കപ്പെടേണ്ടതുണ്ട്.

**അനുബന്ധം 1**

**കേരള സർക്കാർ**

അബ്സ്ട്രാക്ട്

കൃഷിവകുപ്പ് – കേരളത്തിന്റെ കാർഷികമേഖലയിൽ ലോക വ്യാപാരസംഘടനയുടെ സ്വാധീനം – WTO യും കൃഷിയുമായുള്ള ബന്ധവും അന്വേഷിക്കാൻ കമ്മിഷൻ – രൂപീകരണം – ഉത്തരവ്

കൃഷിവകുപ്പ്

ജി.ഒ. (എം.എസ്) നം.163/2001/ഏ.ഡി തിരുവനന്തപുരം, തീയതി 31/07/2001.

വായിക്കുക:– ജി.ഒ. (ആർ.റ്റി) നം.446/2001/എ.ഡി തീയതി 12/03/2001.

ഉത്തരവ്

ഇറക്കുമതിയുടെ ഉദാരവത്ക്കരണത്തിന്റെ ഫലമായി കേരളത്തിലെ മിക്ക കാർഷിക ഉത്പന്നങ്ങളും വിദേശ ഉത്പന്നങ്ങളുടെ ഇറക്കുമതിയുമായി കടുത്ത മാത്സര്യം നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഫലമായി നാളികേരം, കൊപ്ര, റബർ, കാപ്പി, തേയില, അടയ്ക്ക, കുരുമുളക്, മറ്റു സുഗന്ധ ദ്രവ്യങ്ങൾ എന്നിവയുടെ വിലയിൽ തകർച്ചയുണ്ടാവുകയും ഇവയുടെ ഉല്പാദനച്ചെലവിൽ നിന്നും ഏറെ താണുപോവുകയും ചെയ്തിരിക്കുന്നു. കേരളത്തിലെ കർഷകർക്കു കൃഷിയിൽ നിന്നും വരുമാനം കിട്ടിയാൽ മാത്രമേ അവർക്ക് ഉത്പന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിൽ മാത്സര്യക്ഷമത ഉണ്ടാവുകയുള്ളൂ. കേരളത്തിന്റെ കൃഷിക്ക് മാത്സര്യക്ഷമത കൈവരിക്കുവാനും കൃഷി ഊർജ്ജസ്വലമാക്കുവാനും ആയി ഒരു ഉന്നതാധികാര ക്കമ്മിഷനെ നിയമിക്കുവാൻ കേരള സർക്കാർ ഉദ്ദേശിക്കുന്നു. ലോക വ്യാപാര സംഘടനയുടെ കീഴിൽ കൃഷിയെ സംബന്ധിച്ച പ്രശ്നങ്ങളിൽ സർക്കാരും അതിന്റെ ഏജൻസികളും, കൃഷിക്കാരും കൈക്കൊള്ളേണ്ട വിവിധ നടപടികൾ എന്തെല്ലാമായിരിക്കണമെന്ന് ശുപാർശ ചെയ്യുവാനാണ് ഈ കമ്മിഷനെ നിയോഗിക്കുന്നത്. ഇതിനായി ഡോ. എം.എസ്. സ്വാമിനാഥൻ അദ്ധ്യക്ഷനായി ഒരുന്നതാധികാരകമ്മിഷൻ WTO യുടെ വ്യാപാര കരാറിൽ കേരളത്തിന്റെ കാർഷികമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൻമേൽ ആവശ്യമായ നിർദ്ദേശങ്ങൾ വയ്ക്കുവാൻ മുകളിൽ വായിച്ച സർക്കാർ ഉത്തരവിന്റെ തുടർച്ചയായി രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. കമ്മിഷന്റെ ഘടന ഉപാധ്യക്ഷൻ, മെമ്പർ സെക്രട്ടറി, എന്നിവരുൾപ്പെടെയുള്ള കാര്യങ്ങളെപ്പറ്റി ഡോ. എം.എസ്. സ്വാമിനാഥനുമായി ആലോചിച്ചശേഷം തീരുമാനിക്കുന്നതാണ്.

"കോർ കമ്മിറ്റികൾ, സബ്കമ്മിറ്റികൾ മുതലായവ രൂപീകരിച്ച് കമ്മിഷന് യുക്തമെന്ന് തോന്നുന്ന സമ്പ്രദായങ്ങൾ ആവിഷ്ക്കരിച്ചു പ്രവർത്തിക്കാവുന്നതാണ്. റ്റി.എ., ഡി.എ. എന്നിവയുടെ കാര്യത്തിൽ അദ്ധ്യക്ഷനേയും കമ്മിഷൻ അംഗങ്ങളേയും ക്ലാസ്–I ഉദ്യോഗസ്ഥന്മാരായി പരിഗണിക്കുന്നതാണ്. മെമ്പർ സെക്രട്ടറിക്ക് കമ്മിഷന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അദ്ധ്യക്ഷനുമായി ആലോചിച്ച് കമ്മിഷനിലുൾപ്പെടുന്ന വിദഗ്ധൻമാരേയും മറ്റും ഓരോ ചുമതലകൾ ഏല്പിക്കുവാനും അവർക്കു നല്കേണ്ട പ്രതിഫലം നിശ്ചയിക്കുന്നതിനും അധികാരം ഉണ്ടായിരിക്കും അതിനുള്ള ചട്ടങ്ങൾക്ക് പ്രത്യേക അംഗീകാരം നല്കുന്നതാണ്."

**കമ്മിഷൻ പരിഗണിക്കേണ്ട കാര്യങ്ങൾ**

(Term of Reference)

(1) ലോക വ്യാപാര സംഘടയുമായുള്ള കരാറിലെ കൃഷിയെ സംബന്ധിച്ച വ്യവസ്ഥകൾ കേരളത്തിന്റെ കാർഷിക രംഗത്ത് ചെലുത്തുന്ന സ്വാധീനങ്ങളെ അപഗ്രഥിക്കുക.

(2) നമ്മുടെ കാർഷികോത്പന്നങ്ങളുടേയും മറ്റു ബന്ധപ്പെട്ട ഉത്പന്നങ്ങളുടേയും കയറ്റുമതിയ്ക്കുള്ള തടസ്സങ്ങളും സാധ്യതകളും അന്വേഷിക്കുകയും, കേരളത്തിന്റെ കാർഷിക വിഭവങ്ങളുടെ കയറ്റു മതി ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ ആവശ്യമാണെന്ന് സർക്കാരിന് ശുപാർശ സമർപ്പിക്കുകയും ചെയ്യുക.

(3) കർഷകരുടെ വരുമാനവും സംസ്ഥാനത്തിന്റെ റവന്യൂ ഗണ്യമായ രീതിയിൽ ഉയർത്തുവാനായി കയറ്റുമതി ചെയ്യാവുന്ന കാർഷികവിളകളും അനുബന്ധ ഉല്പന്നങ്ങളും ഏതെല്ലാമെന്ന് തിരിച്ചറിയുകയും അവയുടെ മുൻഗണനാക്രമം നിശ്ചയിക്കുയും ചെയ്യുക.

(4) ഉത്പാദനച്ചെലവു കുറയ്ക്കുവാനും നമ്മുടെ കാർഷിക ഉത്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും, അവയെ അന്താരാഷ്ട്ര വിപണിയിൽ മാത്സര്യ ക്ഷമതയുള്ളവ ആക്കുന്നതിനും വേണ്ട അടിസ്ഥാന സൗകര്യങ്ങളും മറ്റു നടപടികളും നിർദ്ദേശിക്കുക.

(5) കേരളീയ ഉത്പന്നങ്ങൾക്ക് മാത്സര്യക്ഷമത കൈവരിക്കുന്നതിന്, വിവിധ ഘട്ടങ്ങളിൽ ആവശ്യമായ (ആർ.&ഡി.) ഗവേഷണവും വികസനവും സംബന്ധിച്ച സഹായവും, പരിശീലനവും എന്തായിരിക്കണമെന്ന് നിർദ്ദേശിക്കുക.

(6) ഗുണനിലവാരം കുറഞ്ഞതും വില താണതുമായ ഉല്പന്നങ്ങൾ വിദേശങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നത് തടയുവാനും, നമ്മുടെ കയറ്റുമതിയെ സഹായിക്കുവാനും അതിനായി സാനിട്ടറി ഫൈറ്റോ സാനിട്ടറി നടപടികൾ മെച്ചപ്പെടുത്തുവാനും വേണ്ട നിർദ്ദേശങ്ങൾ നല്കുക.

(7) കേരളത്തിലെ കർഷകർക്കും, സംസ്ഥാനത്തിനും പ്രത്യേക താല്പര്യമുള്ളതായ ബൗദ്ധിക സ്വത്തവകാശ നടപടികൾ നിർദ്ദേശിക്കുക.

(8) കമ്മിഷന് ഉചിതമെന്നും ആവശ്യമെന്നും കരുതുന്ന മറ്റുകാര്യങ്ങൾ

കൃഷിവകുപ്പിന്റെ പ്രോജക്ട് പ്ലാനിംഗ് സെല്ലും, സംസ്ഥാന കൃഷിവകുപ്പിന്റെ കീഴിലുള്ള വില നിർണ്ണയബോർഡും കമ്മിഷനു വേണ്ട മനുഷ്യശേഷി നല്കി സഹായിക്കുന്നതാണ്. ഹൗസിംഗ് ബോർഡ് കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്ന ഇപ്പോഴത്തെ കേരള സംസ്ഥാന ഭരണപരിഷ്കരണ സമിതിയുടെ ആഫീസ് കമ്മിഷന് ഓഫീസായി ഉപയോഗിക്കാവുന്നതാണ്. കമ്മിഷന് ആവശ്യമായ കമ്പ്യൂട്ടർ സഹായവും ഇന്റർനെറ്റ് സൗകര്യവും കൂടി ലഭ്യമാക്കുന്നതാണ്. ഏതാനും ഗവേഷണ സഹായികളെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് കമ്മിഷന് സ്വാതന്ത്ര്യം ഉണ്ടായിരിക്കും. ഏതാനും പ്രത്യേക വകുപ്പുകളിൽ നിന്നും ഉദ്യോഗസ്തന്മാരെ കമ്മിഷന്റെ സഹായത്തിനായി തിരിച്ചു വിടാനുള്ള സാദ്ധ്യത സർക്കാർ ആരായുന്നതാണ്.

കമ്മീഷന്റെ ആവശ്യത്തിനുള്ള സാമ്പത്തിക ബാദ്ധ്യത കൃഷിവകുപ്പിന്റെ "മാർക്കറ്റ് ഇന്റർവെൻഷൻ സപ്പോർട്ട് ഫോർ പ്രൈസസ് സ്റ്റബിലൈസേഷൻ-2435-01-101-03-OC" എന്ന ഹെഡിൽ നിന്നും വഹിക്കാവുന്നതാണ്.

WTO കമ്മിഷൻ 3 മാസത്തിനകം ഇടക്കാല റിപ്പോർട്ടും, അതാത് സമയത്ത് തുടർന്നുള്ള റിപ്പോർട്ടുകളും സമർപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവ് പ്രകാരം

ഒപ്പ്/-

കെ.ബി. വത്സലകുമാരി

സെക്രട്ടറി

1. ചെയർമാൻ, ടാസ്ക് ഫോഴ്സ് ഓൺ ആഗ്രികൾച്ചർ
2. കേന്ദ്രസർക്കാർ കൃഷിഭവൻ, ന്യൂഡൽഹി–110 001.
3. ഡോ.എം.എസ്. സ്വാമിനാഥൻ, ചെയർമാൻ,
   എം.എസ്. സ്വാമിനാഥൻ റിസേർച്ച് ഫൗണ്ടേഷൻ,
   തേഡ് ക്രോസ് സ്ട്രീറ്റ്, താരാമണി ഇൻസ്റ്റിറ്റ്യൂട്ട് ഏരിയ, ചെന്നൈ–600113.
4. ഡയറക്ടർ, കൃഷിവകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
5. ചെയർമാൻ, സംസ്ഥാന കാർഷിക വില നിർണ്ണയബോർഡ്.

*കോപ്പികൾ* :

1. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി.
2. ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറി.
3. കാർഷികോത്പാദന കമ്മീഷണറുടെ സി.എ.
4. കൃഷിവകുപ്പ് സെക്രട്ടറിയുടെ സി.എ.

ശരിപകർപ്പ്

ഉത്തരവുപ്രകാരം
ഒപ്പ്
സെക്ഷൻ ഓഫീസർ

**അനുബന്ധം 2**

**കേരള സർക്കാർ**

അബ്സ്ട്രാക്ട്

കൃഷിവകുപ്പ് – ലോക വ്യാപാര സംഘടനയും കൃഷികാര്യങ്ങളും സംബന്ധിച്ച കമ്മിഷന്റെ നിയമനം – തുടർന്നുള്ള ഉത്തരവുകൾ.

**കൃഷിവകുപ്പ്**

ജി.ഒ.(എം.എസ്.)197/2001 AD — തീയതി 31.07.2001

വായിയ്ക്കുക :- ജി.ഒ. (എം.എസ്.)163/2001 എ.ഡി. തീയതി 31.07.2001.

**ഉത്തരവ്**

മുകളിൽ സൂചിപ്പിച്ച WTO യും കൃഷിയെ സംബന്ധിച്ച പ്രശ്നങ്ങളും പരിശോധിക്കാൻ പ്രൊഫ. എം.എസ്. സ്വാമിനാഥൻ അദ്ധ്യക്ഷനായി രൂപീകരിച്ച കമ്മിഷനെ നിയമിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് വായിക്കുക. കമ്മിഷന്റെ പരിഗണനയ്ക്ക് വിധേയമാക്കേണ്ടതായ വിഷയങ്ങളും, പ്രവർത്തന രീതിയും പ്രസ്തുത ഉത്തരവിൽ പ്രസ്താവിച്ചിട്ടുണ്ട്. ഇപ്പോൾ മുഴുവൻ കമ്മിഷൻ അംഗങ്ങളേയും, ഉപാദ്ധ്യക്ഷനേയും ചുമതലപ്പെടുത്തിക്കൊണ്ടും ആവശ്യമായ സഹായ സൗകര്യങ്ങൾ വാഗ്ദാനം ചെയ്തുകൊണ്ടും സർക്കാർ ഉത്തരവായിരിക്കുന്നു.

വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | ഡോ. കെ.എൻ. ശ്യാമസുന്ദരൻ നായർ<br>കേരള കാർഷിക സർവ്വകലാശാല<br>മുൻ വൈസ്ചാൻസലർ, എസ്.10,<br>വൃന്ദാവൻ കോളനി, പട്ടം, തിരുവനന്തപുരം 695004. | ഉപാദ്ധ്യക്ഷൻ |
| 2. | ഡോ. പി.കെ. വാര്യർ,മാനേജിംഗ് ട്രസ്റ്റി,<br>കോട്ടയ്ക്കൽ ആര്യ വൈദ്യശാല, കോട്ടയ്ക്കൽ | അംഗം |
| 3. | ഡോ. പാർവ്വതി മേനോൻ,<br>സീനിയർ കറസ്പോണ്ടന്റ്, ഫ്രണ്ട് ലൈൻ, ബാംഗ്ലൂർ | അംഗം |
| 4. | ഡോ. കെ.പി. പ്രഭാകരൻ നായർ<br>'അക്ഷയ', ഈസ്റ്റ് ഹിൽ,കോഴിക്കോട്. | അംഗം |

5. ശ്രീ. ആർ.കെ. കൃഷ്ണകുമാർ,
മാനേജിംഗ് ഡയറക്ടർ, താജ് ഗ്രൂപ്പ് ഹോട്ടൽസ്, മുംബൈ. അംഗം

6. ശ്രീ. കെ.ജെ. ജോസഫ്, സെക്രട്ടറി,
അസ്സോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് അംഗം

7. ഡോ. ജോൺ കുര്യൻ, അസോസിയേറ്റ്
ഫെല്ലോ, സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് അംഗം

8. ഡോ. കെ.വി. പീറ്റർ,
വൈസ് ചാൻസലർ, കേരള കാർഷിക അംഗം
സർവ്വകലാശാല, മണ്ണൂത്തി, തൃശൂർ.

9. ശ്രീ. പി.കെ. ശിവാനന്ദൻ,
കാർഷിക ഉല്പാദന കമ്മീഷണർ, സെക്രട്ടറിയേറ്റ്. അംഗം

2. കമ്മിഷന്റെ ഉപാദ്ധ്യക്ഷനും മറ്റു അംഗങ്ങൾക്കും കമ്മിഷൻ നിയുക്തമായ ഏതൊരു ചുമതലയുമായി ബന്ധപ്പെട്ട കാര്യത്തിൽ അനുവദനീയമായ റ്റി.എ. ഡി.എ. എന്നിവ ക്ലാസ്സ് I ഉദ്യോഗസ്ഥന്മാർക്കുള്ള നിരക്കിൽ ആവശ്യപ്പെടാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

നിർദ്ദിഷ്ടമായ ടേമ്സ് ഓഫ് റഫറൻസിന്റെ വിപുലമായ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട്, താഴെപ്പറയുന്ന ഉല്പന്നങ്ങളിലും, പ്രശ്നബാധിത മേഖലകളിലും ആയിരിക്കണം കമ്മിഷന്റെ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്.

1. റബ്ബർ
2. നാളികേരം
3. കാപ്പി
4. കുരുമുളക്
5. തേയില
6. കശുവണ്ടി
7. കുരുമുളക് ഒഴികെയുള്ള സുഗന്ധദ്രവ്യങ്ങൾ
8. മത്സ്യവും മത്സ്യോത്പന്നങ്ങളും
9. ക്ഷീരവും ക്ഷീരോത്പന്നങ്ങളും
10. മാംസവും, മാംസോത്പന്നങ്ങളും
11. ഔഷധ സസ്യങ്ങൾ
12. ജൈവകൃഷിയും കാർഷിക സംസ്കരണവും

3. കമ്മിഷൻ പ്രവർത്തനത്തിൽ സ്വീകരിക്കേണ്ട തന്ത്രങ്ങളും കമ്മിഷൻ ലക്ഷ്യം വയ്ക്കേണ്ട കാര്യങ്ങളും.

1. മുകളിൽ പറഞ്ഞിട്ടുള്ള മേഖലകളിൽ കേരളം കൈവരിച്ചിട്ടുള്ള നേട്ടങ്ങളെ പ്രതിരോധിക്കുക.
2. മൂല്യവർദ്ധനവിലൂടെ പുതിയ നേട്ടങ്ങൾ കൈവരിക്കാൻ ലക്ഷ്യമിടുക.
3. കൃഷിയെ സംബന്ധിച്ച കരാറനുസരിച്ച് ഉയർന്നുവന്നിരിക്കുന്ന സാനിട്ടറിയും ഫൈറ്റോസാനിട്ടറി നിർദ്ദേശങ്ങൾ കൈകാര്യം ചെയ്യുന്നതിന് കേരളത്തിനു യോഗ്യത വികസിപ്പിക്കുവാനാവശ്യമായ സ്ഥാപനങ്ങളും അടിസ്ഥാന സൗകര്യങ്ങളും കെട്ടിപ്പടുക്കുക.
4. പരാമർശിക്കപ്പെടുന്ന ഓരോ മേഖലയിലും കൂടുതൽ പ്രവർത്തനം ആവശ്യമായി വരുന്നപക്ഷം ടാസ്ക്ഫോഴ്സുകൾ രൂപീകരിക്കുവാനും കമ്മിഷന് അധികാരം ഉണ്ടായിരിക്കുന്നതാണ്.
5. കമ്മിഷനെ വിവിധ മേഖലകളിൽ സഹായിക്കുന്നതിന് ആ വിഷയങ്ങളിൽ വൈദഗ്ദ്ധ്യം ഉള്ളവരടങ്ങിയ ഒരു സെൽ രൂപീകരിക്കുന്നതിനും, അതിനായി സംസ്ഥാന സർക്കാരിന്റെ വകുപ്പുകൾ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും കഴിയുന്നത്ര വിദഗ്ദ്ധരെ താൽക്കാലികമായി പുനർവിന്യസിക്കുവാനും കമ്മിഷനെ ഉത്തരവാദപ്പെടുത്തുന്നു. അങ്ങിനെ പുനർവിന്യാസത്തിലൂടെ കണ്ടെത്താനാവാത്ത ഉദ്യോഗസ്ഥന്മാരെ മാത്രമേ കരാർ അടിസ്ഥാനത്തിൽ നേരിട്ട് നിയമിക്കാൻ പാടുള്ളൂ.

6. കമ്മിഷന്റെ പഠന സീമയിൽ വരുന്ന ഏതെങ്കിലും പ്രശ്നത്തിന്മേൽ സർക്കാരിന്റെ ആഗ്രഹപ്രകാരം ആവശ്യമായ ഇടക്കാല റിപ്പോർട്ടുകൾ നല്കുവാൻ കമ്മിഷൻ ബാദ്ധ്യസ്ഥമാണ്.

7. കമ്മിഷന്റെ ചിലവുകൾ "2435-01-101-94" എന്ന ഹെഡ് ഓഫ് അക്കൗണ്ടിന്റെ വ്യവസ്ഥകളിൽ ലഭ്യമാകുന്ന വകുപ്പുകളിൽ നിന്നും വഹിക്കാവുന്നതാണ്. കൂടുതൽ തുക പുന:ക്രമീകരണത്തിലൂടെ "2435-01-101-85" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും അനുവദിക്കുന്നതാണ്.

8. കൃഷിവകുപ്പിന്റെ കീഴിലുള്ള പി.പി.എം.സെല്ലും, കാർഷിക വില നിർണ്ണയ ബോർഡും കമ്മിഷന്റെ കാര്യാലയമായി പ്രവർത്തിക്കുന്നതാണ്. കമ്മിഷനുമായി ബന്ധപ്പെട്ട ബോഡികളിൽ അനുയോജ്യരായ വ്യക്തികളെ, കാർഷിക ഉത്പാദന കമ്മിഷണർ നിയമിക്കുന്നതാണ്. രണ്ടു ഗവേഷണ സഹായികളെ കരാർ അടിസ്ഥാനത്തിലോ, കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നോ, സ്വയംഭരണ-പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നോ, നിയമിക്കുവാൻ മെമ്പർ സെക്രട്ടറിയ്ക്ക് അനുവാദം ഉണ്ടായിരിക്കുന്നതാണ്.

9. കാർഷിക വില നിർണ്ണയ ബോർഡിന്റെ സെക്രട്ടറിയായിരിക്കും കമ്മിഷന്റെ ഡ്രായിംഗും ഡിസ്ബേഴ്സിംഗും ഉദ്യോഗസ്ഥൻ.

10. കമ്മിഷന് 4 ടെലഫോൺ ഉണ്ടായിരിക്കുന്നതാണ്. ഒന്ന് ഉപാദ്ധ്യക്ഷനും, മറ്റൊന്ന് മെമ്പർ സെക്രട്ടറിയ്ക്കും (ഇതു രണ്ടിനും STD/ISD സൗകര്യങ്ങൾ ഉണ്ടായിരിക്കും). രണ്ടു ഫോണുകൾ PABX നുള്ളിൽ ഒന്ന്, ഇന്റർനെറ്റ് കണക്ഷനോടുകൂടിയതും ആയിരിക്കുന്നതാണ്.

11. ഫർണിച്ചറും മറ്റു ഓഫീസ് ഉപകരണങ്ങളും രണ്ടു കാറും (മുമ്പ് ഭരണപരിഷ്കരണ കമ്മിറ്റി ഉപയോഗിച്ചിരുന്ന) പൊതുഭരണ വകുപ്പിലേക്കും, സർക്കാരിന്റെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലേക്കും സ്ഥാനം മാറ്റുകയും കമ്മിഷന്റെ ഉപയോഗത്തിനായി വിട്ടു കൊടുക്കുകയും ചെയ്യുന്നതാണ്. പൊതുഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇക്കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവോടെ,

രാജീവ് സദാനന്ദൻ
ഗവണ്മെന്റ് സെക്രട്ടറി

പ്രൊഫ. എം.എസ്. സ്വാമിനാഥൻ (അദ്ധ്യക്ഷൻ)
കമ്മിഷൻ അംഗങ്ങൾ (9)
കൃഷിവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
കൃഷികാര്യ ടാസ്ക് ഫോഴ്സ്, അദ്ധ്യക്ഷൻ
ഭാരത സർക്കാർ, ന്യൂഡൽഹി (കവറിംഗ് ലറ്ററോടെ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ
ദി അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)
ധനവകുപ്പ്

*കോപ്പികൾ :*

1. മുഖ്യമന്ത്രിയുടെ മുഖ്യസെക്രട്ടറി, കൃഷിവകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറി.
3. കാർഷിക ഉല്പാദന കമ്മിഷണറുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്.
4. കൃഷിവകുപ്പ് സെക്രട്ടറി (കോൺഫി. അസിസ്റ്റന്റ്)
5. പൊതുഭരണം (എച്ച്.കെ.സി.) വകുപ്പ്.
6. പൊതുഭരണം (പൊളിറ്റിക്കൽ) വകുപ്പ്.

**അനുബന്ധം 3**

## അനുരഞ്ജന ചർച്ചകളിന്മേൽ പ്രത്യേകവ്യവസ്ഥകൾ രൂപീകരിക്കുന്നതിന് ഇന്ത്യയുടെ സംഭാവന

വികസനത്തിന്റെ കാഴ്ചപ്പാടിൽ നിന്നും കൃഷിയെ
സമീപിക്കുമ്പോൾ വികസ്വര രാജ്യങ്ങൾക്കുള്ള പ്രത്യേകവും വിവേചനപൂർവ്വമായ പരിഗണനകൾ

ലോക വ്യാപാര സംഘടനയുടെ ദോഹ മന്ത്രിതല പ്രഖ്യാപനം (WT/MIN(O) DEC/1) സാന്ദർഭികമായി ഇപ്രകാരം സമ്മതിക്കുന്നതായി കാണാം. "വികസ്വര രാജ്യങ്ങളോട് പ്രത്യേകിച്ചും വിവേചനപൂർവ്വമായ പരിഗണന വേണമെന്ന കാര്യം കൃഷിയെ സംബന്ധിച്ചുള്ള എല്ലാ അനുരഞ്ജനങ്ങളുടേയും എല്ലാ ഘടകങ്ങളുടേയും ഒരു അവിഭാജ്യ ഭാഗമായിരിക്കുന്നതും അവ ഇളവുകളുടേയും ബാദ്ധ്യതകളുടേയും പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും അനുരജ്ഞനങ്ങളുടെ ചട്ടങ്ങൾക്കും നിബന്ധനകൾക്കും അനുയോജ്യമായ വിധത്തിലും പ്രായോഗിക തലത്തിലും, വികസ്വര രാജ്യങ്ങളിലെ വികസനപരമായ ഗൗരവം അർഹിക്കുന്ന ആവശ്യങ്ങളെ മുൻനിറുത്തി, ഭക്ഷ്യസുരക്ഷ, ഗ്രാമീണവികസനം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ പ്രത്യേക ഉദാരപരമായ സമീപനം അർഹിക്കുന്നവയുമാണ്.

"അനുരജ്ഞനങ്ങൾക്ക് അവകാശമുള്ള വികസ്വര രാജ്യങ്ങൾ താഴെപ്പറയുന്ന പരിഗണനകളിൽ പെടുന്നവയാണോ എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും നിശ്ചയിക്കുക".

ആ വികസ്വര രാജ്യങ്ങൾ കൃഷിയുടെ കാര്യത്തിൽ ഗൗരവതരമായ പ്രതികൂല സാഹചര്യം നേരിടുന്നവയായിരിക്കണം. നിലവിലിരുന്ന കൃഷിയെ സംബന്ധിച്ച കരാറു (AOA) കളുടെ അടിസ്ഥാനത്തിൽ പൊരുത്തക്കേടുകളും, അവസര സമത്വമില്ലായ്മയും, ഉണ്ടെങ്കിൽ അവ നീക്കുവാനും, വികസ്വര രാജ്യങ്ങൾ കൃഷിമേഖലയിൽ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ കുറയ്ക്കുവാനും സഹായിക്കുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്. ഈ ലക്ഷ്യത്തിലേക്കായി സമഗ്രമല്ലെങ്കിൽക്കൂടിയും ഒരു കൂട്ടം നിർദ്ദേശങ്ങളുടെ പട്ടിക ഇതോടൊപ്പം ചേർന്നിട്ടുണ്ട്. അനുരഞ്ജനാ ചർച്ചകളിലെല്ലാം ഈ രാജ്യങ്ങളെ മൂന്നു പ്രധാന തൂണുകളുടെ താഴെയാണ് തരം തിരിച്ചിട്ടുള്ളത്. ഒരോരുത്തരും ഈ കാര്യങ്ങളിലൊന്നിലാണ് കടുത്ത പ്രതിസന്ധി നേരിടുന്നത് - വിപണിപ്രാപ്യത, ആഭ്യന്തരസഹായം, കയറ്റുമതിയിലെ മാത്സര്യം.

(3) ഇതുകഴിഞ്ഞ് ഈ രാജ്യങ്ങൾക്ക് നിരപ്പായ ഒരു കളിക്കളം തുറക്കുമ്പോൾ ഈ പ്രത്യേകവും വ്യത്യസ്തവുമായ പരിഗണനാ നടപടികൾ വികസ്വര രാജ്യങ്ങൾ സ്പഷ്ടമായും പ്രത്യക്ഷമായും അനുവദിക്കുവാൻ നാം നിർബന്ധിതരാവുന്നതാണ്.

(4) എന്നാൽ ദൗർഭാഗ്യത്തിന്, ലോക കാർഷിക വ്യാപാരം വികലവും, വമ്പിച്ച ധനാഗമ വ്യയ മാർഗ്ഗങ്ങളും സമ്പദ്സ്രോതസ്സുകളും ഉള്ള ഒരു കൂട്ടം വികസിതരാജ്യങ്ങളുടെ ആഭ്യന്തരവും കാർഷികവുമായ നയങ്ങളുടെ നിയന്ത്രണാധീനതയിലാണ് ലോക വ്യാപാര രംഗം. അവർ ആഭ്യന്തര ഉത്പാദകർക്കും (കർഷകർക്കും) കാർഷിക ഉത്പന്നങ്ങളുടെ കയറ്റുമതിക്കാർക്കും ഭീമമായ തോതിൽ സബ്സിഡികളും, മറ്റ് ഇളവുകളും അനുവദിക്കുന്നതിന്റെ ഫലമായി ലോക വ്യാപാരത്തിൽ ഒരു ധ്രുവീകരണം ഉണ്ടാവുകയും, അന്താരാഷ്ട്ര വിപണിയിൽ വികസ്വരരാജ്യങ്ങളിലെ കാർഷികോത്പന്നങ്ങൾക്ക് വില ഇടിയുകയും അത് അവരുടെ കാർഷിക ഉത്പാദനത്തെ അങ്ങേയറ്റം ഹാനികരമായി ബാധിക്കുന്നതുമാണ്. അങ്ങനെ സാമ്പത്തിക സ്രോതസ്സുകളുടെ കുറവു മൂലം, വ്യാപാര നിയമങ്ങൾ അനുവദനീയമായ ഘട്ടങ്ങളിൽ പോലും, വികസിത രാജ്യങ്ങൾ തങ്ങളുടെ കർഷകർക്ക് നൽകുന്നതു പോലുള്ള നിലവാരത്തിൽ ആഭ്യന്തര സഹായം ചെയ്യുവാൻ വികസ്വര രാജ്യങ്ങൾക്ക് കഴിവില്ലാതെ പോകുന്ന സ്ഥിതിയാണുള്ളത്. വികസ്വര രാജ്യങ്ങൾ യാതൊരു ഇളവുകളും, ആഭ്യന്തരസഹായം എന്നനിലയ്ക്കോ, കയറ്റുമതി സബ്സിഡിയായോ നൽകുന്നില്ല. അതിനാൽ കാർഷിക വ്യാപാരത്തെ സംബന്ധിച്ച കൂടിയാലോചനകളിലും, അനുരഞ്ജനങ്ങളിലും പ്രത്യേകവ്യവസ്ഥകൾ നേരിടുന്ന യഥാർത്ഥ പ്രശ്നം ലോക വ്യാപാരത്തിലെ വികലതകളും, അതുല്യതകളും ആണ്. വികസിത രാജ്യങ്ങൾ അവരുടെ ആഭ്യന്തര ഉത്പാദനത്തിനും, കയറ്റുമതിയ്ക്കും അനുവദിക്കുന്നതായ പ്രത്യക്ഷവും പരോക്ഷവുമായ സബ്സിഡികളിലൂടെ വ്യാപാരത്തെ അസന്തുലിതമാക്കുന്നതിനെ പാടെ മാറ്റി കളിക്കളം നിരപ്പാക്കുക എന്നതാണ് പ്രധാനം.

(5) ലോകത്തെ ബഹുഭൂരിപക്ഷം വരുന്ന വികസ്വര രാജ്യങ്ങളിലെ ജനകോടികൾ കൃഷിയെ ആശ്രയിച്ച് ഉപജീവനം നടത്തുന്നവരും, വളരെ ദുർബ്ബല വിഭാഗത്തിൽപ്പെട്ടവരും പ്രതിസന്ധിയെ നേരിടാൻ കഴിയാത്തവരും, ദാരിദ്രരേഖയ്ക്ക് അടുത്തോ, അതിനു താഴെ നില്ക്കുന്നവരുമായ, ജനസംഖ്യയിൽ കൂടുതൽ വരുന്ന ഒരുവിഭാഗം ഉണ്ടെന്നുള്ള വസ്തുത വ്യക്തമായി കാണേണ്ടതുണ്ട്. വികസ്വര രാജ്യങ്ങളിലെ കാർഷിക വൃത്തിയുടെ സവിശേഷത തന്നെ ചെറുകിട കൃഷിയും, അതുമാത്രം ഉപജീവനത്തിന് അവസരം ഒരുക്കികൊടുക്കുകയും അവർക്ക് താങ്ങാവുന്ന വിലയ്ക്കും ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുക എന്നതാവശ്യമാണ്. വികസ്വര രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം ഈവക കാര്യങ്ങൾ പരമ പ്രാധാന്യം അർഹിക്കുന്നവയാണ്.

അതിനാൽ വികസ്വര രാജ്യങ്ങളിലെ കർഷകരുടെ ഭക്ഷണവും, ഉപജീവന സുരക്ഷയും ഗ്രാമീണ വികസനവും ലക്ഷ്യമാക്കിക്കൊണ്ട് കൃഷിയുടെ കാര്യത്തിൽ ആഭ്യന്തര നയങ്ങളിൽ ഗണ്യമായ അയവുകൾ

വേണ്ടതും, വികസ്വര രാജ്യത്തെ കർഷകർക്ക് പ്രത്യേകവും വ്യത്യസ്തവുമായ പരിഗണന കാർഷിക ഉത്പ്പന്നങ്ങളുടെ വ്യാപാരത്തിന്റെ ചട്ടങ്ങളിലും വ്യവസ്ഥകളിലും ഇളവുകൾ ഉൾക്കൊള്ളിക്കുന്നത് അനുപേക്ഷണീയമാണ്.

## വിപണിപ്രാപ്യതയും, ആഭ്യന്തരസഹായവും കയറ്റുമതി മാത്സര്യവും തമ്മിലുള്ള പരസ്പര ബന്ധം

(6) വികസ്വര രാജ്യങ്ങളിലെ കർഷക ജനതകളുടെ നീതിപൂർവ്വവും, വിവിധങ്ങളുമായ ആവശ്യങ്ങളെ ഉദാ: ആഹാരം, നിത്യ ഉപജീവനസുരക്ഷ, കാർഷിക വികസനം ഗ്രാമീണ വികസനം എന്നിവയെ നിറവേറ്റാൻ അവർ അഭിമുഖീകരിക്കുന്ന മുഖ്യ ഉപകരണങ്ങൾ വ്യാപാരത്തിലുള്ള താരീഫുകളാണ്. എന്നാൽ വികസിത രാജ്യങ്ങളാകട്ടെ, അതി വിപുലമായ ഉപകരണ സംവിധാനങ്ങളുടെ ഒരു നിര തന്നെ മൂന്നു തൂണുകളുടെയും കീഴിൽ കൂടിയാലോചനകളിലെ പ്രത്യേക അധികാര അവകാശങ്ങളായി വിഭാവനം ചെയ്ത് ചേർത്തിരിക്കുകയാണ്. (ഈ മൂന്ന് മുഖ്യ തൂണുകളാണ്, വിപണിപ്രാപ്യതയും, ആഭ്യന്തരസഹായവും, കയറ്റുമതിയിലെ മാത്സര്യവും), വിപണി പ്രാപ്തയുടെ കാര്യത്തിൽ തന്നെ ഇറക്കുമതിയുടെ ഇരച്ചു കയറ്റം ഉണ്ടാകുമ്പോഴോ, കാർഷിക ഉത്പന്നങ്ങളുടെ വിലത്താഴ്ച ഉണ്ടാകുമ്പോഴോ വികസ്വര രാജ്യങ്ങളിലെ കർഷകർക്ക് പ്രത്യേക സുരക്ഷാ മാർഗ്ഗങ്ങളുടെ ഉപകരണങ്ങൾ നിഷേധിക്കപ്പെടുകയാണ്. ഉറുഗ്വോവട്ട ചർച്ചകളുടെ കാലത്ത് ഈ രാജ്യങ്ങൾക്കും താരിഫുകളെ ആശ്രയിക്കേണ്ടിയിരുന്നില്ല. അതിനാൽ, വികസ്വരരാജ്യങ്ങൾ അവരുടെ സാമ്പത്തികവും, സാമൂഹികവുമായ സ്ഥിതിയുടെ അടിസ്ഥാനത്തിലും വികസനപരമായ ആവശ്യങ്ങൾ, ഭക്ഷണം, ഉപജീവനസുരക്ഷ, ഗ്രാമീണ വികസനത്തിന്റെ ആവശ്യങ്ങൾ എന്നിവയുടെ നിർവ്വഹണത്തിന് അർഹവും ആവശ്യവുമായ ഇളവുകളും ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ടോ എന്നതിന്റെ അടിസ്ഥാനത്തിലും മാത്രമേ മുമ്പുപറഞ്ഞ മൂന്നു തൂണുകളിലും വിഭാവനം ചെയ്തിട്ടുള്ള വിധത്തിൽ വികസിത രാജ്യങ്ങളോട് പ്രതിബദ്ധത പുലർത്തുവാനും, പ്രത്യേകിച്ച് വിപണി പ്രാപ്യതയുടെ കാര്യത്തിൽ പരസ്പര പൂരകമായ തരത്തിൽ പ്രതികരിക്കാനും സാധിക്കുകയുള്ളൂ എന്നതാണ് യാഥാർത്ഥ്യം.

(7) വികസ്വര രാജ്യങ്ങൾ താരിഫു നിരക്കുകളിൽ എന്തെങ്കിലും കുറവു വരുത്തുന്നത്, വികസിത രാജ്യങ്ങൾ കയറ്റുമതി ബൗണ്ട് നിരക്കുകളിൽ ആകെ ശരാശരി കുറവ് വരുത്തുമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിലുള്ള സമീപനത്തിലായിരിക്കും. വികസ്വര രാജ്യങ്ങൾ ചുമത്തുന്ന ഇറക്കുമതി താരിഫുകൾ വികസിത രാഷ്ട്രങ്ങൾ ഏർപ്പെടുത്തുന്ന താരിഫിനേക്കാൾ വളരെ താണ നിരക്കിലുള്ളതാണ്. അതും ഓരോ താരിഫ് ലൈനിനും ഏറ്റവും കുറഞ്ഞ് ഇളവുകൾ വരുത്താതെ, വികസിത രാജ്യങ്ങൾ പിന്തുടരുന്ന താരിഫ് സമീപനം എന്തെന്ന് നോക്കാതെയാണ് വികസ്വര രാജ്യങ്ങൾ താരിഫുകൾ താണ നിരക്കിൽ ചുമത്തുന്നത്. ഏതായാലും ഇതിനുമുമ്പു നടന്നിട്ടുള്ള WTO അനുരഞ്ജന ചർച്ചകളിൽ ആപേക്ഷികമായി കുറഞ്ഞ ബൗണ്ട് താരിഫു നിരക്കുകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള ചില പ്രത്യേക കാർഷിക ഉത്പന്നങ്ങളുടെ താരിഫുകൾ വർദ്ധിപ്പിക്കുവാൻ വികസ്വര രാജ്യങ്ങളെ അനുവദിക്കേണ്ടതാണ്. ഉറുഗ്വേ വട്ടചർച്ചകളുടെ കാലത്ത് അതേ തരം ഉല്പന്നങ്ങൾക്ക് നിശ്ചയിച്ചിരുന്ന താരിഫ് നിരക്കിലേക്കെങ്കിലും വർദ്ധനവ് വരുത്താൻ വികസിത രാജ്യങ്ങൾ സമ്മതിക്കണം. അതുപോലെ വികസ്വര രാജ്യങ്ങൾക്ക് വിപണി പ്രാപ്യതയെ സംബന്ധിച്ച ബാദ്ധ്യതകൾ നടപ്പിൽ വരുത്താൻ കൂടുതൽ സമയവും നല്കേണ്ടതാണ്. കാരണം കയറ്റുമതി താരിഫിൽ ഇളവുകൾ വരുത്തുമ്പോൾ അതിന്റെ ഗുണഫലങ്ങൾ പെട്ടെന്ന് അനുഭവപ്പെടുമെങ്കിൽ പോലും, വികസിത രാജ്യങ്ങൾ സ്വന്തം കർഷകർക്ക് നല്കുന്ന ആഭ്യന്തരസഹായത്തിലും കയറ്റുമതിയിലും അവർ കൈക്കൊള്ളുന്ന നയങ്ങളിലുണ്ടാകുന്ന മാറ്റത്തിന്റെ ഫലം പ്രകടമാകുന്നത് ഏറെ സമയം കഴിഞ്ഞു മാത്രമായിരിക്കുമല്ലോ. ഉറുഗ്വേ വട്ട ചർച്ചകാലത്തെ വിപണിപ്രാപ്യതയെ സംബന്ധിച്ച ബാദ്ധ്യതകൾ നടപ്പിൽ വരുത്തിയതിന്റെ അനുഭവം വച്ചുനോക്കിയാൽ, വികസിത രാജ്യങ്ങൾക്ക് ലഭിച്ച സമയം ഏറെക്കുറെ വികസ്വര രാജ്യങ്ങൾക്കനുവദനീയമായ സമയത്തിനു തുല്യമായിരുന്നതായി കാണാം. (എന്നാൽ കൃഷിയെ സംബന്ധിച്ച കരാറി (AOA) ൽ അനുശാസിക്കുന്ന 2/3 എന്ന കണക്കിലായിരുന്നില്ല) അതിനാൽ വിപണി പ്രാപ്യത, ആഭ്യന്തര സഹായം, കയറ്റുമതി സബ്സിഡി തുടങ്ങിയ ഉപകരണോപാധികളിലൂടെ വികസ്വര രാജ്യങ്ങൾ ഇനി വഹിക്കേണ്ടിവരുന്ന ഏതൊരു പുതിയ ബാദ്ധ്യതയും വികസിത രാജ്യങ്ങൾക്കുള്ളതിന്റെ പകുതിയിൽ ഒട്ടും കൂടുതലാകുവാൻ പാടുള്ളതല്ല.

(8) മുകളിൽ പറഞ്ഞതു കൂടാതെ മൂന്നു തൂണുകളുടേയും ഓരോന്നിന്റേയും കാര്യത്തിൽ താഴെപറയുന്ന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തേണ്ടതാണ്.

**എ. വിപണിപ്രാപ്യത**

1. താരിഫിന്റെ ഉച്ചാവസ്ഥയും, വികസ്വര രാജ്യങ്ങളുടെ കയറ്റുമതി ഉത്പന്നങ്ങളുടെ മേൽ ക്രമേണ താരിഫ് ഉയർത്തുകയും ചെയ്യുന്നതിൽ ഗണ്യമായ കുറവ് വരുത്തുക.

2. താരിഫുകളുടെ ഇനം തിരിച്ചുള്ള സംജ്ഞകൾ ഓരോ ഉത്പന്നത്തിന്റേയും പ്രത്യേകത കാണിക്കുന്ന സങ്കരപദങ്ങളിൽ സൂചിപ്പിക്കാതെ, അവയുടെ വിലയുടെ അടിസ്ഥാനത്തിലുള്ള നിരക്കുകൾക്ക് തത്തുല്യമായ വാക്കുകളിൽ സൂചിപ്പിക്കുക.

3. നിശ്ചിത താരിഫ് റേറ്റ് ക്വോട്ടാ (TRQ) വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ കൂടുതൽ അച്ചടക്കം ഉണ്ടാക്കുകയും, എല്ലാ വികസ്വര രാജ്യങ്ങൾക്കും അവർക്ക് കയറ്റുമതി ചെയ്യാൻ താല്പര്യമുള്ള ഉത്പന്നങ്ങളേകൂടി താരിഫ് റേറ്റ് ക്വോട്ടയിൽ ഉൾപ്പെടുത്തുക വഴി വികസ്വര രാജ്യങ്ങൾക്ക് വിപണി പ്രാപ്യത വർദ്ധിപ്പിക്കുക.

4. കൃഷിയെ സംബന്ധിച്ച കരാറിന്റെ (AOA) ആർട്ടിക്കിൾ 5 അനുശാസിക്കുന്ന പ്രത്യേക പരിരക്ഷ/ സംരക്ഷണവ്യവസ്ഥകൾ എല്ലാ വികസ്വര രാജ്യങ്ങൾക്കും വ്യാപകമാക്കുക.

**ബി. ആഭ്യന്തരസഹായം**

1. കൃഷിയെ സംബന്ധിച്ച കരാറിൽ ആർട്ടിക്കിൾ 6.2 വികസ്വര രാജ്യങ്ങൾക്കായി വിഭാവനം ചെയ്തിട്ടുള്ള വ്യവസ്ഥകളെ വെല്ലുവിളിക്കാൻ/ചോദ്യം ചെയ്യുവാൻ ഒരു WTO അംഗ രാജ്യത്തെയും അനുവദിക്കാതിരിക്കുക.

2. കൃഷിയെ സംബന്ധിച്ച കരാറിന്റെ ആർട്ടിക്കിൾ 6.2 ൽ വികസ്വര രാജ്യങ്ങളെ സംബന്ധിച്ച് പരാമർശിക്കുന്ന, നിലവിലുള്ള ഘടന അതുപോലെ നിലനിറുത്തുക.

3. കൃഷിയെ സംബന്ധിച്ച കരാറിലെ 8-ാം ഖണ്ഡിക അനുബന്ധം 2 ൽ നിർദ്ദേശിക്കുന്ന വികസ്വര രാജ്യങ്ങൾ ഉത്പാദന നിലവാരത്തിൽ ഏറ്റവും ഉയർന്ന ഉമ്മറപ്പടിയിൽ എത്തണമെന്നും, പ്രകൃതി ക്ഷോഭം പോലുള്ള അത്യാഹിതങ്ങൾ നേരിടുമ്പോൾ ദുരിതാശ്വാസ സഹായങ്ങൾക്ക് അർഹരാകുവാൻ കല്പിക്കുന്നതായ വരുമാന നഷ്ടത്തിന്റെ പരിധിയിൽ നിന്നും വികസ്വര രാജ്യങ്ങളെ ഒഴിവാക്കുക.

4. അർത്ഥവത്തും നിർണ്ണായകവുമായ തരത്തിൽ ആഭ്യന്തര സഹായങ്ങളിൽ കുറവുണ്ടാകണമെങ്കിൽ കുറവു വരുത്താനുള്ള ബാദ്ധ്യത ഏറ്റെടുക്കുന്നതിന് അടിസ്ഥാനം, ഉത്പന്നാധിഷ്ഠിത മാനദണ്ഡങ്ങൾ ആയിരിക്കണം. അതുപോലെ എല്ലാവിധത്തിലും വ്യാപാരത്തെ അട്ടിമറിക്കുന്ന (ആംബർ ബോക്സിലും, അനുബന്ധം 2 (5,6,7 ഖണ്ഡികകളിൽ പറയുന്ന) ആഭ്യന്തര സഹായവും കുറഞ്ഞ നിലക്കിലുള്ളതും (de minimis) ആയിരിക്കണം. അതായത് നടപ്പിൽ വരുത്തേണ്ട കാലഘട്ടത്തിന്റെ അവസാനമാകുമ്പോഴേക്കും ആഭ്യന്തര സഹായം ഏറ്റവും കുറഞ്ഞ നിരക്കിലുള്ള (de minimis) ആയിരിക്കണം.

5. ആഭ്യന്തര സഹായം കുറയ്ക്കുന്നതിന് ബാദ്ധ്യത ഉണ്ടാവുന്നത് ഇന്ന് നിലനിൽക്കുന്നതായ അവസരസമത്വം (തുല്യത) എല്ലാ രാജ്യക്കാർക്കും കിട്ടാത്ത സാഹചര്യം മൂലമാണ്. നിലവിലുള്ള പ്രത്യേക സാഹചര്യത്തിൽ വികസിത രാജ്യങ്ങൾ വർദ്ധിച്ച തോതിൽ തങ്ങളുടെ കർഷകർക്ക് അടങ്കൽ സഹായ നടപടി (AMS) ഉത്പന്നാധിഷ്ഠിതമായി സബ്സിഡികളായി നല്കുവാൻ സാമ്പത്തിക ശേഷിയുള്ളവരായിരിക്കുമ്പോൾ, വികസ്വര രാജ്യങ്ങളാകട്ടെ, വളരെ കുറഞ്ഞ അടങ്കൽ സഹായ നടപടികൾ (AMS) മാത്രം, അതും ഏറ്റവും കുറഞ്ഞ (de minimis) പരിധിയ്ക്കുള്ളിൽ, നല്കുന്നവരാണ്. അതിനാൽ ഏറ്റവും കുറഞ്ഞ അടങ്കൽ സഹായ (AMS) കണക്കാക്കുന്നതിനുള്ള ഒരു വ്യക്തമായ മാനദണ്ഡത്തെപ്പറ്റി ഒരു ഒത്തുതീർപ്പുണ്ടാവേണ്ടതാണ്. പൊതുവേ പറഞ്ഞാൽ ആഭ്യന്തര സഹായ ബാദ്ധ്യതകൾ അങ്ങേയറ്റം കുറയ്ക്കുക എന്നത് തന്നെയാണ് അത്

അതായത്,

- ഏറ്റവും കുറഞ്ഞ (de minimis) നിലവാരത്തിനുമുകളിലുള്ള ആഭ്യന്തര സഹായം ഉത്പന്നാധിഷ്ഠിതമായ അടിസ്ഥാനത്തിലുള്ള അടങ്കൽ സഹായമാക്കുക (അഥവാ തീർത്തും അടങ്കലല്ലാതാക്കുക).
- ഏറ്റവും കുറഞ്ഞ നിലവാരത്തിൽ താഴെയുള്ള ഉത്പന്നാധിഷ്ഠിതമല്ലാത്ത അടങ്കൽ സഹായവും, ഉല്പന്നാധിഷ്ഠിത സഹായവും അനുവദിക്കുക.

- അടങ്കൽസഹായ നടപടി ഒരു സുസ്ഥിരമായ നാണയത്തിന്റെ (സ്റ്റേബിൾ കറൻസി) അടിസ്ഥാനത്തിൽ നിശ്ചയിക്കുക. നാണയപ്പെരുപ്പത്തിന്റെ ആധിക്യഫലമായുള്ള സ്വാധീനത്തിൽ ഏതെങ്കിലും ഒരു അംഗരാജ്യത്തിന് ആഭ്യന്തരസഹായ നടപടി ഏറ്റെടുക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ അതിന് പ്രത്യേക പരിഗണന നല്കേണ്ടതാണ്.

**സി. കയറ്റുമതിയിലെ മാത്സര്യം**

- എല്ലാ വികസിതരാജ്യങ്ങളും അംഗീകരിച്ചിട്ടുള്ളതായ കൃഷിയെ സംബന്ധിച്ച കരാറിന്റെ (AOA) 9–ാം ആർട്ടിക്കിൾ 1 (ഡി) യുടേയും (ഇ) യുടേയും കീഴിൽ അനുവദനീയമായ സബ്സിഡികൾ ഇളവു കൂടാതെ തുടരേണ്ടതാണ്. എന്നാൽ അവ കൂടാതെയുള്ള പരസ്പരം അംഗീകരിച്ചിട്ടുള്ള ഒരു നിശ്ചിത സമയപരിധിയ്ക്കുള്ളിൽ നടക്കുന്ന കയറ്റുമതി സബ്സിഡികൾ ഒഴിവാക്കപ്പെടേണ്ടതാണ്.
- എല്ലാവിധത്തിലുള്ള കയറ്റുമതി സബ്സിഡികളും കുറയ്ക്കുവാനുള്ള ബാദ്ധ്യത നടപ്പിൽ വരുത്താനുള്ള കാലയളവിനുള്ളിൽ ഏതെങ്കിലും രാജ്യം കയറ്റുമതി മാത്സര്യത്തിൽ തുല്യതയ്ക്കായി ആഭ്യന്തര സബ്സിഡി അനുവദിക്കുന്നതായാൽ അത് തടയപ്പെടുകയില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- പ്രത്യേകവും നിശ്ചിതവുമായ അധികാരമുള്ള സംസ്ഥാന സർക്കാർ വ്യാപാര സ്ഥാപനങ്ങളിലൂടെയും, മറ്റു സർക്കാരേതര വ്യാപാര സ്ഥാപനങ്ങളിലൂടെയും നൽകപ്പെടുന്ന കയറ്റുമതി വായ്പകൾ, കടങ്ങൾ, ഗ്യാരന്റികൾ, ഇൻഷ്വറൻസ്, ഭക്ഷ്യസഹായങ്ങൾ എന്നീ വക സഹായങ്ങൾ കൊടുക്കുന്നതിൽ തികഞ്ഞ ശിക്ഷണം ഏർപ്പെടുത്തേണ്ടതാണ്.
- കൃഷിയെ സംബന്ധിച്ച കരാറിലെ ആർട്ടിക്കിൾ 9 ന്റെ 1 (d) യും, (e) യും പ്രകാരം വികസ്വര രാജ്യങ്ങൾക്കായി കൈക്കൊള്ളുന്ന നടപടികളെ ചോദ്യം ചെയ്യുവാൻ ഒരു അംഗ രാജ്യത്തേയും അനുവദിച്ചു കൂടാത്തതാണ്.

(9) അവസാനമായി,

ഏതെങ്കിലും ഒരു വികസ്വര രാജ്യത്തിനോ, വികസ്വര രാജ്യങ്ങളുടെ കൂട്ടത്തിനോ കൃഷിയെ സംബന്ധിച്ചുള്ള അനുരഞ്ജനങ്ങളുടെ ഫലപ്രാപ്തിയിൽ ആത്യന്തികമായി യാതൊരു അസംതൃപ്തിയും അനുഭവപ്പെട്ടുകൂടാത്തതാണ്. കൂടാതെ, ഈ അനുരഞ്ജന ശ്രമങ്ങൾ എല്ലാം തന്നെ ഐക്യത്തോടു കൂടിയ ഉത്തരവാദിത്വത്തിന്റെ പശ്ചാത്തലത്തിലാണ് നടത്തപ്പെടുന്നത്. എങ്കിൽപോലും, എല്ലാ വികസ്വര രാജ്യങ്ങൾക്കും കാർഷിക വ്യാപാരത്തിൽ ഗുണകരമായ ഫല പ്രാപ്തി ഉരുത്തിരിച്ചെടുക്കുന്നതിന് അനുരഞ്ജനങ്ങളിൽ എല്ലാം പരസ്പരം കൊടുക്കുകയും വാങ്ങുകയും അനുപേക്ഷണീയമാണെന്ന ഒരു ധാരണ ഉണ്ടായിരിക്കുകയും, അത് നിലനിർത്തുകയും, ആ ധാരണയിൽ വികസ്വര രാജ്യങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ക്രമീകരണം ഉടനീളം ഉണ്ടായിരിക്കേണ്ടതുമാണ്.

(10) WTO യിലെ അംഗ രാജ്യങ്ങൾ എല്ലാവരും അംഗീകരിച്ചിട്ടുള്ള അനുരഞ്ജനങ്ങളുടെ നിശ്ചിത മാതൃകകൾ, അനുരഞ്ജനങ്ങളുടെ അന്തിമ ഫലത്തിന്റെ ഒരു അവിഭാജ്യ ഘടകമായിരിക്കേണ്ടതാണ്.

## ആനുബന്ധം 4

**ഒന്നാം ഇടക്കാല ശുപാർശകൾ**

ഡോ: എം.എസ്. സ്വാമിനാഥൻ, അദ്ധ്യക്ഷൻ,
WTO യും കാർഷിക പ്രശ്നങ്ങളും സബന്ധിച്ച കമ്മിഷൻ
ക്യാമ്പ് : കൽപ്പറ്റ

2001 ഒക്ടോബർ 10.

ശ്രീ. ഗോപാൽകൃഷ്ണപിള്ള ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി ടു ചീഫ് മിനിസ്റ്റർ
തിരുവനന്തപുരം,
ഫാക്സ് : 0471 – 333 489/333682

പ്രിയപ്പെട്ട ശ്രീ. ഗോപാൽകൃഷ്ണപിള്ള,

WTO യും കേരളത്തിന്റെ കാർഷിക പ്രശ്നങ്ങളും സംബന്ധിച്ച കമ്മിഷൻ അതിന്റെ 2001 ഒക്ടോബർ 9 ന് കോഴിക്കോട് ചേർന്ന യോഗത്തിൽ വച്ച്, 2001 നവംബർ 9 മുതൽ 13 വരെ നടക്കാനിരിക്കുന്ന WTO യുടെ നാലാം മന്ത്രിതല സമ്മേളനത്തിന്റെ ചർച്ചയിൽ, ഇന്ത്യ കൈക്കൊള്ളേണ്ട നിലപാട് എന്തായിരിക്കണമെന്ന് തീരുമാനിക്കാൻ അടുത്ത ദിവസങ്ങളിൽ ഡൽഹിയിൽ ചേരുന്ന സമ്മേളനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിക്കേണ്ട പ്രധാന വസ്തുതകളെപ്പറ്റി വിശദമായി ചർച്ച ചെയ്യുകയുണ്ടായി.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കമ്മിഷന്റെ ശുപാർശകളുടെ ചുരുക്കം അടങ്ങിയ നോട്ട് ഞാൻ ഇതിനോടൊപ്പം അയയ്ക്കുന്നു.

സ്നേഹാദരപൂർവ്വം

വിശ്വസ്തൻ

പ്രൊഫ. എം.എസ്സ്. സ്വാമിനാഥൻ

*കോപ്പികൾ :* ഡോ. പി.കെ. ശിവാനന്ദൻ ഐ.എ.എസ്.
ഡോ. കെ.എൻ. ശ്യാമസുന്ദരൻ നായർ
പ്രിൻസിപ്പൽ സെക്രട്ടറി, എസ്സ്. സി & എസ്സ്.റ്റി.
ഫാക്സ് നമ്പർ : 0471 – 324 766

## ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയ നോട്ട്

## WTO യും കൃഷിയെ സംബന്ധിക്കുന്ന പ്രശ്നങ്ങളും

### 1. വ്യാപാരവും ദാരിദ്ര്യ നിർമ്മാർജ്ജനവും

ദോഹയിൽ സമ്മേളിക്കുന്ന മന്ത്രിതല പ്രഖ്യാപനത്തിൽ അംഗീകരിക്കുവാനുള്ള പ്രമേയത്തിന്റെ കരടുരൂപത്തിന്റെ ഉപക്രമത്തിൽ ഇപ്രകാരം ഊന്നൽ കൊടുക്കുന്നു:

"ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ അന്താരാഷ്ട്ര വ്യാപാരത്തിന് വളരെ പ്രധാനപ്പെട്ട ഒരു പങ്കാണുള്ളത്. നമ്മുടെ എല്ലാ ജനങ്ങൾക്കും, ഈ ബഹുകക്ഷി വ്യാപാര വ്യവസ്ഥ മൂലം ഉണ്ടാകുന്നതായ വർദ്ധിച്ച അവസരങ്ങളും ക്ഷേമകരമായ നേട്ടങ്ങളും അതിൽ നിന്നും പ്രയോജനങ്ങളും ഉണ്ടാകുന്നതാണ് എന്നുറപ്പാക്കാനുള്ള ബാദ്ധ്യത നാം അംഗീകരിക്കേണ്ടിയിരിക്കുന്നു".

കൃഷിയെ സംബന്ധിച്ച WTO കരാറിന്റെ പുനരാവിഷ്കരണത്തിൽ മുകളിൽ സൂചിപ്പിച്ച വികാരം വ്യക്തമായ നിയമങ്ങളിലും വ്യവസ്ഥകളിലും കൂടി പ്രതിഫലിക്കണം. കാരണം, വിളകൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, വനം, കാർഷികസംസ്കരണം എന്നിവ ഇന്ത്യൻ ജനതയുടെ ഉപജീവന സുരക്ഷാവ്യവസ്ഥയുടെയും, മറ്റു വികസ്വര രാജ്യങ്ങളുടേയും നട്ടെല്ലാണ്. ഈ ഉദ്ദേശത്തോടെ ചെറുകിട മൈക്രോ സംരംഭങ്ങളുടെ താത്പര്യങ്ങൾ ചെറുകിട വായ്പാ പിന്തുണകളോടെ പരിരക്ഷിക്കുവാൻ വേണ്ട വ്യവസ്ഥകൾ നിർമ്മിക്കേണ്ടതുണ്ട്. ഉദാഹരണമായി, പ്രതിവർഷം ഇന്ത്യ 80 ദശലക്ഷം ടണ്ണിൽ കൂടുതൽ ക്ഷീരമാണ്, 75 ദശലക്ഷം പശുക്കളിൽ നിന്നും, 50 ദശലക്ഷം ഉത്പാദകർ (കൂടുതലും സ്ത്രീകൾ) ഉത്പാദിപ്പിച്ചു വരുന്നത്. ഗ്രാമീണ കുടുംബങ്ങളിലെ 60% വരുന്ന ഏറ്റവും ദരിദ്രരാവയവരാണ് ക്ഷീരം ഉത്പാദിപ്പിക്കുന്ന കാലികളുടെ ഉടമസ്ഥർ. ഇങ്ങിനെ ദരിദ്രരായ ജനങ്ങളുടെ ജീവൽ പ്രധാനമായ സംരംഭങ്ങൾ അവരുടെ ഉപജീവനവും പോഷക സുരക്ഷയുമായി ബന്ധപ്പെട്ട ജനങ്ങൾ തന്നെ സ്വന്തം ജീവിതോദ്യമം എന്ന ഉത്പാദന സമ്പ്രദായത്തിലൂടെയാണ് പ്രവർത്തിക്കുന്നത്. അതിന് വൻതോതിലുള്ള ഉത്പാദന സമ്പ്രദായങ്ങളിലൂടെ ഉൽപാദിപ്പിക്കപ്പെടുന്ന ഉത്പന്നങ്ങളോട് ഒരിക്കലും എളുപ്പത്തിൽ മത്സരിക്കാൻ കഴിയുകയില്ല, 'ഫാക്ടറി ഫാമിംഗ്' എന്ന് സാധാരണ പറയുന്ന, ആധുനിക ഉത്പാദനോപാധികളുടേയും ഭാരിച്ച സബ്സിഡി, സാങ്കേതികത്വം, മൂലധനം എന്നിവയുടെ പിന്തുണയോടു കൂടിയ വ്യവസ്ഥയോട് കിടപിടിക്കാനാവില്ല.

അതിനാൽ ധനസഹായമല്ല, വ്യാപാരമാണ്, ദാരിദ്ര്യനിർമ്മാർജ്ജനത്തിനുള്ള ഉപകരണമാകേണ്ടത്. അതുകൊണ്ട്, ദരിദ്ര ജനങ്ങളുടെ ഉപജീവനത്തേയും അവരുടെ തൊഴിലിനേയും കൊല്ലുന്ന/തല്ലിത്തകർക്കുന്ന ഇറക്കുമതികൾ അനുവദിക്കാത്തതും, ദരിദ്രരുടെ ഉപജീവന സുരക്ഷ ഉറപ്പാക്കുന്നതുമായ, വ്യക്തവും, മൂർത്തവുമായി നിർവ്വചിക്കപ്പെട്ട വ്യവസ്ഥകൾ, പുതുക്കി എഴുതുന്ന WTO കരാറുകളിൽ തീർച്ചയായും ഉണ്ടായിരി

ക്കേണ്ടതാണ്. നാം മുന്നോട്ടു വയ്ക്കുന്നതായ "ഭക്ഷണത്തിനും ഉപജീവന സുരക്ഷയ്ക്കുമുള്ള ബോക്സ്" അപ്രകാരമുള്ള ഒരു ഉപകരണമാണ്.

## 2. പാരമ്പര്യ വിജ്ഞാനവും, (നാട്ടറിവും) വ്യാപരവുമായി ബന്ധപ്പെട്ട ബൗദ്ധിക സ്വത്തവകാശവും (TRIPS)

ദോഹ മന്ത്രിതല പ്രഖ്യാപനത്തിന്റെ കരടുരേഖ
16-ാം വകുപ്പിൽ ഇങ്ങനെ പ്രസ്താവിക്കുന്നു:

"വ്യാപാരവുമായി ബന്ധപ്പെട്ട ബൗദ്ധിക സ്വത്തവകാശ (TRIPS) കൗൺസിലിനോട് ട്രിപ്പ്സിന്റെ കരാറും, ജൈവവൈവിദ്ധ്യ കോൺഫറൻസും (CBD), പാരമ്പര്യ വിജ്ഞാനവും തമ്മിലുള്ള ബന്ധത്തിൽ സാർത്ഥകവും സജീവവുമായ ശ്രദ്ധപതിപ്പിക്കണമെന്ന് ഞങ്ങൾ നിർദ്ദേശിക്കുന്നു".

ടിപ്സ് കരാറിന്റെ പുതുക്കിയ വിജ്ഞാപനത്തിൽ കൊടുത്തിരിക്കുന്ന ഈ ദൃഢപ്പെടുത്തലിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ജൈവവൈവിദ്ധ്യ കോൺഫറൻസിന്റെ (CBD) ധാർമ്മികവും, അവസര തുല്യത ഉറപ്പാക്കുന്നതുമായ വ്യവസ്ഥകൾ കണക്കിലെടുത്തുകൊണ്ടും, പാരമ്പര്യ വിജ്ഞാനത്തിന് ബൗദ്ധിക സ്വത്തവകാശം അവരോധിച്ചുകൊണ്ടും ഉള്ള ദൃഢീകരണത്തെ/ഊന്നലിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. കേരളത്തിന് ആയുർവേദത്തിന്റേയും, അനേകായിരം വർഷങ്ങളുടെ വിജ്ഞാന സമ്പത്തും, ഔഷധ സസ്യങ്ങളുടെ സമ്പന്നമായ സ്രോതസ്സും, സസ്യ ഔഷധ പാരമ്പര്യങ്ങളും ഉണ്ട്.

ഇന്ത്യയിൽ "സസ്യങ്ങളുടെ വൈവിധ്യവും, കർഷകരുടെ അവകാശങ്ങളും സംരക്ഷിക്കുന്ന നിയമം 2001" പാസ്സാക്കിയിട്ടുണ്ട്. ഒരു ജൈവവൈവിധ്യ ബിൽ ഇന്ത്യൻ പാർലമെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണ്. ഇന്ത്യ നടത്തിയിട്ടുള്ള ഈ നിയമനിർമ്മാണം മാർഗ്ഗദർശകമായ നടപടിയാണ്. കാരണം, ഇത് ഒരേ സമയം സസ്യങ്ങൾ വളർത്തുന്നവരുടെയും, സംരക്ഷകരായ കർഷകരുടെയും അവകാശങ്ങൾ തിരിച്ചറിഞ്ഞ് അംഗീകാരം നൽകുന്ന ആദ്യത്തെ നിയമനിർമ്മാണ നടപടിയാണ്. തുല്യതയ്ക്കും പ്രയോജന പങ്കാളിത്തത്തിനും ഉള്ളതായ വ്യവസ്ഥകൾ ഇന്ത്യയുടെ ഈ നിയമ നിർമ്മാണത്തിൽ സ്ഥാപിച്ചിട്ടുള്ളത് തീർച്ചയായും വ്യാപാരവുമായി ബന്ധപ്പെട്ട ബൗദ്ധികസ്വത്തവകാശ നിയമത്തിൽ(ട്രിപ്സിൽ)ഉൾക്കൊള്ളിക്കണമെന്ന് ഞങ്ങൾ ലോകവ്യാപാര സംഘടനയോട് അഭ്യർത്ഥിക്കുന്നു. അത്തരം വ്യവസ്ഥകളിൽ ഒരു ആഗോള ജീൻ നിധി(Global Gene Fund)സ്ഥാപിക്കണമെന്ന ഞങ്ങളുടെ ആഗ്രഹം കൂടി ഉൾപ്പെടുത്തണമെന്നും, ജനിതക സ്രോതസ്സുകളുടെ സംരക്ഷണത്തിലും മെച്ചപ്പെടുത്തലിലും ഏർപ്പെട്ടുവരുന്ന ഗോത്രജനങ്ങളുടെയും, ഗ്രാമീണകുടുംബങ്ങളുടെയും വിലയേറിയ സംഭവനകളെ അംഗീകരിക്കുവാനും, അവർക്ക് അർഹമായ പ്രതിഫലങ്ങൾ നൽകുവാനും വേണ്ട വ്യവസ്ഥകളും അതിൽ ഉണ്ടാവണമെന്നും അഭ്യർത്ഥിക്കുന്നു. ഇതിനകം തന്നെ, പാരമ്പര്യ വിജ്ഞാനത്തിന്റെ കൈവശാവകാശികൾക്ക് ബൗദ്ധിക സ്വത്തവകാശം(ഐ.പി.ആർ.) നൽകേണ്ടതിന്റെ ആവശ്യം 'ലോക ബൗദ്ധിക സ്വത്തവകാശ സംഘടന'(ഡബ്ല്യൂ.ഐ.പി.ഒ.)അംഗീകരിച്ചിട്ടുണ്ട്. പുതിയ ഇനം വിത്തുകളുടെ (വിവിധ വിളകളുടെ)സംരക്ഷണത്തിനുള്ള വി.പി.ഒ.വി. വും അഥവാ യൂണിയൻ ഫോർ ദി പ്രൊട്ടക്ഷൻ ഓഫ് ന്യൂ വെറൈറ്റീസ് ഓഫ് ക്രോപ്സ്, ഇതുപോലെ പാരമ്പര്യ കർഷകരുടെ അവകാശങ്ങൾ അംഗീകരിക്കുകയും, "സസ്യങ്ങളുടെ വംശ വർദ്ധകരുടെയും കർഷകരുടെയും അവകാശ സംഘടന" (Union for the Protection of Breeders and Farmers Rights)എന്ന സംഘടനയാക്കി അതിനെ മാറ്റുകയും വേണം.

## 3. കാർഷിക വിളകളും വ്യാവസായിക വിളകളും തമ്മിലുള്ള വ്യത്യാസം

ഇപ്പോൾ പരുത്തി ഒരു കാർഷിക വിളയായിട്ടാണ് പരിഗണിക്കപ്പെടുന്നത്. അതേസമയം റബ്ബറും, ചണവും, വ്യാവസായിക വിളകളായി കരുതിവരുന്നു. റബ്ബറിനെയും ചണത്തേയും കയറിനേയും കാർഷിക ഉത്പന്നങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്താൻ നാം സമ്മർദ്ദം ചെലുത്തേണ്ടതാണ്. കാരണം, ഇവ മൂന്നും മുഖ്യമായും ചെറുകിട കാർഷിക മേഖലയിൽപെടുന്നതും ചെറിയ കാർഷിക കുടുംബങ്ങളുടെ, ഒന്നോ അതിൽ താഴെയോ ഹെക്ടർ മാത്രം കൃഷിഭൂമി ഉടമകളായ ജനങ്ങളുടെ ഉപജീവനത്തിന് വകയൊരുക്കുന്ന മേഖലയാണത്.

## 4. ദേശീയ തലത്തിൽ കൈക്കൊളേളണ്ട നടപടികൾ

**മുമ്പ് പ്രസ്താവിച്ച മൂന്നു കാര്യങ്ങളും ആഗോളതലത്തിൽ നടപടി ആവശ്യപ്പെടുന്നവയും, താഴെ പ്പറയുന്ന ഭാരത സർക്കാരിന്റെ സത്വര നടപടികൾക്ക് പരിഗണിക്കേണ്ടവയുമാണ്.**

**എ) സാനിട്ടറിയും ഫൈറ്റോ സാനിട്ടറിയും സംബന്ധിച്ച നടപടികളും, കോഡ്ക്സ് എലിമെന്റേറിയൻസ് മാനദണ്ഡങ്ങളും**

മുകളിൽ പറഞ്ഞ ആവശ്യങ്ങൾക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കേണ്ടത് അടിയന്തര പ്രാധാന്യം അർഹിക്കുന്നു. ഇക്കാര്യത്തിൽ കൂടുതൽ പൊതു അവബോധവും അത്യാവശ്യമാണ്. ഇതിനായി സമൂഹ റേഡിയോ നിലയങ്ങൾ സ്ഥാപിക്കാവുന്നതാണ്. കൂടാതെ കൊയ്തെടുത്ത വിളകൾ, വിശേഷിച്ച തോട്ടവിളയായ കാപ്പി, കുരുമുളക് എന്നിവ ഉണക്കുന്നത് വലിയ പ്രശ്നമായിരിക്കുന്നു. സമയത്ത് ഉണക്കാത്തതിന്റെ ഫലമായി മൈക്കോടോക്സിനുകൾ, ഉയർന്ന ഈർപ്പത്തിന്റെ സാന്നിദ്ധ്യംമൂലം അവയിൽ പെരുകിവരുന്നു. പാരമ്പര്യേതര ഊർജ്ജസ്രോതസ്സിന്റെ കേന്ദ്രമന്ത്രാലയം (എം.എൻ.ഇ.എസ്.) സൗരോർജ്ജം ഉപയോഗിച്ച് വിളകൾ ഉണക്കുന്നതിനുള്ള ഒരു തീവ്രയത്ന പദ്ധതി ആവിഷ്കരിക്കേണ്ടതാണ്. ഉത്പാദകർ കൊയ്തെടുക്കുന്ന വിള നന്നായി ഉണക്കിസൂക്ഷിക്കുവാൻ ഇതു വളരെ സഹായകമാവുന്നതാണ്.

**ബി) ഉത്പന്നങ്ങൾ വീണ്ടും കയറ്റി അയ്ക്കാനായി നടത്തുന്ന ഇറക്കുമതി**

തത്വത്തിൽ നോക്കിയാൽ,ചില ഉത്പന്നങ്ങളുടെ ഇറക്കുമതികൾ മൂല്യവർദ്ധന നടത്തിയശേഷം കയറ്റുമതി ചെയ്യുന്നത് അഭിലഷണീയമാണെങ്കിലും, ഈ അനുകൂല വ്യവസ്ഥ, കാപ്പിയുടെയും, തേയിലയുടെയും കാര്യത്തിൽ വളരെ ദുരുപയോഗപ്പെടുത്തുന്നത് ഇന്ത്യൻ ഉൽപാദകരുടെ താല്പര്യത്തിന് വളരെയേറെ ഹാനികരമായിരിക്കുന്നു. അതിനാൽ കേന്ദ്ര വാണിജ്യകാര്യ മന്ത്രാലയം കേന്ദ്ര കമ്മോഡിറ്റി ബോർഡുമായി ഈ പ്രശ്നം ശ്രദ്ധാപൂർവ്വം ചർച്ച ചെയ്യണം. അതുപോലെ ഉത്പന്നങ്ങളുടെ ശരിയായ ആവിർഭാവത്തിന്റെ സാക്ഷിപത്രം നൽകുവാൻ അധികാരപ്പെടുത്തിയിട്ടുള്ള 'അതോറിറ്റികൾ' ആരായിരിക്കണം എന്ന് വ്യക്തമായും തിരിച്ചറിയേണ്ടതുണ്ട്.

**സി) ഇറക്കുമതിയെ സംബന്ധിച്ച സ്ഥിതിവിവരങ്ങൾ**

ഇറക്കുമതിയെ സംബന്ധിച്ച വിശദവിവരങ്ങൾ എല്ലാം കൃത്യമായി കേന്ദ്ര-'വിദേശ വ്യാപാര-വാണിജ്യകാര്യ മന്ത്രാലയം' അവരുടെ വെബ് സൈറ്റുകളിൽ രേഖപ്പെടുത്തേണ്ടതുണ്ട്. അങ്ങനെ ചെയ്യുമ്പോൾ തീർച്ചയായും ഡിമാന്റും സപ്ലൈയും (ആവശ്യവും, ലഭ്യതയും) തമ്മിലുള്ള വ്യത്യാസം എന്താണെന്ന് ഉറപ്പാക്കുവാനും ഇറക്കുമതിയെ സംബന്ധിച്ചു കർമ്മോന്മുഖമായ നടപടികൾ സമയാസമയങ്ങളിൽ കൈക്കൊള്ളുവാനും സാധിക്കുന്നതാണ്.

**ഡി) വിദേശ സൂക്ഷ്മ ജീവിജാലങ്ങളുടെ കടന്നുകയറ്റം**

അനേകം അതിസൂക്ഷ്മാണുക്കളും, രോഗാണുക്കളും, കീടങ്ങളും, കളകളും ഈ രാജ്യത്തേക്ക് കടന്നുവരികയാണ്. വൻ തോതിൽ ധാന്യങ്ങളും, എണ്ണക്കുരുക്കളും, പൗൾട്രി ഉത്പന്നങ്ങളും, കാർഷിക ചരക്കുകളും ഇറക്കുമതി ചെയ്യപ്പെടുന്നതിലൂടെയാണ് ഇവ കടന്നുവരുന്നത്. ദേശീയ സ്ഥാപനമായ 'ദി നാഷണൽ ബ്യൂറോ ഓഫ് പ്ലാന്റ് ജനറ്റിക്സ് റിസോഴ്സസ്' ഉം ഇന്ത്യൻ കാർഷിക ഗവേഷണ കേന്ദ്ര (ICAR) ത്തിന്റെ ദൽഹിയുടെ കീഴിലുള്ള ഡൽഹിയിലെ സ്ഥാപനവും ഒരു അപകട സൂചന നൽകിയിരിക്കുന്നു. ഈ അന്യ സൂക്ഷ്മ ജീവികൾ നമ്മുടെ കൃഷിക്ക് വലിയ ഭീഷണിയാണ്. പൗൾട്രി വ്യവസായവും പുതിയ രോഗാണുക്കളുടെ ഭീഷണി നേരിടുന്നു. ഇറക്കുമതി ചെയ്യപ്പെടുന്ന പൗൾട്രി ഉത്പന്നങ്ങളിൽ കൂടിയാണ് ഈ അണുക്കൾ കടന്നുവന്നത്. ആന്ധ്രപ്രദേശിലെ ചെമ്മീൻ വ്യവസായത്തിന് ഇങ്ങനെയാണ് അപകടമുണ്ടായത്. നമ്മുടെ കാർഷിക മേഖലയ്ക്ക് നാമറിയാതെ ഉണ്ടായ ഭീഷണിയുടെ കടന്നു വരവിനെ തടയുവാൻ അടിയന്തിര നടപടി ആവശ്യമാണ്.

**ഇ) ഗുണനിലവാര വിപ്ലവം**

ഗുണനിലവാരത്തെപ്പറ്റി വളരെ കൂടുതൽ അവബോധം നമ്മുടെ നാട്ടിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ഗുണനിലവാരത്തെപ്പറ്റിയും അതുയർത്തുന്ന അടിയന്തിര പ്രാധാന്യത്തെ പറ്റിയും വിപുലമായ ഒരു വിദ്യാഭ്യാസ ബോധവത്കരണ പരിപാടി എത്രയും വേഗം ആരംഭിക്കേണ്ടതാണ്. ഉത്പാദനക്ഷമതയിലും, ഗുണനിലവാരത്തിലും രണ്ടിലും ഒപ്പം വിപ്ലവകരമായ മാറ്റം ഉണ്ടാക്കാത്തപക്ഷം നമ്മുടെ ഉത്പന്നങ്ങൾക്ക് ആഗോള കാർഷിക വ്യാപാര മത്സരങ്ങളിൽ വേണ്ട മാത്സര്യക്ഷമത കൈവരിക്കാനാവുകയില്ല.

## 2. കേരളത്തിലെ കാർഷിക പ്രതിസന്ധിയും അടിയന്തിരമായ പ്രതികരണത്തിന്റെ ആവശ്യവും

കേരളത്തിലെ കൃഷി മുഖ്യമായും ദീർഘകാല വിളകളായ റബർ, തേയില, കാപ്പി, കുരുമുളക്, നാളി കേരം മുതലായവയാണ്. കൃഷി സ്ഥലങ്ങളിൽ ഭൂരിഭാഗവും ഒരു ഹെക്ടറോ അതിൽ താഴെയോ വിസ്തൃതി യുള്ളവയാണ്. എല്ലാ ഉത്പന്നങ്ങളുടെയും വില തകർന്നിരിക്കുകയാണ്. ഏലത്തിന്റെയും വാഴപ്പഴത്തിന്റെയും മറ്റേതാനും ഇനങ്ങളുടെയും വിലമാത്രമാണ് താണിട്ടില്ലാത്തത്.

തോട്ടം ഉടമകൾക്ക്, തൊഴിലാളികൾക്ക് നിർദ്ദേശിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ കൂലി നൽകുവാൻ കഴി യുന്നില്ല. മാത്രമല്ല, നിയമപരമായി ഉടമകൾ അടയ്ക്കേണ്ട തുകകളും, തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ടിലേക്ക് നിക്ഷേപിക്കേണ്ട തുകയും അടയ്ക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ല.

കേരളത്തിലെ കൃഷിയിലും സമ്പദ് വ്യവസ്ഥയിലും ഇപ്പോഴുണ്ടായിരിക്കുന്ന പ്രതിസന്ധി ഇതിനുമുമ്പ് ഒരിക്കലും അനുഭവപ്പെട്ടിട്ടില്ലാത്ത തരത്തിലുള്ളതാണ്. അതിനുകാരണം കാർഷികോത്പന്നങ്ങളുടെ വില പൊടുന്നനെ കൂപ്പുകുത്തിയതാണ്. നിരവധി കാപ്പിത്തോട്ടങ്ങളും, തേയിലത്തോട്ടങ്ങളും അടച്ചു പൂട്ടുകയാ ണ്. ഇത്തരത്തിലുള്ള ഒരു അസാധാരണ സാഹചര്യത്തിന് അസാധാരണമായൊരു പ്രതിവിധിയാണ് വേണ്ടി വരുന്നത്. ഭാരത സർക്കാർ കേരളത്തിന് അടിയന്തിരമായി ചെയ്യുവാനുള്ള സഹായം, സംസ്ഥാനത്തെ തോട്ട വിളയിലെ തൊഴിലാളികളെ ഭാവനാസമ്പന്നമായ 'സമ്പൂർണ്ണ' ഗ്രാമീണ റോസ്ഗാർ യോജന എന്ന പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തുക എന്നതാണ്. ഇതിലേക്കായി ദയവായി ഭാരത സർക്കാർ 2.1 ലക്ഷം ടൺ അരിയും 1 ലക്ഷം ടൺ ഗോതമ്പും, തോട്ടം തൊഴിലാളികളുടെ മിനിമം വേജസ്സിന്റെ ഭാഗമായി നൽക ണമെന്ന് അപേക്ഷിക്കുന്നു. ഇതിന്റെ ഒരു ഭാഗം കർഷകർ വഹിക്കുന്നതാണ്. ഭക്ഷ്യധാന്യ ഭാഗം കർഷ കർക്ക് ഗ്രാന്റായി കണക്കാക്കുകയും തോട്ടം ഉടമകൾ ഭക്ഷ്യവില ഭാഗികമായി കൂലിയിലും ഭാഗികമായി പണമായും കണക്കാക്കാവുന്നതാണ്.

"ദീർഘകാല വിളയെ രക്ഷിക്കാൻ ഭക്ഷ്യം" എന്ന പദ്ധതി യിൽ ഇതിനെ ഉൾപ്പെടുത്തി, സമ്പൂർണ്ണ ഗ്രാമീണ യോജനാ പദ്ധതിയ്ക്കായി നീക്കിവച്ചിട്ടുള്ള 5 ദശലക്ഷം ടൺ ഭക്ഷ്യധാന്യത്തിൽനിന്നും ഭാരത സർക്കാരിന് അനുവദിക്കാവുന്നതാണ്.

എം.എസ്. സ്വാമിനാഥൻ

**അനുബന്ധം 5**

## രണ്ടാം ഇടക്കാല ശുപാർശകൾ

ഫെബ്രു: 20, 2002

### ബഹുമാനപ്പെട്ട സംസ്ഥാന കൃഷി വകുപ്പുമന്ത്രിക്ക്
### 2002-2003 ബഡ്ജറ്റിൽ ഉൾപ്പെടുത്താനായി സമർപ്പിച്ച
### ഇടക്കാല ശുപാർശകൾ

കേരളത്തിന്റെ കാർഷിക രംഗം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് അടിയന്തിരമായ സ്വീകരിക്കേണ്ടകർമ്മ പരിപാടികൾ

കേരളത്തിന്റെ കാർഷിക മേഖലയിലെ പ്രതിസന്ധി അടിയന്തിരമായ പ്രതികരണം അനിവാര്യമാക്കു ന്നു. കേരളത്തിന്റെ കൃഷി മുഖ്യമായും റബ്ബർ, തേയില, കാപ്പി, കുരുമുളക്, നാളികേരം എന്നീ ദീർഘകാല വിളകളെ അടിസ്ഥാനമാക്കിയുള്ളതാണ്. മിക്കവാറും എല്ലാ കൃഷി സ്ഥലങ്ങളും ഒരു ഹെക്ടറോ, അതിൽ താഴെയോ മാത്രം വിസ്തൃതിയുള്ളതാണ്. കേരളത്തിന്റെ എല്ലാ കാർഷിക ഉത്പന്നങ്ങളുടേയും വില തകർന്നി രിക്കുകയാണ്. ഏലത്തിന്റേയും ചിലയിനം വാഴപ്പഴത്തിന്റേയും വില മാത്രമാണ് ആദായകരമായിട്ടുള്ളത്. കേരളത്തിന്റെ കൃഷിയിലും സമ്പദ്‌വ്യവസ്ഥയിലും ഉണ്ടായിരിക്കുന്ന പ്രതിസന്ധി എക്കാലത്തേയുംകാൾ രൂക്ഷവും, പൊടുന്നനെ വില കൂപ്പു കൂത്തിയതിന്റെ ഫലമായി ഉണ്ടായിട്ടുള്ളതുമാണ്.

### 1) തോട്ടങ്ങൾക്ക് അടിയന്തിര സഹായമെത്തിക്കുക

നിരവധി കാപ്പി-തേയില തോട്ടങ്ങൾ അടച്ചു പൂട്ടുകയാണ്. തോട്ടം ഉടമകൾക്ക് നിർദ്ദിഷ്ടമായ മിനിമം കൂലി കൊടുക്കാനോ നിയമപരമായി തൊഴിലാളികൾക്ക് നൽകാനുള്ള പ്രോവിഡന്റ് ഫണ്ടിലേക്കുള്ള വിഹിതം അടയ്ക്കുവാനോ കഴിയുന്നില്ല. ഇപ്രകാരമുള്ള അസാധാരണ സാഹചര്യത്തിൽ നാം അസാധാര ണമായി പ്രതികരിച്ചേ മതിയാവൂ. തോട്ടം മേഖലയിൽ സംജാതമായിരിക്കുന്ന പ്രതിസന്ധി മറികടക്കണമെ

ങ്കിൽ 5 ദശലക്ഷം ടൺ ഭക്ഷ്യം 'തൊഴിലിനു ആഹാരം' എന്ന പദ്ധതി തോട്ടം മേഖലയിലേക്ക് വ്യാപിപ്പിക്കേണ്ടതാണ്. കൂലിയുടെ ഒരു ഭാഗം ഭക്ഷ്യമായി നൽകുകയും ഭക്ഷ്യസഹായം തോട്ടം തൊഴിലാളികളുടെ പുനഃരധിവാസത്തിനായി വിനിയോഗിക്കുകയും ചെയ്യാവുന്നതാണ്. ഇതു കൃഷിക്കു പൊതുവേയുള്ള അടിസ്ഥാന സൗകര്യസഹായത്തിനുള്ള പിന്തുണയെന്ന നിലയിൽ പ്രാധാന്യമുള്ളതും, രണ്ടും ദീർഘകാല സ്വാഭാവമുള്ള മുതൽ മുടക്കായി കരുതാവുന്നതുമാണ്. ഭാരത സർക്കാരിന് ചെയ്യാവുന്ന അടിയന്തിരസഹായം തോട്ടവിള കൃഷിത്തൊഴിലാളികളെ സമ്പൂർണ്ണ ഗ്രാമീണ റോസ്ഗാർ യോജന പദ്ധതിയിൽ ഉൾപ്പെടുത്തുകയാണ്. ഇതിനായി 2 ലക്ഷം ടൺ അരിയും, 1 ലക്ഷം ടൺ ഗോതമ്പും തോട്ടം തൊഴിലാളികൾക്ക് അവരുടെ മിനിമം വേജസ്സിന്റെ ഭാഗമായി നൽകുവാൻ ഭാരത സർക്കാരിനോട് ആവശ്യപ്പെടുകയാണ്. ഇതിന്റെ ധന്യഭാഗം കർഷകർ വഹിക്കും, ധാന്യഭാഗം കർഷകർക്ക് ഗ്രാന്റായും തോട്ടം ഉടമകൾ ഒരു ഭാഗം പണമായും മറ്റൊരു ഭാഗം തൊഴിലാളികൾക്കു ഉടമകൾ കൊടുക്കുവാനുള്ള കൂലിയിൽ വകവരുത്താവുന്നതുമാണ്. 'ദീർഘകാല വിളകളെ രക്ഷിക്കാൻ ഭക്ഷണം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 5 ദശലക്ഷം ടൺഭക്ഷ്യധാന്യങ്ങൾ സമ്പൂർണ്ണ ഗ്രാമീണ യോജനയ്ക്കായി ഭാരത സർക്കാർ നീക്കിവച്ചിട്ടുള്ളതിൽ നിന്നും ഇതു നൽകാവുന്നതാണ്.

### 2) കയറ്റുമതി ഉത്പന്നങ്ങളുടെ കാര്യത്തിൽ നടപടികൾ: ബഡ്ജറ്റിൽ ഏതാനും സഹായങ്ങൾ

റബ്ബറിനും, നാളികേരത്തിനും മറ്റും ഇന്നോളം അനുഭവപ്പെട്ടിട്ടില്ലാത്ത ഈ ഭീമമായ വിലത്തകർച്ചയുടെ മുഖ്യകാരണങ്ങളിൽ ഒന്ന് ഉത്പാദനത്തിലുണ്ടായ വർദ്ധനവും, സപ്ലൈയും, ഒരു പരിധിവരെ വിദേശ ഇറക്കുമതിയുമാണ്. ഇതിനുകാരണം ഉദാരവത്കരണമാണ്. (WTO യുടെ കാർഷിക ഉത്പന്നങ്ങളുടെ ഇറക്കുമതിയെ സംബന്ധിച്ച ചില നിബന്ധനകൾക്ക് വഴങ്ങുന്നുണ്ടെങ്കിൽ കൂടിയും) ഈ പശ്ചാത്തലത്തിൽ ഹ്രസ്വകാലാടിസ്ഥാനത്തിൽ ഉത്പാദനം വെട്ടിക്കുറയ്ക്കാനോ, ആഭ്യന്തരമായ ഡിമാന്റ് ഗണ്യമായി ഉയർത്താനോ കഴിയുന്നതല്ല. വേഗം ഫലപ്രദവും താൽക്കാലികവുമായ ഒരു നടപടി ഈ ഉത്പന്നങ്ങൾ കൂടുതൽ കയറ്റുമതി ചെയ്യുകയെന്നതാണ്. കയറ്റുമതിയ്ക്കായി നടത്തുന്ന പരിശ്രമങ്ങൾക്ക് പിന്തുണ നൽകുകയും, ആഭ്യന്തരവിലയിലും കയറ്റുമതി വിലയിലും ഉണ്ടാകുന്ന വ്യത്യാസത്തിന് നഷ്ടപരിഹാരം നൽകുകയുമാണ് വേണ്ടത്. സംസ്ഥാനസഹായം കയറ്റുമതി ശ്രമങ്ങൾ വ്യാപകമാക്കേണ്ടതുമാണ്.

### 3) നാളീകേര വികസനത്തിന് സംയോജിത പദ്ധതി

സംസ്ഥാനത്തെ വലിയ ഒരു വിഭാഗം കർഷക സമൂഹത്തിന് ഉപജീവന സുരക്ഷ നൽകുന്ന വിളയാണ് നാളികേരം. ഇതിലേറിയ പങ്കും ചെറുകിട കർഷകരും, നാമമാത്രമായ ഭൂമിയുള്ളവരുമാണ്. നാളികേരത്തിന്റെ വിലയിൽ ഉണ്ടായിട്ടുള്ള തകർച്ച വളരെ മൂർച്ചയുള്ളതും, അത് മറ്റു മുഖ്യ തോട്ടവിളകളുടെ കാര്യത്തിൽ തുടർന്നു വരുന്നതുമാണ്. ഈ പ്രതിസന്ധിക്കു കാരണം ഭാഗികമായി രാജ്യത്തിനകത്തുള്ള അമിതമായ ഉത്പാദനമാണ്. ഒരു ദീർഘകാലവിള ആകയാൽ നാളികേര കൃഷിയിൽ ഹ്രസ്വകാലാടിസ്ഥാനത്തിൽ, വിപണിയിലുണ്ടാകുന്ന വിലയുടെ ഉയർച്ച താഴ്ചകൾക്ക് അനുസൃതമായി ക്രമീകരിച്ച് പ്രവർത്തിക്കുവാൻ കഴിയുകയില്ല. അതിനാൽ നാളികേര കർഷകർക്ക് വരുമാന സുരക്ഷയ്ക്ക് അനുയോജ്യമായ ചില തന്ത്രങ്ങൾ താഴെപ്പറയുന്നു.

### a) ഉപയോഗത്തിന്റേയും വരുമാനത്തിന്റേയും വൈവിധ്യവത്കരണം

നാളികേരകൃഷിയുടെ വ്യവസ്ഥയിൽ മാറ്റം വരുത്തുന്ന തരത്തിൽ നാളികേര കൃഷിചെയ്യുന്ന ഭൂമിയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. ഇതിനായി പ്രായം ചെന്നതും, രോഗം ബാധിച്ചതുമായ വൃക്ഷങ്ങൾ മുറിച്ചുമാറ്റി പകരം തൈകൾ നട്ടുവളർത്തുകയും, മഴവെള്ളം ഉൾപ്പെടെയുള്ള ജലം നഷ്ടമാവാതെ മണ്ണിന്റെ ഈർപ്പം സംരക്ഷിച്ചും ജലസേചനം മെച്ചപ്പെടുത്തിയും, മൃഗങ്ങളെ വളർത്തുന്നതുൾപ്പെടെ, ഇടവിള കൃഷിയും നടത്തേണ്ടതാണ്.

### b) സംയോജിത നാളികേര മാനേജ്മെന്റ്

സമ്പൂർണ്ണമായും നാളികേരത്തെ വിനിയോഗിക്കുവാൻ കഴിയണം. വെറും വെളിച്ചെണ്ണയും പിണ്ണാക്കും മാത്രം ഉത്പാദിപ്പിച്ചാൽ പോര. തേങ്ങാവെള്ളത്തെ ലഘുപാനീയങ്ങളാക്കി, പുതിയ ഉത്പന്നങ്ങളായ 'നീര', 'കേരസുധ', 'നാളീകേര പഞ്ചസാര' മുതലായവയായി മാറ്റുകവഴി പൂർണ്ണമായും വിനിയോഗിക്കാവുന്നതാണ്.

നാളികേര കൃഷിയും ഉത്പാദന സമ്പ്രദായവും സംയോജിതമാക്കുകയും വിളവെടുത്തതിനു ശേഷമുള്ള ഉത്പന്ന സംസ്കരണംവഴി മുഴുവൻ ഉപയോഗവും വൈവിധ്യവത്കരണത്തിലൂടെ നടത്തുകയാണ് വേണ്ടത്. ഇതെല്ലാം ഒരിടത്ത് വച്ചുതന്നെ ചെയ്യുകയും വേണം. അങ്ങനെ നാളികേരത്തിന്റെ മുഴുവൻ മൂല്യവും കർഷകർക്ക് ലഭ്യമാക്കുന്ന ഒരു സമീപനമാണ് പുതിയതായി ആവിഷ്കരിക്കുന്ന തന്ത്രം. നാളികേരത്തെ

കൂടി ടെക്നോളജിമിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഇതൊക്കെ സാദ്ധ്യമാവുന്നതേയുള്ളൂ. ഇതിന്റെ സംഘടന, നാളികേര കൃഷിക്കാരുടെ ഉടമസ്ഥതയിലും, മാനേജ്മെന്റിലും പ്രവർത്തിക്കുന്ന കർഷകരുടെ ചെറിയ കാർഷിക വ്യവസായ കൂട്ടായ്മ (അഗ്രി-ബിസിനസ് കൺസോർഷ്യം) രൂപീകരിക്കുകയും, അവയെ നിലവിലുള്ള പൊതുജനങ്ങൾക്കിടയിലും സ്വകാര്യ വ്യക്തികളിലും, സഹകരണ മേഖലയിൽ നിന്ന് ലഭ്യ മായ സൗകര്യങ്ങൾ വിനിയോഗിച്ചും, കൊപ്രാ നിർമ്മാണം പോലുള്ള ചെറുകിട സംസ്കരണം നടത്തി പ്രവർത്തിപ്പിക്കുകയാണ് വേണ്ടത്. ഒരു സംയോജിത കൂട്ടായ്മ സ്വീകരിച്ചുകൊണ്ടും, പ്രാഥമികമായ കേന്ദ്രീ കൃതസൗകര്യങ്ങളും സേവനങ്ങളും വ്യവസ്ഥ ചെയ്തുകൊണ്ടും (ക്ഷീരോത്പാദനത്തിലും, സംസ്കരണ ത്തിലും അമൂലിന്റെ മാതൃക സ്വീകരിച്ച്) പ്രവർത്തിക്കേണ്ടതാണ്. ഈ പദ്ധതിയെ സഹായിക്കുവാൻ നബാർഡുപോലുള്ള സ്ഥാപനങ്ങളും സാങ്കേതികമായി (കൂട്ടായ്മയ്ക്കായി) കാർഷിക സർവ്വകലാശാല യേയും വിഭാവനം ചെയ്തിട്ടുണ്ട്. ഇപ്പോൾ തന്നെ സംസ്ഥാനത്ത് ചെറുകിട കർഷകരുടെ കാർഷികവ്യവ സായ കൂട്ടായ്മ (SFAC) സമ്പ്രദായത്തിനുതകുന്ന ഒരു അടിത്തറ നിലവിലുണ്ട്. കേന്ദ്ര ചെറുകിട കർഷക അഗ്രോ-ബിസിനസ്സ് കൺസോർഷ്യത്തിന്റെ കേന്ദ്രീകൃത സേവനത്തിൽ നിന്നും ധനസഹായം ലഭ്യമാകു ന്നതാണ്.

### മൂന്നു പൈലറ്റു പദ്ധതികൾ

50 ആയിരത്തിനും 100 ആയിരത്തിനും ഹെക്ടർ ഇടയ്ക്കുള്ള മൂന്നു മേഖലകളായി സംസ്ഥാനത്തെ തിരിച്ചുകൊണ്ടാണീ പൈലറ്റു പദ്ധതികൾ ആരംഭിച്ചിട്ടുള്ളത്. ഒന്ന് തെക്കൻ പ്രദേശത്തെ (തിരുവിതാം കൂർ) മേഖല രോഗബാധിതമായ ഒനാട്ടുകരയാണ്. മദ്ധ്യമേഖല കൊച്ചിയിലെ ചെറിയ ജലസേചന സൗക ര്യമുള്ള തോട്ടങ്ങളും തൃശ്ശൂർ ജില്ലയും ഉൾപ്പെടുന്നു. വടക്ക് (മലബാർ) മേഖല കോഴിക്കോടോ, കണ്ണൂരോ ഉള്ള സമൃദ്ധമായി മഴ ലഭ്യമായ തോട്ടങ്ങളിലുമാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്.

### 4) ഔഷധസസ്യങ്ങളും ഗിരിവർഗ്ഗ ക്ഷേമവും

സംസ്ഥാനത്ത് ഇപ്പോൾ ഹരിത ആരോഗ്യ വിനോദസഞ്ചാരത്തിന് പ്രചാരം കൂടി വരികയാണ്. ഇപ്പോൾ തന്നെ ഇത്തരത്തിലുള്ള വിനോദ സഞ്ചാരമുണ്ട്. ഇതിനു കാരണം അനേകായിരം വർഷത്തെ ആയുർവേദ പാരമ്പര്യവും, ഔഷധ സസ്യങ്ങളുടെ സമൃദ്ധിയുമാണ്. ഈ നല്ല അവസരം സംസ്ഥാനം പ്രയോജനപ്പെടു ത്തേണ്ടതാണ്. നമുക്ക് കൂടുതൽ ഔഷധച്ചെടികൾ വളർത്തേണ്ടതുണ്ട്. അതുകൊണ്ട് തീർച്ചയായും അവ കൃഷിച്ചെയ്യുന്നവർക്കും സംസ്കരിക്കുന്നവർക്കും പ്രയോജനം ലഭിക്കും. താഴെത്തതട്ടിൽ ധാരാളം തൊഴി ലവസരങ്ങളുണ്ടാകും. ഔഷധ സസ്യകൃഷിക്കു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കേണ്ടതു ണ്ട്. ഔഷധകൃഷിയ്ക്കും സംരക്ഷണത്തിനുമുള്ള അവകാശം ആർക്കാണ് എന്ന് നിശ്ചയിക്കുന്നതിനും സസ്യങ്ങൾക്കും ഔഷധങ്ങൾക്കും ലേബൽ നൽകുന്നതിനും അവയ്ക്ക് സാക്ഷ്യപത്രം കൊടുക്കുന്നതിനു ം വേണ്ട നടപടികൾ തീർച്ച വരുത്തണം. ഗിരിവർഗ്ഗ ജനതയുടെ സമഗ്ര വികസനത്തിന്റെ ഒരു അവിഭാജ്യ ഘടകമായി തന്നെ ഔഷധസസ്യകൃഷി പ്രോത്സാഹനത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തെ മാറ്റേണ്ട താണ്. കാരണം, പരമ്പരാഗതമായി ഗിരിവർഗ്ഗ ഗോത്ര ആദിവാസി കുടുംബങ്ങളാണ് പൊതുവേ ഔഷധ സസ്യങ്ങളുടേയും, പ്രത്യേകിച്ചും ജൈവ വൈവിധ്യത്തിന്റേയും പരിപാലകരും സംരക്ഷകരും. ഈ സസ്യ ങ്ങളുടെ സംരക്ഷണത്തിനായി **ജീൻബാങ്കുകളും,** വംശവർദ്ധനവിന്റെ പ്രോത്സാഹനാർത്ഥം **സീഡ്ബാങ്കു കളും** സ്ഥാപിക്കേണ്ടതുണ്ട്. കൂടാതെ ഔഷധസസ്യ കൃഷിക്കാരുടെ സ്വയം സഹായ കൂട്ടായ്മകൾ (SHGS) സംഘടിപ്പിച്ച് ഉത്പാദനം മെച്ചപ്പെടുന്നതുമെല്ലാം ഔഷധസസ്യ കൃഷി സംരക്ഷണത്തിനായി ഒരുക്കുന്ന അടിസ്ഥാന സൗകര്യ വികസനത്തിന്റെ പ്രധാന ഭാഗമായി പരിഗണിക്കേണ്ടതുണ്ട്. സൈലന്റ് വാലിയിൽ നിന്നുനോക്കുമ്പോൾ വയനാട്ടിലേക്ക് കടന്നുപോകുന്ന ഇടങ്ങളിൽ അസുലഭമായ ഏതാനും ഔഷധസ സ്യങ്ങളും, ഔഷധ അരിയും വളർത്തുന്നത് കാണാം. ആ പ്രദേശം ഒരു ജൈവത്താഴ്വരയായി (Bio-Valley) വികസിപ്പിക്കാവുന്നതാണ്.

### കമ്മിഷന് 2002-2003 ബഡ്ജറ്റിൽ ഒരു ലൈൻ

കേരളത്തിൽ കാർഷിക രംഗത്തുണ്ടായ പ്രതിസന്ധിയെ നേരിടാനുള്ള അടിയന്തിര പ്രതികരണം എന്ന നിലയ്ക്കാണ്, ഈ പ്രതിസന്ധിയുടെ ഉത്തരവാദിത്വം ഭാഗികമായി സംസ്ഥാനത്തിന്റേയും, ഭാഗികമായി WTO വ്യവസ്ഥയുടെ ആവിർഭാവത്തോടെ കൃഷിയെ സംബന്ധിച്ച കരാറുകളുടേയും ആണെങ്കിലും, പ്രതി സന്ധി മൂർച്ഛിച്ച സാഹചര്യത്തിലാണ് ഇതേ കുറിച്ചന്വേഷിക്കാൻ, ഈ കമ്മിഷനെ നിയമിച്ചത്. ലോക വ്യാപാ രസംഘടനയും (WTO) അതിൽ ഇന്ത്യാ അംഗമായതും അലംഘനീയമായ യാഥാർത്ഥ്യം തന്നെയാണ്.

എന്നാൽ ലോക വ്യാപാര സംഘടനയുമായി മുഖാമുഖം സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുവാൻ അനുരഞ്ജനങ്ങളിലേർപ്പെടുമ്പോൾ സാമ്പ്രദായികമായി എന്തെല്ലാം ഉപകരണ സംവിധാനങ്ങൾ സ്വീകരിക്കണമെന്ന് സംസ്ഥാനത്തെ ഉപദേശിക്കുന്നത് കമ്മിഷനെ സംബന്ധിച്ചിടത്തോളം അപക്വമായിരിക്കും. ചുരുങ്ങിയ കാലത്തെ പ്രവർത്തനത്തിൽ സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെ വിവിധ ഏജൻസികളുമായും, പ്രതിസന്ധി ബാധിതരും, വിവിധ താൽപര്യമുള്ള കക്ഷികളും ആയി നടത്തിയിട്ടുള്ള പ്രതിപ്രവർത്തനത്തിലും ആശയ വിനിമയത്തിലും അപ്രകാരം തുറന്നു കിട്ടിയ അനുഭവങ്ങളിൽ നിന്നും കമ്മിഷന് ബോദ്ധ്യമായ വസ്തുത എന്തെന്നാൽ, സംസ്ഥാനത്തിന് അതിന്റെ ശേഷികളെ വളരെ ഗണ്യമായ അളവിൽ വികസിപ്പിക്കേണ്ടതുണ്ടെന്നും, ഇന്നത്തെ പ്രതിസന്ധിയുമായി ബന്ധപ്പെട്ട സങ്കീർണ്ണമായ സ്ഥിതിഗതികൾ മനസ്സിലാക്കുകയും സംസ്ഥാനം അതിന്റെ ശേഷികളും അറിവുകളും സമാഹരിച്ച് ശക്തിയാർജ്ജിച്ചു കൊണ്ടുവേണം, ദേശീയവും അന്തർദേശീയവുമായ വേദികളിൽ സംസ്ഥാനത്തിന്റെ ജീവൻ പ്രശ്നങ്ങളെപ്പറ്റിയുള്ള അനുരഞ്ജനങ്ങൾക്ക് തയ്യാറാവേണ്ടത് എന്നാണ്. ഇപ്പോഴത്തെ പരിതഃസ്ഥിതികളിൽ കാർഷിക, കാർഷിക-വ്യാപാര, പ്രതിസന്ധിയോട് എങ്ങിനെ ഫലപ്രദമായി പ്രതികരിക്കണമെന്ന് നിർദ്ദേശിക്കുവാൻ മാത്രമാണ് ഈ കമ്മിഷൻ നിയോഗിക്കപ്പെട്ടിട്ടുള്ളത് എന്നതിനാൽ കമ്മിഷന്റെ ശുപാർശകൾക്ക് താൽകാലിക പ്രാധാന്യമേയുള്ളൂ. എന്നിരുന്നാലും ഇതുവരെയുള്ള അനുഭവങ്ങൾ കാണിക്കുന്നത്, കമ്മിഷന് മതിയായ സാമ്പത്തിക സ്രോതസ്സുകൾ ലഭ്യമാക്കുകയും വരുന്ന ബഡ്ജറ്റിൽ ഒരു പ്രത്യേക ബഡ്ജറ്റ് ലൈൻ ചേർക്കുന്നത്. കമ്മിഷനിൽ അവരോധിതമായ, പരിമിതമായതെങ്കിലും, ചുമതലകൾ പ്രതീക്ഷയ്ക്കൊത്ത് നിറവേറ്റാൻ അത് സഹായിക്കുമെന്നാണ് തോന്നുന്നത്. പദ്ധതിയേതര കരുതലിൽനിന്നും വിഭിന്നമായി ആവശ്യമുള്ള നീക്കിവയ്പ് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ഒരു ബഡ്ജറ്റ് ലൈൻ സ്വരൂപിക്കുന്നത് ബുദ്ധിമുട്ടുള്ളതായിരിക്കുകയില്ല. മാത്രവുമല്ല അത് നിതീകരിക്കാവുന്നതുമായിരിക്കുമെന്നും കമ്മിഷൻ അഭിപ്രായപ്പെടുന്നു.

**അനുബന്ധം 6**

## മൂന്നാം ഇടക്കാല ശുപാർശകൾ

### WTO യും കാർഷിക പ്രശ്നങ്ങളും സംബന്ധിച്ച കമ്മിഷൻ

അടിയന്തിര പരിശോധനയ്ക്കുള്ള ശുപാർശകൾ/2002 ജൂലൈ 18,19 തീയതികളിൽ തിരുവനന്തപുരത്ത് ചേർന്ന കമ്മിഷന്റെ മൂന്നാമത്തെ യോഗത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട നടപടികൾ

ജൈവകൃഷിക്കായി ഒരു ദേശീയ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാനും ആ സ്ഥാപനത്തിന് ജൈവ ഉത്പന്നങ്ങൾക്ക് സാക്ഷ്യപത്രം നൽകുവാൻ അവകാശാധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണെന്നും ഭാരത സർക്കാർ തീരുമാനിച്ചിട്ടുള്ളതായി കേന്ദ്ര കൃഷി വകുപ്പുമന്ത്രി ശ്രീ. അജിത് സിംഗ് അടുത്തകാലത്ത് പ്രഖ്യാപിക്കുകയുണ്ടായി.

ജൈവസുഗന്ധദ്രവ്യങ്ങളും, തേയില, കാപ്പി, കൈതച്ചക്ക, വാഴപ്പഴം, ഔഷധസസ്യങ്ങൾ എന്നിവയുടേയും മറ്റു ജൈവകാർഷിക ഉത്പന്നങ്ങളുടേയും, ഉത്പാദനത്തിലും, വിപണനത്തിലും ദേശീയതലത്തിൽ നേതൃത്വം വഹിക്കുന്ന സംസ്ഥാനമാണ് കേരളം. ജൈവ റബ്ബർ കൂടി ഉത്പാദിപ്പിക്കുന്നതിനും, മാരകമായ എച്ച്.ഐ.വി./എയ്ഡ്സ് വിപത്തുകൾക്കെതിരെ പോരാടുവാൻ ഉതകുന്ന രോഗപ്രതിരോധ ഉറകൾ നിർമ്മിക്കുവാനുള്ള സന്നദ്ധത കേരളം മുന്നോട്ടുവച്ചിട്ടുണ്ട്. അതിനാൽ എന്തുകൊണ്ടും കേരളമാണ്, നിർദ്ദിഷ്ടമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഓർഗാനിക് ആഗ്രികൾച്ചറും (NIOA) അനുബന്ധ സാക്ഷ്യപ്പെടുത്തൽ ഏജൻസിയും സ്ഥാപിക്കുവാൻ ഏറ്റവും ഉചിതമായ സംസ്ഥാനം.

ഈ ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റവും മാതൃകാപരമായി അനുയോജ്യമായ ഏകദേശം 200 ഹെക്ടർ സ്ഥലം പാലക്കാട് ജില്ലയിലെ തിരുവാഴാംകുന്നിൽ കേരള കാർഷിക സർവ്വകലാശാലയിൽ ലഭ്യമാണ്. ബഹു. കേരള മുഖ്യമന്ത്രിയും, ബഹു. കൃഷി വകുപ്പുമന്ത്രിയും ഈ സംസ്ഥാനത്തിന് കേരളത്തിലുള്ളതായ ഭൂമിയും മറ്റു സൗകര്യങ്ങളും വാഗ്ദാനം ചെയ്തുകൊണ്ട് കേന്ദ്ര സർക്കാരിന് എത്രയും വേഗം എഴുതണമെന്ന് കമ്മിഷൻ അഭ്യർത്ഥിക്കുന്നു. ഈ സ്ഥാപനം കേരളത്തിലെ ജൈവകൃഷി പ്രസ്ഥാനത്തെ ശക്തമാക്കാൻ വളരെയേറെ സഹായിക്കുമെന്നും, ആരോഗ്യദായകമായ ഭക്ഷ്യധാന്യങ്ങളും മറ്റു വിഭവങ്ങളും, ആഭ്യന്തരവും

അന്തർദേശീയവുമായ ഉപഭോഗത്തിന് ഉതകുന്ന നിരവധി മൂല്യവർദ്ധിത കാർഷിക ഉത്പന്നങ്ങളും നിർമ്മിക്കുവാൻ പരമാവധി സഹായിക്കുമെന്നും കമ്മിഷന് തീർച്ചയുണ്ട്.

## 2) ജിയോഗ്രാഫിക്കൽ ഇന്റിക്കേഷൻസ് (GI)

കേന്ദ്രത്തിൽ ജിയോഗ്രാഫിക്കൽ ഇൻഡിക്കേഷന്റെ (GI) കാര്യത്തിൽ സർക്കാർ നടത്തിയ നിയമ നിർമ്മാണം (ദി ജിയോഗ്രാഫിക്കൽ ഇന്റിക്കേഷൻസ് ഓഫ് ഗുഡ്സ്-രജിസ്ട്രേഷൻ ആന്റ് പ്രൊട്ടക്ഷൻ ആക്ട്, 1999) ഒരു നാഴികകല്ലാണ്. ഈ നിയമം നമ്മുടെ പല പരമ്പരാഗത ഉത്പന്നങ്ങളുടേയും അതുല്യമായ ഗുണങ്ങൾ ആഗോളമായി സ്ഥാപിച്ചെടുക്കുന്ന കാര്യത്തിൽ നമുക്ക് വിപുലമായ അവസരം നൽകിയിരിക്കുന്നു. താഴെപ്പറയുന്ന ഉൽപന്നങ്ങൾ യോഗ്യതയുള്ളവരുടേയും, സാങ്കേതിക വൈദഗദ്ധ്യം ഉള്ളവരുടേയും പരിശോധനയ്ക്കുശേഷം ജിയോഗ്രാഫിക്കൽ വ്യവസ്ഥകൾ അനുസരിച്ച് അംഗീകാരം ലഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സത്വരമായി തയ്യാറാക്കണമെന്ന് കമ്മിഷൻ കേരള സർക്കാരിനോട് ശുപാർശ ചെയ്യുന്നു.

### മലബാർ കുരുമുളക്

അനേകം നൂറ്റാണ്ടുകൾക്കു മുമ്പ് മുതൽ കേരളത്തിന്റെ കുരുമുളക് 'മലബാർ പെപ്പർ' എന്ന പേരിലാണ് ലോകമെമ്പാടും അറിയപ്പെട്ടുവരുന്നതും, അതിന്റെ ഔഷധഗുണവും, പാചകത്തിൽ അതിനുള്ള അതുല്യമേന്മയും വളരെയേറെ വിലമതിക്കപ്പെട്ടിട്ടുള്ളതാണ്. അതിനാൽ കേരളത്തിന്റെ കുരുമുളകിന് 'മലബാർ' എന്ന ജിയോഗ്രാഫിക്കൽ ഇൻഡിക്കേഷൻ (ഏക) ലഭിക്കേണ്ടതാണ്.

### ആയുർവേദം

കേരളത്തിലുള്ള എല്ലാ പാരമ്പര്യ ഔഷധസസ്യങ്ങൾക്കും ജിയോഗ്രാഫിക്കൽ ഇന്റിക്കേഷൻ GI നൽകണം. ആയുർവേദം അതിന്റെ യഥാർത്ഥ പാരമ്പര്യരീതിയിലും, പ്രാക്തനമായ പരിശുദ്ധിയിലും ഇന്നും പരിരക്ഷിച്ചു പോരുന്നത് കേരളത്തിൽ മാത്രമാണ്.

## (3) കാർഷിക കയറ്റുമതി മേഖലകൾ (Agri-Export Zones)

ഇതിനകംതന്നെ യൂറോപ്യൻ കമ്മിഷന്റെ പിന്തുണയോടെ കേരളം ആറ് കാർഷിക മൊത്ത വിപണികൾ (Agricultural Wholesale Markets) വളരെ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളോടുകൂടി വികസിപ്പിച്ചെടുത്തിട്ടുണ്ട്. പിന്നോക്കം നില്ക്കുന്ന ഉത്പാദകരുടേയും, മുന്നോക്കം നില്ക്കുന്ന ഉപഭോക്താക്കളുടെയും പരസ്പരബന്ധത്തെ അതിന്റെ യഥാസ്ഥാനത്ത് ഫലപ്രദമായി പ്രതിഷ്ഠിക്കുന്നിടത്താണ് ഈ മേഖലകളുടെ വിജയം സ്ഥിതിചെയ്യുന്നത്. ഈ കാർഷിക കയറ്റുമതി മേഖലകൾ അതിവേഗം വികസിപ്പിക്കുന്നതിന് സവിശേഷ ദർശനവും കാര്യക്ഷമതയും ചെലവ് കുറഞ്ഞ ക്രയ വിക്രയ ശേഷിയുമുള്ള ഒരു സമഗ്രമാനേജ്മെന്റ് ഏജൻസിയെ അടിയന്തിരമായി നിയമിക്കേണ്ടതാണ്. ഈ കയറ്റുമതി മേഖലകളുടെ സാമ്പത്തിക വിജയം ഉറപ്പാക്കുന്നതിന് അനുയോജ്യമായ വിധത്തിൽ പൊതുമേഖലയിലേയും സ്വകാര്യ രംഗത്തേയും കാര്യക്ഷമതയുള്ള ഏജൻസികളുമായി മേഖലകൾ തന്ത്രപരമായ സൗഹാർദ്ദ സഖ്യങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്. ഒരു കാർഷിക മേഖലയുടെ ശക്തമായി വികസിപ്പിച്ചു കൊണ്ടുവരാൻ ആവശ്യമായ സഹായം ചെയ്യുവാനും ഒരു പങ്കാളിയാകുവാനും നാഷണൽ ഡയറി ഡവല്പമെന്റ് ബോർഡിനു കഴിയുന്നതാണ്. മറ്റു രണ്ടു മേഖലകൾ വികസിപ്പിക്കുവാൻ ഹിന്ദുസ്ഥാൻ ലിവറിന്റെയും, നാഷണൽ ഹോർട്ടികൾച്ചറൽ ഡവലപ്മെന്റ് ബോർഡിന്റെ (കേന്ദ്ര പച്ചക്കറി വികസന ബോർഡിന്റെ) യും സഹകരണം പരിഗണിക്കുന്നതാണ്. അനുയോജ്യമെന്നു തോന്നുന്ന പക്ഷം, പുനരുജ്ജീവിക്കപ്പെട്ടതും, പുനഃസംഘടിപ്പിക്കപ്പെട്ടതും, പുതിയ ഉപകരണങ്ങളും സജ്ജീകരണങ്ങളും ഉള്ള സംസ്ഥാന ചെറുകിട കാർഷിക വ്യവസായ കൺസോർഷ്യത്തെ (SFAC) ഇവയുടെ ആകെക്കൂടിയുള്ള മാനേജ്മെന്റ് ചുമതല ഏല്പിക്കാവുന്നതാണ്. കാർഷിക ഉൽപന്നങ്ങൾ വിദേശങ്ങളിൽ കയറ്റുമതി ചെയ്യുന്ന ഈ മേഖലയിൽ യുവാക്കളായ സംരംഭകരെ ആകർഷിക്കുന്നതിനായി അഗ്രി-ക്ലിനിക്കുകളുടെയും നബാർഡിന്റെ അഗ്രിബിസിനസ്സ് സെന്റർ പരിപാടിയെയും, കേന്ദ്ര SFAC യേയും, MANAGE എന്നീ സ്ഥാപനങ്ങളുടേയും സഹായ സഹകരണങ്ങൾ പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്.

ഇത് സംബന്ധിച്ചുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യുവാനും, കയറ്റുമതി സോണുകളുടെ പ്രാരംഭത്തിന് അന്തിമരൂപം നല്കുവാനും ഒരു ഏകദിന ബ്രെയിൻ സ്റ്റോമിംഗ് (തലപുകയ്ക്കുന്ന) കൂടിയാലോചനാ യോഗം എത്രയും നേരത്തെ വിളിച്ചു കൂട്ടണമെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു. കേരളത്തിലെ ഇന്നത്തെ

കടുത്ത പ്രതിസന്ധിയുടെ ക്ലേശങ്ങൾക്കിരയായവരും, പ്രശ്നബാധിതരും, നെതർലാണ്ട്(ഡച്ച്) സർക്കാരിനെ പോലുള്ള ദ്വിമുഖ ഏജൻസികളും ഈ ആലോചനാ യോഗത്തിൽ ക്ഷണിക്കപ്പെടുന്നത് കേരളത്തിന് വിദേശ വിപണി ബന്ധങ്ങൾ വിപുലമാക്കുന്നതിനും വികസിപ്പിക്കുന്നതിനും സഹായകമായിരിക്കും.

### (5) കാർഷിക വ്യാപാരത്തിന് ഒരു കല്പിത സർവ്വകലാശാല സ്ഥാപിക്കണം

കേരളത്തിന്റേയും ഇന്ത്യയുടേയും സമ്പദ് വ്യവസ്ഥയുടേയും ജീവത്തായ മേഖലയായ വ്യാപാരത്തിന് ആവശ്യമായ വിവരവും വിജ്ഞാനവും മറ്റും നൽകുന്നതിന് ആധുനിക വിവര സാങ്കേതിക വിദ്യയും, ആശയ(വാർത്താ) വിനിമയ മാധ്യമങ്ങളും 21-ാം നൂറ്റാണ്ടിന്റേതായ ഒരു സ്ഥാപനം രൂപീകരിക്കുന്നതിന് അതുല്യമായ ഒരു അവസരം വാഗ്ദാനം ചെയ്തിരിക്കുന്നു. ഇതിന്റെ രൂപീകരണത്തിന് പരിശീലനം നൽകപ്പെട്ട യുവജനങ്ങളുടെ ഒരു സന്നദ്ധ സംഘത്തെ വിപുലമായ തോതിൽ വാർത്തെടുക്കണം. താഴെപ്പറയുന്ന മേഖലകളിൽ നിഷ്ണാതരായ യുവജനങ്ങളേയും മാധ്യമ പ്രവർത്തകരേയും സജ്ജമാക്കിയെടുക്കണം.

1. ലോക വ്യാപാര സംഘടനയുടെ (WTO) നിയമങ്ങളും ചട്ടങ്ങളും, ദോഹ സമ്മേളനാനന്തര അനുരഞ്ജനങ്ങളും
2. ദേശീയ വ്യാപാര രംഗവും അവസരങ്ങളും വെല്ലുവിളികളും
3. പേറ്റന്റുകൾ, ബൗദ്ധിക സ്വത്തവകാശ നിയമങ്ങൾ, ജിയോഗ്രാഫിക്കൽ ഇന്റിക്കേഷൻസ്, UPOR (യൂണിയൻ ഫോർ ദ പ്രൊട്ടക്ഷൻ ഓഫ് ന്യൂ വെറൈറ്റീസ് ഓഫ് ക്രോപ്സ്) (പുതിയ വിള വൈവിധ്യ സംരക്ഷണ സംഘടന), WIPO, വേൾഡ് ഇന്റലക്ച്വൽ പ്രോപ്പർട്ടി റൈറ്റ്സ് ഓർഗനൈസേഷൻ (ലോക ബൗദ്ധിക സ്വത്തവകാശ സംഘടന), TRIPS ട്രേഡ് റിലേറ്റഡ് ഇന്റലക്ച്വൽ പ്രോപ്പർട്ടി റൈറ്റ്സ് (വ്യാപാരവുമായി ബന്ധപ്പെട്ട ബൗദ്ധിക സ്വത്തവകാശം)
4. കേരളത്തിന്റെ വ്യാപാരവും അവസരങ്ങളും, പരിമിതികളും
5. മീഡിയാ റിസോഴ്സ് സെന്റർ, (മാധ്യമ വിഭവ കേന്ദ്രം)

വ്യാപാര സർവ്വകലാശാല കമ്മിഷൻ ഉദ്ദേശിക്കുന്ന വ്യാപാര സർവ്വകലാശാല തത്വത്തിൽ ഒരു കല്പിത കലാശാല അടിസ്ഥാനമാക്കിയുള്ളതാണ്. ഇതിനെ പ്രവർത്തിപ്പിക്കേണ്ടത് പൊതു മേഖലയിലേയും സ്വകാര്യ മേഖലയിലേയും ഏജൻസികളുടെ ഒരു കൺസോർഷ്യം (കൂട്ടായ്മ) ആയിരിക്കണം. പരിമിതമായ മുതൽ മുടക്കേ പാടുള്ളൂ. മുകളിൽ പ്രസ്താവിച്ച ഓരോ മേഖലയിലും പ്രത്യേക പഠനം നടത്തുന്ന ഒരു സീനിയർ ഫാക്കൽറ്റി അംഗത്തിന്റെ സേവനം ഇതിന് ആവശ്യമായി വരുന്നതാണ്.

### ജൈവ വൈവിദ്ധ്യവും ബൗദ്ധിക സ്വത്തവകാശവും

ആഗോള ജൈവ വൈവിദ്ധ്യ സമ്മേളനം (GCBD) ത്തിന്റെ നിർദ്ദേശാനുസരണം കേന്ദ്ര ജൈവവൈവിധ്യ നിയമം നടപ്പിലാക്കുവാൻ വേണ്ടി കർമ്മോന്മുഖമായ പ്രവർത്തന പരിപാടികൾ സംഘടിപ്പിക്കുവാൻ ഏതാനും വർഷങ്ങൾക്ക് മുമ്പ് സംസ്ഥാന സർക്കാർ സയൻസ് ആന്റ് ടെക്നോളജി ആൻഡ് എൻവയൺമെന്റിന്റെ (STE) സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഒരു കേരള ജൈവവൈവിധ്യ ബോർഡ് (KBB) രൂപീകരിച്ചിരുന്നു. കേരളത്തിലെ കർഷക കുടുംബങ്ങളും, ഗ്രാമീണ ഗിരിവർഗ്ഗ കുടുംബാംഗങ്ങളും നിർദ്ദിഷ്ടമായ ബയോ ഡൈവേഴ്സിറ്റി (ജൈവ വൈവിധ്യ നിയമം) ആക്ടിലും, (PPFVRA) അതായത് സസ്യ വൈവിധ്യ സംരക്ഷണവും കർഷകരുടെ അവകാശവും സംബന്ധിച്ച നിയമത്തിലും അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ എന്തെല്ലാം അറിഞ്ഞിരിക്കേണ്ടതുണ്ട്. ആയതിനാൽ സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ (KBB) പ്രവർത്തനം അടിയന്തിരമായി ഊർജ്ജസ്വലമാക്കണമെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു. ഈ ബോർഡ് താഴെപ്പറയുന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുവാൻ പ്രാഗത്ഭ്യമുള്ള വ്യക്തികളെ സർക്കാരേതര സംഘടകളിൽ നിന്നോ അക്കാദമിക് സമൂഹത്തിൽ നിന്നോ, നിയമിക്കുന്ന വിദഗ്ദരുടെ അദ്ധ്യക്ഷതയിലുള്ള സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

### വിഷയങ്ങൾ

1. ജൈവ വൈവിധ്യത്തിന്റെ സംരക്ഷണം
2. കാർഷിക ജൈവ വൈവിധ്യം ഉൾപ്പെടെയുള്ള ജൈവ വൈവിധ്യത്തന്റെ സുസ്ഥിരമായ ഉപയോഗം.
3. ജൈവ വൈവിധ്യത്തിന്റെ പ്രയോജനങ്ങളും ഗുണങ്ങളും തുല്യമായി പങ്കുവയ്ക്കുക.

ഇതുകൂടാതെ പാരമ്പര്യ ഔഷധ സസ്യങ്ങളും ആരോഗ്യപരിശീലനവും എന്നിവയെക്കുറിച്ച് അറിയാ

വുന്നവരുൾപ്പെടെ ബൗദ്ധിക സ്വത്തവകാശത്തെ സംബന്ധിച്ചുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യാനറിയാവുന്ന ഒരുകൂട്ടം ആളുകൾ ഉണ്ടായിരിക്കേണ്ടതാണ്. ഈ ബോഡികളെ കേന്ദ്ര നിയമ നിർമ്മാണം നിയമ പ്രാബല്യത്തിൽ വന്നതിനുശേഷം നിയമ സാധുതയും അധികാരവുമുള്ള (സ്റ്റാറ്റ്യൂട്ടറി) സമിതികളായി മാറ്റുവാൻ കഴിയുന്നതാണ്. മുകളിൽ പരാമർശിച്ച നിയമങ്ങളിലെ വ്യവസ്ഥകളെപ്പറ്റി കൂടുതൽ അവബോധം നമ്മുടെ എല്ലാ വിഭാഗം ജനങ്ങൾക്കിടയിലും സൃഷ്ടിക്കേണ്ടതിന്റെ ആവശ്യമുണ്ട്. പ്രത്യേകിച്ചും പഞ്ചായത്തു മെമ്പറന്മാരായ സ്ത്രീപുരുഷൻമാർക്ക് ഈ ലക്ഷ്യത്തിലെത്താൻ അനുയോജ്യമായ പരിശീലന മാതൃകകൾ (Module) തയ്യാറാക്കണം. ജൈവ വൈവിധ്യത്തിന്റെ സുസ്ഥിരവും തുല്യതയിലധിഷ്ഠിതവുമായ വിനിയോഗവും സംരക്ഷണവും നടത്തുവാൻ ആവശ്യമായ ശേഷിനിർമ്മാണ പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ എന്നിവ നടത്താനുള്ള ചുമതലകൾ ഏറ്റെടുക്കുവാൻ വിവിധ കമ്മോഡിറ്റി ബോർഡുകളോട് അഭ്യർത്ഥിക്കാവുന്നതാണ്.

### (6) മത്സ്യമേഖല

രാജ്യത്തെ മത്സ്യമേഖല, മത്സ്യവ്യാപാരം മൊത്തമായി എടുത്താൽ അതിൽ കേരളത്തിന്റെ പങ്ക്, സാമ്പത്തികമായി നോക്കിയാൽ ക്രമേണ താഴോട്ടു താഴോട്ടു പോകുന്നൊരു പ്രവണതയാണ് പ്രകടിപ്പിക്കുന്നത്. അതിനാൽ ഈ രംഗത്ത് അടിയന്തിരമായി രണ്ടു നപടികൾ സ്വീകരിക്കേണ്ടതാണ്.

ആദ്യമായി, ഒരു ഗുണ നിലവാര സാക്ഷരതാ പ്രസ്ഥാനം ആരംഭിക്കേണ്ടത് വളരെ ആവശ്യമാണ്. മത്സ്യബന്ധനം, മത്സ്യസംസ്കരണം എന്നിവയിൽ ഏർപ്പെടുന്ന കുടുംബങ്ങൾ, ഈ മേഖലയിലെ വ്യാപാരവുമായി ബന്ധപ്പെട്ടവർ എല്ലാം തന്നെ സാനിട്ടറിയും ഫൈറ്റോസാനിട്ടറിയുമായ വ്യവസ്ഥകൾ (സസ്യജീവി ജാലങ്ങളുടെ ശുചിത്വവും രോഗാണു വിമുക്തിയും സംബന്ധിച്ച നിയമങ്ങൾ), കോഡക്സ് എലിമെന്റേറിയസ് മാനദണ്ഡങ്ങൾ എന്നിവ എന്താണെന്ന് തികച്ചും അറിവുള്ളവരായിത്തീരേണ്ടതുണ്ട്. തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് അംഗങ്ങളടക്കം മറ്റു ബന്ധപ്പെട്ടവർക്കും ഹ്രസ്വകാല പരിശീലനവും, വേണ്ട പുസ്തകങ്ങളും മറ്റു പാഠ്യ വസ്തുക്കളും നില്ക്കുകയും, അവർക്കാവശ്യമായ പരിശീലന മൊഡ്യൂളുകൾ മലയാളത്തിൽ തയ്യാറാക്കുകയും ചെയ്യണം.

രണ്ടാമതായി, ഇന്നത്തെ പൊതു പ്രതിസന്ധി നിമിത്തം മത്സ്യമേഖലയിൽ ബുദ്ധിമുട്ടും ക്ലേശങ്ങളും അനുഭവിക്കുന്ന എല്ലാ വിഭാഗങ്ങളെപ്പറ്റിയും വസ്തുനിഷ്ഠമായി പഠിക്കുവാനുള്ള സന്നദ്ധത ആരെങ്കിലും ഏറ്റെടുക്കേണ്ടതാണ്. മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന ദരിദ്ര ജനവിഭാഗത്തിന്റെ ഉപജിവന സുരക്ഷയ്ക്ക് ഊന്നൽ കൊടുക്കുന്നതായിരിക്കണം ഏതു പഠനവും, കൂടാതെ ലിംഗപരമായ പ്രത്യേകതകൾ വിശേഷിച്ചും വനിതകൾ നേരിടുന്ന നിരവധി ആരോഗ്യ പ്രശ്നങ്ങൾ (ഉദാഃചെമ്മീനിന്റെ തോട് ഉരിക്കുന്ന വനിതകളുടെ) പ്രസ്തുത പഠനത്തിന്റെ ശ്രദ്ധയിൽപ്പെടണം. കൂടാതെ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർക്കും അനുബന്ധ പ്രവർത്തനങ്ങൾ ചെയ്യുന്നവർക്കും ഒരു പെരുമാറ്റച്ചട്ടം ആവിഷ്ക്കരിക്കുകയും, അതിന് പ്രചാരണം കൊടുക്കുകയും വേണം.

### (7) കൃഷിയെ സംബന്ധിച്ച് WTO കരാറും അടുത്ത വട്ട ചർച്ചകളും

ദോഹാ മന്ത്രിതല സമ്മേളനത്തിൽ പങ്കെടുത്ത ലോക വ്യാപാര സംഘടനയിലെ അംഗങ്ങൾ ലോക കാർഷിക വിപണിയിൽ നിലവിലിരിക്കുന്ന നിയന്ത്രണങ്ങളും വികലതകളും നീക്കുവാനാവശ്യമായ മാറ്റങ്ങൾ അത്യന്താപേക്ഷിതമാണ് എന്ന കാര്യം അംഗീകരിച്ചിരുന്നു. ദോഹാ മന്ത്രിതല പ്രഖ്യാപനമാകട്ടെ, വികസ്വര രാജ്യങ്ങളുടെ പ്രത്യേക ആവശ്യങ്ങളെ അംഗീകരക്കുന്ന നീതിപൂർവ്വമായ ഒരു കാർഷിക-വ്യാപാര സംവിധാനം സ്ഥാപിക്കുവാനുള്ള WTO യുടെ പ്രതിബദ്ധതയ്ക്ക് അടിവര ഇടുകയാണുണ്ടായത്. കൃഷിയെ സംബന്ധിച്ച എല്ലാ അനുരഞ്ജനങ്ങളും, കൂടിയാലോചനകളും 2005 ജനുവരിയ്ക്കകം പൂർത്തിയാക്കേണ്ടതാണ്. ഈ ചർച്ചകളുടെ പുരോഗതി മെക്സിക്കോയിലെ കാൺകൂണിൽ കൂടുന്ന 2003 ൽ ചേരുന്ന അഞ്ചാമത് മന്ത്രിതല സമ്മേളനത്തിൽ പുനഃരവലോകനം ചെയ്യപ്പെടുന്നതാണ്. അതിനാൽ മാറാക്കേഷ് കരാറിന്റെ അടിസ്ഥാനത്തിൽ 1995 മുതൽ ആരംഭിച്ച WTO യുടെ പ്രവർത്തനങ്ങളുടെ ഒരു ബാക്കിപത്രം എടുക്കുകയും, കൃഷിയെ സംബന്ധിച്ച കരാറിൽ (AOA) ഉദ്ദേശിച്ച ലക്ഷ്യങ്ങൾ കൈവരിക്കാൻ അനുയോജ്യമായ ഒരു പുതിയ കരാർ നിർദ്ദേശിക്കുവാനും സമയം ആയിരിക്കുകയാണ്. കൃഷിയെ സംബന്ധിച്ച കരാറിൽ (AOA) വിഭാവന ചെയ്തിരുന്നത് വികസ്വര രാജ്യങ്ങളിൽ എവിടെയാണ് കൃഷി വെറും ഭക്ഷ്യഉത്പാദന യന്ത്രമല്ലാത്തത്, മറിച്ച് എവിടെയാണോ കൃഷി ജനങ്ങളുടെ ഉപജീവനത്തിന്റേയും പരിഃസ്ഥിതി സുരക്ഷാ വ്യവസ്ഥയും നട്ടെല്ല് ആയിരിക്കുന്നത്, ആ രാജ്യങ്ങളോട് നീതിപുലർത്തുന്നതായ ഒരു കാർഷിക വ്യവസ്ഥയാണ് അനുപേക്ഷണീയമായിട്ടുള്ളത്. കൃഷി ഒരു സംസ്ഥാന വിഷയമാണ്. അതിനാൽ ബഹു:കേരള

മുഖ്യമന്ത്രി കൃഷിയെ സംബന്ധിച്ച കരാറി (AOA) ൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് സംസ്ഥാന സർക്കാരുകളുടെ കാഴ്ചപ്പാടുകൾ പരിഗണിക്കുവാൻ ഒരു യോഗം വിളിച്ചു കൂട്ടുവാൻ ആവശ്യപ്പെട്ടുകൊണ്ട് ബഹു:ഇന്ത്യൻ പ്രധാനമന്ത്രിയ്ക്കും, ബഹു: വാണിജ്യകാര്യ മന്ത്രിക്കും കത്തെഴുതേണ്ടതാണ്. കേരളത്തിന്റെ കാർഷികാരോഗ്യം വ്യാപാരത്തെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ്. കാരണം, സംസ്ഥാനത്ത് ഉത്പാദിപ്പിക്കപ്പെടുന്നതായ മിക്ക കാർഷിക ഉത്പന്നങ്ങളും, ചരക്കുകളും രാജ്യത്തിനകത്തും പുറത്തും വ്യാപാരത്തിനുള്ളവയാണ്. അതിനാൽ കൃഷിയെ സംബന്ധിച്ച കരാറു (AOA) മായുള്ള കേരളത്തിന്റെ ഇടപാടുകളിൽ നിന്നും ഉണ്ടായിട്ടുള്ള അനുഭവങ്ങൾ തെളിയിക്കുന്നത് കാർഷിക വ്യാപാരത്തിന്റെ കാര്യത്തിൽ ഇന്ത്യക്ക് ഒരു വ്യാപാര നയം രൂപീകരിക്കുന്നത് പ്രത്യേകം പ്രസക്തമാണെന്നാണ്.

ഈ നിർദ്ദേശം തത്വത്തിൽ അംഗീകരിക്കുന്ന പക്ഷം, ഒരു ബിസിനസ്സ് പ്ലാൻ തയ്യാറാക്കുവാൻ ഒരു സംഘത്തെ നിയമിക്കാവുന്നതാണ്. ഇക്കാര്യത്തിൽ കല്പിത വ്യാപാര സർവ്വകലാശാലയ്ക്ക് ഒരു പൽചക്രയന്ത്രത്തിലെ ഹബ്ബും, സ്പോക്സ് മാതൃകയിൽ പ്രവർത്തിക്കുന്ന ഒരു സർവ്വകലാശാലാ കേന്ദ്രവും സംസ്ഥാന വ്യാപകമായ നെറ്റ്‌വർക്ക് പാർശ്വചക്രങ്ങളുമായി പ്രവർത്തിച്ച് വേണ്ട സഹായം നൽകാവുന്നതുമാണ്.

ഡോ:എം.എസ്. സ്വാമിനാഥൻ

ഒപ്പ്

20 ജൂലായ്, 2002

**അനുബന്ധം 7**
**നാലാം ഇടക്കാല ശുപാർശകൾ**
**കൃഷിയെ സംബന്ധിച്ച WTO കരാർ**
**ദോഹാ സമ്മേളനാനന്തര ഒത്തുതീർപ്പുകൾ**

**വിപണി പ്രാപ്തയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ**

**കൃഷിയെ സംബന്ധിച്ച് WTO ഉയർത്തുന്ന പ്രശ്നങ്ങളെപ്പറ്റിയുള്ള കമ്മീഷന്റെ ശുപാർശകൾ**

**1. സബ്സിഡികൾ**

ഇപ്പോൾ OECD (വികസനത്തിനും സാമ്പത്തിക സഹകരണത്തിനും വേണ്ടിയുള്ള ലോകസംഘടന) രാജ്യങ്ങളിലെല്ലാം കാർഷിക സബ്സിഡി കൂടി വരികയാണ്. അമേരിക്കയിൽ ആണെങ്കിൽ സബ്സിഡികൾ പ്രതിദിനം ഒരു ദശ ലക്ഷം യു.എസ്സ്. ഡോളറിൽ കവിയുന്നു. ഓരോ കർഷകനും നൽകപ്പെടുന്ന പ്രതിവർഷ സബ്സിഡി 12,000 യു.എസ്. ഡോളറാണ് (അതായത്, ഏകദേശം 5,40,000 രൂപ) ഇതിനും പുറമേ 2002 കാർഷിക ബില്ലിൽ അമേരിക്ക കാർഷിക സബ്സിഡി വീണ്ടും ഉയർത്തിയിട്ടുണ്ട്. അങ്ങനെ ആഗോള കാർഷിക രംഗം ക്രമേണ താഴെ പറയുന്ന രണ്ട് തരം വ്യത്യസ്ത സംസ്കാരങ്ങളായി മാറുകയാണ്.

1. വൻകിട കാർഷിക വ്യവസായം: വമ്പിച്ച തോതിലുള്ള ഉൽപാദന സങ്കേതങ്ങളുടേയും വൻതോതിലുള്ള ഉൽപാദന ഉപാധികളായ സബ്സിഡികൾ, ഗ്രാന്റുകൾ, മൂലധനം, ശാസ്ത്ര സാങ്കേതിക വിദ്യ എന്നിവയുടെ ശക്തമായ പിൻബലത്തോടെ വമ്പിച്ചതും വിപുലവുമായ കാർഷികവ്യവസായം ഒരു വശത്ത്. ഇത്തരമുള്ള വ്യവസ്ഥയെ ഫാക്ടറി ഫാമിംഗ് (വ്യവസായവത്കൃത കാർഷിക രീതി/സമ്പ്രദായം) എന്നാണ് പറയുന്നത്.

2. ചെറുകിട കൃഷി സമ്പ്രദായം: കുറഞ്ഞ മൂലധന നിക്ഷേപം, പിന്നോക്കാവസ്ഥയിലുള്ള ഉൽപാദനോപാധികൾ, വിപണിക്കാര്യത്തിൽ മുന്നോട്ടും പിന്നോട്ടുമുള്ള പരസ്പര ബന്ധത്തിൽ മോശമായ സ്ഥിതി, വളരെ കൂടുതൽ നഷ്ട സാദ്ധ്യത-എന്നിവ ആണ് ചെറുകിട കൃഷി സമ്പ്രദായത്തിന്റെ സവിശേഷമായ സ്വഭാവം. ഇത്തരത്തിലുള്ള കർഷകരുടെ കാർഷിക വൃത്തിയാണ് വികസ്വര രാജ്യങ്ങളിലെ ഗ്രാമീണ ജനതകളുടെ ഉപജീവന സുരക്ഷാ വ്യവസ്ഥയുടെ നട്ടെല്ല്.

ഈ രണ്ടു വ്യത്യസ്ഥ കാർഷിക സംസ്കൃതികൾക്കിടയിലുള്ള വിപണിയിലും മറ്റു പ്രധാന കാര്യങ്ങളിലും കളിക്കളം ഒട്ടും തന്നെ നിരപ്പുള്ളതല്ല. തുല്യതയും അവസര സമത്വവും വ്യാപാര മാത്സര്യരംഗത്ത് നിലനിൽക്കുന്ന ഈ സാഹചര്യത്തിൽ, ഓ.ഇ.ബി.സി രാജ്യങ്ങൾ ആഭ്യന്തരമായി അനുവദിക്കുന്ന വമ്പിച്ച കാർഷിക സബ്സിഡികളെ വിവിധ ബോക്സുകളിൽ ഉൾപ്പെടുത്തി കൊണ്ട് സ്വീകരിച്ചിരിക്കുന്ന സാമ്പ്രദായിക പരിപാടികളേയും നടപടിക്രമങ്ങളേയും നിരുപണപരമായി അപഗ്രഥിക്കുക എന്നതാണ് ഭാരത സർക്കാർ ഇപ്പോൾ ഏറ്റെടുക്കേണ്ടതായ പ്രധാന ചുമതല.

### 2. താരിഫും താരിഫേതര തടസ്സങ്ങളും

താരിഫും താരിഫേതരവുമായ തടസ്സങ്ങളും, നിയന്ത്രണങ്ങളും രണ്ടും വ്യാവസായികമായി വികസിച്ച രാജ്യങ്ങളിലേക്കുള്ള വികസ്വര രാജ്യങ്ങളുടെ വിപണി പ്രാപ്യത കൂടുതൽ പരിമിതപ്പെടുത്തുന്നു. താരിഫുള്ള തടസ്സങ്ങൾ ചില നിയമപരമായ ശിക്ഷണങ്ങൾക്ക് വിധേയമാണ്. എന്നാൽ താരിഫേതര തടസ്സങ്ങൾ വിശേഷിച്ചും, ഭക്ഷ്യ സുരക്ഷയുടെ നിലവാരം നിർണ്ണയിക്കുന്ന, ലോക ഭക്ഷ്യ കാർഷിക സംഘടനയുടെ നിർദ്ദേശമായ കോഡക്സ് എലിമേന്റേറിയസ് പോലുള്ള നിയന്ത്രണങ്ങൾ മറികടക്കണമെങ്കിൽ വികസ്വര രാജ്യങ്ങളിൽ വിളവെടുത്തതിനുശേഷമുള്ള സംസ്കരണത്തിലും മറ്റും പ്രയോഗിക്കുന്ന സാങ്കേതിക വിദ്യയും, സാനിട്ടറിയും ഫൈറ്റോസാനിട്ടറി നടപടികളും ശക്തമാക്കിയേ മതിയാവൂ. അതുകൂടാതെ, കാർഷിക കുടുംബങ്ങൾക്കെല്ലാം ഗുണനിലവാരത്തെപ്പറ്റി വിപുലമായ അവബോധം സൃഷ്ടിക്കുവാനുള്ള ഒരു **ഗുണനിലവാര സാക്ഷരതാ പ്രസ്ഥാനം** ആരംഭിക്കേണ്ടതിന്റെ ആവശ്യവുമുണ്ട്.

### 3. എക്കൊ-ലേബലിംഗും ജൈവ ഉൽപന്നങ്ങളുടെ സാക്ഷ്യപ്പെടുത്തലും

പരിസ്ഥിതി മിത്രവും, ജൈവ സങ്കേതത്തിൽ ഉത്പാദിച്ചവയുമായ വസ്തുക്കളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് അന്താരാഷ്ട്രതല അംഗീകാരമുള്ള സാക്ഷ്യപ്പെടുത്തലും ലേബലിംഗും നടത്തുവാൻ യോഗ്യതയുള്ള ഏജൻസികളെ രൂപീകരിക്കേണ്ടതാണ്. WTO രൂപീകരിക്കുന്ന ഒരു പ്രത്യേക ടാസ്ക് ഫോഴ്സ് സാക്ഷ്യപ്പെടുത്തലിനുള്ള മാനദണ്ഡങ്ങളെ പുനഃപരിശോധിക്കുകയും വേണം.

### 4. വ്യാപാരവുമായി ബന്ധപ്പെട്ട ബൗദ്ധിക സ്വത്തവകാശം (RRIPS)

പുതുക്കിയ ബൗദ്ധിക സ്വത്തവകാശ നിയമം, ആയുർവേദം പോലുള്ള പാരമ്പര്യ വിജ്ഞാനത്തിന്റെ ബൗദ്ധിക സ്വത്തവകാശവും, ബൗദ്ധിക സ്വത്തവകാശത്തിന്റെ ഗുണഫലങ്ങൾ പങ്കിടുന്നതും സംബന്ധിച്ച് ലോക ജൈവ വൈവിധ്യ സമ്മേളന (CBD) ത്തിന്റെ വ്യവസ്ഥകൾ പാലിക്കുകയും, അതോടൊപ്പം സസ്യജനിതക സ്രോതസ്സുകളെ പറ്റി ലോക ഭക്ഷ്യ-കാർഷിക സംഘടനാ (FAO) ഉടമ്പടിയിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ള കർഷകരുടെ അവകാശങ്ങളെ സംബന്ധിച്ച വ്യവസ്ഥകളും പുനഃപരിശോധനയ്ക്ക് വിധേയമാകേണ്ടതാണ് (ചുരുക്കത്തിൽ TRIPS പുതുക്കി എഴുതേണ്ടതാണ്).

മനുഷ്യരുടെ ഭക്ഷണത്തിന്റേയും ഭക്ഷ്യസാധനങ്ങളുടേയും, ആരോഗ്യത്തിന്റേയും സുരക്ഷയുടെ കാര്യത്തിൽ സുപ്രധാനമായ പങ്കുവഹിക്കുന്ന ഏതൊരു കണ്ടുപിടുത്തത്തിനും അനുമതി (ലൈസൻസ്) നിർബന്ധമാക്കുന്ന വ്യവസ്ഥ കൊണ്ടുവരികയും അത് പ്രാബല്യത്തിൽ വരുത്തുകയും വേണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു. അങ്ങിനെയുള്ള വ്യവസ്ഥ ദോഹാ സമ്മേളനത്തിൽ വച്ചുതന്നെ, HIV എയ്ഡ്സ് രോഗ ചികിത്സയ്ക്കുള്ള ഔഷധങ്ങളുടെ കാര്യത്തിൽ അംഗീകരിക്കപ്പെട്ടതാണ്.

### 5. കൃഷിയെ സംബന്ധിച്ച കരാറി (AOA) ന്റെ പുനഃരവലോകനം

കേരളത്തിന്റെ കാർഷിക സമ്പദ്‌വ്യവസ്ഥയിന്മേൽ (AOA) കരാറിനുള്ള ശക്തമായ സ്വാധീനങ്ങളുടെ സാദ്ധ്യതകൾ എന്തെല്ലാം എന്നതുൾപ്പെടെ ഈ വിഷയത്തിൽ വിശദാംശങ്ങളോടു കൂടിയ ഒരുഭാഗം ഇതോടൊപ്പം ചേർത്തിട്ടുണ്ട്. (അനുബന്ധം 1 കാണുക).

2002 ജൂലായ് 18,19 തീയതികളിൽ തിരുവനന്തപുരത്ത് ചേർന്ന കമ്മീഷന്റെ യോഗത്തിൽ ഉരുത്തിരിഞ്ഞു വന്ന, വിപണി പ്രാപ്യതയെ സംബന്ധിച്ച ആശയങ്ങളുടെ ഒരു നോട്ട് (അനുബന്ധം II) ചേർക്കുന്നു.

കേന്ദ്ര വാണിജ്യകാര്യ മന്ത്രാലയത്തിന്റെ വിശദമായ പരിഗണനയിൽ വരേണ്ടതായ പ്രശ്നങ്ങൾ താഴെ പറയുന്നു.

### താരിഫുകൾ/തീരുവകൾ

കാർഷിക ഉൽപന്നങ്ങളുടേയും ചരക്കുകളുടേയും ഇറക്കുമതിയിൽ ഏർപ്പെടുത്തിയിട്ടുള്ള അളവുപരമായ നിയന്ത്രണങ്ങൾ (QRS) നീക്കം ചെയ്യുക.

റബറിന്റെ പുന:വർഗ്ഗീകരണം-റബ്ബറിന്റെ പദവി ഒരു വ്യാവസായിക ഉത്പന്നമെന്നതിൽ നിന്നും കാർഷിക ഉത്പന്നമാക്കി മാറ്റുക. അതിൽ ബൗണ്ട് നിരക്ക് പ്രായോഗികമാക്കുക.

സാനിട്ടറിയും ഫൈറ്റോ (സസ്യ) സാനിട്ടറി നടപടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ.

നമ്മുടെ അയൽ രാജ്യങ്ങളായ, വിശേഷിച്ചും ശ്രീലങ്കയുമായി ചേർന്ന് ഇന്ത്യാ-ശ്രീലങ്കാ റബർ ഉത്പാദകരുടെ അസോസിയേഷൻ രൂപീകരിച്ച്, ഒരു പൊതു നിലപാട് കൈക്കൊള്ളുക.

ലോക വ്യാപാര സംഘടനയുമായി പൊരുത്തപ്പെട്ടു പോകുന്ന വിധത്തിൽ നമ്മുടെ സബ്സിഡികളെ ക്രമപ്പെടുവാൻ ഒരു തന്ത്രം നാം ആവിഷ്കരിക്കേണ്ടതാണ്. വിപണി പ്രാപ്യതയെ സംബന്ധിച്ചിടത്തോളം നാം (WTO) യുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും, WTO യുമായി ബന്ധമില്ലാത്ത പ്രശ്നങ്ങളും വെവ്വേറെ അപഗ്രഥിക്കുകയും രണ്ടു കേസ്സിലും അനുയോജ്യമായ നടപടികൾ പ്രത്യേകം പ്രത്യേകം കൈക്കൊള്ളേണ്ടതുമാണ്.

കേരളത്തിന്റെ കാർഷിക പദ്ധതികളിൽ ഏറ്റവും സത്വരമായി ചെയ്യുവാനുള്ള കാര്യങ്ങൾ, ഉത്പാദന ക്ഷമതയും, കാർഷികാദായവും, കാർഷിക വ്യവസ്ഥയുടെ സുസ്ഥിരതയും പരമാവധി മെച്ചപ്പെടുത്തുക എന്നതാണ്. ഈ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുവാൻ താഴെപ്പറയുന്ന വിപ്ലവം നടക്കേണ്ടത് ആവശ്യമാണ്.

**ഉത്പാദനക്ഷമതാ വിപ്ലവം**

**ഗുണനിലവാര വിപ്ലവം**

**മൂല്യവർദ്ധന വിപ്ലവം**

ഗുണനിലവാരത്തോട് ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങൾ ഉണ്ട്. കുരുമുളകിലുള്ള ജൈവാവശിഷ്ടങ്ങൾ, മത്സ്യത്തിലും (ചെമ്മീനിലും) സാൽമൊണെല്ലയുടെ ബാധ, മറ്റു ബാധകൾ, കീടനാശിനിയുടെ അവശിഷ്ടങ്ങൾ, ഇവയൊക്കെ ഇല്ലാതാക്കുന്നതിൽ സത്വര ശ്രദ്ധപതിയേണ്ടതാണ്. അതുകൊണ്ട് ഒരു ഗുണനിലവാര സാക്ഷരതാ പ്രസ്ഥാനം ആരംഭിക്കണം. കർഷകരുടെയും തോട്ടം ഉടമകളുടെയും മത്സ്യ ഉത്പാദനകരുടെയും ഇടയിൽ അപ്രകാരമുള്ള ഒരു പ്രസ്ഥാനം കോഡക്സ് എലിമെന്റേറിയസ് പോലുള്ള നിയമങ്ങളെപ്പറ്റിയും സാനിട്ടറി ഫൈറ്റോസാനിട്ടറി നടപടികളുടെ സ്വാധീനത്തെപ്പറ്റിയും വെളിച്ചം വിതറണം, ഗുണനിലവാരം നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ ആഭ്യന്തര വിപണിയിലും, വിദേശവിപണിയിലും ഒന്നുതന്നെ ആണെന്ന് ബന്ധപ്പെട്ടവരെല്ലാം അറിയണം. അല്ലാത്തപക്ഷം ഗുണനിലവാരം ഒരിക്കലും ആശാസ്യമായ നിലവാരത്തിലേക്ക് ഉയരുന്നതല്ല.

മൃഗ സംരക്ഷണത്തിന്റെ കാര്യത്തിൽ ജീവിക്കുന്ന മൃഗങ്ങൾക്ക് സാക്ഷ്യപത്രം നൽകുവാൻ ഒരു സംവിധാനം ഉണ്ടാകണം. മൃഗങ്ങളുടെ കാര്യത്തിൽ ഒരു രോഗവിമുക്ത മേഖല സൃഷ്ടിക്കേണ്ടതും ആവശ്യമാണ്. അതുപോലെ മത്സ്യ മേഖലയിൽ മത്സ്യബന്ധനശേഷമുള്ള മത്സ്യസമ്പത്തിന്റെ കൈകാര്യം ചെയ്യലുകളിൽ (സംസ്കരണത്തിലും മറ്റും)വളരെയേറെ ശ്രദ്ധ ആവശ്യമാണ്.

കേരളത്തിന്റെ സാമ്പത്തിക ഭാവിയും അഭിവൃദ്ധിയും ഭീമമായ തോതിൽ കൃഷിയെ ആശ്രയിച്ചാണിരിക്കുന്നത്. തോട്ടവിളകളും, മൃഗ സംരക്ഷണവും, മത്സ്യമേഖലയും ഇതിൽപ്പെടുന്നു. അതിനാൽ ഡബ്യൂ.ടി.ഒ. കരാറുകളിൽ ആവശ്യമായ മാറ്റം വരുത്താൻ നാം പരമാവധി ശ്രമിക്കുന്നതോടൊപ്പം, വിപണിപ്രാപ്യതയിലും ഡബ്യൂ.ടി.ഒ. യുമായി ബന്ധമില്ലാത്ത കരാറേതര പ്രശ്നങ്ങളിലും, ഉത്പാദനക്ഷമത, ഗുണനിലാവരം, മൂല്യവർദ്ധന, ഉത്പാദനച്ചെലവ് കുറയ്ക്കൽ, വിളവെടുപ്പിനുശേഷമുള്ള ശാസ്ത്രസാങ്കേതിക വിദ്യകളുടെ വിനിയോഗം, സംസ്കരണം എന്നിങ്ങനെയുള്ള പ്രധാന കാർഷികകാര്യങ്ങളിൽ ഒരൊറ്റ ദിവസം പോലും വൃഥാവിലാക്കാതെ അവയുടെ പുരോഗതിയിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

**എം.എസ്. സ്വാമിനാഥൻ**

**അദ്ധ്യക്ഷൻ, ഡബ്ല്യൂ.ടി.ഒ യും**
**കാർഷിക പ്രശ്നങ്ങളും സംബന്ധിച്ച കമ്മിഷൻ**

അനുബന്ധം 8

## പുതിയ ബൗണ്ട് താരിഫ് നിരക്കുകൾ – ഗാട്ട് കരാറിന്റെ ആർട്ടിക്കിൾ XXVIII –ഒത്തുതീർപ്പുകളുടെ തുടർച്ച (ജനുവരി) 2000 – ൽ എത്തിച്ചേർന്നത്

| ക്രമ നമ്പർ | എ.എസ്. കോഡ് | വിവരണം | പുതിയ ബൗണ്ട് താരിഫ് നിരക്ക് % ൽ | അപ്ലൈയ്ഡ് നിരക്ക് % ൽ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 0402.10 | കൊഴുപ്പ് നീക്കിയ പാൽപ്പൊടി | 60 @ | 60 |
| 2 | 0402.21 | കൊഴുപ്പ് നീക്കിയ പാൽപ്പൊടി | 60 @ | 60 |
| 3 | 0806.10 | മുന്തിരിങ്ങ, പുതിയത് | 40 | 40 |
| 4 | Ex 1001.90 | ഗോതമ്പ് (സ്പെൽറ്റ് താണതരം) | 80 | 50 |
| 5 | 1005.10 | ചോളം (ധാന്യം)വിത്ത് | 70 | 50 |
| 6 | 1006.90 | ചോളം (ധാന്യം) മറ്റുള്ളവ | 60 | 50 |
| 7 | 1006.10 | അരി (ഉമിയോടെ) (നെല്ല്) | 80 | 80 |
| 8 | 1006.20 | ഉമിനീക്കിയ അരി (ബ്രൗൺ) | 80 | 80 |
| 9 | 1006.30 | അരി പാതികുത്തിയതോ/ മുഴുവനും മില്ലിൽ മേനി വരുത്തിയതോ | 70 | 70 |
| 10 | 1006.40 | ബ്രോക്കർ അരി | 80 | 80 |
| 11 | 1007.00 | പൊടിച്ച (തരി ശർക്കര) Sorghum | 80 | 50 |
| 12 | 1008.20 | തിനയരി (Millet) | 70 | 50 |
| 13 | 1514.10 | കടുകെണ്ണ (അസംസ്കൃതം) | 75 | 45 |
| 14 | 1514.90 | റേപ്പ് കോൾസാ/മറ്റിനം കടുകെണ്ണകൾ | 75 | 45 |
| 15 | 1901.10 | ശിശുക്കൾക്കുള്ള– ചില്ലറ കച്ചവടത്തിനുള്ള | 50 | 50 |
| 16 | 0809.40 | കുരുവില്ലാമുന്തിരി (പ്ലം) സ്ലോസ് | 30 | 25 |
| 17 | 1507.10 | സോയാബീൻ എണ്ണ (അസംസ്കൃതം) | 45 | 45 |
| 18 | 1507.90 | മറ്റുള്ള സോയാബീൻ എണ്ണകൾ | 45 | 45 |
| 19 | 0713.10 | ഉണക്കപയർ | 50 | |
| 20 | 1107.10 | മാൾട് (വറുക്കാത്തത്) | 40 | |
| 21 | 1509.90 | ഒലീവ് എണ്ണ (ശുദ്ധമായതൊഴികെ) | 40 | ....... |
| 22 | 1704.10 | ച്യൂയിംഗ് ഗം | 45 | |
| 23 | 1950.30 | മധുരമുള്ള ബിസ്ക്കറ്റുകൾ, കനം കുറഞ്ഞ | 45 | |
| 24 | 3823.70 | വ്യാവസായികാവശ്യങ്ങൾ ക്കുള്ള ചാരായം (കൊഴുപ്പുള്ള) | 50 | |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 25 | 1512.11 | സൂര്യകാന്തി-വിത്ത്/ സൺഫ്ളവർ എണ്ണ- അതിന്റെ വകയിനങ്ങളും താരിഫ് കോട്ട ക്വാട്ട നിരക്കിൽ ക്വാട്ട നിരക്കിന് പുറത്ത് | 150000 മെട്രിക്ക് ടൺ 50% 300% | 45 |
| 26 | 0802.11 | ആൽമണ്ട് ബദാം തോടോടെ | 35/ക്ക | 35/ക്ക |
| 27 | 0805.10 | മധുര നാരങ്ങ - ഓറഞ്ച് | 40 | 35 |
| 28 | 0805.30 | നാരങ്ങയും, മറ്റിനം നാരങ്ങകളും | 40 | 35 |
| 29 | 0805.40 | മുന്തിരിങ്ങാപഴം | 25 | 25 |
| 30 | 0808.10 | ആപ്പിൾ | 50 | 50 |
| 31 | 0808.20 | പേയർ (പേരയ്ക്ക) ക്വിൻസ് | 35 | 35 |
| 32 | 0809.40 | പ്ലം, സ്ലോ (ആവർത്തനം) | 25 | 25 |
| 33 | 0813.20 | പ്രൂണുകൾ | 25 | 25 |
| 34 | 2004.10.09 | ഉരുളക്കിഴങ്ങിന്റെ പലയിനം രൂപങ്ങൾ, ശീതികരിച്ച | 35 | 35 |
| 35 | 2009.11 | ശീതികരിച്ച ഓറഞ്ച് ചാറ് | 35 | |
| 36 | 2009.19 | മറ്റിനം ഓറഞ്ച് ചാറുകൾ | 35 | |
| 37 | 0405.10 | ബട്ടർ വെണ്ണ | 40 | |
| 38 | 0406.90 | മറ്റിനം ചീസ് (പാലട, വിവിധയിനം) | 40 | |

നോട്ട് @ 10000 മെട്രിക്ക് ടണ്ണിന്റെ താരിഫ് ക്വോട്ടയാണിത്. ഇൻക്വോട്ട താരിഫ് നിരക്ക് 15% ൽ കുമുലേറ്റീവ് ആയി അപ്ലൈ ചെയ്യുന്ന താരിഫ് ലൈനുകൾ 0402.10 ഉം (പടിപടിയായി) 0402.21 (കോഡുനമ്പരുകൾ ആണ്)

ഇന്ത്യയ്ക്ക് (TRQ) ഒരു ഗ്ലോബൽ ഇൻക്വോട്ടാ നിരക്കായി 15% ആയി താഴെപ്പറയുന്ന അളവുകളിൽ സ്ഥാപിച്ചിട്ടുള്ളതാണ്

1-ാം വർഷം-35,0000 ടൺ

2-ാം വർഷം 4,00,000 ടൺ

3-ാം വർഷം 450,000 ടൺ 4-ാം വർഷം 5,00,000 ടൺ

ക്വോട്ടായ്ക്ക് പുറത്ത് നിരക്ക് 60%

താരിഫ് ക്വോട്ട, 1,50,000 മെട്രിക്ക് ടൺ

ഇൻക്വോട്ടാ താരിഫ് നിരക്ക് 45%

**സ്ഥിതിവിവരക്കണക്കിന്റെ ഉറവിടം സംസ്ഥാന കൃഷി വകുപ്പ് മന്ത്രിമാരുടെ സമ്മേളനം ഡൽഹി, 16 സെപ്തംബർ 2000, അജന്റാ - ഐറ്റം 1**

## അനുബന്ധം 9

### കാർഷിക ഉത്പന്നങ്ങളുടെ അപ്ലൈയ്ഡ് ഇറക്കുമതി താരിഫുകളുടെ സ്റ്റേറ്റുമെന്റ്

കാർഷിക ഉത്പന്നങ്ങൾ പൊതുവേ പരമാവധി ഇറക്കുമതി താരിഫായ 35% ന്റെ സ്ലാബിലാണ് വന്നു ചേരുക. എന്നാൽ കുറച്ചേറെ കാർഷിക ഉത്പന്നങ്ങളുടെ അടിസ്ഥാന താരിഫുകൾ അടുത്തകാലത്തായി ഉയർത്തപ്പെട്ടിട്ടുണ്ട്. ചില കേസ്സുകളിൽ വർദ്ധനവ് 35%-ൽ കൂടുതലാണ് അവ:

| | ഇനം/വിവരണം | മുൻപുള്ള താരിഫ് % | പുതുക്കിയ താരിഫ് % |
|---|---|---|---|
| 1. | ഗോതമ്പ് | 0 % | 50 % |
| 2. | അരി | 0 % | 70 % - 80 % |
| 3. | തരി (പൊടി) ശർക്കര | 9 % | 50 % |
| 4. | തിനയരി | 9 % | 50 % |
| 5. | അടയ്ക്ക | 35 % | 100 % |
| 6. | ആപ്പിൾ | 35 % | 50 % |
| 7. | തേയില | 15 % | 35 % |
| 8. | പഞ്ചസാര | 40 % | 60 % |
| 9. | ഭക്ഷ്യ എണ്ണകൾ | | |
| a) | ഭക്ഷ്യഎണ്ണ ഗ്രേഡ് അസംസ്കൃതം, സസ്യ എണ്ണകൾ (വെളിച്ചെണ്ണ ഒഴികെ, പാം ഓയിൽ അതിന്റെ വിവിധയിനങ്ങൾ, അസംസ്കൃതവും അല്ലാത്തതും) ചില്ലറയായോ, കൂടുതലായോ വനസ്പതി നിർമ്മാണത്തിനോ അല്ലെങ്കിൽ സംസ്കരിക്കാനോ | 15% | 25 % |
| b) | ഭക്ഷ്യഎണ്ണ ക്രൂഡ്, പാംഓയിലും അതിന്റെ വിവിധയിനവും ചില്ലറയായോ മൊത്തമായോ വനസ്പതി നിർമ്മാണത്തിനായി ഇറക്കുമതി ചെയ്യുന്നത് | 15 % | 15 % |
| c) | മറ്റു സസ്യഎണ്ണകൾ സംസ്കരിച്ചതോ അല്ലാത്തതോ | 35 % | 45 % |

ഇതിൽ കൂടുതലായി ഒരു അധിക ചുങ്ക/ഡ്യൂട്ടിയുമായി (കൗണ്ടർ വെയിലിംഗായി ) ടൺ ഒന്നിന് 850 രൂപ ചുമത്തുന്നുണ്ട്.

വിവരത്തിന്റെ ഉറവിടം : സംസ്ഥാന ഭക്ഷ്യ മന്ത്രിമാരുടെ ദൽഹി സമ്മേളനം സെപ്തംബർ 14, 2000 അജൻഡാ - ഐറ്റം 1 (WTO യുടെ കൃഷിയെ സംബന്ധിച്ച കരാറി (AOA) ന്റെ പുനഃരവലോകനം)

## അനുബന്ധം 10

### കാർഷിക ഉത്പന്നങ്ങളുടെ അപ്ലൈയിഡും ബൗണ്ടും താരിഫുകൾ

| താരിഫ് ഐറ്റം | ഉത്പന്നങ്ങളുടെ വിവരണം | സപ്ലൈഡ് ഡ്യൂട്ടി 1.3.2002 ൽ | ബൈന്റിംഗ് നിരക്ക് 1.3.2002 | അവസാന ബൈന്റിംഗ് നിരക്ക് | ബേസ് നിരക്ക് ഡ്യൂട്ടി |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 0104.10 | ആട്, കോലാട് ഷീപ്പ് | 30 | 100 | | |
| 0104.20 | ആട് ചെമ്മരിയാട് ഗോട് | 30 | 100 | 100 | 100 |
| 0511.10 | മൂരിക്കാളയുടെ ബീജം | 30 | 100 | 100 | 100 |
| 0511.91 | മത്സ്യഉത്പന്നങ്ങൾ, ചെമ്മീൻ, ഞണ്ട്, ക്രസ്റ്റേഷ്യൻസ് കണവയും മറ്റു നട്ടെല്ലില്ലാത്ത ജലജീവികൾ, അധ്യായം 3-ൽ പറയുന്ന മൃതമായ മൃഗങ്ങൾ | 30 | 100 | 100 | 100 |
| 0702.00 | തക്കാളി ഫ്രെഷ് (തണുപ്പിച്ച) | 30 | 108 | 100 | 140 |
| 0703.00 | ഷാലെറ്റ് | 30 | 108 | 100 | 140 |
| 0703.00 | എക്സ്-ഉള്ളി | 5 | 108 | 100 | 140 |
| 0703.20 | വെളുത്തുള്ളി | 30 | 108 | 100 | 140 |
| 0709.51 | കുമിൾ-മഷ്റൂം | 30 | 108 | 100 | 100 |
| 0710.10 | ഉരുളക്കിഴങ്ങ് | 30 | 150 | 150 | 140 |
| 0710.40 | സ്വീറ്റ് കോൺ | 30 | 150 | 150 | 140 |
| 0710.80 | മറ്റു പച്ചക്കറികൾ | 30 | 150 | 150 | 140 |
| 0710.90 | പച്ചക്കറികൾ (കൂട്ടി കലർത്തിയ) asortment | 30 | 150 | 150 | 140 |
| 0714.10 | മാനിയോക്ക് (കസാവ) | 30 | 150 | 150 | 140 |
| 0714.20 | മധുരക്കിഴങ്ങ് | 30 | 150 | 150 | 140 |
| 0802.90 | Ex.മറ്റു അടയ്ക്കകൾ | 100 | 108 | | |
| 0803.00 | വാഴപ്പഴം, ഏത്തപ്പഴം ഫ്രഷോ ഉണക്കിയതോ | 30 | 108 | 100 | 140 |
| 0804.30 | കൈതച്ചക്ക | 30 | 108 | 100 | 140 |
| 0805.10 | ഓറഞ്ച് | 30 | 108 | 100 | 140 |
| 0807.11 | തണ്ണിമത്തൻ വെള്ളരിക്ക (വാട്ടർമെലൺ) | 30 | 108 | | |
| 0807.20 | പപ്പയ്ക്കാ (കർമൂസ) പപ്പായ | 30 | 108 | 100 | 140 |
| 0805.10 | ആപ്പിൾ | 50 | 50 | 50 | 140 |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 0901.11 | ഡിക്കേഫിനേറ്റ് അല്ലാത്തത് | 100 | 108 | 100 | 140 |
| 0901.12 | ഡിക്കേഫിനേറ്റ് ചെയ്തത് | 100 | 150 | 150 | 140 |
| 0902.21 | ഡിക്കേഫിനേറ്റ് ചെയ്യാത്തത് | | | | |
| 0902.10 | പച്ചതേയില (ഫെർമെന്റ് ചെയ്യാത്തത്) പാക്കിംഗ് ചെയ്തത് ഉള്ളടക്കം 3 കി.ഗ്രാം ൽ കവിയാത്തത് | 100 | 150 | 150 | 140 |
| 0908.10 | നട്മെഗ് - ജാതിക്ക | 30 | 108 | 100 | 140 |
| 0908.20 | മേയ്സ് (ചോളം) | 50 | 108 | 100 | 140 |
| 0908.30 | ഏലം (കാർഡമം) | 70 | 108 | 100 | 140 |
| 0910.10 | ഇഞ്ചി (ജിഞ്ചർ) | 30 | 150 | 150 | 140 |
| 0910.30 | മഞ്ഞൾ ടർമെറിക്ക് (കുർകുമാ) | 30 | 150 | 150 | 140 |
| 1001.50 | കറി (Curry) | 30 | 150 | 150 | 140 |
| 1001.10 | ഡുറം ഗോതമ്പ് | 50 | 100 | 100 | – |
| 1000.10 | അവയ്ക്കാത്ത അരി/നെല്ല് | 80 | 80 | 80 | – |
| 1006.20 | അവച്ച (കുത്തിയ)അരി (ബ്രൗൺ) | 80 | 80 | 80 | – |
| 1006.30 | പകുതി കുത്തിയതോ, മുഴുവനും കുത്തിയതോ, മേനി വരുത്തിയതോ അല്ലാത്തതോ ആയ അരി | 70 | 70 | 70 | – |
| 1006.40 | പൊടിയരി | 80 | 80 | 80 | – |
| 1102.30 | അരിമാവ് | 30 | 150 | 150 | 100 |
| 1103.11 | ഗോതമ്പ് മാവ് | 30 | 150 | 150 | 40 |
| 1108.12 | ചോളം (ധാന്യം) സ്റ്റാർച്ച്ഡ് | 30 | 100 | 100 | 100 |
| 1108.13 | ഉരുളക്കിഴങ്ങ് സ്റ്റാർച്ച്ഡ് | 30 | 35 | 35 | 100 |
| 1108.14 | മാനിയോക്ക് (കസ്സാവാ) സ്റ്റാർച്ച്ഡ് | 30 | 100 | 100 | 100 |
| 1201.00 | സോയാബീൻസ്, മുറിഞ്ഞതോ അല്ലാത്തതോ | 30 | 100 | 100 | 0 |
| 1203.00 | കൊപ്രാ | 70 | 100 | 100 | 100 |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 1206.00 | സൂര്യകാന്തി (പൂവ്), വിത്ത്, മുറിഞ്ഞതോ അല്ലാത്തതോ | 30 | 100 | 100 | 0 |
| 1207.10 | പാം നട്ടുകളും, പരിപ്പും | 30 | 100 | 100 | 0 |
| 1209.91 | പച്ചക്കറി വിത്തുകൾ | 5 | 10 | 10 | 100 |
| 1401.10 | മുളകൾ, ഈറകൾ | 30 | 100 | 100 | 100 |
| 1401.20 | റാട്ടാൻസ് Rattans | 30 | 100 | 100 | 100 |
| 1501.00 | പന്നി ഇറച്ചി lard കൊഴുപ്പുള്ളത്, പൗൾട്രി കൊഴുപ്പ് 02.09 ഓ 16.03 കൂടാനുള്ളത് | 30 | 300 | 300 | 100 |
| 1502.00 | കാലിക്കൊഴുപ്പുകൾ, മാട്, ആട്, കോലാട്, ചെമ്മരിയാട് 15.03 ൽ കൂടാത്തത് | 15 | 15 | 15 | 15 |
| 1503.00 | ലാർഡ് സ്റ്റിയാറിൽ, ലാർഡ് എണ്ണ, ഓലിയോ സ്റ്റിയറിൽ, (പന്നി) ഓലിയോ എണ്ണ, എമൾസി ഫൈഡ് ചെയ്യാത്ത, മറ്റുതരത്തിൽ തയ്യാറാക്കിയത് | 30 | 300 | 300 | 100 |
| 1504.10 | മത്സ്യക്കരൾ എണ്ണയും വകഭേദങ്ങളും | 30 | 100 | – | – |
| 1507.10 | ക്രൂഡ് ഓയിൽ, ഡിഗമ്ഡോ,അല്ലാത്തതോ FFA ഉള്ളടക്കം 20% ഓ അതിൽ കൂടുതലോ ഉള്ളത് | 30 | – | – | – |
| 1507.10 | Ex എഡിബിൾ ഗ്രേഡ് | 45 | 45 | – | |
| 1507.90 | Ex മറ്റുള്ള FFA ഉള്ളടക്കം 20 % ഓ അതിൽ കൂടുതലോ ഉള്ളത് | 30 | – | – | – |
| 1507.90 | Ex എഡിബിൾ ഗ്രേഡ് | 45 | 45 | – | – |
| 1510.00 | Ex FFA ഉള്ളടക്കം 20% ഓ അതിൽ കൂടുതലോ | 30 | – | – | – |
| 1510.00 | Ex എഡിബിൾ ഗ്രേഡ് | 45 | 45 | | |
| 1511.10 | ക്രൂഡ് ഓയിൽ | 100 | 300 | 300 | 165 |
| 1512.11 | Ex എഡിബിൾ ഗ്രേഡ് 50 റ്റി.ആർ.ക്യൂ/75 റെസ്റ്റ് | | 300 | – | – |
| 1515.50 | എള്ളെണ്ണയും വിവിധയിനം എള്ളെണ്ണയും | 100 | 300 | 300 | 165 |
| 1516.10 | മൃഗക്കൊഴുപ്പുകൾ, എണ്ണകൾ, അത്തരം മറ്റിനം എണ്ണകളും | 30 | 300 | 300 | 100 |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 1516.20 | പച്ചക്കറി, കൊഴുപ്പുകൾ, എണ്ണകളും, മറ്റിനം എണ്ണകളും | 30 | 300 | 300 | 100 |
| 1517.10 | മൃഗക്കൊഴുപ്പ്, സസ്യ എണ്ണമിശ്രിതം (മാർഗ്ഗീൻ) ദ്രാവക മാർഗറീൻ ഒഴികെ | 30 | 300 | 300 | 100 |
| 1604.11 | (ചെമ്പല്ലി) സാൽമൺ | 30 | 150 | – | – |
| 1604.13 | മത്തി മീൻ, ഡാർഡി നെല്ല, ബ്രീസിലിംഗ് (കൊച്ചുമത്തി) | 30 | 150 | – | – |
| 1604.14 | ടൂണാസ്, സ്കിപ് ജാക്ക് ബോനിറ്റോ | 30 | 150 | – | – |
| 1604.15 | മാക്കെറിൽ-അയല | 30 | 150 | – | – |
| 1605.10 | ഞണ്ട് | 30 | 150 | 150 | 140 |
| 1605.20 | Shrimps (ഒരിനം ചെമ്മീൻ) | 30 | 150 | 150 | 140 |
| 1605.30 | Lobster കല്ലുറാൽ വലിയ ഇനം കൊഞ്ച് | 30 | 150 | 150 | 140 |
| 1605.40 | മറ്റിനം തോടുള്ള മത്സ്യങ്ങൾ | 30 | 150 | 150 | 140 |
| 1701.11 | ചക്കര, ശർക്കര Cane Sugar | 60 | 150 | 150 | 75 |
| 1701.12 | ബീറ്റ് ഷുഗർ | 60 | 150 | 150 | 75 |
| 1703.10 | കെയ്ൻ മൊളാസസ്സ് | 15 | 108 | 100 | 140 |
| 1704.10 | ച്യൂയിംഗ് ഗം, പഞ്ചസാര പൂശിയതോ അല്ലാത്തതോ | 30 | 45 | 45 | 140 |
| 1801.00 | കൊക്കോബീൻസ് മുഴുവനോ, മുറിഞ്ഞതോ, മുഴുവനോ, അസംസ്കൃതമോ, വറുത്തതോ | 30 | 108 | 100 | 140 |
| 1802.00 | കൊക്കോ തോട്, തവിട് കൊക്കോയുടെ മറ്റു അവശിഷ്ടങ്ങൾ | 30 | 108 | 100 | 140 |
| 1805.00 | കൊക്കോപൊടി, പഞ്ചസാര ചേർക്കാത്തത് മധുരമൊന്നും ചേർക്കാത്തത് | 30 | 150 | 150 | 140 |
| 1903.00 | മരച്ചീനി, അതിനുപകരമുള്ള കിഴങ്ങുകൾ, സ്റ്റാർച്ചിൽ നിന്നും ഉണ്ടാക്കിയ ഫ്ളയ്ക്സ്,ഗ്രെയ്ൻസ്, പേൾസ്, സിഫ്റ്റിംഗ്സ് മുതലായവ | 30 | 150 | 150 | 140 |
| 2002.10 | തക്കാളി മൊത്തമോ ചില്ലറയോ | 30 | 150 | 150 | 140 |
| 2003.10 | കുമിൾ Mashrooms | 30 | 35 | 35 | 140 |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 2004.10 | ഉരുളക്കിഴങ്ങ് Potato | 30 | 35 | 35 | 140 |
| 2008.11 | നിലക്കടല ground nuts | 30 | 35 | 35 | 140 |
| 2008.20 | കൈതച്ചക്ക | 30 | 150 | 150 | 140 |
| 2009.11 | ആപ്പിൾച്ചാറ് (ജ്യൂസ്) | 30 | 65 | 65 | 140 |
| 2009.50 | തക്കാളിച്ചാറ് (ജ്യൂസ്) | 30 | 85 | | |
| 2009.80 | ഏതെങ്കിലും പഴത്തിന്റെ ചാറോ, പച്ചക്കറിച്ചാറോ | 30 | 85 | | |
| 2103.20 | തക്കാളി കെച്ചപ്പ്, തക്കാളി യുടെ മറ്റു സോസ്സുകളേ | 30 | 150 | 150 | 140 |
| 2201.10 | ധാതുജലങ്ങൾ, സോഡാ മുതലായ ഏയറെറ്റഡ് വാട്ടേഴ്സ് വിഭാഗത്തിൽ പെട്ടവ | 30 | 150 | 150 | 140 |
| 2203.00 | മാൾട്ടിൽ നിന്നെടുത്ത ബിയർ | 100 | 150 | 150 | 140 |
| 2208.30 | വിസ്ക്കികൾ | 182 | 182 | 150 | ലിറ്ററിന് 80 രൂപ |
| 2208.40 | റമ്മും, റ്റാഫിയയും | 182 | 182 | 150 | ” |
| 2209.00 | വിന്നാഗിരിയും, മറ്റു സമാനവസ്തുക്കളും (അസെറ്റിക് അമ്ലത്തിൽ നിന്നും എടുക്കുന്നത്) | 30 | 150 | 150 | 100 |
| 2304.00 | ഓയിൽ കേക്ക് (പിണ്ണാക്ക്) മറ്റു ഖര പാർശ്വ ഉത്പന്നങ്ങളും/പൊടിച്ചവ, സോയാബീൻ എണ്ണ എടുത്തതിനുശേഷമുള്ള പെല്ലെറ്റുകൾ | 15 | 100 | 100 | 100 |
| 2306.50 | നാളികേരമോ/കൊപ്രയോ | 15 | 100 | 100 | 100 |
| 2309.90 | ചെമ്മീൻ തീറ്റ Ex | 5 | 150 | | |
| 3301.00 | Ex എക്സ്ടാക്ടട് ഓലിയോ റെസിനുകൾ | 25 | 100 | | |



ഐക്യരാഷ്ട്രസഭയുടെ ഈ സഹസ്രാബ്ദം ലക്ഷ്യമിട്ടിട്ടുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയുടേയും - വ്യാപാരം, ചെറുകിടകർഷകരുടേയും കർഷകത്തൊഴിലാളികളുടേയും, തോട്ടം തൊഴിലാളികളുടേയും ഉപജീവനത്തെ ശക്തമാക്കുവാനാണ്, അല്ലാതെ കാർന്നെടുക്കുവാനല്ല, എന്ന തത്വത്തിന്റേയും അടിസ്ഥാനത്തിൽ ഭാരതസർക്കാരിന്റെ പരിഗണനയ്ക്കായി ഏതാനും നിർദ്ദേശങ്ങൾ ഇതിനാൽ മുന്നോട്ടു വയ്ക്കുന്നു.

എം.എസ്.സ്വാമിനാഥൻ

PRINTED BY THE MANAGING DIRECTOR
KERALA BOOKS AND PUBLICATIONS SOCIETY, KAKKANAD, KOCHI - 682 030